# ശിർക്ക് അഥവാ

# ബഹുദൈവത്വം

മീൻ അഹ്സൻ ഇസ്‌ലാഹി

880

KOTTAYAM PUBLIC LIBRARY
KOTTAYAM.

45711
KOTTAYAM PUBLIC LIBRARY
KOTTAYAM.

# ശിർക്ക്

അ
ഥ
വാ

# ബഹുദൈവത്വം

1963

മൗ: അമീൻ അഹ്സൻ ഇസ്ലാഹി

I. P. H. പ്രസിദ്ധീകരണം No. 37

1st Edition 1963 Copies 3000

വില: 3ക.

Published
by
ISLAMIC PUBLISHING HOUSE,
Marikunnu, Calicut.

# ഒരു വാക്ക്

മൗലാനാ അമീൻ അഹ്സൻ ഇസ്ലാഹി അവർകൾ ഉറുദുവിൽ രചിച്ച حقیقتِ شرک എന്ന ഗ്രന്ഥത്തിന്റെ പരിഭാഷയാണിത്. വിശുദ്ധ ഖുർആൻ ഖണ്ഡിക്കുന്ന ശിർക്കിനെ യഥാതഥമായി ഗ്രഹിക്കുവാനും ആ വെളിച്ചത്തിൽ ആധുനിക ജനസമുദായങ്ങളിൽ മൂട്ടറച്ചുനില്ക്കുന്ന ശിർക്കിന്റെ പേക്കോലങ്ങളെ നോക്കിക്കാണുവാനും ഇതു സഹായകമാകും. അജ്ഞത നിമിത്തം 'ബഹുദൈവത്വ'മാകുന്ന അന്ധകാരത്തിൽ തപ്പിത്തടയുന്നവർക്ക് ഇതൊരു സന്മാർഗ്ഗദർശകമായി ഭവിക്കുമെന്ന ഉത്തമ വിശ്വാസത്തോടെയാണ് ഞങ്ങളിതു വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കുന്നത്. ദൈവശാപവും മനുഷ്യാധമത്വവുമാകുന്ന 'ബഹുദൈവത്വ'ത്തിൽനിന്നു സ്വന്തം ആത്മാക്കളെ രക്ഷിക്കാനാഗ്രഹിക്കുന്നവർക്കിതു തെല്ലെങ്കിലും ഉപകരിച്ചെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.

—പ്രസാധകർ

# ഉള്ളടക്കം

പേജ്

മുഖവുര

ആമുഖം 1

ശിർക്കിന്റെ യാഥാർത്ഥ്യവും അതിന്റെ അവാന്തര വിഭാഗങ്ങളും 6

മുശ്രിക്കുകളുടെ ശിർക്ക് 12

അറബികൾ നിരീശ്വരന്മാരായിരുന്നുവോ? 12

മലക്കുപൂജ 16

മലക്കുകളെ വസീലയാക്കൽ 19

മലക്കുകളോട് ശുപാർശതേടൽ 23

ജിന്നുപൂജ 29

ജിന്നുകൾ സർവ്വശക്തരാണോ? 30

ജിന്നുകൾക്ക് 'ഗൈബ്' അറിയുമോ? 31

നക്ഷത്രപൂജ 38

മുശ്രിക്കുകളുടെ ദേവസഭ 40

വിഗ്രഹാരാധന 47

പിതൃപൂജ 48

ഖബറാരാധന 48

പൂർവ്വന്മാരെ അന്ധമായി അനുകരിക്കൽ 49

ആത്മപൂജ 56

ഇബാദത്തിൻെറ താല്പര്യം 57

ഇബാദത്തും ഇതാഅത്തും 59

നിയമനിർമ്മാണാവകാശം 62

ജന്മാവകാശ വാദം 71

വേദക്കാരുടെ ശിർക്ക് 92

പുരോഹിതപൂജ 97

ക്രിസ്തുപൂജ 105

സെൻറ് പോളിൻെറ തത്വവാദം 106

നികയ്യാവിശ്വാസപ്രമാണം 110

ആഭിജാത്യവാദം 123

ജിബ്ത്തിലും താഗൂത്തിലുമുള്ള വിശ്വാസം 131

താഗൂത്തിൻെറ നിർവ്വചനം 133

ശിർക്കിനെ അനുകൂലിക്കൽ 137

മുനാഫിഖുകളുടെ ശിർക്ക് 142

മുൻഅദ്ധ്യായങ്ങളുടെ രത്നച്ചുരുക്കം 168

ആധുനികലോകം 174

ജപ്പാൻ: ഷിൻേറാ മതം 175

ചീന: താവോ മതം 177

കൺഫ്യൂഷ്യൻ മതം 179


NATIONAL BOOK STALL S.P.C.S. LTD. KOTTAYAM

ബുദ്ധമതം 181
അദ്വൈതം 182
**ഇന്ത്യ:** **184**
സഹസ്രനയനൻ, ത്രിമൂർത്തികൾ 185
പതഞ്ജലീ സിദ്ധാന്തം 186
സിക്കുകാരും ആര്യസമാജക്കാരും 187
ഭൗതികത്വം 189

**പടിഞ്ഞാറൻ യൂറോപ്പും അമേരിക്കയും** **190**

**റഷ്യ** 196

**മുസ്‌ലിംകൾ ഇന്ന്** **197**
മാരണം മന്ത്രം മുതലായ ക്ഷുദ്രവിദ്യകൾ 199
ഖബർ പൂജ, 'വസീല' 202
'ഇസ്തിഗാസ' 203
മദ്ഹബുകളുടെ പേരിൽ പക്ഷപാതം 206
സാമുദായികത്വം 208

**ഇന്നത്തെ അടിസ്ഥാന കർത്തവ്യവും**
**ചില സംശയ നിവാരണങ്ങളും** **219**
ഇസ്ലാമിക നവോത്ഥാനത്തിൻെറ
ആവശ്യകത 220
മുസ്ലിംകളെ കാഫിറാക്കരുത് 230

**ശിർക്ക് പ്രകൃതി താല്പര്യമാണോ?** **245**
മതപരിണാമ വാദം 247
മനുഷ്യൻെറ പ്രത്യേകതകൾ 268

**ശിർക്കിൻെറ അടിസ്ഥാന കാരണം** **276**
ശിർക്ക് മഹാ അക്രമമായതെന്തുകൊണ്ട്? 298

# മുഖവുര

لا إله إلا الله محمد رسول الله (ഒരു ഇലാഹും ഇല്ല, അല്ലാഹു ഒഴികെ; മുഹമ്മദ് (സ) അല്ലാഹുവിൻെറ ദൂതനാകുന്നു)—ഇതാണ് ഇസ്ലാമിൻെറ അടിത്തറ. ഈ വാക്യത്തിലുള്ള لا إله (ഒരു ഇലാഹുംഇല്ല) എന്നതിൻെറ വിശദീകരണമാണ് ഈ കൃതി. മററൊരു വിധത്തിൽ പറഞ്ഞാൽ ഇതിൽ വിവരിച്ചിട്ടുള്ളത് തൗഹീദ് (ഏകദൈവസിദ്ധാന്തം) എന്തല്ല എന്നതാകുന്നു. ശിർക്കിൻെറ (ബഹുദൈവവിശ്വാസം) യാഥാർത്ഥ്യം, അതിൻെറ അവാന്തരവിഭാഗങ്ങൾ, അതിൻെറ ദൂഷ്യങ്ങൾ, മനുഷ്യപ്രകൃതിയുമായി അതിനുള്ള അനൗചിത്യം എന്നിവ ഈ ഗ്രന്ഥം മുഖേന സ്പഷ്ടമാകുന്നതാണ്. തൗഹീദിൻെറ തെളിവുകളിതിൽ വിശദീകരിച്ചിട്ടില്ല. തദാവശ്യാർത്ഥം "തൗഹീദിൻെറ യാഥാർത്ഥ്യം" എന്ന പേരിൽ വേറൊരു ഗ്രന്ഥം ഞാൻ രചിച്ചിരിക്കയാണ്. അത് മിക്കവാറും إلا الله (അല്ലാഹു ഒഴികെ) എന്നതിൻെറ വിശദീകരണമാകുന്നു.

ഈ പരമ്പരയിലെ മൂന്നാമത്തെ കൃതി, "പ്രവാചകത്വത്തിൻെറ യാഥാർത്ഥ്യം" എന്നതായിരിക്കും. അതിൽ ഏകദൈവസിദ്ധാന്തവും പ്രവാചകത്വവും തമ്മിലുള്ള ബന്ധം വ്യക്തമാക്കിയശേഷം 'പ്രവാചകത്വ' സംബന്ധമായ പല പ്രശ്നങ്ങളേയും കുറിച്ച് ചർച്ചചെയ്യുന്നതാണ്. തുടന്ന്, മുഹമ്മദ്നബി (സ)

തിരുമേനിയുടെ ദൌത്യത്തിനുള്ള തെളിവുകളും അതിൻെറ സവിശേഷതകളും ഖുർആനിൻെറ വെളിച്ചത്തിൽ തുറന്നുകാട്ടുകയും ചെയ്യും. പരിശുദ്ധവാക്യത്തിൻെറ രണ്ടാമത്തെ അംശമായ محمد رسول الله (മുഹമ്മദ് (സ) അല്ലാഹുവിൻെറ ദൂതനാകുന്നു) എന്നതിൻെറ വ്യാഖ്യാനമായിരിക്കും ആ ഗ്രന്ഥം.

ഒരു ശീർഷകം പിടികിട്ടിയാൽ അതിനോടുള്ള ബാഹ്യമാത്രബന്ധത്തെ ആസ്പദമാക്കി ഖുർആനിൽനിന്നു കുറേ ആയത്തുകളും പലേടത്തുനിന്നുമായി കുറേ വസ്തുതകളും ശേഖരിക്കുക; എന്നിട്ടതെല്ലാം കൂട്ടിച്ചേർത്ത് ഒരു ഗ്രന്ഥമാക്കുക—ഇതാണ് പൊതുവിൽ നമ്മുടെ തൂലികാകർത്താക്കൾ ചെയ്യാറുള്ളത്. ഈ പൊതു സമ്പ്രദായമനുസരിച്ചല്ല ഈ ഗ്രന്ഥം വിരചിച്ചിട്ടുള്ളതു്. ഇതിൽ പ്രതിപാദിച്ച ആശയങ്ങൾ എൻെറ 'ഖുർആൻപരിചിന്തന' വേളയിൽ ഞാൻ നിരവധി പ്രാവശ്യം ആവർത്തിച്ചു പരിശോധിക്കുകയും അവയുടെ ബലാബലങ്ങൾ പരീക്ഷിച്ചറിയുകയും ചെയ്തിട്ടുള്ളതാണു്. ദൈവാനുഗ്രഹത്തോടെ, എൻെറ ഉദ്ദേശത്തിലിരിക്കുന്ന 'ഖുർആൻ വ്യാഖ്യാന'ത്തിൽ അതത് സ്ഥലങ്ങളിൽ വിവരിക്കാമെന്നു കരുതി, ദീർഘകാലത്തെ നിരൂപണനിരീക്ഷണങ്ങൾക്കു് ശേഷം ഞാനവയെ കുറിച്ചുവെക്കുകയും ചെയ്തിരുന്നു.

അതേ വിജ്ഞാനമൂല്യങ്ങളുടെ ചില ഭാഗങ്ങളാണു് ഇവിടെ ഒരു പ്രത്യേക രീതിയിൽ ക്രോഡീകരിച്ചാവിഷ്കരിക്കുന്നത്. എന്നിരുന്നാലും, ഞാനെഴുതിയതെല്ലാം അപ്പടി ശരിയാണെന്നു് എനിക്കു് വാദമില്ല. എനിക്കു് പ്രമാദങ്ങൾ സംഭവിച്ചിരിക്കാൻ സാധ്യതയുണ്ടു്.

ആകയാൽ, വിദ്വൽശിരോമണികൾ ഇതിൽ വല്ല അബദ്ധവും കാണുന്നുവെങ്കിൽ അതെപ്പററി എന്നെ ഉണർത്തുന്നപക്ഷം ഞാനതു ഹൃദയംഗമമായി സ്വാഗതം ചെയ്യുന്നതാണ്.

ശിർക്കിൻെറ നിർവ്വചനം, അതിൻെറ അടിസ്ഥാനപരമായ വിഭാഗങ്ങൾ — ഇതാണീഗ്രന്ഥത്തിൽ ഒന്നാമതായി വിവരിക്കുന്നത്. അതിനെത്തുടർന്നു, ഖുർആനിൻെറ പ്രഥമാഭിഷിതരായ ബഹുദൈവവിശ്വാസികൾ, വേദക്കാർ, കപടവിശ്വാസികൾ എന്നീ കക്ഷികളിലുണ്ടായിരുന്ന ശിർക്കിൻെറ ഇനങ്ങളെക്കുറിച്ചുള്ള വിശദവിവരണമാണ്. لا اله (ഒരു ഇലാഹുംഇല്ല) എന്ന നിഷേധത്തിൽ ഒതുങ്ങിനില്ക്കുന്ന വിശദാംശങ്ങളുടെ പൂർണ്ണയാഥാർത്ഥ്യം അതുവഴി സാനുക്രമം വ്യക്തമാകും. വിഷയത്തിൻെറ മുഴുവൻ വശങ്ങളേയും വായനക്കാർക്ക് ഒററനോട്ടത്തിൽ കാണേണ്ടതിന്നു മുൻ അദ്ധ്യായങ്ങളുടെ രത്നച്ചുരുക്കം അതിന്നുശേഷം ചേർത്തിട്ടുണ്ട്. പിന്നെ വെവ്വേറെ രണ്ടദ്ധ്യായങ്ങളിലായി ആധുനികലോകത്തെക്കുറിച്ചും, മുസ്ലിം സമുദായത്തിൻെറ ഇന്നത്തെ പരിതഃസ്ഥിതിയെസ്സംബന്ധിച്ചുമുള്ള നിരൂപണചർച്ചകളാണ്. 'തൗഹീദി'ൻേറയും 'ശിർക്കി'ൻേറയും വീക്ഷണകോണങ്ങളിലൂടെ നോക്കുമ്പോൾ ഇന്നു ലോകത്തിൻെറ നിലയെന്തെന്ന് ആ ചർച്ചകൾ മുഖേന വ്യക്തമാകും. തൊട്ട അദ്ധ്യായത്തിൽ ഇന്നത്തെ അടിസ്ഥാന കർത്തവ്യത്തെക്കുറിച്ചും, അധുനാതനകാലത്തെ സവിശേഷസാഹചര്യങ്ങളിൽ ജന്മമെടുത്ത ചില പ്രശ്നങ്ങളുടെ പരിഹാരങ്ങളെസ്സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങളാണ്. ആദ്യംമുതൽ ഈ അദ്ധ്യായംവരെ കണ്ണോടിച്ചെത്തുമ്പോഴേക്കും വായന

ക്കാരൻെറ ഹൃദയത്തിൽ നാമ്പെട്ടക്കാനിടയുള്ള പ്ര ധാന സംശയങ്ങൾക്കെല്ലാം നിവൃത്തിവരുത്താൻ ഞാനതിൽ കഴിവതും ശ്രമിച്ചിട്ടുണ്ട്. ചില ഉപ സന്ദേഹങ്ങൾ പിന്നെയും തലപൊക്കിയേക്കാമെങ്കിലും അവയുടെ നേരെ ഞാൻ കണ്ണടച്ചിരിക്കയാണ്. കാരണം, സൽബുദ്ധികളായ അനുവാചകർ അവയ്ക്കുള്ള മറുപടി സ്വയം കണ്ടെത്തും.

"ശിർക്ക് പ്രകൃതിയുടെ തേട്ടമാണോ", "ശിർക്കിൻെറ മൂലകാരണം" എന്നീ ശീർഷകങ്ങളിൽ രണ്ടദ്ധ്യായങ്ങൾ അവസാനത്തിൽ വരുന്നുണ്ട്. അതിൽ ശിർക്കിന്നനുകൂലമായി, ജല്പറാധിഷ്ഠിതമായ 'ശാസ്ത്രീയരേഖകൾ' ശേഖരിച്ച പരിണാമശാസ്ത്രജ്ഞന്മാരെപ്പററിയുള്ള പരാമർശമാണ്. ശിർക്ക് മനുഷ്യപ്രകൃതിക്കൊട്ടും ചേർന്നതല്ലെന്നും, പ്രകൃതിമതം 'തൗഹീദ്' മാത്രമാണെന്നും അവിടെ ഉറപ്പിച്ച സ്ഥാപിച്ചിട്ടുണ്ട്.

'മനുഷ്യപ്രകൃതി തൗഹീദിന്നനുകൂലമാണെന്നും' ശിർക്കാകുന്ന മൗഢ്യം ചിന്താശൂന്യതയുടേയും മനോബലഹീനതകളുടേയും സൃഷ്ടിയാണെന്നും വി: ഖുർആൻ ഉൽഘോഷിക്കുന്നു. ഖുർആനിൻെറ ഈ വാദമാണ് ഏററവും ശരിയായിട്ടുള്ളത്; ശിർക്കിന്നു ലോകത്തു പ്രചുരമായ പ്രചാരമുണ്ടെങ്കിലും വാസ്തവത്തിലത് കുപ്പയിൽ മുളച്ച പാഴ്ച്ചെടിയാണ്; തൗഹീദിൻെറ ഒരൊററ പ്രഹരംപോലുമേല്ക്കാൻ അത് ശക്തമല്ല; തൗഹീദിനെ സ്ഥാപിക്കാൻ ചുമതലപ്പെട്ടവർ തങ്ങളുടെ കർത്തവ്യം മനസ്സിലാക്കുകയും ശിർക്കിൻെറ വ്യാപകമായ പ്രചാരം കണ്ട് അമ്പരക്കാതിരിക്കുകയും വേണമെന്നേയുള്ളു.

ومثل كلمة خبيثة كشجرة خبيثة اجتثت من فوق الأرض ما لها
من قرار

(മ്ലേഛരവാക്യത്തി (ശിക്ക്) ന്റെ ഉദാഹരണം ഭൂമിയു ടെ ഉപരിതലത്തിൽനിന്നു മുളപൊന്തിയ ഒരു ചീത്ത വൃക്ഷംപോലെയാണ്; അതിന്നു തീരെ സ്ഥിരപ്രതിഷ്ഠ യില്ല.) ഇങ്ങിനെയുള്ള ഉൽബോധനങ്ങളും പ്രചോദ നങ്ങളുമാണ് പ്രസ്തുത രണ്ടദ്ധ്യായങ്ങൾകൊണ്ടുള്ള മുഖ്യോദ്ദേശ്യം.

ഒരു 'വൈജ്ഞാനികപര്യവേക്ഷണം' എന്ന നി ലമാത്രമല്ല ഈ കൃതിക്കുള്ളത്; മഹത്തായൊരു ലക്ഷ്യ ത്തിലേക്കുള്ള പ്രബോധനവും, നിലവിലുള്ള വ്യവ സ്ഥിതിയേയും സൊസൈററിയേയും കുറിച്ചുള്ള നിരൂ പണവും ഇതു കൊണ്ടുദ്ദേശ്യമാണ്. വിജ്ഞാനപരമാ യഗവേഷണചർച്ചകൾ ചിലർ സ്വസ്ഥമായിരുന്നു വാ യിച്ചുതള്ളും; ചിലർ അവയെ ശ്ലാഘിക്കും; മററു ചി ലർ പുച്ഛിക്കും; വേറെ ചിലർ ഇതൊക്കെ നമുക്കറി വുള്ളതുതന്നെ, ഇതിൽ പുത്തനായെന്തുണ്ട്, എന്നു പറഞ്ഞവഗണിക്കും. പക്ഷെ, ആനുകാലിക വ്യവ സ്ഥിതിയേയും സമുദായത്തേയും കുറിച്ച് വിമർശനനി രൂപണങ്ങൾ നടത്തിനോക്കുക; ഒട്ടുമുക്കാലുമാളുകൾ ക്ക് കഠിന നീരസമാണ്. ചിലപ്പോളത് വൈരാഗ്യ മായും പുറത്തുവരും. ഞാനിവിടെ നിരൂപണ മാകുന്ന 'കുററം' സമ്മതിക്കുകയാണ്. ഇ ക്കാര്യത്തിൽ സന്ധിയും സംഭാഷണവുമൊക്കെ വ്യർത്ഥ മെന്നു കരുതുന്നു. പക്ഷെ, എനിക്കു സദുദ്ദേശം മാത്ര മാണുള്ളത്. ഞാൻ അല്ലാഹുവോട് കേഴുകയാണ്, എന്റെ തൂലിക പ്രകടമാക്കുന്നത് സത്യമെങ്കിൽ അതി

ന്നു് ജനഹൃദയങ്ങളിൽ സ്ഥാനം നല്ലേണമേ; അ തിൻെറ പ്രതിഫലത്തിൽ ഇതെഴുതാനെന്നെ പ്രേരി പ്പിച്ച സുഹൃത്തുക്കളേയും പങ്കുചേക്കണമേ; എ ൻെറ പേന വല്ലിടത്തും വ്യതിചലിച്ചിട്ടുണ്ടെങ്കിൽ അതിൻെറ ദൂഷ്യങ്ങൾ മായ്ചുകളയുകയും അതിൽ നിന്നെല്ലാവരേയും രക്ഷിക്കുകയും ചെയ്യേണമേ എന്നു.

**—അമീൻ അഹ്സൻ (ഇസ്ലാഹീ.)**

KOTTAYAM PUBLIC LIBRARY
★ KOTTAYAM. ★

# ആമുഖം

ഒരു മുസ്ലിം തൻെറമേൽ ലേശമെങ്കിലും ശിക്ക ചുമത്തുന്നതു ക്ഷമിക്കുകയില്ല. അവൻെറ ദൃഷ്ടിയിൽ ഇതര കുററങ്ങളെ അപേക്ഷിച്ച് അത്രക്കും കഠിനവും ഗുരുതരവുമായ തെററാണത്. ഒരു സാധാരണക്കാരനായ മുസ്ലിമാണെങ്കിലും ശരി, അയാറം മറെറല്ലാവിധ അപരാധങ്ങളേയും സഹിക്കുകയും തെററുകുററങ്ങറം സമ്മതിക്കുകയും ചെയ്യേക്കാമെങ്കിലും, തൻെറ വിശ്വാസകർമ്മങ്ങളിലൊന്നിൽ ശിക്കിൻെറ ഒരു നേരിയ കലപ്പുണ്ടെന്നു ചൂണ്ടിക്കാണിച്ചുനോക്കുക. അയാറം ക്ഷോഭിച്ചെഴുന്നേല്ക്കുന്നത് കാണാം.

ആധുനിക കാലത്തെ നവീന ശാസ്ത്രങ്ങളോടും ചിന്താഗതികളോടും ഇണങ്ങിക്കഴിയുന്നവരായ ഉൽബുദ്ധ വിഭാഗത്തിനും-ജാതിമതവ്യത്യാസം കൂടാതെ-ശിക്കിനോടു തീച്ചയായും വൈമുഖ്യമാണുള്ളതു. തൗഹീദിലവക്കാവേശമുണ്ടോ ഇല്ലേഎന്നത് മറെറാരു കാര്യമാണ്. അവരുടെ അഭിപ്രായമിതാണ്: നിരീശ്വരത്വമോ ഏകദൈവ വിശ്വാസമോ ആണ് ഇന്നുള്ളത്; ബഹുദൈവ വിശ്വാസം പോലുള്ള ഊഹാപോഹങ്ങളിൽ ഇന്നത്തെ യുക്തിവാദിയായ മനുഷ്യൻ കുടുങ്ങിപ്പോവുക സാധ്യമല്ല; തങ്ങളുടെ മേൽ പരദൈവവിശ്വാസം വെച്ചുകെട്ടുവാൻ അവരാരും ഒരിക്കലും സമ്മതിക്കുകയില്ല.

കുറെയൊക്കെ ഖുർആനും ഹദീസും പഠിച്ച ഒരാറം ശിക്കിനോടു ജനങ്ങറംക്കുള്ള ഈ വൈമുഖ്യവും നീരസവും

കൺമുമ്പിൽ കണ്ടുകൊണ്ടു് ലോകത്തിൻെറ പൊതു ചുററുപാടിനേയും മുസ്ലിംകളുടെ വിശ്വാസകൎമ്മങ്ങളേയും കുറിച്ചു് ചിന്തിക്കുമ്പോഠം അത്ഭുതപരതന്ത്രനായിത്തീരും. താൻ മനസ്സിലാക്കിയതും ജനങ്ങഠംപറയുന്നതും തമ്മിൽ എന്തൊരു വൈരുദ്ധ്യം! ശിൎക്കാകുന്ന മാലിന്യം സമുദായത്തിൽ എല്ലാ മുക്കുമൂലകളിലും വ്യാപിച്ചുകിടക്കുന്നതു അയാഠം തൻെറ കണ്ണുകൊണ്ടുനോക്കിക്കാണുന്നു. പക്ഷെ, ജനങ്ങഠം ഏകസ്വരത്തിൽ പറയുകയാണു്, ലോകമിപ്പോഠം ശിൎക്കിൽനിന്നു് ശുദ്ധമായിരിക്കുന്നു; അതിൻെറ അവശിഷ്ടചിഹ്നങ്ങഠം നിൎവ്വീൎയ്യവും അവഗണനാൎഹവുമത്രെ; അതിന്നത്രക്കൊന്നും പ്രാധാന്യം കല്പിക്കേണ്ടതില്ല; കാലത്തിൻെറ പുരോഗതിയും ശാസ്ത്രത്തിൻെറ വികാസവുംകൊണ്ടു് അതു് തന്നിയേ മാഞ്ഞുപോകും എന്നു സ്വാനുഭവത്തിന്നെതിരിൽ ജനങ്ങളുടെ ഈ ഏകസ്വരം ഒരു ശുദ്ധാത്മാവിനെ സംശയഗ്രസ്തനാക്കും. ശിൎക്കിൻെറ വിവക്ഷിതാൎത്ഥം ഞാൻ തെററായി ഗ്രഹിച്ചുപോയോ, തൗഹീദിൻെറ നിൎവ്വചനത്തിൽ എനിക്കു് തെററുപററിയോ—തൻെറ ജ്ഞാനത്തെക്കുറിച്ചുതന്നെ അയാഠംക്കു് സംശയം തോന്നുകയാണു്. മുറിക്കകത്തു് ദുൎഗ്ഗന്ധം വമിക്കുന്നു. പക്ഷെ, സുഗന്ധമെന്നു് എല്ലാവരും അഭിപ്രായപ്പെടുന്നു. എന്തുചെയ്യാം, എൻെറ മസ്തിഷ്കത്തിൻെറ കുഴപ്പമായിരിയ്ക്കുമോ —അയാഠം ആശയക്കുഴപ്പത്തിലകപ്പെടുന്നു. പക്ഷെ നിരവധി പ്രാവശ്യം പരീക്ഷിച്ചറിഞ്ഞശേഷം സ്വാഭിപ്രായമാണു് ശരിയെന്നും, ദുൎഗ്ഗന്ധനിഷേധം സത്യമല്ലെന്നും ബോധ്യമാകുന്ന പക്ഷം ആ പൊതു അഭിപ്രായത്തെ എതിൎക്കുകയാണല്ലോ വേണ്ടതു്. അതിന്നു മനോധൈൎയ്യമില്ലെങ്കിൽ അയാഠംക്കു് മററുള്ളവരെപ്പോലെ ദുൎഗ്ഗന്ധത്തെ സുഗന്ധമെന്നു പറഞ്ഞു

നടക്കാം. ഇനി, 'ഒരു സത്യത്തെ നിഷേധിച്ചു തള്ളാൻ മാത്രം ലോകാഭിപ്രായത്തിന്നു വിലയിരുത്തുക വയ്യ' എന്നാണ് പക്ഷമെങ്കിൽ തന്റെ ഘ്രാണശക്തിയെ ശരിവെച്ചുകൊണ്ടു് അയാൾ തുറന്നു പ്രഖ്യാപിക്കണം, ഇക്കൂട്ടർ ചില താല്പര്യങ്ങൾക്കുവേണ്ടി ദുർഗ്ഗന്ധത്തെ സുഗന്ധമെന്ന് മാററി വിളിക്കുകയാണെന്നു്. അതൊന്നുമല്ലെങ്കിൽ ചീത്തവാസനയും നല്ല വാസനയും തമ്മിൽ വേർതിരിക്കുന്ന ശരിയായ വിവേചനശക്തി ഇന്നു ജനങ്ങൾക്കില്ലെന്ന അഭിപ്രായത്തിലാണയാൾ എത്തിച്ചേരുക.

അവസാനത്തെ ഇതേ അഭിപ്രായമാണ് പൊതുവിൽ ആധുനിക മുസ്ലിംകളേയും തൗഹീദ്‌വാദികളായ മററുകക്ഷികളേയും സംബന്ധിച്ച് എനിക്കുള്ളത്. പൊതുവിൽ പറഞ്ഞാൽ ഇന്നത്തെ മുസ്ലിംകൾക്ക് ശിർക്കിനോട് അവജ്ഞയും തൗഹീദിനോട് പ്രതിപത്തിയുമുണ്ടെങ്കിൽ അതിന്റെ പിന്നിൽ ശരിയായ ജ്ഞാനമോ ബോധമോ അവക്കില്ല. തങ്ങളുടെ 'മത-ചരിത്രപാരമ്പര്യത്തിലധിഷ്ഠിതമായൊരു സാങ്കല്പിക ധാരണ' എന്നേ അതെപ്പററി പറയാവൂ. ബഹുദൈവസിദ്ധാന്തനശീകരണ പ്രസ്ഥാനത്തിന്റെ ശോഭനമായ ചരിത്രപാരമ്പര്യമുള്ള ഞങ്ങളെങ്ങനെയാണ് അതേ ശിർക്കിലകപ്പെടുക- ഇത്രയേ അവർ ചിന്തിക്കുന്നുള്ളൂ. അമുസ്ലിം 'ഏകദൈവ വാദ'ക്കാരാകട്ടെ, 'ബഹുദൈവാരാധന' വെടിഞ്ഞു 'ഏകദൈവത്വ'ത്തെ അനുകൂലിക്കുന്നത് 'ശാസ്ത്രവിജ്ഞാനത്തിൽ അഭിമാനകരമായൊരു തത്വം' എന്ന നിലയിൽ മാത്രമാണ്. കോപ്പർനിക്കസ് പ്രാചീന ചിന്താഗതിക്കെതിരിൽ ഭൂമിയുടെ ഭ്രമണകേന്ദ്രം സൂര്യനാണെന്നു് വാദിച്ചു. ഗലീലിയോ ദൂരദർശിനി

നിൎമ്മിച്ച് ആവാദം യാഥാൎത്ഥ്യമാണെന്നു സ്ഥാപിച്ചു. അതേപോലെ ബഹുദൈവ സിദ്ധാന്തത്തിൻെറ എല്ലാ ന്യായമാലകളേയും ആധുനിക ഗവേഷണങ്ങൾ അടിച്ചുതകൎത്ത് നശിപ്പിച്ചു കളഞ്ഞിരിക്കുന്നു; ശാസ്ത്രീയ സാക്ഷാല്ക്കാരത്തിൻെറ ഈ പുത്തൻ യുഗത്തിലെ ഉൽബുദ്ധമനുഷ്യൻ അത്തരം ഊഹങ്ങളിൽ ബന്ധിക്കപ്പെടുക സാധ്യമല്ല—അങ്ങനെ പോകുന്നു അവരുടെ വാദഗതി. 'ശിൎക്ക്' വാസ്തവത്തിലെന്തെന്നവൎക്കറിഞ്ഞുകൂടാ. അതിൻെറ രൂപങ്ങളേയും ശാഖകളേയും സംബന്ധിച്ചും ശാസ്ത്രീയവും ധാൎമ്മികവും രാഷ്ട്രീയവുമായ തുറകളിലുള്ള അതിൻെറ പ്രത്യാഘാതങ്ങളെക്കുറിച്ചും അവൎക്കബോധമില്ല. "വിജ്ഞാനരംഗത്ത് ലോകത്തിനു പിണഞ്ഞ ഒരബദ്ധമായിരുന്നു ശിൎക്ക്; മനുഷ്യ വിജ്ഞാനീയത്തിൻെറ പുരോഗതി ഇന്നതിനെ തിരുത്തിയിട്ടുണ്ട്"—ഇതിൽ കവിഞ്ഞ പ്രാധാന്യമൊന്നും അവരുടെ പക്കലതിന്നില്ല. "ബിംബാരാധന" അല്ലെങ്കിൽ "പ്രകൃതിപൂജ"- ശിൎക്കിന്നു ഇത്രയും കുടുസ്സായ അൎത്ഥം മാത്രമേ അവർ മനസ്സിലാക്കിയിട്ടുള്ളു. ഈ ധാരണ ഉള്ളിൽവെച്ചുകൊണ്ട് അവർ പറയുകയാണ്: മനുഷ്യൻ ആകാശഭൂമികളുടേയും ദിക്കാലങ്ങളുടേയും 'ഈശ്വര'നായി വാഴാനിനി കാലവിളംബമില്ല. പ്രകൃതിരഹസ്യങ്ങളത്രയും കണ്ടുപിടിച്ചു കഴിഞ്ഞിരിക്കുന്നു! അങ്ങനത്തെ മനുഷ്യൻ നദികളേയും പൎവ്വതങ്ങളേയും ഗ്രഹനക്ഷത്രങ്ങളേയും പൂജിക്കുന്നതിലെന്തൎത്ഥമാണുള്ളത്? അതുകൊണ്ടേതായാലും ഇനി ലോകത്ത് ശിൎക്കിന് പ്രാബല്യമുണ്ടാവില്ല.

ഇതു കാണുമ്പോൾ ഉമറി (റ) ൻെറ ഒരു തത്വവചനമാണ് ഓൎമ്മവരുന്നതു്. അദ്ദേഹത്തിൻെറ സദസ്സിൽ ഒരു വ്യക്തിയെക്കുറിച്ച് പ്രശംസിക്കുകയുണ്ടായി:

'അയാൾക്ക് ചീത്തവൃത്തിയെന്തെന്നുപോലും അറിവില്ല. അത്രമാത്രം നല്ലവൻ!' ഇതുകേട്ട അദ്ദേഹം പ്രസ്താവിച്ചു: "അയാൾ ഏറിയകൂറും ചീത്തയിൽപെട്ടുപോകാനാണ് സാധ്യത; നന്മതിന്മാവിവേചനാശക്തിയില്ലാത്തവൻതിന്മയിൽ ചാടിപ്പോവുക എപ്പോഴും സംഭവ്യമാണ്" എൻെറ അഭിപ്രായത്തിൽ തികച്ചും ഇതേ നിലയാണ് ഇന്നത്തെ മുസ്ലിംകൾക്കുള്ളത്. ലോകത്തേററവുമധികം ദുഷിച്ചുനാറുന്ന ഒരു മ്ലേച്ഛവസ്തുവാണ് ശിർക്ക്. എന്നിട്ട് അതെന്തെന്നുപോലും അവരറിയുന്നില്ല. 'ദീൻ' സംബന്ധിച്ച് അത്ര്യയും അബോധാവസ്ഥയിലാണവരിന്ന്. രോഗം രോഗമാണെന്നറിയാത്തവൻ അതെപ്പററി ചിന്തിക്കാതിരിക്കുകയും രോഗാവസ്ഥയെ ആരോഗ്യമെന്നു തെററുധരിക്കുകയും ചെയ്യുന്നുവെങ്കിൽ അതിലത്ഭുതമെന്തുള്ളൂ? ആകയാൽ വി: ഖുർആൻ 'കട്ടത്ത അക്രമ'മെന്നു വിശേഷിപ്പിച്ച ശിർക്കാകുന്ന ഈ 'ജാഹിലിയ്യത്തി'(അനിസ്ലാമികം)നെ നഗ്നമായി വിവരിച്ചു തെളിയിക്കൽ അവശ്യം ആവശ്യമായിരിക്കയാണിന്ന്. എങ്കിലേ തൗഹീദിൻെറ സാക്ഷാൽരൂപം ശോഭിച്ചുകാണുകയുള്ളു. അങ്ങനെ, സത്യവും അസത്യവുമാകുന്ന ഈ രണ്ടു ബിന്ദുക്കളും ആശയക്കുഴപ്പത്തിന്നിടമില്ലാത്തവിധം വേർതിരിഞ്ഞു സ്പഷ്ടമാവുകതന്നെവേണം.

ليهلك من هلك عن بينة ويحيى من حي عن بينة

"നശിക്കാനുള്ളവർ വ്യക്തമായ തെളിവ് ലഭിച്ചതിന്നുശേഷം നാശമടയാൻവേണ്ടി; ജീവിക്കാനഹ്തയുള്ളവർ തെളിഞ്ഞ ദൃഷ്ടാന്തത്തോടുകൂടി ജീവിക്കാൻവേണ്ടി"

# ശിർക്കിൻെറ യാഥാത്മ്യവും അതിൻെറ അവാന്തര വിഭാഗങ്ങളും

ഏതെങ്കിലുമൊരു വസ്തുവിനെക്കുറിച്ചുള്ള യഥാതഥമായ വിഭാവനം അതിൻെറ ശരിയായ നിർവ്വചനം കൂടാതെ സാധ്യമല്ല. അതുകൊണ്ടു് നമുക്കൊന്നാമതായി, ശിർക്കിനെ നിർവ്വചിക്കയും, ശേഷം അതിൻെറ അവാന്തര വിഭാഗങ്ങളെസ്സംബന്ധിച്ചു് ചർച്ച നടത്തുകയും ചെയ്യാം.

വിശുദ്ധഖുർആനിലും പ്രവാചകൻെറ (സ) തിരുമൊഴികളിലും ശിർക്കാണെന്നു് രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ മുമ്പിൽവെച്ചുകൊണ്ടു് ശിർക്കിനെ നിർവ്വചിക്കുന്നപക്ഷം ഇതാണു കിട്ടുക: ദൈവത്തിൻെറ സത്തയിലോ ഗുണങ്ങളിലോ അവകാശങ്ങളിലോ അന്യരെ പങ്കുചേർക്കുക.

ഈ നിർവ്വചനം സുഗ്രാഹ്യമാകാൻ കൂടുതൽ വിശദീകരണം ആവശ്യമാണു്. ദൈവത്തെ ആരെങ്കിലുമായോ ആരെയെങ്കിലും ദൈവമായോ നിശ്ചയിക്കുക; വല്ലവരേയുംകുറിച്ചു് ദൈവത്തിൻെറ പരിശുദ്ധ സത്തയെന്നു് സങ്കല്പിക്കുക; ഒരുത്തനെ സംബന്ധിച്ചു് ദൈവത്തിൻെറ പിതാവോ പുത്രനോ എന്നു് പറയുക–ഇതാണു് ദൈവസത്തയിൽ പങ്കുചേർക്കൽ. ഉദാഹരണമായി, ക്രിസ്തു ദൈവത്തിൻെറ സത്തയാണു്, അല്ലെ

ങ്കിൽ ദൈവത്തിൻെറ ജാതനാണ്, മർയം(മേരി) ദൈവത്തിൻെറ മാതാവാണ് എന്നിങ്ങനെ ക്രൈസ്തവ്യാനികൾ വിശ്വസിക്കുന്നു. മലക്കുകൾ ദൈവത്തിൻെറ പുത്രിമാരെന്നായിരുന്നു അറബികളുടെ വിശ്വാസം. ഈ വിശ്വാസങ്ങൾ ദൈവം അനാദിയും അനന്തനുമാണെന്ന പരമാർത്ഥത്തിൻെറ നിഷേധമാണ്; മതവും യുക്തിയും പ്രകൃതിയും വിളിച്ചുപറയുന്ന ദിവ്യമഹാഗുണങ്ങളുടെ ഖണ്ഡനവുമാണ്. (1)

'ഗുണങ്ങളിൽപങ്കുചേർക്കുക'യെന്നതുകൊണ്ടുള്ള വിവക്ഷ സൃഷ്ടിപ്പ്, നിയന്ത്രണം, ശക്തി, യുക്തിജ്ഞാനം തുടങ്ങിയ അവൻെറ ഉൽകൃഷ്ടഗുണങ്ങളിൽ അവന്ന് സമന്മാരെ സ്ഥാപിക്കുകയെന്നാകുന്നു. 'ആ വിശേഷണങ്ങളെ അല്ലാഹുവിലേക്ക് ചേർത്തു പറയുമ്പോഴുള്ള അർത്ഥമനുസരിച്ച്' എന്നൊരു ഉപാധി അതിന്നുണ്ട്. കാരണം, അതേ വിശേഷണങ്ങൾ നാം നമ്മെപ്പോലുള്ള മനുഷ്യരെക്കുറിച്ചും ഉപയോഗിക്കാറുണ്ട്. പക്ഷെ, അവയെ അല്ലാഹുവിലേക്ക് ചേർത്തു പ്രയോഗിക്കുമ്പോൾ പൂർണ്ണമായും പ്രത്യേകാർത്ഥത്തിലായിരിക്കും. അതനുസരിച്ച് ആ വിശേഷണങ്ങൾ സ്വയം സമ്പൂർണ്ണമായ ആ പരിശുദ്ധ സത്തക്ക് മാത്രമേ അനുയോജ്യമായിരിക്കയുള്ളു. ഉദാഹരണമായി, 'ഹകീം' എന്ന വിശേഷണം ദൈവത്തിന്നും മനുഷ്യന്നും ഉപയോഗിക്കാറുണ്ട്. പക്ഷെ ദൈവത്തിന്നുപയോഗിക്കുന്നത് തികച്ചും വ്യത്യ

---

(1) അദ്വൈതസിദ്ധാന്തം വിവിധ രൂപങ്ങളിൽ സമർത്ഥിക്കപ്പെടുന്നുണ്ട്. അതിൽ ചില രൂപങ്ങൾ തികച്ചും ഇപ്പറഞ്ഞതിലുൾപ്പെടും. ഗീതയിലും ഹൈന്ദവ തത്വ ശാസ്ത്രത്തിലുമുള്ള രൂപം പ്രത്യേകിച്ചും. അത് 'ദൈവ സത്തയിൽ പങ്കുചേർക്കൽ' എന്ന ഇനത്തിൽ ഉൾപ്പെടുമെന്നതിൽ സംശയമേയില്ല.

സ്ഥമായ അർത്ഥത്തിലാണ്. ആ അർത്ഥമനുസരിച്ച് അതിനെ മനുഷ്യരിലേക്കു ചേർത്തു പറഞ്ഞാൽ അത് ശിർക്കാണ്. അതിന്നു شرك في الصفات (ഗുണങ്ങളിലുള്ള ശിർക്ക്) എന്നു പറയുന്നു.

'അവകാശങ്ങളിൽ പങ്കുചേർക്കുക'യെന്നതുകൊണ്ടുള്ള ഉദ്ദേശം ദിവ്യഗുണങ്ങളുടെ അനിവാര്യ താല്പര്യങ്ങളിലോ അതിനാൽ നമ്മുടെ മേൽ വന്നുചേരുന്ന ബാധ്യതകളിലോ ദൈവേതരന്മാരെ പങ്കാളികളാക്കുകയെന്നാണ്. ഉദാഹരണമായി 'സ്രഷ്ടാവ് അല്ലാഹുവാണ്'' എന്നതിന്റെ നിർബ്ബന്ധതാല്പര്യമത്രെ മുഴലോകത്തും 'ഭരണനിയന്ത്രണം' അവന്ന് മാത്രമായിരിക്കണമെന്നത്. അപ്പോൾ പ്രപഞ്ച സ്രഷ്ടാവ് അല്ലാഹുവാണെന്ന് സമ്മതിച്ചുകൊണ്ട് ലോകനിയന്ത്രണാധികാരം മററുവല്ലവർക്കുമാണെന്നു വിശ്വസിച്ചാൽ അത് ശിർക്കാണ്. ഇത് شرك في اللوازم (അനിവാര്യതാല്പര്യങ്ങളിലുള്ള ശിർക്കു) ആകുന്നു. കാരണം ദൈവം സ്രഷ്ടാവാണെന്നതിന്റെ താല്പര്യത്തിൽ–അവന്റെ അധീശാധികാരത്തിൽ–അന്യരെ കൂട്ടുകാരാക്കിയതു തന്നെ. സൃഷ്ടിച്ചതാരോ അവന്നാണ് വാസ്തവത്തിൽ ശാസനാധികാരം. أَلَا لَهُ الْخَلْقُ وَالْأَمْرُ (അറിയുക: സൃഷ്ടിയും കല്പനാധികാരവും അവന്ന് മാത്രം.)

ഇതേപോലെ പൂർണ്ണമായ അടിമവൃത്തിയും നിരുപാധികമായ അനുസരണവും അല്ലാഹുവിന്നുമാത്രമേ നിർവ്വഹിക്കാവൂ; പരമമായ സ്നേഹാനുരാഗം അവനോടുമാത്രമേ ബന്ധിക്കാവൂ. 'അല്ലാഹു അഖിലലോകനിയന്താവാണ്'' എന്നതിന്റെ നിർബ്ബന്ധതാല്പര്യമാണതു.

KOTTAYAM PUBLIC LIBRARY
KOTTAYAM

ആകയാൽ അല്ലാഹുവല്ലാത്തവൎക്കടിയറവെക്കലും, അവന്നെതിരിൽ അന്യരെ അനുസരിക്കലും, അവനോടുള്ള സ്നേഹത്തിന്നെതിരിൽ മററാരെയെങ്കിലും സാക്ഷാൽ സ്നേഹപാത്രമാക്കുന്നതും ശിൎക്കാണ്. ഇതെല്ലാം شِرْكٌ فِي الْحُقُوقِ (അവകാശങ്ങളിലുള്ള ശിൎക്ക്) എന്ന ഇനത്തിൽ ഉൾപ്പെടുന്നു. ഇതേ അടിസ്ഥാനത്തിലാണ് വിശുദ്ധഖുർആൻ ആഹ്വാനം ചെയ്യുന്നത്:

فَاعْبُدُوا اللهَ مُخْلِصِينَ لَهُ الدِّينَ (കീഴ്‌വണക്കം അല്ലാഹുവിന്നു മാത്രമാക്കിക്കൊണ്ടു അവന്നടിമവേല ചെയ്യുക.) മറെറാരിടത്ത് പ്രസ്താവിക്കുന്നു:

وَالَّذِينَ آمَنُوا أَشَدُّ حُبًّا لِلَّهِ (സത്യവിശ്വാസികൾ സർവ്വോപരി അല്ലാഹുവെ സ്നേഹിക്കുന്നു.)

ഇതുവരെ പ്രസ്താവിച്ചത് ശിൎക്കിന്റെ അടിസ്ഥാന വിഭാഗങ്ങളെക്കുറിച്ചാണ്. അവയ്ക്കു പുറമെ, ശിൎക്കിന്റെ രൂപങ്ങളോ മാൎഗ്ഗങ്ങളോ ആയ ചില കാൎയ്യങ്ങൾകൂടിയുണ്ട്. പാപ നിരോധത്തോടൊന്നിച്ച് അതിലേക്കുള്ള കവാടങ്ങൾ അടച്ചു കളയുകയെന്നത് ഇസ്ലാമിക ശരീഅത്തിന്റെ ഒരു മൗലിക സ്വഭാവമത്രെ. തദടിസ്ഥാനത്തിൽ ശിൎക്കിന്റെ ആന്തരാത്മാവിൽ ചെന്നുമുട്ടുന്ന ചില സംഗതികളെ ഇസ്ലാം കൎശനമായി നിരോധിച്ചിരിക്കുന്നു. ഉദാഹരണത്തിന്നു, ദൈവേതരന്മാൎക്കു സാഷ്ടാംഗംചെയ്യുക, അവരെക്കൊണ്ട്-വന്ദനോദ്ദേശത്തോടെ- സത്യം ചെയ്യുക തുടങ്ങിയ കാൎയ്യങ്ങൾ നിഷിദ്ധങ്ങളാണ്. സാഷ്ടാംഗം പരമ വിനീതമായ വന്ദനത്തിന്റെ ചിഹ്നമായി എക്കാലത്തും പരിഗ

ണിക്കപ്പെട്ടിട്ടുണ്ട്. നോക്കുക, ബഹുദൈവാരാധകർ തങ്ങളുടെ ആരാധ്യരുടെ മുമ്പിൽ സാഷ്ടാംഗമർപ്പിക്കുന്നു. അവരെപ്പിടിച്ച് ആണയിടുകയും ചെയ്യുന്നു. അതുകൊണ്ട്, പരിപൂർണ്ണത പ്രാപിച്ച, അവസാനത്തേതായ ഇസ്ലാമിക ശരീഅത്ത് ശിർക്കിലേക്കു വഴിവെക്കുന്ന അത്തരം സമ്പ്രദായങ്ങളെ മുച്ചൂടും നശിപ്പിച്ചിരിക്കയാണ്.

ശിർക്കിൻെറ മുൻപ്രസ്താവിച്ച ഇനങ്ങളെ വ്യക്തമാക്കിക്കൊണ്ട് ഞാൻ വി: ഖുർആനിൽ നിന്നു് ഉദാഹരണങ്ങൾ സമർത്ഥിക്കുന്നതാണ്. അതായിരിക്കും ഉത്തമമെന്നു കരുതുന്നു. ഖുർആൻ അതിൻെറ അവതരണ കാലത്ത് വിശ്വാസ കർമ്മങ്ങളിലുള്ള ശിർക്കിനെ നേരിൽ ചൂണ്ടിക്കാണിച്ച് നിരൂപണം നടത്തിയ കക്ഷികൾ മൂന്നു വിഭാഗക്കാരാണ്. അറബികൾ (ബനൂഇസ്മാഈൽ), 'അഹ്ലുൽ കിതാബ്' (വേദക്കാർ അഥവാ ജൂത ക്രൈസ്തവ മതക്കാർ), 'മുനാഫിഖുകൾ' (കപടവിശ്വാസികൾ) ഈ മൂന്നു കക്ഷികളിൽ 'മുശ്രികീൻ' എന്ന വാക്കു ഖുർആൻ അറബികളെക്കുറിച്ചുപയോഗിച്ചുവെന്നത് അവർക്കുള്ളൊരു പ്രത്യേകതയാണ്. മററു കക്ഷികളുടെ മേൽ 'ശിർക്ക്' ചാർത്തിയിട്ടുണ്ടെങ്കിലും അവരെസ്സംബന്ധിച്ച് 'മുശ്രികീൻ' എന്ന പദം നാമമായോ വിശേഷണമായോ പ്രയോഗിച്ചിട്ടില്ല. കാരണം, അവർ 'തൌഹീദി'നെ മൗലികമായി സമ്മതിച്ചിരുന്നു. തൗഹീദ് അവർക്കും മുസ്ലിംകൾക്കുമിടയിൽ 'സുസമ്മതവും സമബോധകവുമായൊരു തത്വ'മെന്നോണമായിരുന്നു. അതെ, ജൂത-ക്രിസ്ത്യാനികളിലാരും തൗഹീദ് നിഷേധികളായിരുന്നില്ല; 'മുനാഫിഖു'കളാകട്ടെ, വാക്കിലും പ്രവൃത്തിയിലും തനി മുസ്ലിംകളെപ്പോലെത്തന്നെ. അവരുടെ അന്തരംഗത്തെ ശിർക്ക്

ബാഹ്യപ്രകടനങ്ങൾക്ക് പാടെ വിപരീതമായിരുന്നു വെന്നു മാത്രം. എന്നാൽ, മുശ്‌രിക്കുകളുടെ നില അങ്ങനെയല്ല. അവർ ശിർക്കിനെ തങ്ങളുടെ അടിസ്ഥാനാദർശമായി സമ്മതിച്ചവരാണ്. 'ദിവ്യത്വത്തിന്റെ ഈ വ്യവസായശാല'യിൽ തങ്ങളുടെ സാങ്കല്പികദൈവങ്ങൾ കേവലം പങ്കാളികളല്ല; നിർബ്ബന്ധഘടകങ്ങൾ കൂടിയാണ്. 'ബഹുദൈവത്വം' സമ്മതിച്ചില്ലെങ്കിൽ തങ്ങളുടെ പക്കൽ പ്രപഞ്ചമാകുന്ന സങ്കീർണ്ണതയ്ക്ക് പരിഹാരമേയില്ല. ശിർക്കിന്നു അവരത്രയും പ്രാധാന്യം കൽപിച്ചിരുന്നതുകൊണ്ട് ശിർക്കും തൗഹീദും സംബന്ധിച്ച ചർച്ചയിൽ ഖുർആൻ അവക്കു പ്രഥമസ്ഥാനം നല്കിയിരിക്കുന്നു. ഞാനും അവക്കതേസ്ഥാനം നല്കുകയാണ്. ആകയാൽ അവരിൽ കുടികൊണ്ടിരുന്ന ശിർക്കിന്റെ ഏതെല്ലാം ഇനങ്ങളെക്കുറിച്ച് ഖുർആൻ മനസ്സിലാക്കിത്തരുന്നുവൊ, മൊത്തത്തിലതാണിനി ഒന്നാമതായി വിവരിക്കുന്നത്.

# 1 മുശ്രിക്കുകളുടെ ശിർക്ക്

ഒരു കാര്യം ഇവിടെ ആദ്യമേ ഗ്രഹിച്ചിരിക്കണം. അതായത്, അറബികളിൽ ഒരു കക്ഷിയും നിരീശ്വരവാദികളായിരുന്നില്ല. അവരിൽ ചില കക്ഷികൾ നിരീശ്വരന്മാർ അല്ലെങ്കിൽ— ആധുനിക സങ്കേതികപ്രയോഗമനുസരിച്ച്— നേച്ചുറലിസ്റ്റുകൾ ആയിരുന്നുവെന്നു ചിലർക്കു വാദമുണ്ട്.

وَمَا يُهْلِكُنَا إِلَّا الدَّهْرُ

(കാലചക്രം മാത്രമാണ് ഞങ്ങളെ നശിപ്പിക്കുന്നത്.) എന്ന അറബികളുടെ വാമൊഴി ഖുർആനിലുണ്ട്. ഇതാണവർക്കതിന്നവലംബം. ആ ധാരണ ശരിയല്ല. ഖുർആനവതരണകാലത്ത് അറബികളിൽ നാസ്തികരായി ഒരു കക്ഷിയുമുണ്ടായിരുന്നില്ല. 'കാലചക്രമാണ് ഞങ്ങളെ നശിപ്പിക്കുന്നത്' എന്നുള്ള അവരുടെ വാദോദ്ദേശം ദൈവാസ്തിക്യനിഷേധമല്ലായിരുന്നു. പിന്നയോ, 'ജനസമുദായങ്ങളുടെ അധഃപതനാഭിവൃദ്ധികൾ അവരവരുടെ ആദർശകർമ്മങ്ങളെ ആശ്രയിച്ചിരിക്കുന്നു' എന്നുള്ള ഖുർആനികവാദമുഖത്തിന്റെ ഖണ്ഡനത്തിൽ അവർ ജൽപിച്ച ഒരു വാക്കുമാത്രമായിരുന്നു അത്.

അതായത്, സമുദായങ്ങളുടെ പുരോഗതിക്കും അധോഗതിക്കും ഖുർആൻ ഒരു 'ധാൎമ്മികനിയമാടിസ്ഥാനം' നിശ്ചയിച്ചു. ആദ്, സമൂദ്, ലൂത്ത്സമുദായങ്ങൾ, മദ്‌യൻവാസികൾ, ഫറോവാ കക്ഷിക്കാർ തുടങ്ങിയവരുടെ നാശകാരണം സത്യനിഷേധം, ശിൎക്ക്, ധിക്കാരം, അതിക്രമം, തോന്നിവാസം, ആദൎശകൎമ്മങ്ങളിലുള്ള മററു തകരാറുകൾ മുതലായവയായിരുന്നുവെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് ഖർആൻ അറബികൾക്കു താക്കീതു നൽകി, ഉത്തരം തെററുകൾ ഉടനെ തിരുത്താത്തപക്ഷം ആളും കരുത്തും ശക്തിയുമെല്ലാമുൾപ്പെടെ നിങ്ങളൊന്നടങ്കം ദുഷിച്ചു നശിച്ചുപോകുമെന്നു. പക്ഷെ, അവൎക്കതു മനസ്സിൽ കടന്നില്ല. 'സമുദായത്തിൻെറ ഉയൎച്ചയിലും താഴ്ചയിലും ഈ 'ധാൎമ്മികം' എന്തു പ്രത്യാഘാതം സൃഷ്ടിക്കാനാണ്?'—അവരതു സമ്മതിക്കാൻ കൂട്ടാക്കിയില്ല! "മുളച്ചുവളൎന്നു പുഷ്പിച്ചു ഫലം കായ്ച്ചു നില്ക്കുന്ന ഒരു വൃക്ഷം. അതിൻെറ പ്രകൃതിദത്തമായ ശക്തിവീൎയ്യങ്ങൾ മന്ദിച്ച് ഒരുനാളത് കാലചക്രത്തിൻെറ കറക്കത്തിന്നിരയായി നശിച്ചുപോകുന്നു. ഒരു മനുഷ്യൻ ജനിച്ചു വളൎന്നു യുവാവായി കുറച്ചു കഴിഞ്ഞാൽ വല്ല രോഗം ഹേതുവായോ പ്രായാധിക്യം നിമിത്തമോ ഒരു ദിനം മരിച്ചുപോകുന്നു. ഒരു സമുദായത്തിൻെറ സ്ഥിതിയും ഇങ്ങനെതന്നെ. ജീവിതമരണമാകുന്ന പ്രകൃതിനിയമം എല്ലായിടത്തും ബലത്തിലിരിക്കുന്നു. അതേ പ്രകൃതി വ്യവസ്ഥയനുസരിച്ചുമാത്രമാണ് സമുദായങ്ങൾ നശിച്ചുപോകുന്നതു്." ഇതാണു ഉപൎയ്യുക്ത മായവാക്കുകൊണ്ട് അവരുദ്ദേശിച്ചിരുന്നത്. ഗോത്രങ്ങളുടേയും സമുദായങ്ങളുടേയും വിനാശങ്ങളെപ്പററി അവർ പാടിയ കവിതകളിൽ ഇതേ വീക്ഷണം നിഴലിച്ചു കാണാം. ആകയാൽ വി:ഖുർആൻ ചരിത്രത്തെ ഈ ഭൗതിക

വീക്ഷാഗതിക്കെതിരായി ഒരു പുതിയ രൂപത്തിലാവിഷ്ക്കരിച്ചു; ഉത്തമജീവിതത്തിന്നുവേണ്ടി ചില നവസിദ്ധാന്തങ്ങളംഗീകരിക്കാൻ ആഹ്വാനംനല്കി. ഖുർആനിൻെറ ആ സിദ്ധാന്തങ്ങൾ അറബികളുടെ ദേഹേച്ഛകൾക്ക വിരുദ്ധമായിരുന്നു. അതു സ്വീകരിക്കാനവർ സന്നദ്ധരായില്ല. അവർപറഞ്ഞു: 'പ്രകൃതിനിയമമനുസരിച്ചു നാം മരിച്ചുപോകുന്നുവെന്നല്ലാതെ മറെറന്താണ്? സമുദായങ്ങളുടെ നാശത്തിന്നു ഈ 'സിദ്ധാന്തങ്ങളു'മായി എന്തുണ്ട് ബന്ധം? ഒരു ജനതയുടെ സല്ക്കർമ്മദുഷ്കർമ്മങ്ങൾ അവരുടെ വിനാശത്തിൽ എന്തു സ്വാധീനം ചെലുത്താനാണ്?'

ഇററലിയിലെ പ്രസിദ്ധ രാഷ്ട്രീയചിന്തകൻ മെക്കിയവല്ലിയുടെ ചിന്താഗതിയും ഇതുതന്നെ. അദ്ദേഹം പ്രസ്താവിക്കുകയാണ്: ഭരണകൂടം 'കലർപ്പില്ലാത്തൊരു രാഷ്ട്രീയാസ്തിത്വമാണ്; അത് ധാർമ്മികമോ നിയമപരമോ അല്ല; ഭരണാധികാരികളുടെ സകല പ്രവർത്തനങ്ങളുടേയും അച്ചുതണ്ട് 'പ്രയോജനാത്മകത' യായിരിക്കണം; ഗവൺമെൻറിന്നു നന്മയുള്ളതോ, അതിൻെറ കഴിവും ശക്തിയും താല്പര്യപ്പെടുന്നതോ ആയ കാര്യങ്ങൾ എന്തായാലും ശരി അതങ്ങു ചെയ്യുകയാണം; നിയമപരവും ധർമ്മപരവുമായ യാതൊരു ചട്ടവും അതിന്നു തടസ്ഥമായിക്കൂടാ—ഈ പ്രസ്താവന മുഖേന അദ്ദേഹം ജാഹിലിയ്യാ (ഇസ്ലാമിന്നു മുമ്പുള്ള) അറബികളുടെ ചിന്താരീതി അപ്പടി പകർത്തുന്നുവെന്നല്ലാതെ, വാസ്തവത്തിൽ പുതുതായൊന്നും പറയുന്നില്ല.

ചുരുക്കത്തിൽ അറബികൾ നിരീശ്വരന്മാരായിരുന്നില്ല; അല്ലാഹുവിൻെറ അടിസ്ഥാനസ്വഭാവങ്ങളെ നിഷേധിക്കുകയും ചെയ്തിരുന്നില്ല. ആകാശഭൂമികളുടെയും

സൂൎയ്യചന്ദ്രന്മാരുടെയും മേഘം വായു മുതലായവയു ടെയും സൃഷ്ടികൎത്താവ് അല്ലാഹു തന്നെ എന്നവർ സ മ്മതിച്ചിരുന്നു. ജീവദായകനും അന്നദാതാവും മരിപ്പിക്കു ന്നവനും അല്ലാഹുവാണെന്നേ അവർ പറഞ്ഞിരുന്നുള്ളു. തങ്ങളുടെ സകല യോഗ്യതാകഴിവുകളും അതേ മഹേശ്വ രന്റെ ദാനമാണെന്നും, പ്രപഞ്ചത്തിന്റെ നിലനി ൽപ്പും നാശവും അവന്റെ ബലിഷ്ഠമായ നിയന്ത്രണ ഹസ്തത്തിൽ മാത്രമാണെന്നും അവൎക്കറിയാമായിരുന്നു. പക്ഷെ, അതേയവസരത്തിലവർ 'കുഫ്ർ' കൈക്കൊ ണ്ടിരുന്നു. അതായത്, അല്ലാഹുവിന്റെ ഗുണങ്ങളേയും അവയുടെ താല്പൎയ്യങ്ങളേയും തള്ളിക്കളഞ്ഞിരുന്നു. അപ്ര കാരംതന്നെ, അവർ 'ശിൎക്ക്' അംഗീകരിക്കുകയും ചെ യ്തിരുന്നു. അഥവാ അല്ലാഹുവിന്റെ ഗുണങ്ങളിലോ അവകാശങ്ങളിലോ ദൈവേതരന്മാരെ പങ്കാളികളാക്കി യിരുന്നു. ഈ വൈരുദ്ധ്യനിലപാടിനെപ്പററിയാണ് വി: ഖുർആൻ അവരെ തട്ടിയുണൎത്തുന്നത്:

قل من يرزقكم من السماء والارض امن يملك
السمع والابصار ومن يخرج الحي من الميت
ويخرج الميت من الحي ومن يدبر الامر فسيقولون
الله فقل افلا تتقون، فذلكم الله ربكم الحق فماذا
بعد الحق الا الضلال فانى تصرفون (يونس)

"(നബീ!) നീ (അവരോടു) ചോദിക്കുക: ആകാശ ഭൂമികളിൽനിന്നു നിങ്ങൾക്കാഹാരം നല്കുന്നതാരാണ്?

നിങ്ങളുടെ ശ്രവണങ്ങളും ദൃഷ്ടികളും ആരുടെ അധീനത്തിൽ? നിർജ്ജീവ വസ്തുവിൽനിന്നു ജീവനുള്ളതിനേയും ജീവനുള്ളതിൽനിന്നു നിർജ്ജീവമായതിനേയും പുറത്തുകൊണ്ടുവരുന്നതാരാണ്? ആരാണ് (ഈ പ്രപഞ്ചത്തിൽ) കാര്യനിയന്ത്രണം നടത്തുന്നത്? അവർ പറയും, അല്ലാഹുവാണെന്നു. എന്നാൽ നീ പറയണം, നിങ്ങൾ (അതേ അല്ലാഹുവെ) ഭയപ്പെടുന്നില്ലേ? അതേ അല്ലാഹുവാണല്ലോ നിങ്ങളുടെ യഥാർത്ഥ നാഥൻ. പൂർണ്ണമാർത്ഥത്തിലുള്ള ആ നാഥനെ വെടിഞ്ഞാൽ പിന്നെ ദുർമ്മാർഗ്ഗമല്ലാതെ മറ്റെന്തുണ്ട്? നിങ്ങളെങ്ങോട്ടാണ് തിരിക്കപ്പെടുന്നത്?"

ഈ വൈരുദ്ധ്യം അറബികളെ അല്ലാഹുവോടൊപ്പം പരദൈവങ്ങളേയും പൂജിക്കുന്നവരാക്കിത്തീർത്തു. അങ്ങനെ അവർക്കിടയിൽ അല്ലാഹുവിൻെറ സത്തയിലും ഗുണങ്ങളിലും അവകാശങ്ങളിലുമായി ശിർക്കിൻെറ അനേകം ശാഖകൾ തലപൊക്കുകയും ക്രമേണ ശിർക്ക് അവരെ അടക്കിവാഴുകയും ചെയ്തു. അറബികളുടെ ശിർക്കുപരമായ ആരാധനകളെ വി: ഖുർആനിൻെറ വെളിച്ചത്തിൽ വിശകലനം ചെയ്യുന്നപക്ഷം അവ അഞ്ചു വിഭാഗമായി ഉരുത്തിരിഞ്ഞുകാണാം. (1) മലക്കുപൂജ (2) ജിന്നുപൂജ (3) നക്ഷത്രപൂജ (4) പിതൃപൂജ (5) ആത്മപൂജ — ക്രമാനുസാരം ഇവയോരോന്നിനെസ്സംബന്ധിച്ചും സംക്ഷിപ്തമായി വിവരിക്കാം.

## മലക്കുപൂജ

അറബികൾ മലക്കുകളെ ദൈവപുത്രിമാരും ദൈവസന്താനങ്ങളുമായാണ് ഗണിച്ചിരുന്നത്. അത്

KOTTAYAM PUBLIC LIBRARY KOTTAYAM

ദൈവസത്തയിൽ ശിർക്ക് സ്ഥാപിക്കലാണെന്നു സ്പഷ്ടം. ദൈവത്തിൻെറ ശാശ്വതീയതയ്ക്കും സ്വാശ്രയത്വത്തിന്നും എതിരാണത്. അതു നഗ്നമായ 'കുഫ്ർ' തന്നെ. ഖുർആൻ ഈ വിശ്വാസത്തെ ഖണ്ഡിച്ചുകൊണ്ടു പറയുന്നു:

قَالُوا اتَّخَذَ اللهُ وَلَدًا سُبْحَنَهُ هُوَ الْغَنِيُّ لَهُ مَا فِي السَّمٰوَاتِ
وَمَا فِي الْأَرْضِ، إِنْ عِنْدَكُمْ مِنْ سُلْطَانٍ بِهَذَا
أَتَقُولُونَ عَلَى اللهِ مَا لَا تَعْلَمُونَ (يونس)

"അവർ പറയുകയാണ്, അല്ലാഹു സന്താനമുണ്ടാക്കിയെന്ന്. അവൻ പരിശുദ്ധൻ! അവൻ സ്വാശ്രയനാണ്, തീർച്ച. ആകാശങ്ങളിലും ഭൂമിയിലുമുള്ളതൊക്കെ അവൻേറതു്. നിങ്ങളിപ്പറയുന്നതിന്ന് യാതൊരു തെളിവും നിങ്ങളുടെ പക്കലില്ല. നിങ്ങൾക്ക് നിശ്ചയമില്ലാത്ത കാര്യങ്ങൾ അല്ലാഹുവിൻെറ മേൽ ആരോപിക്കുന്നുവോ?"

അടിമത്ത നിലപാടിൽ നിന്നുയന്നു ദിവ്യത്വത്തിലേക്കുട്ടത്ത ഒരു ബന്ധമാണ് അല്ലാഹുവുമായി മലക്കുകൾക്കുള്ളതെന്നായിരുന്നു അവരുടെ സങ്കല്പം. ഇത് شرك في الصفات (ദൈവ ഗുണങ്ങളിൽ പങ്കുചേർക്കൽ) ആണെന്ന് വ്യക്തം. ഇതിൻെറ ഖണ്ഡനത്തിൽ ഖുർആൻ പ്രസ്താവിക്കുന്നതിങ്ങനെയാണ്:

وَلِلّٰهِ يَسْجُدُ مَا فِي السَّمٰوَاتِ وَمَا فِي الْأَرْضِ مِنْ دَابَّةٍ

وَالْمَلَائِكَةُ وَهُمْ لَا يَسْتَكْبِرُونَ، يَخَافُونَ رَبَّهُمْ
مِنْ فَوْقِهِمْ وَيَفْعَلُونَ مَا يُؤْمَرُونَ (النحل)

"ആകാശങ്ങളിലും ഭൂമിയിലുമുള്ള ജീവജാലങ്ങളൊക്കെയും അല്ലാഹുവിന്നുമാത്രം കീഴ്‌വണങ്ങുന്നു. മലക്കുകളും അവന്നു സാഷ്ടാംഗം നമിക്കുന്നു. അവർ അഹങ്കരിക്കുന്നില്ല. അവർ ഉപരിഭാഗത്തുനിന്നു തങ്ങളുടെ നാഥന്നെ ഭയപ്പെടുന്നു. അവരാജ്ഞാപിക്കപ്പെടുന്നത് അവർ നിർവ്വഹിക്കുന്നു."

"അഹങ്കരിക്കുന്നില്ല" എന്നതുകൊണ്ട് അടിമത്വത്തിന്നതീതമായ സ്ഥാനം തങ്ങൾക്കുണ്ടെന്ന് കരുതുന്നില്ല എന്നു വിവക്ഷ. "ഉപരിഭാഗത്തുനിന്ന് തങ്ങളുടെ നാഥനെ ഭയപ്പെടുന്നു"—ഈ വാക്യത്തിൻെറ വ്യക്തമായ സൂചന മലക്കുകൾ ദൈവസാമീപ്യം സിദ്ധിച്ചവരെങ്കിലും ദിവ്യതയുടെ മഹോന്നതവൃത്തത്തിലേക്കു പ്രവേശിക്കാൻ അവക്കു സാധ്യമല്ലെന്നും, 'മേലധികാര' ത്തിൽ നിന്നവതരിക്കുന്ന കല്പനകൾ നിർവ്വിഘ്നം നിർവ്വഹിക്കുക എന്ന നിലപാടേ അവക്കുള്ളവെന്നുമാണ്. يُؤْمَرُونَ (അവരാജ്ഞാപിക്കപ്പെടുന്നു) എന്ന കർമ്മണിപ്രയോഗം വ്യക്തമാക്കുന്നത്, ആജ്ഞ പുറപ്പെടുന്ന സ്ഥാനത്തേക്കു് (മഹേശ്വരൻെറ തിരുമുററത്തേക്ക്) അവരുയരുന്നില്ലെന്നാണ്. തങ്ങൾ അല്ലാഹുവിൻെറ അടുത്തവരും ഉററവരും ഉടയവരുമെല്ലാമാണെന്നും, തങ്ങളുടെ അഭീഷ്ടമെന്തും അവനോടു പറഞ്ഞു സ്വാധീനിപ്പിച്ചുകളയാമെന്നും മലക്കുകൾ തെററിദ്ധരിക്കുന്നില്ലെന്നു സാരം. മലക്കുകളുടെ വിചാരം ഇങ്ങിനെയാണെങ്കിലും മലക്കുകളെക്കുറിച്ചു മുശ്‌രിക്കു

കളുടെ ഊഹം നേരെമറിച്ചാണ്. വാസ്തവത്തിൽ, അല്ലാഹുവിന്നുള്ള അടിമവേലയിലും അനുസരണത്തിലും വ്യാപൃതരായ പരിശുദ്ധ സൃഷ്ടികളാണ് മലക്കുകൾ. അവർ അല്ലാഹുവിൻെറ പ്രീതിയും അടുപ്പവും ലഭിക്കാൻ അർത്ഥന ചെയ്യുന്നു:

يَبْتَغُونَ إِلَىٰ رَبِّهِمُ الْوَسِيلَةَ أَيُّهُمْ أَقْرَبُ

(ഏററവും ദൈവസാമീപ്യം സിദ്ധിച്ച മലക്കുപോലും അല്ലാഹുവിലേക്കടുക്കാനുള്ള മാർഗ്ഗം തേടുകയാണ്.)

ഒരു 'മദ്ധ്യവർത്തിത്വം' കൂടാതെ ഈശ്വരസാമീപ്യം അസാദ്ധ്യമാണെന്നായിരുന്നു മുശ്രിക്കുകളുടെ ധാരണ. അതുകാരണം, അവർ മലക്കുകളെ അല്ലാഹുവിലേക്കെത്താനും അവൻെറ പക്കൽനിന്നു് ആവശ്യങ്ങൾ നേടാനുമുള്ള 'വസീല'(സമീപനമാർഗ്ഗം)ആക്കിവെച്ചാരാധിച്ചുപോന്നു. ഈ മാർഗ്ഗത്തിലൂടെയാണ് شرك في اللوازم (ദൈവഗുണങ്ങളുടെ താല്പര്യത്തിൽ പങ്കുചേർക്കൽ) അല്ലെങ്കിൽ شرك في العبادة (ആരാധനയിൽ പങ്കുചേർക്കൽ) എന്ന അനാചാരം ഉണ്ടായിത്തീർന്നത്. മലക്കുപൂജയെക്കുറിച്ച് മുശ്രിക്കുകളുടെ ഉദ്ദേശവും ന്യായീകരണവും വി: ഖുർആൻതന്നെ നമുക്കു വ്യക്തമാക്കിത്തരുന്നുണ്ട്:

وَالَّذِينَ اتَّخَذُوا مِن دُونِهِ أَوْلِيَاءَ مَا نَعْبُدُهُمْ

إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَىٰ (الزمر)

"അല്ലാഹുവിന്നുപുറമെ സഹായികളെ സ്വീകരിച്ചവർ

പറയുന്നത്, അവർ അല്ലാഹുവിലേക്ക് ഞങ്ങളെ അടു പ്പിക്കാൻവേണ്ടി മാത്രമാണ് ഞങ്ങളവരെ ആരാധിക്കു ന്നത് എന്നാണ്."

ലോകത്തുണ്ടാകുന്ന സൗഖ്യവും ക്ഷേമാഭിവൃദ്ധികളും അതേ മലക്കുകളുടെ അനുഗ്രഹങ്ങളാണെന്നായിരുന്നു മുശ്രിക്കുകളുടെ വിചാരം. മലക്കുകൾ കടാക്ഷിച്ചിട്ടാണ് തങ്ങൾക്കു സന്താനങ്ങളുണ്ടാകുന്നതെന്നും അവരു വിശ്വസിച്ചിരുന്നു. വി: ഖുർആൻ ഈ അന്ധവിശ്വാസത്തെ തകർത്തുകളഞ്ഞു:

فَلَمَّا آتَاهُمَا صَالِحًا جَعَلَا لَهُ شُرَكَاءَ فِيمَا آتَاهُمَا
فَتَعَالَى اللَّهُ عَمَّا يُشْرِكُونَ، أَيُشْرِكُونَ مَا لَا يَخْلُقُ
شَيْئًا وَهُمْ يُخْلَقُونَ (الأعراف)

"അവൻ (അല്ലാഹു) അവക്ക് (അച്ഛനമ്മമാർക്കു) നല്ല സന്താനം നല്കിയപ്പോൾ അവൻ നല്കിയതിൽ അവരവന്നു പങ്കുകാരെ സ്ഥാപിച്ചു. അവർ പങ്കുചേർക്കുന്ന വസ്തുക്കളിൽനിന്നും അല്ലാഹു അതീതനത്രെ. യാതൊന്നിനേയും സൃഷ്ടിക്കാത്ത, മറിച്ച് സൃഷ്ടിക്കപ്പെടുന്ന വസ്തുക്കളെയാണൊ അവനോടവർ പങ്കുചേർക്കുന്നത്!"

അപ്രകാരംതന്നെ, ആഹാരം ലഭിക്കുന്നത് മലക്കുദേവതകളുടെ ദയാദാക്ഷിണ്യംമുഖേനയാണെന്നും അവർ വിശ്വസിച്ചിരുന്നു. ഖുർആൻ ആ വിശ്വാസത്തേയും എതിർത്തു:

إِنَّ الَّذِينَ تَعْبُدُونَ مِنْ دُونِ اللَّهِ لَا يَمْلِكُونَ

لَكُمْ رِزْقًا فَابْتَغُوا عِندَ اللَّهِ الرِّزْقَ وَاعْبُدُوهُ وَاشْكُرُوا لَهُ إِلَيْهِ تُرْجَعُونَ (عنكبوت)

"അല്ലാഹുവിനെക്കൂടാതെ നിങ്ങളാരാധിക്കുന്നവർ നിങ്ങൾക്കുവേണ്ട ആഹാരം ഒട്ടും അധീനപ്പെടുത്തിത്തരുന്നില്ല. അതുകൊണ്ട്, നിങ്ങൾ അല്ലാഹുവിൻെറ പക്കൽ നിന്നു ആഹാരം തേടുക. അവന്നു അടിമപ്പെടുകയും അവനോടു നന്ദികാണിക്കുകയും ചെയ്യുക. അവൻെറ അടുക്കലേക്കായിരിക്കും നിങ്ങൾ മടക്കപ്പെടുന്നത്."

മരണാനന്തരജീവിതവും അന്ത്യനാളിലെ വിചാരണയും വിധിയുമൊക്കെ അസംഭവ്യമെന്നായിരുന്നു അറബികളുടെ പക്ഷം. 'അഥവാ അങ്ങനെയൊരു പുനരുത്ഥാനമുണ്ടായാൽതന്നെ ഞങ്ങൾ ക്കൊരാപത്തും ഏല്ക്കുവാൻപോകുന്നില്ല; ഞങ്ങൾ പൂജിക്കുന്ന ഈ മാലാഖമാരുടെ ശുപാൾകൊണ്ടു ഞങ്ങൾ രക്ഷപ്പെടും.'— ഇതായിരുന്നു അവരുടെ വാദം. ഈ വാദം ഒരു വിധത്തിൽ, അല്ലാഹുവിൻെറ ജ്ഞാനത്തിൻേറയും നീതിയുടേയും യുക്തിയുടേയും നിഷേധമാണ്. അതു തനി 'കുഫ്റ്'ാകുന്നു.* മറെറാരുവിധത്തിൽ, ദൈവഗുണങ്ങളിൽ ദൈവേതരന്മാരെ പങ്കുചേൎക്കലാണ്. അതാവട്ടെ വ്യക്തമായ ശിൎക്കും. വി: ഖുർആൻ അവരുടെ ഈ വാദമുഖങ്ങളെയെല്ലാം അപ്പടി ഖണ്ഡിച്ചിരിക്കുന്നു.

---

* ഈ വാദം അല്ലാഹുവിൻെറ ജ്ഞാനം, നീതി, യുക്തി എന്നീ ഗുണങ്ങളെ എങ്ങിനെ നിഷേധിക്കുന്നുവെന്നതിൻെറ വിശദീകരണം എൻെറ "തൗഹീദിൻെറ യാഥാൎത്ഥ്യം" എന്ന ഗ്രന്ഥത്തിൽ വായിക്കുക. ഇവിടെ അറബികളുടെ ശിൎക്കപരമായ വിശ്വാസങ്ങളെക്കുറിച്ചുള്ള ചില പൊതു സൂചനകൾ മാത്രമേ നല്കുന്നുള്ളൂ.

ച്ചുവടെ ചേക്കുന്ന സൂക്തങ്ങളിൽ അവരുടെ വാദവും ഖുർആനിൻെറ ഖണ്ഡനവും ഒന്നിച്ചുകാണാം.

أَفَنَجْعَلُ الْمُسْلِمِينَ كَالْمُجْرِمِينَ، مَا لَكُمْ كَيْفَ تَحْكُمُونَ،
أَمْ لَكُمْ كِتَابٌ فِيهِ تَدْرُسُونَ، إِنَّ لَكُمْ فِيهِ لَمَا
تَخَيَّرُونَ، أَمْ لَكُمْ أَيْمَانٌ عَلَيْنَا بَالِغَةٌ إِلَى يَوْمِ
الْقِيَامَةِ إِنَّ لَكُمْ لَمَا تَحْكُمُونَ، سَلْهُمْ أَيُّهُمْ بِذَٰلِكَ
زَعِيمٌ، أَمْ لَهُمْ شُرَكَاءُ فَلْيَأْتُوا بِشُرَكَائِهِمْ إِنْ كَانُوا
صَادِقِينَ (قلم)

"എന്തു? നാം മുസ്ലിംകളെ (അനുസരണമുള്ള അടിമകളെ) ധിക്കാരികളെപ്പോലെ ആക്കുകയോ? നിങ്ങൾക്കെന്തുപററി? എന്തൊരു തീരുമാനമാണ് നിങ്ങൾ കല്പിക്കുന്നത്? നിങ്ങളഭിലഷിക്കുന്നത് നിങ്ങൾക്ക് കിട്ടും എന്നു വായിക്കാവുന്ന വല്ല ലിഖിതരേഖയും നിങ്ങളുടെ പക്കലുണ്ടോ? നിങ്ങൾ തീരുമാനിക്കുന്നതൊക്കെ നിങ്ങൾക്ക് ലഭ്യമാകുമെന്നതിന്നു പുനരുത്ഥാന നാൾവരെ ബലത്തിലിരിക്കുന്ന വല്ല കരാറും നമ്മുടെ പക്കൽനിന്നു നിങ്ങൾക്ക് കിട്ടിയിട്ടുണ്ടോ? ചോദിക്കു, എന്നാലവരിൽ ആരാണതിന്നുത്തരവാദപ്പെട്ടവൻ? അതോ (അല്ലാഹുവിൻെറ) പങ്കാളികളായ പരദൈവങ്ങൾ അവക്കുണ്ടോ? അവർ സത്യം പറയുന്നുവെങ്കിൽ അവരുടെ ആ പങ്കാളികളെ ഇങ്ങു കൊണ്ടുവരട്ടെ."

أَفَرَأَيْتُمُ اللَّاتَ وَالْعُزَّى، وَمَنَاةَ الثَّالِثَةَ الْأُخْرَى، أَلَكُمُ
الذَّكَرُ وَلَهُ الْأُنْثَى، تِلْكَ إِذًا قِسْمَةٌ ضِيزَى، إِنْ هِيَ إِلَّا
أَسْمَاءٌ سَمَّيْتُمُوهَا أَنْتُمْ وَآبَاءُكُمْ مَا أَنْزَلَ اللهُ بِهَا
مِنْ سُلْطَانٍ إِنْ يَتَّبِعُونَ إِلَّا الظَّنَّ وَمَا تَهْوَى
الْأَنْفُسُ وَلَقَدْ جَاءَهُمْ مِنْ رَبِّهِمُ الْهُدَى.

(النجم)

“ലോത്തയെയും ഉസ്സയെയും കണ്ടുവോ? മൂന്നാമത്തേതായ മനാത്തയെയും? നിങ്ങൾക്കു പുത്രന്മാരും അവന്നു (അല്ലാഹുവിന്നു) പുത്രിമാരും, അല്ലേ? അതൊരു നെറികെട്ട വിഭജനംതന്നെ. നിങ്ങളും നിങ്ങളുടെ പൂർവ്വികരും കെട്ടിച്ചമച്ച നാമങ്ങൾ മാത്രമാണവ. അല്ലാഹു അതിന്നു ഒരു തെളിവും അവതരിപ്പിച്ചിട്ടില്ല. അവർ ഊഹത്തേയും ദേഹേച്ഛയേയുമാണ് പിൻപററുന്നത്. നിശ്ചയമായും അവർക്കു തങ്ങളുടെ നാഥൻെറ പക്കൽ നിന്നു മാർഗ്ഗനിർദ്ദേശം വന്നിരിക്കുന്നു.”

മേൽ സൂക്തങ്ങളിൽ പ്രസ്താവിച്ച ലാത്തയും ഉസ്സായും മനാത്തയും മലക്കുകളുടെ പ്രതിമകളാണ്. മൂവ്വരുടെയും നാമധേയങ്ങൾ സ്ത്രീകൾക്ക് വിളിക്കപ്പെടുന്ന നാമങ്ങളാകുന്നു. അവരുടെ ശുപാർശയിൽ മുശ്‌രിക്കുകൾക്ക് ശക്തിയായ പ്രതീക്ഷയും വിശ്വാസവുമുണ്ടായിരുന്നു. അറബികളവർക്കു ചുററും പ്രദക്ഷിണം വെച്ചുകൊണ്ടു ആവർത്തിച്ചുരുവിട്ടിരുന്നതിങ്ങനെയാണ്:

تِلْكَ الْغَرَانِيقُ الْعُلَى وَاِنَّ شَفَاعَتَهُنَّ لَتُرْتَجَى

"മഹോന്നത തരുണീമണികളാണിവർ; ഇവരുടെ ശുപാൾ സുപ്രതീക്ഷിതമത്രെ." താഴെ വരുന്ന സൂക്തങ്ങൾ ഈ ഊഹവിശ്വാസത്തെ നിരാകരിക്കുകയാണ്.

اَمْ لِلْاِنْسَانِ مَا تَمَنَّى، فَلِلّٰهِ الْآخِرَةُ وَالْاُولٰى، وَكَمْ مِنْ مَلَكٍ فِى السَّمٰوَاتِ لَا تُغْنِى شَفَاعَتُهُمْ شَيْئًا اِلَّا مِنْ بَعْدِ اَنْ يَأْذَنَ اللّٰهُ لِمَنْ يَشَاءُ وَيَرْضٰى، اِنَّ الَّذِيْنَ لَا يُؤْمِنُوْنَ بِالْآخِرَةِ لَيُسَمُّوْنَ الْمَلٰئِكَةَ تَسْمِيَةَ الْاُنْثٰى

(النجم)

" എന്തു്? മനുഷ്യന്നു കിട്ടുമോ അവൻ കൊതിക്കുന്നതു്? എന്നാൽ (അറിഞ്ഞുകൊൾക) ഇഹവും പരവും അല്ലാഹുവിന്നുള്ളതാണ്. ആകാശത്തിൽ എത്രയോ മലക്കുകളുണ്ടു്. അവരുടെ ശുപാൾ യാതൊരു കാര്യവും സാധിപ്പിച്ചുകൊടുക്കുകയില്ല. അല്ലാഹു ഇച്ഛിയ്ക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവക്കു അവൻ (നേരിൽ) അനുമതി നല്കിയ ശേഷമല്ലാതെ. പരലോകത്തിൽ വിശ്വസിക്കാത്തവർ നിശ്ചയമായും സ്ത്രീകളുടെ നാമംകൊണ്ടു മലക്കുകൾക്കു് നാമകരണം ചെയ്യുകയാണ്. (ലാത്ത, ഉസ്സ, മനാത്ത എന്നീ നാമങ്ങളാണിവിടെ സൂചിപ്പിക്കുന്നതു്.)

 45711

ശുപാൾ ദുഷ്ടനെ ശിഷ്ടനാക്കി ഉയത്തുകയോ ശിഷ്ടനെ ദുഷ്ടനാക്കി താഴ്ത്തുകയോ ഇല്ല. അത് അല്ലാഹുവിൻെറ നീതിക്കും യുക്തിക്കും നിരക്കാത്തതാണ്. ഓരോരുത്തൎക്കും അവനവൻെറ പ്രവൎത്തനഫലങ്ങളാണ് ലഭ്യമാവുക. സൽക്കൎമ്മങ്ങൾ പ്രവൎത്തിക്കുകയും പാപകൎമ്മങ്ങളും ദുർവൃത്തികളും വിട്ടകലുകയും ചെയ്യവർ മാത്രമെ ദൈവകാരുണ്യത്തിന്നൎഹരാകയുള്ളു. ദേഹേച്ഛകൾക്ക് വശംവദനായോ മറേറാ മനുഷ്യൻ വല്ല തെററുകളും ചെയ്തുപോകുന്നുവെന്നത് മറെറാരു കാൎയ്യമാണ്. അല്ലാഹുവിൻെറ കാരുണ്യാതിരേകവും വിട്ടുവീഴ്ചയുമാകുന്ന അഭയസ്ഥാനം അതിവിശാലമത്രെ. മനുഷ്യൻ മഹാപാപങ്ങൾ വർജ്ജിക്കുന്ന പക്ഷം അവൻെറ ചെറിയ ചെറിയ തെററുകൾക്ക് അല്ലാഹു മാപ്പ്നല്കും. അല്ലാഹുവിൻെറ നീതിപൂൎവ്വകമായൊരടിസ്ഥാനമാണിത്. ഇതേ ന്യായവാദമാണ് പ്രസ്തുത ശുപാൾ സങ്കല്പത്തിൻെറ ഖണ്ഡനത്തിൽ വിശുദ്ധഖുർആൻ ഉയൎത്തിപ്പിടിക്കുന്നത്:

وَلِلّٰهِ مَا فِي السَّمٰوٰتِ وَمَا فِي الْأَرْضِ لِيَجْزِيَ الَّذِينَ
أَسَاؤُوا بِمَا عَمِلُوا وَيَجْزِيَ الَّذِينَ أَحْسَنُوا بِالْحُسْنَى
الَّذِينَ يَجْتَنِبُونَ كَبَائِرَ الْإِثْمِ وَالْفَوَاحِشَ إِلَّا اللَّمَمَ
وَاللهُ وَاسِعُ الْمَغْفِرَةِ (النجم)

"ആകാശത്തിലും ഭൂമിയിലുമുള്ളതൊക്കെ അല്ലാഹുവിൻേറതു് മാത്രമാണ്. (ഈ ഉടമാവകാശം അവൻ സൂക്ഷിക്കുന്നത്) അവൻ ദുർവൃത്തൎക്കു തങ്ങളുടെ

പ്രവൎത്തനഫലം നല്കാൻ-വേണ്ടിയാണ്. മഹാ പാപങ്ങളെയും മ്ലേഛവൃത്തികളെയും—നിസ്സാരകുററങ്ങളൊഴികെ—വൎജ്ജിക്കുന്ന സദ്വൃത്തൎക്ക് തങ്ങളുടെ സല്കൎമ്മഫലം നല്കാൻ വേണ്ടിയും. നിശ്ചയം നിന്റെ നാഥൻ വിട്ടുവീഴ്ച ചെയ്യുന്നതിൽ വിശാലമനസ്കനത്രെ."

മുശ്രിക്കുകൾ മലക്കുകളോട് ആശയും പ്രതീക്ഷയും ബന്ധിപ്പിച്ചിരുന്നതുകൊണ്ടു അവൎക്ക് അതിർകവിഞ്ഞ സ്നേഹാദരങ്ങളൎപ്പിച്ചിരുന്നു. അത്തരം സീമാതീതമായ പ്രേമം അല്ലാഹുവിന്നു മാത്രം അവകാശപ്പെട്ടതാണ്. അത് ശിൎക്കാണെന്നു പറയേണ്ടതില്ലല്ലൊ. അതിന്റെ പേരിൽ ആ മുശ്രിക്കുകൾ ശിക്ഷാൎഹരാകുമെന്നാണ് ഖുർആൻ ഉണൎത്തുന്നത്:

وَمِنَ النَّاسِ مَنْ يَتَّخِذُ مِنْ دُونِ اللهِ اَنْدَادًا
يُحِبُّونَهُمْ كَحُبِّ اللهِ وَالَّذِينَ آمَنُوا اَشَدُّ حُبًّا لِلّٰهِ
وَلَوْ يَرَى الَّذِينَ ظَلَمُوا اِذْ يَرَوْنَ الْعَذَابَ اَنَّ الْقُوَّةَ
لِلّٰهِ جَمِيعًا وَاَنَّ اللهَ شَدِيدُ الْعَذَابِ (البقره)

"അല്ലാഹുവിന്നു പുറമെ (അവന്റെ അധികാരാവകാശങ്ങളിൽ) മററു ചില സമന്മാരെ സ്ഥാപിക്കുന്നവർ മനുഷ്യരിലുണ്ട്. അവർ അല്ലാഹുവെ സ്നേഹിക്കേണ്ടതുപോലെ അവരേയും സ്നേഹിച്ചുകളയുന്നു. സത്യവിശ്വാസികളാകട്ടെ അല്ലാഹുവിനെ അങ്ങേയററം

സ്നേഹിക്കുന്നവരാണ്. ശിക്ഷ (കൺമുമ്പിൽ) കാണുന്ന സന്ദർഭത്തിൽ ശക്തി മുഴുവനും അല്ലാഹുവിന്നാണെന്നും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്നും ഈ അക്രമികൾ കണ്ടുകഴിഞ്ഞാൽ (അപ്പോളവർക്കു കാര്യം ബോധ്യമാകും.)"

ഇവിടെ "يحبونهم كحب الله" (അല്ലാഹുവെ സ്നേഹിക്കേണ്ടതുപോലെ അവരെ സ്നേഹിക്കുന്നു) എന്നതുകൊണ്ടുദ്ദേശമിതാണ്: (മുശ്‌രിക്കുകൾക്കു മലക്കുകളോടുള്ള സ്നേഹം സ്വതന്ത്രനിലവാരത്തിലുള്ളതായിരുന്നു. അല്ലാഹുവോടുള്ള പ്രേമത്തെ അനുഗമിച്ചും ആസ്പദമാക്കിയുമുള്ളതായിരുന്നില്ല. (വാസ്തവത്തിൽ അല്ലാഹുവോടുള്ള സ്നേഹാദരങ്ങൾക്കു വിധേയമല്ലാത്ത, അതിന്നു സമമോ അതീതമോ ആയ എല്ലാ പ്രേമങ്ങളും ശിർക്കാണ്.) സത്യവിശ്വാസികളുടെ സകല സ്നേഹബന്ധങ്ങളും അല്ലാഹുവോടുള്ള സ്നേഹത്തെ ആശ്രയിച്ചുകൊണ്ടുള്ളതായിരിക്കും. ഏതെങ്കിലുമൊരു സ്നേഹബന്ധം അല്ലാഹുവോടുള്ള സ്നേഹതാല്പര്യത്തിന്നെതിരാണെന്നു കണ്ടാലുടനെ അവരതിൽനിന്നു വിരമിക്കും. ആ പ്രേമത്തെച്ചൊല്ലി അല്ലാഹുവിനേയും അവന്റെ ദീനിനേയും ഒരിക്കലും അവഗണിച്ചു കളയുകയില്ല. അതാണ് പറഞ്ഞത്: والذين آمنوا أشد حبا لله (സത്യവിശ്വാസികൾ അല്ലാഹുവിനെ അങ്ങേയററം സ്നേഹിക്കുന്നവരാണ്.)

മലക്കുകളോടു് ആഗ്രഹാഭിലാഷങ്ങൾ ബന്ധിപ്പിക്കപ്പെടുകയും അവർക്കു് വിനയ വണക്കങ്ങളും സ്നേഹാദരങ്ങളും അർപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ തങ്ങളുടെ

ആരാധകന്മാരുടെ സ്ഥിതിഗതികളേയും പ്രാൎത്ഥനകളേയും പൂജകളേയും കുറിച്ച് മലക്കുകൾ സൎവ്വജ്ഞരാണെന്ന വിശ്വാസം അതിൻെറ പിന്നിൽ ഉണ്ടായിരിക്കണമല്ലോ. തീൎച്ചയായും മുശ്‌രിക്കുകൾ അങ്ങിനെ വിശ്വസിച്ചിരുന്നു. അല്ലെങ്കിലവരെന്തിനാണ് മലക്കുകളെ സ്നേഹിച്ചു പൂജിച്ചിരുന്നത്? ഈ വിശ്വാസമാകട്ടെ, അല്ലാഹുവിൻെറ 'ജ്ഞാനം' എന്ന ഗുണത്തിൽ —അവന്ന് ബാധകമാകുന്ന പ്രത്യേകാൎത്ഥമനുസരിച്ച്— അന്യരെ പങ്കുചേൎക്കലാണെന്നു സ്പഷ്ടം. ഈ ശിൎക്കിനേയും ഖുർആൻ ഖണ്ഡിക്കുന്നു:

وَيَوْمَ نَحْشُرُهُمْ جَمِيعًا ثُمَّ نَقُولُ لِلَّذِينَ أَشْرَكُوا
مَكَانَكُمْ أَنْتُمْ وَشُرَكَاؤُكُمْ فَزَيَّلْنَا بَيْنَهُمْ وَقَالَ شُرَكَاؤُهُمْ
مَا كُنْتُمْ إِيَّانَا تَعْبُدُونَ ، فَكَفَى بِاللهِ شَهِيدًا
بَيْنَنَا وَبَيْنَكُمْ إِنْ كُنَّا عَنْ عِبَادَتِكُمْ لَغَافِلِينَ ، (يونس)

"നാം അവരെ എല്ലാവരേയും (ആരാധ്യന്മാരേയും ആരാധകന്മാരേയും) സമ്മേളിപ്പിക്കുന്ന ദിവസം; എന്നിട്ട് (നമുക്ക്) പങ്കാളികളെ സ്ഥാപിച്ചവരോട് നാം പറയും, നിങ്ങളും നിങ്ങളുടെ 'കൂട്ടുകാരും' (ആരാധ്യന്മാരും) അവിടെ നില്ക്കുകയെന്ന്. നാമവരെ വേർതിരിച്ചു നിൎത്തും. അപ്പോൾ അവരുടെ ആരാധ്യന്മാർ (അവരോട്) പറയും, ഞങ്ങളെ നിങ്ങൾ ആരാധിച്ചിരുന്നില്ല; നമ്മക്കിടയിൽ അതിന്നു സാക്ഷിയായി അല്ലാഹു മതി; നിങ്ങളുടെ ആരാധനകളെപ്പററി നിശ്ചയമായും ഞങ്ങൾ അശ്രദ്ധരായിരുന്നു എന്ന്."

## ജിന്നു പൂജ

മലക്കുകളെപ്പോലെത്തന്നെ ജിന്നുകളെസ്സംബന്ധിച്ചും ദൈവത്തിന്റെ അടിമകൾ എന്ന നിലവാരത്തിന്നതീതമായ, ദിവ്യലോകവുമായി ബന്ധപ്പെട്ട സൃഷ്ടികളാണെന്നാണ് അറബികൾ വിശ്വസിച്ചിരുന്നത്:

وَجَعَلُوا بَيْنَهُ وَبَيْنَ الْجِنَّةِ نَسَبًا وَلَقَدْ عَلِمَتِ الْجِنَّةُ

إِنَّهُمْ لَمُحْضَرُونَ، سُبْحَانَ اللهِ عَمَّا يَصِفُونَ،

(صافات)

"അല്ലാഹുവിനും ജിന്നുകൾക്കുമിടയിൽ അവർ (മുശ്രിക്കുകൾ) കുലബന്ധം സ്ഥാപിച്ചു. എന്നാൽ ജിന്നുകൾക്ക് തീർച്ചയായും അറിയാം, അവർ ദൈവസന്നിധിയിൽ ഹാജരാക്കപ്പെടുന്നവരാണെന്ന്. ഇക്കൂട്ടർ ജല്പിക്കുന്നതിൽനിന്നും അല്ലാഹു പരിശുദ്ധനത്രെ"

പ്രസ്തുതഅഭൗമികബന്ധത്തെആസ്പദമാക്കിഅറബികൾജിന്നുകളെഅല്ലാഹുവിന്റെപങ്കാളികളാക്കിത്തീർത്തു:

وَجَعَلُوا لِلّٰهِ شُرَكَاءَ الْجِنَّ وَخَلَقَهُمْ (انعام)

"അവർ അല്ലാഹുവിന്നു ജിന്നുവർഗ്ഗത്തിൽനിന്ന് കൂട്ടുകാരെ സ്വീകരിച്ചിരിക്കുന്നു. (യഥാർത്ഥത്തിൽ) അവരെ (ജിന്നുകളെ) അല്ലാഹു സൃഷ്ടിച്ചതാണ്."

ഏതൊരർത്ഥത്തിൽ അല്ലാഹു ഉപകാരിയും ഉപദ്രവകാരിയും ആണെന്നു വിശ്വസിക്കേണ്ടതുണ്ടോ അതേ

അത്ഥത്തിൽതന്നെ ജിന്നുകളും ഉപകാരോപദ്രവങ്ങൾ ചെയ്യാൻ ശക്തരാണെന്നു് അറബികൾ വിശ്വസിച്ചിരുന്നു. ജിന്നുകൾ ആക്കെങ്കിലും വല്ല നാശവും വരുത്തിവെക്കുകയാണെങ്കിൽ ലോകത്തൊരു ശക്തിക്കും അതു തടയുക സാദ്ധ്യമല്ലെന്നും, അവർ വല്ല ഗുണവും ചെയ്യുന്നപക്ഷം അവരുടെ കൈപിടിക്കാൻ ആരാലും സാധ്യമല്ലെന്നും അറബികൾ ധരിച്ചിരുന്നു. ഈ ദുർധാരണയുടെ ഫലം എവിടെയെത്തീയെന്നല്ലേ? ജിന്നുകളുടെ കോപവിക്ഷോഭങ്ങളെ ശമിപ്പിക്കാൻ മനുഷ്യജീവൻപോലും ബലികഴിക്കപ്പെട്ടാൻ തുടങ്ങി! നോക്കുക, വിനയവണക്കത്തിൻെറ പാരമ്യം!! ഇവ്വിധം ത്യാഗാപ്പ്ണത്തിനു വല്ലവരും അവകാശപ്പെടാമെങ്കിൽതന്നെ അതു് അല്ലാഹ്ഹുമാത്രമാണല്ലൊ. എന്നാൽ മുശ്‌രിക്കുകൾ തങ്ങളുടെ ജിന്നുദേവന്മാക്ക്അർപ്പിച്ചിരുന്ന നരബലിപോലുള്ള ആരാധനചടങ്ങുകൾ സവ്വാധിനാഥനായ അല്ലാഹുപോലും തൻെറ അടിമകളിൽനിന്നാവശ്യപ്പെട്ടിട്ടില്ല. എന്നിട്ടുംനോക്കുക, മുശ്‌രിക്കുകൾ ഇവിടെ എത്രയോപടി മുന്നിട്ടുനില്ക്കുന്നു:

زَيَّنَ لِكَثِيرٍ مِنَ الْمُشْرِكِينَ قَتْلَ أَوْلَادِهِمْ شُرَكَاؤُهُمْ (انعام)

"ബഹുദൈവാരാധകരിൽ അധികപേക്കും തങ്ങളുടെ ദൈവങ്ങൾ സന്താനവധത്തെ അഭികാമ്യമാക്കിത്തീത്തു." (ജിന്നുദേവന്മാക്ക്‌വേണ്ടി സന്താനങ്ങളെ ബലികൊടുക്കുന്നതു് അവക്ക്‌ പുണ്യകമ്മമായിതോന്നിയെന്നു വിവക്ഷ.)

ആപത്തുകളും അത്യാഹിതങ്ങളും സംഭവിക്കുമ്പോൾ ജിന്നുകളോടു് ആവലാതിപ്പെടുകയും അവരിൽ

അഭയംതേടുകയും ചെയ്തയെന്ന ശിക്ക്പരമായ അനാചാരവും അന്ധവിശ്വാസവും അറബികളിൽ പ്രചാരം നേടിയ മഹാ നാശബീജമായിരുന്നു.

وَأَنَّهُ كَانَ رِجَالٌ مِّنَ الْإِنسِ يَعُوذُونَ بِرِجَالٍ مِّنَ الْجِنِّ (جن)

(മനുഷ്യരിൽ ചിലർ ജിന്നുകളിൽ ചിലരോട് അഭയം തേടിയിരുന്നു)

ജിന്നുകൾ ദിവ്യസമൂഹത്തിലുൾപ്പെടുന്നുവെന്നാണ് അറബികൾ വിശ്വസിച്ചിരുന്നതെന്ന് മുമ്പ് പ്രസ്താവിച്ചുവല്ലൊ. ഈ ഭാവനയിൽ നിന്ന് അവക്ക് الملأ الأعلى (ഉന്നതമേഖല) വരെ കടന്നുചെല്ലാനും, അവിടത്തെ രഹസ്യവാർത്തകൾ കട്ടുകേട്ട് ജ്യോത്സ്യന്മാർക്കെത്തിച്ചു കൊടുക്കാനും നിഷ്പ്രയാസം സാധിക്കുമെന്നും മററുമുള്ള ഊഹാപോഹങ്ങൾ ജന്മമെടുത്തു. ജിന്നുപൂജയുടെ ഇതേ 'പ്രതിഭാസ'മാണ് ജ്യോത്സ്യ വിപണിയെ 'മനോഹര' മാക്കിയിരുന്നത്. എന്നാൽ ജിന്നുകൾക്ക 'ഉപരിമണ്ഡല'വുമായി ബന്ധപ്പെട്ട് അഭൗമികവാർത്തകൾ ശേഖരിച്ചുകൊടുക്കാൻ കഴിയുമെന്ന ഈ ഊഹ വിശ്വാസത്തെ വിശുദ്ധ ഖുർആൻ കടപുഴക്കി എറിയുന്നത് കാണുക:

إِنَّا زَيَّنَّا السَّمَاءَ الدُّنْيَا بِزِينَةٍ الْكَوَاكِبِ وَحِفْظًا مِّن كُلِّ شَيْطَانٍ مَّارِدٍ، لَا يَسَّمَّعُونَ إِلَى الْمَلَإِ الْأَعْلَىٰ

وَيُقْذَفُونَ مِنْ كُلِّ جَانِبٍ، دُحُورًا وَلَهُمْ عَذَابٌ وَاصِبٌ، إِلَّا مَنْ خَطِفَ الْخَطْفَةَ فَأَتْبَعَهُ شِهَابٌ ثَاقِبٌ (صافات)

"നിശ്ചയമായും നാം സമീപാകാശത്തെ നക്ഷത്രങ്ങൾ കൊണ്ട് അലങ്കരിക്കുകയും, ധിക്കാരംപൂണ്ട സകല പിശാചുക്കളിൽ നിന്നും അതിനെ സുരക്ഷിതമാക്കി വെക്കുകയും ചെയ്തിരിക്കുന്നു. 'ഉപരിമണ്ഡല'ത്തിലേക്ക് ചെവികൊടുക്കാനവർക്ക് സാധ്യമല്ല. അതിന്നൊരു മ്പെടുന്നവക്ക് നാനാഭാഗത്തു നിന്നും ഏറു കൊള്ളുന്നതാണ്. അവരെ ശപിച്ചുകൊണ്ട് ആട്ടിക്കളയാൻ വേണ്ടിയാണത്. അവക്ക് നിത്യം ശിക്ഷതന്നെ. എന്നാൽ അവരിലാരെങ്കിലും സൂത്രത്തിൽ (ഒരുവാക്ക്)തട്ടിയെടുക്കാൻ ശ്രമിച്ചാൽ അവനെ തുളച്ചുകളയുന്ന കൊള്ളിമീൻ അനുഗമിക്കും."

അദൃശ്യമറിയാനുള്ള വ്യഗ്രതകൊണ്ട് ജ്യോത്സ്യന്മാർ ജിന്നുകളെ സേവിക്കുകയും അതുമുഖേന മനുഷ്യരിൽ ഒരു വലിയ വിഭാഗത്തെക്കൊണ്ട് മാരണം, മന്ത്രവാദം, ജ്യോത്സ്യം തുടങ്ങിയ ക്ഷുദ്രവിദ്യകളിൽ വിശ്വസിപ്പിക്കുകയും ചെയ്തു. അങ്ങനെയാണ് ജിന്നുപൂജ പ്രചാരം നേടിയത്. ഇതേ യാഥാർത്ഥ്യമാണ് ഖുർആൻ ചൂണ്ടിക്കാണിക്കുന്നത്:

يَا مَعْشَرَ الْجِنِّ قَدِ اسْتَكْثَرْتُمْ مِنَ الْإِنْسِ (انعام)

"ഹേ! ജിന്നാസമൂഹമേ! നിങ്ങൾ വളരെയധികം മനുഷ്യരെ വശത്താക്കിക്കളഞ്ഞല്ലൊ."

ഈ ജ്യോത്സ്യന്മാർ അടിമത്തത്തിൻെറയും വണക്കത്തിൻെറയും എല്ലാ നിബന്ധനതാല്പര്യങ്ങളും ജിന്നുകൾക്കു നിറവേററുകയും, അദൃശ്യവാർത്തകളറിയാൻ വേണ്ടി അവരെ ധ്യാനിച്ചു ഭജനമിരിക്കുകയും ചെയ്തിരുന്നു. അങ്ങിനെ അദൃശ്യവാത്തകളറിയാൻ മോഹിച്ചുവരുന്ന പാമരജനങ്ങളെ നേരും നുണയും തട്ടിവിട്ട് വിഡ്ഢികളാക്കിയിരുന്നു. ജ്യോത്സ്യലോകത്തിൻെറ ഈ ജനവഞ്ചനയെപ്പററി ഖുർആൻ പ്രസ്താവിക്കുന്നത് നോക്കുക:

يلقون السمع وأكثرهم كاذبون (شعراء)

"അവർ (അഭൗമികവാത്തകൾ) കേൾക്കാൻ ചെവിയും കൂർപ്പിച്ചിരിക്കുന്നു. (വാസ്തവത്തിൽ) അവരിലധികപേരും തനിവ്യാജമാണ് തട്ടിമൂളിക്കുന്നത്."

ഖുർആൻ ഏകദേശമൊരു ഗദ്യകവിതാശൈലിയിലുള്ളതാണ്. ജ്യോത്സ്യമൊഴികളും അതുപോലെ പ്രാസപ്രധാനവും പദ്യാത്മകവുമായിരുന്നു. ഖുർആനിൽ പ്രവചനങ്ങളുണ്ടെങ്കിൽ അതു ജ്യോത്സ്യവചനങ്ങളിലുമുണ്ടായിരുന്നു. ഈ ബാഹ്യമാത്ര സാദൃശ്യം എടുത്തു കാട്ടിക്കൊണ്ട് നബി (സ)തിരുമേനിയെ പ്രവാചകത്വത്തിൻെറ പ്രാരംഭഘട്ടത്തിൽ ഖുറൈശികൾ അധിക്ഷേപിച്ചു: ഇയാൾ ഒരു ഗണിതക്കാരനാണ്; ഇത് മലക്കുകളവതരിപ്പിക്കുന്ന ദിവ്യവചനങ്ങളൊന്നുമല്ല; ഗണിതക്കാർക്കു ജിന്നുകൾ 'അദൃശ്യബോധനം' നല്കുന്നതുപോലെ മുഹമ്മദിന്നും ജിന്നുകളാണ് വഹ്‌യ് (അദൃശ്യ

ബോധനം) നല്കുന്നത്. ഈ അപവാദത്തെ അടിയോടെ നിഷേധിച്ചുകൊണ്ട് വി:ഖുർആൻ പ്രഖ്യാപിച്ചു:

وَمَا تَنَزَّلَتْ بِهِ الشَّيَاطِينُ ، وَمَا يَنْبَغِي لَهُمْ وَمَا
يَسْتَطِيعُونَ إِنَّهُمْ عَنِ السَّمْعِ لَمَعْزُولُونَ (شعراء)

"ഇതു(ഖുർആൻ)കൊണ്ട് പിശാചുക്കൾ ഇറങ്ങിയിട്ടില്ല; അതവക്ക് ചേന്നതല്ല; അവക്കതു് സാധ്യവുമല്ല; (കാരണം അഭൗമികവാത്തകൾ) ശ്രവിക്കുന്നതിൽ നിന്നു് അവർ അകററിനിത്തപ്പെട്ടവരാണ്."

ഇത്തരം അധിക്ഷേപങ്ങൾ മുമ്പ് ഈസാനബി (അ)യെപ്പററി ഉന്നയിക്കപ്പെടുകയുണ്ടായി. അതിന്നദ്ദേഹം നല്കിയ മറുപടിയാണിവിടെ ഖുർആനും നല്കുന്നത്. ആക്ഷേപകന്മാർ ഏശുവിൻെറ ഫലിതാത്മകമായ പ്രോജ്ജ്വലപ്രഭാഷണങ്ങൾ കേട്ടു. അദ്ദേഹം തൻെറ ദൃഷ്ടാന്തങ്ങളും അത്ഭുത കൃത്യങ്ങളുമായി പ്രബോധന പ്രവത്തനങ്ങളിൽ മുന്നോട്ടു നീങ്ങുന്നത് അവർ കണ്ടു. അദ്ദേഹത്തിൻെറ അപ്രതിരോധ്യമായ മുന്നേററം തടഞ്ഞുവെക്കാനും പൊതുജനത്തെ തെററിദ്ധരിപ്പിച്ചു് അദ്ദേഹത്തിന്നെതിരിൽ അണിനിരത്താനും വേണ്ടി അവർ പ്രചരണം ചെയ്തു: ഇദ്ദേഹം (ഏശു) ബെയെത്സെബൂൽ എന്ന മൂത്ത പിശാചിനെ ചില ഉപജാപങ്ങൾകൊണ്ട് സ്വാധീനിച്ചിരിക്കയാണ്; ആ പിശാചിൻെറ സഹായത്തോടെയാണീ അത്ഭുതങ്ങളൊക്കെ കാട്ടിക്കൂട്ടുന്നത്; തന്നെക്കുറിച്ചുള്ള ഭക്തിയും ഭീതിയും ജനഹൃദയങ്ങളിൽ ഉറപ്പിക്കാൻവേണ്ടി ഇതെല്ലാം ദൈവികമാണെന്നു വരുത്തിത്തീക്കുകയാണ്.

. ശത്രുക്കളുടെ ആക്ഷേപവും ഏശുവിൻെറ മറുപടിയും ബൈബിളിൽ ഇങ്ങിനെ വായിക്കാം:

"അനന്തരം ചിലർ കുരുടനും ഊമനുമായൊരു ഭൂതഗ്രസ്ഥനെ അവൻെറ അടുക്കൽ കൊണ്ടുവന്നു. ഊമൻ സംസാരിക്കയും കാണുകയും ചെയ്യാൻതക്കവണ്ണം അവനെ സൗഖ്യമാക്കി. പുരുഷാരം ഒക്കെയും വിസ്മയിച്ചു: ഇവൻ ദാവീദ് പുത്രൻ തന്നെയോ എന്നുപറഞ്ഞു. അതുകേട്ട പരീശന്മാർ: ഇവൻ ഭൂതങ്ങളുടെ തലവനായ ബെയെത്സെബൂലിനെക്കൊണ്ടല്ലാതെ ഭൂതങ്ങളെ പുറത്താക്കുന്നില്ല എന്നുപറഞ്ഞു. അവൻ അവരുടെ നിരൂപണം അറിഞ്ഞു അവരോട് പറഞ്ഞു. ഒരു രാജ്യം തന്നിൽതന്നേ ഛിദ്രിച്ചു എങ്കിൽ ശൂന്യമാകും. ഒരു പട്ടണമോ ഗൃഹമോ തന്നിൽതന്നേ ഛിദ്രിച്ചു എങ്കിൽ നിലനില്ക്കയില്ല. സാത്താൻ സാത്താനെ പുറത്താക്കുന്നുവെങ്കിൽ അവൻ തന്നിൽ തന്നേ ഛിദ്രിച്ചുപോയല്ലോ. പിന്നെ അവൻെറ രാജ്യം എങ്ങനെനിലനില്ക്കും?" (മത്തായി 12.22-26)

ഇതേ പരമാർത്ഥമാണ് وما ينبغى لهم (അതവൎക്കുചേൎന്നതല്ല) എന്ന വാക്കുകൊണ്ടു വി: ഖുർആനും സൂചിപ്പിക്കുന്നത്. അതിൻെറ ചുരുക്കം ഇതാണ്: വിശുദ്ധ ഖുർആനിൻെറ ഓരോ വാക്കും പിശാചിനും അവൻെറ ഉദ്ദേശങ്ങൾക്കും അഭീഷ്ടങ്ങൾക്കും വിരുദ്ധമായിരിക്കെ അത് പിശാചിൻെറ സഹായത്താൽ ലഭിച്ചതായിരിക്കാൻ സാധ്യതയെന്ത്! ദുൎമ്മാൎഗ്ഗപ്രചരണമാകുന്ന തൻെറ ഏക തൊഴിൽ അവതാളത്തിലാക്കാൻ വേണ്ടി അവൻതന്നെ ഈ സന്മാൎഗ്ഗസംഹിത കൊണ്ടുവന്നു

കൊടുക്കുകയെന്നോ? സാത്താൻെറ സാമ്രാജ്യം സ്വകരങ്ങളാൽ തല്ലിത്തകൎത്തു താൻ തനിക്കുതന്നെ ശത്രുവായിത്തീരുകയെന്നാണതിന്നൎത്ഥം. അതുകൊണ്ടു തനിക്കെതിരിലുള്ള ഈ ഖുർആൻ സാത്താൻ കൊണ്ടുവരികയെന്നത് അവന്ന് പററിയതല്ല.

പ്രകൃതവാക്യങ്ങളിലെ وَمَا يَسْتَطِيعُونَ إِنَّهُمْ عَنِ السَّمْعِ لَمَعْزُولُونَ "അവൎക്കത് സാധ്യമല്ല; (ഉപരി മണ്ഡലവാൎത്തകൾ) ശ്രവിക്കുന്നതിൽനിന്നു അവർ അകററപ്പെട്ടവരാണ്" എന്നവാക്ക് മുമ്പുദ്ധരിച്ച صافات സൂറയിലെ ആയത്തുകളിൽ പ്രസ്താവിച്ച അതേ ആശയത്തിലേക്കാണ് ചൂണ്ടുന്നത്.*

അദൃശ്യരഹസ്യങ്ങൾ ശ്രവിക്കുന്നതുസംബന്ധിച്ച ജിന്നുകളുടെ ആത്മകഥനം 'ജിന്നു' അദ്ധ്യായത്തിൽ ഖുർആൻ ഉദ്ധരിക്കുന്നത് കാണുക:

وَأَنَّا كُنَّا نَقْعُدُ مِنْهَا مَقَاعِدَ لِلسَّمْعِ فَمَنْ يَسْتَمِعِ الْآنَ يَجِدْ لَهُ شِهَابًا رَصَدًا

"(ഉപരിലോകവാൎത്തകൾ)കേൾക്കാൻആകാശത്തിൽ ചില സ്ഥലങ്ങളിൽ ഞങ്ങൾ ഒളിഞ്ഞിരിക്കാറുണ്ടായിരുന്നു.

---

* ജിന്നുകൾക്ക് ഉപരിലോകത്തേക്കുയന്നു പൊവുക സാധ്യമല്ല. തുളഞ്ഞുകൊള്ളുന്ന ഉല്ക്കവൎഷം അവരെ തടഞ്ഞുകളയും. ആകയാൽ ഖുർആനിലുള്ള ഈ അഭൗമിക സന്ദേശങ്ങൾ സാത്താന്മാർ നല്കിയതായിരിക്കാൻ വയ്യ.

ഇപ്പോളങ്ങിനെ ആരെങ്കിലും (കട്ടു) കേൾക്കാൻ ചെല്ലുന്നപക്ഷം (ഒളിയമ്പുപോലെ) സൂത്രത്തിൽകൊള്ളുന്ന കൊള്ളിമീൻപാതം അവനേല്ക്കേണ്ടിവരും.”

ഭൂതങ്ങൾക്ക് ഉപരിലോകവുമായി ബന്ധപ്പെടാൻ കഴിയുമെന്ന വിശ്വാസം ഖുർആൻ ആവർത്തിച്ചു നിഷേധിക്കുന്നുണ്ട്. പൈശാചികമായ കൈകടത്തലിൽ നിന്നു ഖുർആൻ സുരക്ഷിതമാണെന്നു സ്ഥാപിക്കുന്നിടത്തെല്ലാം-അതിന്നൊരു സാക്ഷ്യമെന്നോണം-നക്ഷത്രങ്ങൾ വീണുതകരുന്നതും പൊട്ടിപ്പിളരുന്നതും അതുകൊണ്ടെറിയപ്പെടുന്നതും പിടിച്ചാണയിട്ടു പറയുന്നതു കാണാം, ഖുർആനിൽ. സാത്താന്മാരെ ആകാശത്തു നിന്നു ശപിച്ച് ആട്ടിയോടിക്കുന്നതും അവരുടെ നേരെ ഉല്ക്കാവർഷം ചെയ്യപ്പെടുന്നതുമാണെന്നത്രെ അതു ദ്യോതിപ്പിക്കുന്നത്. النجم، التكوير، الحاقة എന്നീ അദ്ധ്യായങ്ങളിൽ ഇതിന്നുദാഹരണങ്ങൾ കാണാം. ഇതേ ആശയം ‘ശുഅറാഅ്’ അദ്ധ്യായത്തിൽ മറ്റൊരു ശൈലിയിൽ വർണ്ണിക്കുന്നു: പരിശുദ്ധപ്രവാചകരുടെ അടുക്കൽ പിശാചുക്കൾ വരില്ല. (മലിനവസ്തുക്കളിലേ ഈച്ചയിരിക്കൂ. അതുപോലെ മ്ലേച്ഛരും ദുർവൃത്തരുമായ ആളുകളുടെ അടുക്കലെ ദുർഭൂതവും ശൈത്താനും ചെല്ലുകയുള്ളൂ. പ്രവാചകന്മാരുടെ അടുക്കൽ ചെന്നു അവരുടെ തിരുമൊഴികളിൽ സ്വവചനങ്ങൾ കൂട്ടിക്കലർത്താൻ പിശാച് ധൈര്യപ്പെടുകയില്ല.)

هَلْ أُنَبِّئُكُمْ عَلَىٰ مَنْ تَنَزَّلُ الشَّيَاطِينُ ، تَنَزَّلُ عَلَىٰ كُلِّ
أَفَّاكٍ أَثِيمٍ يُلْقُونَ السَّمْعَ وَأَكْثَرُهُمْ كَاذِبُونَ (شعرآء)

"ആരുടെ അടുക്കലാണ്" പിശാചുക്കൾ വരുന്നതെന്നു ഞാൻ നിങ്ങൾക്കറിയിച്ചുതരട്ടെയോ? കള്ളം കെട്ടിച്ചമക്കുന്ന മഹാപാപികളായ എല്ലാവരുടെയും (ജ്യോത്സ്യന്മാരുടെ) അടുക്കലാണ് പിശാചുക്കൾ ചെന്നിറങ്ങുക. അവർ(ജ്യോത്സ്യന്മാർ അദൃശ്യങ്ങൾ കേൾക്കാനായി) ചെവികൊടുത്ത് ഇരിക്കുന്നു. (വാസ്തവത്തിൽ) അവരിൽ അധികപേരും വ്യാജം പറയുന്നവരാണ്."

## നക്ഷത്രപൂജ

ബിംബാരാധകരായ എല്ലാ ജനസമുദായങ്ങൾക്കിടയിലും സൂര്യചന്ദ്രന്മാരെ പൂജിക്കുകയെന്ന അനാചാരം പ്രചാരത്തിലിരുന്നിട്ടുണ്ട്. അതുപോലെ അറബികളും ഗ്രഹനക്ഷത്രാദികളെ ദൈവകുലത്തിലെ അംഗങ്ങളായംഗീകരിച്ചാരാധിച്ചിരുന്നു. വിശുദ്ധ ഖുർആൻ വന്നു ആ ദുരാചാരത്തെ നിരോധിച്ചു:

وَمِنْ آيَاتِهِ اللَّيْلُ وَالنَّهَارُ وَالشَّمْسُ وَالْقَمَرُ لَا
تَسْجُدُوا لِلشَّمْسِ وَلَا لِلْقَمَرِ وَاسْجُدُوا لِلَّهِ الَّذِي خَلَقَهُنَّ
إِنْ كُنْتُمْ إِيَّاهُ تَعْبُدُونَ (حم سجدة)

"രാത്രിയും പകലും സൂര്യനും ചന്ദ്രനും അവൻെറ (അല്ലാഹുവിൻെറ അധീശാധികാരത്തിനും ഏകത്വത്തിനുമുള്ള) ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. (ആകയാൽ) സൂര്യനും ചന്ദ്രനും നിങ്ങൾ സാഷ്ടാംഗം ചെയ്യരുത്. (മറിച്ച്) അവയെ സൃഷ്ടിച്ച അല്ലാഹുവിന്നു സാഷ്ടാംഗം

KOTTAYAM PUBLIC LIBRARY
KOTTAYAM

നമസ്കരിക്കുക. അവനാണ് നിങ്ങൾ അടിമവേല ചെയ്യുന്നതെങ്കിൽ (അങ്ങിനെയാണ് ചെയ്യേണ്ടത്)."

നക്ഷത്രങ്ങളുടെ ശക്തിയിലും കർമ്മവീര്യത്തിലും അറബികൾക്ക് കടുത്ത വിശ്വാസമുണ്ടായിരുന്നു. ഭൂലോകത്തെ യോഗക്ഷേമത്തിൽ അവയ്ക്ക് വലുതായ സ്വാധീനശക്തിയുണ്ടെന്നായിരുന്നു അവരുടെ ധാരണ. മഴ വർഷിച്ചാൽ അത് തങ്ങളുടെ നക്ഷത്രദേവതകളുടെ ദയാദാക്ഷിണ്യം കൊണ്ടാണെന്ന് അവർ പറയും. مطرنا بنوء كذا "ഇന്ന നക്ഷത്രം ഹേതുവായി നമുക്ക് മഴ കിട്ടി" എന്നാണവർ സാധാരണയായി പറഞ്ഞിരുന്നത്. ആലങ്കാരികമായിട്ടല്ല; യഥാർത്ഥത്തിൽ അവരുടെ വിശ്വാസം അങ്ങനെയായിരുന്നു. 'ശിഅ്റാ' എന്ന പ്രസിദ്ധതാരം അറബികളുടെ ആരാധ്യവസ്തുവായിരുന്നു. വേനൽക്കാലങ്ങളിലാണത് ഉദയം കൊള്ളുക. 'തഅബ്ബ്വതശർറാ' (تابط شر)എന്ന അറബിക്കവി പാടുന്നത് കേൾക്കുക:

شامِسٌ فِى القُرِّ حتّى اِذا مـا * دانَتِ الشِّعرى فبرد وظلّ

ശൈത്യകാലത്തിലദ്ദേഹം
നിത്യവും ചൂടു നല്കുന്നു,
'ശിഅ്റാ'വന്നടുത്താൽ പിന്നെ
തണുപ്പും നിഴലുമേകുന്നു.

അറേബ്യയെസ്സംബന്ധിച്ചിടത്തോളം ശൈത്യകാലം കടുത്ത ക്ഷാമവും ദാരിദ്ര്യവും സർവ്വത്ര നടമാടുന്ന കാലമായിരുന്നു. അക്കാലത്തെ തണുത്ത

വടക്കൻകാററുകൾ സകല തൊഴിൽവ്യവഹാരങ്ങളെയും നാടൊട്ടാകെ മരവിപ്പിച്ചുകളയും. ശൈത്യകാലത്തെക്കുറിച്ച് ایام نحسات "അശുഭകാലം" എന്നാണ് അറബികൾ പൊതുവെ പറഞ്ഞിരുന്നത്. വ്യാപാരസഞ്ചാരങ്ങളുടെ ആരവാരങ്ങൾ മുഖ്യമായും ഉഷ്ണകാലത്തായിരുന്നു. അതെ 'ശിഅ്റാ' മുഖം കാട്ടുന്ന കാലത്ത്! തന്മൂലം അക്കാലത്തെ ക്ഷേമാഭിവൃദ്ധിയൊക്കെ 'ശിഅ്റാദേവി'യുടെ അനുഗ്രഹങ്ങളാണെന്ന് അവർ വിശ്വസിച്ചുപോന്നു. വിശുദ്ധഖുർആൻ ഈ മൗഢ്യധാരണയെ തട്ടിമാററിക്കൊണ്ട് അവരെ തെര്യപ്പെടുത്തി:

وانّه هو اغنى واقنى وانّه هو رب الشعرى (نجم)

"നിശ്ചയമായും അവൻ (അല്ലാഹു)മാത്രമാണ് ഐശ്വര്യവും സമ്പത്തും പ്രദാനംചെയ്തത്. തീർച്ചയായും അവൻതന്നെയാണ് ഈ 'ശിഅ്റാ'യുടെ നാഥൻ."

അറബികളുടെ ഇത്തരം മതപരമായ വിഭാവനയിൽനിന്ന് വിവിധ ദേവശക്തികൾ കൂടിച്ചേർന്നുകൊണ്ടുള്ള ഒരു 'ദേവസഭ' രൂപംപൂണ്ടു. അതിൽ അല്ലാഹുവിന്ന് ذوالعرش "സിംഹാസനസ്ഥൻ" അല്ലെങ്കിൽ 'മഹാദേവൻ' എന്ന സ്ഥാനമാണ് നല്കപ്പെട്ടത്. ആ 'രാജകൊട്ടാരത്തി'ലെ അംഗങ്ങളും അടുത്തവരുമെന്ന ബഹുമതി മററു ദേവീദേവന്മാർക്കും സിദ്ധിച്ചു. 'അഭൗമികലോക'ത്തെ ചട്ടങ്ങളെ ഭൗതികലോകവ്യവഹാരങ്ങളോട് സാമ്യപ്പെടുത്തിക്കാണുകയെന്ന 'സാദൃശ്യസിദ്ധാന്തം' എക്കാലത്തും ശിർക്കിൻെറ മുഖ്യകാരണവും

പ്രധാന ശക്തിയുമായിത്തന്നിട്ടുണ്ട്. പ്രസ്തുത 'സാദൃശ്യസിദ്ധാന്തം' അറബികളുടെ മുൻചൊന്ന 'ദേവസഭാ' വിഭാവനയെ കൂടുതൽ വിചിത്രമാക്കി. അവരുടെ സങ്കല്പചിത്രത്തിൽ രാജാകന്മാർ തങ്ങളുടെ സാമ്രാജ്യത്തിലെ ദൂരപ്രദേശങ്ങളുടെ നിയന്ത്രണാധികാരം ചില ഗവർണ്ണർമാൎക്കും കീഴുദ്യോഗസ്ഥന്മാൎക്കും ഏല്പിച്ചുകൊടുക്കുന്നതുപോലെ സിംഹാസനസ്ഥനായ മഹേശ്വരൻ ഭൂലോകത്തെ—അതിൻെറ സ്ഥിതിസംഹാരാദി അധികാരങ്ങൾ സഹിതം—ആ 'ദേവീദേവന്മാൎക്ക്' ചാൎത്തിക്കൊടുത്തിരിക്കയാണ്. മഹാദേവൻ ആകാശലോകകാൎയ്യങ്ങളിലേ ശ്രദ്ധിയ്ക്കു. ഭൂലോകത്തെസ്സംബന്ധിച്ചേടത്തോളം അതിൻെറ 'ഹേതുഭൂതൻ' എന്നതിൽ കവിഞ്ഞ യാതൊരു ബന്ധവും ഇപ്പോളവന്നില്ല. ഭൂമിയിലെ പൊതുകാൎയ്യങ്ങളുമായൊന്നും അവൻ നേരിട്ടിടപെടുന്നതല്ല. അവൻ അത്രയും പരിശുദ്ധൻ........!

ബഹുദൈവാരാധകരായ മിക്ക സമുദായങ്ങളിലും ദൃശ്യമാകുന്ന ഒരുതരം 'പരിശുദ്ധിവാദ'മാണിത്. ലോകകാൎയ്യങ്ങൾ നിയന്ത്രിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുയെന്നത് പരമേശ്വരനു ചേൎന്നതല്ല; അതിൽനിന്നും അവൻ പരിശുദ്ധനാണ്—ഈ ധാരണയത്രെ പ്രസ്തുത സങ്കല്പത്തിൻെറ പിന്നിലുള്ളത്. ഇത് ഒരു വശത്ത് അല്ലാഹുവിൻെറ ശക്തിയേയും ജ്ഞാനത്തേയും നിഷേധിക്കുന്നുവെങ്കിൽ മറുവശത്ത് അവൻെറ ദിവ്യത്വത്തെയും അധീശാധികാരത്തെയും വിഭജിക്കുന്നു. അതാണ് ഖുർആൻ ഈ 'സങ്കല്പസൗധം' പൊളിച്ചുകളയാൻ കാരണം. ഈ 'വിഭജനവാദം' അല്ലാഹുവിൻെറ ശക്തിയെയും ജ്ഞാനത്തെയും നിരാകരിക്കുകയും അവൻെറ മേൽ അശക്തിയും അജ്ഞതയുമാകുന്ന കളങ്കം

ചാർത്തുകയും ചെയ്യുന്നതുകൊണ്ടു് അതിന്നെതിരിൽ ഖുർ ആൻ പ്രഖ്യാപിക്കുന്നു:

اَللّٰهُ لَا اِلٰـهَ اِلَّا هُوَ الْحَيُّ الْقَـيُّومُ، لَا تَـأْخُـذُهُ سِـنَـةٌ وَلَا نَوْمٌ لَـهُ مَـا فِي السَّمٰوٰاتِ وَمَـا فِي الْأَرْضِ (بقرة)

"അല്ലാഹുവല്ലാതെ യാതൊരു ഇലാഹും ഇല്ല. അവൻ ജീവിച്ചിരിക്കുന്നവനാണ്. സ്വയം നിലകൊള്ളുന്നവനും (സർവ്വകാര്യങ്ങളും) നിയന്ത്രിച്ചു നിലനിറുത്തിപ്പോരുന്നവനുമാകുന്നു. നിദ്രാമയക്കവും ഉറക്കവും അവനെ പിടികൂടുകയില്ല. ആകാശഭൂമികളിലുള്ളതെല്ലാം അവന്റേതാകുന്നു."

وَسِعَ كُرْسِيُّـهُ السَّمٰوٰاتِ وَالْأَرْضَ وَلَا يَؤُدُهُ حِفْظُهُمَا (بقرة)

"അവന്റെ സിംഹാസനം ആകാശഭൂമികളെ ഉൾക്കൊള്ളുന്നവിധം വിസ്തൃതമാണ്. അവയുടെ സംരക്ഷണം അവന്നു ദുഷ്കരമല്ല."

اِنَّ رَبَّـكُمُ اللّٰهُ الَّذِي خَلَقَ السَّمٰوٰاتِ وَالْأَرْضَ فِي سِتَّـةِ أَيَّامٍ ثُـمَّ اسْتَوٰى عَلَى الْعَرْشِ يُـدَبِّرُ الْأَمْرَ (يونس)

"നിശ്ചയമായും നിങ്ങളുടെ നാഥൻ അല്ലാഹുവാകുന്നു. അവൻ ആറു ദിവസങ്ങളിലായി ആകാശങ്ങളെയും

ഭൂമിയെയും സൃഷ്ടിക്കുകയും എന്നിട്ട് (അവിടങ്ങളിലുള്ള) കാര്യം നിയന്ത്രിച്ചുകൊണ്ടു സിംഹാസനസ്ഥനാവുകയും ചെയ്തവനാണ്."

മേൽപ്രസ്താവിച്ച 'വിഭജനസങ്കല്പം'വഴി അല്ലാഹ്‌വിൻെറ രാജത്വപദവിയിൽ സംജാതമാകുന്ന ശിഥിലീകരണനിലപാടിനെ നിഷേധിച്ചുകൊണ്ട് ഖുർആൻ അവരെ ഉണർത്തി:

وَقَالَ اللهُ لَا تَتَّخِذُوا إِلَٰهَيْنِ اثْنَيْنِ إِنَّمَا هُوَ إِلَٰهٌ وَاحِدٌ فَإِيَّايَ فَارْهَبُونِ (نحل)

"രണ്ടു ദൈവങ്ങളെ സ്ഥാപിക്കരുതെന്ന് അല്ലാഹ്‌ ഉത്തരവായിരിക്കുന്നു. നിശ്ചയം അവൻ ഏകനായ ഇലാഹ്‌ മാത്രമാകുന്നു. ആകയാൽ എന്നെ മാത്രം നിങ്ങൾ ഭയപ്പെടുക."

وَهُوَ الَّذِي فِي السَّمَاءِ إِلَٰهٌ وَفِي الْأَرْضِ إِلَٰهٌ وَهُوَ الْحَكِيمُ الْعَلِيمُ (زخرف)

"ആകാശത്തിൽ ദൈവമായിട്ടുള്ളത അവൻ മാത്രം. ഭൂമിയിലും ദൈവമായിട്ടുള്ളത് അവൻ തന്നെ. അവൻ യുക്തിജ്ഞനും സർവ്വജ്ഞനുമത്രെ."

അതേ 'വിഭജന സങ്കല്പ'ത്തെ എതിർത്തുകൊണ്ട് മറെറാരിടത്തു് പറയുന്നു:

قُلْ لَوْ كَانَ مَعَهُ آلِهَةٌ كَمَا يَقُولُونَ إِذًا لَابْتَغَوْا
إِلَى ذِي الْعَرْشِ سَبِيلًا (بني اسرائيل)

"അവർ ജല്പിക്കുന്നത്പോലെ അവനോടുകൂടെ ഇതര ദൈവങ്ങളുണ്ടാകുന്നപക്ഷം ആ ദൈവങ്ങൾ സിംഹാസനസ്ഥന്റെ (മഹേശ്വരന്റെ)നേക്കു കടന്നാക്രമിക്കാൻ മാർഗ്ഗമന്വേഷിക്കും."

വേറൊരു സ്ഥലത്തു പറയുന്നു:

لَوْ كَانَ فِيهِمَا آلِهَةٌ إِلَّا اللهُ لَفَسَدَتَا (أنبياء)

"ആകാശത്തിലും ഭൂമിയിലും അല്ലാഹുവല്ലാതെ ദൈവങ്ങളുണ്ടെന്നു വരുന്നപക്ഷം അതുരണ്ടും നശിച്ചുപോകേണ്ടതായിരുന്നു."

മേൽ പറഞ്ഞപോലെ ദേവീദേവന്മാരാണ് ഭൂലോക കാര്യങ്ങൾ നേരിട്ട് കയ്യാളുന്നതെന്നു അറബികൾ വിശ്വസിച്ചിരുന്നതുകൊണ്ടു് അല്ലാഹുവിന്നുമാത്രം അർഹമായ ആരാധനാവണക്കങ്ങളുടെ അവകാശം ആ ദേവീദേവന്മാക്കു് അവർ സ്ഥാപിച്ചുകൊടുത്തു. ഉദാഹരണമായി, അല്ലാഹുവിന്നു കഅ്ബാമന്ദിരമുണ്ടെങ്കിൽ ആ പരദൈവങ്ങളുടെപേരിലും ആസ്ഥാനങ്ങളും ആരാധനാലയങ്ങളും നിർമ്മിക്കപ്പെട്ടു. അല്ലാഹുവിന്നുവേണ്ടി ഹജ്ജ്, ബലികർമ്മം തുടങ്ങിയ ആചാരങ്ങൾ നിർവ്വഹിക്കപ്പെടുന്നുവെങ്കിൽ തത്തുല്യമായ ആചാരാനുഷ്ഠാനങ്ങൾ അവക്കു വേണ്ടിയും

അംഗീകരിക്കപ്പെട്ടു. അല്ലാഹുവിന്നു വേണ്ടിയുള്ള കീൎത്തനചിഹ്നമായി ബലിമൃഗങ്ങളെ പ്രത്യേകം വേർതിരിച്ച് നിശ്ചയിച്ചിരുന്നപോലെ മുശ്‌രിക്കുകൾ തങ്ങളുടെ ദൈവങ്ങൾക്ക് വേണ്ടിയും ബഹീറത്ത്, സാഇബത്ത്, വസീലത്ത്, ഹാമ് എന്നീ നാമങ്ങളിൽ മൃഗങ്ങളെ നേർച്ചക്കും വഴിപാടിന്നും യാഗത്തിനും വേണ്ടി നിശ്ചയിച്ചു. കൃഷിയുല്പന്നങ്ങളിൽനിന്നും കന്നുകാലികളിൽനിന്നും ഒരു വിഹിതം അല്ലാഹുവിന്നുവേണ്ടി നല്കപ്പെട്ടിരുന്നുവെങ്കിൽ, അതേവിധം അവയിൽനിന്ന് ഒരു വിഹിതം അറബികൾ തങ്ങളുടെ കൂട്ടദൈവങ്ങൾക്കുവേണ്ടിയും നീക്കിവെക്കാൻ തുടങ്ങി. എന്തിനേറെ, അവരുടെ ധാരണയനുസരിച്ച് ഭൂലോകനിയന്ത്രണം ഈ ദേവീദേവന്മാരുടെ ഉത്തരവാദിത്വത്തിലായിരുന്നതുകൊണ്ട് അവകാശങ്ങൾ നല്കുന്ന കാര്യത്തിൽ അല്ലാഹുവെക്കാൾ തങ്ങളുടെ ദൈവങ്ങൾക്കാണവർ പ്രാധാന്യം കല്പിച്ചിരുന്നത്! ഈ പിഴച്ച സമ്പ്രദായത്തെ ഖുർആൻ വ്യക്തമാക്കി കാണിക്കുന്നത് നോക്കുക:

وَجَعَلُوا لِلّٰهِ مِمَّا ذَرَأَ مِنَ الْحَرْثِ وَالْاَنْعَامِ نَصِيبًا
فَقَالُوا هٰذَا لِلّٰهِ بِزَعْمِهِمْ وَهٰذَا لِشُرَكَائِنَا فَمَا كَانَ
لِشُرَكَائِهِمْ فَلَا يَصِلُ اِلَى اللّٰهِ وَمَا كَانَ لِلّٰهِ فَهُوَ يَصِلُ اِلَى
شُرَكَائِهِمْ سَاءَ مَا يَحْكُمُونَ (انعام)

"അല്ലാഹു സൃഷ്ടിച്ച ധാന്യങ്ങളിൽ നിന്നും കന്നു

കാലികളിൽനിന്നും ഒരു വിഭാഗത്തെ അവർ അല്ലാഹുവിന്നു വേണ്ടി നീക്കിവെച്ചു. എന്നിട്ട് അവരുടെ വിശ്വാസമനുസരിച്ച് ഇതു അല്ലാഹുവിനുള്ളതും ഇത് ഞങ്ങളുടെ പങ്കാളികൾക്കുള്ളതുമാണെന്ന് അവർ പറയുകയും ചെയ്തു. അവരുടെ പങ്കാളികൾക്കുള്ളത് അല്ലാഹുവിന്നുള്ളതിലേക്കു ചെന്നുപോകയില്ല. (നേരെമറിച്ച്) അല്ലാഹുവിന്നുള്ളത് അവരുടെ പങ്കാളികൾക്കുള്ളതിലേക്ക് ചേരുകയും ചെയ്യും! വളരെ ചീത്തയായ വിധിയാണവർ കല്പിക്കുന്നത്."

അല്ലാഹുവിന്ന് നിശ്ചയിച്ച നേർച്ച, വഴിപാട് മുതലായവയിൽനിന്നു വല്ലതും തങ്ങളുടെ ആരാധ്യന്മാക്കുള്ള ഓഹരിയിലേക്ക് കൂടിച്ചേർന്ന്പോയേക്കാമെങ്കിലും അവക്കുള്ളതിൽനിന്നൊന്നും അല്ലാഹുവിന്നുള്ളതിലേക്ക് ചേരുകയില്ല. തങ്ങളുടെ ദൈവങ്ങളുടെ കാര്യത്തിന്നത്രയും മുൻഗണനയുണ്ടായിരുന്നുവെന്നർത്ഥം. നോക്കുക, അല്ലാഹുവിന്നുവേണ്ടി മൃഗബലി മാത്രമേയുള്ളു. എന്നാൽ ഈ പരദൈവങ്ങൾക്കുവേണ്ടി നരബലിയാണ് നടത്തപ്പെട്ടിരുന്നതു്!* അല്ലാഹു ചുരുക്കം ചില വസ്തുക്കൾ മാത്രമേ നിരോധിച്ചിരുന്നുള്ളു. പക്ഷെ, ഈ ദൈവങ്ങളുടെ പേരിൽ നിരവധി വസ്തുക്കൾ അവക്ക് നിഷിദ്ധം (Taboo) ആയിത്തീർന്നു. അല്ലാഹു അദൃശ്യ ബോധനങ്ങളവതരിപ്പിച്ചിരുന്നുവെങ്കിൽ ഈ ദേവതകൾ ശകുനം കുറിക്കാനും ലക്ഷണമറിയാനുമുള്ള അമ്പുകൾ മുഖേന അഭൗമികമായ വിധികളും തീരുമാനങ്ങളും അറിയിച്ചു തരുന്നുവെന്ന് അവർ വാദിച്ചിരുന്നു.

*മുശ്‌രിക്കുകൾ ഭൂതങ്ങൾക്ക്‌വേണ്ടി സ്വസന്താനങ്ങളെ ബലികൊടുത്തിരുന്നുവെന്ന് മുമ്പ് വിവരിച്ചതു് ഓർക്കുന്നുണ്ടായിരിക്കുമല്ലോ.

അറബികളിലുള്ള പ്രധാനികളും പ്രത്യേകക്കാരുമാണ് മേൽ വിവരിച്ചവിധം മലക്കുകളേയും ജിന്നുകളേയും ഗ്രഹനക്ഷത്രങ്ങളേയും പൂജിച്ചിരുന്നത്. എന്നാൽ അവരിലുള്ള സാധാരണന്മാൎക്ക് ഇത്രത്തോളമുള്ള അന്തസ്സിനെങ്കിലും ഭാഗ്യമുണ്ടായില്ല. സാധാരണന്മാരുടെ രാധ്യവസ്തുക്കൾ ഈ കല്ലും മണ്ണും മരവും ഒക്കെതന്നെയായിരുന്നു. ശക്തിയും പ്രാപ്തിയുമെല്ലാം ഈ വിഗ്രഹങ്ങൾക്കു തന്നെയാണുള്ളതെന്നായിരുന്നു അവരുടെ വിശ്വാസം. അതുകൊണ്ടാണ് ബിംബാരാധനയെ ഖണ്ഡിക്കുമ്പോൾ പ്രത്യേകക്കാരും സാധാരണക്കാരുമായ ഈ രണ്ടുവിഭാഗം ആരാധകന്മാരുടേയും മാനസികനിലപാടുകൾ ഖുർആൻ മുന്നിൽവെക്കുന്നത്. ഉദാഹരണമായി സൂറത്തുൽഅഅ്റാഫിൽ പറയുന്നു:

إِنَّ الَّذِينَ تَدْعُونَ مِنْ دُونِ اللَّهِ عِبَادٌ أَمْثَالُكُمْ
فَادْعُوهُمْ فَلْيَسْتَجِيبُوا لَكُمْ إِنْ كُنْتُمْ صَادِقِينَ

"അല്ലാഹുവിനെക്കൂടാതെ നിങ്ങൾ വിളിച്ചു പ്രാൎത്ഥിക്കുന്നവർ നിങ്ങളെപ്പോലുള്ള അടിമകളാണ്. അതുകൊണ്ട് നിങ്ങൾ അവരെയൊന്നു വിളിക്കുക! അവർ നിങ്ങൾക്കുത്തരം നല്കട്ടെ. കാണാമല്ലൊ, നിങ്ങൾ സത്യവാദികളാണെങ്കിൽ."— ഇതു് അറബികളുടെ ഉന്നതവൃത്തത്തിന്റെ വിശ്വാസമനുസരിച്ചുള്ള ഖണ്ഡനമാണ്.

തുടൎന്നു പറയുന്നു:

أَلَهُمْ أَرْجُلٌ يَمْشُونَ بِهَا أَمْ لَهُمْ أَيْدٍ يَبْطِشُونَ بِهَا

أَمْ لَهُمْ أَعْيُنٌ يُبْصِرُونَ بِهَا أَمْ لَهُمْ آذَانٌ يَسْمَعُونَ بِهَا

"അവക്ക് (വിഗ്രഹങ്ങൾക്ക്) നടക്കാനുള്ള കാലുകളോ പിടിക്കാനുള്ള കൈകളോ കാണാനുള്ള കണ്ണുകളോ കേൾക്കാനുള്ള ചെവികളോ ഉണ്ടോ?"—ഇത് അറബികളിലുള്ള താഴ്ന്ന വൃത്തത്തിന്റെ ഭാവനയെ മുമ്പിൽവെച്ചുകൊണ്ടുള്ള ഖണ്ഡനമാണ്: *

## പിതൃപൂജ

അറബികൾക്കിടയിൽ പൂർവ്വിക മഹാന്മാരുടെ മതഭക്തിയുടേയും ആത്മീയ പരിവേഷത്തിന്റേയും അനേകം കഥകളും ഇതിഹാസങ്ങളും പ്രചുരപ്രചാരം നേടിയിരുന്നു. തദ്വാരാ അറബികളുടെ സങ്കല്പസൃഷ്ടിയായ 'ദേവസഭയിൽ' പൂർവ്വികന്മാർക്കും അവർ സ്ഥാനംനല്കി. പൂർവ്വികന്മാരുടെ 'ഖബറ്'കളും സ്മാരകങ്ങളും, പുണ്യവും 'ബറക്കത്തും' പ്രാർത്ഥനക്കുത്തരവും ലഭിക്കുന്ന കേന്ദ്രങ്ങളും പൂജസ്ഥലങ്ങളുമായിത്തീർന്നു; നേർച്ചയും വഴിപാടും മററും അർപ്പിക്കപ്പെടുന്ന ആരാധനസ്ഥലങ്ങളായി മാറി. ജിന്നുകളേയും മലക്കുകളേയും കുറിച്ച് മേൽവിവിവരിച്ചതു പോലുള്ള വിശ്വാസ

* ഇതേ രണ്ടു വിഭാഗക്കാർ ഹൈന്ദവരിലുമുണ്ട്. ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ച വിഗ്രഹങ്ങളെയല്ല, പ്രത്യുത അവ പ്രതിനിധാനംചെയ്യുന്ന ദേവീദേവന്മാരേയും വീരാത്മാക്കളേയുമാണ് തങ്ങൾ ആരാധിക്കുന്നതെന്നത്രെ ഹൈന്ദവപ്രധാനികളിൽ മിക്കവരും വാദിക്കുന്നത്. സാധാരണക്കാരായ ഹിന്ദുക്കളാകട്ടെ പൊതുവിൽ ആ വിഗ്രഹങ്ങളെ തന്നെ ദൈവങ്ങളാക്കി ആരാധിക്കുന്നു. വിവ:

സങ്കല്പങ്ങഠം പ്രായേണ ഈ പിതാമഹന്മാരെ പ്പററിയും അറബികഠം വെച്ചുപോററിയിരുന്നു. ഈ അന്ധവിശ്വാസത്തെ വിശുദ്ധഖുർആൻ ഖണ്ഡിക്കുന്നത് ഇങ്ങനെയാണ്:

وَالَّذِينَ يَدْعُونَ مِنْ دُونِ اللهِ لَا يَخْلُقُونَ شَيْئًا وَهُمْ يُخْلَقُونَ، أَمْوَاتٌ غَيْرُ أَحْيَاءٍ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ (نحل)

"അല്ലാഹുവിനെക്കൂടാതെ അവർ വിളിച്ചു പ്രാത്ഥിക്കുന്നവർ യാതൊന്നും സൃഷ്ടിക്കാത്തവരാണ്. പ്രത്യുത, അവർ സൃഷ്ടിക്കപ്പെടുന്നവരാണ്. അവർ മരണപ്പെട്ടവരാകുന്നു. ജീവിച്ചിരിപ്പുള്ളവരല്ല. എപ്പോഴാണ് അവർ പുനർജ്ജീവിപ്പിക്കപ്പെടുന്നതെന്ന് അവക്ക് ലവലേശം അറിവില്ല."

'പൂർവ്വികാചാരങ്ങഠംക്കും മാമൂലുകഠംക്കും അവർ ദീനിൻേറയും ശരീഅത്തിൻേറയും സ്ഥാനം കല്പിച്ചുവെന്നതാണ് പിതൃപൂജയുടെ ഏററവും ശപിക്കപ്പെട്ട വശം. നബി (സ) തിരുമേനിയുടെ പ്രബോധനം നിഷേധിച്ചുതള്ളുന്നതിന്നവക്ക് ശക്തിയായ പ്രേരണയും പ്രചോദനവും നല്കിയത് ഈ പിതൃപൂജയാകുന്ന വഴികേടായിരുന്നു. നബി (സ) തിരുമേനി അല്ലാഹുവിലേക്കു ക്ഷണിക്കുകയും അല്ലാഹുവിൻെറ വിധികളും നിയമങ്ങളും വിവരിച്ചുകൊടുക്കുകയും ചെയ്തപ്പോഠം അവർ പറഞ്ഞിരുന്നത്, ഈ "ഭ്രാന്തൻകവി"യുടെ

വാക്കുകേട്ടു നാം നമ്മുടെ പൗരാണികന്മാരുടെ മാർഗ്ഗം കയ്യൊഴിക്കുകയോ? അതു സാധ്യമല്ല എന്നാണ്.

وَإِذَا قِيلَ لَهُمْ تَعَالَوْا إِلَى مَا أَنْزَلَ اللّٰهُ وَإِلَى الرَّسُولِ
قَالُوا حَسْبُنَا مَا وَجَدْنَا عَلَيْهِ آبَاءَنَا أَوَلَوْ كَانَ آبَاؤُهُمْ
لَا يَعْلَمُونَ شَيْئًا وَلَا يَهْتَدُونَ (مائدة)

"അല്ലാഹു അവതരിപ്പിച്ച നിർദ്ദേശങ്ങളിലേക്കും പ്രവാചകന്റെ നടപടികളിലേക്കും വരികയെന്ന് അവരോട് പറയുമ്പോൾ ഞങ്ങളുടെ പൂർവ്വപിതാക്കൾ നടന്നുവന്ന നടപടിതന്നെ ഞങ്ങൾക്ക് മതി എന്ന് അവർ (മറുപടി) പറയുന്നു. (ചോദിക്കുക) അവരുടെ പൂർവ്വപിതാക്കൾ തീരെ വിവരമില്ലാത്തവരും നേർമാർഗ്ഗം പ്രാപിക്കാത്തവരും ആയിരുന്നാൽപോലും (അവരുടെ മാർഗ്ഗമേ ഇവർ പിൻപറ്റുകയുള്ളുവെന്നോ?)"

പ്രകൃത ഖുർആൻവാക്യത്തിലെ അന്ത്യഭാഗത്തിന്റെ സൂചന ഇതാണ്: മനുഷ്യപ്രകൃതിക്ക് പൂർവ്വികാചാരങ്ങളോട് ഒരുതരം മമതയും രഞ്ജിപ്പുമുണ്ടാകാറുണ്ട്. അങ്ങനെ നോക്കിയാൽ അതു കൊള്ളാവുന്ന കാര്യമെന്നു തോന്നാം. പക്ഷെ 'പൂർവ്വികന്മാർ ആചരിച്ചുപോന്നു' എന്നതുകൊണ്ടു മാത്രം ഒരു കാര്യം സദാചാരമാകയില്ല. അതു സംബന്ധിച്ച് പ്രഥമമായി ചിന്തിക്കേണ്ടത് അക്കാര്യം യുക്തിക്കും പ്രകൃതിക്കും ധാർമ്മികതയ്ക്കും നിരക്കുന്നതാണോ എന്നാണ്. മററു

.വാക്കുകളിൽ പറഞ്ഞാൽ അതു ദൈവനിർദ്ദേശങ്ങളോ ട് പൊതുവെ യോജിക്കുന്നതാണോ എന്നു നോക്കണം. ഈ ഉരകല്ലിൽ ശോഭിക്കുന്നത് നിസ്സംശയം നല്ല താണ്. ഈ ഉരകല്ലുകൊണ്ട് കൊള്ളരുതാത്തതെന്നു തെളിയുന്നത് നിഷിദ്ധവും. നിഷിദ്ധത്തിൻെറ പൗരാണികത്വവും പാരമ്പര്യവും അത് ശരിയും നല്ല തുമാണെന്നതിന്നു് തെളിവാകയില്ല.

ഇവ്വിഷയകമായി ലോകമെന്നും 'ഏററക്കുറവി'ൻെറ നയമാണനുവർത്തിച്ചു പോന്നിട്ടുള്ളത്. 'കാരണവന്മാരു'ടെ നടപടി എന്തായാലും ശരി; അതുസത്യം. അവ രങ്ങനെ പ്രവർത്തിച്ചു പോന്നതുതന്നെ അത് സത്യമാ ണെന്നതിന്നു് തെളിവാണ്.— ഇതത്രെ പൗരാണിക ജാഹിലിയ്യത്തിൻെറ ചിന്താഗതി. ആധുനിക ജാഹി ലിയ്യത്താകട്ടെ നേരെ കുത്തനെയാണ് പോകുന്നത്. അതിൻെറ ശരിയായ പകപ്പ് പ്രസിദ്ധകവി ടെന്നി സൻെറ ഭാഷയിൽ ഇങ്ങനെയാണ്: ആചാരസമ്പ്രദായ ങ്ങൾ എത്ര നല്ലതാണെങ്കിലും ശരി—ദീർഘകാലം നില നില്ക്കുന്നപക്ഷം അത് ലോകത്തെ കെടുത്തുകളയും.”

അമിതത്വവും പരിമിതത്വവുമാകുന്ന രണ്ടററ ങ്ങളിൽ സ്ഥിതിചെയ്യുന്ന മാർഗ്ഗങ്ങളാണ് ഇവ രണ്ടും. ഒന്നു ബുദ്ധിയെ നിരുപയോഗപ്പെടുത്തുന്നതിൻെറ ഫലമായ അനുകരണഭ്രമത്തിലധിഷ്ഠിതമത്രെ. മ റേറത്, ബുദ്ധിക്ക് അമിതസ്ഥാനം നല്കുന്നതിൻെറ ഫലമായ വിവേകശൂന്യതയിലും. ഒന്നു ബഹുദൈവവി ശ്വാസത്തിൻേറയും വിഗ്രഹാരാധനയുടേയും പ്രത്യേ ക ഇനമായ പിതൃപൂജയി (Ancestor worship) ലേക്കു്

വഴികാട്ടുമ്പോൾ രണ്ടാമത്തേത് നിരീശ്വരത്വത്തി ലേക്കും നിമ്ന്ദതത്വത്തിലേക്കും വലിച്ചിഴക്കുന്നു.

ഈ രണ്ടു മാർഗ്ഗങ്ങളനുസരിച്ചും മനുഷ്യൻ ദൈവാ രാധനയുടെ യഥാർത്ഥമാർഗ്ഗം നഷ്ടപ്പെട്ടവനും ദീർഘ ദൃഷ്ടിയുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് തീരെ അശ്ര ദ്ധനുമായിത്തീരും. മനുഷ്യനെസ്സംബന്ധിച്ചിടത്തോ ളം അവൻ തൻെറ ബുദ്ധിക്കും വിവേകത്തിനും സീൽ വെച്ച് നാല്ക്കാലിവർഗ്ഗത്തിൽ ഉൾപ്പെട്ടുപോകുന്നത് ശരിയായ നിലപാടല്ലെങ്കിൽ 'ഒന്നുതെററ്, മറേറത് ശരി' എന്ന വിവേചനവും തീരുമാനവും കൂടാതെ ഒരു മാർഗ്ഗം ഉപേക്ഷിച്ച് മറേറ വഴിക്ക് നടന്നുതുട ങ്ങുന്നതും ശരിയാവില്ല.

മേൽ പറഞ്ഞ 'ഏററക്കുറവി'ൻെറ രണ്ടു മാർഗ്ഗ ങ്ങളനുസരിച്ചും മനുഷ്യൻ പിശാചിൻെറ കാലടികളെ അനുഗമിക്കുകയെന്ന മഹാ പാതക മാണ് ചെയ്യുന്നത്. എന്നാൽ ഈ രണ്ടു മാർഗ്ഗ ങ്ങളിൽനിന്നും ഭിന്നമായി, മനുഷ്യബുദ്ധിയും സൽപ്രകൃ തിയുംസ്വാഭാവികമായി താല്പര്യപ്പെടുന്ന മറെറാരു മാർഗ്ഗ മുണ്ട്. പ്രവാചകന്മാരുടെ ഔത്യലബ്ധിക്കു മുമ്പുള്ള ജീവിതത്തിൽ നിന്നും മററു സജ്ജനങ്ങളുടെ സച്ചരിത ങ്ങളിൽ നിന്നും അതിനു മാതൃക കാണാം. അവക്ക് വിവേകമുദിച്ച പ്രഥമ ഘട്ടത്തിൽ തന്നെ തങ്ങളുടെ പൈതൃക ധാരണകളെക്കുറിച്ച് അവർ പരിചിന്തനം നടത്തി. അവയിൽ ബുദ്ധിക്കും പ്രകൃതിക്കും നിരക്കാ ത്തതെല്ലാം താമസംവിനാ തള്ളിക്കളഞ്ഞു. തൽ ഫലമായി അവക്കു ജനങ്ങളിൽ നിന്ന് കയ്യും കണക്കുമി ല്ലാത്ത ദ്രോഹങ്ങൾ ഏല്ക്കേണ്ടിവന്നു. ആ മർദ്ദനമുറകളെ

അവരവഗണിച്ചതേയുള്ളു. അവർ മാനവസമുദായത്തിലെ രാജസൂനങ്ങളാണ്. വ്യക്തി മാഹാത്മ്യത്താൽ സത്യസാക്ഷാല്ക്കാരത്തിൽ അവർ നാമേവരേയും കവച്ചുവെക്കുന്നു. ഉദയസൂര്യൻെറ പൊൻകിരണങ്ങൾ ആദ്യമായി ഉയൎന്ന ഭിത്തികളുടെ ശിഖരങ്ങളിൽ ശോഭിക്കുന്നത്പോലെ ലോകത്ത് സത്യസൂര്യൻ ഉദിച്ചുയൎന്നപ്പോഴെല്ലാം ആദ്യമായി പ്രഭാപൂരിതമായത് ആ മഹദ്വ്യക്തികളുടെ ഹൃദയമസ്തിഷ്കങ്ങളായിരുന്നു.

യൂസുഫ്നബി(അ)യുടെ ജീവിതം ഇതിന്നൊന്നാംതരം ഉദാഹരണമാകുന്നു. അദ്ദേഹത്തിൻെറ പ്രഖ്യാപനം വിശുദ്ധ ഖുർആൻ ഉദ്ധരിക്കുന്നത് നോക്കുക:

إِنِّي تَرَكْتُ مِلَّةَ قَوْمٍ لَا يُؤْمِنُونَ بِاللّٰهِ وَهُمْ بِالْآخِرَةِ هُمْ كَافِرُونَ، وَاتَّبَعْتُ آبَائِي إِبْرٰهِيمَ وَإِسْحٰقَ وَيَعْقُوبَ (يوسف)

"അല്ലാഹുവിൽ അവിശ്വസിക്കുന്നവരും പരലോകനിഷേധികളുമായ ജന വിഭാഗത്തിൻെറ മാൎഗ്ഗം ഞാൻ തീൎച്ചയായും കയ്യൊഴിക്കുകയും എൻെറ പൂൎവ്വപിതാക്കളായ ഇബ്രാഹീം, ഇസ്ഹാഖ്, യാക്കൂബ് എന്നിവരുടെ മാൎഗ്ഗം പിൻപററുകയും ചെയ്തിരിക്കുന്നു."

ഹസ്രത്ത് യൂസുഫ് (അ) പ്രത്യക്ഷത്തിൽ ഏതെങ്കിലുമൊരു മതം പുതുതായി സ്വീകരിക്കുകയോ മറെറാന്നു കൈവെടിയുകയോ ചെയ്തതായി അറിവില്ല. ജനിച്ചു വളൎന്ന അതേ മതമനുസരിച്ചുതന്നെയാണ് ആദ്യം

മുതൽ തൻെറ പരിശുദ്ധ ജീവിതത്തിൻെറ അന്ത്യശ്വാസംവരെ അദ്ദേഹം കഴിച്ചുകൂട്ടിയത്. പ്രവാചകത്വലബ്ധിയെത്തുടൎന്നു അദ്ദേഹത്തിന്ന് വഹ്‌യ് (ദിവ്യസന്ദേശം) ലഭിച്ചതും താനതേവരെ സ്വീകരിച്ചുപോന്ന മത തത്വങ്ങളെ പുരസ്കരിച്ചുതന്നെയായിരുന്നു. ഈജിപ്തിലദ്ദേഹത്തിന്ന് 'ഖിബ്ത്വി'കളുടെ മതവുമായി ഇടപെടേണ്ടിവന്നു. പക്ഷെ, ആ പരിപാവനഹൃദയം നിമിഷനേരത്തേക്ക് പോലും ആ മ്ലേഛതയാൽ മലീമസമായില്ല. പ്രത്യുത, അദ്ദേഹം മേല്വദ്ധരിച്ച ഉറച്ചപ്രഖ്യാപനവുമായി അവരെ നേരിടുകയാണുണ്ടായത്. ആകയാൽ 'അവിശ്വാസികളുടെ മാൎഗ്ഗം വെടിയുകയും എൻെറ പൂൎവ്വപിതാക്കളുടെ മാൎഗ്ഗം സ്വീകരിക്കുകയുംചെയ്തു' എന്ന പ്രഖ്യാപനത്തിലുള്ള തള്ളലുംകൊള്ളലും മാനസികവും ആന്തരികവുമാണെന്ന് സ്പഷ്ടം.

അദ്ദേഹം തൻെറ പിതാമഹന്മാരുടെ മതത്തെ കേവലമൊരു പൈതൃക സ്വത്തെന്ന നിലയിൽ സ്വായത്തമാക്കിയതല്ല. പിന്നെയോ, അദ്ദേഹം ശുദ്ധപ്രകൃതിയുടെയും ഭക്തിനിർഭരമായ ഹൃദയത്തിൻെറയും സാന്നിദ്ധ്യത്തിൽ പൂർവ്വിക മതത്തിൻെറ യാഥാൎത്ഥ്യത്തെക്കുറിച്ച് വിചക്ഷണ നിരീക്ഷണങ്ങൾ നടത്തി. അങ്ങനെ അദ്ദേഹത്തിന്നു സിദ്ധിച്ച ഒരു നിദൎശനപ്രകാശനമായിരുന്നു അത്. തന്നിമിത്തം അതദ്ദേഹത്തിന്നു സ്വത്വമായിരുന്നു. അത് തൻെറ ഹൃദയത്തിൻെറ ഉള്ളറയിൽ ഉറച്ചേൻനില്ക്കുകയും അതിൻെറ വാസ്തവികതയ്ക്ക് സ്വബുദ്ധി സാക്ഷ്യം വഹിക്കുകയും ചെയ്തിരുന്നു. അതു് പ്രകൃതിയുക്തവും ദൈവികവുമാണെന്നതിൽ അദ്ദേഹത്തിന്നു് പൂൎണ്ണമനസ്സമാധാനമുണ്ടായിരുന്നു. പൂൎവ്വിക പക്ഷപാതത്തിൽ കുടുങ്ങി

അതിനെ അന്ധമായി അനുകരിച്ചതല്ലായിരുന്നുവെന്നത്ഥം. ലോകത്തെവിടെയും ഈ മാൎഗ്ഗം സ്വീകരിച്ച ഒരൊററ വ്യക്തിപോലുമില്ലെങ്കിലും അദ്ദേഹത്തിൻെറ മതം അതു മാത്രമേ ആകയുള്ളു. സ്വബുദ്ധികൊണ്ടാലോചിച്ച് സ്ഥിരപ്പെടുത്തിയത് കാരണം അതെപ്പററി അദ്ദേഹത്തിന് മനസ്സിൽ അത്രയും ഉറപ്പായിരുന്നു. തൻെറ പ്രപിതാക്കളുടെ മാൎഗ്ഗവും അതുതന്നെയായിരുന്നു വെന്നത് ദൈവത്തിൽനിന്നു കൂടുതലായി ലഭിച്ച ഒരനുഗ്രഹമെന്നേ അദ്ദേഹം കരുതിയിരുന്നുള്ളു.

അദ്ദേഹത്തിൻെറ പുണ്യപൂൎണ്ണമായ ഈജിപ്ത് ജീവിതത്തിൽനിന്ന് മേൽപറഞ്ഞതിന്നു വ്യക്തമായ തെളിവ് ലഭിക്കുന്നുണ്ട്. അതിഭയങ്കരമായ പരീക്ഷണങ്ങൾ അദ്ദേഹത്തിൻെറനേൎക്കു തള്ളിക്കയറിവന്നുകൊണ്ടിരുന്നു. പക്ഷെ അദ്ദേഹത്തിൻെറ കാലടി ലവലേശം പതറിയില്ല. ആപത്തുകളാകുന്ന അന്ധകാരം അതിക്രമിച്ചാവരണം ചെയ്യുംതോറും തൻെറ സത്യവിശ്വാസത്തിന്ന് ഉറപ്പും കരുത്തും വൎദ്ധിച്ചതേയുള്ളു. അദ്ദേഹം ബോധപൂൎവ്വം സ്വീകരിച്ച ആ ഉറച്ച നിലപാടിൽനിന്ന് അദ്ദേഹത്തെ ഇളക്കാൻ എന്തെല്ലാം ശ്രമങ്ങൾ നടത്തപ്പെട്ടു! അതെല്ലാം അദ്ദേഹത്തിൻെറ കാലടികളെ കൂടുതൽ ഉറപ്പിച്ചതേയുള്ളു.

ഈ ഉൾപ്രേക്ഷയുടെ വെളിച്ചത്തിൽ ഒരാൾ ഒരു മാൎഗ്ഗം തെരഞ്ഞെടുക്കുന്നുവെങ്കിൽ— അതു പക്ഷെ പൂൎവ്വന്മാരുടെ മതം തന്നെയായിരിക്കാം— തനിക്കു വേണ്ടി ബോധപൂൎവ്വം തെരഞ്ഞെടുത്തതാണ്. അന്ധമായ അനുകരണമെന്ന് അതിന്നു പറഞ്ഞുകൂടാ. അതേ

പോലെ, അവർ ഇതരമാർഗ്ഗങ്ങളുപേക്ഷിക്കുന്നുവെങ്കിൽ–പൂർവ്വികന്മാർ പക്ഷെ ഒരടിപോലും തദനുസാരം ചരിച്ചിട്ടില്ലായിരിക്കാം–അവനതു് മനസാ ഉപേക്ഷിച്ചതാണു്. ഇതേ ഉൾപ്രേക്ഷയും നിരീക്ഷണ ബുദ്ധിയുമാണു് ദീനിൻെറ ആത്മാവു്. ഈ ആത്മാവിൻെറ അഭാവത്തിൽ എല്ലാ മതങ്ങളും നിർജ്ജീവമാണു്. എത്രത്തോളമെന്നാൽ ഒരുവ്യക്തി മതപരമായി ഒരു സത്യം സ്വീകരിക്കുന്നുവെന്നു വെക്കുക. പക്ഷെ, അതു് സത്യമാണെന്നും ദൈവികമാണെന്നും ഉള്ള അടിസ്ഥാനത്തിലല്ല; പിന്നെയോ, തൻെറ ഉപ്പൂപ്പമാരുടെ നടപടിയായതുകൊണ്ടാണു്. എങ്കിലതു് തീർച്ചയായും ജാഹിലിയ്യാ അറബികളുടെ 'പിതൃപൂജ'യാകുന്ന ശിർക്കിൽ ഉൾപെട്ടതാണു്.

## ആത്മ പൂജ

അറേബ്യൻ മുശ്രിക്കുകളുടെ മുൻ പ്രസ്താവിച്ച 'ദേവസഭ'യിൽ അവർതന്നെയും പങ്കുകാരായിരുന്നു. പക്ഷെ, അവരതു് മനസ്സിലാക്കിയിരുന്നില്ല. വിശുദ്ധ ഖുർആനിൻെറ ഉദ്ബോധനങ്ങൾ ലഭിച്ചുതുടങ്ങുന്നതിന്നു മുമ്പു് ശിർക്കപരമായ വിശ്വാസാചാരങ്ങളുടെ അവാസ്തവികതയെക്കുറിച്ചു് അവർ അജ്ഞരായിരുന്നപോലെ ഇതെപ്പററിയും അവൎക്കു ബോധമുണ്ടായിരുന്നില്ല. തങ്ങളെസ്സംബന്ധിച്ചു് അല്ലാഹുവിൻെറ 'അടിമകൾ' എന്നു് അവർ പറയാറുണ്ടായിരുന്നുവെങ്കിലും ആ വാക്കിൻെറ താല്പര്യങ്ങൾ അവൎക്കറിയാമായിരുന്നില്ല. തന്നിമിത്തം അവർ 'അടിമത്തപരിധി' ലംഘിച്ചു് 'ദിവ്യത്വസീമകൾ'ക്കുള്ളിൽ പ്രവേശിച്ചുകളഞ്ഞു. ഈ

പരിധിലംഘനത്തിൻെറ വിവിധ രൂപങ്ങളെപ്പററിയുള്ള പരാമൎശങ്ങൾ ഖുർആനിലുണ്ട്. അവയുടെ ആശയസംഗ്രഹം ചുവടെ ചേൎക്കുന്നു. വളരെ ശ്രദ്ധാൎഹമായൊരു വിഷയമാണിത്.

(1) സ്രഷ്ടാവും രക്ഷാകൎത്താവും അല്ലാഹുവാണ്. തങ്ങൾ അവൻെറ അടിമകളും. ഇതായിരുന്നു അറബികളുടെ വിശ്വാസം. ഈ വിശ്വാസത്തിൻെറ നിർബ്ബന്ധതാല്പര്യം അല്ലാഹുവിന്നു് അടിമവേല ചെയ്യണമെന്നാണു്. അല്ലാഹുവിന്നുള്ള അടിമവേലയുടെ താല്പര്യം അവനോടു് മാത്രം അനുസരണം കാണിക്കുകയെന്നും. ഈ താല്പര്യങ്ങൾ അവർ സമ്മതിച്ചിരുന്നില്ല. ഇക്കാര്യത്തിലവർ സത്യപന്ഥാവിൽ നിന്നു് അതിദൂരം അകന്നുപോയിരുന്നു. കാരണം, അനുസരണത്തിലും കീഴ്വണക്കത്തിലും അല്ലാഹുവോടൊപ്പം അന്യരെ അവർ പങ്കു ചേൎത്തിരുന്നു. ഇബാദത്തിൻെറ വിവക്ഷ അവരുടെ പക്കൽ 'ആരാധന'യെന്നതിൽ കവിഞ്ഞൊന്നുമായിരുന്നില്ല. 'ഇബാദത്ത്' (ആരാധന) അല്ലാഹുവിന്നു. 'ഇതാഅത്ത്' (അനുസരണം) സ്വദേഹങ്ങൾക്കു്, അല്ലെങ്കിൽ മററു സൃഷ്ടികൾക്കു്. ഇതാണവർ സ്വീകരിച്ച നയം. ഇതിലൊരു പന്തികേടും അവൎക്കു തോന്നിയിരുന്നില്ല. അതായതു്, ദൈവനിർദ്ദേശങ്ങളെ അവഗണിക്കുകയും സ്വദേഹങ്ങളേയും തങ്ങളുടെ പൂൎവ്വികന്മാരെയും നേതാക്കളെയും അനുസരിക്കുകയും ചെയ്യുന്നതുകൊണ്ടു് അല്ലാഹുവിന്നുള്ള 'ഇബാദത്തിന്നു' യാതൊരു മാററവും സംഭവിക്കുകയില്ലെന്നാണവർ ധരിച്ചുവശായിരുന്നതു്. അതുകൊണ്ടു വിശുദ്ധ ഖുർആൻ അവരെ ഉൽബോധിപ്പിച്ചു: നിരുപാധികമായ അനുസരണം അല്ലാഹുവിനൎപ്പിക്കാതെ അവന്നു 'ഇബാദത്ത്' ചെയ്യുന്നതു്

നിരത്ഥമാണ്. പരിപൂർണ്ണമായ അനുസരണം അല്ലാഹുവിന്നു മാത്രമേ അർപ്പിക്കാവൂ. അവന്നു 'ഇബാദത്ത്' ചെയ്യണമെന്നതിൻെറ നിർബ്ബന്ധതാല്പര്യമാണത്. ഖുർആൻ പ്രഖ്യാപിക്കുന്നതു നോക്കുക:

إِنَّا أَنْزَلْنَا إِلَيْكَ الْكِتَابَ بِالْحَقِّ فَاعْبُدِ اللَّهَ مُخْلِصًا
لَهُ الدِّينَ، أَلَا لِلَّهِ الدِّينُ الْخَالِصُ (زمر)

"നാം നിനക്കു് പരമാത്ഥത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നു. അതുകൊണ്ടു് അനുസരണം * അല്ലാഹുവിന്നു മാത്രം നിറവേററിക്കൊണ്ടു് അവന്നു് ഇബാദത്ത് ചെയ്യുക. സംശുദ്ധമായ അനുസരണം അല്ലാഹുവിന്നുമാത്രം അവകാശപ്പെട്ടതാകുന്നു."

ഈ ആശയം ഉൾക്കൊള്ളുന്ന ആയത്തുകൾ ഖുർആനിൽ പല സ്ഥലങ്ങളിലും വന്നിട്ടുണ്ടു്. അതെല്ലാം ഇവിടെ ഉദ്ധരിക്കുന്ന പക്ഷം ദീർഘിച്ചുപോകും. അവയുടെ ആശയങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

അല്ലാഹു അവതരിപ്പിച്ച സത്യദീനിൽ ജനങ്ങൾ കൈകടത്തി. അതു കാരണം നിരവധി അഭിപ്രായവ്യത്യാസങ്ങളും ഭിന്നിപ്പുകളും ദീനിൽ പൊട്ടിമുളച്ചു.

---

*'دين' എന്ന പദത്തിനിവിടെ 'اطاعة' (അനുസരണം) എന്നാണത്ഥം.

الدين الطاعة وقد دينته ودنت له – قال عمرو بن كلثوم:–
وايام لنا غرا كراما عصينا الملك فيها ان ندينا

ഒട്ടേറെ മാമൂലുകളും 'ബിദ്അത്തു'കളും അതിൽ കടന്നുകൂടി. അവസാനം, അല്ലാഹുവിന്നു 'ഇബാദത്ത്' ചെയ്യുന്നതിൻെറ അർത്ഥമെന്തെന്നും ശരിയായ 'ഇബാദത്ത്' എങ്ങിനെയെന്നും ജനങ്ങൾക്കു് അജ്ഞാതമായിത്തീൎന്നു. അതിൻെറ യഥാൎത്ഥനില ഗ്രഹിക്കാനുള്ള മാൎഗ്ഗം അടഞ്ഞുപോയി. നൂതനമായ ആചാരങ്ങളും മാമൂലുകളും വെച്ചുപോററിക്കൊണ്ടുള്ള 'ഇബാദത്ത്'കാക്കു് ഏക ദൈവത്തിന്നു് 'ഇബാദത്ത്' ചെയ്യാനുള്ള ഭാഗ്യം വിനഷ്ടമായി. അവർ അല്ലാഹുവിൻെറ നാമം ഉച്ചരിച്ചിരുന്നു. പക്ഷെ ജീവിതത്തിൻെറ ഓരോ കാൽവെപ്പിലും അനുസരണം അല്ലാഹു അല്ലാത്തവൎക്കാണപ്പിച്ചിരുന്നതു്. ഖുർആൻ വന്നു ജനങ്ങളുടെ ഈ ആദർശ്ശ വൈരുദ്ധ്യങ്ങളെയും ആശയക്കുഴപ്പങ്ങളെയും അവസാനിപ്പിച്ചു. ശരീഅത്തിനെ ദൈവികേതര സങ്കലനങ്ങളിൽനിന്നു സംശുദ്ധമാക്കി. സത്യാസത്യവിവേചനമാനദണ്ഡമെന്ന നിലയിൽ അല്ലാഹുവിൻെറ ആ മഹദ്ഗ്രന്ഥം പ്രശോഭിച്ചു. അല്ലാഹുവിന്നു് 'ഇതാഅത്തും' 'ഇബാദത്തും' നിൎവ്വഹിക്കുന്നതിൻെറ സാക്ഷാൽ അർത്ഥമെന്തെന്നും അതെങ്ങനെയെന്നും അപ്പോഴാണു് ജനങ്ങൾക്കു് വ്യക്തമായതു്. ഖുർആൻ കല്പിച്ചു: അനുസരണം അല്ലാഹുവിന്നു മാത്രമാക്കിക്കൊണ്ടു അവന്നു് 'ഇബാദത്ത്' ചെയ്യുക. കലർപ്പില്ലാത്ത അനുസരണത്തോടുകൂടി നിൎവ്വഹിക്കുന്ന അടിമവൃത്തി മാത്രമേ അവൻെറ പക്കൽ സ്വീകാൎയ്യമാകയുള്ളു. ജീവിതത്തിൻെറ വിവിധമണ്ഡലങ്ങളിൽ അല്ലാഹു അല്ലാത്തവരുടെ നിയമങ്ങളും ശാസനകളും നിരുപാധികം അനുസരിക്കുന്നതു ശിൎക്കാണു്. അഥവാ അല്ലാഹുവിന്നു പ്രത്യേകമായുള്ള അവകാശത്തിൽ പങ്കാളികളെ

സ്ഥാപിക്കലാണ്. ചിലപ്പോൾ ഈ മാർഗ്ഗത്തിലൂടെ സ്വദേഹത്തെയായിരിക്കും മനുഷ്യൻ ദൈവത്തിൻെറ പങ്കാളിയാക്കുന്നത്. അതും ശിർക്കുതന്നെ. ചുരുക്കത്തിൽ ചില പ്രത്യേക സമയങ്ങളിൽ അല്ലാഹുവിൻെറ നാമം ജപിക്കുകയും ചില ആരാധനാചടങ്ങുകൾ അനുഷ്ഠിക്കുകയും ചെയ്തുകൊണ്ട് കർമ്മരംഗത്തു ദേഹേഛയെ അനുസരിക്കുകയാണെങ്കിൽ അതിന്ന് അല്ലാഹുവിന്നുള്ള 'ഇബാദത്ത്' (അടിമവൃത്തി) എന്നല്ല നംറൂദിൻെറ ഉലൂഹിയ്യത്ത് (ദിവ്യത്വം) എന്നേ പറയാവൂ. അത്തരം 'ഇബാദത്തു'കൊണ്ടു യാതൊരു പുണ്യവും പ്രതീക്ഷിക്കേണ്ടതില്ല.

أَفَرَأَيْتَ مَنِ اتَّخَذَ إِلَٰهَهُ هَوَاهُ أَفَأَنْتَ تَكُونُ
عَلَيْهِ وَكِيلًا (فرقان)

"ദേഹേഛയെ ദൈവമായി സ്വീകരിച്ചവനെ നീ കണ്ടുവോ? അവനെക്കുറിച്ച് നീയാണോ ഉത്തരവാദിത്തം വഹിക്കുന്നത്?"

അല്ലാഹുവിനെ അനുസരിക്കുന്നതിന്നുള്ള ശരിയായമാർഗ്ഗം അല്ലാഹുവിൻെറ പ്രവാചകന്മാരെ അനുഗമിക്കലാണ്.

وَمَنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللهَ (نساء)

"വല്ലവനും പ്രവാചകനെ അനുസരിച്ചാൽ അവൻ നിശ്ചയമായും അല്ലാഹുവിനെ അനുസരിച്ചു."

ദൈവദൂതന്മാരുടെ പ്രബോധനം ഖുർആനിൻെറ ഭാഷയിൽ ഇങ്ങിനെയിരുന്നു:

أَنِ اعْبُدُوا اللّٰهَ وَاتَّقُوهُ وَاطِيعُونِ

"അല്ലാഹുവിന്നു് അടിമവേല ചെയ്യുക; അവനെ (അവൻെറ വിധിവിലക്കുകളെ) സൂക്ഷിക്കുക; എന്നെ അനുസരിക്കുക."

(ദൈവത്തിൻെറ പ്രതിനിധിയെന്ന നിലയിൽ പ്രവാചകൻ കാണിച്ചുതരുന്ന കാര്യങ്ങൾ സ്വീകരിക്കണമെന്നർത്ഥം.)

വ്യക്തിഗതവും സമഷ്ടിഗതവുമായ പ്രശ്നങ്ങളിൽ പ്രവാചകൻെറ മാർഗ്ഗം മുറുകെ പിടിക്കുകയും ദൈവികനിയമപരിധികളെ അതിലംഘിച്ചു ജീവിക്കുന്നവരുടെ നിയമവ്യവസ്ഥകളെ മനസ്സാ തള്ളിക്കളയുകയും ചെയ്യുക—ഇതാണു് അല്ലാഹുവിനെക്കുറിച്ചുള്ള സൂക്ഷ്മതയുടെയും അവനുള്ള 'അടിമവൃത്തി'യുടെയും പ്രായോഗിക രൂപം. പ്രവാചകന്മാരുടെ വ്യക്തമായ ആഹ്വാനമാണതു്:

وَلَا تُطِيعُوا أَمْرَ الْمُسْرِفِينَ (شعراء)

"ദൈവിക പരിധികളെ അതിലംഘിച്ചവരുടെ നിയമശാസനകൾ അനുസരിക്കരുതു്"

തൗഹീദിൻെറ പ്രണേതാക്കളും ബഹുദൈവാരാധകരും തമ്മിൽ മൗലികമായ തർക്കവും പിണക്കവും ഇവിടെവെച്ചാണു് പൊട്ടിപ്പുറപ്പെട്ടതു്. 'അല്ലാഹുവിന്നു് ഇബാദത്തു് ചെയ്യുക'യെന്നാൽ കേവലം ചില

ആചാരപൂജകൾ അവന്നർപ്പിച്ചു തൃപ്തിയടയുന്നതി ൻെറ പേരല്ല. ദൈവത്തിൻെറ അടിമ ദൈവത്തെ അനുസരിക്കണം. എന്നല്ല അവനെ മാത്രമേ അനുസ രിക്കാവൂ. അതിനു വിരുദ്ധമായ സകല അനുസര ണങ്ങളെയും വജ്ജിക്കണം. അല്ലാഹുവിന്നെതിരിൽ സൃഷ്ടികൾക്കു കിഴ്‌വണങ്ങുന്നത് ശിക്കാണ്. ഇതാ ണ് ഇബാദത്തിൻെറ യാഥാത്ഥ്യം. ഇതാണ് തൗഹീ ദിൻെറ താല്പര്യം. 'സ്വയം ദൈവമായിചമയാനാ'ഗ്ര ഹിക്കുന്നവക്ക് ഇബാദത്തിൻെറയും തൗഹീദിൻെറയും ഈ വിവക്ഷകൾ സമ്മതമല്ല; സഹ്യമല്ല. ഇവിടെ യാണ് തക്കം.

അല്ലമാ ഇബ്നു തൈമിയാ (റ) ഇവ്വിഷയകമായി 'അൽഉബൂദിയ്യത്ത്' എന്നപേരിൽ ഒരു ഗ്രന്ഥം വി രചിച്ചിട്ടുണ്ട്. ഒട്ടുവളരെ പ്രയോജനകരമായ ചച്ചക ളുൾക്കൊള്ളുന്ന ഒരുത്തമ കൃതിയാണത്. 'ഇബാദത്തി' ൻെറ അത്ഥവ്യാപ്തിയിൽ 'ദീൻ' മുഴുവനും ഉൾപ്പെടുമെ ന്നും, ഇബാദത്തിൻെറ അത്ഥം ആരാധന എന്നുമാത്ര മല്ലെന്നും 'ഇതാഅത്ത്' കൂടാതെയുള്ള 'ഇബാദത്ത്' നിരത്ഥമാണെന്നും അതിലദ്ദേഹം സ്പഷ്ടമായും സമത്ഥമാ യും സ്ഥാപിച്ചിട്ടുണ്ട്.

(2) യഥാത്ഥത്തിൽ അനുസരിക്കപ്പെടുവാൻ അഹ ൻ അല്ലാഹു മാത്രമാണെന്ന തത്വത്തിൻെറ അടിസ്ഥാ നത്തിൽ, നിയമനിമ്മാണം അല്ലാഹുവിൻെറ പ്രത്യേക അവകാശമാണെന്നും അതിലാക്കും പങ്കുണ്ടായിരി ക്കാൻ നിവ്വാഹമില്ലെന്നും ഖുർആൻ സിദ്ധാന്തിക്കുന്നു. ഇന്നത് നിഷിദ്ധം ഇന്നത് അനുവദനീയം എ ന്നുള്ള വിധിനിണ്ണയം അല്ലാഹുവിൻെറ സ്വതന്ത്രമായ

അവകാശമാണ്. അവനാണ് അധീശാധികാരി. തൻെറ പ്രജകൾക്കും രാഷ്ട്രത്തിനും വേണ്ടി നിയമനിർമ്മാണം ചെയ്യാൻ അവന്നേ അവകാശമുള്ളൂ. അവൻെറ നിയമ വ്യവസ്ഥകൾക്കെതിരിലുള്ള വിധികർതൃത്വം തൗഹീദിൻെറ എതിർപ്രവർത്തനമാണ്, പിശാചിൻെറകാലടികളെ അനുഗമിക്കലാണ്, അല്ലാഹുവിനുള്ള 'ഇബാദത്തി'ൻെറ നിഷേധമാണ്. അല്ലാഹുവിൻെറ ശരീഅത്തിന്ന് വിരുദ്ധമായി മനുഷ്യർക്കുവേണ്ടി നിയമനിർമ്മാണം ചെയ്യുന്നവർ വാസ്തവത്തിൽ തങ്ങളെത്തന്നെ അല്ലാഹുവിൻെറ പങ്കാളികളാക്കുകയാണ് ചെയ്യുന്നത്. ജീവിതവ്യവസ്ഥിതിയുടെ മൗലിക ഘടകങ്ങൾ നിർണ്ണയിക്കാനുള്ള അടിസ്ഥാനപരമായ അവകാശം മതപുരോഹിതന്മാർക്കോ രാഷ്ട്രീയനേതാക്കൾക്കോ സമ്മതിച്ചുകൊടുക്കാൻ പാടില്ല. കാരണം അതിൻെറ അർത്ഥം അവരെ അല്ലാഹുവോടൊപ്പം 'റബ്ബ്'കളാക്കുകയെന്നാണ്. ഇനി, ഈ മനുഷ്യനിർമ്മിത നിയമങ്ങൾ അല്ലാഹുവിൻെറ പേരിൽ ചുമത്തുകയാണെങ്കിലോ അത് ശിർക്കുമാത്രമല്ല, അല്ലാഹുവിൻെറ പേരിലുള്ള വ്യാജാരോപണവും കൂടിയാണ്.— ഇങ്ങിനെയുള്ള ആശയങ്ങൾ ഖുർആനിൽ തൗഹീദിനെ വിവരിക്കുന്ന മിക്ക സ്ഥലങ്ങളിലും പ്രകാശിപ്പിച്ചതായിക്കാണാം. സൂറ: അൽ-ബഖറ: 163 മുതൽ 173 വരെയുള്ള ആയത്തുകൾ ഒന്നു മനസ്സിരുത്തി വായിച്ചു നോക്കുക. അവിടെ ആദ്യത്തെ അഞ്ചു ആയത്തുകളിൽ തൗഹീദിനെസ്സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്. ശേഷം അതോടു ബന്ധിപ്പിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞിരിക്കുന്നു:

يَا أَيُّهَا النَّاسُ كُلُوا مِمَّا فِي الْأَرْضِ حَلَالًا طَيِّبًا وَلَا

تتبعوا خطوات الشيطان إنه لكم عدو مبين

"ഹേ, ജനങ്ങളേ! ഭൂമിയിലുള്ളവയിൽനിന്നു് അനുവദനീയവും നല്ലതുമായ സാധനങ്ങൾ നിങ്ങൾ ഭക്ഷിച്ചുകൊൾക. പിശാചിന്റെ കാലടികളെ അനുഗമിക്കരുത്. നിശ്ചയം അവൻ നിങ്ങളുടെ വ്യക്തമായ ശത്രുവാകുന്നു."

'പിശാചിന്റെ കാലടികൾ' കൊണ്ടുദ്ദേശിക്കുന്നത് ശിർക്കിന്റെ മാർഗ്ഗത്തിലേക്കുള്ള അവന്റെ പ്രേരണകളും ദുർബ്ബോധനങ്ങളുമാണ്. അതവന്റെ നിത്യജോലിയാണ്. പിശാച് മനുഷ്യനെ ദുർമ്മാർഗ്ഗത്തിൽ ചാടിക്കാനും ശിർക്കിലകപ്പെടുത്താനുംവേണ്ടി കഴിവതും പരിശ്രമിക്കുമെന്നു മനുഷ്യനെ സൃഷ്ടിച്ച ആരംഭഘട്ടത്തിൽ തന്നെ തീരുമാനിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്:

ولأضلنهم ولأمنينهم ولآمرنهم فليبتكن آذان الأنعام ولآمرنهم فليغيرن خلق الله (نساء)

"ഞാൻ അവരെ (ആദാമിന്റെ സന്തതികളെ) ദുർമ്മാർഗ്ഗത്തിൽ ചാടിക്കും; ഞാനവർക്ക് അത്യാഗ്രഹങ്ങൾ ജനിപ്പിച്ച് അതിൽ കുടുക്കിക്കളയും; അവരോട് ഞാൻ ആജ്ഞാപിക്കും, അപ്പോളവർ കാലികളുടെ കാതുമുറിക്കും; അവരോട് ഞാൻ കല്പിക്കും, അപ്പോളവർ അല്ലാഹുവിന്റെ സൃഷ്ടിയെ (അവൻസൃഷ്ടിച്ച പ്രകൃതിയെ) താറുമാറാക്കിക്കളയും."

KOTTAYAM PUBLIC LIBRARY KOTTAYAM.

പിശാച് മനുഷ്യന്റെ ശത്രുവായതുകൊണ്ട് അവനെ സൂക്ഷിക്കണമെന്ന് താക്കീത് നല്കിയ ശേഷം പിശാച് തന്റെ ദുർബ്ബോധനം മുഖേന എന്താണുദ്ദേശിക്കുന്നതെന്ന് തുടർന്നുള്ള ആയത്തിൽ ചൂണ്ടിക്കാണിക്കുന്നു:

إِنَّمَا يَأْمُرُكُمْ بِالسُّوءِ وَالْفَحْشَاءِ وَأَنْ تَقُولُوا عَلَى
اللَّهِ مَا لَا تَعْلَمُونَ (بقرة)

"ദുഷ്കൃത്യവും നീചവൃത്തിയും പ്രവർത്തിക്കാനും, (സത്യമാണെന്നു) നിങ്ങൾക്ക് നിശ്ചയമില്ലാത്തത് അല്ലാഹുവിന്റെ പേരിൽ ആരോപിക്കാനും മാത്രമാണവൻ നിങ്ങളോട് കല്പിക്കുക."

മനുഷ്യൻ സ്വേച്ഛാവൃത്തിയിലും നിർല്ലജ്ജതയിലും ചെന്നുചാടണം. 'ഹലാലും' 'ഹറാമും' തന്നിഷ്ടപ്രകാരം തീരുമാനിച്ച് തനിക്കു താൻ തന്നെ വിധികർത്താവായിത്തീരണം. മനുഷ്യനിർമ്മിതനിയമങ്ങൾ അല്ലാഹുവിന്റെ പേരിൽ അന്ധമായി വെച്ചുകെട്ടാൻ പോലും ധൃഷ്ടനാവണം — ഇതാണ് പിശാചിന്റെ ഉദ്ദേശം. ഈ ആശയം പ്രകൃത സൂക്തത്തിൽനിന്ന് പ്രസ്പഷ്ടമാകുന്നുണ്ടല്ലോ.

ദൈവികനിയമം അനുസരിക്കണമെന്ന് പ്രബോധനം ചെയ്താൽ അതിന്നെതിരിൽ പൂർവ്വികന്മാരുടെ പുരാണങ്ങളേയും യക്ഷികഥകളേയും തെളിവായി എടുത്തു കാട്ടുന്ന സമ്പ്രദായം പണ്ടേ ഉള്ളതാണ് മനുഷ്യർക്കിടയിൽ. പൂർവ്വികന്മാരുടെ നടപടികളും ചരിത്രേതിഹാസങ്ങളും ദൈവത്തിന്റെ നിയമനിർദ്ദേശങ്ങൾക്കനുസൃതമല്ലെങ്കിൽ തള്ളപ്പെടേണ്ടതാണ്. അല്ലാഹുവിന്റെ

ശരീഅത്തിൻെറ അടിസ്ഥാനത്തിലുള്ള രേഖയും ന്യായീകരണവുമില്ലാതെ കേവലം 'കാരണവന്മാ'രുടെ മാർഗ്ഗത്തിൽ കണ്ണടച്ചു് ചടഞ്ഞ് കൂടുകയെന്നതു് മനുഷ്യനെസ്സംബന്ധിച്ചേടത്തോളം, അവൻ മനുഷ്യനിരപ്പിൽനിന്നു നാൽക്കാലിവർഗ്ഗത്തിലേക്കു് മാറിനില്ക്കലാണു്; മൂകനും ബധിരനും അന്ധനുമായി അധഃപതിക്കലാണു്.— ഇതത്രെ തുടർന്നുള്ള ആയത്തിൽ വ്യക്തമാക്കുന്നതു്:

وَإِذَا قِيلَ لَهُمُ اتَّبِعُوا مَا أَنْزَلَ اللهُ قَالُوا بَلْ نَتَّبِعُ مَا
أَلْفَيْنَا عَلَيْهِ آبَاءَنَا أَوَلَوْ كَانَ آبَاؤُهُمْ لَا يَعْقِلُونَ
شَيْئًا وَلَا يَهْتَدُونَ، وَمَثَلُ الَّذِينَ كَفَرُوا كَمَثَلِ
الَّذِي يَنْعِقُ بِمَا لَا يَسْمَعُ إِلَّا دُعَاءً وَنِدَاءً صُمٌّ بُكْمٌ عُمْيٌ
فَهُمْ لَا يَعْقِلُونَ (بقرة)

"അല്ലാഹു അവതരിപ്പിച്ചതിനെ അനുഗമിക്കുക എന്നു് അവരോടു പറഞ്ഞാൽ, 'അല്ല, ഞങ്ങളുടെ പൂർവ്വികന്മാർ സ്വീകരിച്ചുകണ്ടതിനെ മാത്രമെ ഞങ്ങൾ പിൻപററുകയുള്ളൂ'വെന്നു അവർ പറയും. അവരുടെ പൂർവ്വികന്മാർ യാതൊന്നും ഗ്രഹിക്കാത്തവരും സന്മാർഗ്ഗം പ്രാപിക്കാത്തവരും ആയിരുന്നുവെന്നാലും അക്കൂട്ടരെ മാത്രമേ അവർ അനുഗമിക്കുകയുള്ളുവെന്നോ? സത്യനിഷേധികളുടെ നില, വിളിയും തെളിയുമല്ലാതെ (മറെറാന്നും) കേൾക്കാത്ത ഒന്നിനോടു് (നാൽക്കാലിയോടു്) ശബ്ദിക്കുന്നവൻെറ നിലപോലെയാണു്. അവർ ചെകിടന്മാരും

ഊമന്മാരും അന്ധന്മാരുമാകുന്നു. അതിനാൽ അവർ (യാഥാൎത്ഥ്യം) ഗ്രഹിക്കില്ല.”

അല്ലാഹുവിന്നു ‘ഇബാദത്ത്’’ ചെയ്യുന്നുവെന്നു വാദിക്കുന്നവർതന്നെ ആരാധന അല്ലാഹുവിന്നൎപ്പിക്കുകയും ‘ഹറാമും’‘ഹലാലും’ സംബന്ധിച്ചിടത്തോളം തന്നിഷ്ടം സ്വീകരിക്കുകയുമാണെങ്കിൽ അത് സാക്ഷാൽ ‘ഇബാദത്താ’വില്ല. അല്ലാഹുവിന്നു ‘ഇബാദത്ത്’’ ചെയ്യുകയെന്നതിന്റെ അനിവാൎയ്യതാല്പൎയ്യം നിയമവും വ്യവസ്ഥിതിയും ആവിഷ്കരിക്കാനുള്ള മൗലികാവകാശം അവന്നു മാത്രമേ വകവെച്ചു കൊടുക്കാവൂ എന്നാണ്. തുടൎന്നുള്ള ആയത്തിൽ ചൂണ്ടിക്കാണിക്കുന്നു:

يَاأَيُّهَا الَّذِينَ آمَنُوا كُلُوا مِنْ طَيِّبَاتِ مَا رَزَقْنَاكُمْ
وَاشْكُرُوا لِلّٰهِ إِنْ كُنْتُمْ إِيَّاهُ تَعْبُدُونَ (بقرة)

“സത്യവിശ്വാസികളേ! നാം നിങ്ങൾക്ക് നല്കിയ നല്ലതായ സാധനങ്ങൾ നിങ്ങൾ ഭക്ഷിച്ചുകൊൾക: അല്ലാഹുവോട്ടു കൃതജ്ഞത കാണിക്കുകയും ചെയ്യുക. അവന്നു മാത്രമാണ് നിങ്ങൾ ഇബാദത്ത് ചെയ്യുന്നതെങ്കിൽ.”

ജീവിത വ്യവഹാരങ്ങൾ അല്ലാഹു അവതരിപ്പിച്ച ‘ശരീഅത്ത’നുസരിച്ച് കയ്യാളുകയും അതൊഴിച്ച് മറെറാന്നിനെയും മാൎഗ്ഗദൎശനമായി സ്വീകരിക്കാതിരിക്കുകയും വേണം. ഇത് അല്ലാഹുവിലുള്ള വിശ്വാസവും അവന്നൎപ്പിക്കുന്ന ഇബാദത്തും ശരിയായ അൎത്ഥത്തിലായിരിക്കാനുള്ള ഒരുപാധിയാണ്. ദൈവികമായ

എല്ലാ മതങ്ങളിലും ഈ ഉപാധിയെപ്പററി ഊന്നിപ്പറഞ്ഞിട്ടുണ്ടു്: ജൂതരോടു് അങ്ങിനെ കല്പിച്ചിരുന്നുവെന്നു പൂർവ്വസമുദായങ്ങളുടെ ചരിത്രം വിവരിച്ചുകൊണ്ടു ഖുർആൻ ചൂണ്ടിക്കാണിക്കുന്നു:

إِنَّا أَنْزَلْنَا التَّوْرَاةَ فِيهَا هُدًى وَنُورٌ يَحْكُمُ بِهَا النَّبِيُّونَ
الَّذِينَ أَسْلَمُوا لِلَّذِينَ هَادُوا وَالرَّبَّانِيُّونَ
وَالْأَحْبَارُ بِمَا اسْتُحْفِظُوا مِنْ كِتَابِ اللهِ وَكَانُوا عَلَيْهِ
شُهَدَاءَ فَلَا تَخْشَوُا النَّاسَ وَاخْشَوْنِ وَلَا تَشْتَرُوا
بِآيَاتِي ثَمَنًا قَلِيلًا وَمَنْ لَمْ يَحْكُمْ بِمَا أَنْزَلَ اللهُ
فَأُولَئِكَ هُمُ الْكَافِرُونَ (مائدة)

"നിശ്ചയം നാം തൗറാത്തു് അവതരിപ്പിച്ചു. അതിൽ മാർഗ്ഗനിർദ്ദേശവും പ്രകാശവുമുണ്ടു്. അതനുസരിച്ചാണ് (ദൈവാജ്ഞകൾക്കു്) കീഴ്പ്പെട്ടു് ജീവിച്ചിരുന്ന നബിമാർ ജൂതന്മാൎക്കു വിധി നല്കിയിരിക്കുന്നതു്. അവരുടെ ആത്മീയ ഗുരുക്കന്മാരും പണ്ഡിതന്മാരും വിധി കല്പിച്ചതും അതിനെ ആധാരമാക്കിത്തന്നെയായിരുന്നു. കാരണം, അല്ലാഹുവിൻെറ വേദത്തെ രക്ഷിക്കുവാൻ അവരെ ഉത്തരവാദപ്പെടുത്തിയിരുന്നു. അവരതിന്നു (വേദഗ്രന്ഥത്തിന്നു) സാക്ഷികളായിരുന്നു. അതുകൊണ്ടു ഹേ, ജൂതരേ! നിങ്ങൾ ജനങ്ങളെ ഭയപ്പെടരുതു്. എന്നെ ഭയപ്പെടുക. നിസ്സാരവിലക്കു് എൻെറ നിർദ്ദേശങ്ങളെ വിററുകളയാതിരിക്കുക. വല്ലവരും അല്ലാഹു

അവതരിപ്പിച്ചതനുസരിച്ച് വിധി കല്പിക്കുന്നില്ലെങ്കിൽ അവരത്രെ സത്യനിഷേധികൾ."

അല്ലാഹു അവതരിപ്പിച്ച 'ശരീഅത്ത്'നുസരിച്ച് ജീവിത പ്രശ്നങ്ങൾ നിയന്ത്രിക്കണമെന്നും അല്ലാത്തപക്ഷം ദൈവധിക്കാരികളായി ഗണിക്കപ്പെടുമെന്നും കൃസ്ത്യാനികളോട് താക്കീത് നല്കിയിരുന്നുവെന്നു ഖുർആൻ അറിയിക്കുന്നു:

وَلْيَحْكُمْ اَهْلُ الْإِنْجِيلِ بِمَا اَنْزَلَ اللهُ فِيهِ وَمَنْ لَمْ يَحْكُمْ بِمَا اَنْزَلَ اللهُ فَاُولَئِكَ هُمُ الْفَاسِقُونَ (مائدة)

"ഇഞ്ചീലിൻെറ വാഹകർ അതിൽ അല്ലാഹു ഇറക്കിയിട്ടുള്ളതനുസരിച്ച് വിധി കല്പിക്കട്ടെ. അല്ലാഹു ഇറക്കിയതനുസരിച്ച് വല്ലവരും വിധി കല്പിച്ചിട്ടില്ലെങ്കിൽ അവരത്രെ പരിധി ലംഘിച്ചവർ."

ശേഷം മുൻസമുദായങ്ങളോട് കല്പിച്ചിരുന്നപോലെ ജീവിതത്തിലെ മുഴുവൻ കാര്യങ്ങളും വിശുദ്ധ ഖുർആനിൻെറ വെളിച്ചത്തിൽ കയ്യാളുവാൻ മുസ്ലിംകളോട് ഇതാ ആജ്ഞാപിക്കുന്നുവെന്ന് വ്യക്തമാക്കുന്നു:

وَاَنْزَلْنَا اِلَيْكَ الْكِتَابَ بِالْحَقِّ مُصَدِّقًا لِمَا بَيْنَ يَدَيْهِ مِنَ الْكِتَابِ وَمُهَيْمِنًا عَلَيْهِ فَاحْكُمْ بَيْنَهُمْ بِمَا اَنْزَلَ اللهُ وَلَا تَتَّبِعْ اَهْوَاءَهُمْ عَمَّا جَاءَكَ مِنَ الْحَقِّ

(مائدة)

"മുൻവേദങ്ങളെ സത്യപ്പെടുത്തുകയും അവയിലെ ആശയ മൂല്യങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യുന്ന നിലയിലുള്ള, സത്യാധിഷ്ഠിതമായ വേദഗ്രന്ഥം (ഖുർആൻ) നിനക്ക നാം അവതരിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് അല്ലാഹു ഇറക്കിയതനുസരിച്ച് അവർക്കിടയിൽ വിധികല്പിക്കുക; നിനക്ക വന്നുകിട്ടിയ സത്യത്തെവിട്ട് അവരുടെ തന്നിഷ്ടങ്ങളെ നീ പിൻപററരുത്."

ഇതേ ആശയം കൂടുതൽ വ്യക്തമാക്കിക്കൊണ്ട് സൂറത്തുൽ അൻആം 136 മുതൽ 153 വരെയുള്ള ആയത്തുകളിൽ വിവരിക്കുന്നുണ്ട്. അവിടെ അവസാനത്തെ ആയത്ത് ഉൾക്കൊള്ളുന്ന ആശയം ഇതാണ്: നിയമങ്ങളും വ്യവസ്ഥകളും മുഖേനയാണ് സൊസൈററിയിൽ ഭദ്രതയുണ്ടാവുന്നത്. അതുകൊണ്ട് നിയമനിർമ്മാണാവകാശം സ്രഷ്ടാവും അധിപനുമായ അല്ലാഹുവിന്നേ സമ്മതിച്ചുകൊടുക്കാവൂ. ഇതിൽ അല്ലാഹുവോടൊപ്പം മററുള്ളവർ പങ്കുചേരുകയും ഓരോ സമുദായവും പാർട്ടിയും അവരവക്ക വേണ്ടിയുള്ള നിയമനിർമ്മാണത്തിൽ സർവ്വതന്ത്ര സ്വതന്ത്രരായ പരമാധികാരികളായിത്തീരുകയും ചെയ്യുന്ന പക്ഷം ലോകത്ത് അവ്യവസ്ഥയും കുഴപ്പവും നാശവും നടമാടുമെന്നത് തീർച്ചയാണ്.

وأن هذا صراطي مستقيما فاتبعوه ولا تتبعوا
السبل فتفرق بكم عن سبيله ذلكم وصاكم به
لعلكم تتقون (أنعام)

"നിശ്ചയം ഇതാണ് (ഇസ്ലാമികവ്യവസ്ഥ) എൻെറ നേരായ മാർഗ്ഗം. അതിനെ നിങ്ങൾ അനുഗമിക്കുക.

(ലോകത്തുള്ള) വിവിധ മാൎഗ്ഗങ്ങളെ നിങ്ങൾ പിന്തുടൎന്നുപോകരുത്. അതു നിങ്ങളെ അല്ലാഹുവിൻെറ പാതയിൽ നിന്നകററി ഛിന്നഭിന്നമാക്കിക്കളയും. ഇതത്രെ അവൻ (അല്ലാഹു) നിങ്ങളോടുപദേശിക്കുന്നത്. നിങ്ങൾ സൂക്ഷ്മതയുള്ളവരാകേണ്ടതിന്നു്."

ഏകദൈവസിദ്ധാന്തവും നിയമനിൎമ്മാണാവകാശവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു് 'നഹ്ല്സൂറ' യിലെ 54, 55 ആയത്തുകളിൽ പ്രതിപാദിക്കുന്നുണ്ടു്. ഇവിടെ അതൊന്നും വിശദീകരിക്കാൻ സൗകൎയ്യമില്ല.

(3) ആത്മപൂജയുടെ ഏററവും ഗുരുതരമായൊരു വശമാണ് താഴെ വിവരിക്കുന്നത്:

അധികാരവും സമ്പത്തും നേടിയ ഒരു ജനവിഭാഗം. കലാശാസ്ത്രസാമഗ്രികൾ അവരുടെ അധീനത്തിലുണ്ടു്. അവർ ക്ഷേമൈശ്വൎയ്യത്തോടെ നെടുനാൾ ജീവിച്ചുപോന്നുവെന്നു സങ്കല്പിക്കുക. കുറെക്കാലമങ്ങിനെ കഴിഞ്ഞാൽ അവൎക്കതോന്നും, സുഖക്ഷേമങ്ങൾ തങ്ങളുടെ കുത്തകയാണെന്നു്; തങ്ങളുടെ വൈജ്ഞാനിക യോഗ്യതയുടെയും പ്രതാപത്തിൻെറയും അനന്തരഫലമെന്നോണം അതവൎക്കവകാശപ്പെട്ടതാണെന്നു്. ഈ മനസ്ഥിതി ഒരു മാരകവിഷമാണു്. വ്യക്തികൾക്കു സമുദായത്തിന്നും ഒരുപോലെ നാശഹേതുകമാണു്. വിനാശകരങ്ങളായ നിരവധി നാശബീജങ്ങൾ അതിനാൽ പൊട്ടിമുളക്കുന്നു. ആഴത്തിൽ പരിശോധിച്ചാൽ കാണാം ഈ മനസ്ഥിതി നഗ്നമായ ശിൎക്കാണെന്നു്.

നോക്കുക, അല്ലാഹുവാണു് സമസ്ത വസ്തുക്കളുടേയും സ്രഷ്ടികൎത്താവു്. ജീവിതാവലംബമായ സാധന

സാമഗ്രികളാണെങ്കിലോ അതും അവനുണ്ടാക്കിയത്. നാം അവയെ ദൈവദത്തമായ കഴിവുപയോഗിച്ച് പ്രാവർത്തികമാക്കുന്നുവെന്നു മാത്രം. എല്ലാം അല്ലാഹുവിൻെറത്. എല്ലാം അവൻെറ ദാനം. അല്ലാഹു പറയുന്നു:

قُلْ هُوَ الَّذِي أَنْشَأَكُمْ وَجَعَلَ لَكُمُ السَّمْعَ وَالْأَبْصَارَ
وَالْأَفْئِدَةَ قَلِيلًا مَا تَشْكُرُونَ (ملك)

"(നബി! പറയുക;) നിങ്ങളെ സൃഷ്ടിക്കുകയും നിങ്ങൾക്ക് കേൾവിയും കാഴ്ചകളും ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തവനാണവൻ (അല്ലാഹു). നിങ്ങൾ (പക്ഷേ) അല്പമേ കൃതജ്ഞത കാണിക്കുന്നുള്ളു."

നമ്മുടെ പുരോഗമന പദവികൾ, ശാസ്ത്രീയ വൈജ്ഞാനികയോഗ്യതകൾ, ശക്തിപ്രാഭവങ്ങൾ ആദിയായവകൊണ്ടൊന്നും അല്ലാഹുവിൻെറ സന്നിധിയിലുള്ള ആശ്രിതത്വത്തിൽനിന്നും അടിമത്വത്തിൽനിന്നും നാം മുക്തരാവില്ല. അവയൊന്നും നമ്മെ ദൈവത്തിൽ നിന്നു സ്വാശ്രയരാക്കാൻ പോരുന്നവയല്ല. നാം 'സുലൈമാനും' 'ദുൽഖർനൈനി'യുമായെന്നിരിക്കട്ടെ. അല്ലെങ്കിൽ 'സൽമാനും' 'അബൂദർറും' ആയെന്നു വരട്ടെ. ഏതവസ്ഥയിലും സർവ്വശക്തനായ അല്ലാഹുവിൻെറ മുമ്പിൽ നാം അടിമകളാണ്. ദരിദ്രരും ആശ്രിതരുമായ അടിയാറുകൾ. നാം എത്രവലിയ ശക്തരും യോഗ്യരുമായാലും ദൈവസന്നിധിയിലുള്ള ആശ്രിതത്വം നമ്മിൽനിന്നു വിട്ടുമാറുകയില്ല. അതു നമ്മുടെ സഹജ ഗുണമാണ്.

ആത്മപൂജയാകുന്ന ശിർക്കിൻെറ ഇപ്പറഞ്ഞ ശാഖയും ജാഹിലിയ്യാ അറബികളിൽ സജീവമായിരുന്നു.

തങ്ങളുടെ കാര്യശേഷിയിലും പ്രതാപത്തിലും എന്തെന്നില്ലാത്ത അഹങ്കാരമാണവക്കുണ്ടായിരുന്നത്. തങ്ങളുടെ സാമത്ഥ്യംകൊണ്ടു മാത്രമാണ് സുഖക്ഷേമങ്ങൾ ലഭിക്കുന്നതെന്നത്രെ അവർ വിശ്വസിച്ചിരുന്നത്. ക്ഷേമൈശ്വര്യങ്ങൾ തങ്ങളുടെ ജന്മാവകാശമാണെന്നു് അവർ ധരിച്ചുവശായിരുന്നു. പാരത്രികജീവിതത്തിലവക്കു തീരെ വിശ്വാസമുണ്ടായിരുന്നില്ല. ഇനി, കേവലം സങ്കല്പമെന്നോണം അങ്ങിനെയൊരു പരലോകം ഉണ്ടായാൽതന്നെ അതിനെ ലക്ഷ്യമാക്കി ഇവിടെ വല്ലതും പ്രവത്തിക്കേണ്ടതുണ്ടെന്നു് അവർ സമ്മതിച്ചിരുന്നില്ല. 'ഞങ്ങൾ ഇഹത്തിൽ മഹാന്മാരായതുപോലെ പരത്തിലും മഹാന്മാരായിരിക്കും; മഹത്വം ഞങ്ങൾക്കു് ജന്മസിദ്ധമാണ്; ഒരു പരിതസ്ഥിതിയിലും അതു് ഞങ്ങളിൽനിന്നടത്തിയെടുക്കുക സാദ്ധ്യമല്ല—'ഇതായിരുന്നു അവരുടെ വാദം. അറബികളുടെ ഈ വികലമായ മാനസിക നിലപാടിനെ വി:ഖുർആൻ ചിത്രീകരിക്കുന്നതു കാണുക:

فَإِذَا مَسَّ الْإِنْسَانَ ضُرٌّ دَعَانَا ثُمَّ إِذَا خَوَّلْنَاهُ
نِعْمَةً مِنَّا قَالَ إِنَّمَا أُوتِيتُهُ عَلَى عِلْمٍ بَلْ هِيَ فِتْنَةٌ
وَلَكِنَّ أَكْثَرَهُمْ لَا يَعْلَمُونَ (زمر)

"മനുഷ്യനെ ഉപദ്രവം ബാധിച്ചാൽ അവൻ നമ്മെ വിളിച്ചു പ്രാത്ഥിക്കുന്നു. പിന്നെ നമ്മുടെ അനുഗ്രഹം നാം അവന്നു നല്കിയാൽ അവൻ പറയുന്നു, ഇതെന്റെ അറിവുകൊണ്ടു മാത്രം സിദ്ധിച്ചതാണെന്നു്. അല്ല,

അതൊരു പരീക്ഷണമാണ്. അവരിൽ അധികമാളുകളും പക്ഷേ (ഈ പരമാർത്ഥം) അറിയുന്നില്ല.''

ഈ ആയത്തിൽ പ്രകാശിപ്പിച്ച ആശയത്തിന്റെ വിശദീകരണമിതാണ്: മനുഷ്യന്നിവിടെ വല്ലതുമുണ്ടെങ്കിൽ അതൊന്നും അവന്റെ വിദ്യകൊണ്ടും സാമർത്ഥ്യം കൊണ്ടും അവൻ തനിയേ നേടിയതല്ല. എല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലഭിച്ചതാണ്. അല്ലാഹു മനുഷ്യന്നു അനുഗ്രഹങ്ങൾ നല്കിയത് അവനെ പരീക്ഷിക്കാൻ വേണ്ടിയാണ്. അവൻ അല്ലാഹുവോട് കൃതജ്ഞത കാണിക്കുന്നുവോ എന്നു അനുഭവത്തിൽ അറിയാൻ വേണ്ടി. ജനങ്ങളിൽ അധിക പേരും പക്ഷേ കൃതഘ്നരാവുകയാണ്. ദൈവാനുഗ്രഹങ്ങളെക്കുറിച്ച് അവ തങ്ങളുടെ വ്യക്തിമഹത്വം കൊണ്ടും സാമർത്ഥ്യം കൊണ്ടും ലഭിച്ചതാണെന്നു് അഹങ്കരിക്കുകയാണ്. ഈ അഹംബുദ്ധി വാസ്തവത്തിൽ ശിർക്കാണ്. എന്തുകൊണ്ടെന്നാൽ അവർ തങ്ങളെത്തന്നെ അല്ലാഹുവിന്റെ പങ്കാളികളാക്കുകയാണ്. അഥവാ 'സർവ്വാധിനാഥൻ' 'അന്നദാതാവ്'' എന്നീ ദിവ്യഗുണങ്ങളിൽ സ്രഷ്ടാവിനോടൊപ്പം കൂറ കൂട്ടാൻ ശ്രമിക്കുകയാണ്.

ഈ ദുർധാരണ നാശത്തിന്റെയും ദുരഹങ്കാരത്തിന്റെയും അടിവേരാകുന്നു. ധിക്കാരപരമായ ഈ ശിർക്കൻ മനസ്ഥിതിയെ വി:ഖുർആൻ മറെറാരിടത്ത് വരച്ചു കാട്ടുന്നതിങ്ങനെയാണ്:

وَلَئِنْ أَذَقْنَاهُ رَحْمَةً مِنَّا مِنْ بَعْدِ ضَرَّاءَ مَسَّتْهُ

لَيَقُولَنَّ هَذَا لِي وَمَا أَظُنُّ السَّاعَةَ قَائِمَةً وَلَئِنْ
رُجِعْتُ إِلَى رَبِّي إِنَّ لِي عِنْدَهُ لَلْحُسْنَى (حم)

"മനുഷ്യനെ ബാധിച്ച ക്ലേശങ്ങളെല്ലാം തട്ടിനീക്കിയശേഷം അവന്നു നാം നമ്മുടെ കാരുണ്യം ആസ്വാദിപ്പിച്ചുവെന്നിരിക്കട്ടെ. എന്നാലവൻ പറയും: ഇത് എനിക്കു് (അർഹമായിട്ടു)ള്ളതാണ്. ലോകാവസാനം ഉണ്ടാകുമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഞാൻ എൻെറ റബ്ബിൻെറ അടുക്കലേക്കു് മടക്കപ്പെട്ടാൽ തീർച്ചയായും എനിക്ക് അവൻെറ പക്കൽ നന്മയും മേന്മയും സിദ്ധിക്കും" (പരലോകത്തിൽ ജീവിക്കേണ്ടിവന്നാൽ തന്നെ എനിക്കു ഭയമില്ല. എനിക്കവിടെയും ഉന്നതാവസ്ഥയുണ്ടാകുമെന്നു്.)

ഇതേ ആശയം വേറൊരിടത്ത് ഖുർആൻ പ്രകാശിപ്പിക്കുന്നു:

وَجَعَلْتُ لَهُ مَالًا مَمْدُودًا وَبَنِينَ شُهُودًا وَمَهَّدْتُ لَهُ
تَمْهِيدًا ثُمَّ يَطْمَعُ أَنْ أَزِيدَ (مدثر)

"ഞാനവന്നു് അത്യധികം ധനം നല്കി. ഹാജരായിനില്ക്കുന്ന സന്താനങ്ങളേയും ഉണ്ടാക്കിക്കൊടുത്തു. (സൗകര്യങ്ങളും സാഹചര്യങ്ങളും സംവിധാനിച്ചുകൊടുത്തു.) ഇനിയും അവൻ കൊതിക്കുകയാണ്, ഞാനവന്നു് (പരത്തിൽ) കൂടുതൽ നല്കുമെന്നു്!"

പരലോകത്തുചെന്നാൽ തൻെറ ജന്മസിദ്ധമായ വ്യക്തിപ്രാഭവത്താൽ താൻ കൂടുതൽ മഹാനായിരിക്കുമെന്നു

ജാഹിലിയ്യാ അറബി തെററിദ്ധരിക്കുന്നു. ഈ 'വ്യക്തി മഹത്വാധാരണ' ശിക്കാണ്.

ഇനിയും നോക്കുക. സൂറത്തുൽ മആരിജിൽ ഖുർആൻ പറയുന്നു:

فَمَالِ الَّذِينَ كَفَرُوا قِبَلَكَ مُهْطِعِينَ، عَنِ الْيَمِينِ وَعَنِ الشِّمَالِ عِزِينَ، أَيَطْمَعُ كُلُّ امْرِئٍ مِنْهُمْ أَنْ يُدْخَلَ جَنَّةَ نَعِيمٍ، كَلَّا إِنَّا خَلَقْنَاهُمْ مِمَّا يَعْلَمُونَ

"അപ്പോൾ സത്യനിഷേധികൾക്കെന്തായിപ്പോയി! അവർ കൂട്ടം കൂട്ടമായി നിൻെറ നേരെ വലഭാഗത്തുടെയും ഇടഭാഗത്തുടെയും ഓടിവരുന്നു! അവരിൽ ഓരോരുത്തരും സുഖാനുഭൂതിയുടെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടുമെന്നു ആഗ്രഹിക്കുന്നുവോ? അങ്ങനെവേണ്ട, നിശ്ചയം അവക്കറിയാവുന്ന സാധനത്താലാണ് അവരെ നാം സൃഷ്ടിച്ചിരിക്കുന്നത്."

അഹങ്കാരം നടിച്ചു നടന്ന അറേബ്യൻ മുശ്"രിക്കുകളുടെ കുബുദ്ധിയെയാണ് പ്രകൃത സൂക്തം പരാമശിക്കുന്നത് അഹന്തയും ദുരഭിമാനവും വെച്ചുപോറവുന്നവക്കു ദൈവത്തിൻെറ അടുക്കൽ നിന്ദ്യതയും കഠിനശിക്ഷയുമാണുള്ളതെന്നു നബി (സ) വി:ഖുർആൻ മുഖേന ഉദ്"ബോധിപ്പിച്ചുകൊണ്ടിരുന്നു. നബി (സ) യുടെ ഉദ്ബോധനങ്ങളും താക്കീതുകളും ഖുറൈശിത്തലവന്മാരായ മുശിരിക്കുകൾക്കു കനത്ത പ്രഹരമായി അനുഭവപ്പെട്ടു. ഔന്നത്യവും അധമത്വവും

തിട്ടപ്പെടുത്തുന്ന ത്രാസ് സത്യവിശ്വാസത്തിൻേറയും സല്കർമ്മത്തിൻേറയും നീതിനിഷ്ഠമായ കരങ്ങളിൽ വന്നണയുന്ന ഒരു ദിവസത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് അഹംബുദ്ധികളായ അറബികളെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു. പരമദരിദ്രനായ കൃഷകനും അതിനിസ്സാരനായ തൊഴിലാളിയും ദൈവത്തെ അനുസരിച്ച് കീഴ്വണങ്ങി ജീവിച്ചതു കൊണ്ട് 'വലിയ വലിയ നേതൃമ്മന്യന്മാരു'ടെ മുമ്പിൽവെച്ച് അസൂയാർഹമാംവിധം ഉന്നതസ്ഥാനത്തേക്കുയൎന്നിരിക്കുന്ന ഒരു നാഠം സമാഗതമാകുമെന്ന വിഭാവനം വിഡ്ഢികളായ മുശ്രിക്കുകൾക്ക് അതിദുസ്സഹമായിത്തോന്നി. അതു കാരണം അവർ ഖുർആനിനെ നിഷേധിക്കാനും പരിഹസിച്ചു തള്ളാനും കച്ചകെട്ടി പുറപ്പെട്ടു. നബി (സ) തിരുമേനിക്കുചുറവും കൂട്ടംകൂട്ടമായി വളഞ്ഞു നിന്ന് വി: ഖുർആനിൻേറ നേരെ കയത്തുചാടി. പരമ്പരാഗതമായി ലഭിച്ച സുഖജീവിതവും നേതൃസ്ഥാനവും നിമിത്തം തങ്ങളുടെ കുടിലഹൃദയങ്ങളിൽ കുടികൊണ്ടിരുന്ന 'ജന്മാവകാശബോധ'മാകുന്ന അഹന്തയാൽ അവർ നബി (സ) തിരുമേനിയുടെ നേരെ വിരൽ ചൂണ്ടിക്കൊണ്ടു് പറഞ്ഞു: മുഹമ്മദിൻേറ കൂടെയുള്ള ഈ നീചന്മാരേക്കാൾ ഞങ്ങളെന്തുകൊണ്ടും മീതെയാണ്. പാരത്രിക ജീവിതമെന്നൊന്നില്ല. ഉണ്ടെങ്കിൽ തന്നെ അവിടേയും ഞങ്ങളായിരിക്കും മേലാളർ. ഔന്നത്യം ഞങ്ങളുടെ കുത്തകയാണ്. ഞങ്ങൾ ജന്മനാ മഹത്തുക്കളാണ്. ഞങ്ങൾ ജനിച്ചതുതന്നെ ഭരിക്കാനും സുഖിക്കാനും മേധാവിത്തം വാഴാനും വേണ്ടിയാണ്.

'ജന്മനാ മഹത്തുക്കളാവുക'—ശിക്ഷപരമായ ഈ ദുർന്യായത്തെ ഖുർആൻ അവരുടെ മുഖത്തേക്കുതന്നെ തിരിച്ചെറിയുന്നത് കണ്ടില്ലേ:

كَلَّا إِنَّا خَلَقْنَاهُم مِّمَّا يَعْلَمُونَ

"ഒരിക്കലും അങ്ങനെയല്ല. നിശ്ചയമായും നാം അവരെ സൃഷ്ടിച്ചത് അവർക്കറിയാവുന്ന സാധനത്തിൽനിന്നാണ്."

'അവർക്കറിയാവുന്ന സാധനത്തിൽനിന്നു'-ആ സാധനത്തെ എന്തിനു വർണ്ണിക്കണം? എത്രയും നിസ്സാരമായ ഒരു തുള്ളിവെള്ളം. അവിടെനിന്നാണ് മനുഷ്യൻ 'മഹാനായി' വന്നത്. മഹത്വം, ജന്മാവകാശം, പാരമ്പര്യം, കുലീനത എന്നൊക്കെയുള്ള നാട്യവും ഊററവുമൊക്കെ വൃത്തിഹീനമായ ആ ഒരു തുള്ളിവെള്ളത്തിന്റെ പേരിലാണ്. അതുകൊണ്ട് മനുഷ്യന്റെ 'പരിശുദ്ധിവാദം' നിരർത്ഥമാണെന്നാണ് ഖുർആൻ സമർത്ഥിക്കുന്നത്.

എപ്പോഴാണ് മനുഷ്യൻ ശക്തനായത്; അവന്റെ ശക്തിയും പ്രാപ്തിയുമൊക്കെ ശൈശവം, വാർദ്ധക്യം എന്നീ രണ്ടു ബലഹീനാവസ്ഥകൾക്ക് മദ്ധ്യേയാണ്. അതായത് ബലഹീനതകൾ കൊണ്ടു വലയംചെയ്യപ്പെട്ട ശക്തിയും ഊക്കുമാണ് മനുഷ്യനുള്ളത്. ഖുർആൻ ആ പരമാർത്ഥം മനുഷ്യനോട് വിളിച്ചുപറയുന്നു:

اللَّهُ الَّذِي خَلَقَكُم مِّن ضَعْفٍ ثُمَّ جَعَلَ مِن بَعْدِ ضَعْفٍ
قُوَّةً ثُمَّ جَعَلَ مِن بَعْدِ قُوَّةٍ ضَعْفًا وَشَيْبَةً (روم)

"അല്ലാഹു നിങ്ങളെ ബലഹീനാവസ്ഥയിൽ സൃഷ്ടിച്ചു. പിന്നെ, ബലഹീനതയ്ക്കു ശേഷം അവൻ നിങ്ങൾക്കു് ശക്തി നല്കി. പിന്നെ ശക്തിയുടെ ശേഷം ബലഹീനതയും വാർദ്ധക്യവും അവൻ നിങ്ങൾക്കു് നല്കി."

ഇതാണു് മനുഷ്യന്റെ ശക്തിയുടെ ആകത്തുക. ഇത്രയും ബലഹീനനായ മനുഷ്യൻ ദൈവത്തെ ധിക്കരിക്കുന്നതും അവന്റെ മുമ്പിൽ അടിമത്തവും വിനയവും കാണിക്കുന്നതിൽനിന്നു മുക്തനാകാൻ ശ്രമിക്കുന്നതും ദിവ്യത്വം നടിക്കുന്നതും ഭൂഷണമല്ല. ഈ പരമയാഥാർത്ഥ്യത്തെക്കുറിച്ചു് ഖുർആൻ മനുഷ്യനെ തെര്യപ്പെടുത്തുന്നു:

وَلِلّٰهِ مَا فِي السَّمٰوٰتِ وَمَا فِي الْأَرْضِ لِيَجْزِيَ الَّذِينَ
أَسَاءُوا بِمَا عَمِلُوا وَيَجْزِيَ الَّذِينَ أَحْسَنُوا بِالْحُسْنَى،
الَّذِينَ يَجْتَنِبُونَ كَبَائِرَ الْإِثْمِ وَالْفَوَاحِشَ إِلَّا اللَّمَمَ
إِنَّ رَبَّكَ وَاسِعُ الْمَغْفِرَةِ هُوَ أَعْلَمُ بِكُمْ إِذْ أَنْشَأَكُمْ مِنَ
الْأَرْضِ وَإِذْ أَنْتُمْ أَجِنَّةٌ فِي بُطُونِ أُمَّهَاتِكُمْ فَلَا تُزَكُّوا
أَنْفُسَكُمْ هُوَ أَعْلَمُ بِمَنِ اتَّقَى (نجم)

"ആകാശഭൂമികളിലുള്ളതെല്ലാം അല്ലാഹുവിനുള്ളതാകുന്നു. ദുഷ്കൃത്യം ചെയ്യുന്നവർക്കു് അവരുടെ പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലം അവൻ നല്കും. നന്മ പ്രവർത്തിച്ചവർക്കു ഏററവും നല്ലപ്രതിഫലവും അവൻ നൽകും. മഹാ

പാപങ്ങളേയും മ്ലേച്ഛവൃത്തികളേയും വജ്ജിക്കുന്നവക്ക്– ചെറിയ തെററുകളെയല്ല—നിൻെറ രക്ഷിതാവ് പാപങ്ങൾ പൊറുക്കുന്നതിൽ വളരെ വിശാലത കാണിക്കുന്നവനാകുന്നു. അവനു് നിങ്ങളെക്കുറിച്ച് നല്ലപോലെ അറിയാം. അതായത് നിങ്ങളെ ഭൂമിയിൽനിന്നു അവൻ സൃഷ്ടിച്ച ഘട്ടത്തെക്കുറിച്ച്. നിങ്ങൾ നിങ്ങളുടെ മാതാക്കളുടെ ഗർഭാശയത്തിൽ ശിശുക്കളായിരുന്ന ഘട്ടത്തെക്കുറിച്ചും. അതുകൊണ്ടു നിങ്ങൾ നിങ്ങളെ പരിശുദ്ധരായി ചിത്രീകരിക്കേണ്ട. സൂക്ഷ്മജീവിതം (تقوى) കൈക്കൊണ്ടവരെക്കുറിച്ച് അവൻ നല്ലവണ്ണം അറിയുന്നവനാകുന്നു.”

മലക്കുകൾ ശുപാർശചെയ്ത് രക്ഷപ്പെടുത്തുമെന്നു അറബികൾക്കുണ്ടായിരുന്ന പിഴച്ച വിശ്വാസത്തെ ഖണ്ഡിച്ചശേഷമാണ് സൂറത്തുനജ്മിൽ ഈ ആയത്തുകൾ വരുന്നത്. ഈ ആയത്തുകൾ ഉൾക്കൊള്ളുന്ന ആശയം ഇങ്ങനെ സംഗ്രഹിക്കാം: ശിക്ഷയും രക്ഷയും അല്ലാഹുവിൻെറ നീതിയനുസരിച്ച് അവൻ തീരുമാനിക്കുന്നതാണ്. മനുഷ്യൻ വ്യാമോഹിക്കുന്നതെന്തും അവക്കു ലഭിക്കുകയെന്നതല്ല പരമാത്ഥം. മഹാ പാപങ്ങളേയും മ്ലേച്ഛവൃത്തികളേയും വർജ്ജിക്കുകയും വല്ല പാപകമ്മവും ചെയ്തുപോയാൽ ഉടനെ പശ്ചാത്തപിക്കുകയും ചെയ്യുന്ന സദ്വൃത്തരായ സത്യവിശ്വാസികളാണ് അല്ലാഹുവിൻെറ ദൃഷ്ടിയിൽ ഉത്തമന്മാർ. ഈ യാഥാത്ഥ്യം ഗ്രഹിക്കാതെ ‘ജന്മാവകാശ വാദ’വുമായി ഞെളിയുന്ന ചില ഭോഷന്മാരുണ്ട്. സ്വഗ്ഗം അവക്കു ജന്മനാ അവകാശപ്പെട്ടതാണെന്നും, എങ്ങനെ ജീവിച്ചാലും സ്വഗ്ഗത്തിനുള്ള അഹ്ത അവക്ക് നഷ്ടമാവില്ലെന്നും അവർ

ഖാദിക്കുന്നു ജനനാൽതന്നെ പരിശുദ്ധരെന്നഹങ്കരിക്കുന്ന ഇവരാരാണ്? ഇവരെവിടെനിന്നു വന്നു? മണ്ണിൽനിന്നു. മണ്ണാണ് അവരുടെ അടിസ്ഥാനം. വൃത്തിഹീനമായ ഒരു നീർത്തുള്ളിയുടെ രൂപത്തിലവർ മാതാക്കളുടെ ഗർഭാശയത്തിൽ കിടന്നില്ലേ? പിന്നെ, മാംസപിണ്ഡവും ശേഷം ഗർഭശിശുവുമായില്ലേ? ഇവർക്കഹങ്കരിക്കാൻ തങ്ങളുടെ സ്വന്തം വകയായി എന്തുണ്ട്?

സ്വന്തത്തെ ദൈവത്തിൻെറ പങ്കാളിയാക്കുന്ന ഈ മാനസികനിലപാടിനെ സൂറത്തുകഹ്ഫിൽ അല്ലാഹ ചിത്രീകരിക്കുന്നു:

وَاضْرِبْ لَهُمْ مَثَلًا رَجُلَيْنِ جَعَلْنَا لِأَحَدِهِمَا جَنَّتَيْنِ
مِنْ أَعْنَابٍ وَحَفَفْنَاهُمَا بِنَخْلٍ وَجَعَلْنَا بَيْنَهُمَا
زَرْعًا، كِلْتَا الْجَنَّتَيْنِ آتَتْ أُكُلَهَا وَلَمْ تَظْلِمْ مِنْهُ
شَيْئًا وَفَجَّرْنَا خِلَالَهُمَا نَهَرًا، وَكَانَ لَهُ ثَمَرٌ فَقَالَ
لِصَاحِبِهِ وَهُوَ يُحَاوِرُهُ أَنَا أَكْثَرُ مِنْكَ مَالًا وَأَعَزُّ نَفَرًا
وَدَخَلَ جَنَّتَهُ وَهُوَ ظَالِمٌ لِنَفْسِهِ قَالَ مَا أَظُنُّ أَنْ تَبِيدَ
هَٰذِهِ أَبَدًا، وَمَا أَظُنُّ السَّاعَةَ قَائِمَةً وَلَئِنْ رُدِدْتُ
إِلَىٰ رَبِّي لَأَجِدَنَّ خَيْرًا مِنْهَا مُنْقَلَبًا قَالَ لَهُ
صَاحِبُهُ وَهُوَ يُحَاوِرُهُ أَكَفَرْتَ بِالَّذِي خَلَقَكَ مِنْ

تُرَابٍ ثُمَّ مِنْ نُطْفَةٍ ثُمَّ سَوَّاكَ رَجُلًا لَكِنَّا هُوَ اللّٰهُ
رَبِّي وَلَا أُشْرِكُ بِرَبِّي أَحَدًا

“(ഓ നബി!) അവക്കു രണ്ടു പുരുഷന്മാരെസ്സംബന്ധിച്ചുള്ള ഒരു ഉദാഹരണം വിവരിച്ചുകൊടുക്കുക. അവരിൽ ഒരാൾക്ക് രണ്ടു മുന്തിരിത്തോട്ടം നാം ഉണ്ടാക്കികൊടുത്തു. ആ തോട്ടങ്ങൾക്കചുററും ഈത്തപ്പനവൃക്ഷങ്ങൾ നാം ഉല്പാദിപ്പിച്ചുകൊടുത്തു. ആ രണ്ടുതോട്ടങ്ങൾക്കിടയിൽ ധാന്യകൃഷിയും നാം ഉണ്ടാക്കിവെച്ചുകൊടുത്തു. ആ രണ്ടുതോട്ടങ്ങളും അവയുടെ ഫലങ്ങൾ നല്കി. ഒരു കുറവും വരുത്തിയില്ല. ആ തോട്ടങ്ങൾക്കിടയിൽ നാം ഒരു അരുവി ഒഴുക്കിക്കൊടുത്തിട്ടുമുണ്ട്. അവന്നു പഴങ്ങൾ (സമ്പത്ത്)ഉണ്ടായി. അങ്ങനെ അവൻ തന്റെ സ്നേഹിതനോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പറഞ്ഞു: നിന്നെക്കാൾ കൂടുതൽ ധനവും സംഘബലവുമുള്ളവനാണ് ഞാൻ. അങ്ങനെയവൻ തന്നോടുതന്നെ അതിക്രമം പ്രവൎത്തിച്ചവനായിക്കൊണ്ട് തന്റെ തോട്ടത്തിൽപ്രവേശിച്ചു. അവൻപറഞ്ഞു: “ഈ തോട്ടം വല്ലപ്പോഴും നശിച്ചുപോയേക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ആ നാഴിക (ലോകാവസാനം) ഉണ്ടാകുമെന്നും ഞാൻ വിചാരിക്കുന്നില്ല. (അഥവാ അതും സംഭവിച്ചിട്ട്) എന്റെ നാഥന്റെ അടുക്കലേക്കു എന്നെ തിരിച്ചുകൊണ്ടുചെല്ലുന്നപക്ഷം ഇവിടത്തേതിനേക്കാൾ മെച്ചപ്പെട്ട വാസസ്ഥലം എനിക്കവിടെലഭിക്കും.” അവനോടു സംഭാഷണം നടത്തിക്കൊണ്ട് തന്റെ ആ സ്നേഹിതൻ (മറുപടി) പറഞ്ഞു: നിന്നെ (ആദ്യം) മണ്ണിൽനിന്നും പിന്നെ ഇന്ദ്രിയബിന്ദുവിൽനിന്നും സൃഷ്ടിക്കുകയും

പിന്നീട് നിന്നെ ഒരു പരിപൂർണ്ണ പുരുഷനാക്കി രൂപപ്പെടുത്തുകയും ചെയ്തവനെ നീ നിഷേധിക്കയാണോ? എന്നാൽ (ഞാൻ വിശ്വസിക്കുന്നു) അല്ലാഹുവാണ് എന്റെ രക്ഷിതാവ്. എന്റെ രക്ഷിതാവിന്റെ അധികാരാവകാശങ്ങളിൽ ഞാൻ ആരെയും പങ്കുചേർക്കുകയില്ല.”

അറബികളുടെ സാമൂഹ്യജീവിതത്തിൽ വളരെ പ്രാമുഖ്യംനേടിയിരുന്ന ഒരു തരം 'പരസ്പര നാട്യ'ത്തിന്റെ ചിത്രീകരണമാണ് പ്രകൃത ഖുർആൻ വാക്യങ്ങളിലൂടെ നാം കാണുന്നത്. അറബിസാഹിത്യത്തിലിതിനുള്ള സാങ്കേതിക സംജ്ഞ مفاخرة (ആഭിജാത്യ പ്രകടനം) എന്നാണ്. 'ജന്മസിദ്ധി'യുടെ ഗർവ്വിൽ അകപ്പെട്ട ഒരു കുടിലഹൃദയത്തിന്റെ ദുഷ്ടുകളൊക്കെയും ഈ ചിത്രീകരണം നഗ്നമാക്കിയിരിക്കുന്നു.

ഇവിടെ ഒരു ഏകദൈവവിശ്വാസിയുടെയും ഒരു ബഹുദൈവവിശ്വാസിയുടെയും വ്യത്യസ്തമായ രണ്ടു മാനസിക നിലപാടുകളെയാണ് ചിത്രണം ചെയ്തിരിക്കുന്നത്. ഏക ദൈവവിശ്വാസി ഭൗതിക ശക്തിയിൽ മതിമറന്ന മുശ്രിക്കിനോട് പറയുകയാണ്: താൻ സ്വയം ദൈവമായി ചമയരുത്. താൻ ജന്മനാ പരിശുദ്ധനും മഹത്വമുള്ളവനും ഉന്നതനുമാണെന്ന് ധരിക്കരുത്. നിന്റെ അഹങ്കാരം അർത്ഥശൂന്യമാണ്. ഈ അഹന്തമൂലം നീ നിന്റെ ദേഹത്തെ അല്ലാഹുവിന്റെ കൂട്ടുകാരനാക്കുകയാണ്. 'ജന്മാവകാശബോധം' ഒരു തരം ദിവ്യത്വവാദമാണ്. ഇത്തരം ശിർക്ക്പരമായ മനസ്ഥിതിയിൽനിന്നു ഞാൻ മുക്തനാകുന്നു.

لٰكِنَّا هُوَ اللّٰهُ رَبِّي وَلَا أُشْرِكُ بِرَبِّي أَحَدًا

"അല്ലാഹുവാണ് എൻെറ നാഥൻ. എൻെറ നാഥനോട് ഞാനാരേയും പങ്കുചേൎക്കില്ല"— ഇതാണെനിക്കു പറവാനുള്ളത്.

തുടൎന്നുള്ള ആയത്തിൽ ആ ഭൗതികനായ മുശ്രിക്ക് ആത്മപൂജയിൽ അകപ്പെട്ടുപോകാനും സ്വയം വഞ്ചിതനായിത്തീരാനും കാരണമാക്കിയ തൻെറ തോട്ടങ്ങൾ നശിച്ച് നാമാവശേഷമായെന്നും, അപ്പോളവൻ ദുഃഖിച്ച് അല്ലാഹുവോട് കേഴാൻ തുടങ്ങിയെന്നും പറയുന്നു. തോട്ടങ്ങൾ തകൎന്നു തരിപ്പണമായപ്പോഴാണവൻ കണ്ണുതുറന്നത്. അപ്പോൾ മാത്രമാണവന്ന് തൻെറ ഔന്നത്യനാട്യം കേവലം മൗഢ്യമായിരുന്നുവെന്നു ബോധ്യമായത്. 'തനിക്കു താൻ ദൈവ'മെന്ന അഹന്തയുടെ 'ചുട്ടപ്രതിഫലം' അവന്നു കയ്യിൽ കിട്ടിയതുപോലെ തോന്നി. അപ്പോളവൻ വിലപിക്കുകയാണ്:

يَا لَيْتَنِي لَمْ أُشْرِكْ بِرَبِّي أَحَدًا

"അഹോ, കഷ്ടം! ഞാനെൻെറ നാഥനോട് (അല്ലാഹുവോട്) ആരേയും പങ്കു ചേൎക്കാതിരുന്നെങ്കിൽ എത്ര നന്നായേനേ!"

കണ്ണഞ്ചിക്കുന്ന തോട്ടങ്ങൾ നൊടിയിടകൊണ്ട് തകൎന്നു നിരന്നു. അവന്ന് ആളും കോളുമുണ്ടായിട്ടെന്തു ഫലം! ദൈവശിക്ഷ വന്നിറങ്ങിയപ്പോൾ താൻ തൻെറ പരിവാരങ്ങളോടൊപ്പം മിഴിച്ചു നിന്നതേയുള്ളു. ദൈവവിധിയെ പ്രതിരോധിക്കാൻ അവന്നാരുമുണ്ടായില്ല.

وَلَمْ يَكُنْ لَهُ فِئَةٌ يَنْصُرُونَهُ مِنْ دُونِ اللهِ وَمَا كَانَ مُنْتَصِرًا

"അല്ലാഹുവല്ലാതെ, ആ മനുഷ്യനെ സഹായിക്കാൻ ഒരു സംഘവും ഉണ്ടായില്ല. അവന്നു് (ഒരു വിധത്തിലും) സഹായം സിദ്ധിച്ചതുമില്ല." താൻ ഉള്ളിൽ വെച്ചുപൂജിച്ചിരുന്ന 'ഞാൻ' എന്ന ദൈവവും തന്റെ കണ്ണിനെ മഞ്ഞളിപ്പിച്ച സമ്പത്തും സന്താനവും പരിവാരങ്ങളുമാകുന്ന ദൈവങ്ങളുമൊക്കെ നിരൎത്ഥമാണെന്നു് ബോധ്യമായപ്പോൾ അവൻ പറഞ്ഞുപോയി, ഇവരെയൊക്കെ ഞാൻ അല്ലാഹുവിന്റെ സ്ഥാനത്ത് കയററി നിവൎത്തിയതാണു് തെററു്, സൎവ്വശക്തനായ അല്ലാഹുവിന്റെ മുമ്പിൽ ഇതെല്ലാം എത്ര നിസ്സാരം, എന്നു്.

മേൽ പറഞ്ഞ ദുരഹങ്കാരം കുടികൊള്ളുന്ന ഹൃദയങ്ങൾക്കു സന്തുലിതാവസ്ഥ നഷ്ടപ്പെടുകയെന്നതു് സ്വാഭാവികമാണു്. ആത്മപൂജകരുടെ ദിവ്യത്വസൗധം വെറും പൂഴിമണ്ണിലധിഷ്ഠിതമത്രെ. അല്ലാഹുവിന്റെ ശക്തി ലേശമൊന്നു് തീണ്ടിയാൽ അതു് നിലം പൊത്തുകയായി. ദൈവശിക്ഷയുടെ ചെറിയൊരംശം ബാധിക്കുമ്പോഴേക്കും അവരുടെ അഹന്തയും വീറും വാശിയുമെല്ലാം തളൎന്നുപോകുന്നു. അവരുടെ ആകാശക്കോട്ടകൾ നിരാശകളായി മാറുന്നു. ഊററങ്ങളും ഉന്മേഷങ്ങളും, വേവലാതികളും പരിഭ്രമങ്ങളുമായിത്തീരുന്നു. എന്നാൽ വീണ്ടും അവൎക്കു് സുഖജീവിതം കൈവന്നുവെന്നിരിക്കട്ടെ; അവരുടെ ഭൗതികസാമഗ്രികളെല്ലാം വീണ്ടും സജ്ജീകൃതമായി വരട്ടെ; ഭൗതികശക്തിയുടെ പൊന്നൊളി ഒരിക്കൽ കൂടി തങ്ങളുടെ കൺമുമ്പിൽ മിന്നിത്തിളങ്ങട്ടെ; അപ്പോളതാ

ആ 'ഞാൻ' വീണ്ടും തലപൊക്കുകയായി. ഹൃദയത്തിന്നുള്ളിൽ ഒളിച്ചിരുന്ന ആ 'ദിവ്യത്വബോധം' കർമ്മരംഗത്ത് പ്രകടമാകാൻ പിന്നെ കാലവിളംബം വേണ്ടിവരില്ല. ഉടനെ അവർ ഭൂമിയിൽ നാശം വിതക്കുകയും, അല്ലാഹുവിന്റെ ദിവ്യത്വത്തെ ധിക്കരിക്കുകയും തങ്ങളുടെ ദിവ്യത്വത്തെ അല്ലാഹുവിന്റെ അടിമകളുടെ മേൽ വെച്ചുകെട്ടാൻ ധൃഷ്ടരാവുകയും ചെയ്യുന്നു. ഭൗതിക ചിന്താഗതിക്കാരായ മുശ്രിക്കുകളുടെ നിന്ദാവഹമായ ഈ മാനസിക വ്യതിയാനങ്ങളെക്കുറിച്ച് വി: ഖുർആൻ പ്രസ്താവിക്കുന്നത് നോക്കുക:

هُوَ الَّذِي يُسَيِّرُكُمْ فِي الْبَرِّ وَالْبَحْرِ حَتَّى إِذَا كُنْتُمْ فِي
الْفُلْكِ وَجَرَيْنَ بِهِمْ بِرِيحٍ طَيِّبَةٍ وَفَرِحُوا بِهَا
جَاءَتْهَا رِيحٌ عَاصِفٌ وَجَاءَهُمُ الْمَوْجُ مِنْ كُلِّ مَكَانٍ
وَظَنُّوا أَنَّهُمْ أُحِيطَ بِهِمْ دَعَوُا اللهَ مُخْلِصِينَ لَهُ الدِّينَ
لَئِنْ أَنْجَيْتَنَا مِنْ هٰذِهِ لَنَكُونَنَّ مِنَ الشَّاكِرِينَ
فَلَمَّا أَنْجَاهُمْ إِذَا هُمْ يَبْغُونَ فِي الْأَرْضِ بِغَيْرِ الْحَقِّ
( يونس )

"കരയിലും കടലിലും നിങ്ങൾക്ക് സഞ്ചരിക്കാൻ സൗകര്യങ്ങളേർപ്പെടുത്തിത്തരുന്നത് അല്ലാഹുവാകുന്നു. (അങ്ങനെ) നിങ്ങൾ കപ്പൽയാത്രയിലാണെന്നു വെക്കുക. ഒരു നല്ല കാററടിച്ചു. കപ്പലുകൾ യാത്രക്കാരേയും

കൊണ്ടു് ചരിച്ചു. അവക്ക് സന്തോഷമായി. അപ്പോ ഴേക്കമതാ ശക്തിയായ കൊടുങ്കാററ് കപ്പലിൻെറ മേൽ ആഞ്ഞടിച്ചുകൊണ്ടിരിക്കുന്നു. നാനാഭാഗത്തുനിന്നും തിരമാലകൾ അവരുടെ മേൽ തള്ളിക്കേറി വരുന്നു. നാശം അവരെ വലയം ചെയ്തു കഴിഞ്ഞുവെന്നു അവക്കുറപ്പായി. തദവസരത്തിൽ അവർ (എല്ലാ ദൈവങ്ങളേയും വിട്ടു്) അല്ലാഹുവോടു് മാത്രം അനുസരണവും വണക്കവും പ്രകടിപ്പിച്ചുകൊണ്ടു് പ്രാൎത്ഥിക്കുന്നു: (അല്ലാഹുവേ!) ഇതിൽ നിന്നു് ഞങ്ങളെ രക്ഷിച്ചാൽ ഞങ്ങൾ നന്ദിയുള്ളവരായിരിക്കും. തീൎച്ച അങ്ങിനെ അല്ലാഹു അവരെ രക്ഷപ്പെടുത്തി. എന്നിട്ടവർ ഭൂമിയിൽ അന്യായമായി ദൈവധിക്കാരം പ്രവൎത്തിക്കുന്നു.”

ഇതേ ശിക്ഷമനസ്ഥിതിയെക്കുറിച്ചു് സൂറത്തുൽ ഖസ്വസിൽ അല്ലാഹു പറയുന്നു:

وَابْتَغِ فِيمَا آتَاكَ اللهُ الدَّارَ الْآخِرَةَ وَلَا تَنْسَ نَصِيبَكَ
مِنَ الدُّنْيَا وَأَحْسِنْ كَمَا أَحْسَنَ اللهُ إِلَيْكَ وَلَا
تَبْغِ الْفَسَادَ فِي الْأَرْضِ إِنَّ اللهَ لَا يُحِبُّ الْمُفْسِدِينَ ،
قَالَ إِنَّمَا أُوتِيتُهُ عَلَى عِلْمٍ عِنْدِي

“അല്ലാഹു നിനക്കു നല്കിയതിൽ പരലോകത്തിലേക്കു് വേണ്ടതു് നീ അന്വേഷിക്കുക. ഇഹലോകത്തിൽനിന്നു നിനക്കുള്ള ഓഹരി മറന്നുകളയരുതു്. അല്ലാഹു നിന്നെ അനുഗ്രഹിച്ചതുപോലെ നീ നന്മചെയ്യുക. ഭൂമിയിൽ

നാശം സൃഷ്ടിക്കാനാഗ്രഹിക്കരുത്. അല്ലാഹു നാശകാരികളെ ഇഷ്ടപ്പെടില്ല. (ഈ ഉപദേശത്തിനു പ്രത്യുത്തരമായി മനുഷ്യൻ പറയുന്നു) ഇത് (സമ്പത്ത്) എൻെറ വിദ്യ (സാമർത്ഥ്യം) കൊണ്ട് എനിക്കു ലഭിച്ചതാണ്."

സൂറത്തുൽ ഫജ്റിൽ പറയുന്നു:

فَأَمَّا الْإِنْسَانُ إِذَا مَا ابْتَلَاهُ رَبُّهُ فَأَكْرَمَهُ وَنَعَّمَهُ
فَيَقُولُ رَبِّي أَكْرَمَنِ وَأَمَّا إِذَا مَا ابْتَلَاهُ فَقَدَرَ عَلَيْهِ
رِزْقَهُ فَيَقُولُ رَبِّي أَهَانَنِ

"മനുഷ്യനെ തൻെറ 'റബ്ബ്' പരീക്ഷിച്ചുകൊണ്ട് ആദരിക്കുകയും അനുഗ്രഹിക്കുകയും ചെയ്താൽ അവൻ (സാഭിമാനം) പറയും, എൻെറ 'റബ്ബ്' എന്നെ ആദരിച്ചിരിക്കുന്നുവെന്ന്. നേരെ മറിച്ച് തൻെറ രക്ഷിതാവ് അവനെ പരീക്ഷിച്ചുകൊണ്ട് അവൻെറ ആഹാരം ഇടുക്കമാക്കിയാൽ അവൻ പറയും, എൻെറ 'റബ്ബ്' എന്നെ നിന്ദ്യനാക്കിയിരിക്കുന്നുവെന്ന്."

അസന്തുലിതാവസ്ഥ ബാധിച്ച ഹൃദയത്തിൻെറ അസ്വാസ്ഥ്യവും അസ്ഥിരതയുമാണ് ഈ തിരുവാക്യങ്ങളിൽ തുറന്നു കാട്ടിയിരിക്കുന്നത്. സൗഖ്യമാണെങ്കിൽ ആ ഹൃദയം ചിന്തിക്കുന്നതിങ്ങനെയാണ്: പ്രതാപവും യശസ്സും എനിക്കു ചേർന്നത്; എനിക്കു ലഭിച്ചതെല്ലാം എൻെറ യോഗ്യതയുടെയും അർഹതയുടെയും അടിസ്ഥാനത്തിൽ.

ഈ ചിന്താഗതി അവനെ അഹങ്കാരിയാക്കിത്തീർക്കുന്നു. തന്മൂലം അവൻ ഭൂമിയിൽ കുഴപ്പവും നാശവും സൃഷ്ടിച്ചുവിടാൻ ഒരുമ്പെടുന്നു. ദുഃഖവും ക്ലേശവും ബാധിക്കുമ്പോൾ ആ ഹൃദയം നേരെ കുത്തനെയാണ് ചിന്തിക്കുക: "അയ്യോ! എൻെറ ജീവിതം അമ്പേ തകർന്നുപോയി. ഞാനൊരു നീചൻ. ദൈവം എന്നെ വെടിഞ്ഞു" തന്മൂലം അവന്ന് ജീവിതത്തിൽ നിരാശ ബാധിക്കുന്നു. അവൻെറ ജീവിതം അലക്ഷ്യമായിത്തീരുന്നു. അവൻ തൻെറ വ്യക്തിത്വവും അഭിമാനവും അന്തസ്സും കളഞ്ഞുകുളിച്ച് അധമരിൽ അധമനായി താഴ്ന്നുപോകുന്നു.

ഒന്നുകിൽ ആനന്ദപ്രകടനവും ഔന്നത്യനാട്യവും നിമിത്തം ദൈവത്തിൻെറ സ്ഥാനം കയ്യേറാൻ ശ്രമിക്കുക, അല്ലെങ്കിൽ അധമത്വത്തിൻെറയും നിരാശയുടെയും പാതാളത്തിലേക്ക് ആണ്ടു പോവുക. ചിന്തയുടെ 'ബാലൻസ്" തെററിയ ഹൃദയത്തിൻെറ സ്ഥിതിയാണിത്. എന്തുകൊണ്ടാണീ അസന്തുലിതാവസ്ഥ മനുഷ്യഹൃദയത്തെ പിടികൂടുന്നത്? മേൽപറഞ്ഞ ചാപല്യങ്ങൾ എന്തുകൊണ്ടാണ് മനുഷ്യനിൽനിന്നു പ്രകടമാകുന്നത്? അവൻ ദൈവത്തെ ധിക്കരിച്ചതുകൊണ്ട്; തൻെറ പ്രതാപത്തിൽ അഹങ്കരിച്ചതുകൊണ്ട്; ദൈവാനുഗ്രഹങ്ങളെ തൻെറ ജന്മാവകാശങ്ങളെന്നു വിശ്വസിച്ചുപോയതുകൊണ്ട്. ശിർക്കുപരമായ ഒരു വിശ്വാസമാണിത്. അല്ലാഹുവിൻെറ ഏകത്വത്തിലും സർവ്വാധിപത്യത്തിലും ഉറച്ചുവിശ്വസിക്കുന്ന ഒരു സത്യവിശ്വാസിയുടെ ഹൃദയം അങ്ങനെയാവില്ല. അതിന്നു്

ഏതവസരത്തിലും സ്വാസ്ഥതയും സ്ഥിരതയുമുണ്ടാകും. പരിതസ്ഥിതികൾക്കനുസരിച്ച് അഭിപ്രായങ്ങൾ മാറിക്കൊണ്ടിരിക്കില്ല. സൗഖ്യവും ക്ലേശവും ദൈവത്തിന്റെ പക്കൽനിന്നാണെന്നും രണ്ടവസ്ഥയും പരീക്ഷണഘട്ടങ്ങളാണെന്നും അവൻ മനസ്സിലാക്കുന്നു. ദൈവത്തോട് കൃതജ്ഞത കാണിക്കുന്നുവോ അഹങ്കരിക്കുന്നുവോ എന്ന പരീക്ഷണാർത്ഥമാണ് ക്ഷേമൈശ്വര്യങ്ങൾ നല്കിയത്. ദൈവത്തിങ്കലേക്ക് ആശാനിർഭരമായ പ്രാർത്ഥനയോടെ മുന്നിട്ടുവരുന്നുവോ ദൈവകാരുണ്യത്തെക്കുറിച്ച് നിരാശപ്പെട്ട് കൃതഘ്നനാകുന്നുവോ- ഇതാണ് പരീക്ഷണം. ഏകദൈവവിശ്വാസിയായ മനുഷ്യൻ ഈ രണ്ടു ഘട്ടത്തിലും അല്ലാഹുവെ അവലംബിക്കുന്നു. ഒരടിമയുടെ 'ദീൻ' പരീക്ഷണവിധേയമാകുന്ന രണ്ടു ഘട്ടങ്ങളാണ് ക്ഷേമവും ദാരിദ്ര്യവും. മനുഷ്യന്റെ മതവിശ്വാസം പരീക്ഷണമാകുന്ന ഉരകല്ലിൽവെച്ച് പരിശോധിക്കപ്പെടും, തീർച്ച. ഒരടിമ ദൈവസന്നിധിയിൽ പ്രകാശിപ്പിക്കുന്ന ക്ഷമയുടേയും കൃതജ്ഞതയുടേയും സമുച്ചയമാണ് വാസ്തവത്തിൽ ദീൻ. ഞെരുക്കവും തിടുക്കവും നേരിടുമ്പോൾ ക്ഷമിക്കുക. സുഖവും സമൃദ്ധിയും ലഭിക്കുമ്പോൾ 'റബ്ബി'നോട് കൃതജ്ഞത കാണിക്കുക.— ഇതാണ് ഈമാനുള്ള ഹൃദയത്തിന്റെ സമതുലിതാവസ്ഥ. സർവ്വശക്തനും കരുണാനിധിയുമായ അല്ലാഹുവിൽ അടിയുറച്ചു വിശ്വസിക്കുന്ന ആ സത്യവിശ്വാസിയുടെ മനസ്സ് ഏതു ഘട്ടത്തിലും പതറാതെ ഉറച്ചുനില്ക്കും. ആപത്തുകൾ ആഞ്ഞടിക്കുമ്പോൾ അവൻ ഭയവിഹ്വലനാവുകയില്ല. ക്ഷേമാഭിവൃദ്ധിയിൽ ആശ്വാസം കൊള്ളുമ്പോൾ ഗർവ്വിഷ്ഠനാവുകയുമില്ല. അല്ലാഹുവിൽ പൂർണ്ണമായും ഭരമേല്പിച്ച

ആ അടിമ ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടപ്പോഴും, അദ്ദേഹത്തിൻെറ തല ഛേദിച്ചു കൊണ്ടുവരുന്നവൎക്കു് വമ്പിച്ച സമ്മാനവാഗ്ദാനങ്ങൾ പരസ്യപ്പെടുത്തിക്കൊണ്ടിരിക്കുമ്പോഴും, കറുത്തിരുണ്ട അന്ത്യനിമിഷം കൺമുമ്പിൽ നഗ്നമായി പ്രത്യക്ഷപ്പെട്ടപ്പോഴും അദ്ദേഹം തൻെറ ഏകനായ കൂട്ടാളിയെ സാന്ത്വനപ്പെടുത്തുന്നതിങ്ങിനെയായിരിക്കും: لَا تَحْزَنْ اِنَّ اللّٰهَ مَعَنَا

"വ്യസനിക്കരുത്. നിശ്ചയം അല്ലാഹു നമ്മോടൊപ്പമുണ്ടു്." അദ്ദേഹം ആയിരക്കണക്കിൽ യോദ്ധാക്കളുള്ള ഒരു വമ്പിച്ച സൈന്യവ്യൂഹത്തിൻെറ നായകത്വം വഹിക്കുന്ന സന്ദൎഭത്തിൽ- ഒരു രാജശ്രേഷ്ഠൻ അഹങ്കാരത്താൽ വഞ്ചിതനാകുന്ന സന്ദൎഭത്തിൽ-പോലും ദൈവസന്നിധിയിൽ വിനയാന്വിതനായിക്കൊണ്ടു് തൻെറ കുതിരപ്പുറത്തു് തിരുനെററി കുനിച്ചു് വെച്ചു് നമസ്കരിക്കുന്നതായി കാണപ്പെടും. ഒരിക്കലുമദ്ദേഹം ഭൗതികശക്തിയിലഹങ്കരിക്കില്ല. ഇങ്ങിനെ സമാധാനവും ശാന്തിയും സമതുലിതത്വവും സമാൎജ്ജിച്ച ഹൃദയത്തെയാണു് വിശുദ്ധ ഖുർആൻ النفس المطمئنة (ശാന്തിയാൎന്നമനസ്സ്) എന്നു സംബോധന ചെയ്യുന്നതു്:

يَا اَيَّتُهَا النَّفْسُ الْمُطْمَئِنَّةُ ارْجِعِى اِلَى رَبِّكِ رَاضِيَةً
مَرْضِيَّةً فَادْخُلِى فِى عِبَادِى وَادْخُلِى جَنَّتِى (فجر)

"സമാധാനം ആൎജ്ജിച്ച ഹൃദയമേ! നീ നിൻെറ 'റബ്ബി'ൻെറ അടുക്കലേക്കു് തൃപ്തിപൂണ്ടുകൊണ്ടും ദൈവപ്രീതിക്കു പാത്രമായിക്കൊണ്ടും മടങ്ങുക. എന്നിട്ടു് എൻെറ അടിയാറുകളുടെ കൂടെ ചേരുകയും എൻെറ സ്വൎഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യുക."

# 2 വേദക്കാരുടെ ശിർക്ക്

വേദക്കാരിൽ ജൂതർ, ക്രിസ്ത്യർ എന്നീ രണ്ടു കക്ഷികളെക്കുറിച്ചു ഖുർആനിൽ ധാരാളം പ്രതിപാദനങ്ങളുണ്ട്. ഖുർആനിനാൽ പ്രബോധിതമായ മതത്തിലെ 'മുഹമ്മദ് നബി(സ)തിരുമേനിയുടെ ദൗത്യ'മൊഴിച്ച് എല്ലാ മൗലികസിദ്ധാന്തങ്ങളും അവക്കു സമ്മതമായിരുന്നു. എത്രത്തോളമെന്നാൽ തൗഹീദ് (ഏകദൈവസിദ്ധാന്തം) പോലും അവക്കും മുസ്ലിംകൾക്കുമിടയിൽ സുസമ്മതയാഥാർത്ഥ്യമായിരുന്നു. അതായത് തത്വത്തെസ്സംബന്ധിച്ചിടത്തോളം തൗഹീദ്നിഷേധികളായിരുന്നില്ല വേദക്കാർ. തൗറാത്തി (പഴയ നിയമം) ൻെറയും ഇഞ്ചീലി (പുതിയ നിയമം) ൻെറയും സാന്നിദ്ധ്യത്തിൽ അതവക്കു സാദ്ധ്യമല്ലായിരുന്നു. പക്ഷെ, അവരതോടൊപ്പം ശിർക്കും കുഫ്റും കലർന്ന ഒട്ടുവളരെ വിശ്വാസകർമ്മങ്ങൾ വെച്ചുപോറുകയാണ് ചെയ്തിരുന്നത്. ആകയാൽ തൗഹീദിനെ ചർച്ചയുടെ അടിസ്ഥാനബിന്ദുവാക്കിക്കൊണ്ടാണ് ഖുർആൻ അവരുമായി വിവാദം നടത്തിയത്. തദടിസ്ഥാനത്തിൽ ഖുർആൻ അവരോടാവശ്യപ്പെട്ടു: "വേദക്കാരെ, നിങ്ങളുടെ ആദർശകർമ്മങ്ങളെ വൈരുദ്ധ്യത്തിൽനിന്നു സംശുദ്ധമാക്കുക. അതിന്നു തയാറല്ലെങ്കിൽ നിങ്ങളുടെ അന്തരംഗങ്ങളിലുള്ള തൗഹീദ്നിഷേധം തുറന്നു പ്രസ്താവിച്ച് തൗഹീദിൻെറ തേട്ടങ്ങളിൽനിന്നു നിരുത്തരവാദികളായിക്കൊൾക. അനന്തരം

നിങ്ങൾക്ക് അന്ധവിശ്വാസങ്ങളിൽ വട്ടംകറങ്ങി അധോ
ഗതിയുടെ പടുകുഴിയിൽ വീണു നശിക്കാം. അല്ലെങ്കിലെ
ന്തുകൊണ്ട് തൗഹീദാകുന്ന കൈത്തിരിയേന്തി നിങ്ങളുടെ
ആദർശവിശ്വാസങ്ങളെയും ആചാരസമ്പ്രദായങ്ങളെയും
കുറിച്ച് പുനഃപരിശോധന നടത്തുന്നില്ല?……………”

‘ആകാശഭൂമികളുടെ സ്രഷ്ടാവും നിയന്താവും സകല
ശക്തികളുടെയും ഉല്പാദകനും അല്ലാഹു മാത്രമാകുന്നു’വെ
ന്ന ആശയം അറേബ്യൻ മുശ്രിക്കുകൾക്കിടയിൽ അവി
തർക്കിതമായിരുന്നു. ഈ കേന്ദ്രാശയത്തിൽ ഊന്നിക്കൊ
ണ്ടാണ് ഖുർആൻ അവരുമായി വിവാദമാരംഭിച്ചത്.
ഖുർആൻ അവരോടു പറഞ്ഞു: ‘പ്രപഞ്ചത്തിന്റെ
സ്രഷ്ടാവും നിയന്താവും അല്ലാഹുവാണെന്നത് നിങ്ങ
ളുടെ വിശ്വാസമാണെങ്കിൽ ആ വിശ്വാസത്തിന്റെ
ഊടും പാവും മാററിക്കളയുന്ന അന്ധവിശ്വാസങ്ങൾ
കൈക്കൊള്ളുന്നതെന്തിന്?’ ഇങ്ങിനെയാണ് തൗഹീ
ദിനെക്കുറിച്ച് അവരുമായി നടത്തിയ വിവാദത്തിന്റെ
തുടക്കം. അതേപ്രകാരം വേദക്കാരുമായുള്ള വിവാദ
ത്തിൽ ഒരടി മുമ്പോട്ടുവെച്ച് തൗഹീദിനെ കേന്ദ്രബിന്ദു
വായി സ്വീകരിച്ചിരിക്കയാണ് ഖുർആൻ. ‘തൗഹീദ്
നിസ്തർക്കമായൊരാശയമാണെങ്കിൽ സകല വിശ്വാസാ
ചാരങ്ങളെയും തദടിസ്ഥാനത്തിൽ തിരുത്താനും അതേ
ഉരക്കല്ലിൽ പരിശോധിക്കാനും മുന്നോട്ടുവരിക’യെന്നു
ഖുർആൻ അവരോടാവശ്യപ്പെട്ടു. ഖുർആനിന്റെ ആ
ഹ്വാനം നോക്കുക:

قُلْ يَا أَهْلَ الْكِتَابِ تَعَالَوْا إِلَى كَلِمَةٍ سَوَاءٍ بَيْنَنَا
وَبَيْنَكُمْ أَلَّا نَعْبُدَ إِلَّا اللهَ وَلَا نُشْرِكَ بِهِ شَيْئًا وَلَا يَتَّخِذَ

بعضنا بعضا اربابا من دون الله فان تولوا
فقولوا اشهدوا بانا مسلمون (آل عمران)

“(നബി!) പറയുക, വേദക്കാരേ! ഞങ്ങൾക്കും നിങ്ങൾക്കും സമബാധകമായ ഒരു തത്വത്തിലേക്ക് നിങ്ങൾ വരിക: ‘നാം അല്ലാഹുവിന്നല്ലാതെ മററാക്കും ഇബാദത്ത് ചെയ്യരുത്; അവനോടു യാതൊന്നിനെയും പങ്കുചേക്കരുത്; നമ്മളിൽ ചിലർ മററു ചിലരെ അല്ലാഹുവിനെക്കൂടാതെയുള്ള ‘റബ്ബു’കളാക്കരുത്.’ (മുസ്ലിംകളേ!) ഇതിൽനിന്നവർ ഒഴിഞ്ഞുമാറുന്നുവെങ്കിൽ നിങ്ങളവരോടു പറയുക, ഞങ്ങൾ മുസ്ലിംകളാ (ദൈവത്തെ അനുസരിക്കുന്നവർ) ണെന്നതിന്നു നിങ്ങൾ സാക്ഷികളായിരിക്കുകയെന്നു്.”

അല്ലാഹുവിന്നു മാത്രം ഇബാദത്ത് ചെയ്യുക, യാതൊന്നിനേയും അവനോടു പങ്കുചേക്കാതിരിക്കുക, അല്ലാഹുവിനെയല്ലാതെ ആരേയും ‘റബ്ബ്’ായി സ്വീകരിക്കാതിരിക്കുക — ഇത്രയും കാര്യങ്ങൾ വേദക്കാക്കും മുസ്ലിംകൾക്കുമിടയിൽ സുസമ്മതമായിരുന്നുവെന്നു പ്രകൃത ഖുർആൻ വാക്യം വ്യക്തമാക്കുന്നുണ്ടല്ലൊ. പക്ഷെ ‘അല്ലാഹുവിനെയല്ലാതെ മററാരേയും ‘റബ്ബാ’യി സ്വീകരിക്കരുത്” എന്നു പറയുമ്പോൾ ‘മററാരേയും ‘റബ്ബ്” എന്നു വിളിക്കരുത്” എന്നാണവർ അത്ഥമാക്കിയിരുന്നത്. അല്ലാഹുവിന്നു പ്രത്യേകമായുള്ള ഗുണങ്ങളിലും അധികാരാവകാശങ്ങളിലും അന്യരെ പങ്കുചേക്കലും ‘അവൻ മാത്രമാണ് ‘റബ്ബ്” എന്നവാദവും തമ്മിൽ വൈരുദ്ധ്യമുണ്ടായിരുന്നില്ല, അവരുടെ പക്കൽ. ഉദാഹരണമായി, നിയമനിമ്മാണം അല്ലാഹുവിൻെറ പ്രത്യേകാവകാശമാണല്ലൊ.

ർത്തിലന്യക്ക് തീരെ പ്രവേശനമില്ല. അല്ലാഹുവിൻെറ ഈ പ്രത്യേകാവകാശം മററുള്ളവക്ക് വകവെച്ചുകൊടുക്കുന്നത് ശിർക്കാണ്. അവരെ നാവുകൊണ്ട് ദൈവം, അല്ലാഹു, റബ്ബ് എന്നിങ്ങിനെ വിളിക്കുന്നില്ലെങ്കിലും നിയമനിർമ്മാണാവകാശം അവക്ക് സമ്മതിച്ചുകൊടുക്കുകവഴി അവരെ 'ഹാകിമിയ്യത്ത്', 'റുബൂബിയ്യത്ത്'' എന്നീ ഗുണങ്ങളിൽ അല്ലാഹുവിൻെറ പങ്കാളികളാക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവാണ് തങ്ങളുടെ റബ്ബ് എന്നു ജൂതരും ക്രിസ്ത്യാനികളും വാദത്തിൽ സമ്മതിച്ചിരുന്നു. അതോടൊപ്പം ജീവിതത്തിൽ മനുഷ്യനിർമ്മിതനിയമങ്ങളെ നിരുപാധികം അംഗീകരിക്കുകയും ചെയ്തിരുന്നു. ഇതിൽ യാതൊരു വിരോധാഭാസവും അവക്ക് ദൃശ്യമായിരുന്നില്ല. ഇതിൻെറ പേരിൽ ഖുർആൻ അവരെ ആക്ഷേപിച്ചു. അവർ പണ്ഡിതപുരോഹിതന്മാരെ റബ്ബുകളാക്കുന്നുവെന്നു കുററപ്പെടുത്തി:

اتَّخَذُوا أَحْبَارَهُمْ وَرُهْبَانَهُمْ أَرْبَابًا مِنْ دُونِ اللهِ
وَالْمَسِيحَ ابْنَ مَرْيَمَ وَمَا أُمِرُوا إِلَّا لِيَعْبُدُوا إِلَٰهًا وَاحِدًا
لَا إِلَٰهَ إِلَّا هُوَ سُبْحَانَهُ عَمَّا يُشْرِكُونَ (توبة)

“അവർ തങ്ങളുടെ പണ്ഡിതന്മാരേയും പുരോഹിതന്മാരേയും അല്ലാഹുവിന്നു പുറമെ റബ്ബുകളായി സ്വീകരിച്ചു. മർയമിൻെറ മകൻ മസീഹിനേയും അവർ 'റബ്ബാ'ക്കി. ഏകഇലാഹിന്നു ഇബാദത്തു ചെയ്യാനല്ലാതെ അവർ ആജ്ഞാപിക്കപ്പെട്ടിരുന്നില്ല. അവൻ (അല്ലാഹു)

അല്ലാതെ ഒരു ഇലാഹും ഇല്ല. അവർ പങ്കുചേർക്കുന്നതിൽനിന്നു അവൻ പരിശുദ്ധനാകുന്നു.”

ഈ ആയത്തിന്റെ ആശയംസംബന്ധിച്ച് അദിയ്യിബ്നുഹാത്തമി (റ)ന്ന് അവ്യക്തതയുണ്ടായി. അദ്ദേഹം നബിതിരുമേനി (സ) യോട് അന്വേഷിച്ചു: പണ്ഡിതപുരോഹിതന്മാർ 'റബ്ബു'കളാണെന്ന് ജൂത ക്രിസ്തീയ വേദക്കാർക്ക് വാദമുള്ളതായി അറിവില്ല. അപ്പോൾ ഈ ആയത്തിന്റെ താല്പര്യമെന്ത്? തിരുമേനി പറഞ്ഞു: അല്ലാഹു അനുവദിച്ചതിനെക്കുറിച്ചു പുരോഹിതന്മാർ 'നിഷിദ്ധ'മെന്നു വിധിച്ചാൽ അത് നിഷിദ്ധമാകുമെന്നും, അല്ലാഹു 'നിഷിദ്ധ'മാക്കിയതിനെക്കുറിച്ച് പുരോഹിതന്മാർ 'ഹലാൽ' ആണെന്നു വിധിച്ചാൽ അത് അനുവദനീയമാകുമെന്നും അവർ കരുതുന്നില്ലേ? അദിയ്യ് (റ) പറഞ്ഞു: അത് ശരിയാണ്; വേദക്കാരുടെ സമ്പ്രദായം അങ്ങിനെത്തന്നെയാണ്. അപ്പോൾ നബിതിരുമേനി (സ) പറഞ്ഞു: فتلك عبادتهم اياهم (അതാണവർ പുരോഹിതക്കർപ്പിക്കുന്ന ഇബാദത്ത്).

ഇലാഹ്, റബ്ബ് എന്നീ പദങ്ങൾ ഒരുത്തനെപ്പററി പ്രയോഗിക്കുകയോ നിശ്ചിത ആചാരമനുസരിച്ചുള്ള ആരാധനാചടങ്ങുകൾ അവനർപ്പിക്കുകയോ വേണം; എങ്കിലേ അവൻ معبود ആവുകയുള്ളവെന്നായിരുന്നു അദിയ്യി (റ) ന്റെ ധാരണ. നബി (സ) ആ തെററിദ്ധാരണ തിരുത്തി. ഒരാളെ 'റബ്ബ്' എന്നു വിളിച്ചാലും ഇല്ലെങ്കിലും അല്ലാഹുവിന്നു മാത്രം അർഹമായ അധികാരാവകാശങ്ങൾ കൈകാര്യം ചെയ്യുവാൻ അയാൾക്ക് അർഹതയുണ്ടെന്നു വിശ്വസിച്ചാൽ അത്

ശിർക്കാണെന്നും തദടിസ്ഥാനത്തിൽ അയാളുടെ നിയമനിർദ്ദേശങ്ങളനുസരിച്ചുള്ള പ്രവർത്തനം അയാൾക്കുള്ള ഇബാദത്താണെന്നും നബിതിരുമേനി (സ) സോദാഹരണം വ്യക്തമാക്കി. ഏതൊരുത്തനെക്കുറിച്ചു ജീവിതനിയമവ്യവസ്ഥകൾ നിർമ്മിക്കാൻ അർഹനെന്നു വിശ്വസിക്കുന്നുവോ അവനെ ഫലത്തിൽ ദൈവത്തിന്റെ സ്ഥാനത്തേക്ക് അവരോധിക്കുകയാണ്. അയാളുടെ മുമ്പിൽ 'അടിമത്തം' വരിക്കുകയാണ്. 'അടിയൻ' എന്ന് നാവുകൊണ്ടു പറഞ്ഞാലും ഇല്ലെങ്കിലും.

മേലുദ്ധരിച്ച ആയത്തിൽ വേദക്കാരുടെ രണ്ടുതരം ശിർക്കിനെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്. (1) പണ്ഡിതപുരോഹിതന്മാരെ 'റബ്ബു'കളാക്കൽ. (2) ഏശുക്രിസ്തുവിനെ 'റബ്ബാ'ക്കൽ. മറെറാരുവിധത്തിൽ പറഞ്ഞാൽ പുരോഹിതപൂജ, ക്രിസ്തുപൂജ എന്നീ രണ്ടുതരം ശിർക്കിനെക്കുറിച്ചുള്ള പരാമർശമാണ് പ്രകൃത സൂക്തത്തിലുള്ളത്. വേദക്കാരിലുണ്ടായിരുന്ന ശിർക്കിന്റെ ഇനങ്ങളെക്കുറിച്ചുള്ള പൊതുവിവരണം ചുവടെ വരുന്നു.

## 1. പുരോഹിതപൂജ

ജൂതരെസ്സംബന്ധിച്ചേടത്തോളം കുപ്രസിദ്ധമായൊരു വസ്തുതയാണ് തങ്ങളുടെ മതവിധികളിൽ സിംഹഭാഗവും അവർ വിസ്മരിച്ചുകളഞ്ഞുവെന്നത്. ഇതിന്റെ പേരിൽ വി: ഖുർആൻ അവരെ അധിക്ഷേപിച്ചു:

فَنَسُوا حَظًّا مِّمَّا ذُكِّرُوا بِهِ ( مائدة )

"അവക്കു ഉദ്ബോധനംചെയ്യപ്പെട്ട കാര്യങ്ങളിൽ ഗണ്യമായൊരു ഭാഗം അവർ വിസ്മരിച്ചു." ബനൂ ഇസ്രാഈൽക്കാരിൽ (അറബികളിൽ) അന്ത്യപ്രവാചകൻെറ നിയോഗം, ഇബ്രാഹീം നബി (അ)യുടെ കേന്ദ്ര ദേവാലയം, ഖിബ്‌ല, ബലിനിയമം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് പൂർവ്വവേദങ്ങളിൽ വന്ന പ്രതിപാദ്യങ്ങളിൽ വേദക്കാർ കയ്യേററം നടത്തി. വ്യഭിചാരം, മോഷണം, കൊലപാതകം മുതലായ കുററങ്ങൾക്കുള്ള ശിക്ഷാനിയമങ്ങൾ തൗറാത്തിൽനിന്നു വെട്ടുകയും തിരുത്തുകയും ചെയ്തു. ശരീഅത്തിൻെറ നിരവധി നിർദ്ദേശങ്ങളെ 'നിയമവ്യാഖ്യാന'മാകുന്ന തിരശ്ശീല കൊണ്ടു മൂടി. ഭൗതികതാല്പര്യങ്ങൾക്ക് വേണ്ടി അസംഖ്യം 'ഫത്‌വ'കൾ പുറത്തിറക്കി. അതിനെല്ലാം പുറമെ തങ്ങളുടെ സ്വയംകൃത നിയമങ്ങളെ 'തൗറാത്തിൻെറ വിധികളാ'ണെന്നു കൊട്ടിഘോഷിച്ചു പാമരജനങ്ങൾക്കിടയിൽ മതത്തിൻെറ പേരും പറഞ്ഞു നടപ്പിലാക്കി. ഇതിൻെറയെല്ലാം ഫലമായി ജൂതശരീഅത്തിൻെറ സകല മുക്കുമൂലകളിൽ നിന്നും അല്ലാഹുവിൻെറ 'അധീശത്വം' തേഞ്ഞുമാഞ്ഞു പോയി. തൽസ്ഥാനത്ത് പുരോഹിതരുടെ 'ദിവ്യത്വം' കയറിക്കൂടി. അങ്ങിനെ ദൈവനിയമങ്ങൾക്കു പകരം പുരോഹിതനിയമങ്ങൾ പിന്തുടരുന്ന ഒരു വിഭാഗമായി അധഃപതിച്ചു, പില്ക്കാലത്ത് ജൂതർ. ഈ പ്രക്രിയകളെക്കുറിച്ചെല്ലാം വി: ഖുർആൻ കണക്കിനു ആക്ഷേപിച്ചിട്ടുണ്ട്.

വേദക്കാരുടെ അധഃപതനത്തിനും വ്യതിയാനത്തിനുമുള്ള പ്രധാനകാരണങ്ങളിലൊന്നു് അവരുടെ ഇജ്‌തിഹാദ് (വിചക്ഷണശീലം) പില്ക്കാലത്ത് പററെ നിലച്ചു നശിച്ചുപോയി എന്നതാണ്. ബൈബിൾ

KOTTAYAM PUBLIC LIBR... KOTTAYAM.

ചരിത്രത്തിലേക്കും ജൂതരുടെ നിയമനിർമ്മാണസമ്പ്രദായത്തിലേക്കും കണ്ണോടിച്ചു നോക്കുക. ജൂതക്രൈസ്തവലോകത്ത് 'ഇജ്തിഹാദ്' മരവിക്കുകയും അനന്തരം അവർ, പണ്ഡിതന്മാർ വരച്ചുവെച്ച കർമ്മശാസ്ത്രത്തിന്റെ കുടുക്കുകളിൽ കെട്ടിപ്പിണയുകയും ചെയ്തതായിക്കാണാം. അവരുടെ എല്ലാ ഗോത്രക്കാർക്കും ന്യായാധിപന്മാരുണ്ടായിരുന്നു. ജീവിതവ്യവഹാരങ്ങളിൽ ഉൽഭൂതമാകുന്ന തർക്കപ്രശ്നങ്ങളിൽ തീരുമാനം കല്പിക്കൽ ആ ന്യായാധിപന്മാ (ഖാസിമാർ)രുടെ ചുമതലയാണ്. തൗറാത്തിൽ വ്യക്തമായ നിയമം വന്നിട്ടില്ലാത്ത പ്രശ്നങ്ങളെക്കുറിച്ച് ന്യായപ്രമാണത്തിലെ അടിസ്ഥാനനിർദ്ദേശങ്ങളുടെയും പ്രവാചകചര്യകളുടെയും വെളിച്ചത്തിൽ വിചക്ഷണനിരീക്ഷണങ്ങൾ നടത്തി ദൈവഹിതത്തോടു കൂടുതൽ യോജ്യമായ തീരുമാനം കണ്ടെത്താൻ ശ്രമിക്കുകയാണ് ന്യായാധിപന്മാർ ചെയ്യേണ്ടിയിരുന്നത്. അതിന്നാണ് 'ഇജ്തിഹാദ്' എന്നു പറയുന്നതു്. അവർ പക്ഷേ ആ ഭാരിച്ച ചുമതല അധികകാലം നിർവ്വഹിക്കാൻ കൂട്ടാക്കിയില്ല. കാലാന്തരത്തിൽ സംഭവിച്ചതെന്തെന്നല്ലേ? ന്യായാധിപന്മാർ പ്രശ്നങ്ങളെ മഹാപുരോഹിതന്റെ മുമ്പിൽ സമർപ്പിക്കുകയും അദ്ദേഹം കല്പിച്ചരുളുന്നത് അന്ധമായി സ്വീകരിക്കുകയും ചെയ്യുക പതിവായി. ദൈവഹിതമറിയാനുള്ള ഒരഭൗമ മാർഗ്ഗമായിരുന്നു അവരുടെ പക്കൽ പുരോഹിതൻ. അദ്ദേഹം ദേവാലയത്തിലെ 'പരിശുദ്ധ മന്ദിരത്തി'ന്റെ ഉള്ളിലാണിരിക്കുക. അവിടെ ഒരു തിരശ്ശീല തൂക്കിയിട്ടിരിക്കും. തിരശ്ശീലക്കു പുറകിൽ ന്യായപ്രമാണം അടക്കംചെയ്ത 'പെട്ടകം' വെച്ചിരിക്കും. ദൈവം മഹാപുരോഹിതന്നു 'രഹസ്യബോധനം' നല്കുന്ന കേന്ദ്രനിലയമാണത്. അദ്ദേഹം അവിടന്ന് യഹോവയുടെ

വിധികളെക്കുറിച്ച രഹസ്യബോധനം ലഭിച്ചതായി പ്രഖ്യാപിക്കും. അതെല്ലാവരും ശിരസാവഹിച്ചുകൊള്ളണം. അന്ധവിശ്വാസത്തിൻേറതായ ഈ വഴക്കം ജൂത സമുദായത്തെ അടക്കി ഭരിച്ചുപോന്നു. 'ഇജ്ത്തിഹാദി'ൻെറ വീര്യം നശിച്ച ആ നിർജ്ജീവസമുദായം പുരോഹിതന്മാരെ തഖ്ലീദ് ചെയ്യുക (അന്ധമായി അനുകരിക്കുക)യെന്ന 'ബിദ്അത്തി'ൽ ചെന്നുചാടിയ ദാരുണകഥയാണിത്. മി. ബഞ്ച്ലി തൻെറ *The Theory of the State* എന്ന ഗ്രന്ഥത്തിലെ **Theocracy** എന്ന അദ്ധ്യായത്തിൽ ഈ 'പുരോഹിതപൂജ'യെ പരാമർശിച്ചെഴുതിയിരിക്കുന്നു:

"ദൈവനിയമം സ്വർണ്ണം പൂശിയ ഒരു പെട്ടകത്തിൽ വെച്ചിരിക്കും. രണ്ടു കരൂബിയന്മാർ(മലക്കുകൾ) അതിനെ കാത്തുനില്ക്കും. ദിവ്യബോധനം വെളിപ്പെടുന്ന കേന്ദ്രനിലയമെന്നസമുന്നത നിലപാടിൽ ആ പെട്ടകം ആദരിക്കപ്പെടുന്നു. പെട്ടകം ദേവാലയത്തിന്നുള്ളിൽ ഒരു തിരശ്ശീലക്കു പിന്നിലുള്ള 'പരിശുദ്ധമന്ദിര'ത്തിലായിരിക്കും. പുരോഹിതന്മാരതിനെ സർവ്വപ്രധാനമായി കാത്തു രക്ഷിച്ചു പോരുന്നു. ഇവിടെനിന്നാണ് മഹാപുരോഹിതൻ യഹോവയുടെ കല്പനകൾ ഗ്രഹിച്ച് ജനങ്ങളെ അറിയിക്കുന്നതു്."

"ഓരോ ഗോത്രങ്ങളിലും മതവ്യവസ്ഥ നടപ്പിലാക്കാൻ നിയമിക്കപ്പെട്ടിരുന്ന ന്യായാധിപന്മാർ വിധി പ്രസ്താവിക്കുകയും നിയമം നടത്തുകയും ചെയ്തിരുന്നത് ദൈവത്തിൻെറ പേരിലായിരുന്നു. കാരണം നിയമനിർമ്മാണാവകാശം അടിസ്ഥാനപരമായി ദൈവത്തിൻേറതാണെന്നായിരുന്നു വെപ്പ്. പക്ഷെ,

വിധി പ്രസ്താവിക്കാൻ പ്രയാസം തോന്നുന്ന പ്രശ്നങ്ങൾ വന്നാൽ പുരോഹിതർ മുഖേന ദൈവഹിതമെന്തെന്നാരായൽ അവൎക്ക് നിൎബ്ബന്ധമായിരുന്നു.”

ചിന്തിച്ചു നോക്കുക, തൗഹീദ്‌വാദികളായ വേദക്കാരുടെ ഈ വഴക്കം ബിംബാരാധകരായ സമുദായങ്ങളോടുള്ള പൂൎണ്ണമായ അനുകരണമല്ലാതെ മറെറന്താണ്? യഹൂദിസം ഈ ശിൎക്ക് സമ്പ്രദായം സ്വായത്തമാക്കിയത് അതിന്റെ തകൎച്ചയുടെ ഘട്ടത്തിലാണ്. ഈജിപ്ത്, ഇറാഖ്, നീനവാ മുതലായ രാജ്യങ്ങളിലെ വിഗ്രഹാരാധകരുടെ വഴക്കമെന്തായിരുന്നുവെന്നു നോക്കുക. അമ്പലത്തിലെ പൂജാരിയുടെ മുമ്പിൽ കൊണ്ടുവരപ്പെടുന്ന പ്രധാന കേസ്സുകളെക്കുറിച്ച് തീരുമാനം ദുഷ്കരമെങ്കിൽ പ്രശ്നം വിഗ്രഹങ്ങളുടെ മുമ്പിൽ സമൎപ്പിക്കും. അവിടുന്ന് അശരീരി മുഖേന അദൃശ്യലോകത്തെ തീരുമാനം ഗ്രഹിച്ചശേഷം പൂജാരി വിധി പ്രസ്താവിക്കും. ഇതായിരുന്നു പതിവ്. ജാഹിലിയ്യാ അറബികൾ വിഗ്രഹാലയങ്ങളിൽ ഹാജരായി ശകുനം കുറിക്കുന്ന ശരങ്ങൾ വഴിയായിട്ടാണ് തങ്ങളുടെ ദേവീദേവന്മാരുടെ ഇംഗിതങ്ങൾ മനസ്സിലാക്കിയിരുന്നത്. ഇത്തരം അന്ധവിശ്വാസജഡിലമായ ശിൎക്ക് സമ്പ്രദായം തന്നെയാണ് വേദം പേറിയ ജൂതരും കൈക്കൊണ്ടതെന്നു വ്യക്തം. അവരുടെ ‘പരിശുദ്ധമന്ദിര’ത്തിലെ പെട്ടകം പൂജ്യവസ്തുവായിരുന്നു. ആ പെട്ടകവും വിഗ്രഹാലയത്തിലെ ബിംബവും തമ്മിൽ വ്യത്യാസമെന്തുണ്ട്? രണ്ടും അഭൗമവിധികളറിയാനുള്ള മാൎഗ്ഗങ്ങൾ. ഇപ്പോൾ നോക്കുക. ജൂതന്മാർ പുരോഹിതമൊഴികളെ ദൈവവാക്യങ്ങളെപ്പോലെ സ്വീകരിച്ചു; പുരോഹിതനു് അദൃശ്യമാൎഗ്ഗേണ മതനിയമങ്ങളറിയാൻ സാധിക്കുമെന്നും. അദ്ദേഹം

معصوم (തെററുപററാത്തവൻ) ആണെന്നും അവർ വിശ്വസിച്ചു. ഇങ്ങിനെയുള്ള അന്ധവിശ്വാസങ്ങളിലൂടെയും, ദുരാചാരങ്ങളിലൂടെയുമാണ് പുരോഹിതവൃന്ദം ജൂതസമുദായത്തിലെ 'റബ്ബു'കളായിത്തീർന്നത്. പണ്ഡിതന്മാരുടെ അഭിപ്രായങ്ങളെ മതനിയമങ്ങളെന്നോണം കണ്ണടച്ചു സ്വീകരിക്കുന്നവർ നാമത്തിൽ മുസ്ലിംകളാണെങ്കിലും ശിക്കാകുന്ന മഹാ പാതകത്തിലേക്കാണ് വഴുതിവീഴുന്നതെന്നു ഇവിടെവെച്ച്ഓർക്കുന്നത് നന്ന്.

ക്രൈസ്തവലോകത്തിന്റെ സ്ഥിതി കൂടുതൽ വികലവും വികൃതവുമാണ്. ആരാണീ ക്രൈസ്തവർ? അവർ വാസ്തവത്തിൽ ഒരു സ്വതന്ത്രസമുദായമല്ല. അവർക്ക് സ്വന്തമായി പുതിയ ശരീഅത്ത് ലഭിച്ചിട്ടില്ല. പഴയ ജൂതരിൽനിന്നടലെടുത്ത ഒരു പുതിയവിഭാഗം മാത്രമാണവർ. ഈസാനബി (സ) പ്രഖ്യാപിച്ചതിങ്ങനെയാണ്: "എന്റെ ആഗമനം തൗറാത്തിനെ ദുർബ്ബലപ്പെടുത്താനല്ല. പ്രത്യുത അതിനെ പൂർത്തീകരിക്കാനാണ്. തൗറാത്ത്നിയമങ്ങൾ മുഴുവൻ പൂർണ്ണമാംവിധം പുനഃസ്ഥാപിക്കപ്പെടുകതന്നെവേണം. അതിലെ ഒരക്ഷരംപോലും തൽസ്ഥാനത്തുനിന്നിളക്കാൻ പാടില്ല." ഈസാ (അ) പുതിയ ശരീഅത്ത് കൊണ്ടുവന്നിട്ടില്ലെന്നർത്ഥം. ദീനിന്റെ മൗലികാദർശങ്ങളും ധാർമ്മികോപദേശങ്ങളുമാണ് ഇഞ്ചീലിലുള്ളത്. ക്രിസ്ത്യാനികൾക്കുള്ള ന്യായപ്രമാണം തൗറാത്ത് തന്നെയായിരുന്നു. ഏശു അവർക്ക് ദീനിന്റെ ആന്തരാത്മാവിനെ പരിഗണിച്ച് ശിക്ഷണശീലനങ്ങൾ നല്കി. നിയമവ്യവസ്ഥകളെസ്സംബന്ധിച്ചിടത്തോളം തൗറാത്തിനെ അപ്പടി പിന്തുടരുവാൻ കല്പിക്കുകയും ചെയ്തു. ജൂതരുടെ സ്വയംകൃത

നിയമങ്ങളിൽ നിന്നു തൗറാത്തിനെ സംസ്കരിക്കുക മാത്രമേ തദ്വിഷയകമായി അദ്ദേഹത്തിനു ചെയ്യാനുണ്ടായിരുന്നുള്ളൂ.

ഈസാനബി (അ) ക്കുശേഷം അദ്ദേഹത്തിൻെറ പിൻഗാമികളും ശിഷ്യന്മാരും ഇതേ നില തുടൎന്നു. ക്രിസ്ത്യാനികളുടെ ആദ്യചരിത്രം പരിശോധിച്ചാലിതു് വ്യക്തമാകും. അവർ തൗറാത്തിനെ അടിസ്ഥാന നിയമഗ്രന്ഥമായി സ്വീകരിച്ചിരുന്നു. പക്ഷെ പില്ക്കാലത്ത് ക്രൈസ്തവലോകത്ത് വമ്പിച്ച മാററങ്ങൾ സംഭവിച്ചു. യഥാൎത്ഥ ക്രിസ്തുശിക്ഷണങ്ങളിൽനിന്നവർ വിദൂരം അകന്നുപോയി. ഈ വ്യതിയാനചരിത്രത്തിൽ ഏററവും ഗുരുതരമായ നീക്കമാണ് സെൻറ് പോളിൻെറ 'പരിഷ്കരണ'സംരംഭം. അദ്ദേഹം ക്രിസ്തുമതത്തിൻെറ അകവും പുറവും മാററിമറിച്ചുകളഞ്ഞു. അദ്ദേഹമാണ് ക്രിസ്ത്യാനികളെ ഒരു 'പ്രത്യേക സമുദായ'മാക്കിത്തീൎത്തത്. തൗറാത്തിലെ ശരീഅത്ത് വ്യവസ്ഥ ഇസ്രാഈല്യൎക്കു മാത്രം ബാധകമാണെന്നും ഇസ്രാഈല്യരല്ലാത്തവർ അതിൻെറ നിയമങ്ങൾ പാലിക്കേണ്ടതില്ലെന്നും പോൾ വിധികല്പിച്ചു. തൗറാത്തിൽ 'ഹറാമാ'യിരുന്ന മദ്യം, പന്നിമാംസം മുതലായവ അദ്ദേഹം ക്രിസ്ത്യാനികൾക്കു 'ഹലാൽ' ആക്കി. ഈസാനബി (അ)യുടെ യഥാൎത്ഥ ശിഷ്യന്മാർ മി. പോളിൻെറ 'പരിഷ്കരണങ്ങ'ളെ എതിൎത്തു. ശക്തിയായ വാഗ്വാദങ്ങൾ നടന്നു. പക്ഷെ, പോളിൻെറ 'പരിഷ്കാരങ്ങൾ' റോമക്കാരുടെയും മററു ജനവിഭാഗങ്ങളുടെയും ദുൎവ്വാസനകളെ അധികമധികം ആകൎഷിച്ചുകൊണ്ടിരുന്നു. പ്രായേണ അവയ്ക്കു് ക്രൈസ്തവലോകത്ത് പ്രചാരവും പ്രാബല്യവും സിദ്ധിച്ചു. അങ്ങിനെയവർ

തൗറാത്തിൽനിന്നു കുതറിച്ചാടിയ 'സ്വതന്ത്രസമുദായ'മായിത്തീൎന്നു. ഈ 'പുത്തൻ സമുദായ'ത്തിന്നു് നിയമപുസ്തകം ഉണ്ടായിരുന്നില്ല അതെ, നിയമസംഹിത വിനഷ്ടമായൊരു സമുദായമായിത്തീൎന്നു പോളിന്റെ 'പരിഷ്കരണസംരംഭ'ത്താൽ ക്രിസ്ത്യാനികൾ. അവരുടെ പക്കലുള്ള ഇഞ്ചീലാകട്ടെ നിയമപുസ്തകമല്ലതാനും. ഫലമെന്തായെന്നല്ലേ? അല്ലാഹുവിന്റെ നിയമങ്ങൾക്കു പകരം പണ്ഡിതപുരോഹിതന്മാരുടെ സ്വയംകൃതനിയമങ്ങൾ സ്വീകരിക്കാൻ അവർ നിൎബ്ബന്ധിതരായി. അങ്ങിനെ അവരും പുരോഹിതപൂജയിലേക്കു തള്ളപ്പെട്ടു. 'പുരോഹിതൻ വിധിച്ചതു് മതവിധി' എന്നായി വെപ്പു്.

കോൺസ്റ്റാൻറൈറൻ രാജാവിന്റെ കാലംമുതൽ റോമാചക്രവൎത്തിമാരുടെ ഖഡ്ഗങ്ങൾ ക്രിസ്തുമതത്തോടുള്ള വൈരാഗ്യം വെടിഞ്ഞു് അനുകൂലവണ്ണം സ്വീകരിക്കുകയുണ്ടായി. ആ കാലഘട്ടത്തിൽ പൗരോഹിത്യത്തിന്റെ മഹത്വം ഉച്ചകോടിയിലേക്കുയൎന്നു. എത്രത്തോളമെന്നാൽ 'പോപ്പുതിരുമേനി'യുടെ നിയമങ്ങളെ സൎവ്വാധിനാഥനായ ദൈവത്തിന്റെ നിയമങ്ങളെന്ന നിലയിൽ സ്വീകരിച്ചുകൊള്ളണമെന്നു് ചക്രവൎത്തി തിരുമനസ്സുകൊണ്ടു് ഉത്തരവിടുക പതിവായി. 'പുണ്യവാളന്മാരായ പുരോഹിതർ ഭൂലോകത്തു് വിധിക്കുന്നതു് ആകാശലോകത്തെ തീരുമാനം. അവർ ഭൂമിയിൽ അംഗീകരിച്ചതു് ആകാശലോകത്തു് അംഗീകൃതമായിക്കൊള്ളണം. പുരോഹിതന്മാരുടെ ജിഹ്വകൾക്കു് ദൈവത്തിന്റെ പ്രാതിനിധ്യമുണ്ടു്. അവരിവിടെവെച്ചു് ഒരുത്തനു മാപ്പു് നല്കിയാൽ ആകാശത്തിലവന്നു് മാപ്പു് ലഭിക്കും'—എന്നിങ്ങിനെയുള്ള വിശ്വാസങ്ങൾ ക്രിസ്ത്യർ വെച്ചുപുലൎത്തി. മററു വാക്കുകളിൽ

പറഞ്ഞാൽ 'പുരോഹിതന്മാർ ദൈവത്തിൻെറ നിയമങ്ങളനുസരിക്കുകയെന്നതിന്നുപകരം ദൈവം പുരോഹിതന്മാരുടെ കല്പനകൾ സ്വീകരിച്ചുകൊള്ളണം' എന്നതുവരെയെത്തി അവരുടെ പുരോഹിതപൂജ!

## 2. ക്രിസ്തുപൂജ

മർയമിൻെറ മകൻ മസീഹ് (അ) ദൈവമാണെന്നു വാദിച്ചു, പില്ക്കാലത്ത് ക്രിസ്ത്യാനികൾ. ഈ 'ഫിത്ന' വിതച്ചതും മി. പോൾ തന്നെയാണെന്നാണ് അവരുടെ മതംസമായ തത്വശാസ്ത്രത്തിൻെറയും വാദകോലാഹലങ്ങളുടെയും ചരിത്രത്തിൽനിന്നു മനസ്സിലാകുന്നത്. മശീഹായുടെ ശിഷ്യർ 'അഭ്യസ്തവിദ്യരാ'യിരുന്നില്ല. സെൻറ് പോൾ ആകട്ടെ യവനതത്വശാസ്ത്രത്തിലും ഗ്രീക്ക തസവ്വുഫിലും നിപുണനായിരുന്നു. അദ്ദേഹം ഇഞ്ചീലിന്നു ഒരു പുതിയ വ്യാഖ്യാനമാവിഷ്കരിച്ചു. അഗാധ തത്വങ്ങളും വ്യംഗ്യാർത്ഥങ്ങളും ഗ്രഹിക്കാനശക്തരായ ക്രിസ്തുശിഷ്യന്മാരുടെ വാക്കുകൾ തനിക്കു സ്വീകരിക്കേണ്ടതില്ലെന്നും തൻെറ വിജ്ഞാനം ആത്മദർശനംവഴി ക്രിസ്തുവിൽനിന്നു നേരിട്ടു സിദ്ധിച്ചതാണെന്നും അദ്ദേഹം വാദിച്ചു. 'മതപരിഷ്ക്കർത്താവാ'യ പോളിന്നു ഇഞ്ചീലിൻെറ മൂലഭാഷയായ ഹിബ്രു തീരെ വശമുണ്ടായിരുന്നില്ലെന്നതു രസാവഹമത്രെ! അറബി പഠിക്കാത്ത ഒരനറബിക്ക് ഖുർആനിൻെറ ഭാഷാശൈലിയുമായുള്ള ബന്ധമേപോളിന്നു ഇഞ്ചീലുമായുണ്ടായിരുന്നുള്ളു. ഖുർആനിൻെറയും ഹദീസിൻെറയും മൂലഭാഷയെക്കുറിച്ചു അജ്ഞരും, ഗ്രീക്കുകാരുടെ തത്വശാസ്ത്രവും

തസവ്വുഫും കൊണ്ട് ഹൃദയമസ്തിഷ്കങ്ങൾ വിഷകല്മഷിതമായിത്തീർന്നവരുമായ അനറബികൾ മുഖേനയാണ് ഇസ്ലാമിൽ അനിസ്ലാമികവിശ്വാസാചാരങ്ങൾ ഏറിയ കൂറും നുഴഞ്ഞുകയറിയതെന്ന് ഇസ്ലാമികചരിത്രം മനസ്സിലാക്കിത്തരുന്നുണ്ട്. അതുപോലെ ഹീബ്രു വശമില്ലാത്ത, യവനതത്വശാസ്ത്രത്തിൽ നൈപുണ്യം നേടിയ പോൾ ഇഞ്ചീലിൻെറയും ക്രിസ്തുമതത്തിൻെറയും ആകൃതിയും പ്രകൃതിയും മാററിക്കളഞ്ഞു. തത്വവാദ (*Gnosticism*) ത്തിലുള്ള അതിർകവിഞ്ഞ അഭിരുചിയും എങ്ങിനെയെങ്കിലും റോമക്കാർക്കിടയിൽ ക്രിസ്തീയതക്ക് സ്വീകാര്യതയുണ്ടാകണമെന്ന അത്യാഗ്രഹവുമായിരുന്നു പോളിൻെറ ചിന്താഗതിയിൽ സ്വാധീനം ചെലുത്തിക്കൊണ്ടിരുന്ന വസ്തുതകൾ. അതിനാൽ സ്വാഭാവികമായും ഏശുവിൻെറ സാക്ഷാൽ പ്രബോധനങ്ങൾ അദ്ദേഹത്തിന്നു രുചിക്കാൻ കാരണമില്ലല്ലൊ. തൻെറ തത്വവാദത്തോടും റോമക്കാരുടെ മതസങ്കല്പങ്ങളോടും നിഷ്പ്രയാസം ഇണങ്ങുന്ന കാര്യങ്ങളിലേ അദ്ദേഹത്തിന്നു താല്പര്യമുണ്ടായുള്ളു. ഈ മാനസിക നിലപാട് പോളിൻെറ സകല പ്രവൎത്തനങ്ങളിലും നിഴലിച്ചു കാണാം. അദ്ദേഹത്തിൻെറ ചെയ്തികളിൽനിന്നു് ക്രിസ്തുവിൻെറ പേരിലുള്ള ദിവ്യത്വാരോപണത്തെക്കുറിച്ചു മാത്രമെ ഇവിടെ പരാമൎശിക്കുന്നുള്ളു.

ഈസാ (അ) യെപ്പററി 'ഇബ്ൻ' എന്നും അല്ലാഹുവെപ്പററി 'അബ്' എന്നും പ്രയോഗിച്ചിട്ടുണ്ട്, ഇഞ്ചീലിൽ. യഥാക്രമം പുത്രൻ, പിതാവ് എന്നാണവയുടെ അൎത്ഥങ്ങൾ. അതേ ഇഞ്ചീലിൽതന്നെ പലസ്ഥലങ്ങളിലും ഈസാ (അ) യെ 'ആദമിൻെറ പുത്രൻ' എന്നു

വിളിക്കുകയും ഏകദൈവസിദ്ധാന്തം പ്രസ്പഷ്ടമായി
സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. തദ്വിഷയകമായി
ഈസാ(അ)യുടെ ശിഷ്യന്മാൎക്ക് തീരെ ആശയക്കുഴപ്പമു
ണ്ടായിരുന്നില്ല. കാരണം ഹിബ്രുഭാഷയിൽ 'ഇബ്നി'
ന്ന് അടിമയെന്നും പുത്രനെന്നും 'അബി'ന്ന് പിതാവ്
എന്നും റബ്ബ് (കൎത്താവ്) എന്നും അൎത്ഥങ്ങളുണ്ട്.
ഇതവൎക്ക് സുപരിചിതങ്ങളായിരുന്നു. ഇഞ്ചീലിൽ
'ഇബ്നുല്ലാഹി' എന്നാൽ അല്ലാഹുവിന്റെ
അടിമയെന്നും 'അബീ' എന്നാൽ എന്റെ കൎത്താവ്
എന്നും അൎത്ഥമാണെന്നവൎക്കറിയാമായിരുന്നു. പൊതുവെ
പറഞ്ഞാൽ ഇത്തരം പദപ്രയോഗങ്ങൾ അവ്യക്ത
തയ്ക്കിടം നല്കിയാലും കുഴപ്പമുണ്ടായിരുന്നില്ല. എന്തു
കൊണ്ടെന്നാൽ ഏകദൈവസിദ്ധാന്തത്തെക്കുറിച്ചു
ഖണ്ഡിതവും സുവ്യക്തവുമായ അദ്ധ്യയനങ്ങൾ ഇഞ്ചീ
ലിൽ ധാരാളമുണ്ടായിരുന്നു. അവയുടെ വെളിച്ചത്തിൽ
ആശയക്കുഴപ്പങ്ങൾ ദൂരീകരിക്കാൻ ഏവൎക്കും സാധിക്കുമാ
യിരുന്നു. വേദങ്ങളിലെ അവ്യക്തതകളിൽ പിടിച്ചുതൂങ്ങി
നൂതന സിദ്ധാന്തങ്ങളാവിഷ്കരിക്കുകയല്ല, വ്യക്തമായ അ
ദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ ശരിയായ വ്യാഖ്യാനം
കണ്ടെത്തുകയാണ് സത്യസന്ധരായ മതപണ്ഡിതർ എ
ക്കാലത്തും സ്വീകരിച്ചുപോന്ന നയം. പക്ഷെ, മി: പോ
ളിനെസ്സംബന്ധിച്ചിടത്തോളം സ്ഥിതി മറിച്ചാണുണ്ടായ
ത്. മേൽപറഞ്ഞ പ്രയോഗങ്ങൾ അദ്ദേഹത്തിന്ന് ദുൎവ്യാ
ഖ്യാനത്തിന്റെയും 'ഫിത്ന'യുടെയും കവാടം തുറന്നു
കൊടുത്തു. ഹിബ്രു വശമില്ലാത്തതുകൊണ്ടു ഗ്രീക്ക്
ബൈബിളുകളായിരുന്നു അദ്ദേഹത്തിന്നവലംബം. ഇബ്
നു, അബ് എന്നീ പദങ്ങൾക്കു ഹിബ്രുവിലുണ്ടായി
രുന്ന അൎത്ഥങ്ങൾ ഗ്രീക്കുഭാഷയിലെത്തിയപ്പോൾ

വിനഷ്ടമായി. ശേഷം പുത്രൻ, പിതാവ് എന്ന അർത്ഥങ്ങൾമാത്രം ശേഷിച്ചു. ഇതു മി. പോളിൻെറ തത്വവാദത്തിനു കൂടുതൽ വളം വെച്ചുകൊടുത്തു. ഏശുവിനെക്കുറിച്ച് ലോഗോസ് (ദൈവവചനം) എന്നു് ഇഞ്ചീലിൽ പറഞ്ഞിട്ടുണ്ട്. അതിനെ അടിസ്ഥാനമാക്കിക്കൊണ്ട് പോൾ ഒരു നൂതനതത്വശാസ്ത്രം മെടഞ്ഞെടുത്തു കലിമത്തുകൊണ്ടുദ്ദേശം ശബ്ദബ്രഹ്മം (Logos) ആണെന്നും അത് മഹോന്നതമായ ലോകചൈതന്യമാണെന്നും, ഏശു ആ ലോകചൈതന്യത്തിൻെറ അവതാര (Incarnation)മാണെന്നും സെൻറ്പോൾവാദിച്ചു. ഇങ്ങനെയാണ് ഏശു ദൈവപുത്രനാണെന്നും ദൈവാവതാരമാണെന്നും ദൈവമാണെന്നും മററുമുള്ള പിഴച്ച വിശ്വാസങ്ങൾ ക്രൈസ്തവർക്കിടയിൽ പൊട്ടിമുളച്ചു പ്രചരിച്ചത്.

സെൻറ്പോൾ ക്രി. 64ൽ നിര്യാതനായി. അന്നുതൊട്ട് നാലാംനൂററാണ്ടിൻെറ ആദ്യദശകങ്ങൾ വരെ പോളിൻെറ നവീകരണങ്ങളുടെപേരിൽ ക്രിസ്ത്യാനികൾക്കിടയിൽ നടമാടിയ കുഴപ്പങ്ങളെയും തന്മൂലം ഉയിരെടുത്ത കക്ഷികളെയും സംബന്ധിച്ച വിശദ വിവരം ദീർഘിച്ചതാണ്. ആ കാലഘട്ടത്തെപ്പററി പഠനം നടത്തുമ്പോൾ പ്രധാനമായി മൂന്നു കക്ഷികളെ വേർതിരിഞ്ഞു കാണാം. (1) അരിയസ്സിൻെറ അനുയായികൾ. ഏശു ദൈവമല്ല, സൃഷ്ടിയാണ് എന്നാണിവരുടെ വാദം. (2) സാബില്ലിയസ്സ്. ഇവർ അവതാരവാദക്കാരാണ്. ഏശു ദൈവാവതാരമോ ദൈവത്തിൻെറ അവസ്ഥാവിശേഷമോ (Aspect) ആണെന്നിവർ വാദിച്ചു. (3) ത്രിയേകത്വവാദികൾ. ഇവരുടെ നേതാവ് അത്തനേഷിയസ്സാണ്.

ഈ കക്ഷികളിൽ അരിയസ്സ്കക്ഷിയായിരുന്നു യഥാത്ഥ ക്രിസ്തുമതത്തിന്റെ പുണ്യാവശിഷ്ടം. മററു കക്ഷികളുടെ സമ്പര്ദ്ദവും പൊതുവെയുള്ള ദുഷ്പ്രവണതയും കാരണമായി ഇവരും പില്ക്കാലത്ത് ക്രിസ്തുവിനെ മാനുഷിക നിലപാടിൽനിന്ന് അല്പം ഉയത്തിക്കാണാൻ തുനിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ത്രിയേകത്വവാദത്തിന്റെയും അവതാരവാദത്തിന്റെയും ഖണ്ഡനത്തിലിവർ നടത്തിയ പ്രയത്നം നിസ്തുലമാണ്.

ക്രി. മൂന്നാം ശതകത്തിന്റെ അന്ത്യഘട്ടത്തിലും നാലാം ശതകത്തിന്റെ ആദ്യത്തിലും 'യേശു ദൈവമാണെന്നും അല്ലെന്നു'മുള്ള തക്കംമൂത്ത് ക്രൈസ്തവഗ്രൂപ്പുകഠം പരസ്പരം കലഹിച്ചു. ക്രിസ്തുമതത്തിന്നു റോമാസാമ്രാജ്യത്തിൽ വിപുലമായ പ്രചാരമുണ്ടായിരുന്നു. അതോടൊപ്പം മതകക്ഷികളുടെ ഛിദ്രതയും കലഹവും രാഷ്ട്രത്തിന്റെ ശത്രുക്കഠംക്ക് അനുകൂലസാഹചര്യങ്ങഠം സൃഷ്ടിച്ചുകൊണ്ടിരുന്നു. ക്രിസ്തുമതത്തോട് മുൻചക്രവത്തിമാർ അനുവത്തിച്ചുപോന്ന അടിച്ചമത്തൽ നയത്തിനുപകരം കോൺസ്റ്റാന്റൈൻ അനുകൂലഭാവം പ്രകടിപ്പിക്കുകയുണ്ടായി. മതകക്ഷികഠം തമ്മിലുള്ള ഭിന്നിപ്പും ശത്രുതയും രാഷ്ട്രത്തിന്റെ അഭ്യന്തരഭദ്രതക്ക് ഹാനികരമെന്നുകണ്ട് അദ്ദേഹം അവരെ കൂട്ടിയിണക്കാൻ ശ്രമിച്ചു. ക്രിസ്തുമതത്തിന്റെ ഒരനുഭാവിയായിരുന്ന അദ്ദേഹം ആദ്യം ക്രി. 314ൽ അർലീസിൽ ഒരു ചർച്ചു കൗൺസിൽ വിളിച്ചുകൂട്ടി. അതിലദ്ദേഹം വിജയിച്ചില്ല. ശേഷം ക്രി. 325ൽ അദ്ദേഹത്തിന്റെ പരിശ്രമഫലമായി നികയ്യായിൽ ചര്ച്ചുകളുടെ ഒരു ജനറൽകൗൺസിൽ ചേരുകയുണ്ടായി. ഔദ്യോഗിക ക്രിസ്ത്യനല്ലായിരുന്നുവെങ്കിലും

കൗൺസിലിൻെറ അദ്ധ്യക്ഷസ്ഥാനത്തേക്ക് അദ്ദേഹം അവരോധിക്കപ്പെട്ടു. എല്ലാംകൊണ്ടും സുപ്രധാന മായിരുന്നു ഈ കൗൺസിൽ. സകല ക്രൈസ്തവ കക്ഷികളും കനീസാ പ്രതിനിധികളും ഇതിൽ പങ്കെടുത്തിരുന്നു. ഏശുു ദൈവമാണെന്നു വിശ്വസി ക്കുന്നവരെല്ലാം കൂടി ഒരുപക്ഷം. അരിയസ്സ്കക്ഷിക്കാർ മറുപക്ഷവും. ചൂടുപിടിച്ച വാദപ്രതിവാദങ്ങൾ. വമ്പിച്ച കോലാഹലം. 'ഏശു ദൈവമല്ല, കേവലം മനുഷ്യനാണ്" എന്നു സമർത്ഥിക്കാൻ വൃദ്ധനായ അരിയസ്സ് പ്രസംഗ പീഠത്തിൽകേറിനിന്നു. സദസ്സിൽനിന്ന് ഒരാൾ കോ പാന്ധനായി ഓടിവന്നു അദ്ദേഹത്തിൻെറ മുഖത്തടിച്ചു വീഴ്ത്തി. ബിഷോപ്പുമാരും പാതിരിമാരും അരിയസ്സി ൻെറ നേരെ ശകാരശരങ്ങളുതിർത്തു. അവർ കാതുകളിൽ വിരൽതുററ് നിലവിളിച്ചു: "അരിയസ്സ് 'കാഫിറാണ്"; മതഭ്രഷ്ടനാണ്". ഈ കിഴവൻെറ 'കുഫ്രിയ്യത്തും' മത ദ്രോഹവും സഹിക്കാവതല്ല." ഭൂരിപക്ഷമനുസരിച്ച് അരിയസ്സിനെ മതത്തിൽനിന്നു പുറത്താക്കി. അരിയ സ്സനുകൂലികൾക്ക് കനത്ത പരാജയം തന്നെ. ദിവസ ങ്ങൾ നീണ്ടുനിന്ന വിവാദങ്ങൾക്ക് ശേഷം ഭൂരിപക്ഷാ ഭിപ്രായമനുസരിച്ച് ക്രിസ്തുമതവിശ്വാസം താഴെപറ യും വിധം ക്രോഡീകരിച്ച് രേഖപ്പെടുത്തി. ഇത് 'നികയ്യാവിശ്വാസപ്രമാണം' എന്നപേരിൽ അറിയ പ്പെടുന്നു. ക്രൈസ്തവ മതവിശ്വാസങ്ങളിൽ നാലാം ശതകം തൊട്ടിന്നോളം സുസമ്മതവും സുപ്രധാനവുമാ യൊരു മൂലാധാരമാണിത്:

"പിതാവും സർവ്വശക്തനും സർവ്വത്തിൻേറയുംസ്രഷ്ടാവും പ്ര ത്യക്ഷവും പരോക്ഷവുമായ എല്ലാററിൻേറയും കർത്താ വുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

. ഏശൂ മശീഹാ എന്ന ഏകദൈവത്തിൽ ഞങ്ങൾ വി ശ്വസിക്കുന്നു. അവൻ ദൈവപുത്രനും ദൈവത്താൽ ജ നിച്ച ഏകപുത്രനും പിതാവിൻെറ സത്തയിൽനിന്നു ള്ളവനുമാകുന്നു. ദൈവത്തിൻെറ ദൈവം. പ്രകാശത്തി ൻെറ പ്രകാശം. ദൈവസത്തയിൽനിന്നുള്ള ദൈവസ ത്ത. അവൻ ജനിച്ചവനാണ്. സൃഷ്ടിക്കപ്പെട്ടവന ല്ല. ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്ക ളെയും സൃഷ്ടിച്ച പിതാവിൻെറ സത്തയിൽനിന്നു ള്ളവൻ. അവൻ മനുഷ്യരായ നമുക്കു വേണ്ടി, നമ്മു ടെ രക്ഷക്കു വേണ്ടി മനുഷ്യാകൃതിയിലുള്ള ജഡത്തോ ടുകൂടി അവതരിച്ചു നമുക്കുവേണ്ടിദുഃഖം അനുഭവിച്ചു. പിന്നെ മൂന്നാം ദിവസം പുനർജീവിച്ച്, ആകാശ ത്തിലേക്കുയന്നു. മരിച്ചവരുടെയും ജീവിച്ചിരിപ്പുള്ള വരുടെയും നീതിക്കുവേണ്ടി അവൻ പിറകെവരും. ഞങ്ങൾ പരിശുദ്ധാത്മാവിൽ വിശ്വസിക്കുന്നു."

"അവൻ ആദ്യം ഇല്ലായിരുന്നുവെന്നും ജനിക്കുന്നതിനു മുമ്പ് നാസ്തിയായിരുന്നുവെന്നും ഇല്ലായ്മയിൽ നി ന്നുണ്ടായവനാണെന്നുമുള്ള വാദക്കാരും, ദൈവ പുത്രൻ ദൈവേതര വസ്തുവാണെന്നോ ദൈവേതര സത്തയിൽ നിന്നുള്ളതാണെന്നോ സൃഷ്ടിയാണെന്നോ മനുഷ്യനാണെന്നോ ഉള്ള വാദക്കാരും മതഭ്രഷ്ടരാകു ന്നു. കത്തോലിക്ക് ചർച്ചുകാരും അപ്പോസ്തലിക്ക് ചർച്ചു കാരും മതഭ്രഷ്ടരായതുപോലെത്തന്നെ."

നികയ്യാ കൗൺസിലിനുശേഷം ക്രിസ്ത്യാനികൾ അവലംബിച്ചുപോന്ന വിശ്വാസപ്രമാണമാണ് മേൽ കണ്ടത്. സാക്ഷാൽ ഏകദൈവസിദ്ധാന്തം വാദിച്ച അരിയസ്സ് കക്ഷിക്കാർ ക്രിസ്തുമതത്തിൽനിന്നു പുറത്താക്ക പ്പെട്ടു. ഈ കൗൺസിലിനുശേഷം ക്രിസ്തുമതം റോമിലെ

സ്ഥൈറമതമായി ഉയൎന്നു. നികയ്യാപ്രമാണത്തെ ശക്തി കൂട്ടാൻ രാഷ്ട്രത്തിൻെറ ഖഡ്ഗങ്ങൾ ഉത്സാഹപൂൎവ്വം പ്രവൎത്തിച്ചു. എത്രത്തോളമെന്നാൽ ക്രിസ്തു മനുഷ്യനാണെന്നു് വാദിച്ചിരുന്ന അരിയസ്സ് പക്ഷക്കാരിൽ പലരും ആത്മരക്ഷാൎത്ഥം നികയ്യാപ്രമാണമനുസരിച്ചുള്ള കൃത്രിമ ക്രിസ്തുമതത്തിൽ ശരണം പ്രാപിക്കേണ്ടിവന്നു.

നോക്കണം, ആദ്യഘട്ടത്തിൽ റോമാചക്രവൎത്തിമാരുടെ ഭാഗത്തുനിന്നുള്ള ക്രൂരമൎദ്ദനങ്ങൾക്കിരയായിട്ടുണ്ട്, ക്രിസ്ത്യാനികൾ. അവർ തീയ്യിലിട്ടു ചുട്ടുകരിക്കപ്പെട്ടിട്ടുണ്ട്. റോമൻ കിങ്കരന്മാരുടെ വാളുകൾ അവരെവെട്ടിനുറുക്കിയിട്ടുണ്ട്. അവരുടെ പച്ചമാംസത്തിനുവേണ്ടി വന്യജന്തുക്കൾ കടിപിടികൂടിയിട്ടുണ്ട്. നീണ്ട മുന്നൂറ് സംവത്സരക്കാലം ഇത്തരം കരളലിയിക്കുന്ന ദുരിതങ്ങൾ അവർ സഹിച്ചു. എന്തിൻെറ പേരിൽ.? 'മനുഷ്യരുടെ ദിവ്യത്വം' നിഷേധിച്ചതിൻെറ പേരിൽ. അതേ ക്രിസ്ത്യാനികളിതാ അക്രിസ്ത്യനായ കോൺസ്റ്റാൻൈറനിൻെറ നേതൃത്വത്തിലുള്ള നികയ്യാ കൗൺസിലിൽവെച്ച് 'മൎയമിനുപിറന്ന ഏശു എന്ന മനുഷ്യൻ ദൈവമാണെന്നു'ള്ള സാക്ഷിപത്രത്തിൽ അംഗീകരണമുദ്രപതിക്കുന്നു. ആശ്ചര്യം! ചിന്താൎഹമായ രംഗം!!

കൗൺസിൽ വീണ്ടും വീണ്ടും വിളിച്ചുകൂട്ടപ്പെട്ടു. അനന്തരശതകങ്ങളിലും കൗൺസിൽ ചേൎന്നുകൊണ്ടിരുന്നു. ചൎച്ചകൾക്കിടയിൽ ശാഖാപരമായ അനേകം അഭിപ്രായവ്യത്യാസങ്ങൾ പൊട്ടിമുളച്ചു് പടൎന്നു. അതിന്നിടയിൽ അരിയസ്സ്കക്ഷിക്കാർ പലവുരു ശക്തിയാൎജ്ജിച്ചു് മുന്നേറിനോക്കിയെങ്കിലും അതെല്ലാം താല്ക്കാലികവും

അസ്ഥിരവുമായ വേലിയേററമായവശേഷിച്ചതേയുള്ളു. സ്ഥിരപ്രതിഷ്ഠ ലഭിച്ചത് നികയ്യാപ്രമാണത്തിന്ന തന്നെയായിരുന്നു. പ്രസിദ്ധനായ ഗിബ്ബൺ പറഞ്ഞപോലെ ഇന്നത്തെ ക്രിസ്തുമതം അതേ വിശ്വാസപ്രമാണത്തിൻെറ സാരങ്ങളെയും സൂചനകളെയും കുറിച്ചുള്ള അപഗ്രഥനമാണ്.

ശിക്ഷപരമായ ക്രിസ്തീയ വിശ്വാസങ്ങളുടെ വിസ്തരിച്ച ഖണ്ഡനങ്ങൾ ഖുർആനിൽ പലേടത്തും വന്നിട്ടുണ്ട്. തൽസംബന്ധമായ ഏതാനും ആയത്തുകൾമാത്രം ഇവിടെ ഉദ്ധരിക്കാം:

قَالَتِ الْيَهُودُ عُزَيْرٌ ابْنُ اللهِ وَقَالَتِ النَّصَارَى الْمَسِيحُ
ابْنُ اللهِ ذَٰلِكَ قَوْلُهُمْ بِأَفْوَاهِهِمْ يُضَاهِئُونَ قَوْلَ
الَّذِينَ كَفَرُوا مِنْ قَبْلُ قَاتَلَهُمُ اللهُ أَنَّى يُؤْفَكُونَ
(توبة)

'ഉസൈർ ദൈവപുത്രനാണെന്ന് ജൂതർ പറഞ്ഞു. മസീഹ് ദൈവപുത്രനാണെന്ന് നസാറാക്കളും പറഞ്ഞു. അത് അവരുടെ വായകൊണ്ട് ജല്പിക്കുന്ന വാക്കാണ്. മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനോട് ഇവർ സാദൃശ്യപ്പെടുത്തുകയാണ്. അല്ലാഹു അവരെ ശപിക്കട്ടെ. അവരെങ്ങോട്ടാണ് വ്യതിചലിപ്പിക്കപ്പെടുന്നത്?"

ذَٰلِكَ قَوْلُهُمْ بِأَفْوَاهِهِمْ "അത് അവരുടെ വായകൊണ്ടുള്ള വാക്കാകുന്നു." എന്നതുകൊണ്ടുള്ള വിവക്ഷയിതാണ്: "ഉസൈറും മസീഹും ദൈവപുത്രന്മാരാണെന്ന

വിശ്വാസം അല്ലാഹു അറിയിച്ചതല്ല. അത് വേദക്കാരുടെ ജല്പനങ്ങൾ മാത്രമാണ്. വേദക്കാർ തങ്ങളുടെ വിശ്വാസങ്ങളെക്കുറിച്ച് ബുദ്ധിയുടെയും പ്രമാണത്തിന്റെയും വെളിച്ചത്തിൽ പരിശോധിച്ചുനോക്കുന്നില്ല. ഖുർആനിന്റെ പ്രസ്താവനകൾ കേട്ടശേഷവും അവർ സത്യമെന്തെന്ന് ചിന്തിക്കാതെ പൂർവ്വന്മാരുടെ വാക്കുകളാവർത്തിച്ചുകൊണ്ടിരിക്കയാണ്."

വേദക്കാരെ അഭിസംബോധനം ചെയ്തുകൊണ്ട് ഇതേ ആശയം ഖുർആനിൽ മറ്റൊരിടത്ത് പ്രകാശിപ്പിച്ചിട്ടുണ്ട്:

يَا أَهْلَ الْكِتَابِ لَا تَغْلُوا فِي دِينِكُمْ غَيْرَ الْحَقِّ وَلَا تَتَّبِعُوا

أَهْوَاءَ قَوْمٍ قَدْ ضَلُّوا مِنْ قَبْلُ وَأَضَلُّوا كَثِيرًا وَضَلُّوا عَنْ

سَوَاءِ السَّبِيلِ (مائدة)

"വേദക്കാരേ! നിങ്ങൾ പരമാർത്ഥം വെടിഞ്ഞ് മതവിഷയത്തിൽ അതിർകവിഞ്ഞ നയം കൈക്കൊള്ളരുത്. മുമ്പ് തെറ്റിയവരും ഒട്ടേറെ ജനത്തെ വഴിതെറ്റിച്ചവരും മദ്ധ്യമാർഗ്ഗത്തിൽനിന്ന് വ്യതിചലിച്ചവരുമായ കൂട്ടരുടെ (പൂർവ്വന്മാരുടെ) ദേഹേച്ഛകളെ നിങ്ങൾ അനുകരിക്കുകയുമരുത്."

പൂർവ്വന്മാർ ആചരിച്ചുപോന്ന ദുർമ്മാർഗ്ഗങ്ങൾ കണ്ണടച്ചനുകരിക്കുകയെന്ന 'പിതൃപൂജ' നാശങ്ങളുടെ നാരായവേരാണെന്നും, സത്യം ഗ്രഹിക്കുന്നതിന്ന് അതു് പ്രതിബന്ധം നില്ക്കുന്നുവെന്നും ചുരുക്കം.

വേദക്കാരുടെ ശിർക്കിനെ ചില ആയത്തുകളിൽ വിശേഷിപ്പിച്ചത് كفر (സത്യനിഷേധം) എന്നാണ്. 'ശിർക്ക്' വാസ്തവത്തിൽ 'കുഫ്ർ' തന്നെയാകുന്നു. കാരണം ദിവ്യഗുണങ്ങളുടെ നിഷേധമാണ് ശിർക്കുകൊണ്ടുണ്ടാകുന്നത്. ദൈവത്തിന്റെ കേവലാസ്തിക്യം സമ്മതിച്ചാൽ പോരാ. പരമോന്നതങ്ങളായ വിശേഷണങ്ങളോടുകൂടിയ ദൈവസത്തയിൽ വിശ്വസിക്കണം. അതുമാത്രമേ പരിഗണിക്കപ്പെടൂ. അറേബ്യൻ മുശ്രിക്കുകൾ ചെയ്തിരുന്നപോലെ, അല്ലാഹുവിന്റെ വിശേഷണങ്ങളംഗീകരിക്കാതെയുള്ള 'ഈശ്വര വിശ്വാസം' 'കുഫ്ർ' (അവിശ്വാസം) അല്ലാതെ മറ്റെന്താണ്? വി. ഖുർആൻ പറയുന്നത് കാണുക:

لَقَدْ كَفَرَ الَّذِينَ قَالُوا إِنَّ اللهَ هُوَ الْمَسِيحُ ابْنُ
مَرْيَمَ قُلْ فَمَنْ يَمْلِكُ مِنَ اللهِ شَيْئًا إِنْ أَرَادَ أَنْ
يُهْلِكَ الْمَسِيحَ ابْنَ مَرْيَمَ وَأُمَّهُ وَمَنْ فِي الْأَرْضِ جَمِيعًا
وَلِلّهِ مُلْكُ السَّمٰوٰتِ وَالْأَرْضِ وَمَا بَيْنَهُمَا يَخْلُقُ مَا
يَشَاءُ وَاللهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ (مائدة)

"മർയമിന്റെ മകൻ മസീഹ് അല്ലാഹുതന്നെയാണെന്നു് വാദിച്ചവർ നിശ്ചയമായും അവിശ്വസിച്ചിരിക്കുന്നു. മർയമിന്റെമകൻ മസീഹിനേയും അദ്ദേഹത്തിന്റെ മാതാവിനേയും ഭൂമിയിലുള്ള സർവ്വരെയും നശിപ്പിച്ചുകളയാൻ അല്ലാഹു ഉദ്ദേശിച്ചാൽ ആർക്കാണ്

അല്ലാഹുവിൻെറ പക്കൽനിന്നു വല്ല രക്ഷയും അധീനപ്പെടുത്താൻ സാധിക്കുക? ആകാശഭൂമികളുടെയും അവക്കിടയിലുള്ള വസ്തുക്കളുടെയും അധികാരാധിപത്യം അല്ലാഹുവിന്നു മാത്രമുള്ളതാകുന്നു. അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു. അല്ലാഹു സർവ്വശക്തനത്രെ."

മസീഹ് ദൈവാവതാരമാണെന്നു വിശ്വസിക്കുന്ന ക്രിസ്തീയ വിഭാഗത്തെക്കുറിച്ചാണ് പ്രകൃതസൂക്തത്തിൻെറ പരാമർശം. മസീഹി (അ)ൻെറ അസാധാരണ ജനനം അദ്ദേഹത്തിൻെറ ദിവ്യത്വത്തിന്നുള്ള പ്രധാന തെളിവായിരുന്നു, അവരുടെ പക്കൽ. സൂക്തത്തിൻെറ അന്ത്യഭാഗം ആ ന്യായവാദത്തെ ഖണ്ഡിക്കുന്നു.

അസാധാരണ ജനനം ദിവ്യത്വത്തിനുള്ള തെളിവാണെന്ന വാദത്തെ വി: ഖുർആൻ വിവിധ രൂപത്തിൽ ഖണ്ഡിച്ചിട്ടുണ്ട്. ഒരിടത്ത് ഈസാനബി (അ)യെ ആദാമി(അ)നോടുദാഹരിച്ചുകൊണ്ട് ഖുർആൻ സമർത്ഥിക്കുന്ന ആശയം ഇങ്ങിനെയാണ്: "ഒരു വ്യക്തി പിതാവില്ലാതെ ഉണ്ടാകുന്നത് അയാളുടെ ദിവ്യത്വത്തിനു സാക്ഷ്യമാണെങ്കിൽ ആദാമും ദൈവമാകേണ്ടതായിരുന്നില്ലേ? ആദാം മനുഷ്യനാണെന്നു് നിങ്ങൾ പറയുന്നുവെങ്കിൽ ഏശു എന്തുകൊണ്ട് മനുഷ്യനല്ല?" യഹ്‌യാനബി (അ)യുടെ ജനന സംഭവം ഈസാനബി (അ)യുടെ ജനന ചരിത്രവിവരണത്തിന്നൊരു മുഖവുരയെന്നോണം ഖുർആൻ എടുത്തു പറഞ്ഞിട്ടുണ്ട്. അതിൽ സൂചിതമായ ആശയം ഇതാണ്: "യഹ്‌യാ (അ)യുടെ പിതാവ് പ്രജന ശേഷിയില്ലാത്ത വൃദ്ധനായിരുന്നു.

മാതാവ് വന്ധ്യയും. ഇതും ഒരസാധാരണ ജനനമാണ്. അസാധാരണനിലയിൽ ജനിച്ചിട്ടും യഹ്‌യാ ദൈവമായില്ല; മനുഷ്യൻ തന്നെയാണ് നിങ്ങളുടെ വിശ്വാസത്തിൽ. പിന്നെ ഈശൃ എന്തിനു ദൈവമാകണം?"

لَقَدْ كَفَرَ الَّذِينَ قَالُوا إِنَّ اللَّهَ هُوَ الْمَسِيحُ ابْنُ مَرْيَمَ، وَقَالَ الْمَسِيحُ يَا بَنِي إِسْرَائِيلَ اعْبُدُوا اللَّهَ رَبِّي وَرَبَّكُمْ إِنَّهُ مَنْ يُشْرِكْ بِاللَّهِ فَقَدْ حَرَّمَ اللَّهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالِمِينَ مِنْ أَنْصَارٍ، لَقَدْ كَفَرَ الَّذِينَ قَالُوا إِنَّ اللَّهَ ثَالِثُ ثَلَاثَةٍ وَمَا مِنْ إِلَٰهٍ إِلَّا إِلَٰهٌ وَاحِدٌ..... (مائدة)

"മർയമിൻെറ മകൻ മസീഹ് അല്ലാഹു തന്നെയാണെന്നു പറഞ്ഞവർ അവിശ്വസിച്ചു. മസീഹ് പറഞ്ഞതിതായിരുന്നു: 'ഇസ്രാഈൽ സന്തതികളെ! എൻെറയും നിങ്ങളുടേയും റബ്ബായ അല്ലാഹുവിന്ന് നിങ്ങൾ അടിമവേല ചെയ്യുക. അല്ലാഹുവിനോട് മററുള്ളവരെ പങ്ക് ചേർക്കുന്നവർക്ക് അല്ലാഹു സ്വർഗ്ഗം നിഷേധിച്ചിരിക്കുന്നു. നരകമാണവരുടെ സങ്കേതം. അക്രമകാരികൾക്ക് ഒരു വിധ സഹായികളുമില്ല. '(പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ) മൂന്നുപേരിൽ മൂന്നാമനാണ് അല്ലാഹു' എന്നുവാദിച്ചവർ തീർച്ചയായും സത്യനിഷേധികളായിത്തീർന്നിട്ടുണ്ട്. ഒരേ ഒരു ദൈവമല്ലാതെ മററു യാതൊരു ദൈവവുമില്ലതന്നെ"

مَا الْمَسِيحُ ابْنُ مَرْيَمَ إِلَّا رَسُولٌ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ وَأُمُّهُ صِدِّيقَةٌ كَانَا يَأْكُلَانِ الطَّعَامَ....

( مائدة )

"മർയമിൻെറ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാണ്. അദ്ദേഹത്തിൻെറ മുമ്പും എത്രയോ ദൈവദൂതന്മാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിൻെറ മാതാവ് സത്യസന്ധയാകുന്നു. അവരിരുവരും ആഹരിച്ചിരുന്നു."

മേലുദ്ധരിച്ച ആയത്തുകൾ ക്രിസ്ത്യാനികളിലുള്ള അവതാരവാദക്കാരെയും ത്രിയേകത്വ വാദക്കാരെയും ഖണ്ഡിക്കുന്നു. اعبدوا الله ربي وربكم (എൻെറയും നിങ്ങളുടെയും റബ്ബിന്ന് അടിമവേല ചെയ്യുക) എന്നുള്ള മസീഹിൻെറ ശിക്ഷണത്തെ എതിർസാക്ഷ്യമായി ഉദ്ധരിച്ചുകൊണ്ടാണ് പ്രസ്തുത രണ്ടു കക്ഷിയേയും ഖുർആൻ എതിക്കുന്നത്.

'എൻെറ പിതാവ്' 'നിങ്ങളുടെ പിതാവ്' എന്നിങ്ങിനെ ബൈബിളിൽ മസീഹിൻെറ വാക്കുകൾ ഉദ്ധരിച്ചതു കാണാം. അതുതന്നെയാണ് പ്രകൃത സൂക്തത്തിൽ ربي وربكم..........'(എൻെറ റബ്ബ്, നിങ്ങളുടെ റബ്ബ്) എന്നു മസീഹിനെ ഉദ്ധരിച്ചു ഖുർആൻ പറയുന്നത്. 'അബ്' എന്ന പദം ഹിബ്രുഭാഷയിൽ പിതാവ്, റബ്ബ് എന്നീ രണ്ടർത്ഥങ്ങളിലും പ്രയോഗിക്കാറുണ്ടായിരുന്നുവെന്ന് മുമ്പു പറഞ്ഞുവല്ലൊ.

ഏശുവും മാതാവും ആഹാരം കഴിച്ചിരുന്നുവെന്ന വസ്തുത അവരുടെ മാനുഷികതയ്ക്കു് തെളിവായിട്ടാണ്

മേലുദ്ധരിച്ച ആയത്തിൽ പറഞ്ഞിട്ടുള്ളത്. ആഹരിക്കൽ മാനുഷികതയുടെ അനിഷേധ്യ ലക്ഷണമാണെന്ന് ഇസ്രാഈല്യർക്കിടയിൽ സർവ്വ സമ്മതമായിരുന്നു. ഇബ്രാഹീംനബി(അ)യുടെ അടുക്കൽ മനുഷ്യരൂപത്തിൽ മലക്കുകൾ ചെന്നപ്പോൾ അദ്ദേഹം അവരുടെ മുമ്പിൽ ഭക്ഷണം വിളമ്പിവച്ചു. അവരാഹരിക്കാൻ വിസമ്മതിച്ചപ്പോഴാണ് ഇവർ മലക്കുകളോ എന്ന് അദ്ദേഹത്തിന്ന് ഉല്ക്കണ്ഠയുണ്ടായത്. ആഹരിച്ചെങ്കിൽ അവർ മനുഷ്യർതന്നെ എന്ന് അദ്ദേഹം ഉറപ്പിക്കുമായിരുന്നു. മസീഹ് ഭക്ഷണം കഴിച്ചുകൊണ്ട് താൻ മനുഷ്യനാണെന്ന് ബോധ്യപ്പെടുത്തുകയുണ്ടായെന്ന് ബൈബിളിൽതന്നെയുണ്ട്. ഉയത്തെഴുന്നേല്പിനുശേഷം ഏശു ശിഷ്യന്മാർക്കിടയിൽ വന്നപ്പോൾ ഭൂതം പ്രത്യക്ഷപ്പെട്ടതാണെന്നവർ ഭയന്നുവെന്നും അദ്ദേഹം ആഹരിക്കുകവഴി മനുഷ്യനാണ് ഭൂതമല്ല എന്നു സ്ഥാപിച്ചുകൊണ്ട് അവരുടെ ഭയം ദൂരീകരിച്ചുവെന്നും ലൂക്കൊസിന്റെ സുവിശേഷം പറയുന്നു:

"അവൻ അവരോടു: നിങ്ങൾ കലങ്ങുന്നതെന്തു? നിങ്ങളുടെ ഹൃദയത്തിൽ സംശയം പൊങ്ങുന്നതും എന്തു്? ഞാൻതന്നേ ആകുന്നു എന്നു എന്റെ കയ്യും കാലും നോക്കി അറിവീൻ; എന്നെ തൊട്ടുനോക്കുവീൻ; എന്നിൽ കാണുന്നതുപോലെ ഭൂതത്തിനു മാംസവും അസ്ഥിയും ഇല്ലല്ലോ എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞിട്ടു അവൻ കയ്യും കാലും അവരെ കാണിച്ചു. അവർ സന്തോഷത്താൽ വിശ്വസിക്കാതെ അതിശയിച്ചു നില്ക്കുമ്പോൾ അവരോടു: തിന്നുവാൻ വല്ലതും ഇവിടെ നിങ്ങളുടെ പക്കൽ ഉണ്ടോ എന്നു ചോദിച്ചു. അവർ ഒരു ഖണ്ഡം വറുത്ത മീനും

[തേൻകട്ടയും] അവന്നു കൊടുത്തു. അതു അവൻ വാങ്ങി അവർ കാൺകെ തിന്നു.” (24:38—43)

ഇവ്വിഷയകമായി വി. ഖുർആനിൽ മഹത്തായൊരു സൂറത്തുണ്ട്; സൂറത്തുൽഇഖ്ലാസ്. ക്രിസ്ത്യാനികളുടെ ശിക്ഷപരമായ അന്ധവിശ്വാസങ്ങളുടെ സമഗ്രഖണ്ഡനം അതുൾക്കൊള്ളുന്നു:

قُلْ هُوَ اللهُ اَحَـدٌ، اَللهُ الصَّمَـدُ، لَمْ يَلِـدْ، وَلَمْ يُولَـدْ، وَلَمْ يَكُنْ لَـهُ كُفُوًا اَحَـدٌ،

“പറയുക: അല്ലാഹു ഏകനാണ്. അല്ലാഹു സർവ്വാധിനാഥനാണ്. അവൻ ജനിപ്പിച്ചിട്ടില്ല. അവൻ ജനിപ്പിക്കപ്പെട്ടിട്ടുമില്ല. അവന്നു തുല്യമായി ആരുമില്ല.”

നികയ്യാകൗൺസിൽ അംഗീകരിച്ച ക്രിസ്തുമതവിശ്വാസപ്രമാണം തൊട്ടുമുമ്പ് ഉദ്ധരിച്ചുവല്ലൊ. അതിലെ വാചകങ്ങളെയും സൂറത്തുൽഇഖ്ലാസിലെ വാചകങ്ങളെയും നേക്കുനേരെ അഭിമുഖമാക്കി നിർത്തി ചിന്തിച്ചുനോക്കുക. നികയ്യാപ്രമാണത്തിൻെറ ഓരോ മൂലശിലയേയും സൂറത്തുൽ ഇഖ്ലാസിലെ വാക്യങ്ങൾ അമ്പേ തകർത്തുകളയുന്നത് കാണാം. ഇക്കാരണത്താൽ ക്രിസ്ത്യാനികൾക്ക് ഈ സൂറ:യോട് അടക്കാനാവാത്ത പകയുണ്ടായിരുന്നു. എത്രത്തോളമെന്നാൽ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്ന നവാഗതരെക്കൊണ്ട്, ‘സൂറത്തുൽ ഇഖ്ലാസിൽ വിശേഷിപ്പിക്കപ്പെട്ട ദൈവം ശപിക്കപ്പെടട്ടെ!’ എന്നു പറയിപ്പിച്ചിരുന്നു, നസാറാക്കൾ ഒരു കാലത്ത്!

വേദക്കാരുടെ 'പുരോഹിതപൂജ'യേയും 'ക്രിസ്തുപൂജ'യേയും സംബന്ധിച്ച പരാമർശങ്ങളാണ് മുകളിൽക്കണ്ടതു്. ഇനി അവരുടെ ശിർക്കിന്റെ മററിനങ്ങളെക്കുറിച്ച് പ്രതിപാദിക്കാം. വി: ഖുർആൻ പറയുന്നു:

يَا اَيُّهَا الَّذِينَ اُوتُوا الْكِتَابَ آمِنُوا بِمَا نَزَّلْنَا
مُصَدِّقًا لِمَا مَعَكُمْ مِنْ قَبْلِ اَنْ نَطْمِسَ وُجُوهًا
فَنَرُدَّهَا عَلَى اَدْبَارِهَا اَوْ نَلْعَنَهُمْ كَمَا لَعَنَّا اَصْحَابَ
السَّبْتِ وَكَانَ اَمْرُ اللهِ مَفْعُولًا، اِنَّ اللهَ لَا يَغْفِرُ
اَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَنْ يَشَاءُ
وَمَنْ يُشْرِكْ بِاللهِ فَقَدِ افْتَرَى اِثْمًا عَظِيمًا، اَلَمْ تَرَ
اِلَى الَّذِينَ يُزَكُّونَ اَنْفُسَهُمْ بَلِ اللهُ يُزَكِّي مَنْ
يَشَاءُ وَلَا يُظْلَمُونَ فَتِيلًا، اُنْظُرْ كَيْفَ يَفْتَرُونَ
عَلَى اللهِ الْكَذِبَ وَكَفَى بِهِ اِثْمًا مُبِينًا، اَلَمْ تَرَ اِلَى
الَّذِينَ اُوتُوا نَصِيبًا مِنَ الْكِتَابِ يُؤْمِنُونَ
بِالْجِبْتِ وَالطَّاغُوتِ وَيَقُولُونَ لِلَّذِينَ كَفَرُوا
هَؤُلَاءِ اَهْدَى مِنَ الَّذِينَ آمَنُوا سَبِيلًا (نساء)

"ഹേ'ദം നല്കപ്പെട്ടവരേ! ചിലമുഖങ്ങളെ (അവയുടെ സ്ഥാനത്തുനിന്നു്)മായിച്ച് പിന്നിലേക്കു് തിരിക്കുക യോ അല്ലെങ്കിൽ സബ്ത്ത് ദിവസക്കാരെ ശപിച്ചതു പോലെ അവരെ നാം ശപിക്കുകയോ ചെയ്യുന്നതിനു മുമ്പായി, നിങ്ങളോടുകൂടെ യുള്ള വേദത്തെ ശരിവെച്ചും കൊണ്ടു് നാം അവതരിപ്പിച്ചിട്ടുള്ളതിൽ (ഖുർആനിൽ) വിശ്വസിക്കുക. അല്ലാഹുവിൻെറ കല്പന നടപ്പിൽ വരിക തന്നെ ചെയ്യും.! അല്ലാഹുവിനു പങ്കുകാരെ സ്ഥാപി ക്കുന്നത് അവനൊരിക്കലും പൊറുക്കുകയില്ല. അതൊ ഴിച്ച് ബാക്കിയുള്ളതെല്ലാം അവനുദ്ദേശിക്കുന്നവക്കു പൊറുത്തുകൊടുക്കും. വല്ലവനും അല്ലാഹുവിനു പങ്കുകാരെ സ്ഥാപിച്ചാൽ നിശ്ചയമായും ഒരു വമ്പിച്ച തെററാ ണവൻ നിർമ്മിച്ചിട്ടുള്ളത്. തങ്ങളുടെ ആത്മാക്കളെ സ്വയം പരിശുദ്ധപ്പെടുത്തിക്കാണിക്കുന്ന ഒരു കൂട്ടരെ നീ കാണുന്നില്ലേ.? എന്നാൽ അല്ലാഹു ഉദ്ദേശിക്കുന്നവ രെ അവൻ പരിശുദ്ധപ്പെടുത്തുന്നു. അവരോടു് തരിമ്പും അനീതികാണിക്കുന്നതല്ല. നോക്കൂ, അവർ അല്ലാഹുവി ൻെറപേരിൽ എങ്ങിനെ കള്ളം ആരോപിക്കുന്നു! പ്രത്യ ക്ഷമായ ഒരു കുററമായി അതുതന്നെ മതി. ദിവ്യഗ്രന്ഥ ത്തിൽനിന്നു് ഒരംശം നല്കപ്പെട്ടവരെ നീ കാണുന്നില്ലേ? അവർ 'ജിബ്തി'ലും 'താഗൂത്തി'ലും വിശ്വസിക്കുന്നു. അവർ സത്യനിഷേധികളെ (അറേബ്യൻ മുശ്രിക്കുകളെ) ചൂണ്ടിക്കൊണ്ടു പറയുന്നു, (മുഹമ്മദിൽ) വിശ്വസിച്ച വരേക്കാൾ ഇവരാണ് കൂടുതൽ സന്മാർഗ്ഗം പ്രാപിച്ചവർ എന്നു്."

ഈ തിരുവാക്യങ്ങൾ വേദക്കാരോടു് പറയുന്നതിതാ ണ്: നിങ്ങൾ ഖുർആനിൽ വിശ്വസിക്കുക. ഇല്ലെങ്കിൽ

ദൈവം നിങ്ങളുടെ മുഖങ്ങളെ മാററി മറിച്ചുകളയും. സബ്ത്ത് ദിനക്കാരെ ശപിച്ചപോലെ ശപിച്ചുകളയും. ദൈവദൃഷ്ടാന്തങ്ങളെ അവഗണിച്ചാൽ നിങ്ങളുടെ ഇന്ദ്രിയശക്തികളുടെയും ബുദ്ധിശക്തിയുടെയും സൽഫലങ്ങൾ നിങ്ങൾക്ക് നിരാകരിക്കപ്പെടും. ശിക്ക്പരമായ വിശ്വാസാചാരങ്ങളിൽനിന്ന് വിരമിക്കാത്ത കാലത്തോളം നിങ്ങൾക്ക രക്ഷയില്ല. ശിക്ക് അല്ലാഹു പൊറുക്കില്ല. ശിക്ക്പരമായ കാര്യങ്ങൾ നിങ്ങളിൽ മുട്ടറച്ചു കാണുന്നതു എത്ര ലജ്ജാവഹം! ആഭിജാത്യവാദവും, 'ജിബ്ത്തി'ലും 'താഗൂത്തി'ലുമുള്ള വിശ്വാസവും, ശിക്കിനോടുള്ള അനുകൂലനയവുമാണ നിങ്ങളിലുള്ള ശിക്കുകൾ.

# 3 ആഭിജാത്യവാദം

ജൂത ക്രിസ്തീയ വേദക്കാക്കിടയിൽ പില്ക്കാലത്ത് വ്യാപിച്ച ദുബ്ബീജങ്ങളിലൊന്നാണ് തങ്ങൾ ജാത്യാൽ തന്നെ പരിശുദ്ധരാണെന്ന ബോധവും വാദവും. മേലുദ്ധരിച്ച ഖുർആൻ വാക്യങ്ങളിൽ الم تر الى الذين يزكون انفسهم (തങ്ങളുടെ ആത്മാക്കളെ സ്വയം പരിശുദ്ധപ്പെടുത്തുന്നവരെ നീ കണ്ടില്ലേ?) എന്ന ഭാഗം അവരുടെ ആ പരിശുദ്ധിവാദത്തിലേക്കാണ് ചൂണ്ടുന്നതു. ആ വാദത്തെ വി: ഖുർആൻ പല സ്ഥലങ്ങളിലും ആക്ഷേപിക്കുകയും എതിക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണമായി, ഒരിടത്തു പറയുന്നു:

وَقَالَتِ الْيَهُودُ وَالنَّصَارَى نَحْنُ أَبْنَاءُ اللَّهِ وَأَحِبَّاؤُهُ

قُلْ فَلِمَ يُعَذِّبُكُمْ بِذُنُوبِكُمْ بَلْ أَنْتُمْ بَشَرٌ مِمَّنْ خَلَقَ

يَغْفِرُ لِمَنْ يَّشَاءُ وَيُعَذِّبُ مَنْ يَّشَاءُ (مائدة)

"ഞങ്ങൾ അല്ലാഹുവിൻെറ സന്താനങ്ങളും അവന്ന് പ്രിയപ്പെട്ടവരുമാണെന്ന് ജൂതരും ക്രിസ്ത്യാനികളും പറയുന്നു. ചോദിക്കുക: എങ്കിൽ നിങ്ങളുടെ തെററുകൾ കാരണമായി അവൻ നിങ്ങളെ ശിക്ഷിക്കുന്നതെന്തിന്? എന്നാൽ അവൻെറ സൃഷ്ടികളിൽപെട്ട മനുഷ്യരാണ് നിങ്ങൾ. അവൻ ഉദ്ദേശിക്കുന്നവക്ക് പൊറുത്തുകൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ ശിക്ഷിക്കുന്നു."

മറെറാരിടത്തു പറയുന്നു:

قُلْ يَا اَيُّهَا الَّذِينَ هَادُوا اِنْ زَعَمْتُمْ اَنَّكُمْ اَوْلِيَاءُ لِلّٰهِ مِنْ دُونِ النَّاسِ فَتَمَنَّوُا الْمَوْتَ اِنْ كُنْتُمْ صَادِقِينَ (جمعة)

"പറയുക. ഹേ, ജൂതരേ! മററു ജനങ്ങളെക്കൂടാതെ നിങ്ങൾ മാത്രമാണ് അല്ലാഹുവിൻെറ മിത്രങ്ങളെന്നു നിങ്ങൾ ജല്പിക്കുന്നുവെങ്കിൽ മരണത്തെ ആഗ്രഹിക്കുക. നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ!"

'ആത്മപൂജ' എന്ന ശീർഷകത്തിൽ അറേബ്യൻ മുശ്'രിക്കുകളുടെ 'ശിർക്കി'നെക്കുറിച്ച് മുമ്പ് പ്രതിപാദിച്ചതോർക്കുന്നുണ്ടല്ലോ. അറേബ്യൻ മുശ്രിക്കുകളുടെയും ജൂതക്രിസ്തീയ വേദക്കാരുടെയും മാനസിക നിലപാട് ആത്മപൂജയിലും ഔന്നത്യനാട്യത്തിലും ഒരുപോലെയാണ്. ഈ സാദൃശ്യത്തെ പററിയുള്ള പ്രസ്താവം

ഖുർആനിൽ ഒന്നിലധികം സ്ഥലങ്ങളിൽ വന്നിട്ടുണ്ട്. തദ്വിഷയകമായുള്ള ചില പരാമർശങ്ങളാണ് മുകളിൽ കണ്ടത്.

പരിശുദ്ധ കഅ്ബാ മന്ദിരത്തിന്റെ അവകാശികളും സംരക്ഷകരുമെന്ന നിലയിൽ അറേബ്യൻ മുശ്രിക്കുകൾ ഇതര ജനവിഭാഗങ്ങളുടെ ദൃഷ്ടിയിൽ ശ്രേഷ്ഠരായിരുന്നു. അവർ മററുള്ളവരുടെ ആശ്രയ കേന്ദ്രങ്ങളായിരുന്നു. തന്മൂലം സുഖവും ക്ഷേമവും സമ്പത്തും സമൃദ്ധിയുമെല്ലാം അവരുടെ ഭാഗത്തേക്കൊഴുകി. പ്രതാപത്തോടും സൗഖ്യത്തോടും കൂടിയുള്ള ദീർഘകാല ജീവിതംവഴി അവരുടെ ഹൃദയങ്ങളിൽ ആപല്ക്കരമായ 'ഔന്നത്യബോധം' വളൎന്നു. അവരുടെ മഹത്വവും ക്ഷേമവും തങ്ങളുടെ പൂൎവ്വപിതാക്കളായ ഇബ്രാഹീം, ഇസ്മാഈൽ (അ) എന്നീ മഹത്തുക്കൾ ചെയ്തുവച്ച സല്കൎമ്മങ്ങളുടെ സൽഫലങ്ങളാണെന്ന് അവർ വിശ്വസിച്ചു. തങ്ങൾ ജാത്യാൽ പരിശുദ്ധരും ഉന്നതരുമാണെന്നും തങ്ങളുടെ മോക്ഷവും രക്ഷയും വിശ്വാസ കൎമ്മങ്ങളെ ആശ്രയിച്ചുള്ളതല്ലെന്നും അവർ കരുതി. മഹത്വം തങ്ങൾക്ക് പൈതൃകമാണെന്നും തങ്ങളനുഭവിക്കുന്ന അനുഗ്രഹങ്ങളുടെ വിലകൾ തങ്ങളുടെ പ്രപിതാക്കളായ ഇബ്രാഹീം, ഇസ്മാഈൽ(അ)എന്നിവർ അവരുടെ മഹൽ കൃത്യങ്ങൾ വഴി അടച്ചുതീൎത്തിട്ടുണ്ടെന്നും തങ്ങൾക്കിനി ആരോടും ഒരു കടപ്പാടുമില്ലെന്നും അവർ വാദിച്ചു. തികച്ചും ഇതേ മനസ്ഥിതി തന്നെയാണ് ഇസ്രാഈല്യരിലും മുട്ടുറച്ചിരുന്നത്. മതപരവും ലൗകികവുമായ നേതൃസ്ഥാനം മുൻകാലത്ത് അവൎക്കു സിദ്ധിച്ചു. മതത്തിന്റെ കുത്തകക്കാരും ഉൽകൃഷ്ടത്തിന്റെ അനന്തരാവകാശികളുമെന്ന നിലയിൽ ദീർഘകാലം അവർ

മേധാവിത്വം വാണു. തൽഫലമായി അപകടപൂൎണ്ണമായ ആഭിജാത്യത്തിലേക്കാണവർ വഴുതി വീണതു്. അഹംഭാവവും ഔന്നത്യനാട്യവും അവൎക്കിടയിൽ തഴച്ചു വളൎന്നു. തങ്ങൾ ദൈവത്തിനു പ്രിയപ്പെട്ടവരും ദൈവപ്രീതിക്കു പാത്രമായവരുടെ അരുമസന്താനങ്ങളുമാണെന്നു അവർ പറഞ്ഞു. ഇബ്രാഹീം, ഇസ്ഹാഖ്, യാക്കൂബ്, യൂസുഫ് എന്നീ പ്രപിതാക്കളുടെ ശ്രേഷ്ഠതകൾ പാരമ്പര്യമായി കൈവരിച്ചു പോന്നതുകൊണ്ടു മഹത്വം തങ്ങൾക്ക് പൈതൃകമാണെന്നും മതനേതൃത്വവും ആധിപത്യവും ദൈവം തങ്ങൾക്ക് തീറെഴുതിവച്ചതാണെന്നും അവർ തെററിദ്ധരിച്ചു.

പ്രതാപവും മാഹാത്മ്യവും ആദൎശവിശ്വാസങ്ങളെയും സ്വഭാവചൎയ്യകളെയും ആശ്രയിച്ചിരിക്കുന്നുവെന്നായിരുന്നു തൗറാത്തിൻെറ പ്രഖ്യാപനം. പക്ഷെ വേദക്കാർ അതു ശ്രദ്ധിച്ചില്ല. ഉന്നതസ്ഥാനത്തിരുന്നുകൊണ്ടുള്ള സൗഖ്യപൂൎണ്ണമായ ജീവിതം കുറെക്കാലം തുടൎന്നപ്പോൾ അവർ ധരിച്ചു, ഇതെല്ലാം തങ്ങളുടെ ഗോത്രമഹിമകൊണ്ടും സാമുദായിക മേന്മകൊണ്ടും ലഭിച്ചതാണെന്നു്. ഇബ്രാഹീം, ഇസ്ഹാഖ് (അ) മുതലായവരുടെ സന്തതികളാകയാൽ സ്വൎഗ്ഗവും ദൈവസാമിപ്യവും തങ്ങൾക്ക് അനിവാൎയ്യമായി ലഭിക്കുമെന്നും അതിനുവേണ്ടി തങ്ങളൊന്നും ചെയ്യേണ്ടതില്ലെന്നും അവർ വാദിച്ചു. തങ്ങളെസ്സംബന്ധിച്ചിടത്തോളം നരകശിക്ഷ ശാശ്വതമല്ലെന്നും കവിഞ്ഞാൽ ഏതാനും ദിവസങ്ങൾ മാത്രമേ തങ്ങളെ നരകാഗ്നി സ്പൎശിക്കൂ എന്നും അവൎക്കു തോന്നി.

ചുരുക്കത്തിൽ 'ഞങ്ങൾ ഉൽകൃഷ്ടസമുദായം. പ്രവാചകന്മാർ ഞങ്ങളിൽ നിന്നു്. സന്മാൎഗ്ഗം ഞങ്ങളുടെ

വൃത്തത്തിൽ പരിമിതം. ഞങ്ങളുടെ സമുദായത്തിൽ ജനിച്ചവൻ സന്മാർഗ്ഗി; സ്വർഗ്ഗാവകാശി. ഞങ്ങളുടെ സമുദായത്തിന്ന് പുറത്തുള്ളവർ ദുർമ്മാർഗ്ഗികളും നരകക്കാരും........' എന്നിങ്ങനെയുള്ള ആഭിജാത്യബോധവും സാമുദായികവാദവും ജൂത ക്രിസ്തീയമതക്കാരെ ആത്മപൂജയാകുന്ന ശിർക്കിലേക്കു നയിച്ചു.

ഈസാ നബി (അ) വന്നു ജൂതരോടു പറഞ്ഞു: "നിങ്ങൾ അബ്രഹാമിൻെറ സന്തതികളായതുകൊണ്ടു് അഹങ്കരിക്കുന്നതെന്തിന്? ദൈവം അബ്രഹാമിന്നു ഭൂമിയിലെ അണുക്കളിൽ നിന്നു സന്താനങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയുന്നവനല്ലോ."

ഇസ്രാഈല്യരുടെ ഇത്തരം ദുരഹങ്കാരങ്ങളെ വി: ഖുർആൻ വിശേഷിപ്പിച്ചതു് വ്യാമോഹം, ഊഹം, മോടിവാക്കു് എന്നൊക്കെയാണ്. ഇസ്രാഈല്യർ പ്രവാചകന്മാർക്കിടയിൽ പക്ഷപാതം കാണിക്കുകയും ജാതീയതവച്ചു പുലർത്തുകയും ചെയ്തിരുന്നതിനെ ഖുർആൻ കുററപ്പെടുത്തി. അവർ സ്വസമുദായത്തിൻെറ മഹിമകൾ വാഴ്ത്തിക്കൊണ്ടു് സാമുദായിക വാദികളായി താഴ്ന്നു പോകുമ്പോൾ മുസ്ലിംകൾ സത്യവിശ്വാസത്തിലേക്കും സൽക്കർമ്മങ്ങളിലേക്കും ജനതകളെ ക്ഷണിക്കുന്ന ഒരാദർശ പാർട്ടിയായി ഉയരുകയാണെന്നു് ഇരുകൂട്ടരുടെയും പ്രബോധന രീതികളെ എടുത്തു കാണിച്ചുകൊണ്ടു് ഖുർആൻ സമർത്ഥിച്ചു. നോക്കുക: كونوا هودا او نصارى (നിങ്ങൾ ജൂതരോ നസാറാക്കളോ ആവുക) എന്നിങ്ങനെ ജൂതരും ക്രിസ്ത്യരും അവരവരുടെ സമുദായത്തിലേക്കാണ് ക്ഷണിച്ചിരുന്നതെന്നു് ഒരു വശത്ത്

ഖുർആൻ ചൂണ്ടിക്കാണിക്കുന്നു. മറുവശത്ത് മുസ്ലിംകൾ ജാതീയതക്കതീതരായിക്കൊണ്ട് പ്രവാചകന്മാരാൽ പ്രബോധിതമായ ശാശ്വതാദർശത്തിന്റെ വാഹകരാണെന്നു മനസ്സിലാക്കിത്തരുന്നു:

قُولُوا آمَنَّا بِاللّٰهِ وَمَا أُنْزِلَ إِلَيْنَا وَمَا أُنْزِلَ إِلَى
إِبْرٰهِيمَ وَإِسْمٰعِيلَ وَإِسْحٰقَ وَيَعْقُوبَ وَالْأَسْبَاطِ وَمَا
أُوتِيَ مُوسَى وَعِيسَى وَمَا أُوتِيَ النَّبِيُّونَ مِنْ رَبِّهِمْ
لَا نُفَرِّقُ بَيْنَ أَحَدٍ مِنْهُمْ وَنَحْنُ لَهُ مُسْلِمُونَ،
فَإِنْ آمَنُوا بِمِثْلِ مَا آمَنْتُمْ بِهِ فَقَدِ اهْتَدَوْا
وَإِنْ تَوَلَّوْا فَإِنَّمَا هُمْ فِي شِقَاقٍ فَسَيَكْفِيكَهُمُ اللّٰهُ
وَهُوَ السَّمِيعُ الْعَلِيمُ، صِبْغَةَ اللّٰهِ وَمَنْ أَحْسَنُ
مِنَ اللّٰهِ صِبْغَةً وَنَحْنُ لَهُ عَابِدُونَ، قُلْ
أَتُحَاجُّونَنَا فِي اللّٰهِ وَهُوَ رَبُّنَا وَرَبُّكُمْ وَلَنَا أَعْمَالُنَا
وَلَكُمْ أَعْمَالُكُمْ وَنَحْنُ لَهُ مُخْلِصُونَ (بقرة)

“(മുസ്ലിംകളേ!) നിങ്ങൾ പറയുക: അല്ലാഹുവിലും, ഞങ്ങൾക്കവതരിപ്പിക്കപ്പെട്ടതിലും, ഇബ്രാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യാക്കൂബ് എന്നിവർക്കും (യാക്കൂബിന്റെ)

സന്തതികൾക്കും അവതരിപ്പിക്കപ്പെട്ടതിലും, മൂസാ, ഈസാ എന്നിവർക്ക് നല്കപ്പെട്ടതിലും, സർവ്വ പ്രവാചകന്മാർക്കും തങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് നല്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾ അവർക്കിടയിൽ വ്യത്യാസം കല്പിക്കുന്നില്ല. ഞങ്ങൾ അവനെ (അല്ലാഹുവിനെ)മാത്രം അനുസരിച്ച് കീഴ്‌വണങ്ങുന്നവരാകുന്നു. നിങ്ങൾ വിശ്വസിച്ചതുപോലുള്ളതിൽ അവരും വിശ്വസിച്ചുവെങ്കിൽ അവർ സന്മാർഗ്ഗം പ്രാപിച്ചു. നിശ്ചയം. അവർ പിന്തിരിഞ്ഞാൽ നിശ്ചയം അവർ ഭിന്നിപ്പിലാണുള്ളത്. (ഓർത്തിരിക്കുക.) അവരെസ്സംബന്ധിച്ചിടത്തോളം നിനക്കു അല്ലാഹു മതി. അവൻ നല്ലപോലെ കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. ഇത് അല്ലാഹുവിൻെറ ചായമാകുന്നു. ചായം മുക്കുന്നതിൽ അല്ലാഹുവിനെക്കാൾ ഉത്തമൻ ആർ? ഞങ്ങൾ അവനുമാത്രം 'ഇബാദത്ത്' ചെയ്യുന്നു. പറയുക: അല്ലാഹുവിൻെറ കാര്യത്തിലാണോ നിങ്ങൾ ഞങ്ങളോടു തർക്കിക്കുന്നത്? (വാസ്തവത്തിൽ) അവൻ ഞങ്ങളുടെയും നിങ്ങളുടെയും 'റബ്ബ്' ആണല്ലോ. ഞങ്ങളുടെ കർമ്മ(ഫല)ങ്ങൾ ഞങ്ങൾക്ക്. നിങ്ങളുടെ കർമ്മ(ഫല)ങ്ങൾ നിങ്ങൾക്കും. ഞങ്ങൾ അവനെ മാത്രം ലക്ഷ്യമാക്കിയവരാകുന്നു."

മേലുദ്ധരിച്ച ആയത്തുകളിൽ ونحن له مسلمون (ഞങ്ങൾ അവനെമാത്രം അനുസരിച്ച് കീഴ്‌വണങ്ങുന്നവരാണ്) ونحن له عابدون (ഞങ്ങൾ അവനു മാത്രം ഇബാദത്ത് ചെയ്യുന്നവരാണ്) ونحن له مخلصون (ഞങ്ങൾ അവനെ മാത്രം ലക്ഷ്യമാക്കിയവരാകുന്നു.) എന്നീ വാക്കുകൾ പ്രത്യേകം ശ്രദ്ധേയങ്ങളാണ്. അല്ലാഹുവിനെ മാത്രം അനുസരിക്കുക, അവനു മാത്രം

ഇബാദത്ത് ചെയ്യുക, അവനെ മാത്രം ലക്ഷ്യമാക്കി ജീവിതം അർപ്പിക്കുക എന്നിങ്ങിനെയുള്ള തൗഹീദിൻെറ നേർക്കുനേരെയുള്ള താല്പര്യങ്ങൾ പൂർത്തീകരിക്കാത്തവരാണ് വേദക്കാർ എന്നത്രെ ഈ വാക്കുകൾ കൊണ്ട് ഖുർആൻ സൂചിപ്പിക്കുന്നത്. ഹിദായത്ത് ഏതു രൂപത്തിൽവന്നാലും ഏത് ഭാഷയിൽ അവതരിച്ചാലും സ്വാഗതം ചെയ്യുയെന്നതാണ് ഏകദൈവവാദികളുടെ ധർമ്മമെന്നും, പ്രവാചകന്മാർക്കിടയിൽ പക്ഷപാതം കാണിക്കുന്നത് തൗഹീദ് വിരുദ്ധമായ വർഗ്ഗീയ ചിന്താഗതിയാണെന്നും മേലുദ്ധരിച്ച ആയത്തുകൾ ചൂണ്ടിക്കാണിക്കുന്നു.

'മദ്ഹബു'കളുടെ പേരിൽ കക്ഷിത്തവും പക്ഷപാതവും കൈക്കൊള്ളുന്ന മുസ്ലിംകളുടെ പിഴച്ചനയം തൗഹീദ് വിരുദ്ധമാണെന്നു പ്രകൃത സൂക്തങ്ങളുടെ വെളിച്ചത്തിൽ ഗ്രഹിക്കാം. 'ഞങ്ങളുടെ 'മദ്ഹബു'കാർ മാത്രമാണ് സന്മാർഗ്ഗികൾ; ഞങ്ങളുടെ ഇമാമുകളും ഉലമാക്കളും പറഞ്ഞത് മാത്രമാണ് സത്യം; അതു മാത്രമേ ഞങ്ങൾ സ്വീകരിക്കു' എന്നിങ്ങിനെയുള്ള പക്ഷപാതം ഇസ്ലാമികമല്ല. സത്യം ഏതു 'മദ്ഹബി'ലായാലും ഏത് ഇമാമിൻെറ ഭാഗത്തായാലും തുറന്ന ഹൃദയത്തോടെ സ്വീകരിക്കുകയെന്നതാണ് തൗഹീദിൻെറ താല്പര്യം. 'ഖുർആനിനോടും സുന്നത്തിനോടും തികച്ചും യോജിക്കുന്ന സത്യസന്ധമായ അഭിപ്രായം തന്നെയാണെങ്കിലും ഞങ്ങൾ സ്വീകരിക്കണെങ്കിൽ ഞങ്ങളുടെ മദ്ഹബിൽ കാണണം; ഞങ്ങളുടെ ഇമാമുകളുടെയും ഉലമാക്കളുടെയും അംഗീകാരമുദ്ര അതിൽ പതിഞ്ഞിരിക്കണം' എന്നിങ്ങനെയുള്ള പക്ഷപാതം ശിർക്കിലും കുഫ്റിലും ചാടിച്ചുകളയുമാർ ഗുരുതരമാണ്.

# 4 ജിബ്ത്തിലും താഗൂത്തിലുമുള്ള വിശ്വാസം

**ജിബ്ത്ത്:**

മാരണം, മന്ത്രം, ഉറുക്ക്, ഹൈക്കൽ, ജപം, ജോത്സ്യം, ഗണിതം മുതലായ ക്ഷുദ്ര വിദ്യകളെയെല്ലാം ഉൾക്കൊള്ളുന്ന ഒരു പദമാണ് 'ജിബ്ത്ത്'. കൽദായക്കാരുടെ 'സിഹ്റ്' (ആഭിചാരം), ജോത്സ്യം, മന്ത്രം തുടങ്ങിയ ക്ഷുദ്രവിദ്യകൾ ജൂതർ പഠിച്ചു വശത്താക്കിയിരുന്നുവെന്ന് ജൂത ചരിത്രവും ബൈബിളും പരിശോധിച്ചാലറിയാം. മതാവലംബികളെസ്സംബന്ധിച്ചിടത്തോളം ഇപ്പറഞ്ഞ ക്ഷുദ്രവിദ്യകൾ എക്കാലത്തും ഒരു 'ഫിത്ന' യായിരുന്നിട്ടുണ്ട്. മതശിക്ഷണങ്ങൾ ഋജുവാണ്; അനായാസേന പാലിക്കാവുന്നതുമാണ്. പക്ഷെ ചിലർക്കത് ഭാരമായിത്തോന്നാം. അത്തരക്കാരുടെ ഹൃദയങ്ങൾക്ക് യഥാർത്ഥ മതശിക്ഷണങ്ങളിലല്ല, മേൽപ്പറഞ്ഞ ക്ഷുദ്രവിദ്യകളിലാണ് അഭിരുചി തോന്നുക. മാരണം, ജോത്സ്യം തുടങ്ങിയ നാശബീജങ്ങൾ ഒരു സമുദായത്തിൽ എന്നു വിഹരിക്കാൻ തുടങ്ങുന്നുവോ അന്നു അവരുടെ സാക്ഷാൽ മതശിക്ഷണങ്ങളുടെ അന്ത്യം കുറിക്കുന്ന ഒന്നാം ദിവസമാണ്. അതോടുകൂടി ദൈവഗ്രന്ഥവുമായി അവരുടെ ബന്ധം അററുപോകുന്നു. ക്ഷുദ്രവിദ്യകളുടെ ഉത്ഭവം ശൈത്താനിൽ നിന്നാണ്. മതഗ്രന്ഥത്തിൻെറ ഉത്ഭവം റഹ്മാനിൽനിന്നും. ശൈത്താൻെറ ബന്ധുക്കൾക്ക് റഹ്മാനുമായി ബന്ധം മുറിക്കേണ്ടിവരും. തീർച്ച. ക്ഷുദ്രവിദ്യകളിൽ മുഴുകിയ ഹൃദയങ്ങൾക്ക് അല്ലാഹുവിൻെറ കിതാബും റസൂലിൻെറ

സുന്നത്തും വച്ചുപുലർത്തുക സാധ്യമാവില്ല. പരിശുദ്ധ തൗറാത്തിൻെറ വാഹകരും മൂസാ നബി (അ) യുടെ അനുയായികളുമായിരുന്ന ജൂത സമുദായത്തിൻെറ അനുഭവചരിത്രം അതാണ് തെളിയിക്കുന്നത്. മേല്പറഞ്ഞ ക്ഷുദ്രവിദ്യകളിൽ ആകൃഷ്ടരായപ്പോളവർ അല്ലാഹുവിൻെറ ഗ്രന്ഥത്തെ ദൂരെ വലിച്ചെറിയുകയും, തൗഹീദ് വാദം അവക്ക് സഹ്യമായിത്തീരുകയും ചെയ്തു. ഖുർആൻ പറയുന്നത് കാണുക:

وَلَمَّا جَاءَهُمْ رَسُولٌ مِنْ عِنْدِ اللهِ مُصَدِّقٌ لِمَا مَعَهُمْ نَبَذَ فَرِيقٌ مِنَ الَّذِينَ أُوتُوا الْكِتَابَ كِتَابَ اللهِ وَرَاءَ ظُهُورِهِمْ كَأَنَّهُمْ لَا يَعْلَمُونَ، وَاتَّبَعُوا مَا تَتْلُوا الشَّيَاطِينُ عَلَى مُلْكِ سُلَيْمَانَ وَمَا كَفَرَ سُلَيْمَانُ وَلَكِنَّ الشَّيَاطِينَ كَفَرُوا يُعَلِّمُونَ النَّاسَ السِّحْرَ وَمَا أُنْزِلَ عَلَى الْمَلَكَيْنِ بِبَابِلَ هَارُوتَ وَمَارُوتَ........ (بقرة)

“അവരുടെ (ജൂതരുടെ) പക്കലുള്ളതിനെ ശരിവക്കുന്ന ഒരു ദൂതൻ അല്ലാഹുവിൻെറ പക്കൽനിന്നു അവരുടെ അടുക്കൽവന്നപ്പോൾ ഗ്രന്ഥം നല്കപ്പെട്ടവരിൽ ഒരു വിഭാഗക്കാർ (ജൂതന്മാർ) അറിയാത്ത ഭാവത്തിൽ അല്ലാഹുവിൻെറ ഗ്രന്ഥത്തെ പുറകോട്ടു വലിച്ചെറിഞ്ഞു. സുലൈമാൻെറ ആധിപത്യകാലത്ത് പിശാചുക്കൾ

ചൊല്ലിപ്പഠിച്ചിരുന്നതിനെ(ആഭിചാരം) അവർ അനുഗമിക്കുകയും ചെയ്തു. സുലൈമാൻ കുഫ്റ്(സത്യനിഷേധം) കൈക്കൊണ്ടിട്ടില്ല. മറിച്ചു ആ പിശാചുക്കളാണ് കുഫ്ർ കൈക്കൊണ്ടത്. അവർ ജനങ്ങൾക്കു ആഭിചാരം പഠിപ്പിച്ചുകൊടുക്കുന്നു. ബാബിലോണിൽ വച്ച് ഹാറൂത്ത്, മാറൂത്ത് എന്നീ രണ്ടു മലക്കുകൾക്ക് അവതരിപ്പിക്കപ്പെട്ടതിനെയും അവർ അനുഗമിച്ചു.

**താഗൂത്ത്:**

മലക്കൂത്ത്, ജബറൂത്ത് എന്നിങ്ങനെയുള്ള പദവൃത്തമനുസരിച്ച് طغى എന്ന ധാതുവിൽ നിന്നുള്ളതാണ് طاغوت. പരിധി ലംഘിച്ചുവെന്നാണ് طغى യുടെ മൂലാർത്ഥം. വെള്ളം പരിധിവിട്ടധികരിച്ചാൽ طغى الماء എന്നു പറയും. സമൂദ് ഗോത്രക്കാരെ ആവരണം ചെയ്ത ശിക്ഷയെപ്പററി ഖുർആൻ പ്രയോഗിച്ചതു طاغية എന്നാണ്. 'അതിരും എതിരുമില്ലാത്തത്' എന്നർത്ഥം. ഈ മൂലാശയം പരിഗണിച്ചാണ് ദൈവത്തിൻെറ അടിമത്തപരിധി അതിലംഘിച്ചവനെ طاغوت എന്നു വിളിക്കുന്നത്. ഭാഷാഭിജ്ഞർ പറയുന്നു:

الطاغوت عبارة عن كل متعد وكل معبود من دون الله

"പരിധിലംഘനം ചെയ്ത എല്ലാവക്കും, അല്ലാഹുവെക്കൂടാതെയുള്ള എല്ലാ ആരാധ്യന്മാർക്കും 'താഗൂത്ത്' എന്നു പറയുന്നു."

ഖുർആനിൽ പല സ്ഥലങ്ങളിലും 'താഗൂത്ത്' എന്ന പദവും അതിൻെറ ഏതിർ ശബ്ദങ്ങളും വന്നിട്ടുണ്ട്.

ഓരോ സ്ഥലത്തും 'താഗൂത്തു'കൊണ്ടുള്ള വിവക്ഷയെ ന്തെന്നു ഗ്രഹിക്കാൻ അവിടെ പ്രയോഗിച്ച എതിർ ശബ്ദം സഹായകമാകുന്നു. ഉദാഹരണമായി, ഒരിടത്തു പറയുന്നു:

وَمَنْ يَكْفُرْ بِالطَّاغُوتِ وَيُؤْمِنْ بِاللهِ....( بقرة )

(വല്ലവനും താഗൂത്തിനെ നിഷേധിക്കുകയും അല്ലാഹു വിൽ വിശ്വസിക്കുകയും ചെയ്താൽ........)ഇവിടെ താ ഗൂത്തിന്നെതിരിൽ വന്നത് 'അല്ലാഹു'വാണ്. ഇതിൽ നിന്ന് അല്ലാഹുവല്ലാത്ത എല്ലാവിധ ആരാധ്യന്മാ രും 'താഗൂത്തു'കളാണെന്നു വ്യക്തമായി. മറ്റൊരിട ത്ത് പറയുന്നു:

اَنِ اعْبُدُوا اللهَ وَاجْتَنِبُوا الطَّاغُوتَ ( نحل )

(അല്ലാഹുവിന്ന് ഇബാദത്ത് ചെയ്യുക. താഗൂത്തിനെ വിട്ടകലുക ) വേറൊരു സ്ഥലത്ത് പറയുന്നു:

اَلَّذِينَ آمَنُوا يُقَاتِلُونَ فِى سَبِيلِ اللهِ وَالَّذِينَ
كَفَرُوا يُقَاتِلُونَ فِى سَبِيلِ الطَّاغُوتِ ( نساء )

(സത്യവിശ്വാസികൾ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുന്നു. സത്യനിഷേധികൾ താഗൂത്തിൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുന്നു.) അവിടെ തന്നെ തുടന്നു പറയുന്നു:

فَقَاتِلُوا اَوْلِيَاءَ الشَّيْطَانِ........

(അതുകൊണ്ട് നിങ്ങൾ ശൈത്താൻെറ സുഹൃത്തുക്കളോടു സമരം ചെയ്യുക.) ഇവിടെ 'താഗൂത്ത്' കൊണ്ടുദ്ദേശ്യം 'ശൈത്താൻ' ആകുന്നുവെന്നു വ്യക്തം. 'ശൈത്താൻ' എന്നു പറയുമ്പോൾ ജിന്നുവർഗ്ഗത്തിലും മനുഷ്യവർഗ്ഗത്തിലുമുള്ള രണ്ടുതരം പിശാചുക്കളും ഉദ്ദേശ്യമാണ്: അപ്പോൾ അല്ലാഹു അല്ലാത്തവർക്കുവേണ്ടിയുള്ള ത്യാഗ പരിശ്രമങ്ങൾ, പ്രബോധന പ്രവർത്തനങ്ങൾ, കീഴ്വണക്കങ്ങൾ, അനുസരണങ്ങൾ ആദിയായവക്കെല്ലാം കൂടി ഖുർആനിൽ പൊതുവെ പ്രയോഗിക്കുന്ന ഒരു വാക്കാണ് താഗൂത്ത് എന്നു സ്പഷ്ടം.

ഇനിയും നോക്കുക, ഖുർആൻ പറയുന്നു:

أَلَمْ تَرَ إِلَى الَّذِينَ يَزْعُمُونَ أَنَّهُمْ آمَنُوا بِمَا أُنْزِلَ
إِلَيْكَ وَمَا أُنْزِلَ مِنْ قَبْلِكَ يُرِيدُونَ أَنْ يَتَحَاكَمُوا
إِلَى الطَّاغُوتِ وَقَدْ أُمِرُوا أَنْ يَكْفُرُوا بِهِ وَيُرِيدُ
الشَّيْطَانُ أَنْ يُضِلَّهُمْ ضَلَالًا بَعِيدًا وَإِذَا قِيلَ لَهُمْ
تَعَالَوْا إِلَى مَا أَنْزَلَ اللَّهُ وَإِلَى الرَّسُولِ رَأَيْتَ الْمُنَافِقِينَ
يَصُدُّونَ عَنْكَ صُدُودًا (نساء)

"നിനക്കു അവതരിപ്പിച്ചതിലും നിനക്ക് മുമ്പ് അവതരിപ്പിച്ചതിലും വിശ്വസിച്ചുവെന്നു വാദിക്കുന്ന ചിലരെ നീ കണ്ടില്ലേ? അവർ 'താഗൂത്തി'ൻെറ അടുക്കൽ അന്യായം ബോധിപ്പിച്ചു വിധി അന്വേഷിക്കാൻ ഉദ്ദേശിക്കുന്നു. വാസ്തവത്തിൽ അവരോട് കല്പിച്ചിട്ടുള്ളത് · അതിനെ

(താഗൂത്തിനെ) നിഷേധിക്കാനാണ്. പിശാച് അവരെ അതിദൂരം വ്യതിചലിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. 'അല്ലാഹു അവതരിപ്പിച്ചതിലേക്കും റസൂലി(ന്റെ തീരുമാനത്തി)ലേക്കും വരിക' എന്നു അവരോടു പറഞ്ഞാൽ കപട വിശ്വാസികൾ നിന്നെ വിട്ട് തീരെ തെററിക്കളയുന്നത് നിനക്കു കാണാം."

ഈ ആയത്തിൽ 'താഗൂത്തിന്റെ അടുക്കൽ അന്യായം ബോധിപ്പിക്കുക' എന്നതിന്നെതിരിൽ പറഞ്ഞത്. ........تعالوا الى ما انزل الله والى الرسول........ (അല്ലാഹു അവതരിപ്പിച്ചതിലേക്കും റസൂലിന്റെ തീരുമാനത്തിലേക്കും വരിക) എന്നാണ്. മനസ്സിരുത്തി ആലോചിച്ചുനോക്കുക. അല്ലാഹുവിന്റെ കിതാബിന്നും റസൂലിന്റെ സുന്നത്തിന്നും വിരുദ്ധമായതെല്ലാം 'താഗൂത്താ'ണെന്നു ഇതിൽനിന്ന് മനസ്സിലാകുന്നില്ലേ?

ചുരുക്കത്തിൽ അല്ലാഹുവിന്നുള്ള കീഴ്‌വണക്കത്തിൽനിന്നു പുറത്തു പോകുന്നതോ അതിനു വഴി വെക്കുന്നതോ ആയ സകല വ്യക്തികളും ശക്തികളും താഗൂത്തിന്റെ വിവക്ഷയിൽ ഉൾപ്പെടുന്നു. പിശാച്, മാരണക്കാർ, ജോത്സ്യന്മാർ, വിഗ്രഹങ്ങൾ, ഫറോവമാർ, നംറൂദ്മാർ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്നു ജനങ്ങളെ തടയുകയും തെററിച്ചുകളയുകയും ചെയ്യുന്ന നേതാക്കൾ, അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കാത്ത ഗവമ്മെണ്ടുകൾ, ദൈവനിർദ്ദേശങ്ങളെ തള്ളിക്കളയുന്ന കോടതികൾ, ദൈവ വിരുദ്ധമായ പാഠശാലകൾ, ദൈവികേതരമായ ധ്യാനമഠങ്ങൾ മുതലായവയെല്ലാം താഗൂത്തുകൾ തന്നെ. ഇങ്ങനെയുള്ള താഗൂത്തുകളെയെല്ലാം ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ

വേദക്കാർ വെച്ചുപുലർത്തിയിരുന്നു. താഗ്ഗൂത്ത് പൂജയാകുന്ന അപമാനകരമായ ശിർക്കിൽ അവർ ദയനീയമാംവണ്ണം അകപ്പെട്ടുപോയിരുന്നു. അല്ലാഹു അവരെ ചൂണ്ടിക്കൊണ്ട് പറഞ്ഞു:

قُلْ هَلْ أُنَبِّئُكُمْ بِشَرٍّ مِنْ ذَلِكَ مَثُوبَةً عِنْدَ اللَّهِ مَنْ لَعَنَهُ اللَّهُ وَغَضِبَ عَلَيْهِ وَجَعَلَ مِنْهُمُ الْقِرَدَةَ وَالْخَنَازِيرَ وَعَبَدَ الطَّاغُوتَ أُولَئِكَ شَرٌّ مَكَانًا وَأَضَلُّ عَنْ سَوَاءِ السَّبِيلِ (مائدة)

“പറയുക, അല്ലാഹുവിങ്കൽ ഇതിനേക്കാരം മോശമായ പ്രതിഫലത്തിന്ന് പാത്രമായവരെ ഞാൻ നിങ്ങരംക്ക് പറഞ്ഞുതരട്ടയോ? ആർ അല്ലാഹുവിൻെറ ശാപത്തിനും കോപത്തിനും പാത്രമായോ ആരിൽനിന്ന് കുരങ്ങന്മാരെയും പന്നികളെയും താഗ്ഗൂത്ത് പൂജകരെയും അവൻ ഉണ്ടാക്കിയോ അവരത്രെ അതിനീചമായ സ്ഥാനത്ത് നിലകൊള്ളുന്നവരും നേർമാർഗ്ഗത്തിൽ നിന്ന് അത്യധികം വ്യതിചലിച്ചുപോയിട്ടുള്ളവരും!”

## 5 ശിർക്കിനെ അനുകൂലിക്കൽ

മുമ്പ് പറഞ്ഞപോലെ വേദക്കാരുടെ ശിർക്കിൻെറ മൂന്നാമത്തെ ഇനം ശിർക്കിനെ അനുകൂലിക്കലാണ്. ശിർക്കനുകൂലനയം — ഏതുവിധത്തിലായാലും — ശിർക്കു തന്നെയാണ്.

അല്ലാഹുവിൻെറ മഹത്തായ അനുഗ്രഹങ്ങരംക്ക് പാത്രമായിരുന്നു ഒരുകാലത്ത് ജൂതക്രിസ്തീയ മതക്കാർ. അവൻ അവക്കു വേദഗ്രന്ഥം നല്കി. അവൻെറ

ശരീഅത്ത് വ്യവസ്ഥയനുസരിച്ച് ജീവിതം കെട്ടിപ്പടു ക്കാൻ അവരെ ബാധ്യസ്ഥരാക്കി. അറേബ്യയിൽ നിയുക്തനാകുന്ന മുഹമ്മദ്നബി (സ)യെ അനുഗമിക്ക ണമെന്നും ഇതര സമുദായങ്ങൾക്കു തിരുമേനിയെ പരി ചയപ്പെടുത്തണമെന്നും കാലേക്കൂട്ടി അവരെ ഉത്തര വാദപ്പെടുത്തുകയും ചെയ്തു. ദൈവം ജൂതരെ അറിയി ച്ചത് പഴയനിയമത്തിൽ ഇങ്ങനെ വായിക്കാം:

"നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവക്കു അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്നു എഴുന്നേല്പിച്ചു എന്റെ വചനങ്ങളെ അവന്റെ നാവിന്മേൽ ആക്കും; ഞാൻ അവനോട് കല്പി ക്കുന്നതൊക്കെയും അവൻ അവരോട് പറയും."

(ആവർത്തനം 18: 18, 19)

ഈസാനബി (അ) ശിഷ്യന്മാരോട് അസന്നി ഗ്ധമായ ഭാഷയിൽ നേരിട്ട് പറഞ്ഞത് പുതിയനിയ മത്തിൽ ഇങ്ങനെയാണ്:

"ഇനിയും വളരെ നിങ്ങളോടു പറവാൻ ഉണ്ടു്; എന്നാൽ നിങ്ങൾക്കു ഇപ്പോൾ വഹിപ്പാൻ കഴി വില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിന ടത്തും. (യോഹന്നാൻ 16: 12, 13)

ജൂതന്മാർ അന്ത്യപ്രവാചകനായ മുഹമ്മദ് (സ) യുടെ ആഗമനം ദീർഘകാലം പ്രതീക്ഷിച്ചുപോന്നു. നബിതിരുമേനി (സ) നിയുക്തനാകുന്ന കാലത്ത് അവ രുടെ സൗഭാഗ്യത്തിന്റെയും ഉന്നതിയുടെയും കവാടം തുറക്കപ്പെടുമെന്ന് അവരാശിച്ചുകൊണ്ടിരുന്നു. ജൂത ന്മാരുടെ മതത്തെയും വേദത്തെയും ശരിവെച്ചും

ശക്തിപ്പെടുത്തിയുംകൊണ്ട് അറബികൾക്കിടയിൽ എഴ ന്നേല്പിക്കപ്പെടുന്ന പ്രവാചകപ്രഭുവിനെക്കുറിച്ചു തൗറാത്തിലുണ്ടായിരുന്ന പ്രവചനങ്ങളുടെ അടിസ്ഥാനത്തിലാണവരിങ്ങനെ ആശിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തിരുന്നത്.

وَكَانُوا مِنْ قَبْلُ يَسْتَفْتِحُونَ عَلَى الَّذِينَ كَفَرُوا....

( بقرة )........

(മുമ്പ് അവർ, സത്യനിഷേധികൾ (മുശ്രിക്കുകൾ)ക്കെതിരിൽ വിജയം കൈവരുത്തിക്കൊടുക്കാൻ (അന്ത്യപ്രവാചകൻെറ ദൗത്യത്തെ മുൻനിറുത്തി അല്ലാഹുവോട്) പ്രാർത്ഥിക്കാറുണ്ടായിരുന്നു) എന്നിങ്ങനെ ഇതെപ്പററി വി: ഖുർആൻ പ്രസ്താവിക്കുന്നുണ്ട്. അതായത് മുഹമ്മദ്നബി (സ) യുടെ ആഗമനകാലത്ത് തങ്ങൾ നബി (സ) യുടെ പിന്നിൽ അണിനിരന്നുകൊണ്ട് മുശ്രിക്കുകൾക്കെതിരിൽ വിജയം വരിക്കുമെന്നു് ജൂതന്മാർ പറഞ്ഞിരുന്നു.

ക്രിസ്ത്യാനികൾ അന്ത്യപ്രവാചകൻെറ ആഗമനത്തെ ഉററുനോക്കിക്കൊണ്ടേയിരുന്നുവെന്നത് വ്യക്തമാണ്. ബൈബിളിൽ മസീഹ് (അ) പറഞ്ഞതായി രേഖപ്പെടുത്തിവെച്ച ഉദാഹരണങ്ങളെ സത്യസന്ധമായി വ്യാഖ്യാനിച്ചുനോക്കിയാൽ അവയിൽ വലിയൊരുഭാഗം അന്ത്യപ്രവാചകൻെറ നിയോഗത്തെക്കുറിച്ചുള്ള വർണ്ണനയാണെന്നു് ബോധ്യമാകും.

പൂർവ്വവേദങ്ങളിലുള്ള പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ വേദക്കാർ ചെയ്യേണ്ടതെന്തായിരുന്നു? അന്ത്യപ്രവാചകനെക്കുറിച്ച് പൂർവ്വവേദങ്ങളിൽ വന്ന

വിവരണങ്ങളുടെ വെളിച്ചത്തിൽ മുഹമ്മദ് (സ) തിരുമേനിയെ പരിശോധിച്ച് അവിടത്തെ ദൗത്യത്തിൽ വിശ്വസിക്കുകയും തിരുമേനിയുടെ സത്യസന്ധമായ നിലപാടിനെ ഇതരസമുദായങ്ങൾക്ക് പരിചയപ്പെടുത്തുകയും തിരുമേനി കൊണ്ടുവന്ന ദീനിന്റെ സംസ്ഥാപനമാർഗ്ഗത്തിൽ ത്യാഗനിരതരാവുകയും ചെയ്യുക-ഇതൊക്കെയായിരുന്നു അവരുടെ ധാർമ്മിക ചുമതല. പക്ഷെ അവരിൽനിന്ന് ലോകത്തിന്ന് കാണാൻകഴിഞ്ഞത് മറ്റൊന്നാണ്. തിരുമേനിയുടെ ആഗമനവേളയിൽ വേദക്കാർ കൈക്കൊണ്ട നില മസീഹ് (അ) പറഞ്ഞ ഒരുദാഹരണം പോലെയായി:

"രാത്രി മുഴുവൻ അവർ വിളക്കുകൾ കൊളുത്തിവെച്ച് പുതുമാരനെ കാത്തിരുന്നു. പക്ഷെ പുതുമാരൻ വരാൻ നേരമായപ്പോൾ അവരുടെ വിളക്കുകൾ കെട്ടുപോയി. അവരുടെ കുപ്പികളിലുള്ള എണ്ണതീർന്നു. അവർ ഉറങ്ങിപ്പോയി."

മുഹമ്മദ്നബി(സ)യുടെ ആഗമനം അവർ നൂററാണ്ടുകളായി പ്രതീക്ഷിച്ചുപോന്നുവെങ്കിലും അവിടുന്നു നിയുക്തനായപ്പോൾ അവർ തിരുമേനിയെ തിരിച്ചറിഞ്ഞശേഷം നിഷേധിച്ചു. തിരുമേനിയോടുള്ള അസൂയയും അഹംഭാവവും കാരണമായി തൗഹീദിന്റെ മാർഗ്ഗത്തിൽ പ്രതിബന്ധം നിന്നു. തിരുമേനിയെ താറടിച്ചുകാണിക്കാൻ അവർ അരയും തലയും മുറുക്കി രംഗത്തിറങ്ങി. നബി (സ) ക്കെതിരിൽ ഐക്യമുന്നണി സൃഷ്ടിക്കാൻ മുശ്രിക്കുകളുടെ ഭാഗത്തേക്ക് ചാരിനിന്നു. ശിർക്കിനെ പ്രത്യക്ഷത്തിൽതന്നെ അനുകൂലിക്കുകയും ഏകദൈവവാദത്തെ പരസ്യമായി പരിഹസിക്കുകയും

KOTTAYAM PUBLIC LIBRARY

ചെയ്തവഴി ആത്മഹത്യാപരമായ നിലപാട് സ്വീകരിക്കാൻ പോലും ധൃഷ്ടരായി. മുസ്ലിംകളെക്കാൾ കൂടുതൽ സത്യവാദികളും സന്മാർഗ്ഗചാരികളും മുശ്രിക്കുകളാണെന്നു അവർ തുറന്നു പ്രഖ്യാപിച്ചു:

وَيَقُولُونَ لِلَّذِينَ كَفَرُوا هَؤُلَاءِ أَهْدَى مِنَ الَّذِينَ

آمَنُوا سَبِيلًا (نساء)

"സത്യനിഷേധികളെ (മുശ്രിക്കുകളെ) ചൂണ്ടിക്കൊണ്ട് അവർ (ജൂതർ) പറയുന്നു, ഇവരാണ് വിശ്വാസികളെ (മുസ്ലിംകളെ) ക്കാൾ കൂടുതൽ സന്മാർഗ്ഗം പ്രാപിച്ചവരെന്നു." ജൂതന്മാരുടെ തിളച്ചുമറിയുന്ന അസൂയയും ശത്രുതയും അവരെക്കൊണ്ടെന്തെല്ലാം പറയിപ്പിച്ചുവെന്നു നോക്കുക. ശിർക്കിനോടുള്ള സൗഹൃൽബന്ധത്തിനു ശേഷം ജൂതർക്ക് തൗഹീദിൽ പ്രതിപത്തിയുണ്ടാകാൻ കാരണമില്ലല്ലൊ. ഉണ്ടായിരുന്നില്ലതാനും.

മതപരവും ലൗകികവുമായ നേതൃസ്ഥാനങ്ങൾ അലങ്കരിച്ചിരുന്ന ആ സമുദായം ശിർക്കുകാരണം ദൈവശാപത്തിലേക്കാപതിച്ചു. കഷ്ടം!

أُولَئِكَ الَّذِينَ لَعَنَهُمُ اللهُ وَمَنْ يَلْعَنِ اللهُ فَلَنْ تَجِدَ لَهُ

نَصِيرًا (نساء)

"അല്ലാഹു ശപിച്ച കൂട്ടരാണവർ. അല്ലാഹുവിൻെറ ശാപത്തിനു പാത്രമായവർക്കു ഒരു സഹായിയെയും നീ കണ്ടെത്തിക്കുകയില്ല."

# 3 മുനാഫിഖുകളുടെ ശിർക്ക്

മുനാഫിഖുകൾ (കപട വിശ്വാസികൾ) വിശ്വാസ കർമ്മങ്ങളെസ്സംബന്ധിച്ചിടത്തോളം ബാഹ്യത്തിൽ പരിപൂർണ്ണ മുസ്ലിംകളായിരുന്നു. ഈമാൻകാര്യങ്ങൾ മുഴുവനും അവർ സമ്മതിച്ചിരുന്നു. മുഹമ്മദ് നബി (സ)യിലും മുൻ പ്രവാചകന്മാരിലുമുള്ള വിശ്വാസം പ്രഖ്യാപിക്കുകയും കലിമത്തുശ്ശഹാദത്ത് ചൊല്ലുകയും പള്ളിയിൽ കയറി മുറപ്രകാരം നമസ്കരിക്കുകയും ചെയ്തിരുന്നു. സകാത്ത് ഹജ്ജ് മുതലായ കർമ്മങ്ങളിൽ അവർ വീഴ്ചവരുത്തിയിരുന്നില്ല. എന്തിനേറെ, അവർ ഇസ്ലാമിക സമരങ്ങളിൽ പങ്കെടുക്കുകപോലും ചെയ്തിരുന്നു. മാത്രമല്ല, ഖുർആനിൽ നിന്നു വ്യക്തമാകുന്നപോലെ യഥാർത്ഥ മുസ്ലിംകളെക്കാളേറെ സമരാവേശം പ്രകടിപ്പിച്ചിരുന്നു, മുനാഫിഖുകൾ. മുഹമ്മദ് (സ) തിരുമേനി അല്ലാഹുവിൻെറ റസൂലാണെന്നു് തങ്ങൾക്ക് വിശ്വാസമുണ്ടെന്നു് ബോധ്യപ്പെടുത്താൻ എന്തെല്ലാമാണവർ കാട്ടിക്കൂട്ടിയിരുന്നത്. 'താങ്കൾ ദൈവദൂതനാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു' വെന്നു് അവർ ആണയിട്ടാവർത്തിച്ചിരുന്നു. പക്ഷെ ഫലമെന്തുണ്ടായി? ഖുർആൻ അവരെ മുസ്ലിംകളായി അംഗീകരിച്ചില്ല. മറിച്ചു് അവരെ കഠിനമായി ആക്ഷേപിക്കുകയാണ് ചെയ്തത്. അവർ വാസ്തവത്തിൽ കാഫിറുകളാണെന്നും പിശാചിൻെറ കൂട്ടുകാരാണെന്നും ശിക്ഷാർഹമായ മഹാപാതകം ചെയ്യുന്നവരാണെന്നും ഖുർആൻ

കുററപ്പെടുത്തി. ഇതേ കാരണങ്ങളാൽ നരകത്തിൻെറ അടിത്തട്ടിന്നഹ്ലരെന്നു് അവരെക്കുറിച്ചു വിധിയെഴുതുകയും ചെയ്തു.

മുനാഫിഖുകളെ നരകത്തിൻെറ അടിത്തട്ടിന്നഹ്ലരാക്കിയ ശിർക്കു് എന്തായിരുന്നുവെന്നു പരിശോധിക്കുകയാണിവിടെ ചെയ്യുന്നതു്. മുനാഫിഖുകളെക്കുറിച്ചു് ഖുർആനിൽ വന്ന ആയത്തുകളിൽനിന്നു് അവരുടെ ശിർക്കുപരമായ ചെയ്തികളെ പരാമർശിക്കുന്ന ആയത്തുകളിൽ ചിലതു്മാത്രം ഉദ്ധരിച്ചു് പരിചിന്തനം ചെയ്വാനേ ഇവിടെ ഉദ്ദേശിക്കുന്നുള്ളു.

അല്ലാഹുവിൻെറയും റസൂലിൻെറയും നിയമങ്ങളെ വിട്ടു് താഗൂത്തുകളുടെ നിയമങ്ങളിൽ ആശ്വാസം കൊള്ളുക; റസൂൽ (സ) തിരുമേനിയെ വിധികർത്താവാക്കുകയും അവിടുത്തെ വിധിയെ ശിരസാവഹിക്കുകയും ചെയ്യുന്നതിന്നു പകരം താഗൂത്തിൻെറ അടുക്കൽ അന്യായം ബോധിപ്പിക്കുകയും വിധിതേടുകയും ചെയ്യുക— ഇതാണു് മുനാഫിഖുകളിൽ പ്രകടമായിരുന്ന കുഫ്റും ശിർക്കും. ഇതിൻെറപേരിൽ ഖുർആൻ അവരെ അധിക്ഷേപിച്ചു:

أَلَمْ تَرَ إِلَى الَّذِينَ يَزْعُمُونَ أَنَّهُمْ آمَنُوا بِمَا أُنْزِلَ
إِلَيْكَ وَمَا أُنْزِلَ مِنْ قَبْلِكَ يُرِيدُونَ أَنْ يَتَحَاكَمُوا
إِلَى الطَّاغُوتِ وَقَدْ أُمِرُوا أَنْ يَكْفُرُوا بِهِ وَيُرِيدُ
الشَّيْطَانُ أَنْ يُضِلَّهُمْ ضَلَالًا بَعِيدًا، وَإِذَا قِيلَ لَهُمْ

تعالوا الى ما انزل الله والى الرسول رايت المنافقين يصدون عنك صدودا (نساء)

“നിനക്ക് അവതരിപ്പിച്ചതിലും നിനക്കുമുമ്പ് അവതരിപ്പിച്ചിട്ടുള്ളതിലും വിശ്വസിച്ചുവെന്ന് തട്ടിമൂളിക്കുന്നവരെ നീ കണ്ടില്ലേ? അവർ താഗൂത്തിന്റെ അടുക്കൽ അന്യായം ബോധിപ്പിച്ചു വിധിതേടാൻ ഉദ്ദേശിക്കുന്നു. താഗൂത്തിനെ നിഷേധിക്കാനാണ് അവരോട് കല്പിച്ചിരുന്നത്. പിശാച് അവരെ അതിദൂരം വ്യതിചലിപ്പിക്കാനുദ്ദേശിക്കുന്നു. അല്ലാഹു അവതരിപ്പിച്ചതിലേക്കും റസൂലിങ്കലേക്കും വരികയെന്ന് അവരോട് പറഞ്ഞാൽ കപടന്മാർ നിന്നെവിട്ട് തീരെ തെററിക്കളയുന്നത് നിനക്കു കാണാം.”

അല്ലാഹുവിനെയും റസൂലിനെയും ഇസ്ലാമിക നേതൃത്വത്തെയും അനുസരിക്കണമെന്നും, തർക്കപ്രശ്നങ്ങൾ അല്ലാഹുവിന്റെയും റസൂലിന്റെയും നിയമനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ പരിഹരിക്കണമെന്നും, ഈമാൻ ഉണ്ടെന്നു വാദിച്ചുകൊണ്ട് താഗൂത്തിന്റെ അടുക്കൽ വിധി അന്വേഷിച്ചു പോകരുതെന്നുമാണല്ലോ പ്രകൃത ഖുർആൻവാക്യങ്ങളുടെ താല്പര്യം.

താഗൂത്തിന്റെ അർത്ഥം തൊട്ടുമുമ്പ് വിവരിച്ചത് ഓർക്കുന്നുണ്ടല്ലോ. ഇവിടെ താഗൂത്തു കൊണ്ടു വിവക്ഷിതം ജീവിതപ്രശ്നങ്ങളിൽ അല്ലാഹുവിന്റെയും റസൂലിന്റെയും നിയമ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ വിധി കല്പിക്കുന്ന ഭരണാധികാരികളും ന്യായാധിപന്മാരുമാണെന്നു സ്പഷ്ടം.

ആയത്തുകളുടെ സന്ദർഭങ്ങളും പൂർവ്വാപരബന്ധങ്ങളും മുമ്പിൽവച്ചു ചിന്തിച്ചുകൊണ്ട് സത്യസന്ധമായ വ്യാഖ്യാനം കണ്ടെത്താൻ ശ്രമിക്കുകയാണല്ലോ വേണ്ടത്. ഈ ആയത്തിൽ പറഞ്ഞ താഗൂത്ത് ആരാണ്? ആരുടെ നേരെ ചൂണ്ടിക്കൊണ്ടാണിത് പറഞ്ഞത്? ഈ ആയത്ത് അവതരിച്ചപ്പോൾ നബീയുടെ മുമ്പിൽ, മദീനയിൽ ഉണ്ടായിരുന്ന താഗൂത്ത് ആരായിരുന്നു? ഇതെല്ലാം ഓർക്കുന്നത് ഫലപ്രദമാണ്.

മദീനയിൽ ഇസ്ലാമികഭരണം സ്ഥാപിതമായി. ഭരണത്തലവനും ന്യായാധിപനും റസൂൽകരീം(സ) ആയിരുന്നു. ജനങ്ങൾ നബി(സ)യുടെ കോടതിയിൽ അന്യായം ബോധിപ്പിക്കാൻ തുടങ്ങി. നിയമങ്ങളും ശിക്ഷാനടപടികളുമെല്ലാം ആ കോടതി മുഖേന നടപ്പിൽ വന്നുകൊണ്ടിരുന്നു. പക്ഷെ, ജൂതന്മാരുടെ അധീനത്തിൽ ഒരു ഭരണനിയന്ത്രണം അവിടെ. മുമ്പേ നടന്നുവന്നിരുന്നു. അത് ഇസ്ലാമിക ഗവമ്മെണ്ട് സ്ഥാപിതമായശേഷവും അവിടെ കുറച്ചുകാലം തുടന്നു പോന്നു. ജൂതന്മാരുടെ ഈ സമാന്തര ഗവമ്മെണ്ട് (Parlal Govt:) കുഴപ്പങ്ങൾക്ക് വഴിവെച്ചു കൊണ്ടിരുന്നു. നാമമാത്ര മുസ്ലിംകളായ മുനാഫിഖുകൾ തങ്ങളുടെ പ്രശ്നങ്ങൾ ജൂതകോടതികളിൽ സമപ്പിച്ചു വിധി തേടാൻതുടങ്ങി. ജൂതക്കോടതികളിൽ നിന്നു് 'ന്യായം' വിലക്കു മേടിക്കാൻ സാധിച്ചിരുന്നു. ജൂത ന്യായാധിപന്മാക്ക് കൈക്കൂലി കൊടുത്ത് തങ്ങളുടെ ഇച്ഛയനുസരിച്ചുള്ള വിധികൾ കരസ്ഥമാക്കാൻ മുനാഫിഖുകൾക്ക് നല്ല സൗകര്യമായി. പ്രവാചകശിരോമണിയുടെ കോടതിയിൽ സത്യവും ന്യായവുമല്ലാതെ മറെറാന്നും

വിലപ്പോവുകയില്ലെന്നവക്കറിയാമായിരുന്നു. മുനാഫിഖു കളുടെ വൃത്തികെട്ട ഈ അടവിനെക്കുറിച്ചാണിവിടെ ഖുർആൻ ആക്ഷേപിച്ചിരിക്കുന്നത്. റസൂൽകരീ (സ) മിൻെറ ന്യായക്കോടതിക്ക് സമാന്തരമായിരുന്ന ജൂത ക്കോടതികളെയും അവരുടെ വിധികർത്താക്കളെയും കുറിച്ചാണിവിടെ താഗൂത്ത് എന്നു പറഞ്ഞിട്ടുള്ളത്.

മദീനയിലെ നവജാത ശിശുവായ ഇസ്ലാമിക ഗവൺമെണ്ടിൻെറ ഭാവിയെക്കുറിച്ച് മുനാഫിഖുകൾക്കു ണ്ടായിരുന്ന സംശയാശങ്കകളാണ് അവരുടെ ഇരു തലനയത്തിനു് മറെറാരു കാരണം. അവർ ചിന്തിച്ചു: “ഇസ്ലാമിക ഗവൺമെണ്ട് ശൈശവ ദശയിലാണ്. അതു് ഖുറൈശികളുടെ നട്ടെല്ല് പൊട്ടിച്ചുകളഞ്ഞിട്ടുണ്ടെന്നത് ശരിതന്നെ. പക്ഷെ ജൂതന്മാരുടെ വ്യവസ്ഥിതവും സുശ ക്തവുമായ അണികളുണ്ട്, മദീനയിലും പരിസരങ്ങളിലും. അവരുമായി മുസ്ലിംകൾക്കിതേവരെ നേരിട്ട് ഏററുമു ട്ടാൻ സന്ദർഭമുണ്ടായിട്ടില്ല. അനതിവിദൂരമായ ഭാവിയിൽ അങ്ങനെയൊന്നു് സംഭവിക്കാൻ തികച്ചും സാധ്യത യുണ്ടു്. അഥവാ അതു സംഭവിക്കുകയും വിജയം ജൂത രുടെ ഭാഗത്താവുകയുമാണെങ്കിൽ അവരുമായി ഇന്നു വച്ചുപുലർത്തുന്ന മമതയും ബന്ധവും നാളെ പ്രയോജന പ്പെടും. ജൂതരുമായി മൈത്രീബന്ധം പുലർത്തിയില്ലെ ങ്കിൽ അവർ മുസ്ലിംകളെയും ഇസ്ലാമിനെയും തകർത്തുകളയു ന്നതോടൊപ്പം നമ്മുടെ കഥയും അവസാനിപ്പിക്കും......” ഇങ്ങനെയുള്ള ഭയാശങ്കകൾ നിമിത്തം മുനാഫിഖു കൾ ജൂതക്കോടതികളോട് ബന്ധം പുലർത്തിക്കൊണ്ടി രുന്നു. വല്ല പ്രശ്നങ്ങളിലും ഇസ്ലാമികനിയമങ്ങൾ ത ങ്ങൾക്കനുകൂലവും ലാഭകരവുമാണെന്നു കണ്ടാൽ അവർ

ഇസ്ലാമികക്കോടതിയെ സമീപിക്കും. അപ്പോളവർ അ ങ്ങേയററം അനുസരണം പ്രകടിപ്പിച്ചുകൊണ്ടു് നബി തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജറാകുന്നത് കാണേണ്ടതുതന്നെ!

ജൂതന്മാർ കുസൃതിക്കാരായിരുന്നു. എന്തെല്ലാം വൃത്തികെട്ട അടവുകളും നെറികേടുകളുമാണവർ പ്രയോ ഗിച്ചിരുന്നത്! അവരുടെ ഒരു വികൃതിയെപ്പററി ഇവിടെ അനുസ്മരിക്കുന്നതു് സന്ദർഭോചിതമാണ്. ജൂതന്യായാധി പന്മാരുടെ അടുക്കൽ വരുന്ന ചില ഗുരുതരമായ കേസ്സു കഠം ജൂതശരീഅത്തനുസരിച്ച് വിധിക്കാതെ കക്ഷി കളെ അവർ സൂത്രത്തിൽ നബിയുടെ അടുക്കലേക്ക് തള്ളിവിടാറുണ്ടായിരുന്നു. വ്യക്തിപരമോ രാഷ്ട്രീയമോ ആയ താല്പര്യങ്ങഠംക്കു് വേണ്ടിയാണങ്ങനെ ചെയ്തിരു ന്നത്. കേസ്സു നീക്കുമ്പോഠം കക്ഷികളോടു പറയും: "മുഹ മ്മദിൻെറ അടുക്കൽ ചെല്ലുക. അവൻ വിധിപറയട്ടെ. എന്താണവൻ വിധിക്കുന്നതെന്നു് നോക്കാമല്ലോ. ഇന്നി ന്ന വിധത്തിൽ അവൻ വിധിച്ചാലേ നിങ്ങഠം സ്വീക രിക്കാവൂ. ഇന്നിന്ന വിധത്തിലാണെങ്കിൽ സ്വീകരിക്ക രുത്. പിന്നെയോ, കേസ്സുമായി ഇങ്ങോട്ടുതന്നെ തിരിച്ചു വരണം...." യഥാർത്ഥ ദൈവിക നിയമങ്ങളനുസരിച്ച് വിധി കല്പിച്ചാൽ ധനികരായ ജൂതന്മാരുടെ താല്പര്യങ്ങഠം ക്കു് ഹാനി തട്ടുമെന്നു കാണുമ്പോഴാണ് ഇത്തരം അടവുകഠം അവർ സാധാരണ പ്രയോഗിച്ചിരുന്നത്. ജൂതപണ്ഡിതന്മാർ അവരുടെ ധനികരിൽനിന്നു കനത്ത കൈക്കൂലി വാങ്ങി മടിശ്ശീല വീർപ്പിച്ചശേഷം അവ രുടെ ഇച്ഛക്കൊത്തവണ്ണം ദൈവികശരീഅത്തിനെതി രിൽ വിധി കിട്ടാൻവേണ്ടി ചെയ്തിരുന്ന നെറികെട്ട ദുസ്സാമർത്ഥ്യമായിരുന്നു അത്. അവരിച്ഛിച്ച വിധം

നബി (സ) യുടെ കോടതിയിൽനിന്നു വിധികിട്ടിയാൽ ഉദ്ദേശം നിറവേറി; കുററം നബി (സ) യുടെ കഴുത്തിൽ കുടുങ്ങുകയും ചെയ്യും— ഇങ്ങനെയാണവർ ചിന്തിച്ചിരുന്നത്. നബി (സ) വിധിച്ചത് അവരുടെ ഇച്ഛകൾക്കെതിരാണെങ്കിലോ അവർ ദൈവഹിതത്തെ പുറംതള്ളിക്കൊണ്ട് തന്നിഷ്ടപ്രകാരം വിധി പറയാൻ ഒരുമ്പെട്ടുകതന്നെ ചെയ്യും.

ഒരു വശത്ത്, അല്ലാഹുവിലും ഖുർആനിലും വിശ്വാസമുണ്ടെന്നു വാദിക്കുക. മറുവശത്ത്, താഗൂത്തിൻെറ കോടതിയിൽ അന്യായം ബോധിപ്പിക്കുക. പരസ്പരവിരുദ്ധങ്ങളായ സംഗതികൾ. മുനാഫിഖുകളുടെ ജീവിതത്തിൽ മുഴച്ചുകണ്ടിരുന്ന വൈരുദ്ധ്യങ്ങളിൽ സുപ്രധാനമായ ഒന്ന് ഇതായിരുന്നു. അല്ലാഹുവിൽ വിശ്വാസമുണ്ടെന്നു വാദിക്കാൻ തുടങ്ങും മുമ്പ് താഗൂത്തിനെ നിഷേധിക്കണമെന്നാണ് ഖുർആൻ അനുശാസിക്കുന്നത്. അതെ, الا الله (അല്ലാഹു ഒഴികെ) എന്ന സ്ഥാപനത്തിനു മുമ്പ് لا إله (ഒരു ഇലാഹും ഇല്ല) എന്നനിഷേധം നിർബ്ബന്ധമാണ്.

فَمَنْ يَكْفُرْ بِالطَّاغُوتِ وَيُؤْمِنْ بِاللهِ..............

(ഒരുത്തൻ താഗൂത്തിനെ നിഷേധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്താൽ............)

اعْبُدُوا اللهَ وَاجْتَنِبُوا الطَّاغُوتَ..............

(അല്ലാഹുവിന്നു ഇബാദത്ത് ചെയ്യുക. താഗൂത്തിനെ വർജ്ജിക്കുക........) എന്നിങ്ങനെയാണ് ഖുർആൻ

പറയുന്നത്. അതായത്, അല്ലാഹുവിലും താഗൂത്തിലും ഒരേ അവസരത്തിൽ വിശ്വസിക്കുക സാധ്യമല്ല അല്ലാഹുവെ അവലംബമാക്കിയ ഒരുത്തനു താഗൂത്തിങ്കൽ ശരണം തേടുക അസാധ്യമാണ്. ജീവിതപ്രശ്നങ്ങളിൽ വിധിയന്വേഷിച്ച് അനിസ്ലാമിക കോടതികളെ സമീപിക്കുകയും, അല്ലാഹുവിൻെറ നിയമനിർദ്ദേശങ്ങളിലും സർവ്വാധിപത്യത്തിലും പ്രവാചകൻെറ ചര്യകളിലും അടിയുറച്ച് വിശ്വസിക്കുന്നുവെന്നു വാദിക്കുകയും ചെയ്യുക-ഇത് വിരോധാഭാസമാണ്.

അല്ലാഹുവിൽ വിശ്വാസമുണ്ടെങ്കിൽ ജീവിതപ്രശ്നങ്ങൾ അവൻെറ നിയമനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ പരിഹരിക്കണം. അതായത് അവനെ അനുസരിക്കുക കൂടി വേണം. അനുസരണമില്ലാത്ത വിശ്വാസവാദം വ്യാജജല്പനമാണ്. എന്നാൽ എങ്ങനെയാണ് അല്ലാഹുവെ അനുസരിക്കുക? അതിനുള്ള പ്രായോഗികമാർഗ്ഗമെന്ത്? അത് കാണിച്ചുതരാൻ വേണ്ടിയാണ് അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചിരുന്നത്. ആർ പ്രവാചകനെ അനുഗമിച്ചുവോ അവർ അല്ലാഹുവെ അനുസരിച്ചു. പ്രവാചകനെ അനുസരിക്കാത്തവർക്ക് അല്ലാഹുവിലും ഖുർആനിലും റസൂലിലും വിശ്വാസമില്ലെന്ന് മനസ്സിലാക്കണം.

അല്ലാഹുവിങ്കൽനിന്ന് പ്രവാചകൻ നിയുക്തനാവുന്നതെന്തിന്? അദ്ദേഹം ദൈവദൂതനാണെന്ന് ജനങ്ങളുടെ അംഗീകരണം മേടിച്ചുവെക്കാൻ മാത്രമാണോ? ഒരിക്കലുമല്ല. പിന്നെയോ, ജീവിതവ്യവഹാരങ്ങളിൽ അദ്ദേഹത്തിൻെറ നേതൃത്വവും മാതൃകയും ജനങ്ങൾ സ്വീകരിക്കുകകൂടിവേണം. പ്രവാചകനെ അനുസരിക്കാത്തവർ അല്ലാഹുവെ അനുസരിക്കാത്തവരാണ്. തീർച്ച.

അതുകൊണ്ടാണ് റസൂലിന്റെ നേതൃത്വവും തീരുമാനവും അവഗണിച്ച്, ജൂതക്കോടതി കയറിയ നാമമാത്രമുസ്ലിംകളെക്കുറിച്ച് അല്ലാഹുവിൽ വിശ്വാസമില്ലാത്ത മുനാഫിഖുകൾ എന്നു ഖുർആൻ വിധിയെഴുതിയത്. അല്ലാഹു പറയുന്നത് കാണുക:

فَكَيْفَ إِذَا أَصَابَتْهُم مُّصِيبَةٌ بِمَا قَدَّمَتْ أَيْدِيهِمْ ثُمَّ
جَاءُوكَ يَحْلِفُونَ بِاللَّهِ إِنْ أَرَدْنَا إِلَّا إِحْسَانًا
وَتَوْفِيقًا، أُولَٰئِكَ الَّذِينَ يَعْلَمُ اللَّهُ مَا فِي قُلُوبِهِمْ
فَأَعْرِضْ عَنْهُمْ وَعِظْهُمْ وَقُل لَّهُمْ فِي أَنفُسِهِمْ قَوْلًا
بَلِيغًا، وَمَا أَرْسَلْنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذْنِ اللَّهِ
وَلَوْ أَنَّهُمْ إِذ ظَّلَمُوا أَنفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ
وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَّحِيمًا،
فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ
بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ
وَيُسَلِّمُوا تَسْلِيمًا (نساء)

“അവരുടെ കൈകൾ ചെയ്തുവെച്ച കൃത്യങ്ങൾ നിമിത്തം അവക്ക് ആപത്തു വന്നപ്പോൾ, അവർ നിന്റെ അടുക്കൽവന്നു് അല്ലാഹുവിന്റെ നാമത്തിൽ സത്യം

ചെയ്തു പറയുന്നു, നന്മയിലും യോജിപ്പിലും വത്തിക്കണ മെന്നേ ഞങ്ങൾ ഉദ്ദേശിച്ചിരുന്നുള്ളവെന്നു്. അപ്പോൾ എങ്ങനെയുണ്ടു് അവരുടെ നിലപാടു്? അവരുടെ ഹൃദയങ്ങളിലുള്ളതു് അല്ലാഹുവിന്നറിയാം. നീ അവരെ അഗണ്യമാക്കിക്കളയുക. അവരെ ഉപദേശിക്കുക. മന സ്സിൻെറ അഗാധതയിൽ ചെന്നുമുട്ടുന്ന വാക്കു് അവരോടു പറയുക. അല്ലാഹുവിൻെറ കല്പനപ്രകാരം അനുസരി ക്കപ്പെടാൻ വേണ്ടിയല്ലാതെ ഒരു ദൂതനെയും നാം നിയോ ഗിച്ചിട്ടില്ല. അവർ സ്വന്തം ആത്മാക്കളോടു അതിക്രമം പ്രവത്തിച്ചപ്പോൾ നിൻെറഅടുക്കൽ വരികയും എന്നിട്ടു് അല്ലാഹുവോടു് പാപമോചനത്തിന്നത്ഥിക്കുകയും അവ രുടെ പാപം പൊറുത്തുകിട്ടേണ്ടതിന്നു് അവക്കുവേണ്ടി റസൂൽ പ്രാത്ഥിക്കുകയും ചെയ്തിരുന്നെങ്കിൽ പശ്ചാ ത്താപം സ്വീകരിക്കുന്നവനും കാരുണ്യവാനുമായിട്ടു് അല്ലാഹുവെ അവർ കണ്ടെത്തുമായിരുന്നു. എന്നാൽ നിൻെറ നാഥനെക്കൊണ്ടു സത്യം, അവക്കിടയിൽ പൊട്ടിമുളക്കുന്ന തക്ക്പ്രശ്നങ്ങളിൽ നിന്നെ അവർ വിധി കത്താവാക്കുകയും എന്നിട്ടു് നിൻെറ തീരുമാനത്തെ ക്കുറിച്ചു് തീരെ മനഃക്ലേശം ഇല്ലാതിരിക്കുകയും അതി നെ പരിപൂണ്ണമായി സമ്മതിക്കുകയും ചെയ്യുന്നതുവരെ അവർ സത്യവിശ്വാസികളാകുന്നതല്ല.”

മേലുദ്ധരിച്ച ആയത്തുകളിൽ

وَمَا أَرْسَلْنَا مِنْ رَسُولٍ إِلَّا لِيُطَاعَ بِإِذْنِ اللهِ

(അല്ലാഹുവിൻെറ കല്പനപ്രകാരം അനുസരിക്കപ്പെടാൻ വേണ്ടിയല്ലാതെ ഒരു ദൂതനെയും നാം അയച്ചിട്ടില്ല) എന്നവാക്യം ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്.

ദൈവേതരന്മാരുടെ വിധിയന്വേഷിച്ച് അനിസ്ലാമിക കോടതികളെ സമീപിച്ചിരുന്ന മുനാഫിഖുകൾ വാദിച്ചിരുന്നു, തങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിൽ വിശ്വാസമുണ്ടെന്ന്. ആ ജല്പനത്തിന്റെ ഖണ്ഡനമാണു പ്രകൃതവാക്യം ഉൾക്കൊള്ളുന്നത്. റസൂലിൽ വിശ്വസിക്കുകയെന്നാൽ കേവലം നാവുകൊണ്ടു സമ്മതിക്കുന്നതിന്റെ പേരല്ല. അവിടുന്നു ദൈവദൂതനാണെന്നു മനസ്സിൽ കരുതിയാലും പോരാ. പിന്നെയോ, കർമ്മരംഗത്ത് അവിടുത്തെ ചര്യയെ പിൻപററണം. അവിടുത്തെ തീരുമാനങ്ങളെയും നിയമ നിർദ്ദേശങ്ങളെയും ശിരസാ വഹിക്കണം. പ്രായോഗിക ജീവിത രംഗത്ത് റസൂൽ (സ) തിരുമേനിയുടെ ചര്യയെ അനുകരിക്കാത്തവൻ അല്ലാഹുവിന്റെ അടിമയല്ല. താഗൂത്തിന്റെ അടിമയാണ്—എന്നിങ്ങനെയുള്ള ശ്രദ്ധാർഹമായ ശിക്ഷണങ്ങളെയത്രെ ആ ഖുർആൻ വാക്യം വ്യക്തമാക്കിത്തരുന്നത്. താഗൂത്തിന്നു കീഴ് വണങ്ങുകയെന്ന ശിർക്കിനെക്കുറിച്ച് മുസ്ലിം നാമധാരികൾക്ക് ഖുർആൻ നല്കിയ വ്യക്തവും ശക്തവുമായ താക്കീതാണിത്.

മേൽപറഞ്ഞ വസ്തുതകൾ ഖുർആനിക സാക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ സമർത്ഥിച്ചിട്ടുള്ളതാണ്. ഖുർആനിനെക്കുറിച്ചു പരിജ്ഞാനമുള്ളവർക്കു ബോധ്യമാകും, അതിന്റെയെല്ലാം അവലംബം ഖുർആൻ തന്നെയാണെന്ന്. ഉദാഹരണത്തിന്ന് മാഇദാ സൂറ:യിലെ 41മുതൽ 54 വരെയുള്ള ആയത്തുകൾ നോക്കുക. സൗകര്യത്തിനു വേണ്ടി അവയുടെ ആശയ സംക്ഷേപം ഇവിടെ ചേർക്കുന്നു:

"ഓ, നബി! നിൻെറ അടുക്കൽ ജൂതന്മാരും കപടവിശ്വാസികളും അന്യായം ബോധിപ്പിച്ചശേഷം നിൻെറ തീരുമാനങ്ങളെ അവർ അവഗണിക്കുമ്പോൾ നീ വ്യാകുലപ്പെടുന്നതെന്തിനു്? അവർ നിൻെറ അടുക്കൽ വരുന്നത് ന്യായവും സത്യസന്ധവുമായ വിധി ലഭിക്കണമെന്ന സദുദ്ദേശത്തോടു കൂടിയല്ല. ജൂതപ്രമാണികളുടെ ഏജൻറുമാരും ദല്ലാലികളുമാണവർ. അവരുടെ ദേഹേച്ഛകൾക്കനുസരിച്ചവിധം നിൻെറ പക്കൽനിന്നു വിധിലഭിക്കണമെന്നാശിച്ചു വരുന്നവരാണവർ. ജൂതപുരോഹിതന്മാർ മറയത്തിരുന്നു പാവങ്ങളെ നിൻെറ അടുക്കലേക്കയക്കുന്നു; 'മുഹമ്മദിൻെറ തീരുമാനം ഇന്നതാണെങ്കിൽ സ്വീകരിക്കാം. അല്ലെങ്കിൽ അതവൻെറ മുഖത്തേക്കുതന്നെ വലിച്ചെറിഞ്ഞു തിരിച്ചുവരണം' എന്നു പറഞ്ഞു നിശ്ചയിച്ചുകൊണ്ടാണവർ ജനങ്ങളെ നിൻെറ സമീപത്തേക്കിളക്കിവിടുന്നതു. നീചന്മാർ! അവരെപ്പററി വ്യസനിച്ചിട്ടു കാര്യമില്ല. അല്ലാഹുവിനു അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കാൻ ഉദ്ദേശമില്ലെന്നത് വ്യക്തമാണു്. അല്ലെങ്കിലവർ തൗറാത്തിൽനിന്നു ഗ്രഹിച്ചപോലെ നിൻെറ സത്യസന്ധതക്കു് സാക്ഷികളാകുമായിരുന്നല്ലൊ. ഇഹത്തിൽ അവക്ക് ഹീനതയും പരാജയവുമാണ് അല്ലാഹു വിധിച്ചിരിക്കുന്നത്. പരത്തിൽ നരകശിക്ഷയും. അവർ വ്യാജോക്തികൾ സ്വീകരിക്കുന്നവരും കൈക്കൂലി തിന്നുന്നവരുമാണ്. അവർ തട്ടിവിടുന്ന കേസ്സുകൾ നിൻെറ അടുക്കൽ വന്നാൽ യുക്തംപോലെ ചെയ്തുകൊൾക. അതിൽ വിധികല്പിക്കാനും അതിനെ അവഗണിക്കാനും നിനക്കു സ്വാതന്ത്ര്യമുണ്ടു്. വിധിപറയുന്നപക്ഷം

അല്ലാഹുവിൻെറ നിയമമനുസരിച്ച് വിധികല്പിക്കാനേ നിനക്കു അധികാരമുള്ളു."

"ജൂതന്മാർ ചിലകാര്യങ്ങളിൽ നിന്നെ വിധികർത്താവായി സ്വീകരിക്കുകയും, നിൻെറ തീരുമാനം കേട്ട ശേഷം അതിനെ തള്ളിക്കളയുകയും ചെയ്യുന്നു. വാസ്തവത്തിൽ നീ നല്കിയ വിധി അവക്ക് അപരിചിതമല്ല; അവരുടെ പക്കലുള്ള തൗറാത്തിൽതന്നെ ഉള്ളതാണ്. അനേകം നബിമാരും ദൈവഭക്തരായ പണ്ഡിതന്മാരും തൗറാത്തിനെ ന്യായപ്രമാണമായംഗീകരിച്ചുകൊണ്ട് ദീർഘകാലം പ്രശ്നങ്ങൾ പരിഹരിച്ചുപോന്നിട്ടുണ്ട്. അതേ തൗറാത്തിൻെറ നിയമനിർദ്ദേശങ്ങളെ കാത്തുരക്ഷിപ്പാനാണ് നീ നിയുക്തനായിട്ടുള്ളത്. തൗറാത്തിൽ കയ്യേററം നടത്തരുതെന്നും ദൈവനിയമങ്ങൾ വിററുതിന്നരുതെന്നും അങ്ങനെ ചെയ്താൽ ദൈവകോപത്തിന്നർഹരായി, മതഭ്രഷ്ടരായി മരണമടയേണ്ടിവരുമെന്നും ജൂതന്മാരെ മുമ്പേ താക്കീത് ചെയ്തിരുന്നു. സാക്ഷാൽ തൗറാത്തിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായി നീ ഒന്നും വിധിക്കുന്നില്ല."

"ഇഞ്ചീലിൻെറ വാഹകർ എന്തുകൊണ്ട് അതിൻെറ നിർദ്ദേശപ്രകാരം ദൈവികനിയമങ്ങൾക്ക് വിധേയരായി ജീവിക്കുന്നില്ല? ദൈവനിയമങ്ങളെ ജീവിത വ്യവഹാരങ്ങളിൽ നിന്നകററിനിർത്തുന്നവർ ദൈവധിക്കാരികളാണ്."

"തൗറാത്തിനെയും ഇഞ്ചീലിനെയും തള്ളിക്കളയാൻ വേണ്ടിയല്ല, പ്രത്യുത, അവയെ മനുഷ്യ നിർമ്മിതികളിൽനിന്നു ശുദ്ധീകരിച്ചു കാണിക്കാനും, അവയെ

സത്യപ്പെടുത്താനും സംരക്ഷിച്ചുനിറുത്താനും വേണ്ടിയാണ് അല്ലാഹു അവസാനത്തെ വേദഗ്രന്ഥമായ ഈ ഖുർആൻ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് കക്ഷിവ്യത്യാസം കൂടാതെ എല്ലാവരും ദൈവഗ്രന്ഥത്തിൻെറ അവസാനത്തെ പതിപ്പായ ഖുർആനിനെ അനുഗമിക്കുകയാണ് വേണ്ടത്. വേദക്കാരുടെ നൂതനസിദ്ധാന്തങ്ങളെയും സ്വയംകൃത നിയമങ്ങളെയും ആരും പിന്തുടൎന്നുപോകരുത്."

"ഓ, നബി! നീ ദൈവത്തിൻെറ ശാശ്വതനിയമങ്ങൾ പ്രഖ്യാപനം ചെയ്യുക. വേദക്കാരുടെ ദുശ്ശാഠ്യക്കാൎക്ക് നീ ഉത്തരവാദിയല്ല. അവൎക്ക് പക്ഷപാതതിമിരം ബാധിച്ചിരിക്കുന്നു. അതുകൊണ്ടാണവർ നിന്നെ അംഗീകരിക്കാത്തത്. അഹോ, കഷ്ടം! നെടുനാൾ വേദം പേറിനടന്ന കൂട്ടരിതാ ഇന്ന് അന്ധവിശ്വാസികളും മാമൂൽപ്രിയരുമായിത്തീൎന്നിരിക്കുന്നു!"

"മുസ്ലിംകളേ! നിങ്ങളിൽനിന്നു ജൂതരുമായി ബന്ധം പുലൎത്തുകയും അവരുടെ കോടതികളിൽ അന്യായം ബോധിപ്പിക്കുകയും ചെയ്യുന്നവർ കപടന്മാരാണ്. ജൂതന്മാർ നിങ്ങളെ ജയിച്ചടക്കാനിടവന്നാൽ അവരുടെ മുമ്പിൽ 'നല്ലപിള്ള ചമയാനു'ള്ള സാധ്യത നഷ്ടപ്പെടരുതെന്നാണ് കപടന്മാർ കരുതുന്നത്. അത്തരം നാമമാത്ര മുസ്ലിംകൾ കൂറുമാറിക്കൊണ്ട് ദീനിൽനിന്നു ഭ്രഷ്ടരായിപ്പോയാൽ അല്ലാഹുവിന്നു ഒരു നഷ്ടവും സംഭവിക്കാനില്ല. അവൻെറ ദീനിനെ സംരക്ഷിച്ചു നിലനിറുത്താൻ പ്രാപ്തരും യോഗ്യരുമായ ഒരു വിഭാഗത്തെ അവൻ എഴുന്നേല്പിച്ച് മതനേതൃത്വം അവൎക്കേല്പിച്ചുകൊടുക്കും. അവർ അവനേയും അവൻ അവരേയും സ്നേഹിക്കും. അവർ സത്യവിശ്വാസികളുടെ

മുമ്പിൽ വിനീതരും സത്യനിഷേധികളുടെ മുമ്പിൽ കഠിനഹൃദയരുമായിരിക്കും. അവർ സത്യദീനിൻെറ സംസ്ഥാപനത്തിനുവേണ്ടി അനവരതം പ്രയത്നിച്ചു മുന്നേറിക്കൊണ്ടിരിക്കും. അവർ ദുഃശ്ശക്തികളെ ലവലേശം കൂസുകയില്ല."

ജൂതന്മാരുടെ അന്നത്തെ രാഷ്ട്രീയനിലയും, മുനാഫിഖുകൾക്ക് അവരുമായുണ്ടായിരുന്ന ബന്ധത്തിൻെറ സ്വഭാവവും നല്ലപോലെ മനസ്സിലാക്കാൻ വേണ്ടിയാണ് ഇക്കാര്യം ഇവിടെ ഇത്രത്തോളം വിസ്തരിച്ചുപറഞ്ഞിട്ടുള്ളത്. ഇതിൽനിന്നു് മുനാഫിഖുകൾ താഗൂത്തിങ്കൽ അന്യായം ബോധിപ്പിച്ചിരുന്നതിൻെറ ശരിയായ പശ്ചാത്തലം വ്യക്തമായല്ലൊ. ചിന്തിച്ചുനോക്കുക. എങ്ങിനെയുള്ളവരായിരുന്നു മുനാഫിഖുകൾ? അവർ വാദത്തിൽ മുസ്ലിംകളായിരുന്നു. ബാഹ്യത്തിൽ വലിയ ഇബാദത്തുകാരും. പക്ഷെ ഖുർആൻ അവരെ നിഷ്ഠുരുണം ആക്ഷേപിച്ചുതള്ളി. എന്തായിരുന്നു അവരുടെ ജീവിതത്തിൽ പ്രകടമായി കണ്ടിരുന്ന കാപട്യലക്ഷണം? അവർ ഖുർആനും സുന്നത്തും ഒരു വശത്തേക്ക് മാററിവെച്ച് അനിസ്ലാമിക നിയമങ്ങളുടെ തണലിൽ കഴിഞ്ഞുകൂടാനാഗ്രഹിച്ചു. അനിസ്ലാമിക കോടതികളെ സമീപിക്കുകവഴി ജീവിതത്തിലെ ആധിപത്യവും നേതൃത്വവും റസൂൽ (സ) തിരുമേനിക്കു പകരം ജൂതപണ്ഡിതന്മാർക്കും അനിസ്ലാമിക നേതാക്കൾക്കും നല്കി. ഇതായിരുന്നു ഖുർആൻ ആക്ഷേപിച്ചു പറഞ്ഞ അവരുടെ തെററ്. ഇക്കാരണത്താൽ അവരുടെ വിശ്വാസപ്രഖ്യാപനങ്ങൾക്കും ഇബാദത്തുകൾക്കും ത്യാഗസേവനങ്ങൾക്കും ഖുർആനിൻെറ ദൃഷ്ടിയിൽ തീരെ

പ്രാധാന്യമുണ്ടായില്ല. ആദർശനിഷ്ഠയില്ലാത്ത അത്തരക്കാരെ സൂചിപ്പിച്ച് 'മതഭ്രഷ്ടർ' എന്നു പോലും ഖുർആൻ പറഞ്ഞിരിക്കുന്നു.

ആദർശസ്ഥിരതയില്ലാത്ത ദുർബ്ബലഹൃദയരും ഭീരുക്കളും സ്വാർത്ഥമതികളും പ്രയോജനവാദികളുമായ കുറേ ഹീനാജന്തുക്കൾ എക്കാലത്തും എവിടെയും ഉണ്ടായിരിക്കും. സമാധാനവിപ്ലവം സൃഷ്ടിക്കാൻ സധീരം മുന്നേറിക്കൊണ്ടിരിക്കുന്ന ഇസ്ലാമിക പ്രസ്ഥാനത്തിനു അത്തരക്കാരെ ആവശ്യമില്ല. ഇതരന്മാരുടെ പാവകളാകാനേ അവരുപകരിക്കൂ. ഭൗതികതാല്പര്യങ്ങൾക്ക് വേണ്ടി ദൈവഭക്തി അഭിനയിക്കുന്ന കപടന്മാരെക്കൊണ്ട് ഒരാദർശ പ്രസ്ഥാനത്തിൻെറ വിജയസാദ്ധ്യതയെ പ്രതീക്ഷിക്കാമോ? ആദർശശാലികളായ മുസ്ലിംകളെയാണ് ഇസ്ലാം അതിൻെറ വാഹകരായംഗീകരിക്കുന്നത്. അവരെ മാത്രമെ ഇസ്ലാമിന്നാവശ്യമുള്ളൂ. അവരുടെ സ്വഭാവ ചര്യകൾ ഇസ്ലാമികമൂശയിലിട്ടു വാക്കപ്പെട്ടിരിക്കും. അവരുടെ ആദർശ മനസ്സാക്ഷികൾ ഉരുക്കുപോലെ ഉറച്ചിരിക്കും. അവർ സ്വാർത്ഥതാല്പര്യങ്ങളാകുന്ന വിഗ്രഹങ്ങളെ തല്ലിത്തകർത്തുകളയുന്നവരും ഇസ്ലാമിക ശിക്ഷണങ്ങളെ പൂർണ്ണമായംഗീകരിച്ചനുവർത്തിക്കുന്നവരുമായിരിക്കും.

يَا أَيُّهَا الَّذِينَ آمَنُوا ادْخُلُوا فِي السِّلْمِ كَافَّةً

(സത്യവിശ്വാസികളേ! ഇസ്ലാമിൽ പൂർണ്ണമായും പ്രവേശിക്കുക) എന്നാണ് ഖുർആൻ ശാസിക്കുന്നത്. ഈ ശാസനയെ മാനിക്കാത്ത, അവസരസേവകരായ മുസ്ലിം നാമധാരികളെ സൂചിപ്പിച്ച് ഖുർആൻ പറഞ്ഞതിങ്ങിനെയാണ്:

وَمِنَ النَّاسِ مَنْ يَعْبُدُ اللهَ عَلَى حَرْفٍ فَإِنْ أَصَابَهُ
خَيْرٌ اطْمَأَنَّ بِهِ وَإِنْ أَصَابَتْهُ فِتْنَةٌ انْقَلَبَ عَلَى
وَجْهِهِ....... (حج)

“ഒരു തെല്ലിൽ നിന്നുകൊണ്ട് അല്ലാഹുവിന്നു ഇബാദത്ത് ചെയ്യുന്ന ചിലരുണ്ട്, മനുഷ്യരിൽ. വല്ല ഗുണവും ലഭിക്കുകയാണെങ്കിലവരതുകൊണ്ട് സമാധാനിക്കും. വല്ല പരീക്ഷണവും തീണ്ടിയാൽ അവർ കുത്തനെ പുറകോട്ടു മറിയും.........” ഇത്തരം അവസരസേവകരെക്കൊണ്ട് അല്ലാഹുവിന്നും അവൻെറ ദീനിന്നും യാതൊരാവശ്യവുമില്ല.

മുനാഫിഖുകളുടെ മലിനഹൃദയങ്ങളിൽ കുടികൊണ്ടിരുന്ന ശിർക്കിനെയും കുഫ്രിയ്യത്തിനെയും തുറന്നുകാട്ടുന്ന ഏതാനും ആയത്തുകൾ താഴെ ചേർക്കുന്നു. അവയൊന്നു ശ്രദ്ധിച്ചുവായിച്ചു നോക്കുക. എക്കാലത്തുമുള്ള കപടന്മാരുടെ വികൃതസ്വഭാവം അതിൽ സ്പഷ്ടമാക്കിയതുകാണാം:

وَيَقُولُونَ آمَنَّا بِاللهِ وَبِالرَّسُولِ وَأَطَعْنَا ثُمَّ يَتَوَلَّى
فَرِيقٌ مِنْهُمْ مِنْ بَعْدِ ذَلِكَ وَمَا أُولَئِكَ بِالْمُؤْمِنِينَ،
وَإِذَا دُعُوا إِلَى اللهِ وَرَسُولِهِ لِيَحْكُمَ بَيْنَهُمْ إِذَا فَرِيقٌ مِنْهُمْ
مُعْرِضُونَ، وَإِنْ يَكُنْ لَهُمُ الْحَقُّ يَأْتُوا إِلَيْهِ

مذعنين ، افى قلوبهم مرض ام ارتابوا ام يخافون
ان يحيف الله عليهم ورسوله بل اولئك هم الظالمون ،
انما كان قول المؤمنين اذا دعوا الى الله ورسوله
ليحكم بينهم ان يقولوا سمعنا واطعنا واولئك
هم المفلحون ، ومن يطع الله ورسوله ويخش الله
ويتقه فأولئك هم الفائزون ، واقسموا بالله جهد
ايمانهم لئن امرتهم ليخرجن قل لا تقسموا طاعة
معروفة ان الله خبير بما تعملون ، قل اطيعوا الله
واطيعوا الرسول فان تولوا فانما عليه ما حمل
وعليكم ما حملتم وان تطيعوه تهتدوا وما على الرسول
الا البلاغ المبين ، وعد الله الذين آمنوا منكم
وعملوا الصالحات ليستخلفنهم فى الأرض كما استخلف
الذين من قبلهم وليمكنن لهم دينهم الذى
ارتضى لهم وليبدلنهم من بعد خوفهم امنا

يَعْبُدُونَنِي وَلَا يُشْرِكُونَ بِي شَيْئًا وَمَنْ كَفَرَ بَعْدَ
ذَٰلِكَ فَأُولَٰئِكَ هُمُ الْفَاسِقُونَ (نور)

"ഞങ്ങൾ അല്ലാഹുവിലും റസൂലിലും വിശ്വസിച്ചുവെന്നും ഞങ്ങൾ അനുസരിച്ചുവെന്നും അവർ പറയുന്നു. ശേഷം അവരിൽ ഒരു വിഭാഗം പിന്തിരിഞ്ഞുപോകുന്നു. അവർ സത്യവിശ്വാസികളല്ല തന്നെ. അവർക്കിടയിൽ വിധി കല്പിക്കേണ്ടതിന്നു അല്ലാഹുവിങ്കലേക്കും അവൻെറ ദൂതങ്കലേക്കും അവർ വിളിക്കപ്പെട്ടപ്പോൾ അവരിൽ ഒരു കക്ഷി അതാ പിന്തിരിഞ്ഞുപോകുന്നു. എന്നാൽ, അവകാശം അവർക്ക് കിട്ടാനുണ്ടാകുമ്പോൾ പൂർണ്ണമായ അനുസരണഭാവത്തിൽ അവർ നബിയുടെ അടുക്കൽ വരുന്നതാണ്. എന്ത്? അവരുടെ ഹൃദയങ്ങളിൽ രോഗം ഉണ്ടോ? അതോ അവർ സംശയിച്ചിരിക്കയാണോ? അല്ലെങ്കിൽ അല്ലാഹുവും അവൻെറ റസൂലും അവരോട് അക്രമം കാണിക്കുമെന്ന് അവർ ഭയപ്പെടുന്നുവോ? എന്നാൽ അവർ തന്നെയാണ് അക്രമകാരികൾ. തങ്ങൾക്കിടയിൽ റസൂൽ വിധിക്കാൻ വേണ്ടി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിച്ചാൽ ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തു എന്നു മാത്രമാണ് സത്യവിശ്വാസികൾ പറയുക. അവരത്രെ വിജയിച്ചവർ. വല്ലവരും അല്ലാഹുവിനെയും അവൻെറ റസൂലിനെയും അനുസരിക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും അവനെ സൂക്ഷിക്കുകയും ചെയ്താൽ അവരത്രെ വിജയികൾ. അവർ അല്ലാഹുവെ മുൻനിറുത്തി ശക്തിയുന്നി ആണയിട്ടു പറയുന്നു, നീ (നബി) അവരോട് കല്പിച്ചാൽ അവർ (സമരത്തിത്തിന്നു) പുറപ്പെടുമെന്ന്. പറയുക, നിങ്ങൾ സത്യം

ചെയ്യേണ്ട. സാധാരണ അറിയപ്പെടുന്ന വിധത്തിലു ള്ള അനുസരണം ഉണ്ടായാൽ മതി. നിങ്ങൾ പ്രവൎത്തി ക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മമായി അറിയുന്ന വനാകുന്നു. പറയുക, നിങ്ങൾ അല്ലാഹുവെ അനുസരി ക്കണം; റസൂലിനെയും അനുസരിക്കണം. ഇനി നിങ്ങൾ പിന്തിരിഞ്ഞുപോവുകയാണെങ്കിൽ റസൂലിനെ വഹി പ്പിച്ച ഉത്തരവാദിത്വം മാത്രമേ അദ്ദേഹത്തിനുള്ളു. നിങ്ങ ളെ വഹിപ്പിച്ച ഉത്തരവാദിത്വം നിങ്ങൾക്കും. നിങ്ങൾ റസൂലിനെ അനുസരിച്ചാൽ സന്മാൎഗ്ഗം പ്രാപിച്ചവ രാകും. വ്യക്തമായ പ്രബോധനമല്ലാതെ റസൂലിന്റെ മേൽ ഒരു ബാധ്യതയുമില്ല. മുൻസമുദായങ്ങളെ (അല്ലാ വിന്റെ) പ്രതിനിധികളാക്കിയതുപോലെ നിങ്ങളിൽ നിന്ന് സത്യവിശ്വാസം കൈക്കൊള്ളുകയും സല്ക്കൎമ്മ ങ്ങൾ പ്രവൎത്തിക്കുകയും ചെയ്തവൎക്കു ഭൂമിയിൽ പ്രാതിനി ധ്യാധികാരം നല്കുമെന്നും അവൎക്കു തൃപ്തിപ്പെട്ടു നൽകിയ ദീനിന്ന് സൗകൎയ്യവും സ്വാധീനതയും ഉണ്ടാക്കിക്കൊടുക്കു മെന്നും ഭയത്തിനു ശേഷം തൽസ്ഥാനത്ത് അവൎക്കു സമാധാനം സ്ഥാപിച്ചുകൊടുക്കുമെന്നും അല്ലാഹു ഇതാ വാഗ്ദത്തം ചെയ്തിരിക്കുന്നു. (അങ്ങിനെ) അവർ എനി ക്കു ഇബാദത്ത് ചെയ്തുകൊണ്ടും എന്നോട് യാതൊന്നി നെയും പങ്കുചേൎക്കാതെയും ഇരിക്കും. അതിനു ശേഷം വല്ലവരും സത്യനിഷേധം കൈവരിച്ചാൽ അവരത്രെ അതിക്രമികൾ."

മുഴുജീവിതത്തിലും റസൂൽ (സ) തിരുമേനിയുടെ നേതൃത്വവും മാതൃകയും സ്വീകരിച്ചാലേ യഥാൎത്ഥമുസ്ലി മാവൂ എന്നും അല്ലാഹുവിനോടും റസൂലിനോടുമുള്ള അനുസരണവിരുദ്ധമായി ഇതരന്മാരുടെ ആധിപ ത്യവും നേതൃത്വവും സ്വീകരിച്ചുകൊണ്ട് ഇസ്ലാമിന്റെ

പേരിൽ അറിയപ്പെടാൻ ആഗ്രഹിക്കുന്നത് കപടവിശ്വാസികളുടെ സ്വഭാവമാണെന്നും പ്രകൃത ഖുർആൻ വാക്യങ്ങൾ വ്യക്തമാക്കുന്നുണ്ടല്ലോ. ഇസ്ലാമിൻെറ അപ്രതിരോധ്യമായ മുന്നേററത്തിൻെറ മുമ്പിൽ സകല ദുശ്ശക്തികളും ആയുധംവച്ച് കീഴടങ്ങുമെന്നും, മുനാഫിഖുകളുടെ ഭയാശങ്കകൾ അസ്ഥാനത്താണെന്നും അവസാനത്തെ ആയത്ത് വിളിച്ചുപറയുന്നു. മുസ്ലിംകൾ അല്ലാഹുവിനെയല്ലാതെ മററാരെയും ഭയപ്പെടാത്ത, മററാരെയും അവനോട് പങ്കുചേക്കാത്ത, അവനുമാത്രം ഇബാദത്ത് ചെയ്യാൻ സൗകര്യവും സ്വാതന്ത്ര്യവുമുള്ള ഒരു സാഹചര്യത്തിൽ സമാധാനപൂവ്വം ജീവിക്കുമെന്നുള്ള സുവിശേഷമാണ് ഈ ആയത്തിൻെറ ഉള്ളടക്കം. മുനാഫിഖുകൾ അല്ലാഹുവിനുമാത്രം ഇബാദത്ത് ചെയ്യുന്നവരല്ലെന്നും അല്ലാഹുവിനോട്ട് പലരെയും പങ്കുചേക്കുന്നവരാണെന്നുമുള്ള സൂചന ഇതിലുണ്ട്.

ജൂതന്മാരുടെ കോടതികളെ സമീപിക്കുകവഴി മുനാഫിഖുകൾ ചെയ്തത് ശിക്കാകുന്ന മഹാപാതകമാണെന്നത്രെ ഖുർആൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഖുർആനിൻെറ അത്ഥഗഭ്മായ ഈ സൂചനയുടെ ആഴവും വിസ്താരവും ഇവിടെവച്ച് ഓക്കുന്നത് നന്നു്.

'ഇബാദത്തി'ൻെറ അത്ഥത്തിൽനിന്നു് 'ഇത്താഅത്തി'നെ പുറത്തു നിത്തുന്ന ചിലരുണ്ടു്. | നമസ്കാരം നോമ്പ് തുടങ്ങിയ ആരാധനകൾ അവർ അല്ലാഹുവിനു മാത്രമേ അപ്പിക്കൂ./ പക്ഷെ, അനുസരണം ഏതു താഗൂത്തിൻെറ മുമ്പിലും ആവാമെന്നും അതുകൊണ്ടു് 'ഏകഇലാഹിന്നു് ഇബാദത്ത് ചെയ്യുക' എന്ന ആശയത്തിനു് വിരുദ്ധമായി ഒന്നും സംഭവിക്കില്ലെന്നും

അവർ തെററു ധരിക്കുന്നു. അവർ മേലുദ്ധരിച്ച ആയത്തുകളെക്കുറിച്ച് അവധാനപൂർവ്വം ചിന്തിച്ചുനോക്കട്ടെ. അല്ലാഹുവല്ലാത്തവർക്കടിയറവെക്കുന്നതും അനുസരണം അർപ്പിക്കുന്നതും അല്ലാഹുവല്ലാത്തവർക്കുള്ള ഇബാദത്താകുന്നില്ലെങ്കിൽ മുനാഫിഖുകളെക്കുറിച്ച് ശിർക്ക്ചെയ്യുന്നവരെന്നും അല്ലാഹുവല്ലാത്തവർക്കു ഇബാദത്ത്ചെയ്യുന്നവരെന്നും സൂചിപ്പിച്ചു പറഞ്ഞതെന്തിന്?

ദീനിൽ അടിസ്ഥാന പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമാണിത്. ഇതു സംബന്ധിച്ച് ഖുർആനിൽ പരിചിന്തനം ചെയ്യാത്തതിൻ ഫലമായി ദീനിന്റെ അസ്ഥിവാരം പോലും പൊളിച്ചുനീക്കാൻ പര്യാപ്തമായ തെററു ധാരണകളിൽ അകപ്പെട്ടിരിക്കയാണ് ജനങ്ങളിന്നു്.

ആകയാൽ ഈ പ്രശ്നത്തിലേക്ക് വെളിച്ചം വീശുന്ന ഒരു ഖുർആൻ വാക്യവുംകൂടി ഇവിടെ ഉദ്ധരിച്ചു ചർച്ച ചെയ്യാം:

وَمَنْ يُشَاقِ الرَّسُولَ مِنْ بَعْدِ مَا تَبَيَّنَ لَهُ

الْهُدَى وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَا تَوَلَّى

وَنُصْلِهِ جَهَنَّمَ وَسَاءَتْ مَصِيرًا، إِنَّ اللَّهَ لَا يَغْفِرُ

أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَنْ يَشَاءُ

وَمَنْ يُشْرِكْ بِاللَّهِ فَقَدْ ضَلَّ ضَلَالًا بَعِيدًا (نساء)

"വല്ലവനും സന്മാൎഗ്ഗം സുവ്യക്തമായിക്കിട്ടിയതിന്നു ശേഷം റസൂലിനോട് എതിൎത്തുനില്ക്കുകയും സത്യവിശ്വാസികളുടേതല്ലാത്ത മാൎഗ്ഗത്തെ പിൻപററുകയും ചെയ്താൽ അവൻ തിരിയുന്നഭാഗത്തേക്ക് അവനെ നാം തിരിച്ചുവിടും. അവനെ നാം നരകത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും. അത് വളരെ ചീത്തയായ സങ്കേതംതന്നെ. അല്ലാഹുവിനോട് പങ്കുചേൎക്കുന്നതു അവൻ പൊറുക്കുകയില്ല. തീൎച്ച. അതൊഴിച്ചു ബാക്കിയുള്ളത് അവൻ ഉദ്ദേശിക്കുന്നവൎക്കു പൊറുത്തുകൊടുക്കും. വല്ലവനും അല്ലാഹുവിന്നു പങ്കുകാരെ സ്ഥാപിക്കുന്നുവെങ്കിൽ അവൻ അതിദൂരം വ്യതിചലിച്ചുപോയതുതന്നെ."

പ്രകൃത ഖുർആൻവാക്യം പ്രകാശിപ്പിക്കുന്ന ആശയം വളരെ വ്യക്തമാണ്. നബി (സ) യുടെ തിരുചൎയ്യക്കെതിരായ ജീവിതവ്യവസ്ഥകൾ സ്വായത്തമാക്കുകയോ സത്യവിശ്വാസികൾ അവലംബിച്ചുവരുന്ന ഇസ്ലാമിക മാൎഗ്ഗം ഒഴികെയുള്ള നിയമപരിപാടികളംഗീകരിച്ചു പ്രവൎത്തിക്കുകയോ ചെയ്യുന്നത് ശിൎക്കാണെന്നും, ശിൎക്ക് പൊറുക്കപ്പെടാത്ത മഹാപാപമാണെന്നും ഈ തിരുവചനം വിളിച്ചു പറയുന്നില്ലേ?

ഏതൊരു വിഷയത്തെക്കുറിച്ചും 'അല്ലാഹുവിൽ നിന്നും റസൂലി(സ)ൽ നിന്നും സ്ഥിരപ്പെട്ടതോ അല്ലേ' എന്നുള്ള ചൎച്ചയും അന്വേഷണവും അനുവദനീയമാണ്. പക്ഷെ, അത് അല്ലാഹുവിൽനിന്നും റസൂലി(സ)ൽ നിന്നുമുള്ളതാണെന്നു സ്ഥാപിതമായിക്കഴിഞ്ഞാൽ പിന്നെ അതിൻെറ മുമ്പിൽ വൈമനസ്യം അനുവദനീയമല്ല; അതിനെ എതിൎക്കാനോ പുച്ഛിച്ചു തള്ളുവാനോ പാടില്ല. സ്ഥിരപ്പെട്ടുകഴിഞ്ഞ ഇസ്ലാമിക നിയമത്തിന്നെതിരിൽ തന്നിഷ്ടപ്രകാരമോ അന്യരെ

അനുകരിച്ചുകൊണ്ടോ അനിസ്ലാമിക നിയമവ്യവസ്ഥക ളംഗീകരിച്ചു പ്രവൎത്തിക്കുന്നതിൻെറ അൎത്ഥമെന്തു്? അല്ലാഹുവിൻെറസ്ഥാനത്ത് മററുള്ളവരെ അവരോധിക്കുക യെന്നുതന്നെ. അത് ശിൎക്കല്ലെങ്കിൽ മറെറന്താണ്?

"ശിൎക്ക അല്ലാഹു പൊറുക്കില്ല; ഇതരപാപങ്ങൾ അ വനുദ്ദേശിക്കുന്നവൎക്ക പൊറുത്തുകൊടുക്കും." എന്നു് ഖുർ ആൻ ഒരേ സൂറ:യിൽ (نساء) രണ്ടു സ്ഥലത്ത് പറ ഞ്ഞിരിക്കുന്നു. ഒരിടത്ത് ജൂതന്മാരെ ഉദ്ദേശിച്ചുകൊ ണ്ടാണ് പറഞ്ഞത്. മറേറസ്ഥലത്ത് മുനാഫിഖുകളെ സൂചിപ്പിച്ചുകൊണ്ടും. രണ്ടു സ്ഥലങ്ങളിലായി രണ്ടു വ്യത്യസ്ത വിഭാഗങ്ങളെക്കുറിച്ചു പറഞ്ഞതാണെങ്കിലും പശ്ചാത്തലങ്ങളും സാഹചൎയ്യങ്ങളും വച്ചു നോക്കിയാൽ രണ്ടു സന്ദൎഭങ്ങളും തമ്മിൽ വളരെ സാദൃശ്യമുണ്ടെന്നു കാണാം. ഖുർആനിൽ പരിചിന്തനം ചെയ്യാൻ പ്രാപ്ത നായ ഒരാൾക്ക് പ്രസ്തുത രണ്ടു സന്ദൎഭങ്ങളെസ്സംബന്ധിച്ചും സമബോധകമായ തത്വമെന്തെന്നു് നിഷ്പ്രയാസം ഗ്രഹി ക്കാൻ കഴിയും. ജൂതന്മാരെക്കുറിച്ച് മുമ്പ് വിവരിച്ചത് ഓൎക്കുന്നുണ്ടല്ലൊ. അവർ അല്ലാഹുവിൻെറ മാൎഗ്ഗനിൎദ്ദേ ശങ്ങളെക്കാൾ സ്വസമുദായത്തിൻെറ താല്പൎയ്യങ്ങൾക്ക് മുൻഗണന നല്കി; അല്ലാഹുവിൻെറ കിതാബിനെ കയ്യൊഴിച്ച് ജിബ്ത്തിനെയും താഗൂത്തിനെയും അവ ലംബിച്ചു; ഏകദൈവവാദികളായ മുസ്ലിംകളുടെ മാൎഗ്ഗ ത്തെക്കാൾ മുശ്രിക്കുകളുടെ മാൎഗ്ഗമാണുത്തമമെന്നു കൊട്ടി ഘോഷിച്ചു; ഇങ്ങനെ എല്ലാവിധത്തിലും അല്ലാഹുവി നെക്കാളും റസൂലിനെക്കാളും മററുള്ളവൎക്ക മുൻഗണന നല്കുകയെന്നതാണ് അവർ ചെയ്ത അടിസ്ഥാനപര മായ തെററ്. ഇതേ ദുസ്വഭാവം തന്നെയാണ്

മുനാഫിഖുകളെയും ജയിച്ചു നിന്നിരുന്നത്. അവക്ക 'തന്നിഷ്ടം പൊന്നിഷ്ട'മായിരുന്നു. അല്ലാഹുവിൻെറയും റസൂലി(സ)ൻെറ നിയമശിക്ഷണങ്ങളെക്കാഠം അവർ ദേഹേച്ഛകഠംക്കും സ്വാത്ഥതാല്പര്യങ്ങഠംക്കും മുൻഗണന നല്കുന്നവരായിരുന്നു. അതാണവരുടെ മൗലികമായ തെററ്. അതുകൊണ്ടാണവരെക്കുറിച്ച് ശിക്ക് ചെയ്യുന്നവരെന്ന് ഖുർആൻ വിധിച്ചത്. പ്രകൃത തിരുവാക്യത്തിൻെറ തൊട്ടുമീതെ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

لَا خَيْرَ فِي كَثِيرٍ مِنْ نَجْوَاهُمْ إِلَّا مَنْ أَمَرَ بِصَدَقَةٍ
أَوْ مَعْرُوفٍ أَوْ إِصْلَاحٍ بَيْنَ النَّاسِ

(ധമ്മം നല്കുന്നതിനോ സുകൃതംചെയ്യുന്നതിനോ ജനങ്ങഠംക്കിടയിൽ സൗഹൃദമുണ്ടാകുന്നതിനോ കല്പിച്ചുകൊണ്ടുള്ളതല്ലാതെ അവർ (കപടന്മാർ) നടത്തുന്ന മിക്ക സ്വകാര്യസംഭാഷണങ്ങളിലും നന്മയില്ല.) അതായത്, നബി(സ)യുടെ നിയമശിക്ഷണങ്ങഠംക്കെതിരിൽ മുനാഫിഖുകഠം നടത്തിയിരുന്ന ഗൂഢാലോചനകഠം ചീത്തയാണ്; പുണ്യമുള്ളതല്ല. ദാനധമ്മങ്ങളും സുകൃതങ്ങളും ചെയ്യാൻ പ്രോത്സാഹിപ്പിച്ചും ജനങ്ങഠംക്കിടയിൽ രഞ്ജിപ്പും സൗഹൃദവും ഉണ്ടാക്കാനുദ്ദേശിച്ചുകൊണ്ടുമുള്ള രഹസ്യസംഭാഷണങ്ങളിലാണ് പുണ്യം.

ഇതിൽ സൂചിതമായ ആശയം ഇതാണ്: അല്ലാഹുവും റസൂലും (സ)വളത്താനുദ്ദേശിച്ച സല്കാര്യങ്ങഠംക്കെതിരിൽ കപടവിശ്വാസികഠം ഗൂഢാലോചനകഠം നടത്തിയിരുന്നതു അല്ലാഹുവിൻെറയും റസൂലി(സ)ൻെറയും ശിക്ഷണങ്ങളെക്കാഠം തങ്ങളുടെ അഭിപ്രായങ്ങഠംക്കും

ദേഹേച്ഛകൾക്കും മുൻഗണന നല്കിയതുകൊണ്ടാണ്. അതുമൂലം അവർ തങ്ങളുടെ ദേഹങ്ങളെ അല്ലാഹുവിൻെ സ്ഥാനത്തു വെക്കുകയാണ് ചെയ്തത്. അത് ശിർക്കാണ്.

ചുരുക്കത്തിൽ, അല്ലാഹുവിൻെറ നിയമനിർദ്ദേശങ്ങളെക്കാൾ സ്വാഭിപ്രായങ്ങൾക്കോ മററുള്ളവരുടെ ഇംഗിതങ്ങൾക്കോ ഒരുവിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ മുൻഗണനനല്കുകയെന്ന ശിർക്കാണ് ജൂതന്മാരും മുനാഫിഖുകളും ഒരുപോലെ ചെയ്തിരുന്നത്. അതുകൊണ്ടാണ് "ശിർക്ക് അല്ലാഹു പൊറുക്കില്ല...." എന്ന വാക്യം ഇരു കൂട്ടരെക്കുറിച്ചും ഒരേ അദ്ധ്യായത്തിൽ ആവർത്തിച്ചു പറഞ്ഞിരിക്കുന്നത്.

# മുൻ അദ്ധ്യായങ്ങളുടെ രത്നച്ചുരുക്കം

لا إله (ഒരു ഇലാഹും ഇല്ല) എന്ന നിഷേധവും إلا الله (അല്ലാഹു ഒഴികെ) എന്ന സ്ഥാപനവും നാവുകൊണ്ടു നിർവ്വഹിക്കാൻ പ്രയാസമില്ല. പക്ഷെ, കർമ്മജീവിതത്തിൽ അവയുടെ സാക്ഷാല്ക്കാരം അത്ര എളുപ്പമല്ല. അവയുടെ അനിവാര്യതാല്പര്യങ്ങളെ കർമ്മരംഗത്ത് പ്രകടമാക്കുമ്പോൾ ജീവിതത്തിന്റെ സകലവശങ്ങളും അവയുടെ നിയന്ത്രണത്തിൽ ഉൾപ്പെടുന്നു. ഈ യാഥാർത്ഥ്യം സലക്ഷ്യം തുറന്നു കാട്ടുകയാണ് മുൻ അദ്ധ്യായങ്ങളിൽ ചെയ്തത്. മുൻ അദ്ധ്യായങ്ങളിൽ വിസ്തരിച്ചുപറഞ്ഞ വസ്തുതകൾ ഒററ നോട്ടത്തിൽ കാണേണ്ടതിന്നായി ഇവിടെ സംഗ്രഹിച്ചു ചേർക്കുന്നു:

അറേബ്യൻ മുശ്രിക്കുകൾ അല്ലാഹുവിന്റെ ആസ്തിക്യത്തെയും അവന്റെ മൗലിക വിശേഷണങ്ങളെയും സമ്മതിച്ചിരുന്നു. പക്ഷെ, ഖുർആൻ അവരുടെ ആ സമ്മതത്തിന്ന് യാതൊരു വിലയും കല്പിച്ചില്ല. പൂർവ്വവേദക്കാരായ ജൂതക്രിസ്ത്യാനികൾ വാദിച്ചിരുന്നു, തങ്ങൾ അല്ലാഹുവിലും മലക്കുകളിലും കിതാബുകളിലും നബിമാരിലും മററും വിശ്വസിക്കുന്നുവെന്ന്. തങ്ങൾ മുശ്രിക്കുകളല്ലെന്നും ഏകദൈവവാദികളാണെന്നുമുള്ള ഒരു പ്രത്യേക വാദവും അവർക്കുണ്ടായിരുന്നു. പക്ഷെ,

ഖുർആനിൻെറ തുലാസിൽ അവരുടെ വിശ്വാസങ്ങൾ ലവലേശം ഫലനം തൂങ്ങിയില്ല. അതൊക്കെ കേവലം പൊള്ളയായ വാദങ്ങളാണെന്നു് ഖുർആൻ തുറന്നു കാണിച്ചു. മുനാഫിഖുകൾ ഏകദൈവത്വം വാദിക്കുക മാത്രമല്ല, അതിൻെറ താല്പര്യങ്ങൾ പ്രകടിപ്പിക്കുക കൂടി ചെയ്തിരുന്നു. ശിക്ക്പരമായ ആചാരാനുഷ്ഠാനങ്ങളൊന്നും അവർ ചെയ്തിരുന്നില്ല. പക്ഷെ, ഖുർആൻ അവരെപ്പററി ശിക്ക്ചെയ്യുന്നവരെന്ന് അധിക്ഷേപിക്കുകയും അവരുടെ അന്തരംഗത്തു പ്രവർത്തിച്ചിരുന്ന ശിക്കിൻെറ പ്രകടമായ ഉദാഹരണം ചൂണ്ടിക്കാണിക്കുകയും ചെയ്തു. ശിക്കിൻെറ കലപ്പില്ലാത്ത, സംശുദ്ധമായ ഇബാദത്തിന്നു്മാത്രമേ അല്ലാഹുവിങ്കൽ സ്വീകാര്യതയുള്ളവെന്നും ആകയാൽ നിങ്ങളുടെ ഇബാദത്തുകളെ അല്ലാഹ തള്ളിക്കളഞ്ഞിരിക്കുന്നുവെന്നും ഖുർആൻ ഈ മൂന്നു കക്ഷികളെയും അറിയിച്ചു.

**മുശ്രിക്കുകളോടു ഖുർആൻ പറഞ്ഞു:**

"മലക്കുകൾ ദേവിമാരാണെന്നും അവക്കു ഗൈബ് (അദൃശ്യം) അറിയാമെന്നും നിങ്ങൾ വിശ്വസിക്കുന്നു. നിങ്ങൾ അവരെ 'വസീല' (ദൈവസാമിപ്യമാർഗ്ഗം) യാക്കുകയും അവരോട് പ്രാത്ഥിക്കുകയും ശുപാർശ തേടുകയും ചെയ്യുന്നു. ഇതെല്ലാം അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളുമാകുന്നു.

"ജിന്നുകൾ ദിവ്യലോകവുമായി ബന്ധപ്പെട്ടവരാണെന്നും അവക്കു 'ഗൈബ്'റിയാൻ സാധിക്കുമെന്നും വിശ്വസിച്ചുകൊണ്ടു് നിങ്ങളവരെ വിളിച്ചുപ്രാത്ഥിക്കുകയും അവക്കുവേണ്ടി ബലിനടത്തുകയും ചെയ്യുന്നു. അഭൗമവൃത്താന്തങ്ങൾ അറിയാൻ വേണ്ടി

നിങ്ങഠം ജിന്നുകളെ സേവിക്കുകയും പൂജിക്കുകയും അവക്കുവേണ്ടി ഭജനമിരിക്കുകയും ചെയ്യുന്നു. ഇതെല്ലാം മൗഢ്യധാരണകളും അനാചാരങ്ങളുമാകുന്നു.

"നക്ഷത്രങ്ങഠം ഇച്ഛാശക്തിയുള്ള ദേവതകളെന്നു വിശ്വസിച്ച് അവയെ നിങ്ങഠം ആരാധിക്കുന്നു. മഴ വർഷിക്കുന്നതു നക്ഷത്ര ദേവതകളുടെ കടാക്ഷം കൊണ്ടാണെന്നു നിങ്ങഠം ധരിക്കുന്നു. നിങ്ങളുടെ ഊഹമനുസരിച്ച് സമ്പത്തും സമൃദ്ധിയുമൊക്കെ 'ശിഅ്റാ'നക്ഷത്രത്തിൻെറ അനുഗ്രഹങ്ങളാണ്.

"നിങ്ങളുടെ സങ്കല്പസൃഷ്ടിയായ 'ദേവസഭയിൽ' അദ്ധ്യക്ഷസ്ഥാനം അല്ലാഹുവിന്നാണ്. അവൻ ആകാശത്തിലെ ദൈവമാണെന്നും ഭൂലോകകാര്യങ്ങഠം നിയന്ത്രിക്കുന്നത് അവൻെറ കീഴുദ്യോഗസ്ഥരായ ദേവീ ദേവന്മാരും മരിച്ചുപോയ മഹാത്മാക്കളുമാണെന്നും നിങ്ങഠം വാദിക്കുന്നു. തദടിസ്ഥാനത്തിൽ അവരുടെ പേരിൽ നിങ്ങഠം തീർത്ഥാടനവും ബലിയും നേർച്ചയും വഴിപാടും നടത്തുന്നു. അവരുടെ പ്രീതിക്കായി പല സാധനങ്ങളെയും 'ഹലാൽ' ആക്കുകയും 'ഹറാം' ആക്കുകയും ചെയ്യുന്നു. അല്ലാഹുവെക്കൊണ്ടെന്നപോലെ അവരെക്കൊണ്ടും നിങ്ങഠം സത്യം ചെയ്യുന്നു. ഇതെല്ലാം ശിർക്കുപരമായ കാര്യങ്ങളാണ്; അല്ലാഹുവിങ്കൽ പൊറുക്കപ്പെടാത്ത മഹാപാപങ്ങളാണ്.

"നിങ്ങളുടെ പൂർവ്വന്മാരായ 'മഹത്തുക്ക'ളുടെ ഖബറുകളെയും സ്മാരകങ്ങളെയും നിങ്ങഠം ആരാധിക്കുന്നു. അവരെ 'വസീല'യാക്കുകയും അവരോട് 'ഇസ്തിഗാസ' ചെയ്യുകയും 'ശഫാഅത്തി'ന്നർത്ഥിക്കുകയും

ചെയ്യുന്നു. അവക്ക് നേർച്ചകളും വഴിപാടുകളും നല്കി അവരെ പ്രസാദിപ്പിച്ചാൽ അവർ മുഖേന അല്ലാഹുവിങ്കൽ നിന്നു് അതിവേഗം കാര്യങ്ങൾ സാധിക്കുമെന്നാണ് നിങ്ങളുടെ ഊഹം. അല്ലാഹുവിൻെറ പക്കൽ വെറുക്കപ്പെട്ട ശിക്കുകളാണിതെല്ലാം.

"നിങ്ങൾ സ്വദേഹങ്ങളെത്തന്നെ ദൈവങ്ങളാക്കി വച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അല്ലാഹു നിർദ്ദേശിച്ച ജീവിതവ്യവസ്ഥയുടെ സ്ഥാനത്ത് നിങ്ങൾ ദേഹേച്ഛകളെയും ഇതരന്മാരുടെ നിയമപരിപാടികളെയും പ്രതിഷ്ഠിച്ചിരിക്കയാണു. നിങ്ങളുടെ പ്രപിതാമഹന്മാരായ ഇബ്രാഹീം നബി (അ) യുടെയും ഇസ്മാഈൽനബി(അ)യുടെയുംദീനിനെ നിങ്ങൾ അലങ്കോലപ്പെടുത്തിയിരിക്കുന്നു. അതിൽ എത്രയോ 'ബിദ്അത്തു'കൾ നിങ്ങൾ കടത്തിക്കൂട്ടിയിരിക്കുന്നു. നിങ്ങൾ തോന്നിയപോലെ നിയമം നിർമ്മിക്കുകയാണ്.

"അല്ലാഹു നിങ്ങൾക്ക് നല്കിയ അനുഗ്രഹങ്ങളെക്കുറിച്ച് നിങ്ങൾ വാദിക്കുന്നു, അതൊക്കെ നിങ്ങളുടെ വ്യക്തിമാഹാത്മ്യത്തിൻെറ ഫലങ്ങളാണെന്നു്. ഇബ്രാഹീം നബി(അ) യുടെ സന്താന പരമ്പരയിൽ ജനിച്ചതുകൊണ്ടു ജാത്യാൽ മഹാത്മാക്കളാണെന്നും, വിശ്വാസകർമ്മങ്ങളുടെ അടിസ്ഥാനത്തിൽ ശിക്ഷാരക്ഷകൾ നല്കുകയെന്ന ദൈവനീതി! നിങ്ങളെസ്സംബന്ധിച്ചിടത്തോളം ബാധകമല്ലെന്നും, നിങ്ങൾ ജനിച്ചതുതന്നെ സുഖിക്കാനും ഭരിക്കാനുമാണെന്നും വാദിക്കുന്നു. നിങ്ങളുടെ ചെയ്തികൾക്ക് പ്രമാണത്തിൻെറ പിൻബലം ആവശ്യമില്ലാത്തവണ്ണം ദൈവിക നിയമങ്ങളുടെ സ്ഥാനമാണുള്ളതെന്നു നിങ്ങൾ ധരിച്ചു വശായിരിക്കുന്നു. ഇതെല്ലാം നഗ്നമായ ശിക്കുകളാകുന്നു.

ശിക്കപരമായ ഇത്തരം ദുഷ്ടക്കങ്ങളും 'അല്ലാഹുവി
ന്നു ഇബാദത്ത് ചെയ്യുന്നു'വെന്ന വാദവും തമ്മിൽ
ഒരിക്കലും ഇണങ്ങുകയില്ല."

**വേദക്കാരോട് ഖുർആൻ പറഞ്ഞു:**

"നിങ്ങളുടെ ഏകദൈവവാദവും ദൈവാരാധനയും
വ്യർത്ഥം. നിങ്ങൾ പണ്ഡിത പുരോഹിതന്മാൎക്കു
നിയമനിൎമ്മാണാധികാരം നല്കുന്നു. ദൈവഗ്രന്ഥത്തി
ൻെറയും പ്രവാചക ചൎയ്യയുടെയും വെളിച്ചത്തിൽ
വിചക്ഷണങ്ങൾ നടത്തി നവീനപ്രശ്നങ്ങൾക്കുള്ള
നിയമപരിഹാരങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയെ
ന്ന നേരായ മാൎഗ്ഗംവിട്ട് പുരോഹിതന്മാരുടെ അഭി
പ്രായങ്ങൾ അന്ധമായി സ്വീകരിക്കുന്നു. പുരോഹി
തന്മാരുടെ വായിൽനിന്നു പുറപ്പെട്ടതെന്തും മത
നിയമങ്ങളാണ് നിങ്ങളുടെ പക്കൽ. ഉസൈർ
ദൈവപുത്രനാണെന്നു യഹൂദന്മാരും മസീഹ് ദൈ
വപുത്രനാണെന്നു നസാറാക്കളും വാദിക്കുന്നു.
നസാറാക്കളുടെ പക്കൽ ദൈവം മൂന്നാണ്.
മൂവരിൽ മൂന്നാമനാണ് അല്ലാഹു. ഇതെല്ലാം
ശിക്കതന്നെ.

"വേദക്കാരേ! നിങ്ങൾ ആഭിജാത്യം നടിക്കുന്നു. വൎഗ്ഗീ
യതയും സാമുദായികത്വവും വച്ചുപുലൎത്തുന്നു. താഗൂ
ത്തുകൾക്കടിമവൃത്തി ചെയ്യുന്നു. പ്രവാചകന്മാൎക്കി
ടയിൽ പക്ഷപാതം കാണിക്കുന്നു. ഏകദൈവ വി
ശ്വാസികളെക്കാൾ സന്മാൎഗ്ഗം പ്രാപിച്ചവർ മുശ്രി
ക്കുകളാണെന്നു നിങ്ങൾ വാദിക്കുന്നു. മാരണം,
മന്ത്രം, ഉറുക്ക്, ഐക്കൽ, ജോത്സ്യം തുടങ്ങിയ
ക്ഷുദ്രവിദ്യകൾ വച്ചുപോറുന്നു. ശിക്ക്പരമായ

ഇത്തരം കാര്യങ്ങളും തൗഹീദ് വാദവും തമ്മിൽ യോജിക്കുന്നില്ല. ശിർക്ക് അല്ലാഹു പൊറുക്കുകയില്ല.

**മുനാഫിഖുകളോട് ഖുർആൻ പറഞ്ഞു:**

"നിങ്ങളുടെ തൗഹീദ് വാദം നിരർത്ഥം. നിങ്ങളുടെ ഇബാദത്തുകൾ നിഷ്ഫലം. നിങ്ങൾ ദൈവേതരാധിപത്യത്തിനും ദൈവേതര നിയമ പരിപാടികൾക്കും മുൻഗണന നല്കുന്നു. റസൂലി(സ)ൻെറ നേതൃത്വത്തിലും നിയമശിക്ഷണങ്ങളിലും നിങ്ങൾക്കു മനസ്സമാധാനമില്ല. ഭൗതിക താല്പര്യങ്ങളുടെ പ്രാധാന്യം മുമ്പിൽ വരുമ്പോൾ നിങ്ങൾ ഇസ്ലാമിക നിയമവ്യവസ്ഥകൾ വലിച്ചെറിഞ്ഞ് ഇതര നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കൈക്കൊള്ളുന്നു.

"പ്രവാചകനെ നിങ്ങൾ അനുസരിക്കുന്നില്ല. ജീവിത പ്രശ്നങ്ങളെക്കുറിച്ചുള്ള തീരുമാനം ഖുർആനിനും സുന്നത്തിനും നിങ്ങൾ ഏല്പിച്ചുകൊടുക്കുന്നില്ല. അല്ലാഹുവിൻെറ ആധിപത്യവും റസൂലി (സ) ൻെറ നേതൃത്വവും മാതൃകയും നിരുപാധികം സ്വീകരിച്ചു പ്രവർത്തിക്കാത്ത കാലത്തോളം മുസ്ലിംകളാണെന്നുള്ള നിങ്ങളുടെ വാദം അല്ലാഹുവിങ്കൽ വിലപ്പോവുകയില്ല. ദീനിൻെറ താല്പര്യങ്ങളെക്കാൾ സ്വാർത്ഥ താല്പര്യങ്ങൾക്ക് മുൻഗണന നല്കുകയെന്ന സ്വഭാവം അടിസ്ഥാനപരമായ ശിർക്കാണ്. ശിർക്ക് അല്ലാഹു പൊറുക്കുകയില്ല."

# ആധുനിക ലോകം

ബഹുദൈവതത്വത്തേയും വിഗ്രഹപൂജയേയും സംബന്ധിച്ചിടത്തോളം ആധുനിക ലോകത്തിൻെറ വിശിഷ്യാ നാഗരിക സമുദായങ്ങളുടെ നില ഏതാണ്ടെങ്ങനെയുണ്ടെന്നു് നോക്കിക്കാണാൻ സഹായിക്കുന്ന ഒരു വെളിച്ചം മുൻ അദ്ധ്യായങ്ങളിൽനിന്നു നമുക്കു ലഭിച്ചിട്ടുണ്ടു്. അങ്ങേയററം സംക്ഷിപ്തമായ വിവരണ രീതിയാണല്ലൊ ഈ ഗ്രന്ഥത്തിൽ സ്വീകരിച്ചിട്ടുള്ളതു്. ആകയാൽ ഒന്നാമതായി, ചില പൊതു സൂചനകൾ മാത്രമേ ഇവിടെ ചേക്കുന്നുള്ളൂ. രണ്ടാമതായി, ഇന്നു് അവശേഷിച്ചു നിൽപ്പുള്ള മതങ്ങളുടെ അനുയായികൾ വച്ചുപുലത്തിപ്പോരുന്ന വിശ്വാസാചാരങ്ങളെക്കുറിച്ചേ ചച്ച്ചെയ്യുന്നുള്ളൂ. പ്രാരംഭകാലത്തു് ആ മതങ്ങളുടെ സാക്ഷാൽ നിലപാടു് എങ്ങിനെയായിരുന്നുവെന്നും, പിന്നെ എന്തായിത്തീൎന്നു എന്നും മററുമുള്ള വിശദീകരണത്തിന്നു ഇവിടെ ഒരുങ്ങുന്നില്ല. മൂന്നാമതായി, നാഗരികമായി പ്രാധാന്യമുള്ള ജനസമുദായങ്ങളെ മാത്രമേ ഇവിടെ നിരൂപണവിധേയമാക്കുന്നുള്ളൂ.

പ്രതിപാദനസൗകര്യം പരിഗണിച്ചു് ആദ്യം വിദൂരപൗരസ്ത്യ സമുദായങ്ങളെയും ബുദ്ധമതക്കാരെയും കുറിച്ചാണു് ചർച്ചചെയ്യുന്നതു്. പിന്നെ ഇന്ത്യയെക്കുറിച്ചും. അതിനുശേഷം പടിഞ്ഞാറൻ യൂറോപ്പിനെയും

അമേരിക്കയെയും ഒരുവശത്തും റഷ്യയെമറുവശത്തും എടുത്തുവച്ചു പരിശോധിക്കാം. നവീന സംസ്കാരങ്ങളുടെ മുഖമൂടികൾക്കുള്ളിൽ കറുത്തിരുണ്ടുനില്ക്കുന്ന ശിക്കിന്റെ ബീഭത്സമായ പേക്കോലങ്ങൾ അപ്പോൾ നഗ്നമാകും. ബഹുദൈവത്വംപോലുള്ള മൗഢ്യങ്ങളിൽനിന്നുഅധുനാതന യുഗം സംശുദ്ധമായിരിക്കുന്നുവെന്നു അഭിപ്രായപ്പെടുന്ന വിജ്ഞാന ഗവേഷകന്മാരുടെ വാദത്തെ പുച്ഛിച്ചുകൊണ്ടു ശിക്ക് ഭയങ്കരമാംവണ്ണം ഭൂഗോളത്തെ ആവരണം ചെയ്തുനില്ക്കുന്നത് അപ്പോൾ ദൃശ്യമാകും.

## വിദൂര പൗരസ്ത്യ രാജ്യങ്ങൾ

ഷിൻേറാമതം, താവോമതം, കൺഫ്യൂഷ്യൻ മതം, ബുദ്ധമതം എന്നീനാലെണ്ണമാണ് വിദൂര പൗരസ്ത്യരാജ്യങ്ങളിലെ പ്രധാന മതങ്ങൾ.

## ജപ്പാൻ

### ഷിൻേറാ മതം

ജപ്പാനിൽ പ്രമുഖസ്ഥാനം ഷിൻേറാ മതത്തിന്നാണ്. അഞ്ഞൂറു മതങ്ങളുടെ ആവാസകേന്ദ്രമാണത്രെ ജപ്പാൻ. പക്ഷെ, അവിടത്തെ അതിപ്രാചീനവും എന്നാൽ ആധുനികവുമായ മതം ഷിൻേറായിസമാണ്. 6-ാം ശതകത്തിന്റെ അന്ത്യത്തിൽ കൊറിയവഴി അവിടെ കുടിയേറിപാർത്ത ബുദ്ധമതം 9.ാം ശതകമായപ്പോഴെക്കും ഷിൻേറായിസത്തെ അതിജയിക്കുകയുണ്ടായി. പക്ഷെ, 17-ാം നൂററാണ്ടിൽ ജപ്പാനിൽ തലപൊക്കിയ ശക്തിമത്തായ ദേശീയപ്രസ്ഥാനം അവിടത്തെ പൗരാണിക ദേശീയ മതമായ ഷിൻേറായിസത്തെ

ഉദ്ദീപിപ്പിച്ച് വീണ്ടും അരംഗത്തു കൊണ്ടുവന്നു. അന്നു മുതൽ ഷിൻേറായിസം ജപ്പാനിൽ ദേശീയമതമായും രാഷ്ട്ര മതമായും അംഗീകരിക്കപ്പെട്ടു പോരുന്നു.

പ്രകൃതിപൂജയും വീരാരാധനയുമാണ് ഷിൻേറാ മതത്തിൻെറ മൗലികവശങ്ങൾ. 80 ലക്ഷം ദേവീദേവതകളുണ്ടുപോലും ഈ മതത്തിൽ. അവരിൽ സർവ്വപ്രധാനമായ സ്ഥാനം സൂർയ്യദേവിക്കാണ്. ആദ്യത്തെ ജപ്പാൻ ഭരണാധിപതി സൂര്യദേവിയുടെ പൗത്രനായിരുന്നുവെന്നാണ് ജപ്പാൻകാരുടെ വിശ്വാസം. അദ്ദേഹത്തിൽ നിന്നു പരമ്പരാഗതമായി കൈമാറിക്കിട്ടിയതാണത്രെ മിക്കാഡോയുടെ ആധിപത്യം. സഹസ്രാബ്ദങ്ങളായി സൂർയ്യദേവിയുടെ പൗത്രകളത്രാദികളുടെ ആധിപത്യമാണുപോലും ജപ്പാനിൽ.

ഈ മതത്തിൽ സമുദ്രം, നദി, പർവ്വതം, അഗ്നി ഇത്യാദി പ്രകൃതി വസ്തുക്കളും ആരാധിക്കപ്പെടുന്നു. പ്രകൃതി വസ്തുക്കളുടെ പേരിൽ അനേകം ദേവിമാരും ദേവതകളുമുണ്ടവക്ക്. തങ്ങളുടെ രാഷ്ട്രത്തിലെ ധീരഭടന്മാരെയും രാജകുടുംബത്തിൻെറ അകമ്പടി സേവകന്മാരെയും ജപ്പാൻകാർ ആരാധിക്കുന്നു. ഇങ്ങിനെ വിവിധതരം പ്രാകൃതാരാധനകളും വീരാരാധനകളുമൊക്കെയുണ്ടെങ്കിലും ഷിൻേറാ മതത്തിൻെറ അടിത്തറ രാജവംശത്തിൻെറ മുരടായ സൂർയ്യദേവിയെയും പുത്രകളത്രാദികളേയും ആരാധിക്കലാകുന്നു

## ചീന

താവോമതവും കൺഫ്യൂഷ്യൻമതവും ബുദ്ധമതവുമാണ് ചീനാ മതങ്ങൾ.

പൂർവ്വന്മാരും ഭൂതങ്ങളും ദേവിമാരും ദേവതകളുമൊക്കെയാണ് ഈ മതങ്ങളിലെ ആരാധ്യന്മാർ. കൺഫ്യൂഷ്യൻമതത്തിലും താവോമതത്തിലും പിതൃപൂജയും പ്രാകൃതാരാധനയും താത്വികമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ബുദ്ധമതം വാസ്തവത്തിൽ പിതൃപൂജക്കനുകൂലമായിരുന്നില്ല. ചീനയിൽ ചെന്നപ്പോൾ അവിടത്തെ പൗരാണികവും പ്രാമാണികവുമായ മതങ്ങളുടെ വർണ്ണം സ്വീകരിച്ചുവെന്നേയുള്ളു. ഇന്ദ്രജാലം, മാരണം, മന്ത്രം തുടങ്ങിയ ക്ഷുദ്രവിദ്യകളെ വളർത്തുന്നുവെന്നതാണ് ഈ മൂന്നുമതങ്ങളിലും ഒരുപോലെ മികച്ചുനില്ക്കുന്ന പ്രത്യേകത. ഈ മതങ്ങളുടെ അനുയായികളായ ചീനരുടെ അന്ധവിശ്വാസങ്ങളും മൗഢ്യധാരണകളും സുദീർഘമാണ്.

## താവോ മതം

താവോ മതസ്ഥാപകൻ ലാവോത്സെയാകുന്നു. അദ്ദേഹത്തിൻെറ അടിസ്ഥാന തത്വശാസ്ത്രം നിഷ്ക്രിയത്വസിദ്ധാന്തത്തിൽ ഊന്നിക്കൊണ്ടുള്ളതാണ്. അദ്ദേഹത്തിൻെറ മതഗ്രന്ഥം കവിഞ്ഞാൽ മാർക്കോസ് എഴുതിയ സുവിശേഷത്തിൻെറ പകുതിയോളം മാത്രമേയുള്ളു. പക്ഷെ പിൻഗാമികൾ അതിൽ കയ്യും കണക്കുമില്ലാത്ത ഊഹാപോഹങ്ങളും അന്ധവിശ്വാസങ്ങളും കടത്തിക്കൂട്ടി. അവയെല്ലാം വിസ്തരിച്ചെഴുതുന്ന പക്ഷം ഒന്നിലധികം തടിച്ച വാല്യങ്ങൾതന്നെ വേണ്ടിവരും. ഉദാഹരണത്തിനു് അവരുടെ അന്ധവിശ്വാസങ്ങളിൽ ചിലത് കാണുക:

"ദേവ കന്യകകൾ താമസിക്കുന്ന ഒരു ദ്വീപുണ്ട് കിഴക്കൻ ചീനക്കടലിൽ. താവോ മതക്കാരായിരുന്ന

'സാധുക്കൾ' ക്രിസ്തുവിന്നു നൂറുകൊല്ലം മുമ്പു മുതൽ ആ ദ്വീപ് കണ്ടുപിടിക്കാനുള്ള ശ്രമത്തിൽ നിരതരാണ്. അവിടെ ഒരു വൃക്ഷമുണ്ടു്. അതിൻെറ പഴം പറിച്ച് തിന്നാൽ പിന്നെ മരണമില്ല. താവോ ഭിക്ഷുക്കളുടെ ദേവീ ദേവതകൾ ആകാശം നിറയെ വിഹരിക്കുന്നു. അവരുടെ വകയായുള്ള ഇന്ദ്രജാലക്കാരും മന്ത്രവാദികളും ഭൂലോകമാകെ സഞ്ചരിച്ചു വരികയാണ്."

"മനുഷ്യൻ നിർവ്വികാരതയുടെയും ഐന്ദ്രജാലിക ജീവിതത്തിൻെറയും പരമരഹസ്യം കൈവരിക്കുന്ന പക്ഷം ആകാശദേവതകളുടെ കൂട്ടത്തിൽ ഉൾപ്പെടാൻ സാധിക്കും.

"ആകാശലോകത്ത് അനേകം ദേവിമാരുണ്ടു്. അവരിൽ പ്രാമാണികസ്ഥാനമർഹിക്കുന്ന ദേവിയെ 'ആകാശറാണി' എന്നുവിളിക്കുന്നു. 'പരിശുദ്ധമാതാവ്' എന്നും ആ ദേവിക്കു പേരുണ്ട്. സമുദ്രം, തിരമാല പ്രളയം ആദിയായവയുടെ നിയന്ത്രണം 'പരിശുദ്ധ മാതാ'വിൻെറ അധികാരപരിധിയിൽ പെട്ടതാണ്. തോണിക്കാരനോ കപ്പല്ക്കാരനോ മത്സ്യം പിടിക്കുന്നവനോ കടൽയാത്രക്കാരനോ ആയ ഓരോ ചീനനേയും 'ആകാശറാണി' കാത്തുരക്ഷിക്കുന്നു. സമുദ്രത്തിൽ വച്ച് ആപത്ത് നേരിടുമ്പോൾ 'ആകാശറാണി'യോട് പ്രാർത്ഥിച്ചാൽ അവരുടനെ ആകാശത്ത് പ്രത്യക്ഷപ്പെട്ട് കരവാൾകൊണ്ട് വലിയ വലിയ തിരമാലകളെ തട്ടിനീക്കി രക്ഷപ്പെടുത്തും. സമുദ്രാന്ധകാരത്തിൽ വട്ടംകറങ്ങുന്ന കപ്പലുകൾക്കു വഴികാട്ടാൻവേണ്ടി 'പരിശുദ്ധമാതാവ്' ചുവന്ന വെളിച്ചവുമായി പ്രത്യക്ഷപ്പെടുന്നു."

## കൺഫ്യൂഷ്യൻമതം

കൺഫ്യൂഷിയസ്സ് എന്നാണ് കൺഫ്യൂഷ്യൻ മതസ്ഥാപകൻെറ പേർ. ചീനയിൽ അതിപുരാതന കാലം മുതല്ക്കേ പ്രചാരത്തിലുള്ള മതാചാരമാണ് പിതൃപൂജ. അതിനെ ശരിവെക്കുകയും പിന്താങ്ങുകയും ചെയ്യുയെന്നതിൽ കവിഞ്ഞൊന്നും കൺഫ്യൂഷ്യൻ മതം കൊണ്ടുണ്ടായില്ല. പൂർവ്വന്മാരെ ആരാധിക്കൽ ചീനാമത പുരാണശാസ്ത്രത്തിൻെറ നട്ടെല്ലാകുന്നു. ചീനക്കാരുടെ ഹൃദയങ്ങളിൽ പ്രാധാന്യവും മഹത്വവും പരേതാത്മാക്കൾക്കാണ്. ചീനക്കാരുടെ ദൈവങ്ങൾ മരണപ്പെട്ടവരാണെന്നർത്ഥം. പരേതന്മാരുടെ കൈകളിലാണവിടെ ദിവ്യത്വം. ചീനക്കാരൻ മററു പല ദേവതകൾക്കും നേർച്ചയും വഴിപാടും നല്കാറുണ്ടെങ്കിലും അവൻ ആത്മാർത്ഥമായി ആരാധിക്കുന്നത് തൻെറ പിതാമഹന്മാരെയായിരിക്കും.

ചീനക്കാരുടെ വിശ്വാസമനുസരിച്ച് മരണപ്പെട്ടവരുടെ ആത്മാക്കൾ ഭൂമിയിൽ തങ്ങിനില്ക്കുന്നു. പരേതാത്മാക്കൾക്ക് ആഹാരപാനീയങ്ങൾ നല്കി സംതൃപ്തരാക്കിയില്ലെങ്കിൽ അവർ കോപിക്കുകയും ആപത്തുകൾ വരുത്തിവെക്കുകയും ചെയ്യും. പരേതാത്മാവിനെ തൻെറ സന്താനപരമ്പര എന്നെന്നും പൂജിച്ചുപോരണം. അല്ലെങ്കിൽ ആ ആത്മാവ് ശാശ്വത ദൗർഭാഗ്യത്തിൽ അലഞ്ഞുതിരിഞ്ഞുകൊണ്ടിരിക്കും.

മനുഷ്യോല്പത്തിവരെയുള്ള പ്രപിതാമഹന്മാരുടെ നീണ്ട പരമ്പരയുമായി ബന്ധിച്ചാണ് ചീനൻ നിലകൊള്ളുന്നത്. അവരുമായി വേർപെട്ടുകൊണ്ടുള്ള ഒരു

സ്വാതന്ത്ര്യവ്യക്തിത്വം അവനില്ല. ജീവിച്ചിരിപ്പുള്ള ചീനക്കാരൻെറ ആസ്തിക്യം പരേതാത്മാക്കളുടെ കരുണാകടാക്ഷങ്ങളെ ആശ്രയിച്ചിരിക്കുന്നു. അവൎക്കർപ്പിക്കുന്ന ആരാധനാചടങ്ങുകളിൽ വീഴ്ചവരുത്തുന്നതു ലോകാവസാനം സംഭവിക്കുമാർ ഗുരുതരമാണവൻെറ പക്കൽ.

നോക്കുക, ചീനക്കാരൻ പുരാതന ഗുഹാജീവിതത്തിൽനിന്നു നാഗരികതയിലേക്കു് കാലെടുത്തുവച്ചിട്ടു് സഹസ്രാബ്ദങ്ങൾ കഴിഞ്ഞു. ഇരുപത്തഞ്ചു് രാജവംശങ്ങൾ അവിടെ അധികാരം വാണു. ഭയങ്കര യുദ്ധങ്ങളും വമ്പിച്ച വിപ്ലവങ്ങളും ചീനയെ തലകീഴാക്കി മറിച്ചിട്ടിരിക്കുന്നു ഇങ്ങനെ എന്തെല്ലാം പരിത്തനങ്ങളാണവിടെ സംഭവിച്ചതു്. പക്ഷെ ചീനക്കാരൻെറ വിശ്വാസാചാരങ്ങളിൽ മുടിനാരിഴ വ്യത്യാസമുണ്ടായില്ല. കിരാതമായ ഗുഹായുഗംതൊട്ടിന്നോളം അവൻെറ പിതൃപൂജ നീക്കുപോക്കില്ലാതെ നിലനിന്നുപോരുന്നു.

ചില ധാൎമ്മിക ശിക്ഷണങ്ങളെല്ലാം നല്കിയിട്ടുണ്ടു് കൺഫ്യൂഷിയസ്സ്. പക്ഷെ അതൊക്കെ പിതൃപൂജയിലധിഷ്ഠിതമത്രെ. അദ്ദേഹം പറയുന്നതു കാണുക: "നമ്മുടെ പൂൎവ്വന്മാർ സൎവ്വവ്യാപികളാണു്. അവർ സൎവ്വതും കാണുകയും അറിയുകയും ചെയ്യുന്നു. ഈ വിശ്വാസത്തെ അടിസ്ഥാനമാക്കി നാമവൎക്കു ബലിയും വഴിപാടും അർപ്പിക്കണം...............ചരമം പ്രാപിച്ച പിതാമഹന്മാരുടെ ആത്മാക്കൾ നമ്മുടെ ശരീരങ്ങളിൽ ലീനമാണെന്നു നിനച്ചുകൊണ്ടു് നാമവരെ ആരാധിക്കണം."

താൻ ദൈവമാണെന്നു കൺഫ്യൂഷിയസ്സ് വാദിച്ചിട്ടില്ല. പക്ഷെ തൻെറ ശിക്ഷണങ്ങളുടെ

താല്പര്യമനുസരിച്ച് അദ്ദേഹം മരണാനന്തരം ആരാധ്യനായിത്തീരുക സ്വാഭാവികമാണല്ലൊ. അതു സംഭവിക്കുകതന്നെചെയ്തു. അദ്ദേഹം ഇന്ന് ചൈനയിൽ ആദരാഞ്ജലികളർപ്പിക്കപ്പെടുന്ന, ഭക്തിപുരസ്സരം ആരാധിക്കപ്പെടുന്ന ദൈവമാണ്.

## ബുദ്ധമതം

ഇന്ത്യയാണ് ബുദ്ധമതത്തിൻെറ ജന്മദേശം. ഇന്ത്യയിലെ ബ്രാഹ്മണന്മാർ ബുദ്ധമതത്തെ ഇവിടെനിന്നാട്ടിയോടിക്കുകയുണ്ടായി. അനന്തരം അതു ബർമ്മ, ചീന, ജപ്പാൻ, തിബത്ത് മുതലായ രാജ്യങ്ങളെ അഭയകേന്ദ്രങ്ങളായി സ്വീകരിച്ചു. അതിനുശേഷം 17-ാംശതകത്തിൽ ജപ്പാനിൽ അടിച്ചുവീശിയ ദേശീയപ്രസ്ഥാനത്തിൻെറ മുമ്പിൽ ബുദ്ധമതം പരാജയമടഞ്ഞെങ്കിലും മറവടിക്കുകളിൽ ഇന്നും അത് ശക്തിയാർജ്ജിച്ച് നിലകൊള്ളുന്നു. ഇന്നു ചീന, തിബത്ത് മുതലായ രാജ്യങ്ങളിൽ ബുദ്ധമതാനുയായികൾ ധാരാളക്കണക്കിലധിവസിക്കുന്നു.

ഗൗതമബുദ്ധൻ നിരീശ്വരവാദിയായിരുന്നുവെന്ന് പൊതുവെ ധരിക്കപ്പെടുന്നു. ഈ ധാരണ ശരിയാണെന്നു മനസ്സിലാകുന്നില്ല. പ്രാചീനചരിത്രത്തിൽ ബഹുദൈവവിശ്വാസികളെ ധാരാളം കാണാൻ കഴിയുമെങ്കിലും നിരീശ്വരന്മാരുടെ പേരും കുറിയും പോലും അവിടെയെങ്ങും ദൃശ്യമാകുന്നില്ല. നിരീശ്വരന്മാരായിട്ടു ഏതാനും ഭോഷന്മാരുണ്ടെങ്കിൽ അതിക്കാലത്തു മാത്രമാണ്. ആ സ്ഥിതിക്ക് ഗൗതമബുദ്ധനെപ്പോലുള്ള ഒരു തത്വചിന്തകനായ വ്യക്തി നിരീശ്വരവാദിയായിരുന്നുവെന്ന്

ചിന്തിക്കാൻ വയ്യ. അദ്ദേഹം അദ്വൈതവാദിയായിരുന്നുവെന്ന നിഗമനത്തിലാണ് നാം എത്തിച്ചേർന്നിട്ടുള്ളത്. അദ്ദേഹത്തിന്റെ കാലഘട്ടത്തെയും മതശിക്ഷണങ്ങളെയും പരിശോധിച്ചാൽ അങ്ങിനെയാണ് മനസ്സിലാവുക. ഇന്ത്യയിൽ ഉപനിഷത്തുകൾ വഴിയായി ബുദ്ധന്റെ മുമ്പുതന്നെ അദ്വൈതം പ്രചരിച്ചു കഴിഞ്ഞിരുന്നുവെന്നത് ഓർക്കേണ്ടതാണ്.

'ഈശ്വരൻ ഉണ്ടോ ഇല്ലേ' എന്നതല്ല അദ്വൈതക്കാരന്റെ പ്രശ്നം. 'ഞാൻ' ഒഴികെ മുഴുലോകവും മായയാകുന്നുവെന്ന വാദമാണ് അദ്വൈതത്തിന്റെ കാതലായ വശം. ജീവിതമരണങ്ങളാകുന്ന മായാവലയങ്ങളിൽ നിന്നു ആത്മാവിന്നു മുക്തി ലഭിക്കണം. അങ്ങിനെ അതു ബ്രഹ്മത്തിൽ, മററു ഭാഷയിൽ 'ഞാനി'ൽ ലയിക്കണം; അഥവാ നിർവ്വാണം പ്രാപിക്കണം. ഇതാണ് അദ്വൈതത്തിന്റെ പരമലക്ഷ്യം. ബുദ്ധന്റെ മുമ്പുള്ള ഹിന്ദുയോഗികൾ വാസ്തവത്തിൽ ഇതേ അദ്വൈതം സ്വീകരിച്ചവരായിരുന്നു. അവരുടെ യോഗാഭ്യാസങ്ങളും തപസ്യകളും പരമാത്മാവിലുള്ള ലയനത്തെ ലക്ഷ്യംവെച്ചുകൊണ്ടുള്ളതായിരുന്നു. പ്രപഞ്ചസത്തയിൽ ലയിക്കാൻ വേണ്ടി ഹിന്ദുയോഗികൾ ഇങ്ങിനെ കഠിനതപസ്യകളും മഹായാഗങ്ങളും നടത്തി എല്ലു ഞെരിച്ചുകൊണ്ടിരിക്കവെയാണ് ബുദ്ധൻ കണ്ണു തുറന്നത്. മുക്തി മാർഗ്ഗാന്വേഷണത്തിൽ ആദ്യം ബ്രാഹ്മണമാർഗ്ഗം അദ്ദേഹത്തിന്നു അനുകരണീയമായിത്തോന്നിയെങ്കിലും ഏതാനും ദിവസങ്ങൾക്കുശേഷം അദ്ദേഹം പ്രഖ്യാപിച്ചു, ആത്മമുക്തിക്ക് ഇത്തരം കഠിനതപസ്യ ആവശ്യമില്ലെന്നു്. അദ്ദേഹം ഹിന്ദു സന്യാസികളുടെ

KOTTAYAM PUBLIC LIBRARY KOTTAYAM.

കർമ്മമാർഗ്ഗത്തിന്നു പരിഷ്കരണങ്ങളാവിഷ്കരിച്ചു. ശരീരേച്ഛകളെ നിയന്ത്രിക്കുകയും മാനസിക പരിത്യാജം സ്വായത്തമാക്കുകയും ചെയ്താൽ നിർവ്വാണം സാധകമാണെന്ന് അദ്ദേഹം പറഞ്ഞു.

അദ്വൈതം (وحدة الوجود) മനുഷ്യനെ നേർക്കു നേരെ ശിക്കിലേക്കാണ് വലിച്ചിഴക്കുന്നത്. അദ്വൈതത്തിന്റെ അന്ത്യരാഗം 'അഹംബ്രഹ്മാസ്മി' എന്നാണ് അറബിയിൽ ഇതിന്ന് 'انا الله', 'انا الحق' എന്നിങ്ങനെ പറയുന്നു. പുരാതനകാലം മുതലേ ഹിന്ദു യോഗിവര്യന്മാർ ഈ സിദ്ധാന്തം വച്ചുപുലത്തിപ്പോന്നു. ആകയാൽ അവരെക്കുറിച്ച് ദൈവാരാധകരെന്നോ ദൈവദാസന്മാരെന്നോ പറയുന്നത് ശരിയല്ല. ഈ സിദ്ധാന്തം വാസ്തവത്തിലവരെ ദൈവധിക്കാരി (താഗൂത്തു)കളാക്കുകയാണ് ചെയ്തിട്ടുള്ളതെന്നു സ്പഷ്ടം. നിർഭാഗ്യവശാൽ ബുദ്ധനും അവരെ അനുകരിച്ച് അപഥസഞ്ചാരം ചെയ്തതായിട്ടാണ് ചരിത്രത്തിൽ നിന്നു മനസ്സിലാകുന്നത്.

ബുദ്ധൻ ഭൗതിലോക വ്യവഹാരങ്ങളിൽ നിന്നകന്നു തപസ്സിലും ധ്യാനത്തിലും മുഴുകി. പരബ്രഹ്മത്തിൽ ലയിക്കാനുള്ള ശ്രമത്തിൽ നിരതനായി. അങ്ങനെ ആത്മ വിസ്മൃതിയിലാണ്ടു നിർവ്വാണം പ്രാപിച്ചു. അഥവാ അദ്ദേഹം മരിച്ചു. മരണാനന്തരം അദ്ദേഹത്തിന്റെ ഭക്തന്മാർ അദ്ദേഹത്തെ ദൈവമാക്കിവച്ച് ആരാധിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ 'അസാധാരണ ജനന'ത്തെപ്പററി അനേകം കെട്ടുകഥകൾ പ്രചരിച്ചു. മാനവലോകത്തിന്ന് ആത്മീയോത്തേജനം നല്കാൻ

ആഗതനായ ദൈവാവതാരമായിരുന്നു ബുദ്ധനെന്നു അവർ വിശ്വസിച്ചും പ്രചരിപ്പിച്ചും പോന്നു. ഇന്നു് ചീന, ജപ്പാൻ, തിബത്തു്, ബർമ്മാ മുതലായ രാജ്യങ്ങളിൽ 'ബുദ്ധഭഗവാൻ' ഈശ്വരനെപ്പോലെ ആരാധിക്കപ്പെട്ടുവരുന്നു. ബുദ്ധൻെറ പേരിലുള്ള ക്ഷേത്രവും വിഗ്രഹവും സന്ദർശകരുടെ കണ്ണഞ്ചിപ്പിക്കാൻ പോരുന്നവയാണു്.

ബുദ്ധമതക്കാരായ ചീനക്കാരിന്നു് ഭൂതങ്ങളെയും ദേവതകളെയും ആരാധിക്കുന്നു. തിബത്തിലും മററും സ്ഥിതി കൂടുതൽ വഷളായിരിക്കുന്നു. തിബത്തിലെ ഏററവും വലിയ മതാചാര്യൻ (ദലായിലാമ) ബുദ്ധാവതാരമാണെന്നു് വിചാരിക്കപ്പെടുന്നു. അവിടത്തെ ദലായിലാമ നിര്യാതനാകുമ്പോൾ ഓരോ ഗർഭിണിയുടേയും ഹൃദയത്തിൽ ഒരു പുതിയ ദൈവത്തെ പ്രസവിക്കാനുള്ള ആശ അങ്കുരിക്കുന്നു. അക്കാലത്തു് ജനിക്കുന്ന ശിശുക്കളിൽനിന്നു് ഒരു പ്രത്യേക തരം നറുക്കെടുപ്പുവഴി ഒരു പുതിയ ദൈവത്തെ തിരഞ്ഞെടുക്കുന്നു

## ഇന്ത്യ

ഇന്ത്യയുടെ മതമേഖലയിലേക്കു കാലെടുത്തുവെക്കുമ്പോൾ ഹൃദയ വിറക്കുകയാണു്. ഇവിടത്തെ ഓരോ അണുവും ദേവതയത്രെ. ഉറുമ്പു്തൊട്ടു് ആനവരെയും അണുതൊട്ടു് സൂര്യൻ വരെയുമുള്ള സർവ്വതും പരിശുദ്ധമായ ആരാധ്യവസ്തുക്കൾ! നദി, പർവ്വതം, വൃക്ഷം, ഗ്രഹം, വന്യമൃഗം, പക്ഷി, പൂച്ച, എലി എന്തിനേറെ പറയാൻ ലജ്ജിക്കുന്ന മനുഷ്യാവയവങ്ങൾപോലും ഇന്ത്യയിൽ പൂജിക്കപ്പെടുന്നു.

ഹൈന്ദവ വേദങ്ങളിലേക്ക് കടക്കുമ്പോൾ ഏററവുമാദ്യം കൺമുമ്പിൽ വരുന്നത് 'സഹസ്രനയനൻ' ആകുന്നു. 'മസ്താടനം' സംബന്ധിച്ച ശിക്ഷണ നിർദ്ദേശങ്ങളാണ് സഹസ്രനയനൻെറ കർമ്മമാതൃകയിൽനിന്ന് അദ്ദേഹത്തിൻെറ ആരാധകർക്ക് ലഭിക്കാനുള്ളത്! പിന്നെ ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നീ ത്രിമൂർത്തികൾ ദൃശ്യമാകുന്നു. ഇവരെപ്പററി പല അന്ധവിശ്വാസങ്ങളും ഹിന്ദുക്കൾ ഇന്നും വച്ചുപോററുന്നു.

ബ്രഹ്മാവ് ഓരോ കല്പത്തിനു*ശേഷവും ലോകം നശിപ്പിച്ച് രണ്ടാമത് സൃഷ്ടിക്കുന്നു. (ബ്രഹ്മാവിൻെറ മന്ദിരം ഇന്നും രജ്പുത്താനയിൽ വലിയ തീർത്ഥാടന കേന്ദ്രമായി അറിയപ്പെടുന്നു.)

ലോകത്ത് ഭയങ്കര നാശങ്ങളും അത്യാഹിതങ്ങളും സംഭവിക്കുമ്പോൾ സൃഷ്ടികളെ കാത്തുരക്ഷിപ്പാൻ വിഷ്ണു അവതരിക്കുന്നു. തദാവശ്യാർത്ഥം അദ്ദേഹം പല പ്രാവശ്യം അവതാരരൂപങ്ങളിൽ ജന്മമെടുക്കുന്നു. പത്തു വിഷ്ണു അവതാരങ്ങൾ ഹൈന്ദവപുരാണങ്ങളിൽ പ്രസിദ്ധമാണ്. വിഷ്ണു അവതാരമാണത്രെ ശ്രീകൃഷ്ണൻ. അദ്ദേഹത്തെപ്പററി ഹിന്ദുക്കൾക്കിടയിൽ പ്രചാരമുള്ള പുരാണേതിഹാസങ്ങൾ ഉദ്ധരിക്കാൻ ലജ്ജ തോന്നുന്നു.

ശിവൻ വിഷ്ണുവിൻെറ എതൃകക്ഷിയാണ്. പൗരുഷവും സ്ത്രീത്വവുമാകുന്ന രണ്ടു വിരുദ്ധ പ്രകൃതികളും, നിർമ്മാണത്തിന്നും സംഹാരത്തിനുമുള്ള രണ്ടു വിരുദ്ധ ശക്തികളും ശിവനിൽ ഒരേയവസരത്തിൽ ഒന്നിച്ചു

*കല്പം: ബ്രഹ്മാവിന്നു വിധിച്ചിട്ടുള്ള കാലം.

ബ്രഹ്മകല്പം: ബ്രഹ്മാവിൻെറ ഒരു രാപ്പകൽ.

നില്ക്കുന്നു. ഇങ്ങിനെ നീണ്ടു നീണ്ടുപോകുന്ന അന്ധവിശ്വാസങ്ങൾ ഹൈന്ദവ വേദങ്ങളിലെ പ്രമുഖ ദൈവങ്ങളുടെപേരിൽതന്നെ അറിയപ്പെട്ടുവരുന്നു.

ഇതിനുശേഷം നമ്മുടെ മുമ്പിൽവരുന്നതു് പതഞ്ജലീ സിദ്ധാന്തം അല്ലെങ്കിൽ ഹൈന്ദവ ജ്ഞാനാത്മവാദം* ആകുന്നു. ഇതു് അദ്വൈതവാദത്തിലധിഷ്ഠിതമത്രെ. "ഞാൻ' ഒഴികെയുള്ളതെല്ലാം മിഥ്യയാണു്"— ഇതാണു് പതഞ്ജലീ സിദ്ധാന്തത്തിൻെറ മൗലികവശം. പരബ്രഹ്മത്തിൽ ലയിച്ചു് ചേൎന്നു 'എല്ലാമങ്ങു് ദൈവമായിത്തീരുക! ഇതാണതിൻെറ ലക്ഷ്യം. കഠിനയാഗങ്ങൾ ചെയ്തു ആത്മാവിനെ ജ്ഞേയാവരണ*ത്തിൽ നിന്നു് മുക്തമാക്കുകയെന്നതാണതിന്നു് നിശ്ചയിക്കപ്പെട്ട പരിപാടി സായൂജ്യം* സാധിക്കേണ്ടതിന്നായി ഹിന്ദുയോഗികളും സാധുക്കളും സ്വീകരിച്ചുപോന്ന കഠിനയാഗങ്ങളെക്കുറിച്ചു് വിസ്തരിച്ചുകേട്ടാൽ കോരിത്തരിക്കുകയും ഹൃദയം തുടിക്കുകയും ചെയ്യും. ചെറിയചെറിയ കാര്യങ്ങൾ സാധിക്കാൻ അതികഠിനമായി അദ്ധ്വാനിച്ചു് ക്ലേശിക്കാറുണ്ടല്ലൊ, മനുഷ്യർ. ആ സ്ഥിതിക്കു് അവർ ദൈവങ്ങളാവാൻ ശ്രമിക്കുമ്പോൾ എത്രയധികം ക്ലേശം വരിച്ചാലും മതിയാവില്ലെന്നു കരുതി സമാധാനിക്കാം.

സായൂജ്യം സാധിക്കാൻ ഹിന്ദുയോഗികൾ സ്വീകരിച്ച യാഗമാൎഗ്ഗത്തിൽ അവർ വരിച്ച ക്ലേശങ്ങൾക്കു് ചരിത്രത്തിൽ ഉദാഹരണമില്ലെന്നു സമ്മതിക്കേണ്ടിവരുന്നു. പക്ഷെ, എന്തൊരു നിർഭാഗ്യം! ആ യാഗങ്ങൾ

---

* ഇന്ദ്രിയവിഷയമായ ഈ ലോകത്തിന്നു അസ്ഥിത്വമില്ലെന്നവാദം.

* ജഡമാകുന്ന ഉറ

* ബ്രഹ്മത്തിൽ ലയിക്കുന്ന അവസ്ഥ.

ദൈവാരാധനയോ ദൈവത്തിനുള്ള ദാസ്യവേലയോ ആയിരുന്നില്ല. പിന്നെയോ? ദൈവമാകാനുള്ള അഭ്യാസങ്ങളായിരുന്നു!

ദേവതകൾക്ക് ശേഷം ഹിന്ദുപുരാണങ്ങളിൽ ദേവിമാരുടെ ഊഴമാണ് വരുന്നത്. അവരുടെ എണ്ണം കുറച്ചൊന്നുമല്ല. അവരുടെ പ്രത്യേകതകൾ വിവരിക്കുക സാദ്ധ്യമല്ല. ലക്ഷ്മി, ദുർഗ്ഗ, പാർവ്വതി, കാളി എന്നീ നാലു ദേവിമാരെക്കുറിച്ച് മാത്രം ഇവിടെ ഓർമ്മപ്പെടുത്തുന്നു. കാളിദേവിക്ക് ഹിന്ദുക്കളുടെ പക്കൽ വലിയ സ്ഥാനമുണ്ട്. കാളി കോപിക്കുമ്പോഴാണത്രെ കോളറ മുതലായ മഹാരോഗങ്ങൾ ഉണ്ടാകുന്നത്.

ഒന്നുകിൽ ദേവീദേവതകളെ പൂജിക്കുന്നവർ. അല്ലെങ്കിൽ ഗീതയിലും പതഞ്ജലി സിദ്ധാന്തത്തിലും വിശ്വസിക്കുന്നവർ. ഇങ്ങനെ ഹിന്ദുമതകക്ഷികളെ പൊതുവെ രണ്ടു വിഭാഗങ്ങളാക്കിത്തിരിക്കാം. മററുള്ള ചെറുശാഖകൾക്കിടയിൽ ചില ബാഹ്യമാത്ര ഭിന്നതകളുണ്ടാകാം. പക്ഷെ അവയൊന്നും വ്യത്യസ്ത കക്ഷികളല്ലെന്നു മനസ്സിലാക്കണം. എന്നാൽ സിക്കുകാരും ആര്യസമാജക്കാരും ഇപ്പറഞ്ഞതിൽ നിന്നൊഴിവാണ്. അവരുടെ ആദർശ ചിന്താമണ്ഡലങ്ങളിൽ ഇസ്ലാമിന്റെ ആഘാതങ്ങൾ പ്രതിഫലിച്ചു കാണുന്നു. ഏകദൈവ വാദത്തോട് ഒട്ടുവളരെ സാമീപ്യമുണ്ടവർക്ക്. ഇസ്ലാമുമായി അവർക്കുള്ള സാത്മ്യവും സമീപ്യവും പ്രതിരോധ വാഞ്ഛയിൽനിന്നുത്ഭൂതമായതാണ്. ഇസ്ലാമിനെ ചെറുത്തുനില്ക്കാനുള്ള ശ്രമത്തിലാണവർ ഇസ്ലാമികാദർശങ്ങളോടുള്ള സാദൃശ്യം സ്വായത്തമാക്കിയത്.

അതുകാരണം അവർ അത്രതന്നെ ഇസ്ലാമുമായി അകന്നു് നില്ക്കുന്നവരാണ്. സിക്കമതത്തിൻെറയും ആര്യസമാജത്തിൻെറയും സ്ഥാപകർ മനസ്സിലാക്കി, ബിംബാരാധനയിൽ ചവിട്ടിനിന്നുകൊണ്ട് മുസ്ലിംകളെ നേരിടുക പ്രയാസമാണെന്നു്. അവർ തങ്ങളുടെ മതസിദ്ധാന്തങ്ങളിൽ ആവശ്യമായ പരിഷ്ക്കരണങ്ങൾ സ്വീകരിക്കുകയും മൂർത്തികളെയും മററും ആരാധിക്കുന്ന സമ്പ്രദായം വേണ്ടെന്നു വെക്കുകയും ചെയ്തു. മുസ്ലിംകളുടെ പുരോഗമനോന്മുഖമായ ആദർശ വിശ്വാസങ്ങളെ നേരിടാൻ കാലത്തിൻെറ ഒഴുക്കിനോടും യുക്തിവിചാരത്തോടും അടുത്തുനില്ക്കുന്നത് അത്യാവശ്യമെന്നു അവർക്കു തോന്നി. അതെല്ലാം മുസ്ലിംകളെ തകർത്തു കളയാനുള്ള മുന്നൊരുക്കങ്ങൾ മാത്രമായിരുന്നു. തുടക്കം മുതല്ക്കേ ഈ രണ്ടു വിഭാഗവും മുസ്ലിം വിരോധത്തിൽ മുന്നിട്ടു നില്ക്കുന്നു.

സിക്കുകാരും ആര്യസമാജക്കാരും ആദർശപരമായി ഏകദൈവ വാദത്തോടടുത്തുവന്നതുകൊണ്ട് മുസ്ലിംകളോടവർക്കുണ്ടാകേണ്ടിയിരുന്നതു സ്പർദ്ധയല്ല, സൗഹാർദ്ദമാണ്. മേൽപറഞ്ഞപോലുള്ള ഒരു പരിവർത്തനം സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ചതെന്തായിരുന്നാലും പ്രധാനവും പരിഗണനാർഹവുമായ ഒരു പരിഷ്ക്കരണം തന്നെയാണത്. ഇസ്ലാമിൻെറ മൗലികസിദ്ധാന്തവുമായി അവരടുത്തുവന്നസ്ഥിതിക്കു് അവർക്കിടയിൽ ഇസ്ലാമിക പ്രബോധനം നടത്താൻ കൂടുതൽ സൗകര്യമുണ്ടല്ലോ. ഏകദൈവത്വം അവർ സമ്മതിക്കുമെങ്കിൽ അതിൻെറ താല്പര്യങ്ങൾ പൂരിക്കുന്നതിനെക്കുറിച്ച് അവരെ ഉണർത്താൻ എളുപ്പമുണ്ടെന്നർത്ഥം. പക്ഷെ, സത്യം അതിൻെറ സാക്ഷാൽ മാർഗ്ഗത്തിലൂടെ അവരുടെ മുമ്പിൽ വരേണ്ടതുണ്ടു്.

മതഭാരതത്തിൻെറ സ്ഥിതിയാണിത്. ഇവിടത്തെ സാധാരണന്മാരും പ്രത്യേകക്കാരുമെല്ലാം ഒരുപോലെ മേൽപറഞ്ഞ വിധത്തിലുള്ള അന്ധവിശ്വാസങ്ങളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. ഇവിടത്തെ പ്രമുഖ മസ്തിഷ്കങ്ങളുടെ മേൽ ഗീതയിലെ അദ്വൈത സിദ്ധാന്തം ആധിപത്യം വാഴുകയാണ്. അദ്വൈതം സ്വതവേയൊരു കുഴപ്പമാണ്. ഇവിടത്തെ ആര്യസമാജക്കാരും സിക്കുകാരും വിഗ്രഹാരാധന വെടിഞ്ഞിട്ടുണ്ടെങ്കിലും സാക്ഷാൽ ഏകദൈവ സിദ്ധാന്തത്തിലേക്കെത്തുവാൻ എത്രയോ ഘട്ടങ്ങൾ അവരിനിയും തരണംചെയ്തു വരേണ്ടതുണ്ട്.

ഭാരതത്തിൽ മുസ്ലിം മേധാവിത്വത്തിൻെറ പ്രതികരണമെന്നോണം ആര്യസമാജവും സിക്കുമതവും ജന്മമെടുത്തതുപോലെ ആംഗ്ലേയാധിപത്യത്തിൻേറയും നവീന പാശ്ചാത്യൻ ചിന്താഗതികളുടേയും ആഘാതമേററ് ഒരു പുതിയ വിഭാഗം ഉയിരെടുത്തു അരംഗത്തു വന്നിരിക്കയാണിന്ന്. ഇവർ പൊതുവെ ഉൽബുദ്ധരാണ്. ഹിന്ദുമത പുരാണങ്ങളിലെ അന്ധവിശ്വാസശൃംഖല ഇവർ പൊട്ടിച്ചെറിഞ്ഞിരിക്കുന്നു. പക്ഷെ, ഇവർ തൽസ്ഥാനത്ത് പാശ്ചാത്യ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതിചെയ്യപ്പെട്ട, ഭൗതികതത്വത്തിൻേറതായ 'നവീന മതേതിഹാസങ്ങ'ളെ പ്രതിഷ്ഠിച്ചിരിക്കയാണ്. പഴയ മതത്തിലെ ദേവീദേവതകളെപ്പോലെ ഈ 'പുതിയ മത'ത്തിലുമുണ്ട് ദേവികളും ദേവന്മാരുമൊക്കെ. ഈ 'ഭൗതിക മത'ത്തിൽ മനുഷ്യൻെറ ദൈവം താൻ തന്നെയാണ്. തനിക്കുവേണ്ടി താൻ തന്നെ നിയമം നിർമ്മിക്കുന്നു. തൻെറമേൽ താൻ തന്നെ ആധിപത്യം നടത്തുന്നു. അതെ, ദൈവത്തിൻെറ ഭൂമിയിൽ

മനുഷ്യൻ തൻെറ 'രാജത്വം' പ്രകടമാക്കുകയാണ്. ഇതിൻെറ നാമധേയമത്രെ 'പ്രജായത്തം'.

## പടിഞ്ഞാറൻ യൂറോപ്പും അമേരിക്കയും

പറിഞ്ഞാറൻ യൂറോപ്പിലും അമേരിക്കയിലും പ്രചരിച്ച്മികച്ചു നില്ക്കുന്നമതം ക്രിസ്തുമതമാണ്. ക്രിസ്തുമതത്തിൻെറ തകർച്ച്യുടെ പ്രാരംഭചരിത്രം മുമ്പ് വിവരിച്ചതു ഓർക്കുന്നുണ്ടല്ലൊ. നികയ്യാ കൗൺസിലിനുശേഷം ത്രിയേകത്വത്തിലധിഷ്ഠിതമായ കൃത്രിമ ക്രിസ്തുമതം സ്റ്റൈറവ മതമായിത്തീരുകയും യൂറോപ്പിൽ 'കനീസാ ദിവ്യത്വം' ആവിർഭവിക്കുകയും ചെയ്തു.

മശീഹായുടെ സാക്ഷാൽ അനുയായിയും പ്രതിനിധിയുമായിരുന്ന പീററവുടെ * ആദർശങ്ങളെ പ്രതിനിധാനം ചെയ്തിരുന്ന, യഥാർത്ഥ ക്രിസ്തുമത സിദ്ധാന്തങ്ങളുടെ വാഹകരായിരുന്ന അരിയസ്സിനും പാർട്ടിക്കും * നികയ്യാ കൗൺസിലിനുശേഷം ത്രിയേകത്വ വാദികളുടെ കൈകളാൽ നിഷ്ഠൂര മർദ്ദനങ്ങൾ സഹിക്കേണ്ടിവന്നു. അങ്ങനെ യഥാർത്ഥ ക്രിസ്തുമതം തകരുകയും, സെൻറ് പോളിൻെറ തത്വവാദ വികല്പങ്ങളുടെ അടിത്തറയിൽ കനീസയുടെ ആചാര വിശ്വാസങ്ങളാകുന്ന ഒരു കൃത്രിമ സൗധം ഉയരുകയും ചെയ്തു.

---

* شمعون صفا

* അരിയസ്സ് കക്ഷിയുടെ പിന്തുടർച്ച്ക്കാരായ ക്രിസ്ത്യാനികളാണ് മുഹമ്മദ്നബി(സ)യുടെ നിയോഗാനന്തരം അവിടത്തെ ദൗത്യത്തിൽ വിശ്വസിക്കാൻ മുമ്പോട്ട് വന്നത്. അവരെയാണ് വി. ഖുർആൻ വാഴ്ത്തിപ്പറഞ്ഞിരിക്കുന്നത്. തൗഹീദ് വിരുദ്ധരായ പോളിൻെറ അനുയായികളെയല്ല.

ഏകദൈവ സിദ്ധാന്തത്തിലധിഷ്ഠിതമായിരുന്ന യഥാർത്ഥ ക്രിസ്തുമതം തകർന്നുപോയതിൻെറ പ്രാരംഭ ചരിത്രമാണിത്. ഇനി നമുക്ക് മദ്ധ്യ നൂററാണ്ടുകൾ മുതൽ ക്രിസ്തുമത നവോത്ഥാനഘട്ടംവരെയുള്ള ചരിത്രത്തിലേക്കൊന്നു കണ്ണോടിച്ചു നോക്കാം.

ഈ കാലഘട്ടത്തിൽ വേർതിരിഞ്ഞു കാണാവുന്ന രണ്ടു കാര്യങ്ങളുണ്ട്. (1) ക്രിസ്ത്യൻ ചർച്ചുകളുടെ ഏകീകരണം. (2) ചർച്ചിൻെറ സർവ്വാധിപത്യം. ചെറുതും വലുതുമായ സകല രാഷ്ട്രങ്ങളും ചർച്ചിൻെറ മുഷ്ടിയിലമരുകയുണ്ടായി, മദ്ധ്യനൂററാണ്ടുകളിൽ. രാഷ്ട്രങ്ങൾ അതിൻെറ അധികാര ശക്തിക്കടിപ്പെട്ടു ഞെങ്ങി ഞെരുങ്ങി നിർജ്ജീവ യന്ത്രങ്ങളെപ്പോലെയായി. മഹത്തായ റോമാ സാമ്രാജ്യത്തിൻെറ അന്തസ്സും ഗാംഭീര്യവും ചർച്ച്ദേവിയുടെ തിരുമുമ്പിൽ മങ്ങിനിന്നു. പക്ഷെ, കാലവിളംബം വേണ്ടിവന്നില്ല, ചർച്ച് അധികാരം ദുരുപയോഗപ്പെടുത്താൻ ഒരുമ്പെട്ടു. അധികാരലഹരിയിൽ മതിമറന്നുകൊണ്ട് അതു കുരിശ് യുദ്ധം ആരംഭിച്ചു. ഇരുനൂറിൽപരം സംവത്സരങ്ങളോളം കുരിശ്യുദ്ധം മുഴുവൻ യൂറോപ്പിനെയും അവതാളത്തിലാക്കിവെച്ചു. ഈ കാലയളവിൽ ചർച്ച് മേധാവികൾ ചെയ്തുതീർത്ത പാപപങ്കിലമായ ക്രൂരകൃത്യങ്ങൾക്ക് കയ്യും കണക്കുമില്ല. എത്രയോ നിരപരാധികളെ അറുകൊല ചെയ്ത് രക്തപ്പുഴകളൊഴുക്കി. പിഞ്ചു പൈതങ്ങളുടെ കഴുത്തു ഞെരുക്കി. ചോരക്കുഞ്ഞുങ്ങളെ ചവിട്ടി അരച്ചു. മനുഷ്യരാശിയുടെ നന്മക്കും പുരോഗതിക്കും ഉപകരിക്കുന്ന നിർമ്മാണപരമായ അനേകമനേകം യോഗ്യതാകഴിവുകളെ സംഹരിച്ചു കളഞ്ഞു..........

ചർച്ച്ഭൂതത്തിൻെറ ഈ തേർവാഴ്ച യൂറോപ്പിൻെറ ഹൃദയത്തിൽ അതിൻേറതായ പ്രതികരണം സൃഷ്ടിച്ചു. ചർച്ചിന്നെതിരിൽ ജ്വലിക്കുന്ന വികാരങ്ങൾ നാട്ടിലെങ്ങും പടൎന്നു പിടിച്ചു. യുദ്ധകാലത്ത് നെടുനാൾ തുടൎന്നു പോന്ന പരാജയങ്ങളും നശീകരണ പ്രവൎത്തനങ്ങളും ചിന്തകന്മാരുടെ മസ്തിഷ്കങ്ങളിൽ വമ്പിച്ച കോളിളക്കമുണ്ടാക്കി. ചർച്ചീശ്വരന്മാരുടെ അധീശാധികാരം ലോകനാശത്തിന്ന് വഴിവെക്കുമെന്നു എല്ലാവൎക്കും ബോധപ്പെട്ടു തുടങ്ങി. വൈജ്ഞാനിക പര്യവേക്ഷണങ്ങളുടെ പ്രണേതാക്കൾ അനുഭവത്തിൽ മനസ്സിലാക്കി, ഹൃദയമസ്തിഷ്കങ്ങളെ ഞെക്കിക്കൊല്ലുന്ന ചർച്ച് ഭൂതത്തെ അതിവേഗം അകററിക്കളയാത്തപക്ഷം ചിന്താഗവേഷണകവാടങ്ങളെല്ലാം കൊട്ടിഅടക്കപ്പെട്ടുമെന്ന്. കനീസക്കു് രാഷ്ട്രീയാധികാരം വകവെച്ചുകൊടുക്കുന്നത് യുക്തിഹീനവും പ്രകൃതി വിരുദ്ധവുമാണെന്നും, രാഷ്ട്രവും മതവും തമ്മിലുള്ള ബന്ധം വേർപെടുത്തേണ്ടതാണെന്നും, റോമൻ കത്തോലിക്ക് ചർച്ച് റോമാസാമ്രാജ്യത്തിന്നു ലോകത്തെ വഞ്ചിക്കാനുള്ള ഒരു തന്ത്രോപകരണം മാത്രമാണെന്നും, ആകയാൽ ചർച്ചിൻെറ ആധിപത്യത്തെ കഴിയുംവേഗം നിർമ്മൂലനം ചെയ്യേണ്ടതാണെന്നും യൂറോപ്യൻ ജനതക്ക് അഭിപ്രായമുദിച്ചു. എത്രത്തോളമെന്നാൽ ചർച്ചിൻെറ അണികളിൽ നിന്നുതന്നെ ഒരു വിഭാഗം മുന്നോട്ടുവന്നു് ക്രിസ്ത്യാനികൾക്കിടയിൽ പ്രചരണം ചെയ്തു:

"ക്രിസ്തുവിൻെറ അനുയായികളെന്നറിയപ്പെടുന്ന നാം അതിദൂരം വ്യതിചലിച്ചിരിക്കുന്നു. നാം മശീഹായുടെ ശിക്ഷണങ്ങളിൽനിന്നു് ഭൗതിക ചിന്താഗതിയിലേക്ക് വഴുതി വീണിരിക്കുന്നു. നാം പൈശാചിക വലയങ്ങളിൽ കുടുങ്ങിയിരിക്കയാണ്. നമ്മുടെ

ജീവിതലക്ഷ്യം മാറിപ്പോയിട്ടുണ്ട്. സമ്പത്തു കൂമ്പാരമാക്കി കൂട്ടുന്നതിലും ഊററവും ശക്തിയും പ്രതാപവും പ്രമത്തതയും പ്രകടമാക്കുന്നതിലും ലോകത്ത് നാശം വിതക്കുന്നതിലും മുഴുകിയിരിക്കയാണ് നാം. ദുരാഗ്രഹങ്ങളും ഭൗതിക ചിന്താഗതികളും വെടിഞ്ഞ് ജനസേവനാത്ഥം മുന്നോട്ടുവരിക. നമുക്കു മശീഹായുടെ മാർഗ്ഗത്തിലേക്കു തിരിച്ചു പോകാം."

ഈ സംഭവവികാസങ്ങളുടെ അലകൾ യൂറോപ്പിൽ പുനരുത്ഥാനം (*Renascence*) എന്ന പേരിലറിയപ്പെടുന്ന ഒരു പരിവത്തനഘട്ടം സംജാതമാക്കി. ബേക്കൺ മുതലായ വിജ്ഞാനപടുക്കളും മെക്കിവല്ലി, ഹ്യൂഗോ ഗ്രൂട്ടസ് തുടങ്ങിയ രാഷ്ട്രമീമാംസകരും മററനേകം സ്വതന്ത്രചിന്തകരും ഈ പുനരുത്ഥാനത്തിൻ ഫലമായി ജന്മമെടുത്തവരാണ്.

പള്ളിക്കെതിരിൽ അണിനിരന്ന ഈ എതിപ്പുകളെ പാതിരിമാർ നേരിട്ടത് മതദ്രോഹവിചാരണസഭകൾ (*Inquisitions*) കൊണ്ടാണ്. വിജ്ഞാനഗവേഷണ പടുക്കളും, മത-രാഷ്ട്രീയ പരിഷ്കത്താക്കളുമായ ഉന്നത വ്യക്തികൾക്ക് ചച്ച് നല്കിയ മൃഗീയ ശിക്ഷകൾ ഹൃദയമുള്ള ഏവരേയും കോരിത്തരിപ്പിക്കും. അത്തരം കിരാതമായ ശിക്ഷകൾ പള്ളിയോടുള്ള വൈരാഗ്യത്തിന്ന് ഊക്ക് കൂട്ടിയതേയുള്ളു. പാപ്പായിസത്തെ എന്നന്നേക്കുമായി കുഴിച്ചുമൂടാനുള്ള ജനരോഷം ശക്തിയാജ്ജിച്ചുകൊണ്ടിരുന്നു. യൂറോപ്പിലെ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ അവരവരുടേതായ ദേശീയതയെ സംരക്ഷിച്ചു നിറുത്തണമെന്ന വികാരം ആളിക്കത്തി. ശാസ്ത്രജ്ഞന്മാക്ക് ഗവേഷണ തൃഷ്ണ വദ്ധിച്ചു തുടങ്ങി. കനീസ

വളൎത്തിപ്പോരുന്ന 'മതപരമായ' അന്ധവിശ്വാസങ്ങളു ടെ വേരറുത്തുകളയാൻ തത്വശാസ്ത്രം ദൃഢനിശ്ചയം ചെയ്തു. ചൎച്ച്നിരകളിൽ നിന്നുതന്നെ കുറേ പുത്തൻ കൂറുകാർ രംഗത്തുവന്നു. അവരുടെ പരിഷ്കരണ സംരംഭ ങ്ങൾ ശക്തിയാൎജ്ജിക്കുകയുണ്ടായി. എത്രത്തോള മെന്നാൽ 16-ാം ശതകത്തിന്റെ ആരംഭത്തോടു കൂടി ഡായ്കൾ, ഹസ്, ലൂത്തർ മുതലായ പ്രശസ്തരായ ഉദ്ധാരകന്മാർ ക്രിസ്ത്യാനികൾക്കിടയിൽ നിന്ന് മുന്നോട്ടു വന്നു. അതോടുകൂടി ഒന്നിച്ചു നിന്നിരുന്ന ക്രിസ്ത്യൻ ചൎച്ചുകൾ രണ്ടു വിഭാഗമായി പിളൎന്നു. അന്നു മുതല്ക്കാ ണ് പ്രോട്ടസ്റ്റൻറ് കക്ഷി വ്യവസ്ഥാപിത രൂപം പൂണ്ട ത്. പ്രോട്ടസ്റ്റൻറ്കാരുടെ പ്രധാന വാദം ഇതായിരുന്നു:

> "ദൈവത്തിന്നിടയിൽ മാദ്ധ്യസ്ഥം വേണ്ട. ബൈ ബിൾ ഗ്രഹിക്കാനും മതാനുഷ്ഠാനങ്ങൾ നിൎവ്വഹിക്കാ നും റോമിലെ പാപ്പായ്ക്ക് എത്രത്തോളം അവകാശ മുണ്ടോ അത്രത്തോളം അവകാശം ഏതൊരു സാധാ രണ ക്രിസ്ത്യാനിക്കുമുണ്ട്."

ദേശീയ ഗവൎമ്മെണ്ടുകൾ 13-ാം ശതകത്തിൽതന്നെ ആവിൎഭവിച്ചു കഴിഞ്ഞിരുന്നു. 16-ാം നൂററാണ്ടും 17-ാം നൂററണ്ടും ആയിക്കഴിഞ്ഞപ്പോഴേക്കും 'പുരോഗമന ചി ന്താഗതികൾ' ഒന്നിനുപിറകെ മറെറാന്നായി തള്ളിക്കേ റിവന്നു. നേഷനലിസം, ഏകസംസ്കാരവാദം, മതവും രാഷ്ട്രവും ഭിന്നമാണെന്ന വാദം, മതസഹിഷ്ണുത എന്നീ 'പരിഷ്കൃതാശയങ്ങൾ' സൎവ്വസ്വീകാൎയ്യങ്ങളായിത്തീ ൎന്നു. ഇതെല്ലാം ചൎച്ചുകൾക്ക് കനത്ത പ്രഹരങ്ങളേല്പി ച്ചു കൊണ്ടേയിരുന്നു. കത്തോലിക്കരും പ്രോട്ടസ്റ്റൻറ്കാ രുമെല്ലാം ഒരുപോലെ ലൗകികകാൎയ്യനിയന്ത്രണങ്ങളിൽ

നിന്നു് പിന്മാറേണ്ടി വന്നു. ശാസ്ത്രം, രാഷ്ട്രീയം, സാമ്പത്തികം ആദിയായ സകല ജീവിത വശങ്ങളും പള്ളികളുടെ ആധിപത്യ മുഷ്ടികളിൽ നിന്നു് കുതറിച്ചാടി സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. പിന്നീടു് 18-ാം നൂററാണ്ടിലും 19-ാംനൂററാണ്ടിലും അംഗീകരിക്കപ്പെട്ട രാഷ്ട്രീയ വ്യവസ്ഥകളാണ് നിലവിൽ വന്നതു്. സ്വകാര്യ ജീവിതത്തിലെ ഒരു വിനോദ വസ്തു എന്ന സ്ഥാനമേ ആ വ്യവസ്ഥകളിൽ മതത്തിന്നു നല്കപ്പെട്ടിരുന്നുള്ളു. അതങ്ങനെതന്നെ ആയിത്തീർന്നു. സാമൂഹ്യ ജീവിതതുറകളിൽ പുരോഹിത പാതിരിമാരുടെ ദിവ്യത്വം അസ്തമിച്ചു് പൊതുജനത്തിൻേറയും പാർലിമെൻറിൻേറയും ദിവ്യത്വം ഉദിച്ചുയർന്നു.

**പറഞ്ഞുവന്നതു് ചുരുക്കത്തിൽ ഇതാണു്:**

"ഏകദൈവാരാധന അംഗീകരിക്കാൻ ക്രിസ്ത്യാനികൾക്കു് ചരിത്രത്തിൽ അധികമൊന്നും ഭാഗ്യമുണ്ടായില്ല. ക്രിസ്തുവിനെയും, മർയമിനെയും, മഹാ പുരോഹിതനെയും, താഗൂത്തിനെയും ആരാധിക്കുകയെന്ന നഗ്നമായ ശിർക്കിൽ പോലും അവരെ ചാടിച്ചുകളഞ്ഞു. റോമൻ കത്തോലിക്കർ ശിർക്കുപരമായ അന്ധവിശ്വാസങ്ങളുടെ കവാടം തുറന്നു. ലൂഥറുടെ പരിഷ്കരണ സംരംഭങ്ങൾ പള്ളികളെ രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽനിന്നു് ഒററപ്പെടുത്തി. സമഷ്ടിജീവിതതുറകളഖിലം പൊതുജനത്തിന്നും പാർലിമെൻററംഗങ്ങൾക്കും രാജാക്കന്മാർക്കും പ്രസിഡണ്ടു്മാർക്കും ഒഴിഞ്ഞുകിട്ടി. അങ്ങനെ സ്വകാര്യ ജീവിതത്തിന്നും സാമൂഹ്യജീവിതത്തിന്നുംവേണ്ടി വെവ്വേറെ തമ്പുരാക്കന്മാർ ഉണ്ടായിത്തീർന്നു."

ക്രി. 1914ലെ ലോകമഹായുദ്ധം പ്രജായത്ത രാഷ്ട്രങ്ങളുടെ ബലഹീനതയെ വ്യക്തമാക്കിക്കാണിച്ചപ്പോഠം യൂറോപ്പിൽ ചിലേടത്ത് ഏകാധിപത്യം നാമ്പെടുത്തു. പ്രജാധിപത്യമായാലും ഏകാധിപത്യമായാലും ഫലത്തിൽ വ്യത്യാസമില്ല. രണ്ടും സൃഷ്ടികളുടെ ആധിപത്യം തന്നെ. തമ്പുരാക്കന്മാരുടെ എണ്ണത്തിൽ മാത്രമാണ് വ്യത്യാസം. പ്രജാധിപത്യത്തിൽ കുന്നിലധികം തമ്പുരാക്കഠം ദിവ്യത്വം വാഴുകയും നിയമവ്യവസ്ഥകളവതരിപ്പിക്കുകയും ചെയ്യുന്നു. ഏകാധിപത്യത്തിലാവട്ടെ ഒരു 'ദൈവം' തൻെറ മന്ത്രിമാരുടെയും ഉപദേഷ്ടാക്കളുടെയും സഹായത്തോടുകൂടി 'ദിവ്യത്വം' നടത്തുന്നു. രണ്ടും ശിക്ക് തന്നെ.

## റഷ്യ

റഷ്യയിൽ സോഷ്യലിസത്തിൻെറ തേർവാഴ്ചയാണ്. പ്രജാധിപത്യത്തിൻെറ അവസാനത്തെ പടിയാണ് സോഷ്യലിസം. പ്രജായത്തം മതത്തെയും ദൈവത്തെയും സ്വകാര്യ ജീവിത വൃത്തത്തിൽ തളച്ചിടുന്നുവെങ്കിൽ സോഷ്യലിസം മതത്തിന്നും ദൈവത്തിന്നും അവിടെയും സ്ഥലമനുവദിക്കുകയില്ല. സോഷ്യലിസ്റ്റ് സ്വേച്ഛാധിപത്യം ജീവിതത്തിൻെറ സകല മുക്കുമൂലകളിൽ നിന്നും ദൈവത്തെ പുറത്താക്കിയ ശേഷം തൽസ്ഥാനങ്ങളിൽ മനുഷ്യൻെറ 'ദിവ്യത്വം' അടിച്ചേല്പിക്കുന്നു. ക്രിസ്തീയ ത്രിയേകത്വത്തിൻെറ സ്ഥാനത്ത് റഷ്യയിൽ മാക്സ്, ലെനിൻ, സ്റ്റാലിൻ എന്നീ ദൈവങ്ങളുടെ ത്രിയേകത്വമാണ്. ഈ ത്രിമൂത്തികളവതരിപ്പിച്ച ആദശ് സിദ്ധാന്തങ്ങളും ധാമ്മികസദാചാരങ്ങളും സാമൂഹ്യസാമ്പത്തിക വ്യവസ്ഥകളുമാണിന്നു റഷ്യയിലെ മതവും വേദവും.

# മുസ്ലിംകൾ ഇന്ന്

ശിർക്കിൻെറ എതിർ വാദികളല്ലാത്ത ജനസമുദായങ്ങളിൽ സ്ഥലംപിടിച്ച ശിർക്കിൻെറ സ്ഥിതി എന്തായിരുന്നു, എന്താണ് എന്നതു സംബന്ധിച്ചുള്ള ചർച്ചയായിരുന്നു ഇതുവരെ. ഇനി നമുക്കു കാണാനുള്ളത്, കേവലം തൗഹീദിൻെറ അടിസ്ഥാനത്തിൽ ജന്മമെടുത്ത, ശിർക്കിനെ നിർമ്മൂലനം ചെയ്തു് തൗഹീദിനെ കെട്ടിപ്പൊക്കുകയെന്ന ഏകലക്ഷ്യത്തിന്നായി അരംഗത്തു വന്ന ഒരു പ്രത്യേക ജനവിഭാഗത്തിൻെറ-മുസ്ലിംകളുടെ-ഇന്നത്തെ അവസ്ഥയാണ്.

ഒരു സാധനത്തിൻെറ സ്ഥാനം മാറുന്നതുകൊണ്ടു് അതിൻെറ യാഥാർത്ഥ്യം മാറുകയില്ലല്ലൊ. ഖണ്ഡിതമായ ഒരു പരമാർത്ഥമാണിത്. അറബി മുശ്രിക്കുകൾ, ഇസ്രാഈല്യർ, മുനാഫിഖുകൾ മുതലായ കക്ഷികളിൽ ഏതൊരു സംഗതി ശിർക്കായി പരിഗണിക്കപ്പെട്ടിരുന്നുവോ അതേ സംഗതി മുസ്ലിംകളിൽ കാണപ്പെട്ടാൽ തൗഹീദായിരിക്കില്ല, ശിർക്കുതന്നെയായിരിക്കും സംശയമില്ല. മലിനസാധനം മൺചട്ടിയിലായാലും സ്വർണ്ണത്താലത്തിലൊ വെള്ളിത്തളികയിലൊ ആയാലും മലിന സാധനം തന്നെയായിരിക്കും. പാത്രം മാറുന്നതുകൊണ്ടു് സാധനത്തിൻെറ യാഥാർത്ഥ്യത്തിൽ യാതൊരു മാററവും സംഭവിക്കില്ല. എന്നാൽ ഒരു സംഗതിയുടെമേൽ ചുമത്തുന്ന വിധി പരിത:സ്ഥിതിയുടെ വ്യത്യാസംകൊണ്ടു്

തീച്ച്യയായും മാറിക്കൊണ്ടിരിക്കും. ഉദാഹരണമായി പന്നിമാംസവും മദ്യവും ഏതവസ്ഥയിലും മലിന വസ്തുക്കളാണ്. പക്ഷെ, അങ്ങേയററം നിബ്ബന്ധിത നായ ഒരു വ്യക്തി ജീവൻ അവശേഷിക്കാൻ ആവശ്യ മായ അളവുവരെ അതുപയോഗിച്ചാൽ ശരീഅത്ത് അവനെ പിടികൂടുകയില്ല. അപ്പോഠം സംഭവത്തിന്മേൽ ചുമത്തുന്ന വിധികഠം പരിത:സ്ഥിതിയുടെ മാററമനു സരിച്ച് വ്യത്യസ്തങ്ങളായിരിക്കും. ആകയാൽ സംഭവ ത്തെയും അതിൻെറ വിധിയെയും വേറെവേറെ തന്നെ കാണണം. ഈ അദ്ധ്യായത്തിൽ 'സംഭവ'ത്തെസ്സംബ ന്ധിച്ചാണ് പ്രതിപാദനം. സംഭവത്തിനു ബാ ധകമാവുന്ന വിധിയെപ്പററിയുള്ള ചച്ച തൊട്ട അദ്ധ്യാ യത്തിൽവരും.

മുസ്ലികളുടെ ഇന്നത്തെ അവസ്ഥയെ സൂക്ഷ്മ മായൊരു പരിശോധനക്ക് വിധേയമാക്കുകയും സത്യം തുറന്നു സമ്മതിക്കുന്നതിന്ന് അഹംഭാവം തടസ്സമാവാ തിരിക്കുകയും ചെയ്യുന്ന പക്ഷം ഏവക്കും ബോധപ്പെടും, അറബി മുശ്രിക്കുകളും ജൂത ക്രിസ്തീയ വേദക്കാരും മുനാ ഫിഖുകളും പുലത്തിപ്പോന്ന ശിക്കുകളിൽ മിക്കതും ഇന്ന ത്തെ മുസ്ലിംകളിൽ രൂപ വ്യത്യാസത്തോടുകൂടി സ്ഥി തിചെയ്യുന്നുവെന്ന്. നോക്കുക, ജിന്നുപൂജ, നക്ഷത്രപൂജ പിതൃപൂജ, ആത്മപൂജ മുതലായവ ജാഹിലിയ്യാ അറബി കളുടെ ശിക്കുകളാണ്. പുരോഹിതപൂജ, ജിബ്ത്ത് പൂജ, താഗൂത്ത്പൂജ, സമുദായപൂജ, ശിക്കിനെ അനുകൂ ലിക്കൽ തുടങ്ങിയവ വേദക്കാരുടെ ശിക്കുകളാണ്. താഗൂത്ത്പൂജ, ആത്മപൂജ, സ്വാത്ഥപൂജ ആദിയായവ യാണ് മുനാഫിഖുകളിൽ ഉണ്ടായിരുന്ന ശിക്കുകഠം. ഇതെപ്പററിയെല്ലാം മുമ്പ് വിസ്തരിച്ച പ്രതിപാദിച്ചത്

ഓക്കുന്നുണ്ടാകുമല്ലൊ. ഇവയെല്ലാം മുമ്പിൽ വെച്ചുകൊണ്ട് മുസ്ലിം സമുദായത്തിലേക്കൊന്നു തിരിഞ്ഞു നോക്കുക. പൊതുവെ പറഞ്ഞാൽ ഇവയിൽ ഏതൊന്നാണ് ഇന്നത്തെ മുസ്ലിംകളിലില്ലാത്തത്?.

മുസ്ലിംകളിൽ വലിയൊരു വിഭാഗം മാരണം, മന്ത്രം മുതലായ ക്ഷുദ്രവിദ്യകളാകുന്ന ശാപത്തിൽ കുടുങ്ങിയിരിക്കയാണ്. സിഹ്റ്, തൽസമാത്ത്, ഐറക്കൽ, ഉറുക്ക്, മന്ത്രം, * ഗണിതം, മഷിയിട്ടു നോക്കൽ തുടങ്ങിയ

---

* ഹദീസുകളിൽ ചില പ്രത്യേകതരം മന്ത്രങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. അവ ഒന്നാമതായി പ്രത്യേക പരിതസ്ഥിതികളിൽമാത്രം ഉപയോഗിക്കാനുള്ളതാണ്. രണ്ടാമതായി അവ ആദ്യന്തം അല്ലാഹുവോടുള്ള പ്രാർത്ഥനകളാണ്. അല്ലാഹുവിങ്കലുള്ള 'തവക്കലി'നേയും അല്ലാഹുവല്ലാത്തവരിൽനിന്നുള്ള അകൽച്ചയേയും കുറിക്കുന്ന വചനങ്ങളാണ്. നിരർത്ഥങ്ങളോ ശിർക്കിൻെറ വിഭാവനകളുൾക്കൊള്ളുന്നതോ ആയ മന്ത്രങ്ങൾ പരിശുദ്ധ ഇസ്ലാം ശരീഅത്തിൽ ഒരിക്കലും അനുവദനീയമല്ല. അർത്ഥരഹിതമായ അനറബിവാക്കുകൾ കലർന്നതും, ശിർക്കുപരവുമായ മന്ത്രങ്ങളാണ് ഇന്നത്തെ മുസ്ലിംമന്ത്രവാദികളുടെ പക്കൽ കൂടുതൽ കാണുന്നത്. അഥവാ അവർ ഖുർആൻ വാക്യങ്ങൾ മന്ത്രിക്കുകയാണെങ്കിൽ അവയെ വികൃതമാക്കിക്കൊണ്ടാണ് മന്ത്രിക്കുക. ഒരു വിദ്വാനൊരിക്കൽ തേൾവിഷം പോക്കാനുള്ള മന്ത്രം എന്നെ കേൾപ്പിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. നോക്കുമ്പോൾ അതിൽ 'സൂറത്തുന്നാസി'ലെ ഓരോ പദത്തിൻേറയും അന്ത്യാക്ഷരം മുറിച്ചുകളഞ്ഞിരിക്കുന്നു. ഇത് കേട്ട് ഞാനദ്ദേഹത്തോട് പറഞ്ഞു, പരിശുദ്ധ ഖുർആനിനെ ഇവ്വിധം അലങ്കോലപ്പെടുത്തുന്നതിൻെറ ഭവിഷ്യത്ത് ഏറ്റെടുക്കാൻ താങ്കൾ തയ്യാറായിക്കൊൾക. എന്നെ വിട്ടേക്കണം—എൻെറ അവഗണനനയം അദ്ദേഹത്തിൽ നിരാശ ഉളവാക്കിയപോലെ തോന്നി.

തട്ടിപ്പുകൾ ജീവിത സന്ധാരണമാർഗ്ഗങ്ങളാക്കിവെച്ചവർ മുസ്ലിം സമുദായത്തിൽ ഇന്ന് ധാരാളമുണ്ട്. ജിന്നുകളെയും ശൈത്താന്മാരെയും സേവിച്ച് അധീനപ്പെടുത്താനുള്ള ആചാരപൂജകളും കർമ്മമുറകളുമാണ് ചില മുസ്ലിംകളുടെപക്കൽ അടിസ്ഥാന വിദ്യാഭ്യാസം! ജിന്നുസേവകൾക്കുവേണ്ടി അവർ പലതരം 'റിയാസ'കളും വ്രതങ്ങളും ആചരിക്കുന്നു. 'ഗൈബ്' (അദൃശ്യം) അറിയാനും, അസാധാരണമാർഗ്ഗേണ ഉപകാരോപദ്രവങ്ങൾ ചെയ്യാനും ജിന്നുകൾക്ക് സ്വതന്ത്രമായ അധികാരശക്തികളുണ്ടെന്നു വിശ്വസിക്കുന്നവർ ഇന്ന് മുസ്ലിം സമുദായത്തിൽ കുറച്ചൊന്നുമല്ല. അവരിത്തരം ഊഹങ്ങളെ അടിസ്ഥാനമാക്കി ജിന്നുകളോട് സങ്കടപ്പെടുകയും ശരണം തേടുകയും ചെയ്യുന്നു. അവർ ജിന്നുകളെ പ്രസാദിപ്പിക്കാൻ വേണ്ടി, ഇസ്ലാം ശരീഅത്തിൽ ഹലാലായ പല സാധങ്ങളെയും ഹറാമാക്കുകയും ഹറാമായ പലതിനെയും ഹലാലാക്കുകയും ചെയ്യുന്നു.

മുമ്പ് യഹൂദികൾ ചാടിയ ചളിക്കുണ്ടിലാണ് ഇന്നത്തെമുസ്ലിംകളിൽ വലിയൊരുവിഭാഗം വഴുതിവീണിരിക്കുന്നത്. ആ മുസ്ലിംകൾ ഇന്നിതാ അസ്മാഅ്, തൽസമാത്ത് മന്ത്രവാദം തുടങ്ങിയ ഹറാമായ വിദ്യകൾ പഠിക്കുകയും അവയെ നിഷിദ്ധമായ ഉദ്ദേശങ്ങൾക്കു വേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നു. ഹൃദയങ്ങളെ മെരുക്കിയെടുക്കുക, പ്രേമക്രോധാതി വികാരങ്ങളെ ഉദ്ദീപിപ്പിക്കുക, ഭാര്യാഭർത്താക്കന്മാരെ തമ്മിൽ ഭിന്നിപ്പിക്കുക, ഗർഭധാരണം, പ്രസവം, സ്ഥലനദൈർഘ്യം മുതലായവ സാധിപ്പിക്കുക തുടങ്ങിയ പല കാര്യങ്ങളും ഈ ക്ഷുദ്ര വിദ്യകൾകൊണ്ട് അവർ ലക്ഷ്യമാക്കാറുണ്ട്. എത്രത്തോളമെന്നാൽ ചില അക്രമികൾ വിശുദ്ധ ഖുർആനിലെ

ആയത്തുകളെപ്പോലും ഇത്തരം ഉദ്ദേശങ്ങൾക്കുവേണ്ടി തെററായുപയോഗപ്പെടുത്തുന്നു. അല്ലാഹു മനുഷ്യക്കു അനുവദിച്ച പല അനുഗ്രഹങ്ങളേയും ഈ മന്ത്രവേലക്കാർ നിഷിദ്ധമാക്കുന്നു. ചിലപ്പോൾ ഇവയെ താല്ക്കാലികമായി വജ്ജിക്കുന്നു. മററു ചിലപ്പോൾ സ്ഥിരമായും. ചില മുസ്ലിം മന്ത്രവാദികളുമായി സംസാരിക്കാൻ എനിക്കവസരം ലഭിച്ചപ്പോൾ ഞാനവരോടു പറഞ്ഞു: "അല്ലാഹു അനുവദിച്ച അനുഗ്രഹങ്ങളിൽ പലതും നിങ്ങളുടെ പക്കൽ വജ്ജ്യവും, അവൻ ഹറാമാക്കിയ പലതും നിങ്ങളുടെ പക്കൽ അനുവദനീയവുമാണ്. അല്ലാഹുവിൻെറ കല്പനകൂടാതെ ഏതെങ്കിലുമൊന്നിനെ ഹലാലോ ഹറാമോ ആക്കുന്നതു് നഗ്നമായ ശിക്കാകുന്നുവല്ലൊ." അവരുടെ ഈ ചെയ്തികൾ തെററാണെന്നും ശിക്കാണെന്നും പറഞ്ഞതു് കേട്ടപ്പോൾ അവരത്ഭുതപ്പെട്ടു നില്ക്കുന്നതു് ഞാൻ കണ്ടു.

ചില മുസ്ലിംകൾ കോളറ, വസൂരി മുതലായ മഹാരോഗങ്ങൾ പടന്നുപിടിക്കുമ്പോൾ പല സാധനങ്ങളും വീട്ടിൽ കടത്താൻ ഭയപ്പെടുന്നു. ആ രോഗങ്ങളുടെ ഹേതുഭൂതരായ പ്രേതങ്ങൾക്കു് ആ സാധനങ്ങൾ അരോചകമാകയാൽ അവർ പൂർവ്വാധികം കോപിക്കുമെന്നാണ് വിശ്വാസം.

നക്ഷത്രങ്ങൾ, ദിനങ്ങൾ, മാസങ്ങൾ, ഗ്രഹങ്ങൾ എന്നിവയുടെ പേരിലും ശിക്കുപരമായ നിരവധി ഊഹാപോഹങ്ങൾ വെച്ചുപോററുന്നവർ മുസ്ലിംകളിലുണ്ട്. സ്ത്രീകൾ മുതൽ ബുദ്ധിമതികളായ പുരുഷന്മാർവരെ ഇത്തരം മൗഢ്യവിശ്വാസങ്ങൾക്കിരയായിരിക്കുന്നു.

എത്രയോ മുസ്ലിംകളിന്നു പിതൃപൂജയാകുന്ന ശാപത്തിൽ ദയനീയമാംവണ്ണം അകപ്പെട്ടിരിക്കയാണ്. അവർ ശൈഖന്മാരുടേയും തങ്ങന്മാരുടേയും ഖബറുകൾ സകല മുക്കുമൂലകളിലും കെട്ടിപ്പൊക്കി അലങ്കരിച്ചാരാധിച്ചു വരുന്നു. ഖബറുകൾക്ക് നേർച്ചകളും വഴിപാടുകളും കെട്ടുത്ത് പുണ്യവും ബറക്കത്തും വാങ്ങുന്നു. വലിമാരുടെയും തങ്ങന്മാരുടെയും ഖബറുകളുടെ മേൽ വിലപിടിച്ച വസ്ത്രങ്ങൾ പുതപ്പിക്കൽ (യാറം മൂടൽ) മഹത്തായൊരു പുണ്യകർമ്മമായി ഗണിച്ചുവരുന്നു. മരണപ്പെട്ട മഹത്തുക്കളെ വിളിച്ച് 'ദുആ' ചെയ്യുന്നു. ഖബറുകളിൽ സ്ഥിതിചെയ്യുന്ന വലിമാരെയും ശൈഖന്മാരെയും പ്രസാദിപ്പിക്കാത്തതുകൊണ്ടാണ് അത്യാഹിതങ്ങളും നാശനഷ്ടങ്ങളും സംഭവിക്കുന്നതെന്നു വിശ്വസിച്ചുവരുന്നു. ഇത്തരം അന്ധവിശ്വാസങ്ങളോടുകൂടി ശൈഖന്മാരുടെ ദർഗ്ഗകളിലേക്ക് തീർത്ഥാടനം ചെയ്യുന്നു. ദർഗ്ഗകളുടെ മുമ്പിൽ സങ്കടം ബോധിപ്പിക്കുകയും സാഷ്ടാംഗംചെയ്യുകയും തപസ്സിരിക്കുകയും ചെയ്യുന്നു. ഇങ്ങനെ ശിർക്കിലും കുഫ്‌രിയ്യത്തിലും അകപ്പെടുത്തിക്കളയുന്ന ഹറാമായ പല ദുരാചാരങ്ങളെയും മുസ്ലിംകൾ ശൈഖന്മാരെക്കുറിച്ചുള്ള അന്ധവിശ്വാസം നിമിത്തം ചെയ്തുകൊണ്ടിരിക്കുന്നുവെന്നത് ആരാലും നിഷേധിക്കുക സാധ്യമല്ല.

അല്ലാഹുവിങ്കലേക്കടുക്കാൻ ശൈഖന്മാരുടെ മാദ്ധ്യസ്ഥം (വസീല) അത്യാവശ്യമെന്നു വാശിയോടെ വാദിക്കുന്നവർ ഇന്നു മുസ്ലിംസമുദായത്തിലില്ലേ! ഔലിയാക്കൾ സർവ്വശക്തനായ അല്ലാഹുവെപ്പോലെതന്നെ പ്രത്യക്ഷവും പരോക്ഷവുമായ സകലതും എവിടെവെച്ചും

എപ്പോഴും കാണുകയും കേൾക്കുകയും ചെയ്യുമെന്നു വിശ്വസിക്കുന്നവർ മുസ്ലിംകളിൽ ധാരാളമുണ്ട്. * മാത്രമല്ല, അതേ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അവരോട് സഹായാർത്ഥന (استغاثة) നടത്തിവരികയും ശുപാർശ തേടുകയും ചെയ്യുന്നു. കേസ്സ് ജയിക്കാൻ, കച്ചവടം പുരോഗമിക്കാൻ, സന്താനം ജനിക്കാൻ, കുടുംബത്തിൽ 'ബറക്കത്ത്' ഉണ്ടാവാൻ എന്നിങ്ങനെ വിവിധങ്ങളായ ആവശ്യങ്ങൾക്കുവേണ്ടി വലിമാരുടെ സേവ തേടുന്നു. ചില ദർഗ്ഗകളിലും 'മുഖാമു' കളിലും അപേക്ഷകൾ ബോധിപ്പിക്കുന്നതിന് പല ചടങ്ങുകളും ആചാരമര്യാദകളും ഏർപ്പെടുത്തിയിട്ടുണ്ട്. ആ നിയമവ്യവസ്ഥകൾ പാലിച്ചുകൊണ്ടേ അവിടെ ആവലാതി ബോധിപ്പിക്കാനൊക്കൂ.

---

* വിശ്വസ്തനായൊരു പണ്ഡിതസുഹൃത്ത് എന്നോടു പറഞ്ഞു: ഞാനൊരിക്കൽ ഒരു 'ഇസ്ലാമിക' രാഷ്ട്രത്തിലെ മുഫ്തിയോടൊന്നിച്ച് കാറിൽ യാത്രചെയ്യുകയായിരുന്നു: ഒരു കുട്ടി അവിചാരിതമായി കാറിന്റെ മുമ്പിലേക്കു ചാടി. പെട്ടെന്ന് മുഫ്തി يا غوث എന്നു വിളിച്ചു. ഞാൻ ചോദിച്ചു, ആരെയാണ് താങ്കൾ വിളിച്ചത്? ശൈഖ് മുഹ്യിദ്ദീൻ അബ്ദുൽഖാദിർ ജീലാനിയെ എന്നായിരുന്നു മുഫ്തിയുടെ മറുപടി........!

മറെറാരു മതപണ്ഡിതൻ ഒരു തരീഖത്ത്നേതാവും മതപണ്ഡിതനുമായ ഒരു വ്യക്തിയുടെ 'തസവ്വുഫി'ന്റെ മഹത്വം വർണ്ണിച്ചുകൊണ്ടെന്നോട് പറഞ്ഞു: ഞങ്ങളിരുവരും കുതിരസ്സവാരി ചെയ്യുകയായിരുന്നു. വഴിമദ്ധ്യേ കുതിര വിറളിപിടിച്ച് തുള്ളാൻ തുടങ്ങി. ഞങ്ങൾ അത്യന്തം വിഷമത്തിലായി. പൊടുന്നനെ അദ്ദേഹത്തിന്റെ വായിൽനിന്നു يا غوث എന്നൊരു ശബ്ദം പുറപ്പെട്ടു......................" ഈ വിവരണം കേട്ട് ഞാൻ ആ രണ്ടുപണ്ഡിത വര്യന്മാരുടെയും നിലയോർത്ത് انا لله وانا اليه راجعون എന്നു പറഞ്ഞുപോയി.

നബി (സ)യുടേയും അവിടുത്തെ കുടുംബത്തിന്റേയും മഹത്തുക്കളായ സഹാബിമാരുടേയും പേരിൽ എന്തെല്ലാം അനാചാരങ്ങളാണ് മുസ്ലിംകളിന്നു പടച്ചു പ്രചരിപ്പിച്ചിരിക്കുന്നത്! അവരുടെ പേരിൽ ശിർക്കപരമായ ഊഹാപോഹങ്ങൾ പുലർത്തി നേർച്ചകളും വഴിപാടുകളും സദ്യകളും കഴിക്കുന്നു. എന്തിനേറെ, റസൂൽ കരീം(സ)മിനെത്തന്നെ ദൈവമാക്കിത്തീർക്കുന്നു. തിരുമേനിയെ അല്ലാഹുവിന്റെ മഹദ്ഗുണങ്ങളിൽ പങ്കുചേർക്കുന്നു. ഈ കടുത്ത ശിർക്കിന്റെ പരിധി എത്രത്തോളമെന്നാൽ കേൾക്കുക:

وہی جو مستوی عرش تھا خدا ہو کر
اتر پڑا وہ مدینہ میں مصطفی ہو کر

"ദൈവമായിക്കൊണ്ട് അർശിൽ ആരോഹണം ചെയ്തിരുന്നവൻ മുസ്തഫയായിക്കൊണ്ട് മദീനയിൽ അവതരിച്ചിരിക്കയാണ്."

ചില മുസ്ലിം നാമധാരികൾ നബി(സ)യെ വാഴ്ത്തിക്കൊണ്ട് പാടുന്ന ഒരു പദ്യശകലമാണ് മേൽ കാണിച്ചത്. ഇത്തരം ശിർക്കപരമായ പ്രവണതകളെ നിഷ്കാസനം ചെയ്യാൻവേണ്ടി നിയുക്തനായ നബിതിരുമേനി (സ)യുടെ പേരിലാണ് അവിടുത്തെ 'അനുയായികൾ' ഇതെല്ലാം പ്രവർത്തിക്കുന്നതെന്നോർക്കണം.

എത്രത്തോളമെന്നാൽ ചില സ്ഥലങ്ങളിൽ മുസ്ലിംകൾ നബി(സ)യുടെ പേരിൽ 'ബറക്കത്തുകൾ' വില്ക്കുന്ന പീടികകൾ തുറന്നുവെച്ചിരിക്കുന്നതു കാണാം. മുസ്ലിംകൾ 'അഹ്ലുബൈത്തുകളു'ടെ ഖബറുകൾകെട്ടിപ്പൊക്കിയതും

അവിടെ നേർച്ചപ്പെട്ടികൾ പ്രതിഷ്ഠിച്ചതും, അവിടത്തെ മണ്ണും എണ്ണയും നെയ്യും പുണ്യദ്രവ്യങ്ങളായി ഗണിച്ച് വാങ്ങിക്കൊണ്ടുപോകുന്നതും ഏവരും കണ്ടിരിക്കും. നബി(സ)യുടെ പാദസ്പർശനമേററ സ്ഥലം കഴുകിയ വെള്ളത്തിനു വേണ്ടി തിക്കുംതിരക്കും കൂട്ടുന്നവർ മുസ്ലിംകളിലുണ്ട്. ആ വെള്ളംകൊണ്ട് ആത്മീയവും ശാരീരികവുമായ നിരവധി രോഗങ്ങൾ സുഖപ്പെടുമെന്ന് അവർ വിശ്വസിക്കുന്നു. മുഹർറാഘോഷം പ്രമാണിച്ച് പട്ടണങ്ങളിലും ഗ്രാമങ്ങളിലും നടന്നുവരുന്ന ശിർക്കുപരമായ അനാചാരങ്ങളെക്കുറിച്ച് ആർക്കാണറിഞ്ഞുകൂടാത്തത്?

കുലീനത കൊണ്ടും പാരമ്പര്യം കൊണ്ടും മോക്ഷം സിദ്ധിക്കുമെന്നു വിശ്വസിക്കുന്നവർ മുസ്ലിംകളിലുണ്ട്. ചുരുങ്ങിയത് അല്ലാഹുവിങ്കൽ കൂടുതൽ സാമീപ്യം ലഭിക്കാനെങ്കിലും കുലമഹിമ കാരണമാകുമെന്നു അവർ ധരിക്കുന്നു. പൂർവ്വന്മാരെ അന്ധമായി അനുകരിക്കുന്നതിലാണവർ സന്മാർഗ്ഗം ദർശിക്കുന്നത്. എത്രത്തോളമെന്നാൽ അല്ലാഹുവിന്റെ ശരീഅത്തിനെക്കാൾ പൂർവ്വന്മാരുടെ ആചാര സമ്പ്രദായങ്ങൾക്ക് അവർ മുൻഗണന നല്കുന്നു. 'ശറഇ'ന്റെ വിധികൾക്കെതിരിൽ മാമൂലിനെ അനുകരിക്കുകയെന്നത് ഇന്നത്തെ ചില മുസ്ലിം കക്ഷികളിൽ സർവ്വസാധാരണമായിത്തീർന്നിട്ടുണ്ടെന്നു വേണം പറവാൻ.

ചിലരെസ്സംബന്ധിച്ചിടത്തോളം മതപരമായ പ്രശ്നങ്ങളിൽ അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങൾ അന്വേഷിച്ചറിയുകയെന്ന സമ്പ്രദായം നാസ്തിയാണ്. 'അല്ലാഹുവും റസൂലും എന്തു കല്പിച്ചു' എന്നറിയുന്നതിലല്ല, തങ്ങളുടെ ഇമാമുകൾ എന്തു പറഞ്ഞു, പണ്ഡിതന്മാർ

എന്തു വിധിച്ചു എന്ന് ആരായുന്നതിലാണവക്ക് താല്പര്യം.

ആധുനിക മുസ്ലിംസമുദായം വിവിധ കക്ഷികളായി പിരിഞ്ഞിരിക്കുന്നു. സത്യം അവരവരുടെ മദ്ഹബിൽ പരിമിതമാണെന്നു ഓരോ കക്ഷിയും വാദിക്കുന്നു. മദ്ഹബുകളുടേയും ഇമാമുകളുടേയും പേരിലുള്ള വാശിയും പക്ഷപാതവും എവിടെ എത്തിയിരിക്കുന്നുവെന്നോ? തങ്ങളുടെ മദ്ഹബിൻെറ പുറത്തുള്ളവർ സന്മാർഗ്ഗത്തിലാണെന്നു സങ്കല്പിക്കാൻ പോലും അവക്ക് സാധിക്കുന്നില്ല. തങ്ങളുടെ ഇമാമുകളും ഉലമാക്കളും എഴുതിവെച്ച അഭിപ്രായങ്ങൾ നൂറു ശതമാനം ശരിയാണെന്ന് തെളിയിക്കാൻ ഖുർആനിലും സുന്നത്തിലും മാററത്തിരുത്തങ്ങൾ ചെയ്യുന്നതിന്നും ദുർവ്യാഖ്യാനം നല്കുന്നതിന്നും അവർ ഒരുമ്പെടുന്നത് കാണാം. ഖുർആനിലും ഹദീസിലും ഭേദഗതികൾ വന്നാലും മദ്ഹബിലും ഉലമാക്കളുടെ അഭിപ്രായങ്ങളിലും തിരുത്തം വന്നുകൂടാ എന്നാണ് വാശി. ഖുർആനിനോടും ഹദീസിനോടും എതിരായാലും ഇമാമുകളുടെ അഭിപ്രായങ്ങൾ സ്വീകരിച്ചേ തീരൂ എന്നാണ് വെപ്പ്. ഈ ഹദീസും ഖുർആനുമൊക്കെ നമ്മുടെ ഇമാമുകൾ കണ്ടിരിക്കും; അവയുടെ പൊരുളുകളവക്കേ നിശ്ചയമുള്ളൂ; അതെപ്പററിയുള്ള പരിചിന്തനവും ഗവേഷണവും ഇമാമുകളുടെ ബാധ്യതകളാണ്—ഇങ്ങനെ പോകുന്നു അവരുടെ ന്യായവാദം.

കുറെയൊക്കെ മതവിദ്യഭ്യാസം സിദ്ധിച്ചവരുമുണ്ട് ഇക്കൂട്ടത്തിൽ. പക്ഷെ, നിർഭാഗ്യമെന്നു പറയട്ടെ, ആ പണ്ഡിതന്മാരുടെ പക്കൽ സത്യത്തിൻെറ ഉരക്കല്ല് ഖുർആനും സുന്നത്തുമല്ല, തങ്ങളുടെ ഇമാമുകളുടെ

അഭിപ്രായങ്ങളാണ് എന്നു തോന്നിപ്പോകുന്ന വിധത്തിലാണ് വാദവും പ്രവൎത്തിയും. തങ്ങളുടെ ശൈഖന്മാരുടെ മദ്ഹബിൽ തെററ് അസംഭവ്യമാണെന്നത്രെ അവരുടെ ഭാവം. മദ്ഹബിന്നെതിരിൽ ഖുർആനും ഹദീസുമൊന്നും അവൎക്കു സമ്മതമല്ല. യുക്തിയും പ്രമാണവുമൊന്നും അവരോട് പറഞ്ഞിട്ട് ഫലമില്ല. അതുകൊണ്ടൊന്നും അവൎക്കു തൃപ്തി വരില്ല. അല്ലാഹുവിൻേറയും റസൂലിൻേറയും പേരിൽ ഉണ്ടാകേണ്ടിയിരുന്ന വാശി ഇമാമുകളുടെയും ശൈഖുമാരുടെയും പേരിലാണവർ കാണിക്കുന്നത്. ഖുർആനിൻേറയും ഹദീസിൻേറയും കാര്യത്തിൽ ഉണ്ടാകേണ്ടിയിരുന്ന രോഷം ഇമാമുകളുടേയും ശൈഖുമാരുടേയും 'ഖൗലുക'ൾക്കും 'ഫത്‌വാ'കൾക്കും വേണ്ടിയാണവർ പ്രകടിപ്പിക്കുന്നത്. പരിതാപകരം! അവരിലുള്ള ഉൽബുദ്ധരായ വ്യക്തികൾപോലും ഈ കുഴപ്പത്തിൻേറ കാഠിന്യം മനസ്സിലാക്കുന്നില്ല.

അറബി മുശ്രിക്കുകളുടെ 'ആത്മപൂജ'യേയും, യഹൂദികളുടെ 'സമുദായപൂജ'യേയും കുറിച്ചു് മുമ്പു വിവരിച്ചത് ഓൎക്കുന്നുണ്ടല്ലൊ. പരമ്പരാഗതമായി സിദ്ധിച്ച മതനേതൃത്വവും ഭൗതികമേധാവിത്വവും നിമിത്തം അവരിലുളവായ അഹംഭാവമാണവരെ താഗൂത്തുകളാക്കിത്തീൎത്തതെന്ന് അവിടെ തുറന്നു കാട്ടിയിട്ടുണ്ട്. അവരുടെ പക്കൽ മഹത്വത്തിൻേറ മാനദണ്ഡം കുലീനതയായിരുന്നു. സത്യവിശ്വാസവും സൽകൎമ്മവുമായിരുന്നില്ല. ഇഹപര സൗഭാഗ്യം സിദ്ധിക്കുന്നത് ദൈവനിർദ്ദേശം അംഗീകരിച്ചു പ്രവൎത്തിക്കുന്നതുകൊണ്ടല്ല, തങ്ങളുടെ സമുദായത്തിന്നകത്ത് നിലകൊള്ളുന്നതുകൊണ്ടാണ് എന്നായിരുന്നു അവരുടെ നാട്യം. നിരൎത്ഥമായ ഈ ആഭിജാത്യവും

സാമുദായികത്വവും നിർഭാഗ്യവശാലിന്നു് മുസ്ലിംക ളിലും കടന്നുകൂടിയിരിക്കയാണു്. എന്തു വിശ്വസി ച്ചാലും എന്തു പ്രവർത്തിച്ചാലും തരക്കേടില്ല, മുസ്ലിം സമു ദായത്തിൽ ജനിച്ചു വളർന്നുവന്ന ഏകകാരണത്താൽ മോക്ഷവും സ്വർഗ്ഗവും ലഭിക്കുമെന്നാണു്, പൊതുവെ പറഞ്ഞാൽ മുസ്ലിംകൾ ധരിച്ചുവെച്ചിരിക്കുന്നതു്!

നോക്കുക, എന്തു വേണ്ടാവൃത്തിയായാലും മുസ്ലിം കൾ ചെയ്താൽ 'ഇസ്ലാമി'കമാണിന്നു്. പാശ്ചാത്യരെ അ നുകരിച്ചുകൊണ്ടു് മുസ്ലിംകൾ സ്വീകരിച്ചുപോരുന്ന 'ആ ധുനിക ജാഹിലിയ്യാ സമ്പ്രദായങ്ങൾ' ഇന്നു 'മതപര'ങ്ങ ളായി ഗണിക്കപ്പെടുന്നു. ഇസ്ലാമിന്നെതിരിൽ ഭൗതിക സംസ്കാരത്തിന്നും മതവിരുദ്ധ ചിന്താഗതികൾക്കും വളം നല്കുന്ന ഭൗതിക വിദ്യാലയങ്ങൾ മുസ്ലിംകൾ സ്ഥാപി ച്ചു നടത്തുകയാണെങ്കിൽ 'ഇസ്ലാമിക പാഠശാലകളാ'യി ത്തീരുന്നു. ഭൗതികരാഷ്ട്രങ്ങൾ മുസ്ലിംകൾ സ്ഥാപിച്ചാൽ 'ഇസ്ലാമിക രാഷ്ട്ര'ങ്ങളായി മാറുന്നു. ഇസ്ലാമിക ശിക്ഷ ണങ്ങൾക്കു് കടകവിരുദ്ധമായ സാമൂഹ്യസാമ്പത്തിക രാഷ്ട്രീയാദി നിയമങ്ങൾ മുസ്ലിംകളാൽ നടപ്പിലാക്കപ്പെ ടുന്ന പക്ഷം സകലം 'ഇസ്ലാമി'കങ്ങളായി അംഗീകരി ക്കപ്പെട്ടുവരുന്നു. ചുരുക്കത്തിൽ മുസ്ലിംകൾ ചെയ്യുന്ന തെന്തും ഇന്നു് 'ഇസ്ലാമി'കമാണു്. ഒരു സംഗതി മതപ രമായ സൽകൃത്യമായി ഗണിക്കപ്പെടുന്നതു അല്ലാഹുവും റസൂലും കല്പിച്ചതുകൊണ്ടല്ല, 'മുസ്ലിംകൾ പ്രവർത്തിച്ചു' എന്നതുകൊണ്ടാണെന്നർത്ഥം. അവരുടെ ചെയ്തികൾ എത്രതന്നെ അനിസ്ലാമികമായാലും 'ഇസ്ലാമികം' എന്ന വിശേഷണം വിട്ടുമാറില്ല എന്നായിരിക്കുന്നു! തുർക്കി ഇ സ്ലാമിനെ വലിച്ചെറിഞ്ഞു് വ്യക്തിനിയമം സ്വിററ്സർ ലാൻറിൽനിന്നും, ശിക്ഷാനിയമം ഇററലിയിൽനിന്നും

വാണിജ്യനിയമം ജമ്മനിയിൽനിന്നും കടം വാങ്ങുക യുണ്ടായി. എന്നിട്ടും അത് 'ഇസ്ലാമികരാഷ്ട്ര'മായിക്കൊ ണ്ടേയിരുന്നു; അവിടത്തെ ഭരണ കത്താക്കറം ഇസ്ലാമി ൻെറ സേവകരും മുജാഹിദുകളുമായി വാഴ്ത്തപ്പെട്ടു പോന്നു.

ഇന്ത്യയെ വിഭജിച്ചിട്ടെങ്കിലും പാക്കിസ്ഥാൻ കിട്ടണമെന്നു് ഇന്ത്യൻ മുസ്ലിംകറം ശഠിച്ചു. മുസ്ലിം ഭൂരിപക്ഷത്തിന്നു് ഭരിക്കാനും യഥേഷ്ടം നിയമം നിമ്മി ക്കാനും അധികാരമുണ്ടായാൽ രാജ്യം താനേ'പാക്കി സ്ഥാനാ'കുമെന്നായിരുന്നു ധാരണ. ഖുർആനിനേ യും സുന്നത്തിനേയും പുറം തള്ളിക്കൊണ്ടാണെങ്കിലും മുസ്ലിംകറം അധികാരക്കസേരകളിലിരുന്നു ഭരണം നട ത്തുന്ന രാജ്യം ഇസ്ലാമികരാഷ്ട്രമായിരിക്കുമെന്ന മൗഢ്യം മേൽ പറഞ്ഞ വീക്ഷാഗതിയുടെ സൃഷ്ടിയാണ്.

യഹൂദികളും അറബിമുശ്രിക്കുകളും സമുദായമേന്മ യിൽ വിശ്വസിക്കുകയും ഊററംകൊള്ളുകയും ചെയ്തിരു ന്നതിനെ ഖുർആൻ ആക്ഷേപിച്ചു. അതു ശിക്ഷപര മായ പ്രവണതയാണെന്നു സ്ഥാപിച്ചു. ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തിൽ ഉറംപ്പെടുന്നോ ഇല്ലേ എന്ന തല്ല അല്ലാഹു നോക്കുന്നതു്. ഏതു സമുദായത്തിൽ ജനിച്ചാലും, ഏതു ഗോത്രത്തിൽ പിറന്നാലും സത്യവി ശ്വാസവും സൽക്കമ്മവും കൈക്കൊള്ളുന്നുണ്ടോ എന്നതാ ണ് അല്ലാഹുവിങ്കൽ പരിഗണനീയമായിട്ടുള്ളത്. ഈ അടിസ്ഥാനസിദ്ധാന്തം മനസ്സിലാക്കണമെന്നും 'സാമുദായികത്വ'ത്തിൽ കുടുങ്ങിപ്പോകരുതെന്നും ഖുർ ആൻ മുസ്ലിംകളെ ശക്തിയായി ഉദ്ബോധിപ്പിച്ചിട്ടു ണ്ട്. പക്ഷെ ഇന്നത്തെ മുസ്ലിംകളിൽ ഗണ്യമായൊരു

വിഭാഗം പൂർവ്വകാലത്തെ അനിസ്ലാമിക സമുദായങ്ങളെ ചാണിന്നു ചാണായി അനുഗമിക്കുകയാണെന്നു പറയാതെ വയ്യ.

മുസ്ലിം സമുദായത്തിൽ ജനിച്ചുവളൎന്നവർ–ആദൎശകൎമ്മങ്ങൾ എന്തുതന്നെയായാലും —മഹത്വമുള്ളവരാണെന്നും, മുസ്ലിംകളുടെ രാഷ്ട്രങ്ങൾ—നിയമവ്യവസ്ഥകൾ എത്രതന്നെ അനിസ്ലാമികമായാലും 'പാക്കിസ്ഥാൻ'കളായിരിക്കുമെന്നും, മുസ്ലിംകളുടെ നേതാക്കൾ—പാശ്ചാത്യ ഭൗതിക ചിന്താഗതിക്കാരായാലും —'ഖാഇദെ അഅ്സമു'കളായിരിക്കുമെന്നും വിചാരിക്കുന്നവരാണിന്നു സമുദായത്തിൽ ഭൂരിപക്ഷം.

ദൈവധിക്കാരപരമായ ആദൎശ കൎമ്മപരിപാടികൾ സ്വീകരിച്ചാലും 'മുസ്ലിംസമുദായ വൃത്ത'ത്തിന്നുള്ളിലാകയാൽ ദൈവപ്രീതിയും സ്വൎഗ്ഗവും ലഭ്യമാകുമെന്ന മൗഢ്യധാരണയെ മററു വാക്കുകളിൽ പകൎത്തിയാൽ ഇങ്ങനെയാണ്: "മുസ്ലിംസമുദായത്തിന്നുള്ളിലാണെങ്കിൽ ദൈവധിക്കാരത്തിന്നു സ്വാതന്ത്ര്യമുണ്ട്; നിൎഭയത്വമുണ്ട്. പുറത്താണെങ്കിൽ ഇല്ല. ദൈവധിക്കാരം സമുദായ വൃത്തത്തിന്നകത്തു വെച്ചാണെങ്കിൽ പ്രതിഫലം സ്വൎഗ്ഗമാണ്. പുറത്തുവെച്ചാണെങ്കിൽ നരകവും.—" അഹോ, കഷ്ടം! ഈ സമുദായം ഇന്നെവിടെ എത്തിയിരിക്കുന്നു!

'നിങ്ങളൊരുകാലത്ത് പൂർവ്വ സമുദായങ്ങളുടെ കാലടികളെ അപ്പടി അനുഗമിക്കും' എന്നു മുസ്ലിംകളെ കുറിച്ച് പ്രവാചകശിരോമണി (സ) പ്രവചിച്ചത് എത്ര വാസ്തവമായി പുലൎന്നുകൊണ്ടിരിക്കയാണിന്ന്!

ജൂതന്മാരുടെയും മുനാഫിഖുകളുടെയും 'താഗൂത്തു പൂജ' ശിർക്കാണെന്നു് ഖുർആൻ സ്ഥാപിച്ചതു് നാം കണ്ടു. ആ 'താഗൂത്ത്പൂജ'യുടെ മുമ്പിൽ ആധുനിക മുസ്ലിം സമുദായത്തെ നിറുത്തി അല്പമൊന്നു പരിശോധിച്ചു നോക്കാം:

ശരീഅത്തിൻെറ അടിസ്ഥാനത്തിലല്ലാതെ തങ്ങളെ നയിച്ചുകൊണ്ടിരുന്ന നേതാക്കളെ അനുസരിച്ചുവെന്നതാണല്ലൊ ജൂതസമുദായത്തിൻെറ 'താഗൂത്ത് പൂജ.' ഈ സമ്പ്രദായം ഇന്നു് മുസ്ലിംകളിലും കടന്നു കൂടിയിട്ടില്ലേ? ആരാണിന്നു് മുസ്ലിം സമുദായത്തെ നയിക്കുന്നതു്? ഏതടിസ്ഥാനത്തിലാണു് നയിക്കുന്നതു്? ഖുർആനും സുന്നത്തും അറിയാത്ത, തദനുസാരം പ്രവർത്തിക്കാത്ത ചില നേതാക്കൾ ഖുർആനിനെയും സുന്നത്തിനെയും അവഗണിച്ചുകൊണ്ടു് തങ്ങൾക്കു തോന്നിയ മാർഗ്ഗത്തിലൂടെ സമുദായത്തെ ആട്ടിത്തെളിച്ചുകൊണ്ടു പോവുകയാണു്. പൊതുവിൽ പറഞ്ഞാൽ അങ്ങനെയുള്ള നേതാക്കളുടെ ഇഷ്ടത്തിനൊത്തു തുള്ളാൻ മാത്രമേ ഇന്നു സമുദായം വളൎന്നിട്ടുള്ളു. ദീനും ശരീഅത്തുമല്ല, സമുദായമാണിവൎക്കെല്ലാം പ്രധാനം. 'നമ്മുടെ നേതാക്കളുടെ പദ്ധതിയും പരിപാടിയും 'ഇസ്ലാമിക'മല്ലെങ്കിലും അവൎക്കു മുസ്ലിം സമുദായത്തിൻെറ അഭിവൃദ്ധിയിൽ താല്പര്യമുണ്ടു്, സമുദായത്തോടു് ഗുണകാംക്ഷയുണ്ടു് എന്നിങ്ങനെയാണു് ശുദ്ധഗതിക്കാരായ മുസ്ലിം സാധാരണക്കാർ പറയുന്നതു്. നോക്കുക, ഇവൎക്കു കൂടുതൽ താല്പര്യവും ഗുണകാംക്ഷയും പ്രതിപത്തിയും ദീൻ കാര്യത്തിലല്ല, തങ്ങളുടെ സ്വന്തം കാര്യത്തിലാണെന്നല്ലേ ഇതെല്ലാം വിളിച്ചു പറയുന്നതു്? അല്ലാഹുവിൻെറയും റസൂലിൻെറയും ദീനിൻെറയും കാര്യങ്ങൾ എങ്ങനെ

ളുലഞ്ഞാലും സമുദായത്തിൻെറ താല്പര്യങ്ങറം പരി രക്ഷിക്കപ്പെടണമെന്ന്! ഈ ചിന്താഗതിയുടെ അടി സ്ഥാനത്തിൽ അല്ലാഹുവിൻെറ ദീനിനെ അവഗണി ച്ചുകൊണ്ട് ഇതര മാൎഗ്ഗങ്ങളിലൂടെ സമുദായത്തെ നയി ക്കുന്നവരാരോ അവരാണിന്ന് സൎവ്വാദരണീയരായ സമു ദായനേതാക്കറം! ഈ നേതാക്കളെ അനുകരിച്ചുകൊണ്ടു അല്ലാഹുവിൻെറ അടിമത്വത്തിൽ നിന്ന് പുറത്തുപോ യിക്കഴിഞ്ഞാലും 'ഞങ്ങറം മുസ്ലിംകളാ'ണെന്നു ഈ പാവ ങ്ങറം വകതിരിവില്ലാതെ വാദിച്ചു നടക്കും.

അല്ലാഹുവിൻെറയും റസൂലിൻെറയും തീരുമാന ങ്ങളെ അവഗണിച്ചുകൊണ്ടു് ജ്ഞുതക്കോടതികളെ സമീ പിയ്ക്കുകയും, അവിടെ അന്യായം ബോധിപ്പിച്ചു വിധി തേടുകയും ചെയ്യുക—ഇതായിരുന്നുവല്ലൊ മുനാഫിഖു കളുടെ താഗൂത്തുപൂജ. ഇതുപോലുള്ള താഗൂത്തുപൂജക റംക്ക് ന്യൂതന്തര ഉദാഹരണങ്ങറം ആധുനിക മുസ്ലിംക ളുടെ ജീവിതത്തിൽനിന്ന് എടുത്തുകാണിക്കാൻ സാധി ക്കും. അനിസ്ലാമികവ്യവസ്ഥിതി അധികാരം വാഴുന്ന രാജ്യങ്ങളിലധിവസിക്കുന്ന മുസ്ലിംകളുടെ ജീവിതത്തി ലേക്കു നോക്കുക. താഗൂത്തുപരമായ സകല സ്ഥാപന ങ്ങളുമായും അവർ ബന്ധപ്പെട്ടു ജീവിയ്ക്കുന്നതുകാണാം. അവിടത്തെ അനിസ്ലാമിക കോടതികളിൽ മുസ്ലിംകറം ശരണം പ്രാപിക്കുന്നു. അനിസ്ലാമിക പാഠശാലകറംക്കു തങ്ങളുടെ സന്താനങ്ങളെ ഏല്പിച്ചുകൊടുക്കുന്നു. അനി സ്ലാമിക ഭരണയന്ത്രത്തിൻെറ ചക്രശകലങ്ങളാവാനും അതിൻെറ പക്കൽനിന്ന് ഉന്നത സ്ഥാനമാനങ്ങറം കരസ്ഥമാക്കാനും അവർ അഹമഹമികയാ പരിശ്രമി ക്കുന്നു. അനിസ്ലാമിക സമ്പദ്വ്യവസ്ഥയുടെ അംഗീ കരണത്തിലും സാക്ഷാല്ക്കരണത്തിലും മുന്നിട്ടു നില്ക്കുന്നു.

ഇസ്ലാമിക വിരുദ്ധമായ സാഹിത്യ കലാശാസ്ത്രങ്ങളിൽ ആവുംവിധം പങ്കെടുക്കുന്നു. താഗൂത്തിനെ പ്രസാദിപ്പിക്കാൻ എന്തുചെയ്യാനും അവരൊരുക്കമാണ്.

യഹൂദികളിലും മുനാഫിഖുകളിലും ഉണ്ടായിരുന്ന ശിക്കുകളിലൊന്നു ശിക്കിനെ അനുകൂലിക്കുകയും പിന്താങ്ങുകയും ചെയ്യുകയെന്നതാണെന്ന് മുമ്പ് പറഞ്ഞുവല്ലൊ. ശിക്കുപരമായ ഈ സ്വഭാവവും ഇന്ന് മുസ്ലിംകളെ സ്പർശിക്കാതിരുന്നിട്ടില്ല. എത്രയോ മുസ്ലിം വ്യക്തികൾ തങ്ങളുടെ ബുദ്ധിപരവും ശാരീരികവുമായ കഴിവുകൾ ദൈവധിക്കാരപരമായ നാഗരിക വ്യവസ്ഥയുടെ അഭിവൃദ്ധിക്കായി വിനിയോഗിച്ചുവരുന്നത് കാണാറില്ലേ? മാത്രമോ? അല്ലാഹുവിൻെറയും റസൂലിൻെറയും നിയമങ്ങളെ പരസ്യമായി പരിഹസിച്ചുനടക്കുന്ന എത്ര പേർ വേണമെങ്കിലും ഈ സമുദായത്തിലിന്നുണ്ട്. ഇവരുടെ അഭിപ്രായത്തിൽ ഇസ്ലാമികശിക്ഷണങ്ങൾ പഴഞ്ചനും അപ്രായോഗികവും യുക്തിഹീനവുമാണ്. ഇസ്ലാമിൻെറ സമ്പദ്‌വ്യവസ്ഥയും ശിക്ഷാനിയമങ്ങളും പതിമൂന്നര നൂററാണ്ടുകൾക്കു മുമ്പുള്ള ഒരു പരിതഃസ്ഥിതിയിലേക്കുമാത്രം യോജിച്ചതായിരുന്നുവെന്നാണിവരുടെ വാദം. അല്ലാഹുവും റസൂലും സത്യവിശ്വാസികൾക്ക് നിർണ്ണയിച്ചുകൊടുത്ത പദ്ധതിയിലിവർക്കു മതിപ്പു തോന്നുന്നില്ല. ഇവരുടെ ചിന്താഗതികളും സ്വഭാവങ്ങളും വിദ്യാഭ്യാസ സംസ്കാരങ്ങളുമൊക്കെ അനിസ്ലാമികമായിത്തീർന്നിരിക്കുന്നു. ഇസ്ലാമിന്നെതിരിൽ ജാഹിലിയ്യത്തിനെ അനുകൂലിക്കാൻ സൗകര്യപ്പെടുന്ന ഒരവസരവും ഇവർ പാഴാക്കുന്നില്ല.

ഇവരൊന്നുകിൽ സ്വദേഹങ്ങളെത്തന്നെ ദൈവമാക്കിയിരിക്കയാണ്. അല്ലെങ്കിൽ ഏതൊരു ജനസമുദായത്തിൻെറ വിദ്യാഭ്യാസ സംസ്കാരങ്ങൾ കണ്ടമ്പരക്കുന്നുവോ അവരെ 'ദൈവമാ'ക്കിയിരിക്കയാണ്. ഈ നയസ്വഭാവങ്ങളോട് തങ്ങൾ മുസ്ലിംകളാണെന്ന വാദത്തിന്നു എത്ര ബന്ധമുണ്ടോ അത്രമാത്രമേ ഇവരും ഇസ്ലാമും തമ്മിൽ ബന്ധമുള്ള.

നബി (സ) യുടെ കാലത്തെ മുനാഫിഖുകളെക്കുറിച്ചു വിവരിച്ചപ്പോൾ, അവരിൽ ലീനമായിരുന്ന സ്വാത്ഥപൂജ ഒരുതരം ശിർക്കാണെന്ന് ഗ്രഹിച്ചുവല്ലൊ. അതിൻെറ വെളിച്ചത്തിൽ ഇന്നത്തെ മുസ്ലിം സമുദായത്തിലേക്കു കണ്ണോടിച്ചുനോക്കുക. 'ഒരു തെല്ലിൽ നിന്നുകൊണ്ട് അല്ലാഹുവിന്നു ഇബാദത്തു ചെയ്യുന്ന ചിലരുണ്ട്; ഗുണം ലഭിയ്ക്കുന്നപക്ഷം അവർ സമാധാനപ്പെടും; പരീക്ഷണം തീണ്ടിയാൽ തലകീഴായി മറിയും ............' എന്നിങ്ങനെ കപടന്മാരെ ഖുർആൻ ആക്ഷേപിച്ചു. ഈ ആക്ഷേപം അപ്പടി ബാധകമാക്കാവുന്ന എത്രയോ പേർ ഇന്ന് മുസ്ലിംസമുദായത്തിലില്ലേ? വാദത്തിൽ അവർ മുസ്ലിംകളാണ്. അഥവാ ലൗകിക താല്പര്യങ്ങൾക്ക് വിഘാതം സംഭവിക്കാത്ത പരിധിവരെ മുസ്ലിംകളാണ്. അതിന്നപ്പുറം കടന്ന് ഇസ്ലാമിനെ ച്ചൊല്ലി ക്ലേശിക്കാനും ഇസ്ലാമിക നിയമശിക്ഷണങ്ങളുടെ താല്പര്യങ്ങൾക്കുവേണ്ടി ഭൗതിക സൗകര്യങ്ങൾ ത്യാഗംചെയ്യാനും അവരെ കിട്ടുകയില്ല. അത്തരം രംഗങ്ങളിലവർ പുറകോട്ടു മാറിനില്ക്കുന്നത് കാണാം. അവർ സ്വന്തത്തെ പൂർണ്ണമായി അല്ലാഹുവിങ്കൽ ഏല്പിച്ചവരല്ല. റസൂലിൽ വിശ്വസിക്കുകയെന്നാൽ 'അവിടുന്ന് റസൂലാണെന്നു സമ്മതിച്ചുകൊടുക്കുക'യെന്നേ

അവരത്ഥമാക്കിയിട്ടുള്ള. അവിടുത്തെ ശിക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ജീവിത തുറകളഖിലം കെട്ടിപ്പൊക്കുകയെന്നതാണ് റസൂലിൽ വിശ്വസിക്കുന്നതിൻെറ കമ്മപരമായ താല്പര്യമെന്ന് അവർ മനസ്സിലാക്കിയിട്ടില്ല. മനസ്സിലാക്കിയിട്ടുണ്ടെങ്കിൽതന്നെ അത് സമ്മതിച്ചിട്ടില്ല. തദ്വിഷയകമായി അവരെസ്സംബന്ധിച്ചിടത്തോളം കുഴപ്പം അവസാനിച്ചിട്ടില്ല. വാസ്തവമാകട്ടെ, പ്രവാചക ശാസനം اعبدوا الله (അല്ലാഹുവിന്ന് ഇബാദത്ത്ചെയ്യുക) എന്നുമാത്രമല്ല, واطيعون (എന്നെ അനുസരിക്കുക) എന്നുകൂടിയാണ്. ولا تطيعوا أمر المسرفين (ദൈവപരിധികളതിലംഘിച്ചവരുടെ കല്പനയനുസരിക്കരുത്) എന്ന നിരോധാജ്ഞയും പ്രവാചകശിക്ഷണങ്ങളിൽ പെട്ടതാണ്.

പ്രവാചകനെ പ്രായോഗിക ജീവിതത്തിൽ അനുകരിക്കണമെന്ന ശാസനയിൽനിന്നാണ് വാസ്തവത്തിൽ ഇസ്ലാമും കുഫ്റും തമ്മിലുള്ള പിണക്കം ആരംഭിക്കുന്നത്. പ്രവാചകൻെറ മാതൃക മുഴുജീവിതത്തിലും പ്രാവത്തികമാക്കണമെന്നേടത്തെത്തുമ്പോഴാണ് സകല പൈശാചികശക്തികളും കോമരം തുള്ളുന്നത്. അല്ലെങ്കിൽ നോക്കുക, ദൈവം ഏകനാണെന്നും പ്രവാചകൻ സത്യവാനാണെന്നും മനസ്സിൽ സമ്മതിക്കുന്നതിലാക്കാണിത്ര വിരോധം? അല്ലാഹുവിലും റസൂലിലും മലക്കുകളിലും നബിമാരിലും പരലോകത്തിലും വിശ്വസിച്ചുവെന്ന് വാദിച്ചാൽ അതിലെന്താണിത്ര പ്രത്യാഘാതമുളവാകാനുള്ളത്? അതുകൊണ്ട് ഖഡ്ഗപ്രയോഗം, കണ്ഠച്ഛേദം, പലായനം, സമരം, യുദ്ധം മുതലായ പ്രതിസന്ധികളെ നേരിടേണ്ടി വരുന്നതെങ്ങിനെ?

വിഗ്രഹാരാധന അബദ്ധവും മൗഢ്യവുമാണെന്നു വാദിച്ചിരുന്ന ഏതാനും വ്യക്തികൾ നബി(സ)ക്കു് മുമ്പും അറബികളിലുണ്ടായിരുന്നു. അവരിൽ ചിലർ പ്രസിദ്ധ വാഗ്മികളായിരുന്നു. അവർ ഏകദൈവ സിദ്ധാന്തത്തെ പരസ്യമായിത്തന്നെ വാഴ്ത്തിപ്പറഞ്ഞതായും തെളിഞ്ഞിട്ടുണ്ടു്. എന്നിട്ടെന്തുണ്ടായി? ഖുറൈശി മുശ്രിക്കുകൾ അവരുമായി ശണ്ഠകൊരുങ്ങിയോ? ഇല്ല. പിന്നയോ, ആശയപരമായി അവരോടു് യോജിച്ചില്ലെന്നു മാത്രം. എന്നാൽ മുഹമ്മദ് (സ) ഏകദൈവത്വം വാദിച്ചു് രംഗത്തുവന്നപ്പോൾ ഖുറൈശികൾ കയർത്തുചാടുകയും കലിതുള്ളുകയും ചെയ്യാൻ പ്രത്യേക കാരണമെന്തായിരുന്നു? മറ്റൊന്നുമല്ല, അല്ലാഹുവിന്നു ഇബാദത്തു ചെയ്യുകയെന്നാൽ അവനെ ആരാധിച്ചാൽ മാത്രം പോരെന്നും, അനുസരിക്കുക കൂടി വേണമെന്നും, അനുസരണത്തിൻെറ മാർഗ്ഗം ജീവിത വ്യവഹാരങ്ങളിൽ പ്രവാചകൻെറ മാതൃക സ്വീകരിക്കലാണെന്നും അവിടുന്നു ശക്തിയുക്തം വാദിച്ചു—ഇതായിരുന്നു പിണക്കത്തിൻെറ ആരംഭബിന്ദു. ഏകദൈവസിദ്ധാന്തത്തിൻെറ താല്പര്യങ്ങളെ പ്രവാചക മാതൃകയനുസരിച്ചു് പ്രാവർത്തികമാക്കുമ്പോൾ തങ്ങളുടെ ഭൗതികതാല്പര്യങ്ങൾക്കു് കനത്ത പ്രഹരങ്ങളേല്ക്കുമെന്നു് ഖുറൈശികൾക്കറിയാമായിരുന്നു. ആധുനിക മുസ്ലിംകൾ ഈ വസ്തുത നല്ലപോലെ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ദീനിൻെറ ഈ അനുസരണവ്യവസ്ഥ അതിവിശാലമത്രെ. അതു് സ്വകാര്യ ജീവിതത്തിൽ ഒതുങ്ങിനില്ക്കുകയില്ല. റസൂലി(സ)നെ അനുകരിച്ചുകൊണ്ടു് അല്ലാഹുവോടുള്ള അനുസരണം നിർവ്വഹിക്കാൻ ജീവിതത്തിൻെറ സാമൂഹ്യ തുറകളിലേക്കിറങ്ങേണ്ടതുണ്ടു്.

ഇതാണ് നബി(സ)യിൽ വിശ്വസിക്കുന്നതിൻെറ പ്രധാന താല്പര്യം. ഇക്കാരണത്താലാണ് നബി(സ)യേയും സഹാബത്തിനേയും ഖുറൈശികൾക്ക് വെച്ചു പൊറുപ്പിക്കാൻ കഴിയാതെവന്നത്. അപ്പോൾ നോക്കണം. അല്ലാഹുവിലും റസൂലിലും വിശ്വസിച്ചവരാണെന്നു സ്വയം വാദിച്ചുനടക്കുന്ന എത്രയോ ആളുകളിന്നു് അനിസ്ലാമിക വ്യവസ്ഥിതികളെ ഹൃദയംഗമമായി അംഗീകരിക്കുകയും അല്ലാഹുവിൻെറയും റസൂലിൻെറയും നിയമ ശിക്ഷണങ്ങളെ സ്വാൎത്ഥപരമായ ഭൗതികതാല്പര്യങ്ങളുടെപേരിൽ അവഗണിക്കുകയും ചെയ്യുന്നു. 'സ്വാൎത്ഥപൂജ'യാണതിന്നവൎക്കു പ്രേരകമായിട്ടുള്ളത്. ഈ നയം നബി(സ)യുടെ കാലത്ത് മുനാഫിഖുകൾ സ്വീകരിച്ചപ്പോൾ 'ശിൎക്കുപര'മായി ഗണിക്കപ്പെട്ടുവെങ്കിൽ ഇന്നെന്തുകൊണ്ടതങ്ങിനെയാവില്ല! ഇവൎക്കിന്നതിൽ ശിൎക്കിൻെറ നേരിയ കലൎപ്പുപോലും ദൎശിക്കാൻ സാധിക്കാത്തതിൽ അത്ഭുതം തോന്നുന്നു. കൃബയിൽ ഒരു പള്ളിവേണം. ലണ്ടനിൽ ഒരു ഖബർ സ്ഥാനവും. എങ്കിൽ മതത്തിൻെറ താല്പര്യം പൂൎത്തിയായി. ഇങ്ങനെയുള്ള ത്യാഗങ്ങളാണ് ഇവരുടെ ഇസ്ലാം ആവശ്യപ്പെടുന്നത്. ഈ മുസ്ലിം നാമധാരികളുടെ 'ബഹു ദൈവത്വ നിഷേധധ്വനി' മൃതിയടഞ്ഞ ദൈവങ്ങളുടെ മേലാണ് ചെന്നടിക്കുന്നത്. ജീവിച്ചിരിപ്പുള്ള ദൈവങ്ങൾക്കതുകൊണ്ട് ഒരുപദ്രവവുമേല്ക്കുന്നില്ല. അതുകൊണ്ട് ഈ 'ഇസ്ലാം വാദികൾ'ക്കു് ആരേയും ഭയപ്പെടേണ്ടതില്ല. ആരും ഇവരോട് ശണ്ഠകൂടുകയില്ല. ഇവൎക്കു മുഴുലോകവും സമാധാന ഗേഹമായിരിക്കും. ഇവരുടെ പക്കലുള്ള ബഹുദൈവ നിഷേധവാദം തുരുമ്പുപിടിച്ച വാളാണ്. നവീന ജാഹിലിയ്യത്ത് അതുകണ്ട് വിറളി

പിടിക്കുമെന്നു തെററിദ്ധരിക്കണ്ട. ആധുനിക യുഗത്തിലെ പരിഷ്കൃത മനുഷ്യനറിയാം ഓട്ടയില്ലാത്ത ഈ കളിത്തോക്കുകൊണ്ട് ഒരപകടവും സംഭവിക്കില്ലെന്ന്. ആരാധന ആരുടെമുമ്പിൽ അപ്പിച്ചാലും അനുസരണം ധനികനു മാത്രമായിരിക്കണമെന്നേ അറിയേണ്ടു.

# ഇന്നത്തെ അടിസ്ഥാനകർത്തവ്യവും ചില സംശയനിവാരണങ്ങളും

ശിക്കിനോട്, അല്ലെങ്കിൽ ശിക്കിൻെറ കലപ്പുള്ള സംഗതിയോട് മുസ്ലിമിന്നു പ്രകൃത്യാലുള്ളബന്ധം ഇണക്കമല്ല, പിണക്കമാണ്; മൈത്രിയല്ല, ശത്രുതയാണ്; മമതയല്ല, വിരോധമാണ്; അനുകൂലമല്ല, പ്രതികൂലമാണ്. ഭൂമുഖത്തുനിന്നും ശിക്കിനെ ബലാല്ക്കാരം തുടച്ചുമായിക്കുവാൻ മുസ്ലിം ബാദ്ധ്യസ്ഥനാണ്. ബലപ്രയോഗം സാധ്യമല്ലെങ്കിൽ നാവുകൊണ്ട് ശിക്കിന്നെതിരിൽ ശബ്ദമുയർത്തണം. അതിന്നു കഴിവില്ലെങ്കിൽ ഹൃദയത്തിൽ അതിനോട്ട് വെറുപ്പും വിദ്വേഷവും ജ്വലിപ്പിച്ചുകൊണ്ടിരിക്കണം. ഇപ്പറഞ്ഞ മൂന്നാമത്തേത് ഈമാനിൻെറ അവസാനത്തെ പടിയാണ്. ഇതിന്നപ്പുറം ഈമാനില്ല.

ഈ കർത്തവ്യ നിർവ്വഹണത്തിൽ ആധുനിക മുസ്ലിംകളുടെ നില പരിതാപകരമെന്നു പറയാതെ വയ്യ. അവരിന്ന് ഈമാനിൻെറയും ആദർശദാർഢ്യത്തിൻെറയും താഴെ പടിയിൽനിന്നും കീഴ്പോട്ട് വീണു തുലഞ്ഞുകൊണ്ടിരിക്കയാണെന്നു പറഞ്ഞാൽ പോരാ. അവൎക്കിടയിൽ ശിക്കുപരമായ വിശ്വാസകൎമ്മങ്ങൾ അടിയുറച്ചുവരികയാണിന്ന്. ഈ അധോഗതി

ദീർഘകാലമായി തുടൎന്നുപോരുന്നു. ശരിയായൊരിസ്ലാ
മിക സാമൂഹ്യ വ്യവസ്ഥിതിയുടെ പ്രകൃതമെന്തെന്നു
അവൎക്കിന്നറിഞ്ഞുകൂടാ. താഗൂത്തിന്റെ ഭരണസമ്പ്ര
ദായങ്ങളുമായി ഇടപഴകി കഴിഞ്ഞുകൂടുകയാണവർ.
തന്നിമിത്തം തൗഹീദിന്റെ താല്പര്യങ്ങളവ്യക്തമാണ
വൎക്കു്. തൗഹീദിന്റെ സാക്ഷാൽ വിഭാവനകൾ തേഞ്ഞു
മാഞ്ഞു പോയിക്കൊണ്ടേയിരിക്കുന്നു. സമുദായം അതി
ശീഘ്രം ആപൽഗൎത്തത്തിലേക്കു നീങ്ങുകയാണു്. ഇസ്ലാ
മിനെ ഉദ്ധരിക്കാനും മുസ്ലിംകളെ സത്യത്തിൽ വഴിനട
ത്താനും കരുത്തുററ ഒരിസ്ലാമികനവോത്ഥാന പ്രസ്ഥാനം
അടിയന്തിരാവശ്യമായിരിക്കയാണിന്നു്. ആധുനിക
മുസ്ലിംകൾ തദാവശ്യാൎത്ഥം ഉണൎന്നുയൎന്നു പ്രവൎത്തിക്കേ
ണ്ടതുണ്ടു്. സുപ്രധാനവും അടിസ്ഥാനപരവുമായൊരു
കൎത്തവ്യമാണിതു്. ഇസ്ലാമികാടിസ്ഥാനത്തിൽ സംഘ
ടിച്ചുകൊണ്ടല്ലാതെ ഈ കർത്തവ്യനിൎവ്വഹണം സാധ്യമല്ല.
ആകയാൽ പരിശുദ്ധമായൊരിസ്ലാമിക സംഘടന മുസ്ലിം
കളിൽനിന്നെഴുന്നേല്ക്കുകതന്നെ വേണം.

നവോദ്ധാരണാൎത്ഥം എഴുന്നേല്ക്കുന്ന ആ സംഘടന
പ്രഥമമായി മുസ്ലിംകൾക്കു തന്നെ ഇസ്ലാമിനെ അതി
ന്റെ സാക്ഷാൽ രൂപത്തിൽ പരിചയപ്പെടുത്തണം. തൗ
ഹീദു് എന്താണു് എന്തല്ല എന്നു യഥാതഥമായി
അവരെ മനസ്സിലാക്കണം. 'ഇബാദത്തി'ന്റേയും 'അ
ബ്ദിയ്യത്തി'ന്റേയും സാക്ഷാൽ വിവക്ഷിതങ്ങൾ അവ
രെ ഗ്രഹിപ്പിക്കണം. അല്ലാഹുവിന്റെ 'ഹാകിമിയ്യത്തു്'
കൊണ്ടും 'റസൂലിനെ അനുസരിക്കുക'യെന്നതുകൊണ്ടു
മുള്ള ഉദ്ദേശമെന്തെന്നും കൎമ്മജീവിതത്തിൽ അതിന്റെ
താല്പര്യങ്ങളുടെ സാക്ഷാല്ക്കാരമെങ്ങിനെയെന്നും അവൎക്കു

വ്യക്തമാക്കിക്കൊടുക്കണം. ചുരുക്കത്തിൽ ഈമാനിന്റെയും ഇസ്ലാമിന്റെയും നിർബ്ബന്ധതാല്പര്യങ്ങളെക്കുറിച്ചു മുസ്ലിംകളെ ബോധവാന്മാരാക്കണം. അങ്ങനെ ഈ സമുദായത്തിൽ അല്ലാഹു ഉത്തരവാദപ്പെടുത്തിയ സത്യസാക്ഷ്യനിർവ്വഹണത്തിനുള്ള യോഗ്യതാ കഴിവുകൾ സംജാതമാക്കണം.

അന്ത്യപ്രവാചകനായ മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയുടെ അനുയായികളെന്നപേരിലറിയപ്പെടുന്ന മുസ്ലിംകൾ ഒരാദർശപ്രസ്ഥാനത്തിന്റെ-ഇസ്ലാമിന്റെ-വാഹകരാണ്. മനുഷ്യവംശത്തിന്റെ രക്ഷക്കായി അല്ലാഹു ഏല്പിച്ച അമാനത്തിന്റെ — ഇസ്ലാമിന്റെ — സൂക്ഷിപ്പുകാരാണ്. അല്ലാഹുവിനു വേണ്ടി ലോകത്തിന്റെ മുമ്പിൽ സത്യസാക്ഷ്യം നിർവ്വഹിക്കാനാണവരെ റസൂൽ തിരുമേനി സംഘടിപ്പിച്ചു രംഗത്തുകൊണ്ടുവന്നിരുന്നത്. ഖുർആൻ പറയുന്നത് കാണുക:

وَكَذَٰلِكَ جَعَلْنَاكُمْ أُمَّةً وَسَطًا لِّتَكُونُوا شُهَدَاءَ عَلَى النَّاسِ
وَيَكُونَ الرَّسُولُ عَلَيْكُمْ شَهِيدًا ....(بقرة)

“അങ്ങനെ നിങ്ങളെ നാം ഒരു മധ്യസമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കാൻ വേണ്ടി. റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കാൻ വേണ്ടിയും.”

പൂർവ്വകാലത്തെ മുസ്ലിംകളായിരുന്ന യഹൂദികളെ അല്ലാഹു ശപിക്കാനുള്ള കാരണങ്ങളിലൊന്ന് മേൽപറഞ്ഞ സത്യസാക്ഷ്യനിർവ്വഹണത്തിൽ അവർ വരുത്തിയ

അക്ഷന്തവ്യമായ വീഴ്ചയാണെന്നു ഖുർആൻ പ്രസ്താവിക്കുന്നുണ്ട്. അല്ലാഹു അടിക്കടി നബിമാരെ നിയോഗിച്ചുകൊണ്ടിരുന്നതും എത്രയോ സമുദായങ്ങളുടെ ചുമലിൽ ഇസ്ലാമിനെ വഹിപ്പിച്ചുകൊണ്ടിരുന്നതും ഈ സത്യസാക്ഷ്യത്തിന്നുവേണ്ടിയാണ്. ഏതൊരു സമുദായം എപ്പോളിതിൽ വീഴ്ചവരുത്തിയോ അപ്പോഴെല്ലാം അവരെ തൽസ്ഥാനത്തുനിന്നു മാററി മററു സമുദായങ്ങളെ രംഗത്തുകൊണ്ടുവന്നുകൊണ്ടേയിരുന്നു. അവസാനമായി ഈ കർത്തവ്യം മുഹമ്മദ് നബി(സ)യുടെ സമുദായത്തെ അല്ലാഹു വഹിപ്പിച്ചിരിക്കയാണ്.

മുസ്ലിംകൾ എന്നപേരിലൊരു സമുദായത്തെ അല്ലാഹു ലോകത്തെഴുന്നേല്പിച്ചതെന്തിനായിരുന്നുവെന്നിപ്പോൾ വ്യക്തമായല്ലോ. പോരെങ്കിൽ ഖുർആൻ മുസ്ലിംകൾക്ക് നല്കിയ വ്യക്തവും ശക്തവുമായ ശാസന ഇതാ നോക്കുക:

وَلْتَكُنْ مِنْكُمْ اُمَّةٌ يَدْعُونَ اِلَى الْخَيْرِ وَيَأْمُرُونَ

بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنْكَرِ (آل عمران)

"നന്മയിലേക്കു ക്ഷണിക്കുകയും സുകൃതം കൊണ്ടു കല്പിക്കുകയും നിഷിദ്ധത്തെ നിരോധിക്കുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽനിന്നുണ്ടാവണം."

മേൽപറഞ്ഞ നവോദ്ധാരണസംഘത്തിന്റെ മൗലികോദ്ദേശം ഇതേ സത്യസാക്ഷ്യനിർവ്വഹണാർത്ഥം മുന്നിട്ടിറങ്ങി തങ്ങളുടെ മുസ്ലിം സഹോദരങ്ങളെ അതിലേക്കു പിടിച്ചുവലിക്കുകയെന്നതായിരിക്കണം. അവർ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും തൗഹീദിന്നു സാക്ഷ്യം

വഹിക്കണം. അവർ സ്വജീവിതത്തിൽ ഇസ്ലാമികവർണ്ണം സ്വീകരിക്കുകയും ലോകത്തിൻെറമേൽ അതിൻെറ വർണ്ണം കയററുകയും വേണം.

ദേശീയവും വർഗ്ഗീയവും ഗോത്രപരവുമായ കൗടില്യങ്ങൾക്ക് ആ സംഘം വിധേയമാവരുത്. ഇന്ന് മനുഷ്യരാശിയെ കെട്ടിപ്പിണച്ചിരിക്കുന്ന അത്തരം കൃത്രിമ വലയങ്ങളെയെല്ലാം അവർ പൊട്ടിച്ചെറിയണം. വർഗ്ഗത്തിൻേറയും സമുദായത്തിൻേറയും പേരിൽ ഭൗതിക രാഷ്ട്രീയത്തിൽ പുരോഗതി കരസ്ഥമാക്കുകയെന്നതായിരിക്കരുത് അവരുടെ ലക്ഷ്യം. 'അനിസ്ലാമിക സമ്പ്രദായങ്ങൾക്ക് വിധേയമായാലും സമുദായതാല്പര്യം പരിരക്ഷിക്കപ്പെടണം' എന്നതായിരിക്കരുത് അവരുടെ നയം. ദൈവവാക്യമുയർത്തുകയും, പ്രവാചകൻെറ മാതൃക പുലർത്തുകയും ചെയ്യുകയെന്ന അടിസ്ഥാന ലക്ഷ്യത്തിലധിഷ്ഠിതമായിരിക്കണം അവരുടെ കർമ്മനയ പരിപാടികൾ. അവർ നിഷിദ്ധങ്ങൾക്കിടയിൽ പക്ഷപാതം കാണിക്കരുത്. എല്ലാവിധ നിഷിദ്ധ ചിന്താഗതികളോടും നിഷിദ്ധ പ്രസ്ഥാനങ്ങളോടും ഒരുപോലെ ശത്രുത കാണിക്കണം. സകല താഗൂത്ത് വ്യവസ്ഥകൾക്കുമെതിരിൽ ഒരേയവസരത്തിൽ പടഹധ്വനി മുഴക്കണം. എതിർപ്പ് നിഷിദ്ധത്തോടായിരിക്കണം, ഏതെങ്കിലുമൊരു വിഭാഗത്തോടായിരിക്കരുത്. താഗൂത്തുകളോട്-സ്വസമുദായത്തിനുള്ളിൽ പതിയിരിക്കുന്നവയായാലും-വിട്ടുവീഴ്ച കൂടാതെ പൊരുതണം.

ദീനിൻെറ സംസ്ഥാപനത്തിന്നായി എഴുന്നേല്ക്കുന്ന പ്രസ്തുത സംഘം സ്വജനപക്ഷപാതത്തിൽ കുടുങ്ങിപ്പോവരുത്. സകല ജനത്തോടുമുള്ള ഗുണകാംക്ഷ

അവരുടെ ഒരു മൗലിക സ്വഭാവമായിരിക്കണം. അവരുടെ പക്കലുള്ള ഭക്ഷ്യപേയങ്ങൾ വിശപ്പും ദാഹവുമുള്ള ഏതൊരു മനുഷ്യനും ലഭിക്കുമാറാകണം. അതിൽ മുസ്ലിമെന്നോ ഹിന്തുവെന്നോ വ്യത്യാസമുണ്ടാവരുത്. സത്യവും സന്മാൎഗ്ഗവും ദൎശിക്കാൻ സകല ജനവിഭാഗങ്ങൾക്കും സൗകര്യം ലഭിക്കാൻ വേണ്ടിയായിരിക്കണം യത്നം. അന്ധകാരത്തിൽ തപ്പിത്തടയുന്നവർക്കെവിടെവെച്ചും നേർവഴി കണ്ടെത്താൻ സഹായമാകുമാറ് സന്മാൎഗ്ഗ പ്രകാശം ഗിരിദീപംപോലെ ഉയൎത്തിപ്പിടിക്കണം. പ്രബോധനം സമുദായഭിത്തികൾക്കുള്ളിൽ പരിമിതമായിരിക്കരുത്. അവർ പ്രകാശിപ്പിക്കുന്ന സന്മാൎഗ്ഗദീപം അല്ലാഹു നല്കുന്ന സൂൎയ്യപ്രകാശം പോലെ സാൎവ്വത്രികവും സാൎവ്വലൗകികവുമായിരിക്കണം. അവരുടെ ഔദാൎയ്യം ആകാശം ചൊരിയുന്ന മഴവെള്ളം പോലെ എല്ലാ മരുഭൂമികളിലും ഒഴുകിക്കൊണ്ടിരിക്കണം. അവരുടെ ആദൎശജിഹ്വ എല്ലാ ഭാഷകളിലും എല്ലാ ജനസമുദായങ്ങളോടും വാചാലമായി സംസാരിച്ചുകൊണ്ടിരിക്കണം. അവർ മാനവസമുദായത്തെ ആവരണം ചെയ്തിരിക്കുന്ന ശിൎക്കപരമായ അന്ധവിശ്വാസങ്ങളുടേയും ആത്മീയ രോഗങ്ങളുടേയും കാഠിന്യമോർത്ത് ഏകാന്തതയിലിരുന്നു നെടുവീൎപ്പിടുന്നവരും ദൈവ സന്നിധിയിൽ സാഷ്ടാംഗം ചെയ്ത് പൊട്ടിക്കരയുന്നവരുമായിരിക്കണം. അസംഖ്യം വ്യാജ ദൈവങ്ങളുടെ അടിമത്തശൃംഖലകൊണ്ട് ജനസമുദായങ്ങളെ വരിഞ്ഞു കെട്ടിയത് കാണുമ്പോൾ അതിൽനിന്നവരെ മോചിപ്പിക്കുന്നതിനെക്കുറിച്ച് തീക്ഷ്ണമായി ചിന്തിച്ചുകൊണ്ടേയിരിക്കണം. മാനവകുലത്തിന്നു യഥാൎത്ഥ സ്വാതന്ത്ര്യവും

മോക്ഷവും കൈവരുത്തുന്ന ഇസ്ലാമിനെ പ്രബോധിക്കാനുള്ള അദ്ധ്വാനപരിശ്രമങ്ങളിൽ നിരതരാവണം. അവരുടെ നിസ്വാർത്ഥമായ പ്രബോധന പ്രവർത്തനങ്ങൾ കാരണമായി ഇസ്ലാമിൻെറ സത്യാവസ്ഥ കണ്ണും കാതുമുള്ള ഏവർക്കും അനുഭവവേദ്യമായിത്തീരണം.

പരിശുദ്ധ ദീനിൻെറ പേരിൽ മേൽ പറഞ്ഞ സവിശേഷതകളാർജ്ജിച്ച, സുശക്തവും സുഭദ്രവുമായ ഒരു സംഘടന മുസ്ലിംസമുദായത്തിൽനിന്നുയിരെടുത്തു പ്രവർത്തനരംഗത്തിറങ്ങേണ്ടത് ഇന്നത്തെ ഏററവും വലിയ ഒരാവശ്യമാണെന്നതിൽ സംശയം വേണ്ട. അങ്ങനെയൊരു സംഘടന രൂപപ്പെട്ടാൽ അതു പരാജയപ്പെട്ടുമോയെന്ന ആശങ്കയും വേണ്ട. സർവ്വസ്വം അല്ലാഹുവിങ്കൽ ഭരമേല്പിച്ച ഈമാനും മനക്കരുത്തുമുള്ള ഒരിസ്ലാമിക സംഘടന നിലവിൽ വന്നാൽ അതു തീർച്ചയായും വിജയിക്കും. നവീന ജാഹിലിയ്യത്തിൻെറയും അധുനാതന താഗൂത്തുകളുടെയും മേധാവിത്വം സാർവ്വത്രികമാണെങ്കിലും മുസ്ലിംകളുടെ ശുദ്ധപ്രകൃതി പറെറ നശിച്ചു തീർന്നിട്ടില്ല. അല്ലാഹുവോടു കൂറും ഭക്തിയുമുള്ള കുറേ അടിയാറുകൾ ഇപ്പോഴുമുണ്ട്. അവരുടെ ഹൃദയങ്ങളിൽ തൗഹീദിൻെറ യഥാർത്ഥ താല്പര്യങ്ങളെക്കുറിച്ചുള്ള ബോധം സജീവമാണ്. പ്രതികൂല സാഹചര്യങ്ങളുമായി മല്ലടിക്കാൻ പോരുന്ന വിശ്വാസദാർഢ്യവും മനക്കരുത്തും അവർക്കില്ലെന്നേയുള്ളു. കരളുറപ്പുള്ള ഒരു സത്യവിശ്വാസി എഴുന്നേററുനിന്നു് ദൃഢസ്വരത്തിൽ അവരെ ആഹ്വാനംചെയ്താൽ അവർ പ്രതിബന്ധങ്ങളെ പുല്ലാക്കിക്കൊണ്ട് ഇസ്ലാമിൻെറ ത്യാഗമാർഗ്ഗത്തിൽ മുന്നേറുന്നതു കാണാം.

എന്നാൽ മുസ്ലിംകളിൽ ഗണ്യമായൊരു വിഭാഗം വളരെ പിന്നിലാണ്. 'ശിർക്ക്' എന്നു കേൾക്കുമ്പോളവർ പൊതുവെ നീരസം പ്രകടിപ്പിക്കും. പക്ഷെ, അവരിലധികം പേർക്കും ശിർക്ക് എന്താണെന്ന് നല്ലപോലെ അറിവില്ല. തൗഹീദിൻെറ സാക്ഷാൽ വിവക്ഷയും അതിൻെറ തേട്ടങ്ങളും അവർക്കറിഞ്ഞുകൂടാ. 'മനുഷ്യൻ മനുഷ്യന്നടിമപ്പെടരുത്, അല്ലാഹുവിൻെറ ആധിപത്യത്തെ മാത്രമേ അംഗീകരിക്കാവൂ, പ്രവാചകനെ അനുസരിക്കണം' എന്നിങ്ങനെയുള്ള ഉദ്ബോധനങ്ങളുടെ യഥാർത്ഥതാല്പര്യങ്ങൾ അവർക്കജ്ഞാതമാണ്. ദീൻ അവർ പഠിച്ചിട്ടില്ല. അഥവാ സ്വല്പം പഠിച്ചിട്ടുണ്ടെങ്കിൽ അത് ഗവേഷണ മനസ്ഥിതിയോടെയല്ല. തന്നിമിത്തം ലോകത്തെ ആവരണം ചെയ്ത ജാഹിലിയ്യാ സമ്പ്രദായങ്ങളും ഇസ്ലാമും തമ്മിൽ ഇണങ്ങുകയില്ലെന്നു പറഞ്ഞാൽ അവർക്കത്രവേഗം മനസ്സിലാവില്ല. ഇസ്ലാമും ജാഹിലിയ്യത്തും തമ്മിൽ ചില്ലറ വ്യത്യാസമുണ്ടെന്നേ അവർ ധരിക്കുന്നുള്ളു അവ നഖശിഖാന്തം വ്യത്യസ്തവും ഭിന്നവുമാണെന്നവർ കരുതുന്നില്ല. അവ തമ്മിൽ പല തുറകളിലും യോജിച്ചുപോകാൻ സാധിക്കുമെന്നാണ് വിചാരം. വാസ്തവമാകട്ടെ ആ രണ്ടു് ഭിന്നരേഖകൾ മുമ്പോട്ടു നീങ്ങുംതോറും കൂടുതൽ അകന്നകന്നു പോയിക്കൊണ്ടേയിരിക്കും. അനുകമ്പാർഹമാണവരുടെ നിലപാട്. പരലോകത്തെത്തുമ്പോൾ അവരുടെ അവ്യക്തതകളെല്ലാം നീങ്ങും. അപ്പോളവർ കണ്ണുതുറക്കും. തദവസരത്തിലവർക്കു ബോധ്യമാകും, തങ്ങൾ തൗഹീദും ശിർക്കും വേർതിരിച്ചു മനസ്സിലാക്കിയില്ലെന്നു; തങ്ങൾ അപഥ സഞ്ചാരത്തിലായിരുന്നു വെന്നു്.

ശിർക്കും തൗഹീദും വേർതിരിച്ചു മനസ്സിലാക്കിയ മറെറാരു വിഭാഗമുണ്ട്, മുസ്ലിംകളിൽ. സത്യം ഗ്രഹിച്ചതിലല്ല, സത്യസാക്ഷാല്ക്കാരത്തിലുള്ള വൈഷമ്യങ്ങളെക്കുറിച്ച് കണക്കുകൂട്ടിയതിലാണവർമെല്ലി പിണഞ്ഞിരിക്കുന്നത്. പക്ഷെ, ആ മൂടൽമഞ്ഞ് നീങ്ങാൻ പ്രയാസമില്ല. അല്ലാഹുവിനെക്കുറിച്ചും അവൻെറ മഹോന്നതങ്ങളായ ഗുണവിശേഷണങ്ങളെക്കുറിച്ചും അനുസ്മരിപ്പിച്ചുകൊണ്ടുള്ള ഉദ്ബോധനങ്ങളവർക്കടിക്കടി ലഭിച്ചുകൊണ്ടിരുന്നാൽ അവർ സാവേശം മുമ്പോട്ടുവരും. ഇസ്ലാമിനെ സ്വായത്തമാക്കുന്നതിൽ പ്രതിബന്ധം നില്ക്കുന്ന വൈഷമ്യങ്ങളാകുന്ന ചങ്ങലകൾ അവരറുത്തു ദൂരെ എറിയും. പിന്നീടവർ അതികഠിനമായ ക്ലേശങ്ങൾ സഹിച്ചുകൊണ്ട് ഇസ്ലാമിൻെറ സമരവീഥിയിൽ അടി പതറാതെ നിലകൊള്ളുന്നത് കാണാം. അപ്പോളവരുടെ ദൃഷ്ടിയിൽ ശരീരമല്ല, ആത്മാവായിരിക്കും പ്രധാനം. വയറിനേക്കാൾ ഈമാനിന്നായിരിക്കും അവർ മുൻഗണന നല്കുക. ഭൗതിക സുഖസൗകര്യങ്ങളെക്കാൾ അവരിഷ്ടപ്പെടുക അല്ലാഹുവിനെയും റസൂലിനെയുമായിരിക്കും. പരീക്ഷണങ്ങളെ തൃണമാക്കിക്കൊണ്ടു ഇസ്ലാമിക പ്രബോധനമാർഗ്ഗത്തിൽ സധീരം മുന്നേറുന്ന ഒരിസ്ലാമിക സംഘടന രംഗത്തുണ്ടെങ്കിൽ അവർക്കു ധൈര്യസ്ഥൈര്യങ്ങൾ വദ്ധിച്ചുകൊണ്ടിരിക്കും. അവരുടെ ഭീരുത്വം പറന്നു പോകും. അവരുടെ ഇസ്ലാമിക മനസ്സാക്ഷികൾ ഉണർന്നു പ്രവർത്തിച്ചു തുടങ്ങും. അടങ്ങിയിരിക്കാൻ സാധിക്കുന്നതല്ല. കാരണം, അവർ വിശ്വസിക്കുന്ന പരിശുദ്ധദീനിൻെറ സ്ഥാപനാർത്ഥം നിലകൊള്ളുന്ന ഇസ്ലാമികോദ്ധാരണ സംഘടന അവരുടെ

കണ്മുമ്പിൽവച്ചു പരീക്ഷണങ്ങൾക്കു വിധേയരായിക്കൊണ്ടിരിക്കയാണ്; ഭൗതിക സുഖസൗകര്യങ്ങളെയും വ്യാജപ്രതാപങ്ങളെയും ഇസ്ലാമിൻെറ അന്തസ്സയന്നു കാണാൻ വേണ്ടി ത്യാഗം ചെയ്യുകയാണ്; ഏക ഇലാഹായ അല്ലാഹുവിന്നുവേണ്ടി താഗ്ഗൂത്തുകൾക്കെതിരിൽ സന്ധിയില്ലാ സമരത്തിലേപ്പെട്ടിരിക്കയാണു; സ്വന്തം ആത്മാക്കളെയും ഭാര്യാസന്താനങ്ങളെയും സമ്പത്തുക്കളെയുമെല്ലാം അപകടത്തിൻെറ വായിലേക്കെറിഞ്ഞുകൊണ്ടാണ് ആ സംഘടന ദീനിനെ സംരക്ഷിക്കാൻ സമര രംഗത്തു വന്നിരിക്കുന്നത്. ദൈവധിക്കാരപരമായ ഭരണാധിപത്യത്തിൽനിന്നു ജനലക്ഷങ്ങളെ മോചിപ്പിക്കാനും സമാധാനദായകമായ ദൈവിക വ്യവസ്ഥിതി സംസ്ഥാപിക്കാനുമാണവർ ത്യാഗം വരിക്കുന്നത്. ഇങ്ങനെയുള്ള പരിശുദ്ധലക്ഷ്യങ്ങളുടെ പേരിൽ ആ സംഘടന പരീക്ഷണങ്ങൾക്കു വിധേയമാകുമ്പോൾ ഈമാനുള്ള മുസ്ലിം സഹോദരന്മാർ സധീരം മുമ്പോട്ടു വരുന്നത് കാണാം.

ഇസ്ലാമിക നവോത്ഥാനത്തിന്നായി അരങ്ങേറുന്ന ആ സംഘടന ആദ്യന്തം ഇസ്ലാമികമായിരിക്കണമെന്നു പറയേണ്ടതില്ലല്ലോ. അതിൽ വർഗ്ഗീയത തൊട്ടുതെറിപ്പിക്കാൻ പോലും പാടില്ല. സൃഷ്ടികർത്താവായ ദൈവത്തിൻെറ നിയമശിക്ഷണങ്ങൾ ജനങ്ങൾക്കെത്തിച്ചുകൊടുക്കുകയും ദൈവം നല്കിയ ജീവിതവ്യവസ്ഥിതിയെ പ്രയോഗവൽകൃതമാക്കുകയും ചെയ്കയെന്നതു മാത്രമായിരിക്കണം അതിൻെറ ഉന്നം. അഥവാ വർഗ്ഗീയവും സാമുദായികവുമായ പ്രവണതകൾക്കും നയസ്വഭാവങ്ങൾക്കും അതീതമായിക്കൊണ്ട്, ഒരാദർശപാർട്ടിയായി ഉയന്നു നില്ക്കണമെന്നർത്ഥം. എങ്കിൽ മാത്രമെ ആ സംഘടനയുടെ

ദാത്യം ശ്രദ്ധിക്കപ്പെട്ടുകയുള്ളു. വർഗ്ഗീയ സാമുദായിക സംഘാതങ്ങളല്ല, സംശുദ്ധമായൊരാദർശത്തിന്റെ പ്രബോധനമാണ് ആ സംഘടനയുടെ ലക്ഷ്യമെന്നു ബോധപ്പെട്ടുമ്പോൾ ജാതിമതഭേദമെന്യെ സർവ്വരും അതിലേക്ക് ആകൃഷ്ടരായിക്കൊണ്ടിരിക്കും. വർഗ്ഗീയതയുടെ മൂടുപടം എടുത്തെറിഞ്ഞുകൊണ്ട് ദൈവദത്തമായ ഇസ്ലാമികാദർശങ്ങളുടെ പ്രചരണാർത്ഥം ഒരിസ്ലാമിക സംഘടന പ്രവർത്തിച്ചുതുടങ്ങുമ്പോൾ ജൂതനും, കൃസ്ത്യനും, ഹിന്ദുവും, ജൈനനും, ബൌദ്ധനും, ആംഗ്ലേയനും, ജർമ്മൻകാരനും, ഇററലിക്കാരനും അതിന്റെ പ്രബോധനത്തെ പരിഗണിച്ചു തുടങ്ങും. മുസ്ലിം സമുദായത്തിൽ നിന്നുയന്നു വരുന്ന ഈ ശബ്ദമെന്താണ്? ഈ പ്രബോധനത്തിന്റെ യുക്തിപരമായ നിലവാരവും മൂല്യവുമെന്ത്? എന്താണിതിന്റെ ധാർമ്മികമാനദണ്ഡം? സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ പ്രശ്നങ്ങളിൽ ഇതിന്റെ വീക്ഷാഗതിയെങ്ങനെ? ലോകം ഇതേവരെ പരീക്ഷിച്ചറിഞ്ഞ ജീവിതപദ്ധതികളെക്കാൾ ഇവരാവിഷ്കരിക്കുന്ന പദ്ധതിക്കുള്ള മെച്ചവും മേന്മയുമെന്ത്? ലോകത്ത് കെട്ടിപ്പിണഞ്ഞുകിടക്കുന്ന പ്രശ്നങ്ങൾക്കിതുമുഖേന പരിഹാരം കണ്ടെത്തുക സാധ്യമാണോ? എന്നിങ്ങനെ എല്ലാവരും അന്വേഷണമാരംഭിക്കും. അങ്ങനെ ഇസ്ലാമിനെ ചുററിപ്പററിനില്ക്കുന്ന തെററുധാരണകൾ നീങ്ങുകയും, സത്യാന്വേഷണ തല്പരരായ ജനങ്ങൾ ഇസ്ലാമിന്റെ മഹത്വം ദർശിച്ച് അതിലേക്കാകൃഷ്ടരാവുകയും ചെയ്യുമ്പോൾ സാമൂഹ്യരംഗത്ത് വമ്പിച്ച പ്രതികരണങ്ങൾ അലയടിച്ചു തുടങ്ങുന്നതാണ്. അന്നു ഇസ്ലാം ചലനാത്മകമായ ഒരു സമാധാന വിപ്ലവപ്രസ്ഥാനമായി ഉയന്നുവരും. കുളത്തിലെ വെള്ളംപോലെ കെട്ടിനിന്നിരുന്ന

ഇസ്ലാം അന്ന് മലവെള്ളംപോലെ സകല കുന്നിലും കുണ്ടിലും കുത്തിയൊലിച്ചു പരക്കുന്നത് കാണാം. അതിന്ന് നിശ്ചയമായും ആധുനികലോകത്ത് സാധ്യത അവശേഷിക്കുന്നുണ്ട്. ആകയാൽ ഇഖാമത്തുദ്ദീനിന്നു വേണ്ടിയുള്ള സംഘടന ആത്മവിശ്വാസത്തോടെ മുമ്പോട്ടു നീങ്ങണം.

ആ സംഘടനയുടെ ഉന്നം എങ്ങനെയെങ്കിലും മുസ്ലിംകളുടെ ജനസംഖ്യാനുപാതം വർദ്ധിക്കണമെന്നതായിരിയ്ക്കരുത്. കുറേ മുസ്ലിം നാമധാരികൾ എണ്ണത്തിൽ പെരുകിയതുകൊണ്ടെന്തു നേട്ടമാണുള്ളത്? മുസ്ലിംകളെത്തന്നെ വിശ്വാസകർമ്മങ്ങളാകുന്ന ഉരക്കല്ലുകൊണ്ട് പരിശോധിച്ച് വേർതിരിച്ചു കാണുകയാണ് വേണ്ടത്. ഇങ്ങനെ പറയുമ്പോൾ മുസ്ലിംസമുദായത്തിൽ നിന്നു കുറേ വ്യക്തികളെ കാഫിറുകളും മുശ്രിക്കുകളുമാക്കിത്തള്ളണമെന്നാണുദ്ദേശമെന്നാരും തെററുധരിക്കരുത്. ഇസ്ലാമികാദർശകർമ്മങ്ങളെസ്സംബന്ധിച്ചിടത്തോളം സമുദായത്തിലുള്ള വീഴ്ചകൾ പരിഹരിക്കാൻവേണ്ടി അവരുടെ ഇന്നത്തെ നിലപാട് പരിശോധനക്ക് വിധേയമാക്കണമെന്നേ ഉദ്ദേശമുള്ളു. മുസ്ലിംകളിൽ ശിർക്കുപരമായ വിശ്വാസകർമ്മങ്ങൾ കാണപ്പെടുന്നുവെങ്കിലും തദടിസ്ഥാനത്തിൽ അവരെപ്പററി മുശ്രിക്കുകളെന്നോ കാഫിറുകളെന്നോ പറയാൻ പാടില്ല. മുശ്രിക്കുകളേ, കാഫിറുകളേ! എന്നിങ്ങിനെ വിളിച്ചുകൊണ്ടു മുസ്ലിംകൾക്കിടയിൽ തൗഹീദ് പ്രചാരണം ചെയ്യുന്നവർ പരമാബദ്ധമാണ് പ്രവർത്തിക്കുന്നത്. പ്രവാചകന്മാരുടെ പ്രബോധനരീതിയെക്കുറിച്ച് അവർ തീരെ അജ്ഞരാണ്. പ്രവാചകന്മാരുടെ പ്രബോധന മാതൃകയുടെ പൂർണ്ണചിത്രം ഖുർആൻ വരച്ചു കാണിക്കുന്നുണ്ട്.

നബികരീം (സ) തിരുമേനിയുടെ നിയോഗാവസരത്തിൽ അറബികൾ പൊതുവെ മുശ്രിക്കുകളും കാഫിറുകളുമായിരുന്നുവല്ലൊ. എന്നിട്ടും അവിടുന്നു ആ ജനതയെ ആദ്യകാലഘട്ടങ്ങളിൽ മുശ്രിക്കുകളേ, കാഫിറുകളേ എന്നു വിളിച്ചില്ല. അങ്ങനെയുള്ളൊരു സംബോധനശൈലി സ്വീകരിച്ചുകൊണ്ടല്ല അവിടുന്നു പ്രബോധമാരംഭിച്ചത്. ഖുർആനിക പ്രബോധനത്തിൻെറ വളർച്ചയുടെ ഘട്ടങ്ങളെസ്സംബന്ധിച്ച് പരിചിന്തനം ചെയ്താൽ ഈ പരമാർത്ഥം ബോധ്യമാകും. എന്നിരിക്കെ അന്ത്യപ്രവാചകൻെറ സമുദായത്തെ, പരമ്പരാഗതമായി ഇസ്ലാമിൻെറ പേരിലറിയപ്പെട്ടുവരുന്ന മുസ്ലിംകളെ കാഫിറുകളെന്നും മുശ്രിക്കുകളെന്നും വിളിക്കാൻ ആർക്കാണവകാശമുള്ളത്? അവരെപ്പററി കാഫിറുകളും മുശ്രിക്കുകളുമാണെന്ന് സങ്കല്പിച്ചുകൊണ്ട് അവർക്കിടയിൽ പ്രബോധനമാരംഭിക്കാൻ ആർക്കാണധികാരമുള്ളത്? മുസ്ലിംസമുദായത്തിലിന്നും ദൈവഭക്തരും സത്യസന്ധരുമായ എത്രയോ വ്യക്തികളുണ്ടെന്നത് പ്രത്യേകം ഓർക്കേണ്ടതാണ്. നബി (സ) തിരുമേനി എൻെറ സമുദായമേ! ജനങ്ങളേ! എന്നിങ്ങനെ വിളിച്ചുകൊണ്ടാണ് അറബികൾക്കിടയിൽ പ്രബോധനമാരംഭിച്ചത്. അല്ലാഹുവെസ്സംബന്ധിച്ച് അറബികൾ വിശ്വസിക്കുകയും സമ്മതിക്കുകയും ചെയ്തിരുന്ന യാഥാർത്ഥ്യങ്ങൾ നബി (സ) ആദ്യമായി അവരുടെ മുമ്പിൽ വെച്ചു. എന്നിട്ടവരോട് പറഞ്ഞു: "ഈ യാഥാർത്ഥ്യങ്ങൾ നിങ്ങൾക്ക് സമ്മതമാണെങ്കിൽ എന്തുകൊണ്ടവയുടെ അനിവാര്യതാല്പര്യങ്ങൾ പൂരിപ്പിക്കാൻ നിങ്ങൾ മുമ്പോട്ടു വരുന്നില്ല?" ക്രമേണക്രമേണയായി അവരുടെ മൗഢ്യങ്ങളെയും കുഫ്റിനെയും ശിർക്കിനെയും കുറിച്ച്

അവരെ ബോധവാന്മാരാക്കി. ദീഘ്കാലത്തെ പരിശ്രമ ഫലമായി സത്യവും അസത്യവും അവരുടെ മുമ്പിൽ വേർതിരിച്ചു വെച്ചുകൊടുത്തു. സത്യസാക്ഷ്യം പൂർത്തീകരിച്ചു. സത്യസന്ധരും സൽപ്രകൃതിക്കാരുമായ ഒരു വിഭാഗം സത്യപ്രസ്ഥാനത്തിൻെറ അനുയായികളായി മാറി. മനസ്സാക്ഷിയില്ലാത്ത, ശുദ്ധ പ്രകൃതി നശിച്ച മറെറാരു വിഭാഗം തിരുമേനിയെ എതിർത്തു നിന്നു; ഇസ്ലാമിനെ കടപുഴക്കി എറിയാൻ തുനിഞ്ഞിറങ്ങി. എത്രത്തോളമെന്നാൽ അവർ നബി (സ) തിരുമേനിയെ വധിക്കാനൊരുമ്പെടുകപോലും ചെയ്തു. അപ്പോഴാണ് സ്വദേശമായ മക്കായിൽനിന്നു മദീനയിലേക്ക് പലായനം ചെയ്യാൻ തിരുമേനിക്ക് കല്പന ലഭിച്ചത്. സത്യസാക്ഷ്യം പൂർത്തീകരിക്കപ്പെടുകയും കുഫ്റ് അത്യന്തം മൂർച്ഛിക്കുകയും ചെയ്ത ഇത്തരമൊരു ഘട്ടത്തിലാണ് നബി(സ) തിരുമേനിയുടെ നാവിൽനിന്നു ആ ജനതയെക്കുറിച്ച് 'കാഫിറുകളേ!'യെന്ന വാക്കു ആദ്യമായി പുറത്തു വന്നത്. സ്വഗോത്രക്കാരുമായുള്ള വേർപാടിനേയും പലായനത്തേയും സൂചിപ്പിച്ചുകൊണ്ടവതരിച്ച .......... قُلْ يَا أَيُّهَا الْكَافِرُونَ എന്ന സൂറയിലാണ് ആ പ്രയോഗം ആരംഭിച്ചത്. അതുപോലെതന്നെ രാപ്പകൽ ഭേദമില്ലാതെ ശിക്ക് പ്രവർത്തിച്ചുകൊണ്ടിരുന്ന ആ ജനതയെപ്പററി مشركون എന്ന വിശേഷണവും ഹിജ്റയുടെ ഘട്ടത്തിലോ അതിനു ശേഷമോ ആണു പ്രയോഗിച്ചു തുടങ്ങിയിട്ടുള്ളത്.

ഇതേ പ്രകാരം നബി(സ) വേദക്കാർക്കിടയിലും 'മുശ്രിക്കുകളേ! കാഫിറുകളേ!' എന്നു വിളിച്ചുകൊണ്ടല്ല പ്രബോധനമാരംഭിച്ചത്. പിന്നെയോ, വേദക്കാരെ!

ജനങ്ങളേ! എന്നിങ്ങനെയാണവരെ വിളിച്ചിരുന്നത്. തൗഹീദിൻെറ അനിവാര്യതാല്പര്യങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കി; നബിയും അനുയായികളും നെടുനാളത്തെ സംഘടിത ശ്രമം മുഖേന വേദക്കാരുടെ മുമ്പിൽ സത്യസാക്ഷ്യം പൂർത്തീകരിച്ചു. അതിനു ശേഷമല്ലാതെ അവിടുന്ന് അവരുടെ കുഫ്റിനെയും ശിർക്കിനെയും കുറിച്ചു ഒരു തുറന്ന പ്രസ്താവന ഇറക്കുകയോ അവരുമായി സമരത്തിന്നൊരുങ്ങുകയോ ചെയ്തില്ല.

ഇതേ നയം തന്നെയാണ് നബി(സ) മുനാഫിഖുകളോടും അനുവർത്തിച്ചത്. മുനാഫിഖുകൾ പ്രത്യക്ഷത്തിൽ ഇസ്ലാമിനെ അംഗീകരിക്കുന്നവരായിരുന്നു. അതുകാരണം ഖുർആൻ അവരെ 'വിശ്വസിച്ചവരേ!' എന്ന വിളിയിൽ ഉൾക്കൊള്ളിക്കുകയാണ് ചെയ്തത്. തുടർന്നു അവർക്കു ഉദ്ബോധനങ്ങൾ നല്കിക്കൊണ്ടിരുന്നു. ഇസ്ലാമിനെ അംഗീകരിച്ചതിൻെറ പേരിൽ തങ്ങളുടെ മേൽ വന്നുചേരുന്ന നിർബ്ബന്ധ കർത്തവ്യങ്ങളെക്കുറിച്ചു ഉണർത്തിക്കൊണ്ടിരുന്നു അലസത കൊണ്ടും അജ്ഞത കൊണ്ടുമാണ് തെററു ചെയ്യുന്നതെങ്കിൽ അവരെ അതിൽ നിന്നു തിരിച്ചുകൊണ്ടു വരാനുള്ള ശ്രമമായിരുന്നു അത്. അതിന്നു ശേഷം സമര ഭീഷണി മുഴക്കിക്കൊണ്ട് അവരുടെ മേൽ സമ്മർദ്ദം ചെലുത്തിനോക്കി. ബദർ യുദ്ധം മുതൽ തബൂക്ക് യുദ്ധം വരെ ഇതേ നയമാണ് സ്വീകരിച്ചുപോന്നത്. വികാര തീവ്രതയുള്ള മുസ്ലിംകൾ ഈ മുനാഫിഖുകളോട് കഠിനവും കർക്കശവുമായ നയം കൈക്കൊള്ളുമെന്ന് ഇടക്കിടെ ആശങ്കയുണ്ടായിക്കൊണ്ടിരുന്നപ്പോഴെല്ലാം അവരെ അതിൽനിന്നു തടഞ്ഞു. ഇപ്പറഞ്ഞ വസ്തുതയ്ക്കു ഖുർആനിലും ഹദീസിലും സാക്ഷ്യങ്ങൾ ലഭിക്കും. ഇങ്ങനെയുള്ള നടപടികളെത്തുടർന്നു അവരിൽ ചിലർ തങ്ങളുടെ

അലസതകളിൽ നിന്നുണരുകയും തെററു തിരുത്തി ജീവിത സംസ്കരണത്തിലേപ്പെടുകയും ചെയ്തപ്പോൾ അവരെ യഥാൎത്ഥ മുസ്ലിംകളായും ഇസ്ലാമിൻെറ സേവകരായും അംഗീകരിച്ചു. കാപട്യത്തിൽ ചടഞ്ഞുകൂടുകയും പതിയിരിക്കുകയും ചെയ്തവരുടെ ഉള്ളുകള്ളി അവസാനഘട്ടത്തിൽ പുറത്തുകൊണ്ടുവരികയും അവരെക്കുറിച്ചു ഉചിതമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

മേൽപറഞ്ഞ വിഭാഗങ്ങളോടെല്ലാം നബി (സ) സ്വീകരിച്ച ഈ നയം പ്രചരണപരമായ മനശ്ശാസ്ത്രത്തിൻെറ ഒരു വ്യാജപ്രകടനമായിരുന്നുവോ? ഒരിക്കലുമായിരുന്നില്ല. ഒരു പ്രധാന തത്വത്തിൽ ഊന്നിക്കൊണ്ടുള്ള ഒരു മൗലിക നയമായിരുന്നു അത്. അതിനെപ്പററി ഇന്നത്തെ ജനങ്ങൾ പൊതുവെ അജ്ഞരാണ്. ഒരു സംഗതി ശിൎക്കായതുകൊണ്ട് അതു പ്രവൎത്തിക്കുന്ന വ്യക്തി മുശ്രിക്കാവുക അനിവാൎയ്യമല്ല; കുഫ്റിൻെറയും നിഫാഖിൻെറയും കാൎയ്യങ്ങൾ ചെയ്യുന്നതുകൊണ്ടു മാത്രം ഒരാൾ കാഫിറും മുനാഫിഖും ആയിക്കൊള്ളണമെന്നില്ല; നിഷിദ്ധമായതു് ഭക്ഷിക്കുന്നവൻ അനിവാൎയ്യമായും 'ഫാസിഖാ'വണമെന്നില്ല. ഇതാണ് ആ തത്വം. കാരണം നിരപരാധിത്വത്തിന്നു പലവിധ സാധ്യതകളുമുണ്ട്. അജ്ഞത, നിൎബ്ബന്ധിതാവസ്ഥ, വ്യഖ്യാനത്തിൽ പിശക് എന്നിങ്ങനെ പലതും അതിന്നു കാരണങ്ങളായിട്ടുണ്ടാവാം. പ്രവാചകന്മാരുടെ അഭാവകാലത്ത് പ്രത്യേകിച്ചും. അന്നു ജനങ്ങൾ പൊതുവെ അജ്ഞതയിൽ വട്ടം കറങ്ങുകയായിരിക്കും. അന്നു കണ്ണുള്ളവൎക്കു പോലും നേർവഴി കാണാൻ സാധിക്കാത്ത

വിധം ലോകം അന്ധകാരാവൃതമായിരിക്കും. മൃഗതുല്യരായ സാധാരണക്കാരുടെ നില പിന്നെ പറയേണ്ടതുണ്ടോ? ഈ പരിത:സ്ഥിതിയിൽ പ്രവാചകൻ എഴുന്നേററ ഉടനെ ജനതയെക്കുറിച്ച് കാഫിറുകൾ, മുശ്രിക്കുകൾ, ഫാസിഖുകൾ എന്നെല്ലാം വിധി പ്രസ്താവിക്കുന്നത് ശരിയല്ല. അത് പരിത:സ്ഥിതിയുടെ പ്രകൃതിപരമായ താല്പര്യമാവില്ല. അതിനാൽ ഒരു പ്രവാചകനും അങ്ങനെ ചെയ്തിട്ടില്ല. മറിച്ച് ഒരു സമുദായത്തിൽ പ്രവാചകൻ എഴുന്നേററാൽ അദ്ദേഹം ദീർഘകാലം സത്യപ്രബോധനകർത്തവ്യത്തിൽ നിരതനാവും. അടഞ്ഞമാർഗ്ഗങ്ങൾ ജനങ്ങൾക്കു തുറന്നുകൊടുക്കും. മണ്ണുമൂടിക്കിടക്കുന്ന വഴിച്ചിഹ്നങ്ങളെ തെളിയിച്ചുകൊടുക്കും. കളങ്കരഹിതമായ ചര്യ മുഖേന വ്യക്തിപരവും സാമൂഹ്യവുമായ ജീവിതതുറകളിൽ സത്യാസത്യങ്ങളെ വേർതിരിച്ചു കാണിച്ചുകൊടുക്കും. നിരന്തരയത്നങ്ങൾ വഴി സമുദായത്തിലെ ഉൽകൃഷ്ടവിഭാഗത്തെ വലിച്ചെടുത്ത് സംഘടിപ്പിക്കും. അവരുടെ സംഘടിത ജീവിതം ഇതര ജനവിഭാഗങ്ങൾക്കു സന്മാർഗ്ഗം കണ്ടുപഠിക്കാൻ സഹായകമായിത്തീരും. ഇങ്ങനെ ഇസ്ലാം സത്യവും പ്രായോഗികവുമാണെന്ന് നാനാവിധേന ജനങ്ങൾക്കു ബോധപ്പെടുത്തിക്കൊണ്ട് സത്യസാക്ഷ്യം പൂർത്തീകരിക്കുന്നതാണ്. അതിനുശേഷം മാത്രമേ അവരെപ്പററി 'കാഫിറുകൾ' എന്ന വിധി ഇറക്കുകയുള്ളു. പ്രവാചകൻ ഒരു വിഭാഗത്തെക്കുറിച്ച് 'കാഫിറുകൾ' എന്നു വിധിക്കുന്നത് അവരെസ്സംബന്ധിച്ചിടത്തോളം അന്ത്യതീരുമാനമായിരിക്കും. കാരണം, അതിനുശേഷം രണ്ടിലൊന്നുമാത്രമേ അവരുടെ കാര്യത്തിൽ ബാക്കിയാവുന്നുള്ളു. ഒന്നുകിലവർ ദൈവശിക്ഷക്കു വിധേയരാവുക. അല്ലെങ്കിൽ സത്യവിശ്വാസികളുടെ വാളുകൾക്കിരയാവുക.

പ്രവാചകചര്യ നമുക്കു മനസ്സിലാക്കിത്തരുന്ന ഒരു അടിസ്ഥാന നയമാണ് മുകളിൽ പറഞ്ഞത്. പ്രവാചക ചര്യയുടെ പുനരുത്ഥാനത്തിന്നായി എഴുന്നേല്ക്കുന്ന ഇസ്ലാമികസംഘടന ഈ അടിസ്ഥാന നയം മുറുകെ പിടിക്കണം. നിലവിലുള്ള മുസ്ലിംകളെക്കുറിച്ച് കാഫിറുകളും മുശ്രിക്കുകളുമെന്ന് വിധി പ്രസ്താവിക്കാൻ അതിന്നവകാശവും അർഹതയുമില്ല.

മുഹമ്മദ് നബി(സ)യോടുകൂടി പ്രവാചകത്വം അവസാനിച്ചിരിക്കുന്നു. മുഹമ്മദ് നബി(സ)ക്കു ശേഷം അന്ത്യനാൾ വരെ പുതുതായി ഒരു നബിയേയും മുസ്ലീംകൾ പ്രതീക്ഷിക്കുന്നില്ല. നബിതിരുമേനി(സ)ക്കുശേഷം അവിടുത്തെ ചര്യയെ ആധാരമാക്കി നിലകൊണ്ട ഖിലാഫത്തു ഭരണവ്യവസ്ഥയാണ് ദീനുൽഇസ്ലാമിനെ സംരക്ഷിച്ചു നിലനിറുത്തിപ്പോന്നത്. മുസ്ലിംകളെ ദീനിൽ ഉറപ്പിച്ചു നിറുത്താനും, ഇതര ജനസമുദായങ്ങളുടെ മുമ്പിൽ അല്ലാഹുവെ പ്രതിനിധീകരിച്ച് സത്യസാക്ഷ്യം പൂർത്തീകരിക്കാനും ആ ഖിലാഫത്ത് വ്യവസ്ഥ മുഖേന സാധിച്ചിരുന്നു. എന്നാൽ ദീർഘകാലമായി ആ വ്യവസ്ഥ തകരുകയും താഗൂത്തു വ്യവസ്ഥ അധികാരമേഖലകളെ കയ്യടക്കിവെക്കുകയും ചെയ്തിരിക്കയാണ്. ഇന്ന് ദൈവികേതര വ്യവസ്ഥകൾ മുസ്ലിംകളുടെ ജീവിത തുറകളെ മുഴുവൻ മലീമസമാക്കിയിരിക്കുന്നു. ജീവിതത്തിന്റെ ഒരു വശവും താഗൂത്തിന്റെ പിടുത്തത്തിൽനിന്നു മുക്തമല്ല. മനഃപൂർവ്വമല്ലെങ്കിലും അനിസ്ലാമിക ഭരണകൂടങ്ങളെ അനുസരിച്ചുപോരുകയാണ് അവരിന്ന്. ഏററവുമധികം സൂക്ഷ്മതയും ദൈവഭക്തിയുമുള്ള മുസ്ലിമിനെപ്പോലും ആ മാലിന്യത്തിന്റെ കറകൾ ഏറെക്കുറെ ബാധിച്ചിരിക്കാനാണ് സാധ്യത. ശരിയായ

അത്ഥത്തിലുള്ള ഇസ്ലാമികവിദ്യാഭ്യാസ പരിശീലനസ്ഥാപനങ്ങൾ വളരെക്കാലമായി മുരടിച്ചിരിക്കയാണെന്നു വേണം പറവാൻ. ചില മതവിദ്യാഭ്യാസകേന്ദ്രങ്ങൾക്കു് താഗ്ഗൂത്തുവ്യവസ്ഥിതിയുടെ പാദസേവ ചെയ്യാനുള്ള യോഗ്യതയേയുള്ളു. സത്യദീനിൻെറ പ്രബോധനമൊഴികെ മററെന്തിനും അവയ്ക്കു് സ്വാതന്ത്ര്യമുണ്ടു്. ദീനിൻെറ പേരിൽ പുറത്തിറക്കപ്പെടുന്ന ചില പ്രസിദ്ധീകരണങ്ങളുടെ കഥ കൂടുതൽ ദയനീയമത്രെ. നിലവിലുള്ള താഗ്ഗൂത്ത് വ്യവസ്ഥിതിക്കും അധുനാതന ജാഹിലിയ്യാ സമ്പ്രദായങ്ങൾക്കും മതത്തിൻെറ അണിയിൽ നിന്നുള്ള അനുമതിയും അംഗീകരണവുമാണവയുടെ ഇതിവൃത്തം. മതസ്റ്റേജുകളിൽനിന്നുള്ള പ്രഭാഷണങ്ങളിൽ മിക്കതും ഇതേ ആവശ്യാത്ഥം നടത്തപ്പെടുന്നവയാണു്.

ഇങ്ങനെ പല നാശങ്ങളും കുഴപ്പ[illegible]ളും നിറഞ്ഞ ഇക്കാലത്ത് മുസ്ലിംകളുടെ മതബോധം തകരുകയും തൗഹീദിൻെറ യഥാത്ഥ താല്പര്യങ്ങൾ അജ്ഞാതമാവുകയും ചെയ്തുവെങ്കിൽ അതിലത്ഭുതമെന്തുള്ളു. ഏതുപോലെയെന്നാൽ ഒരു പൂങ്കാവനത്തെ തോട്ടക്കാരൻ പുല്ലും കളയും മുൾചെടിയും നീക്കി പരിപാലിക്കാതെ അവഗണിച്ച് നെടുനാൾ കഴിഞ്ഞപ്പോൾ അയാൾ തെററുധരിച്ചു, അതെല്ലാം തോട്ടത്തിലെ പൂച്ചെടികളാണെന്നു്. ഇപ്പോളവൻ മുൾച്ചെടികൾക്കു് വെള്ളം തേവിക്കൊണ്ടിരിക്കയാണു്. ഇപ്പോൾ ആ തോട്ടം പുല്ലും മുള്ളും തഴച്ചു വളന്നു കാടുകെട്ടിക്കിടക്കുകയാണു്.

ആധുനിക മുസ്ലിം സമുദായത്തെസ്സംബന്ധിച്ചിടത്തോളം വളരെ ശരിയായ ഒരുദാഹരണമാണു് മേൽ പറഞ്ഞതു്. സുകൃതം കല്പിക്കുകയും നിഷിദ്ധം തടയുകയും

ചെയ്യുയെന്ന മതപരമായ ചുമതല വളരെക്കാലമായി നിലച്ചിരിക്കയാണ്; സമുദായമദ്ധ്യേ പരിഷ്കരണ സംരംഭങ്ങൾ സദാ സജീവമായിരിക്കണം. ഇല്ലെങ്കിൽ ശിർക്കും ബിദ്അത്തും അവർക്കിടയിൽ നുഴഞ്ഞുകയറി സ്ഥാനമുറപ്പിക്കും. പിന്നെ ഇസ്ലാമും അനിസ്ലാമും തമ്മിൽ വേർതിരിച്ചറിയാൻ സാധിക്കാത്ത ഒരു ദുരവസ്ഥ വന്നുവശാകും. മുസ്ലിംകളിന്നു ആ ദുരവസ്ഥക്ക് വിധേയരായിരിക്കയാണ്, പൊതുവിൽ. ഈ പരിതോവസ്ഥ യിൽനിന്നു അനുകമ്പയോടെ അവരെ രക്ഷിക്കാനുള്ള ശ്രമമാണാവശ്യം. അവരെ കാഫിറുകളും മുശ്രിക്കുകളു മാക്കിത്തള്ളുകയല്ല. മുസ്ലിംകളുടെ അധഃപതനം ദൗർഭാ ഗ്യകരമാണെന്നതിൽ സംശയമില്ല. മുസ്ലിംകൾ ഭൂമി യിലെ ഉപ്പായിരുന്നു. അവരുടെ ഉപ്പുരസം നശിച്ചു നശിച്ചു വരികയാണ്. പിന്നെ ഇതര സമുദായങ്ങളി ങ്ങനെ ചീഞ്ഞളിഞ്ഞു നാറുന്നതിൽ നിന്നു അവരെ എ ങ്ങിനെ രക്ഷിക്കും? അതിനാൽ മുസ്ലിംകളെ ഉദ്ധരിക്കുക യാണ്, കാഫിറാക്കുകയല്ല വേണ്ടത്.

ഒരു മുസ്ലിമിനെ കാഫിറാക്കുകയെന്നാലെന്ത്? മതഭ്രഷ്ടനാണെന്നു വിധിച്ച് അനന്തര നടപടികൾക്ക് അവനെ വിധേയനാക്കുകയെന്നാണല്ലോ. തോന്നു ന്നവർക്കെല്ലാമങ്ങ് നിഷ്പ്രയാസം നിർവ്വഹിക്കാനൊക്കുന്ന ഒരു കാര്യമല്ലത്. അതിന്നു് ഒന്നാമത്, ശരിയായ അർത്ഥത്തിലുള്ള ഒരിസ്ലാമിക പാർട്ടി (അൽ–ജമാഅത്ത്) നിലവിലുണ്ടാവണം. രണ്ടാമത് ആ പാർട്ടിക്ക് ഭരണാ ധികാരമുണ്ടായിരിക്കണം. മൂന്നാമത്, ജീവിത ചുറ്റു പാട് തിന്മക്ക് പ്രതികൂലവും നന്മക്ക് അനുകൂലവുമായി രിക്കണം. തെറ്റു ചെയ്യുവാൻ അനുകൂലമായ സാഹ ചര്യം പറെറഅടഞ്ഞിരിക്കണമെന്നർത്ഥം. ഈ നിബ്ബന്ധ

നിബന്ധനകളുടെ അഭാവത്തിൽ ശിക്ഷ ചെയ്യുന്ന മുസ്ലിംകളെ മതഭ്രഷ്ടരാക്കി വധശിക്ഷ നടത്താൻ പാടില്ല. അതു പോലെതന്നെ, കട്ടവൻെറ കൈകൊത്തുക, വ്യഭിചരിച്ചവനെ എറിഞ്ഞുകൊല്ലുക, മദ്യപിച്ചവനെ പ്രഹരിക്കുക ആദിയായ ഇസ്ലാമിക ശിക്ഷാനടപടികൾ പ്രയോഗത്തിൽ കൊണ്ടുവരുന്നത് ഈ പരിത:സ്ഥിതിയിൽ അനുവദനീയമല്ല. ഇനി ഉപര്യുക്തങ്ങളായ നിബന്ധനകൾ പൂർത്തിയായെന്നു വെക്കുക, പക്ഷെ, ചില താല്ക്കാലിക സംഭവവികാസങ്ങളാൽ പ്രേരിതരായിക്കൊണ്ടാണ് ജനങ്ങൾ മുൻചൊന്നപോലുള്ള തെററുകൾ ചെയ്തുപോയതെങ്കിൽ അപ്പോഴും പ്രസ്തുത ശിക്ഷാനടപടികൾ പ്രയോഗത്തിലാക്കാവതല്ല. ഉമർ(റ)വിൻെറ ഭരണകാലത്തൊരിക്കൽ കഠിനമായ ക്ഷാമം നേരിട്ടു. പരമാവധി ശ്രമിച്ചിട്ടും ക്ഷാമം പരിഹരിക്കാൻകഴിഞ്ഞില്ല. നാട്ടിൽ സാമ്പത്തിക സന്തുലിതാവസ്ഥ നില നിറുത്താൻ താല്ക്കാലികമായി സാധിക്കാതെ വന്നു. ആ സന്ദർഭത്തിലുണ്ടായ കളവു കേസ്സിൽ കൈമുറിക്കുകയെന്ന ശിക്ഷ പരിത:സ്ഥിതിയെ കണക്കിലെടുത്തുകൊണ്ട് നിറുത്തി വെച്ചു.

ഈസാ നബി(അ)യുടെ കാലത്ത് വ്യഭിചാരകുററത്തിൻെറപേരിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ എറിഞ്ഞു കൊല്ലണമെന്നു ജൂത പണ്ഡിതന്മാർ മുറവിളി കൂട്ടി. മസീഹ്(അ) പറഞ്ഞു: "എറിഞ്ഞു കൊല്ലണം. പക്ഷെ നിങ്ങളിൽ പാപരഹിതനായ വ്യക്തിയാരോ അവനാദ്യം എറിയട്ടെ."

ഈസാ(അ) ഇതുകൊണ്ടുദ്ദേശിച്ചതെന്താണ്? ആ പണ്ഡിതന്മാരെല്ലാം വ്യഭിചാരികളാണെന്നോ?

അല്ല. പിന്നെയോ, ശരിയായ അർത്ഥത്തിലുള്ളൊരിസ്ലാമിക സംഘടനയും ഭരണവ്യവസ്ഥിതിയും പരിശുദ്ധമായ സാഹചര്യങ്ങളും അന്നു നിലവിലില്ലാത്തതുകൊണ്ട് അത്തരം ശിക്ഷാ നടപടികളെടുക്കാൻ സമയമായില്ലെന്നാണ്. കുറച്ചുകൂടി വ്യക്തമാക്കിപ്പറഞ്ഞാൽ മസീഹ്(അ)ൻെറ സൂചന ഇതായിരുന്നു: "ഈ സ്ത്രീ ഭർത്താവിനെ വഞ്ചിച്ചിട്ടുണ്ട്; ശരിയാണ്. പക്ഷെ നിങ്ങളതിനേക്കാൾ കടുത്ത പാതകം ചെയ്തിട്ടുണ്ട്. എന്താണെന്നോ? നിങ്ങൾ അല്ലാഹുവിനെ വഞ്ചിച്ചിരിക്കുന്നു. അല്ലാഹുവിൻെറ ദീനിനെ സംരക്ഷിച്ചു നിലനിറുത്താൻ പരമാവധി ശ്രമിക്കുമെന്നും, സത്യം മറച്ചുപിടിക്കില്ലെന്നും അല്ലാഹുവോട് ചെയ്ത ഉടമ്പടി നിങ്ങൾ ലംഘിച്ചിരിക്കുന്നു. ഇത് അല്ലാഹുവോട് ചെയ്ത വഞ്ചനയാണ്. അതിൻെറ ശിക്ഷയായി നിങ്ങളുടെമേൽ ബഹുദൈവാരാധകരായ റോമക്കാൎക്ക് അല്ലാഹു ആധിപത്യം നല്കിയിരിക്കുന്നു. വഞ്ചനയുടെ പേരിൽ ഒരു സ്ത്രീയെ ശിക്ഷിക്കാൻ അവവഞ്ചകരായ നിങ്ങൾക്കെന്തർഹതയാണുള്ളത്?"

ഒരു മുസ്ലിമിനെ കാഫിറാക്കുമ്പോൾ സമുദായത്തിലെ ഒരംഗത്തെ എന്നെന്നേക്കുമായി ഛേദിച്ചെറിയുകയും വധാർഹനാക്കുകയുമാണ് ചെയ്യുന്നത്. അതികഠിനമായ ഈ ശിക്ഷ നടപ്പിലാക്കാനുള്ള സാഹചര്യം ഇന്നില്ല. ഇന്നത്തെ പരിത:സ്ഥിതിയിൽ മുസ്ലിംകളുടെ മേൽ കുഫ്‌റ്ഫത്‌വ ഇറക്കുന്നത് അടിസ്ഥാനപരമായി തെററാണ്. ഭരണാധികാരമുള്ള ഒരു 'അൽ-ജമാഅത്ത്' ഇവിടെ ഇന്നില്ല. 'അംറും ബിൽ മഅ്റൂഫം നഹ്‌യുൻ അനിൽ മുങ്കറും' ഇന്നേവിടെയാണ് 'ശരീഅത്ത്' താല്പര്യപ്പെട്ടും വിധം

നടപ്പുള്ളത്? സത്യാസത്യങ്ങൾ മിക്കവാറും അവ്യക്തങ്ങളായിക്കിടക്കുകയാണ്. ഇസ്ലാമിക ശിക്ഷണങ്ങൾ ലോകത്തിൻെറ മുമ്പിൽ വേണ്ടവിധം പ്രകാശിപ്പിക്കപ്പെട്ടിട്ടില്ല. സാക്ഷാൽ ഇസ്ലാമിനെ മുസ്ലിംകൾക്ക് തന്നെ ഇനിയും പരിചയപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നത്. താഗ്ലൂത്ത് വ്യവസ്ഥയുടെ കരിനിഴൽ ജീവിതത്തിൻെറ സകല വശങ്ങളെയും മൂടിയിരിക്കുന്നു. സത്യാസത്യവിവേചനം ദുഷ്കരമാണെന്നു മാത്രമല്ല, അസത്യത്തിന്നു സത്യത്തിൻെറ വേഷമണിയിച്ച് പുറത്തിറക്കുന്നതിൽ ഇന്നത്തെക്കാൾ വിജയിച്ച കാലഘട്ടം പക്ഷേ ചരിത്രത്തിലുണ്ടാവില്ല. ഇന്നത്തെ സാഹചര്യങ്ങളെക്കുറിച്ചോ കാഫിറാക്കുന്നതിൻെറ ഗൗരവത്തേയും നിയമനിബന്ധനകളെയും സംബന്ധിച്ചോ ഒന്നും അറിവില്ലാത്ത 'ഉലമാക്കളാ'ണ് ഈ കുഫ്റ് ഫത്വാ വിനോദം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നത്.

ശരിയായ ഇസ്ലാമിക പ്രവത്തനക്രമം ഗ്രഹിക്കുന്നതിന് അല്ലാഹു അവൻെറ അടിയാറുകളിൽ ആരെ അനുഗ്രഹിച്ചുവോ അവരിന്ന് മുസ്ലിംകളെ കാഫിറാക്കാനുള്ള ശ്രമത്തിലല്ല. മുസ്ലിം സഹോദരങ്ങളേ, യഥാർത്ഥ മുഅ്മിനുകളായി ഉയന്നു വരിക! എന്ന ആഹ്വാനമാണവരുടെ പ്രബോധനത്തിൻെറ പ്രാരംഭ ബിന്ദു.

കുഫ്റിൻെറ ആധിപത്യം എല്ലാവരേയും വലയം ചെയ്തിരിക്കുന്നു. എല്ലാവരും ഒരേ മലിനതടാകത്തിൽ നീന്തുകയാണ്. അപ്പോൾ ഒരുത്തൻ മറെറാരുത്തനെപ്പററി 'വൃത്തിഹീനൻ' എന്നു പറയുന്നതിലെന്തർത്ഥമാണുള്ളത്? പരസ്പരം ആക്ഷേപിക്കുകയല്ല, ഇന്നത്തെ പരിതോവസ്ഥയെപ്പററി എല്ലാവരെയും ബോധവാന്മാരാക്കുകയാണാവശ്യം. നിദ്രയിലാണ്ടുകിടക്കുന്ന മുസ്ലിംകളെ

തട്ടിയുണർത്തുകയാണ് വേണ്ടത്. ഇസ്ലാമികപ്രബോധനം വഴി മുസ്ലിംകൾക്ക് മനസ്സിലാവണം, അവരിന്ന് ദുർഗ്ഗന്ധം വമിക്കുന്ന അനിസ്ലാമിക ചുററുപാടിലാണെന്ന്; സമാധാന ഗേഹത്തിലല്ലെന്ന്; കുഴപ്പത്തിൻേറയും കോലാഹലത്തിൻേറയും നടുക്കളത്തിലാണെന്ന്.

മനുഷ്യപ്രകൃതി ശിർക്കുമായി ഇണങ്ങിച്ചേരുകയില്ല. ഒരു യഥാർത്ഥ മുസ്ലിമിനെക്കുറിച്ച പറഞ്ഞാൽ ശിർക്കിൽ അകപ്പെടുന്നതോ പോകട്ടെ, അതെപ്പററി ചിന്തിക്കുന്നതു പോലും അവന്നു ദുസ്സഹമായിരിക്കും. ആകയാൽ ശിർക്കിന്നെതിരിലുള്ള തൗഹീദിൻെറ പ്രബോധനം വിജയിക്കുമെന്നതിൽ സംശയം വേണ്ട. സ്വന്തക്കാരുടെയും അന്യരുടെയും താരാട്ടിൽ മയങ്ങുന്ന മുസ്ലിമിൻെറ ശുദ്ധപ്രകൃതി ഒരു വേള പിടഞ്ഞെഴുന്നേല്ക്കാതിരിക്കാൻ ന്യായമില്ല. അല്ലാഹുവിൻെറ മുമ്പിൽമാത്രം അടിമവൃത്തി ചെയ്യുന്നതിൻെറ, അല്ലാഹുവിൻെറ മാത്രം ദാസരാന്മായി ജീവിക്കുന്നതിൻെറ രുചി ഒരിക്കൽകൂടി ആസ്വദിക്കാൻ ജനങ്ങൾ മുമ്പോട്ടു വരാതിരിക്കാൻ കാരണമില്ല.

രാജ്യം ദാറുൽകുഫ്റും ദാറുശ്ശിർക്കുമാണെങ്കിൽ പലായനമോ സമരമോ തുടങ്ങേണ്ടതല്ലേയെന്ന് വല്ലവർക്കും തോന്നുന്നുവെങ്കിൽ അതു ശരിയല്ല. പ്രബോധന പ്രചാരണങ്ങൾ വഴി സത്യസാക്ഷ്യം പൂർത്തീകരിക്കുന്നതിനു മുമ്പായി ഹിജ്റഃ അനുവദനീയമല്ലെന്നവർക്കറിഞ്ഞുകൂടാ. സത്യത്തിൻെറ പേരിലുള്ള തീവ്രമായ രോഷം നിമിത്തം ജനതയെ കയ്യൊഴിച്ച് കടന്നു കളഞ്ഞ പ്രവാചകന്മാരെ അല്ലാഹു ആക്ഷേപിച്ചു. അവർക്ക് വീണ്ടും ജനങ്ങളിലേക്കു തിരിച്ചുവന്നു പ്രബോധന പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടി വന്നു. യൂനുസുനബി

(അ)യുടെ ചരിത്രസംഭവം ഇതിന്നൊരുദാഹരണമത്രെ. അതിനാൽ പലായനമല്ല, പ്രബോധനമാണിന്ന് ദീനി ൻെറ താല്പര്യം.

ഇതേ പ്രകാരം ഇസ്ലാമിക സമരത്തിനും യുദ്ധ ത്തിന്നുമുണ്ട് ചില നിബന്ധനകൾ. ആ നിബന്ധ നകൾ പരിഗണിക്കാതെ സമരമാരംഭിക്കുന്നത് ജിഹാ ദല്ല, ഫസാദാണ്.

അധികാരശക്തിയുള്ള ഒരു അമീറിൻെറ നേതൃത്വ ത്തിൻ കീഴിലേ സമരം തുടങ്ങാവൂ എന്നതാണ് പ്രഥ മവും പ്രധാനവുമായ നിബന്ധന. പരമാധികാരത്തോ ടുകൂടി അടക്കിഭരിക്കുന്ന ഒരനിസ്ലാമിക വ്യവസ്ഥിതി യിലെങ്ങനെയാണ് അധികാര സ്വാതന്ത്ര്യമുള്ള ഒരിസ്ലാ മിക നേതാവുണ്ടാവുക? അത്തരമൊരു പരിതഃസ്ഥിതി യിൽ സായുധസമരം തുടങ്ങുകയെന്നാൽ നാട്ടിൽ കുഴപ്പ മുണ്ടാക്കുകയെന്നാണർത്ഥം. രാജ്യത്തെ അസമാധാന ത്തിലേക്കും നാശത്തിലേക്കും വലിച്ചിഴക്കുന്നതിന്ന് ഇസ്ലാമിൽ അനുവാദമില്ല. നബി(സ)യുടെ യുദ്ധപ്ര ഖ്യാപനം ഹിജ്റയുടെ ശേഷമായിരിക്കാൻ കാരണ മതാണ്.

ഇസ്ലാമിക സമരത്തിൻെറ മറെറാരു നിബന്ധന യോദ്ധാക്കൾ അങ്ങേയററം സമാധാനപ്രിയരായിരിക്ക ണമെന്നതാണ്. അതായത്, കുഴപ്പത്തിൻെറയും നശീക രണ പ്രവത്തനങ്ങളുടെയും കണികപോലും അവരിൽ ഉണ്ടായിരിക്കരുത്. കാരണം ഇസ്ലാമിക സമരത്തിൻെറ ലക്ഷ്യം നാട്ടിൽനിന്ന് നാശവും കുഴപ്പവും നിർമ്മാജ്ജ നം ചെയ്ത് സമാധാനം പുനഃസ്ഥാപിക്കലാകുന്നു.

അപ്പോൾ നാശബീജങ്ങളുൾക്കൊള്ളുന്നവരെ ഇസ്ലാമിന്റെ പേരിൽ സമരത്തിന്നിറക്കുന്നത് നിരർത്ഥമാണ്. ഇസ്ലാമിക സമരത്തിന്നു സജ്ജനങ്ങളുടേതായ ഒരു സംഘടന ശക്തിയാജ്ജിച്ചുയൎന്നു വരേണ്ടതുണ്ട്.

'ഇഖാമത്തുദ്ദീനിനു'വേണ്ടി നിലകൊള്ളുന്ന, മുസ്ലിംകളിൽ ശരിയായ ഇസ്ലാമിക ബോധം വളൎത്തുന്ന, ജാതിവ്യത്യാസംകൂടാതെ സകല ജനത്തിന്നും അല്ലാഹുവിന്റെ സത്യവ്യവസ്ഥയെ പരിചയപ്പെടുത്തുന്ന ഒരു പരിശുദ്ധ സംഘടന രംഗത്തു വരേണ്ടത് കാലത്തിന്റെ മൗലികമായൊരാവശ്യമത്രെ. ഏകദൈവ സിദ്ധാന്തത്തെയും അതിന്റെ താല്പര്യങ്ങളെയും കുറിച്ച് ജനങ്ങൾക്ക് ബോധനം നല്കുന്നതിനാണ് ആ സംഘടന ആദ്യമാദ്യം പരിശ്രമിക്കേണ്ടത്. ഇതത്രെ പ്രവാചകന്മാരുടെ മാൎഗ്ഗം.

# ശിർക്കു പ്രകൃതിതാല്പര്യമാണോ?

അധുനാതന യുഗത്തിൽ സകല കലാശാസ്ത്ര ഗവേഷണങ്ങളുടെയും അടിത്തറ പരിണാമ സിദ്ധാന്തമാകുന്നുവെന്നാണ് വെപ്പ്. ചരിത്രം, നിയമശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രമീമാംസ, തത്വശാസ്ത്രം, മതം, നാഗരികശാസ്ത്രം മുതലായവയുടെയെല്ലാം പ്രാഥമിക കണ്ണികൾ എങ്ങിനെയായിരുന്നുവെന്ന് അന്വേഷിച്ചറിയാനുള്ള അഭിവാഞ്ഛ ഈ കാലഘട്ടത്തിന്റെ ആസ്വാദന ശക്തിയിൽ ശക്തിയായ സ്വാധീനം ചെലുത്തിയിരിക്കയാണ്. എത്രത്തോളമെന്നാൽ പരിണാമപരമായ വിശകലനങ്ങൾ കൂട്ടിച്ചേർക്കാത്ത ശാസ്ത്രവിജ്ഞാനീയങ്ങൾ അപക്വവും അപൂർണ്ണവുമാണെന്ന് ധരിക്കപ്പെടുന്നു. ഫലമെന്തുണ്ടായെന്നല്ലേ? അമൂല്യങ്ങളായ നിരവധി വിജ്ഞാന സമ്പത്തുകളുടെ വിലയിടിഞ്ഞുവീണു. പരിണാമസിദ്ധാന്തത്തിൽ ഭ്രമിച്ച ആധുനിക മനുഷ്യൻ അവയെപ്പററി അബദ്ധങ്ങളെന്ന് അന്ധമായി വിധിയെഴുതി.

നരവംശത്തിന്റെ ശൈശവദശവരെ പുറകോട്ടു പോയിട്ടാണിന്ന് ജീവിതത്തിന്റെ സകല ശാഖകളെ കുറിച്ചും ഗവേഷണം നടത്തുന്നത്. മനുഷ്യസമുദായത്തിന്റെ ആദ്യ ദശകളെക്കുറിച്ചറിവു നല്കുന്ന എന്തൊരു മാർഗ്ഗമാണീ ഗവേഷകന്മാരുടെ പക്കലുള്ളത്? മാനവകുലത്തിന്റെ പ്രാരംഭം അന്ധകാരാവൃതമാണ്.

അതിന്നൊരു ലിഖിതചരിത്രമില്ല. അക്കാലത്തെക്കുറിച്ച് ആരെന്തുപറഞ്ഞാലും ഊഹങ്ങളിൽ കവിഞ്ഞൊന്നുമാവാൻ തരമില്ല. പക്ഷെ, ചിലർ തെററിദ്ധരിക്കുന്നു, പുരാണ വസ്തുശാസ്ത്രത്തിലും പ്രാണിശാസ്ത്രത്തിലും വൈദഗ്ദ്ധ്യം നേടിയവർ ആ അന്ധകാരത്തിലെ രജതരേഖകളാണെന്ന്. ഭൂമിയുടെ അട്ടുക്കുകൾ, ശിലാനിരകൾ, ഗുഹാന്തർഭാഗങ്ങളിലെ അവശിഷ്ടങ്ങൾ, കുഴിച്ചെടുക്കപ്പെടുന്ന എല്ലിൻകഷ്ണങ്ങൾ, മനുഷ്യാരംഭ ദശയിലെ ആയുധങ്ങൾ, പ്രാചീന മനുഷ്യൻെറ വളഞ്ഞു ചെരിഞ്ഞ അസ്ഥിപഞ്ജരങ്ങൾ മുതലായവയാണീ ഗവേഷകന്മാരുടെ ശാസ്ത്രവിജ്ഞാനീയത്തിൻെറ മൂലശില. അതിന്മേലിവർ സങ്കല്പ സൗധങ്ങൾ നിർമ്മിക്കുകയാണ്.

അവ അനുമാനങ്ങൾ മാത്രമാണെന്നേവരും സമ്മതിക്കുമെങ്കിലും പ്രാധാന്യം കല്പിക്കുന്നതവയ്ക്കാണ്. ഇന്ന് അവയുമായി യോചിക്കുന്നത് പരമാർത്ഥവും വിയോചിക്കുന്നത് അടിസ്ഥാന രഹിതവുമാണ്. ഈ ചിന്താഗതിയുടെ പ്രതികരണം എവിടെയെത്തിയെന്നല്ലേ? ദീർഘകാലമായി ലോകത്തുയർന്നുവന്ന സാമൂഹ്യ രാഷ്ട്രീയ വിപ്ലവ വാദങ്ങൾക്കെല്ലാം സ്വന്തം നിലനില്പിനുവേണ്ടി പരിണാമ സിദ്ധാന്തത്തിൻെറ സഹായം തേടേണ്ടി വന്നു. ഏതൊരു വാദവും ലോകം ചെവികൊള്ളണമെങ്കിൽ പരിണാമ സരണിയിലൂടെ ആവിഷ്കരിക്കണമെന്നായി. അങ്ങനെ പരിണാമവാദം സർവ്വാംഗീകൃതമായിത്തീർന്നു.

പ്രജായത്ത വാദികൾ തങ്ങളുടെ വാദത്തെ പരിണാമ ശൈലിയിൽ വാർത്തെടുക്കാൻവേണ്ടി വാദിച്ചു, മനുഷ്യൻ സാമൂഹ്യജീവിതത്തിലേക്ക് കാലൂന്നിയ

പ്രഥമഘട്ടംമുതലേ പ്രജായത്തം മനുഷ്യ പ്രകൃതിയാണെന്നു്. ഇതുപോലെ രാജവാഴ്ചയെ അനുകൂലിക്കുന്നവരും, അരാജകത്വ വാദികളും സോഷ്യലിസ്റ്റ് ചിന്താഗതിക്കാരുമെല്ലാം അവരവരുടെ ആശയങ്ങൾക്കനുസൃതമായി സാമൂഹ്യ ജീവിതത്തെ പരിണാമ വീക്ഷണമനുസരിച്ചു് വ്യാഖ്യാനിച്ചു ശരിപ്പെടുത്തി. എന്നാൽ പാവപ്പെട്ട മതത്തിനു് പരിണാമത്തെ അനുകൂലമായുപയോഗപ്പെടുത്താൻ സാധിച്ചില്ല. അതിനാൽ ചർച്ചു-കൾ ആദിയിലേ പരിണാമ വാദികളോടു് പിണങ്ങി. ചർച്ചിന്റെ പാറാവുകാരതിനെ ഒരു മതവിരുദ്ധ ചിന്താഗതിയായി ചിത്രീകരിച്ചു. പ്രത്യേക വ്യക്തിത്വം പുലർത്തുന്നതും ഇതര മതങ്ങളോടു സഹിഷ്ണുതയിൽ വർത്തിക്കാത്തതുമായ ചില മതങ്ങളതിനെ ഉപയോഗപ്പെടുത്താതിരിക്കാനായിരുന്നു അവരീശ്രമത്തിനു് മുൻകയ്യെടുത്തതു്. ഇതിന്റെ തിരിച്ചടിയെന്നോണം നിരീശ്വര വാദികൾ പരിണാമ വീക്ഷണത്തിലൂടെ ക്രിസ്തുമതത്തെയും ജൂതമതത്തെയും ഇസ്ലാംമതത്തെയും ഒരേ അണിയിൽ നിറുത്തി എതിർത്തു. അവർ വരച്ചുകാട്ടിയ 'മതത്തിന്റെ പരിണാമഗതി'പ്രകാരം അഭൗമികങ്ങളായ സകല മതങ്ങളുടെയും അടിത്തറ പൊളിഞ്ഞു പോകും.

നിരീശ്വരന്മാർ മതത്തിന്റെ പരിണാമ ഗതിയെ ഇങ്ങനെ ചിത്രീകരിച്ചു: "മനുഷ്യാരംഭം മുതലേ മതം ഇവിടെയുണ്ടു്. താനൊരു ജഡം മാത്രമല്ലെന്നും അത്യുന്നതമായൊരഭൗമ സത്ത തനിക്കുള്ളിൽ ലീനമാണെന്നും മനുഷ്യൻ ചിന്തിച്ചു തുടങ്ങിയപ്പോഴാണു് അവൻ മതത്തിനു തറക്കല്ലിട്ടതു്. ഭയത്തിൽനിന്നും ഭാവനയിൽനിന്നുമാണു് മതം ആദിയിൽ രൂപമെടുത്തതു്. ചില അദൃശ്യശക്തികളാൽ താൻ വലയം

ചെയ്യപ്പെട്ടിരിക്കയാണെന്നു് മനുഷ്യന്നുതോന്നി. അവിടെ നിന്നാണ് 'ഭയം' ജനിച്ചതു് ആ ശക്തികൾ തന്നെ അതിജയിച്ചുനില്ക്കുന്നവയാണെങ്കിൽ അവയെ ആദരിക്കുകയും ആരാധിക്കുകയും വേണമല്ലൊ എന്നവൻ ചിന്തിച്ചു. അവിടെനിന്നാണ് 'ഭാവന' നാമ്പെടുത്തതു്."

"ശരീരത്തിൻെറയും ശാരീരികങ്ങളുടെയും ചരിത്രം, പദാർത്ഥത്തിനു് ചലനശക്തിനല്കിയ പ്രഥമ ബിന്ദുവോടു് ബന്ധപ്പെട്ടിരിക്കുന്നതുപോലെ ആത്മാവിൻെറയും ആത്മീയങ്ങളുടെയും ചരിത്രം ഭയത്തിൻെറയും ഭാവനയുടെയും സമുച്ചയമായ 'ആത്മബിന്ദു'വോടു് ബന്ധപ്പെട്ടതാണ്. അതേ ഭയത്തിൻെറയും ഭാവനയുടെയും പരസ്പര പ്രവർത്തനത്തിൽനിന്നാണ് മതം ജന്മമെടുത്തതു്. ഈ മതസങ്കല്പം കർമ്മരൂപം സ്വീകരിച്ചപ്പോഴാണ് 'മതപര'മായ ആചാരാനുഷ്ഠാനങ്ങളുണ്ടായിത്തീർന്നതു്. ആകയാൽ മതം ഒരു പരിണാമപ്രവർത്തനത്തിൻെറ ഫലമാണ്. ജീവൻ പരിണമിച്ചപോലെ ഈ 'ആത്മീയത'യും പരിണമിച്ചു് വളർന്നിരിക്കയാണ്. ഒരുകാലത്തു് ഇഴജന്തുക്കളുടെ രൂപങ്ങളിൽ ഒതുങ്ങിപ്പതുങ്ങിക്കഴിഞ്ഞിരുന്ന ജീവൻ അത്യുൽകൃഷ്ടമായ മനുഷ്യാകൃതിയിലേക്കു് പരിണമിച്ചു് വളർന്നെത്തിയതുപോലെ പ്രകൃതിയാരാധനയിലും ഇന്ദ്രജാലത്തിലും ബന്ധിക്കപ്പെട്ടിരുന്ന 'ആത്മാവു്' ക്രമേണയായി ദൈവാരാധനയിലെത്തിച്ചേർന്നിരിക്കയാണ്"—ഇതാണവർ പ്രദർശിപ്പിച്ച മതപരിണാമചിത്രം.

ഈ ചിത്രീകരണത്തിലൂടെ പരിണാമ ശാസ്ത്രജ്ഞന്മാർ സമർത്ഥിക്കുന്ന വാദങ്ങളിതാണ്:

(1) മതത്തിൻെറ ആരംഭബിന്ദു ഭയമാണ്. പ്രകൃതിയുടെ പ്രതിഭാസങ്ങളിൽ നിന്നാണീഭയം ജനിച്ചത്. മേഘങ്ങളുടെ ഗർജ്ജനം, കൊടുങ്കാററുകളുടെ ഇരച്ചിൽ, അഗ്നിപർവ്വതങ്ങളുടെ ഭയങ്കര ദൃശ്യങ്ങൾ ആദിയായവ മനുഷ്യനെ ഭയചകിതനാക്കി. അതെല്ലാം ജീവനുള്ള ശക്തികളാണെന്ന് അവൻ ധരിച്ചുവശായി. അവയുടെ ഉപദ്രവങ്ങളിൽനിന്നു രക്ഷനേടാൻവേണ്ടി അവൻ അവയെ ആരാധിച്ചു തുടങ്ങി.

(2) ദൈവാരാധന പ്രകൃതി താല്പര്യമാണെന്ന വാദം ശരിയല്ല. കാരണം അങ്ങനെയാണെങ്കിൽ മതത്തിൻെറ ആവിർഭാവം ദൈവാരാധനയിൽ നിന്നാവേണ്ടിയിരുന്നു. പ്രകൃതിപൂജയിൽനിന്നും പദാർത്ഥപൂജയിൽനിന്നും ആകുമായിരുന്നില്ല; വിഗ്രഹാരാധനക്കും പിതൃപൂജക്കും ഖബർപൂജക്കും ചരിത്രത്തിലിത്ര ആധിക്യമുണ്ടാകുമായിരുന്നില്ല.

(3) സർവ്വ മതങ്ങളുടെയും അടിസ്ഥാനം ഒന്നാണ്. ഇസ്ലാംമതവും യഹൂദമതവും ആഫ്രിക്കൻ നീഗ്രോകളുടെ ഇന്ദ്രജാലപൂജയുമെല്ലാം ഒരുപോലെയാണ്. ഒരു വ്യത്യാസവുമില്ല. അതിനാൽ മതങ്ങൾ തമ്മിൽ സഹിഷ്ണുതയിൽ വർത്തിക്കണം. സഹിഷ്ണുത സകല മതങ്ങൾക്കും ഒരംഗീകൃത സിദ്ധാന്തമായിരിക്കണം.

പരിണാമക്കാരുടെ ഈ വാദഗതികൾ യുക്തിക്കും പ്രമാണത്തിനും എതിരാണ്. അത്ഭുതമെന്നേ പറയേണ്ടൂ, പരമാബദ്ധങ്ങളായ ഈ വാദങ്ങൾ ചില മത പണ്ഡിതന്മാരെ ആകർഷിച്ചിരിക്കുന്നു. ഈ മാദ്ധ്യങ്ങൾ അവരുടെ മതഗ്രന്ഥങ്ങളിൽ സ്ഥലം പിടിക്കുകയും ചെയ്തിരിക്കുന്നു.

മനുഷ്യനിൽ ആദ്യം അങ്കുരിച്ച വികാരം ഭയമാണെന്നും അതിൽനിന്നാണ് മതം പൊട്ടിമുളച്ചതെന്നും പറയുന്നത് ഒരു തലതിരിഞ്ഞ വാദമാണ്. ഭയം മനുഷ്യനു ജനിക്കുന്നതിൻെറ യാഥാർത്ഥ്യമെന്താണെന്നു ചിന്തിച്ചുനോക്കുക. അനുഗ്രഹങ്ങൾ നഷ്ടപ്പെട്ടുപോയേക്കുമോ എന്ന ആശങ്കയാണ് വാസ്തവത്തിൽ ഭയം. ജീവൻ, ഭൗതികസാമഗ്രികൾ, ഭാര്യാസന്താനങ്ങൾ തുടങ്ങിയ പലതും മനുഷ്യന്നേററവും വിലപ്പെട്ട അനുഗ്രഹങ്ങളാണെന്നവൻ കരുതുന്നു. ആ അനുഗ്രഹങ്ങൾ തനിക്ക് വിനഷ്ടമാകുമോ, അവ തന്നിൽനിന്ന് പിടിച്ചെടുക്കപ്പെടുമോ എന്ന ഭയാശങ്കകളാണ് മനുഷ്യനിൽ ഉൽഭൂതമാകുന്നത്. ഇവിടെവെച്ചാണ് ഭയം പിറവിയെടുക്കുന്നത്. അപ്പോൾ ആദ്യമുണ്ടാകുന്നത് ഭയമല്ല, അനുഗ്രഹങ്ങളെക്കുറിച്ചുള്ള ബോധമാണ്. അനുഗ്രഹങ്ങളെക്കുറിച്ച ബോധമില്ലാത്തവന്നെന്തു ഭയമാണ്?

അനുഗ്രഹ ബോധമാണ് മനുഷ്യനിലാദ്യമുളവാകുന്നതെന്നു വരുമ്പോൾ സ്വാഭാവികമായും അവൻ അനുഗ്രഹ ദാതാവിനെക്കുറിച്ച ചിന്തിച്ചിരിക്കേണ്ടതല്ലേ? കാരുണ്യ മൂർത്തിയായ ഒരനുഗ്രഹ ദാതാവിനെക്കുറിച്ച ചിന്തിക്കുമ്പോൾ മനുഷ്യഹൃദയം പ്രകൃത്യാ കൃതജ്ഞതാ വികാരത്താൽ നിറഞ്ഞൊഴുകാതിരിക്കാൻ തരമില്ല. ഈ കൃതജ്ഞതാ ബോധം അനുഗ്രഹ ദാതാവിനെ ആരാധിക്കണമെന്നും അവന്നു് ആദരാഞ്ജലികളർപ്പിക്കണമെന്നും മനുഷ്യനോട് കല്പിക്കുന്നു. ഈ കൃതജ്ഞതാ ബോധത്തിൽനിന്നാണ് മതം ആവിർഭവിച്ചത്. ഇവിടെ വെച്ചാണ് ദൈവാരാധന രൂപമെടുത്തത്.

മനുഷ്യൻ പ്രകൃതിശക്തികളെയും പ്രകൃതി വസ്തുക്കളെയും കണ്ടപ്പോൾ ഭയവിഹ്വലനായി അവയുടെ മുമ്പിൽ തലകുനിക്കാനും പൂജിക്കാനും തുടങ്ങിയെന്ന വാദം ശരിയാണെങ്കിൽ അതിനേക്കാൾ മുമ്പ് ശരിയാവേണ്ടത് അവൻ അനുഗ്രഹങ്ങളാസ്വദിച്ചപ്പോൾ അനുഗ്രഹദാതാവിനോടുള്ള കൃതജ്ഞതാ വികാരത്താൽ അവനെ ആരാധിച്ചു തുടങ്ങിയെന്ന വാദമാണ്. എപ്പോഴെങ്കിലും സംഭവിക്കുന്ന അത്യാഹിതങ്ങളാൽ ഞെട്ടി വിറച്ച് പ്രകൃതിവസ്തുക്കളെ പൂജിച്ചുവെന്നു അനുമാനിക്കുന്നതിനേക്കാൾ യുക്തിസഹമായിട്ടുള്ളത് അനുനിമിഷം അനുഭവിച്ചുകൊണ്ടിരുന്ന അനുഗ്രഹങ്ങൾക്ക് കൃതജ്ഞത കാണിച്ചുകൊണ്ട് കരുണാനിധിയായ ദൈവത്തെ ആരാധിച്ചുവെന്ന് ഗ്രഹിക്കുന്നതാണ്. അനുഗ്രഹ ദാതാവിനെക്കുറിച്ചുള്ള ബോധവും അവനോടുള്ള കൃതജ്ഞതാ വികാരവും മനുഷ്യനെ കുഫ്റിലേക്കും ശിർക്കിലേക്കും നയിക്കാൻ കാരണമില്ല. സ്വാഭാവികമായും അതവനെ ഏകദൈവ വിശ്വാസത്തിലേക്കും ഏകദൈവാരാധനയിലേക്കുമാണ് പ്രേരിപ്പിക്കുക. മനുഷ്യപ്രകൃതിയുടെ പ്രഥമമായ പ്രതിധ്വനി ദൈവസ്തോത്രവും ദൈവത്തോടുള്ള കൃതജ്ഞതാ പ്രകടനവുമാണെന്ന് വ്യക്തമാണ്. വി: ഖുർആൻ الحمد لله رب العالمين (സർവ്വസ്തോത്രവും ലോകപരിപാലകനായ അല്ലാഹുവിന്നാകുന്നു) എന്നാരംഭിച്ചുകൊണ്ട് ഇതേ തത്വത്തിലേക്കാണ് ചൂണ്ടുന്നത്.

ഇതത്രെ പരിണാമവാദക്കാർക്കെതിരിൽ നാമുന്നയിക്കുന്ന സിദ്ധാന്തം. അനുഭവങ്ങൾ നമ്മുടെ സിദ്ധാന്തത്തെയാണ് ബലപ്പെടുത്തുന്നത്. നോക്കുക, മനുഷ്യഹൃദയത്തിൽ 'ഭയം' ജനിപ്പിക്കുന്ന 'പ്രകൃതിയുടെ

വികൃതികൾ അപൂർവ്വ സംഭവങ്ങളാണ്. ഭൂകമ്പം, അഗ്നിപർവ്വതത്തിൻെറ പൊട്ടിത്തെറിക്കൽ, കൊടുങ്കാററ്, ഇടിമുഴക്കം ആദിയായവ നിത്യസംഭവങ്ങളാണോ? അല്ല. നേരെമറിച്ച് മനുഷ്യനിൽ ദൈവസ്മരണയും കൃതജ്ഞതാബോധവും ഉളവാക്കുന്ന അനുഗ്രഹവർഷങ്ങൾ ധാരമുറിയാതെ അവൻെറമേൽ പൊഴിച്ചുകൊണ്ടിരിക്കുന്നു. ബോധവാനായ മനുഷ്യൻ എവിടെയുമെപ്പോഴും ദൈവത്തിൻെറ അനുഗ്രഹങ്ങളാണ് ദർശിക്കുന്നത്. മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളും പ്രഭാകിരണങ്ങൾ വിതറുന്ന സൂര്യനും നീലിമയുള്ള ആകാശവും മനുഷ്യനെ സദാ ആകർഷിക്കുകയും അവനിൽ ദൈവസ്മരണ പുതുക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. മേഘങ്ങളുടെ ഔദാര്യങ്ങളും വൃക്ഷങ്ങളുടെ ഫലങ്ങളും അവനെപ്പോഴുമെപ്പോഴും ആസ്വദിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ അപൂർവ്വ സംഭവങ്ങളെ അപേക്ഷിച്ച് നിത്യ സംഭവങ്ങളാണല്ലൊ മനുഷ്യനെ സ്വാധീനിക്കാൻ കൂടുതൽ യോഗ്യമായിരിക്കുക.

പ്രാണിശാസ്ത്രജ്ഞന്മാർ പ്രാകൃതയുഗത്തെ അതിഭയാനകമായി ചിത്രീകരിച്ചു കാണിക്കുന്നു. പ്രാകൃത മനുഷ്യൻ പ്രകൃതിയുടെ ഭീകരതയും ഭീമാകൃതിയും കണ്ട് പേടിച്ചു വിറച്ച് അതിനെ പൂജിക്കാനൊരുങ്ങിയെന്നു വരുത്തിത്തീർക്കാനാണ് ശ്രമം. ഇത് സത്യസന്ധമായ ശ്രമമല്ല. ഒന്നാമത്, അവരുടെ ചിത്രീകരണം അതിശയോക്തിപരമാണ്. രണ്ടാമത്, ആധുനികമനുഷ്യൻെറ സുന്ദരവും ലളിതകോമളവുമായ ജീവിതവെളിച്ചത്തിലാണവർ പ്രാകൃതമനുഷ്യനെ നോക്കിക്കാണാൻ ശ്രമിക്കുന്നത്. ഇവിടെ നമുക്കു പറവാനുള്ളത് ഇതാണ്:

KOTTAYAM PUBLIC LIBRARY KOTTAYAM

"പ്രാകൃത യുഗത്തിൽ പ്രകൃതിയുടെ ആകൃതി ഇന്നത്തേതിൽനിന്നു വ്യത്യസ്തമായിരുന്നുവെങ്കിൽ അന്നത്തെ മനുഷ്യനും ഇന്നത്തെ അപേക്ഷിച്ചു വ്യത്യസ്തമായ നിലയിലായിരുന്നു. പ്രകൃതി അന്നു വികൃതവും വിരൂപവുമാണെങ്കിൽ പ്രാകൃത മനുഷ്യൻ അതുമായി പരിചയിച്ചിണങ്ങിയിരിക്കണം. ഇന്നുള്ളത്ര സൗന്ദര്യം പ്രകൃതിക്ക് അന്നുണ്ടായിരുന്നില്ലെങ്കിൽ അന്നത്തെ മനുഷ്യൻ ഇന്നത്തെപോലെ സൗന്ദര്യാരാധകനായിരുന്നില്ല. അന്ന് ഭൂമി ഇന്നത്തെപോലെ ഫലഭൂയിഷ്ഠവും വാസയോഗ്യവുമായിരുന്നില്ലെങ്കിൽ അന്നത്തെ മനുഷ്യൻ ഇന്നത്തെപോലെ ആഡംബരപ്രിയനായിരുന്നില്ല. ഇന്നത്തെ നാഗരിക ജീവിതസൗകര്യങ്ങൾ അവന്റെ പക്കൽ അത്ര പ്രധാനമായിരുന്നില്ല. അന്നു ആപത്തുകളും അത്യാഹിതങ്ങളും അധികമായിരുന്നെങ്കിൽ അവൻ ഇന്നത്തെ മനുഷ്യനെപ്പോലെ ഭീരുവും അബലനുമായിരുന്നില്ല. അനേകകാതം ദൂരത്തേക്കോടി മറയാനും കുരങ്ങുകളെപ്പോലെ വൃക്ഷങ്ങളിൽ പാഞ്ഞുകയറാനും അവനു സാധിച്ചിരുന്നു. തീ കത്തിച്ചുകൊണ്ടും ഇലകൾ തുന്നിപ്പിടിപ്പിച്ച് ധരിച്ചുകൊണ്ടും ശൈത്യോഷ്ണങ്ങളുടെ ഉഗ്രതയിൽനിന്നു അവൻ രക്ഷപ്പെട്ടിരുന്നു. വന്യ ജന്തുക്കളിൽനിന്നും ഹിമപാതത്തിൽനിന്നും രക്ഷപ്പെടാൻ ഗുഹാന്തരങ്ങളിൽ ഒളിച്ചിരിക്കാൻ അവനു സാധിച്ചിരുന്നു. വേട്ടയാടി വിശപ്പടക്കാൻ അവനു തീരെ പ്രയാസമുണ്ടായിരുന്നില്ല."

ചുരുക്കത്തിൽ ഇന്നു തോന്നുന്നപോലെ ആ പ്രാകൃത ചുററുപാടിൽ അവനൊരുഞെരുക്കവും അനുഭവപ്പെട്ടിരുന്നില്ല. അതുകൊണ്ടു അന്നത്തെ മനുഷ്യനെസ്സംബന്ധിച്ചു താൻ ജീവിച്ചുവളരുന്ന ദിനരാത്രങ്ങൾ കഴിച്ചുകൂട്ടിയിരുന്ന

ചുററുപാടിനെക്കുറിച്ചു ഭയവിഹ്വലനായിരുന്നുവെന്ന് വാദിക്കുന്നത് ശരിയല്ല. യുക്തിഹീനമായൊരു വാദമാണത്. വർത്തമാനത്തെ ഭൂതത്തിലേക്ക് തള്ളുക യെന്ന ഒരു സൂത്രം ആ വാദത്തിൽ പ്രയോഗിച്ചിട്ടുണ്ട്. അതായത്, ഇരുപതാം നൂററാണ്ടിലെ മനുഷ്യനെ ശിലായുഗത്തിനു മുമ്പുള്ള കാലഘട്ടത്തിലേക്കു കൊണ്ടു പോയി നിറുത്തിക്കൊണ്ടാണ് അനുമാനസൗധങ്ങൾ നിർമ്മിക്കുന്നത്.

'ബഹുദൈവത്വം പരിണമിച്ചുണ്ടായതാണ് ഏക ദൈവത്വം' എന്നു സമർത്ഥിക്കാൻ മതവിരുദ്ധരായ ഗവേഷകന്മാർ തട്ടിമൂളിക്കുന്ന മറെറാരു 'സിദ്ധാന്തം' ഇതാണ്: "പിതൃപൂജയാണ് ആദിമ മനുഷ്യർക്കിടയിൽ ഉണ്ടായിരുന്ന മതാചാരം. കുടുംബത്തിലെ മുത്തച്ഛനെക്കുറിച്ചുള്ള ഭയത്തിൽനിന്നാണ് അതുടലെടുത്തത്. മനുഷ്യൻെറ പ്രാകൃത ചിന്തകളുടെ (Early Thougts) ഉത്ഭവസ്ഥാനം അതേ ഭയമാണ്".

ഈ സിദ്ധാന്തവും കേവലം പൊള്ളയാണെന്നു ഗ്രഹിക്കാൻ വലിയ ബുദ്ധിസാമർത്ഥ്യമൊന്നും ആവശ്യമില്ല. നോക്കുക, മക്കൾ മുത്തച്ഛനെ ഭയപ്പെടുന്നതെന്തുകൊണ്ടാണ്. മുത്തച്ഛൻ ക്രൂരനും ഭീമകായനുമായതുകൊണ്ടാണോ? അല്ല. അച്ഛനമ്മമാരോട് സന്താനങ്ങൾക്ക് ഭയമുണ്ടാകുന്നത് അവരോടുള്ള സ്നേഹം നിമിത്തമാണ്. രക്ഷിതാക്കൾ സന്താനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും സാധിപ്പിച്ചുകൊടുക്കുമ്പോൾ അവരോട് എന്തെന്നില്ലാത്ത സ്നേഹവും ബഹുമാനവും ജനിക്കുക സ്വാഭാവികമാണ്. അതിൽനിന്നാണ് അവരെക്കുറിച്ചു ഭയമുണ്ടാകുന്നത്. അതു കേവലം ഭയമല്ല, സ്നേഹം

കലന്ന ഭയമാണ്. അപ്പോൾ മുത്തച്ഛന്മാരെക്കുറിച്ച് ആദ്യമുണ്ടാകുന്നത് ഭയമല്ല, സ്നേഹമാണ്.

ഈ സ്നേഹം മുത്തച്ഛനെ വണങ്ങാനും വന്ദിക്കാനും പ്രേരിപ്പിക്കില്ലേയെന്നു ചോദിക്കാം. ഒരു പരിധി വരെ അതു ശരിയാണ്. ഒരു ശിശുവിൻെറ ദൃഷ്ടിയിൽ അതിൻെറ പിതാവിന്നപ്പുറം ആരുമില്ല. ശിശുവിൻെറ 'അഖില പ്രപഞ്ചം' പിതാവാണ്. പക്ഷെ ശിശു വളൎന്നു വലുതാകുമ്പോൾ, അവനും ഒരു പിതാവാകുമ്പോൾ അവന്നു ബോധ്യമാകും, മാതാപിതാക്കളുടെ അനുഗ്രഹങ്ങൾക്കെല്ലാം ഒരു പരിധിയുണ്ടെന്നു്; അവരുടെ അനുഗ്രഹങ്ങളെക്കാൾ മുമ്പായും കൂടുതലായും മററാരജ്ഞ്യ ശക്തിയുടെ അനുഗ്രഹകടാക്ഷങ്ങളാണവൻ ധാരാളം അനുഭവിക്കുന്നതെന്നു്; പിതാവാകുന്ന അനുഗ്രഹം തന്നെയും ആ അദൃശ്യ ശക്തിയുടെ ഔദാൎയ്യമാണെന്നു്. തൻെറമേൽ എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ കോരിച്ചൊരിയുന്ന ആ അദൃശ്യ ശക്തിയെക്കുറിച്ചു—കരുണാനിധിയായ സ്രഷ്ടാവിനെക്കുറിച്ചു—വിവേകമുദിച്ച മനുഷ്യൻ മനസ്സിലാക്കിത്തുടങ്ങുമ്പോൾ ആ യജമാനൻെറ മുമ്പിൽ സ്നേഹാദരപുരസ്സരം തല കുനിക്കുക സ്വാഭാവികം മാത്രമാണ്. ആ കരുണാമൂൎത്തിയോട് വിനയവും ഭക്തിയും വണക്കവും കാണിക്കുക പ്രകൃതിതാല്പൎയ്യമാണ്. അപ്പോൾ മുത്തച്ഛനെയല്ല, ലോകപരിപാലകനായ ദൈവത്തെയാണ് മനുഷ്യൻ ആരാധിക്കുകയുംഭയപ്പെടുകയുംചെയ്യുക. അതിനാൽ പിതൃപൂജ മനുഷ്യപ്രകൃതിയായിരിക്കാൻ സാധ്യത കാണുന്നില്ല. മനുഷ്യനെക്കാലത്തും ശിശുവായിരുന്നെങ്കിൽ നിസ്സംശയം അവൻെറ മതം പിതൃപൂജയിൽ നിന്നാരംഭിച്ചു 'ഉപദ്രവപൂജയി'ൽ ചെന്നവസാനിക്കുമായിരുന്നു.

പക്ഷെ ശിശുക്കൾ വിവേകമുള്ളവരായിത്തീരുമെങ്കിൽ, മതം വിവേകമുള്ളവരുടെ 'നിർമ്മിതി'യാണെങ്കിൽ, പിതാക്കളുടെ നന്മകളനുസ്മരിച്ച് സന്തതികൾ അവരെ ആരാധിക്കുമെങ്കിൽ അതേ വാദമനുസരിച്ചു നാം ചോദിക്കുന്നു, പിതാക്കൾക്ക് തീരെ പങ്കില്ലാത്ത അസംഖ്യം അനുഗ്രഹങ്ങൾ സന്തതികളെ അനുനിമിഷം തലോടിക്കൊണ്ടിരിക്കുമ്പോൾ അതെപ്പററി അവർ ചിന്തിക്കില്ലേയെന്ന്; അങ്ങനെ കൃപാലുവായൊരുന്നതാസ്തിക്യത്തെക്കുറിച്ചുള്ള ഭാവന മനുഷ്യഹൃദയത്തിൽ ഉദയംകൊള്ളുക സംഗതമല്ലേയെന്ന്. *

'മതത്തിൻെറ പരിണാമഗതി'യെപ്പററി മതവിരോധികളായ പരിണാമവാദികൾ ചിത്രീകരിച്ചു കാണിക്കാറുള്ള രണ്ടു വാദഗതികളാണ് മുകളിൽ ഉദ്ധരിച്ചു ഖണ്ഡിച്ചത്. മതത്തിൻെറ ആരംഭബിന്ദു—എങ്ങിനെ ചിന്തിച്ചാലും—'ഭയം' ആയിരിക്കാൻ തരമില്ലെന്നും, 'സ്നേഹം' ആയിരിക്കാനേ നിർവ്വാഹമുള്ളുവെന്നും ഇപ്പോൾ തെളിഞ്ഞു കഴിഞ്ഞു.

---

* മതത്തിൻെറ ഉത്ഭവത്തെസ്സംബന്ധിച്ച് പരിണാമശാസ്ത്രജ്ഞന്മാർ സമർത്ഥിക്കാറുള്ള രണ്ടു വാദഗതികളെയാണിവിടെ നിരൂപണവിധേയമാക്കിയിരിക്കുന്നത്. അവർ തങ്ങളുടെ വാദങ്ങളെ ശാസ്ത്രീയ ശൈലിയിലാവിഷ്ക്കരിക്കാറുള്ളതുകൊണ്ടാണ് നിരൂപണത്തിൽ നാം അവരുടെ അതേ ശൈലി കൈക്കൊണ്ടിരിക്കുന്നത്. മതോല്പത്തിയെക്കുറിച്ചു വേറെയും കെട്ടുകഥകൾ അവർ പടച്ചുപ്രചരിപ്പിച്ചിട്ടുണ്ട്. ഉദാഹരണമായി, മതത്തിൻെറആരംഭം 'കുലചിഹ്നഭക്തി'യാണെന്നു ചിലർ; ആദിമമനുഷ്യൻ എന്തോ ചില ലഹരിപദാർത്ഥങ്ങളുപയോഗിച്ചപ്പോഴുണ്ടായ ഗോഷ്ഠികളാണ് മതമെന്നു മററു ചിലർ.....; ലൈംഗികേച്ഛയാണ് മതത്തിൻെറ അടിത്തറയെന്നു വേറെ ചിലർ. ഇത്തരം അസംബന്ധങ്ങളും അന്ധവിശ്വാസങ്ങളും ഖണ്ഡനമർഹിക്കുന്നില്ലെന്ന് വ്യക്തം.

പരിണാമവാദികൾ സമത്ഥിച്ച ആദ്യത്തെ ന്യായ മനുസരിച്ച്, ദൈവസ്മരണയും ദൈവാരാധനാബോധവു മാണ് പ്രഥമമായി മനുഷ്യ ഹൃദയത്തിൽ അങ്കുരിക്കുക യെന്നും, ദൈവേതര വസ്തുക്കളെ ഭയന്ന് അവയെ ആരാ ധിക്കണമെന്ന വിചാരം കേവലം ബുദ്ധിമോശംകൊണ്ടും മനുഷ്യപ്രകൃതിയുടെ പ്രതിധ്വനിയെക്കുറിച്ചുള്ള അശ്ര ദ്ധകൊണ്ടും ഉളവാകുന്ന, പ്രകൃതിവിരുദ്ധമായ ഒന്നാ ണെന്നും വ്യക്തമായി. രണ്ടാമത്തെ ന്യായമനുസരിച്ച്, പിതൃസ്നേഹം മനുഷ്യനെ ദൈവസ്നേഹത്തിലേക്കെത്തി ക്കുമെന്നും സ്നേഹത്തിൻെറ പരിണാമഗതിയിൽ മനു ഷ്യൻ പിതാവിനെ വിട്ട് ദൈവത്തെ അവലംബിക്കു മെന്നും സ്പഷ്ടമായി. അല്ലെങ്കിൽ ആത്മീയ പരിണാമ മാഗ്ഗത്തിൽ അസ്വാഭാവികമായി നിശ്ചലാവസ്ഥ ഉണ്ടാ യെന്ന് പറയേണ്ടിവരും.

മാതാപിതാക്കളോടുള്ള സ്നേഹാദരങ്ങൾ മനുഷ്യ ക്കിടയിൽ അതിപുരാതനകാലം മുതല്ക്കേ നിലനിന്നുപോ രുന്നുവെന്നത് നിസ്തക്കമാണ്. പക്ഷേ ആ സ്നേഹവി കാരം പ്രായപൂത്തിയോടുകൂടി ദൈവത്തോട് ബന്ധിക്കു കയും ദൈവാരാധനയിൽ ചെന്നുചേരുകയും ചെയ്യുന്നു. അത് പിതൃപൂജയിലേക്കോ ഗോത്രപൂജയിലേക്കോ മനു ഷ്യനെ വലിച്ചിഴക്കുമെന്ന വാദം യുക്തിസഹമല്ല; മനുഷ്യപ്രകൃതിയുടെ താല്പര്യവുമല്ല. ആരാധന ദൈവ ത്തിനുമാത്രം അപ്പിക്കണമെന്നും, മാതാപിതാക്കൾക്ക് ന ന്മ ചെയ്യണമെന്നും വേദഗ്രന്ഥങ്ങൾ ഒരേയവസരത്തിൽ ഉണത്തുമ്പോൾ മനുഷ്യൻെറ ഇതേ പ്രകൃതി വികാര ത്തെ പരിഗണിച്ചുകൊണ്ടാണതെന്നു മനസ്സിലാക്കണം. ഈ രണ്ടു കാര്യങ്ങളെയും ഒരേ സ്ഥലത്ത് തുടത്തിപ്പറ ഞ്ഞത് ഖുർആനിലും തൗറാത്തിലും കാണാം.

ദൈവത്തിൻേറയും മാതാപിതാക്കളുടേയും അവകാശങ്ങളെക്കുറിച്ചുള്ള ബോധം മനുഷ്യപ്രകൃതിയിൽ പണ്ടുപണ്ടേ ഉള്ളതാണ്. മനുഷ്യഹൃദയത്തിൽ ആദ്യം മുളയെടുക്കുന്നത് അച്ഛനമ്മമാരുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധമാണെങ്കിലും സ്ഥാനത്തിൽ മുന്തിനില്ക്കുന്നത് ദൈവത്തിൻെറ അവകാശങ്ങളെക്കുറിച്ചുള്ള വിചാരമാണ്. മനുഷ്യഹൃദയം ദൈവകാരുണ്യത്തെക്കുറിച്ചുണരുമ്പോൾ ദൈവത്തോടുള്ള കടപ്പാടുകൾക്ക് മുൻഗണന നല്കുന്നു. ഏതുപോലെയെന്നാൽ, വീട്ടിൻെറ തോരണങ്ങൾ തട്ടിൻപുറത്ത് കയറും മുമ്പ് മീതെയായിരിക്കും; കയറിയാൽ താഴെയും. മനുഷ്യചിന്ത ദൈവത്തിലേക്കെത്തിക്കഴിഞ്ഞാൽ അവന്ന് വ്യക്തമാകും, തന്നെ ലാളിച്ചു വളർത്തിയ മാതാപിതാക്കൾ വാസ്തവത്തിൽ അല്ലാഹുവിൻെറ അനുഗ്രഹങ്ങളിൽ ഒന്നുമാത്രമാണെന്ന്; അതിന്ന് അല്ലാഹുവോട് കൃതജ്ഞത കാണിക്കാൻ താൻ ബാധ്യസ്ഥനാണെന്ന്. അപ്പോൾ വിവേകമുള്ള മനുഷ്യൻ മാതാപിതാക്കളെ സ്നേഹിക്കുമെങ്കിലും ആരാധിക്കില്ല. ആരാധന സർവ്വശക്തനായ ദൈവത്തിന്നുമാത്രമേ അർപ്പിക്കൂ.

സന്താനങ്ങളുടെമേൽ രക്ഷിതാക്കൾക്ക് നിരവധി അധികാരങ്ങൾ ഇസ്ലാം വകവെച്ചു കൊടുക്കുന്നു. അതേ ഇസ്ലാം ഖണ്ഡിതമായി വിധിച്ചിരിക്കുന്നു, സന്താനങ്ങളെ ശിർക്കിലേക്കും ദൈവ ധിക്കാരത്തിലേക്കും പ്രേരിപ്പിക്കാൻ മാതാപിതാക്കൾക്കധികാരമില്ലെന്ന്. അല്ലാഹു പറയുന്നത് കാണുക:

وَإِنْ جَاهَدَاكَ عَلَىٰ أَنْ تُشْرِكَ بِي مَا لَيْسَ لَكَ بِهِ عِلْمٌ فَلَا تُطِعْهُمَا....

"ഏതൊന്നിനെക്കുറിച്ച് നിനക്കു് ജ്ഞാനമില്ലയോ അതിനെ എന്നോട് പങ്കുചേക്കാൻ അവർ (മാതാപിതാക്കൾ) നിന്നെ നിർബ്ബന്ധിച്ചാൽ നീ അവരെ അനുസരിക്കരുത്."

'ഖുർആനിലും മററു വേദഗ്രന്ഥങ്ങളിലും യഥാർത്ഥ ദൈവഭക്തന്മാരുടെ സൽഗ്ഗുണങ്ങൾ വിവരിച്ച കൂട്ടത്തിൽ അവർ ദൈവത്തോട് കൂടുതൽ ഭയമുള്ളവരായിരിക്കുമെന്നു പറഞ്ഞിട്ടുണ്ടല്ലൊ. ഇതിൽനിന്നു് 'ഭയ' മാണ് മതത്തിൻെറ ഉത്ഭവസ്ഥാനമെന്നു വരുന്നില്ലേ' എന്നു് പരിണാമ വാദികൾക്കുവേണ്ടി ചോദിക്കാം. പക്ഷെ അത് കഴമ്പില്ലാത്ത ചോദ്യമാണ്. കാരണം, 'ദൈവഭയം' കൊണ്ടു വിവക്ഷിക്കപ്പെടുന്നതെന്ത്? മനുഷ്യൻ ദൈവത്തെ ഭയപ്പെടുന്നതെങ്ങിനെ, എന്തുകൊണ്ട്? ഒരുപദ്രവജന്തുവെ കണ്ടാലുള്ള ഭയമാണൊ 'ദൈവം' എന്നു പറയുമ്പോൾ മനുഷ്യനുണ്ടാവുന്നത്? ഒരിക്കലുമല്ല. അങ്ങിനെയുള്ള ദൈവഭയം ഇസ്ലാമിൽ പരിഗണിക്കപ്പെടില്ല. ചങ്കീസ്, തൈമൂർ, സിംഹം, ആന, സർപ്പം, തേൾ മുതലായ ഉപദ്രവ ജീവികളെ ഭയപ്പെടുന്നതുപോലെ ദൈവത്തെ പേടിച്ചാൽ അത് മതഭക്തിയാകുമോ? വാസ്തവത്തിൽ മതം താല്പര്യപ്പെടുന്ന 'ഭയഭക്തി'യുടെ അടിസ്ഥാനം 'ദൈവസ്നേഹ'മാണ്. അല്ലാഹുവിൻെറ എണ്ണമററ അനുഗ്രഹങ്ങളെയും അവൻെറ പവിത്ര നാമങ്ങളെയും ഓക്കുമ്പോൾ മനുഷ്യ ഹൃദയം അല്ലാഹുവിനെ അതിരററു സ്നേഹിക്കുന്നു. അല്ലാഹുവിനെ കൂടുതൽ ചിന്തിച്ചറിയുന്നവർ അവനെ കൂടുതൽ സ്നേഹിക്കുന്നു. ആർ അല്ലാഹുവിനെ അറിഞ്ഞു കൂടുതൽ സ്നേഹിക്കുന്നുവോ

അവരവനെ കൂടുതൽ ഭയപ്പെടുന്നു. വി. ഖുർആൻ പറയുന്നു: إنما يخشى الله من عباده العلماء (അല്ലാഹുവിന്റെ അടിയാറുകളിൽനിന്ന് അറിവുള്ളവർ മാത്രമേ അവനെ ഭയപ്പെടുകയുള്ളു.) ഭക്തജനങ്ങൾക്കുള്ള 'ദൈവഭയ'ത്തിന്റെ മുന്നോടിയും 'ദൈവസ്നേഹ'മാണെന്നു ചുരുക്കം.

മതത്തിന്റെ ഉത്ഭവസ്ഥാനം ഭയവും പ്രകൃതിയാരാധനയുമാണെന്ന വാദഗതിയുടെ സമഗ്രഖണ്ഡനം മുകളിൽ വന്നു. പക്ഷെ പരിഗണനാർഹമായ ഒരു സംശയം പിന്നെയും അവശേഷിക്കുന്നുണ്ട്. അതിനു നിവാരണം കാണുകയാണ് ഇനിയത്തെ ശ്രമം. സംശയം ഇതാണ്: "ആത്മീയ പരിണാമഗതിയുടെയും മനുഷ്യപ്രകൃതിയുടെയും താല്പര്യം സാക്ഷാൽ ദൈവാരാധനയാണെങ്കിൽ വിഗ്രഹാരാധനയുടെയും പിതൃപൂജയുടെയും സാക്ഷ്യങ്ങൾ ചരിത്രത്തിലിത്രയധികം ഉണ്ടാവാൻ കാരണമെന്ത്? അന്ധകാരയുഗത്തിലെ അവശിഷ്ടങ്ങളും ലിഖിതചരിത്ര രേഖകളും ശിർക്കിന്റെ ആധിക്യത്തിന് സാക്ഷി നില്ക്കുന്നു. ഏശുവിനു ശേഷം ആറു നൂററാണ്ടുകൾ വേണ്ടിവന്നില്ല, ക്രിസ്ത്യാനികൾ ഏശുവിന്റെയും മററു പുണ്യവാളന്മാരുടെയും പ്രതിരൂപങ്ങളെ ആരാധിച്ചു തുടങ്ങി; ചിത്രപൂജ അവർക്കിടയിൽ സാർവ്വത്രികമായിത്തീർന്നു. ക്രിസ്ത്യാനികൾ ന്യായപ്രമാണമായി അംഗീകരിക്കുന്ന പഴയ വേദത്തിൽ അതെപ്പററി ശക്തിയായ നിരോധം ഉണ്ടായിരുന്നു. യഹൂദികൾ പലപ്പോഴും നഗ്നമായ ബിംബാരാധനയിലേക്കു വഴുതിപ്പോയിട്ടുണ്ട്. അവർ പേറിനടക്കുന്ന വേദപുസ്തകത്തിന്റെ–തൗറാത്തിന്റെ–മൗലിക പ്രബോധനം തൗഹീദായിരുന്നു. വിഗ്രഹപൂജയെ അതിൽ കഠിനമായി

അധിക്ഷേപിച്ചിട്ടുണ്ട്. എന്നിട്ടും ഏകദൈവത്വത്തിന്റെ വലയത്തിൽ ദീർഘകാലം ഉറച്ചുനില്ക്കുവാനവർക്ക സാധിച്ചില്ല. ഇബ്രാഹീം നബിയുടെ കഥ വളരെ പ്രസിദ്ധമാണ്. അദ്ദേഹം ഏകദൈവ സിദ്ധാന്തത്തിന്റെ പേരിൽ സ്വദേശം വെടിഞ്ഞു. ഏകനായ അല്ലാഹുവെ മാത്രം ആരാധിക്കാൻ ഒരു വിജനസ്ഥലത്ത് ഒരു മന്ദിരം പണിതു. ആ പരിശുദ്ധമന്ദിരത്തെ ഏകദൈവാരാധനയുടെ കേന്ദ്രമായി പ്രഖ്യാപിച്ചു. എന്നിട്ടെന്തു സംഭവിച്ചു? അദ്ദേഹത്തിന്റെ സന്തതികൾ—അറബികൾ—അധികകാലം കഴിയുംമുമ്പായി അതേ പരിശുദ്ധദേവാലയത്തിൽ വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചു! ഇതെല്ലാം ചരിത്രസംഭവങ്ങളാണ്. ഏകദൈവാരാധനയാണ് മനുഷ്യപ്രകൃതിയുടെ താല്പര്യമെങ്കിൽ എന്തുകൊണ്ടാണ് മനുഷ്യരെക്കാലത്തുമിങ്ങനെ ശിർക്കിലേക്ക വഴുതിപ്പോയിക്കൊണ്ടിരുന്നത്?"

ഈ സംശയത്തിന്റെ മറുപടി താഴെ വരുന്നു. ആ മറുപടിയിൽ മേലുദ്ധരിച്ച മതപരിണാമസിദ്ധാന്തക്കാരുടെ രണ്ടാമത്തെ വാദത്തിന്റെ ഖണ്ഡനം അടങ്ങിയിരിക്കും:

ശിർക്കിന്റെ ആധിക്യം അത് പ്രകൃതിതാല്പര്യമാണെന്നതിന്നു തെളിവാകില്ല. ശിർക്ക പല കാരണങ്ങളാലും വിവേകശൂന്യരായ മനുഷ്യർക്ക ആകർഷണീയമായെന്നു വരാം. പക്ഷെ, അതുകൊണ്ടൊന്നും അതു മനുഷ്യപ്രകൃതിയുടെ പ്രതിധ്വനിയാണെന്നുവരില്ല. ഉദാഹരണമായി, ഒരു മനുഷ്യശിശുവെ എടുക്കാം. ശിശു മുമ്പിൽ കാണുന്ന കല്ലും മണ്ണും ഇരിമ്പും ഇഷ്ടികയുമൊക്കെ വായിലിടാൻ ശ്രമിക്കുന്നു. അതു വൃത്തിയുള്ളതോ അല്ലാത്തതോ എന്നൊന്നും അവൻ ചിന്തിക്കാറില്ല.

അമ്മയുടെ മുലപ്പാലിനെക്കുറിച്ച് മാത്രമാണവൻ ചിന്തിക്കുന്നത്. അതു മാത്രമാണവൻ അന്വേഷിക്കുന്നത്. കണ്ടതെല്ലാം അമ്മയുടെ മുലയാണെന്നു കരുതി അവൻ വായിലിടുന്നു. ഒന്നെടുത്തു ഈമ്പി നോക്കുന്നു. രുചിക്കാതെ വരുമ്പോൾ അതു വലിച്ചെറിഞ്ഞു മറെറാന്നെടുക്കുന്നു. മണ്ണും കല്ലും വാരി വായിലിടുന്നത് മനുഷ്യ പ്രകൃതിയായതുകൊണ്ടാണോ ശിശുക്കളങ്ങനെ ചെയ്യുന്നത്? ശിശുക്കൾക്ക് ബുദ്ധിയില്ല. വിവേചനമില്ല. അതു കൊണ്ടവർ അബദ്ധം പ്രവൃത്തിക്കുന്നുവെന്നേയുള്ളു. മാതാവിൻെറ മുലപ്പാൽ ലഭിക്കണമെന്നു് ശിശുവിൻെറ പ്രകൃതി ശക്തിയായി ആവശ്യപ്പെടുന്നു. അതിന്നു വേണ്ടിയുള്ള അന്വേഷണത്തിൽ വിവേചനമില്ലായ്കയാൽ സംഭവിക്കുന്ന അബദ്ധങ്ങൾ മാത്രമാണത്. തികച്ചും ഇതുപോലെയാണ് ജനസമുദായങ്ങളുടെ നില. മനുഷ്യരെപ്പോഴെങ്കിലും ശിർക്കിലകപ്പെട്ടുവെങ്കിൽ അത് സാക്ഷാൽ ആരാധ്യനെക്കുറിച്ചുള്ള അന്വേഷണമാർഗ്ഗത്തിൽ സംഭവിച്ച അബദ്ധം മാത്രമാണ്. മനുഷ്യക്കു വിവേകം തികയുകയും ബുദ്ധി വികസിക്കുകയും ചെയ്യുമ്പോൾ ശിർക്കിൽ നിന്നു തൗഹീദിലേക്കു മാറിയതായിട്ടാണനുഭവം.

ശിശു ചിലപ്പോൾ അമ്മയെക്കുറിച്ച് അശ്രദ്ധനാകാറുണ്ട്. കൗതുകമുള്ള എന്തെങ്കിലുമൊരു സാധനം മുമ്പിൽ കാണുമ്പോൾ അവനതിൽ ആകൃഷ്ടനാവും. അവൻെറ മുഴുശ്രദ്ധയും അതിൽ പതിഞ്ഞിരിക്കും. അമ്മ വിളിച്ചാൽ തിരിഞ്ഞുനോക്കില്ല. അമ്മ മടിയിലിരുത്തി മുല വായിൽകൊടുത്താൽ അതു തട്ടിമാററി തൻെറ കളിക്കോപ്പുകളിൽ വ്യാപൃതനാകും. ഇതുപോലെ മനുഷ്യപ്രകൃതി തൗഹീദിന്നു വേണ്ടി ദാഹിക്കുമെങ്കിലും

അവൻ ചിലപ്പോഠം ശിക്കിൻെറ പുറംപൂച്ചുകളിൽ ഭ്രമി ച്ചുപോകും. അപ്പോഠം തൗഹീദിലേക്ക് പിടിച്ചുവലി ച്ചാലും അങ്ങോട്ടു തിരിഞ്ഞുനോക്കിയില്ലെന്നു വരാം.

അതുകൊണ്ടു, ശരിയും ബുദ്ധിപൂൎവ്വകവുമായിത്തോന്നു ന്നഅഭിപ്രായം ഇതാണ്: മനുഷ്യർചരിത്രാതീതകാലത്തും തങ്ങളുടെ സാക്ഷാൽ ആരാധ്യനായ ഏകദൈവത്തെ അന്വേഷിച്ചറിഞ്ഞ് ആരാധിച്ചുപോന്നിട്ടുണ്ട്. സ്വ യം ഉണരുകയും മററുള്ളവരെ തട്ടിയുണൎത്തുകയും ചെയ്ത ഉന്നത വ്യക്തിത്വങ്ങഠം പലപ്പോഴും ജനസമുദായങ്ങളുടെ അബദ്ധ ധാരണകളെ തിരുത്താനും പ്രകൃതി താല്പര്യ മായ ഏകദൈവാരാധനയെക്കുറിച്ച് ബോധവാന്മാരാ ക്കാനും ശ്രമിച്ചിട്ടുണ്ട്. പക്ഷെ കുട്ടികഠം കളിക്കോ പ്പുകളിൽ മതിമറന്നു പോകുന്നതു പോലെ ഇടക്കിടെ അവർ ശിക്കിലേക്ക് നീങ്ങിക്കൊണ്ടിരുന്നിട്ടുണ്ടെന്നു മാത്രം.

'മനുഷ്യൻ ജനിച്ചു വളൎന്നു മരിക്കുന്നത് ഏതൊ ന്നിലായിക്കൊണ്ടാണോ അതിന്നാണ് പ്രകൃതിയെന്നു പറയുന്നത്. അതിന്നിളക്കമില്ല. അപ്പോഠം മനുഷ്യ പ്രകൃതി ഇടക്കിടെ ശിക്കിലേക്കും തൗഹീദിലേക്കും മാറി മാറിക്കൊണ്ടിരുന്നു എന്ന വാദം എങ്ങിനെ ശരിയാകും?' എന്നൊരു സംശയം ഇവിടെ ഉന്നയിക്കാവുന്നതാണ്. മറുപടി വ്യക്തമാണ്: മനുഷ്യൻെറ പ്രകൃതിയേയും ജന്തു ക്കളുടെ പ്രകൃതിയേയും വേർതിരിച്ചു മനസ്സിലാക്കാത്തതു കൊണ്ടാണ് അങ്ങനെ ഒരു സംശയം ഉണ്ടാകുന്നത്.

ജന്തുക്കളുടെ സഹജബോധവും മനുഷ്യക്ക് നല്കപ്പെട്ട പ്രത്യേക പ്രകൃതിയും തമ്മിൽ വ്യത്യാസ മുണ്ട്. ജന്തുക്കളുടെ സഹജഗുണങ്ങഠംക്കിളക്കമില്ല. ഉദാഹരണമായി പ്രാവ് ധാന്യം മാത്രമേ ഭക്ഷിക്കു.

മാംസം തിന്നുക അതിൻെറ പ്രകൃതിയല്ല. ഒരു പ്രാവിനെ പിടിച്ച് കശാപ്പുശാലയിൽ കെട്ടിയിടുക. അതവിടെ വിശന്നിരിക്കുമെന്നല്ലാതെ മാംസം കൊത്തിത്തിന്നുകയില്ല. അതുപോലെ ഒരു പൂച്ചയെ ഒരലമാരിയിലിട്ടടക്കുകയും അതിൻെറ മുമ്പിലേക്കു കുറേ പഴങ്ങൾ ഇട്ടുകൊടുക്കുകയുംചെയ്യുക. എന്നാൽ പൂച്ച അവിടെക്കിടന്നു ചത്തുപോവുകയെന്നല്ലാതെ ഒരു പഴം പോലും തിന്നുകയില്ല. ഇത്തരം പ്രകൃതികൾക്ക് മാററമില്ല. എന്നാൽ മനുഷ്യപ്രകൃതി ഇതിൽനിന്നും വ്യതിരിക്തമാണ്. അതിന്ന് ഇച്ഛാശക്തിയും തിരഞ്ഞെടുപ്പു സ്വാതന്ത്ര്യവുമുണ്ട്.

സൂറത്തുൽ ഇഖ്ലാസിൻെറയും സൂറത്തുറൂം 48 മുതൽ 54 വരെയുള്ള ആയത്തുകളുടെയും വ്യാഖ്യാനത്തിൽ എൻെറ വന്ദ്യഗുരു മൗ: ഹമീദുദ്ദീൻ ഫറാഹീ അവർകൾ എഴുതിയ ഏതാനും വരികൾ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു. മൃഗത്തിൽനിന്നും വ്യത്യസ്തമായ മനുഷ്യപ്രകൃതിയുടെ പ്രത്യേകതകൾ മനസ്സിലാക്കാൻ ആ വരികൾ സഹായകമാണ്:

“ലോകമാസകലമുള്ള യുക്തിയുടെയും കാരുണ്യത്തിൻെറയും അത്ഭുതദൃശ്യങ്ങൾ ദൃഷ്ടിയിൽ പെടുമ്പോഴും, അത്യാഹിതങ്ങളിൽകുടുങ്ങി ഞെരുങ്ങുമ്പോഴും മനുഷ്യൻ സ്വാഭാവികമായി തൻെറ സൃഷ്ടികർത്താവിൻെറ നേരെ ഉററുനോക്കുന്നു. ബഹുദൈവാരാധകരുടെ ആരാധ്യവസ്തുക്കളായ വിഗ്രഹങ്ങളിലേക്കോ മരണപ്പെട്ട മഹാത്മാക്കളുടെനേക്കോ അല്ല അവ്വവസരത്തിൽ മനുഷ്യഹൃദയം ശരണം തേടിച്ചെല്ലുക. സർവ്വതന്ത്ര സ്വതന്ത്രനായൊരു സർവ്വാധിനാഥൻെറ ആസ്തിക്യത്തിന്ന് മനുഷ്യപ്രകൃതി സാക്ഷിനില്ക്കുന്നുവെന്നാണിത് തെളിയിക്കുന്നത്. മനുഷ്യനും മൃഗവും തമ്മിൽ പ്രകൃതി

പാരമായി വ്യത്യാസമുണ്ട്. പ്രകൃതിയുടെ കാര്യത്തിൽ മൃഗം അടിമയാണ്. മനുഷ്യൻ സ്വാതന്ത്ര്യനും. മൃഗത്തെ ഒരു പരിമിതപ്രകൃതിസരണിയിൽ തെളിച്ചുവിട്ടിരിക്കയാണ്. അതിന്നു അതേ മാൎഗ്ഗത്തിൽ ചരിക്കാനേ സാധിക്കൂ. മനുഷ്യൻെറ നില അങ്ങനെയല്ല. അവന്നു ബുദ്ധിയാകുന്ന ഒരു വെളിച്ചവും യോഗ്യതയാകുന്ന പാഥേയവും നല്കി ജീവിതത്തിൻെറ തുറന്ന മൈതാനത്തിലേക്കിറക്കി വിട്ടിരിക്കയാണ്. അവന്നു എത്രവേണമെങ്കിലും പുരോഗമിക്കാൻ സാധിക്കും. സ്വപരിശ്രമം മുഖേന പുരോഗതി പ്രാപിക്കുക മനുഷ്യപ്രകൃതിയുടെ പ്രത്യേകതയാണ്. മൃഗത്തിന്നു അത് സാദ്ധ്യമല്ല. അപ്പോൾ യോഗ്യതയാണ് മനുഷ്യപ്രകൃതി. മനുഷ്യൻ ഇന്നേവരെ നേടിക്കഴിഞ്ഞ പുരോഗതികളെല്ലാം ആ യോഗ്യതയുടെ ഫലങ്ങളാണ്. എന്നാൽ ആ യോഗ്യതക്ക് പ്രകൃതിയെന്നു പറയാമോ എന്നതാണ് പ്രശ്നം. പറയാം. മനുഷ്യനെസ്സംബന്ധിച്ചു മാത്രമല്ല ഇതര ജീവികളെസ്സംബന്ധിച്ചും അങ്ങനെ പ്രയോഗിക്കാം. ഒരു മയിൽകുഞ്ഞ് ആദ്യദശയിൽ അതൊരു മാംസപിണ്ഡമായിരിക്കും. അതു വളൎന്നു വലുതായി പറക്കാനാകുമ്പോൾ അതിൻെറ ചിറകിൽ കാണുന്ന കൗതുകകരമായ ചിത്രപ്പണിയെക്കുറിച്ചെന്തു പറയുന്നു? അതിൻെറ പ്രകൃതിയാണെന്നു്. അല്ലേ? ശരി, എന്നാൽ അതുപോലെ ഒരു മനുഷ്യശിശുവിനെക്കുറിച്ചു ചിന്തിക്കുക. അവൻ ആദ്യത്തിൽ വളരെ ബലഹീനനായിരിക്കും; ബുദ്ധിയിലും കായബലത്തിലും ഇതര ജീവികളുടെ കുഞ്ഞുങ്ങളെക്കാൾ താഴ്ന്നപടിയിലായിരിക്കും. പക്ഷെ, അവനൊരു യുവാവാകുമ്പോൾ എല്ലാ ജീവികളെയും കവച്ചുവെക്കത്തക്ക ശൗര്യവും

വീൎയ്യവും അവനുണ്ടാകുന്നു. അവനിൽനിന്നപ്പോഠം പ്രകടമാകുന്ന ബുദ്ധിശക്തിയും കായബലവും അവന്റെ അത്യുന്നതമായ പ്രകൃതിയുടെ ഫലമാണെന്ന് എളുപ്പം മനസ്സിലാക്കിക്കൂടാ. അപ്പോഠം മനുഷ്യന്റെ യോഗ്യത അവന്റെ പ്രകൃതിവിശേഷം തന്നെയാണ്. ഇതരജീവികഠംക്കില്ലാത്ത ഒരു പ്രത്യേകത മനുഷ്യപ്രകൃതിക്കുണ്ടെന്നു മാത്രം. അതായത് മനുഷ്യൻ തുടക്കത്തിൽ ഇങ്ങേയററം ബലഹീനനായിരിക്കും. വളൎന്നു വലുതാകുമ്പോഠം അങ്ങേയററം ശക്തനും. എല്ലാ ജീവികളെയും അവൻ അതിജയിക്കുന്നു. മനുഷ്യശക്തിയുടെ അതിൎത്തി ഇനിയും തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പക്ഷെ, മനുഷ്യൻ രണ്ടു ബലഹീനതകഠംക്കിടയിലാണെന്നുമാത്രം. മനുഷ്യപ്രകൃതിയുടെപ്രത്യേകത പുരോഗതിയുടെ മുകഠംത്തട്ടുകളിലേക്കുയൎന്നുയൎന്നു പോവുകയെന്നതാണെന്നു പറയുമ്പോഠം മനുഷ്യൻചിലസമയങ്ങളിൽ അപഥസഞ്ചാരത്തിലകപ്പെടാൻസാധ്യതയുണ്ടെന്നുവരുന്നു. അപ്പോഠം സന്മാൎഗ്ഗവും ദുൎമ്മാൎഗ്ഗവും വേൎതിരിച്ചറിഞ്ഞു തിരഞ്ഞെടുക്കുവാനുള്ളസ്വാതന്ത്ര്യവും സുദീൎഘമായ പരിശ്രമത്തിനുള്ള അവധിയും അവനു വേണ്ടിവരുന്നു. ആകയാൽ പുരോഗമിക്കാനുള്ള നിരന്തരയത്നം മനുഷ്യപ്രകൃതിയുടെ അനിവാൎയ്യ ഗുണമാണെന്നു വ്യക്തം. ദുശ്ശക്തികളോടു മല്ലിട്ട്, ശരീരത്തെയും മനസ്സിനെയും ദൈവാനുസരണത്തിന്റെ മാൎഗ്ഗത്തിൽ നയിക്കുക അവന്റെ കർത്തവ്യമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

"ദൈവം മനുഷ്യനെ ക്ലേശങ്ങളുടെ നടുക്ക് നിറുത്തിക്കൊണ്ട് അവനു സഹായം വാഗ്ദാനം ചെയ്തിരിക്കുന്നു്. സന്മാൎഗ്ഗം കണ്ടെത്താനുള്ള അടയാളങ്ങഠം

മനുഷ്യന്റെ അകത്തും പുറത്തും ദൈവം നിരത്തി വെച്ചിരിക്കുന്നു. കരുണാനിധിയായ ദൈവം ദുബ്ബ ലനായ ഒരു ശിശുവിന്നു മാതാവിന്റെ മടിത്തട്ട് രക്ഷാസങ്കേതമാക്കിക്കൊടുത്തപോലെ മാനവകുല ത്തിന്റെ വിജയ സൗഭാഗ്യങ്ങൾക്കുവേണ്ടി പ്രവാ ചകന്മാരെ നിയോഗിച്ചു. വരണ്ട ഭൂമിയിൽ മഴ വഷിപ്പിച്ച് വെള്ളം നിറക്കുന്ന ദൈവം തന്റെ പരിശുദ്ധ സന്ദേശങ്ങൾ കൊണ്ട് മനുഷ്യഹൃദയ ങ്ങൾക്ക് നവജീവൻ നല്കുന്നു. ഉയന്ന പവ്വതനിര കളിൽ നിന്നു അവൻ ഉറവ് ഉത്ഭവിപ്പിക്കുന്നപോലെ അത്യൽകൃഷ്ടമായ ഹൃദയങ്ങളിലൂടെ ദിവ്യവചന ങ്ങൾ അവതരിപ്പിക്കുന്നു. ഇങ്ങനെ സന്മാഗ്ഗദശനത്തി ന്നുതകുന്ന വിവിധ മാഗ്ഗങ്ങൾ ദൈവം മനുഷ്യന്നു സൗകര്യപ്പെടുത്തി കൊടുത്തിരിക്കുന്നു. ശേഷം മനു ഷ്യൻ ദൈവത്തിൽനിന്നു മുഖംതിരിച്ചുപോയെങ്കിൽ അത് പ്രകൃതിയുടെ താല്പര്യമല്ല, മനുഷ്യന്റെ അഹ ന്തയാണ്. ചരിത്രത്തിൽ ബിംബാരാധനക്ക് ഉദാ ഹരണങ്ങളുണ്ടെങ്കിൽ അതിലും കൂടുതൽ സജീവമായ ഉദാഹരണങ്ങൾ ബിംബാരാധനയെ കുഴിച്ചുമൂടാ നുള്ള സംരംഭങ്ങൾക്കാണുള്ളത്. ശിക്കിന്റെ പൊടി പടലങ്ങൾ ചിലപ്പോഴൊക്കെ തൗഹീദിനെ മൂടിക്ക ളയാൻ ശ്രമിച്ചിട്ടുണ്ടെന്നു മാത്രം. പക്ഷെ, തൗഹീ ദിന്റെ നേരിയ കിരണങ്ങൾ ശിക്കിന്റെ കനത്ത അന്ധകാരങ്ങളെ അതിജയിച്ച സംഭവ സാക്ഷ്യങ്ങൾ ചരിത്രത്തിലങ്ങുന്നിങ്ങോളം അണിനിരന്നു നില്ക്കുന്നു. ബഹുദൈവത്വമല്ല, ഏകദൈവത്വമാണ് മനുഷ്യപ്ര കൃതിയോട് ഇണങ്ങുന്നതെന്നല്ലേ ഇതെല്ലാം തെളിയി ക്കുന്നത്? അല്ലെങ്കിലെന്തുകൊണ്ടാണ് മനുഷ്യപ്രകൃതി എക്കാലത്തും തൗഹീദിലേക്കോടിയോടി വരികയും

ശിക്കിലേക്ക് മെല്ലെമെല്ലെ ഇഴഞ്ഞു ചെല്ലുകയും ചെയ്തത്?"

മനുഷ്യൻെറ പ്രകൃതിയും മൃഗങ്ങളുടെ സഹജഗുണങ്ങളും തമ്മിൽ അടിസ്ഥാനപരമായ പല വ്യത്യാസങ്ങളുമുണ്ടെന്ന് മേലുദ്ധരിച്ച വരികൾ വ്യക്തമാക്കിത്തരുന്നുണ്ട്:

(1) മനുഷ്യന്ന് ഉൽകൃഷ്ടമായ പ്രകൃതിയും ആകൃതിയുമുള്ളതോടൊപ്പം നന്മ തിന്മകൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും ലഭിച്ചിരിക്കുന്നു. അതുകൊണ്ടവന്നു പുരോഗതിയുടെ ഉത്തുംഗശിഖരങ്ങളിലേക്കുയരാനും അധമരിൽ അധമനായി താഴ്ന്നു പോകാനും സാധിക്കും.

(2) അത്യഗാധമായ യോഗ്യതാ കഴിവുകളാണ് മനുഷ്യന്നു സിദ്ധിച്ചിട്ടുള്ളത്. അതിനാൽ മനുഷ്യജീവിതത്തിൻെറ അവധി ദീർഘിച്ചതും പ്രവർത്തനവൃത്തം വിസ്തൃതവുമാണ്. മൃഗത്തെപ്പോലെ തുടങ്ങുമ്പോഴേക്കും അവസാനിക്കുന്ന ജീവിതയാത്രയല്ല മനുഷ്യൻേറത്.

(3) മനുഷ്യൻെറ ഇഹലോകജീവിതം ഒരു പരീക്ഷണഘട്ടമാണ്. അവൻെറ മുമ്പിൽ ഇഹലോകം റൊക്കവും പരലോകം കടവുമാണ്. സൽക്കർമ്മം ശ്രമസാധ്യവും ദുഷ്കർമ്മം ക്ഷിപ്രസാധ്യവുമാണ്. ഹറാം മോഹനവും ഹലാൽ അരോചകവുമാണ്. യാഥാർത്ഥ്യം ഗോപ്യവും മിഥ്യ ആകർഷണീയവുമാണ്. ഇങ്ങനെയുള്ളൊരു രംഗത്ത് വെച്ചാണവൻെറ പരീക്ഷണം നടക്കുന്നത്. മനുഷ്യൻ നന്മയിലേക്കു മുന്നേറുന്നുവോ തിന്മയിലേക്കു തിന്നു വീഴുന്നുവോ എന്നാണ് പരീക്ഷിക്കപ്പെടുന്നത്. തൻെറ പ്രകൃതിയിൽ ലീനമായ സത്യത്തിൻെറ പ്രതിധ്വനിയെ ശ്രദ്ധിക്കുന്നുവോ, അതോ പ്രകൃതിവിരുദ്ധവും

വഞ്ചനാത്മകവുമായ ദുർബ്ബോധനങ്ങളെ അനുകരിക്കുന്നുവോ എന്നാണ് പരീക്ഷ. അതികഠിനമായൊരു പരീക്ഷയാണിത്. എന്നാൽ മനുഷ്യൻെറ അന്തരംഗത്ത് ഉണൎന്നിരിക്കുന്ന ഒരു മനസ്സാക്ഷിയുണ്ട്. ഖുർആനിൻെറ ഭാഷയിൽ അതിന്നു النفس اللوامة (കുററപ്പെടുത്തുന്ന ആത്മാവ്) എന്നു പറയുന്നു. തെററു ചെയ്യുമ്പോളത് ഉള്ളിൽനിന്നു മനുഷ്യനെ ശപിക്കുകയും കുററപ്പെടുത്തുകയും ചെയ്യും. അതത്ര ദുർബ്ബലമല്ല. അന്ധകാരാവൃതമായ അന്തരീക്ഷത്തിലേക്കു എന്തിനോക്കി സത്യത്തിൻെറ ചൂണ്ടികൾ കണ്ടുപിക്കാനതിന്നു സാധിക്കും. അതു മനുഷ്യനു നേർവഴി ചൂണ്ടിക്കാണിക്കുന്നു. മനുഷ്യധാരണകളാകുന്ന മുഖമൂടികൾ എത്ര ധരിച്ചാലും മനസ്സാക്ഷിയുടെ ചൂണ്ടികൾ ദശിക്കുകയും പ്രതിധ്വനികൾ ശ്രവിക്കുകയും ചെയ്യും. മനുഷ്യൻ മനസ്സാക്ഷിയുടെ പ്രതിധ്വനി ശ്രവിച്ചശേഷം അതിനെതിരിൽ പ്രവൎത്തിക്കുകയാണ്; അതിൻെറ കതകുകൾ കണ്ടശേഷം ഒഴിഞ്ഞുമാറാനുള്ള സൂത്രങ്ങളാരായുകയാണ്. ഈ പരമാൎത്ഥത്തിലേക്ക് വി: ഖുർആൻ മനുഷ്യൻെറ ശ്രദ്ധ ക്ഷണിക്കുന്നത് കാണുക:

وَلَا أُقْسِمُ بِالنَّفْسِ اللَّوَّامَةِ …………

بَلْ يُرِيدُ الْإِنْسَانُ لِيَفْجُرَ أَمَامَهُ …………

(കുററപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആത്മാവിനെക്കൊണ്ടു ഞാൻ സത്യംചെയ്യുന്നില്ല.)
(എന്നാൽ മനുഷ്യൻ അവൻെറ (അല്ലാഹുവിൻെറ) മുമ്പിൽ ധിക്കരിക്കാൻ ഉദ്ദേശിക്കുന്നു.)

بَلِ الْإِنْسَانُ عَلَىٰ نَفْسِهِ بَصِيرَةٌ، وَلَوْ أَلْقَىٰ مَعَاذِيرَهُ

"പക്ഷെ മനുഷ്യൻ തനിക്കെതിരിൽ തന്നെ സാക്ഷിയാണ്. അവൻ തൻെറ ഒഴികഴിവുകഠം സമപ്പിച്ചാലും."

മേൽ പ്രസ്താവിച്ച പരീക്ഷണം താല്പര്യപ്പെടുന്നുണ്ട്, മനുഷ്യൻെറ മാർഗ്ഗദർശനാർത്ഥം പ്രവാചകന്മാരെ നിയോഗിക്കണമെന്നു്. മനുഷ്യപ്രകൃതിയുടെ സ്വാഭാവികമായ വലിവ് അല്ലാഹുവിങ്കലേക്ക് തന്നെയാണെന്നും, അത്ര ബലഹീനമല്ലെന്നും സമ്മതിക്കാം. എന്നിരുന്നാലും മനുഷ്യൻ ദുശ്ശക്തികഠംക്കടിപ്പെട്ടുപോകാൻ ധാരാളം സാധ്യതകളുണ്ട്. ഐഹികജീവിതത്തിൻെറ സമ്മർദ്ദങ്ങഠം, ദേഹേച്ഛകഠം പൈശാചിക വഞ്ചനകഠം ആദിയായവ മനുഷ്യനെ ദുർമ്മാർഗ്ഗങ്ങളിലേക്ക് വലിച്ചിഴക്കാനൊരുങ്ങി നില്ക്കുന്നു. ഈ ദുശ്ശക്തികഠംക്കെതിരിലുള്ള പ്രതിവിധികളും പരിഹാരമാർഗ്ഗങ്ങളും മനുഷ്യനു ലഭിക്കണമെന്നത് ദൈവകാരുണ്യത്തിൻെറ താല്പര്യമത്രെ. ദേഹത്തിൻെറ ഭാഗത്തേക്കുള്ള മുൻതൂക്കത്തെ പ്രകൃതിയാകുന്ന തട്ടിൽ തൂക്കക്കട്ടിവെച്ചു പരിഹരിക്കേണ്ടത് ദൈവനീതിയുടെ തേട്ടമാണ്. അതുകൊണ്ടാണ് ആദമിനേയും സാത്താനേയും ഒന്നിച്ചു ദുനിയാവിലേക്കയച്ചപ്പോഠം അല്ലാഹു മനുഷ്യസമുദായത്തോട് വാഗ്ദാനംചെയ്തത്, ദിവ്യസന്ദേശങ്ങഠം നല്കിക്കൊണ്ടും, പ്രവാചകന്മാരെ നിയോഗിച്ചുകൊണ്ടും നിങ്ങഠംക്ക മാർഗ്ഗദർശനം ലഭിച്ചുകൊണ്ടിരിക്കുമെന്നു. മനുഷ്യൻെറ പരീക്ഷണരംഗത്ത് ദിവ്യഗ്രന്ഥങ്ങളും പ്രവാചകന്മാരും മലക്കുകളുമെല്ലാം സഹായത്തിനെത്തുമെന്നാണ് അല്ലാഹു അറിയിച്ചത്. അല്ലാഹുവിൻെറ ഈ പ്രത്യേക സഹായവുംകൂടി മനുഷ്യനു

ലഭിച്ചുകഴിഞ്ഞാൽ പിന്നെ മനുഷ്യൻെറ ഭാഗത്ത് യാതൊരൊഴികഴിവും അവശേഷിക്കുന്നില്ല. പിന്നെ അവൻ യാദൃച്ഛികമായി സന്മാൎഗ്ഗത്തിലെത്തിച്ചേൎന്നാൽ പോരാ. നിൎബ്ബന്ധമായും നേർവഴി തിരഞ്ഞെടുത്ത് ലക്ഷ്യത്തിലെത്തേണ്ടത് അവൻെറ ബാധ്യതയായി ത്തീരുന്നു.

പരീക്ഷണവിധേയനായ മനുഷ്യനു മാൎഗ്ഗദൎശനം നല്കുകയെന്ന ഉത്തരവാദിത്വം അല്ലാഹ് പ്രത്യേകം ഏറെറടുത്തു നിൎവ്വഹിച്ചു. ആ ബാധ്യത മനുഷ്യപ്രകൃതിയെ മാത്രം ഏല്പിച്ചു മതിയാക്കിയില്ല. പക്ഷെ മനുഷ്യൻ വിഡ്ഢിയും ധിക്കാരിയുമാണ്. അവനെ ഉള്ളിൽനിന്നു ഗുണദോഷിക്കാൻ തൻെറ കൂടെ ഒരു സൽപ്രകൃതിയെ അല്ലാഹ് നിശ്ചയിച്ചുകൊടുത്തു. പുറമെനിന്നു നേർവഴി കാട്ടാൻ വേദഗ്രന്ഥങ്ങളവതരിപ്പിക്കുകയും പ്രവാചകന്മാരെ നിയോഗിക്കുകയും ചെയ്തു. എന്നിട്ടും മനുഷ്യൻ പിശാചിൻെറ പിന്നാലെ പോകുന്നുവെങ്കിൽ അതിനുത്തരവാദി മനുഷ്യൻ തന്നെയാണ്. അത് പ്രകൃതിയുടെ ദോഷമല്ല. മററാരുടെയും കുററവുമല്ല. മനുഷ്യൻ തൻെറ സാക്ഷാൽ ആരാധ്യനായ അല്ലാഹുവെ വിട്ടു ഇതര മാൎഗ്ഗങ്ങളിലേക്കു പോകുന്നതിൻെറ യഥാൎത്ഥ കാരണങ്ങളെക്കുറിച്ചുള്ള പ്രതിപാദനം കഴിഞ്ഞ അദ്ധ്യായത്തിൽ വന്നതാണ്.

'എല്ലാമതങ്ങളും ഒന്നാകുന്നു'വെന്ന വാദം തെററാണൊന്നിപ്പോൾ സ്വയം വ്യക്തമായിട്ടുണ്ട്. ദൈവീക മതത്തിൻെറ അടിത്തറ ഏകദൈവത്വമാണ്. അതിൻെറ ഉത്ഭവസ്ഥാനം ദൈവസ്നേഹമാകുന്നു. ബഹുദൈവത്വത്തിൻെറ ഉറവിടങ്ങൾ ഊഹങ്ങളും മൗഢ്യങ്ങളും

ധിക്കാരങ്ങളുമത്രെ. ഏകദൈവവാദത്തെ പ്രതിനിധീകരിക്കുന്ന സത്യമതവും ബഹുദൈവാരാധയിൽ അതിഷ്ഠിതമായ വ്യാജ മതങ്ങളും ഉല്പത്തി മുതല്ക്കേ ഭിന്നമാണ്. മാൎഗ്ഗത്തിലും ലക്ഷ്യത്തിലും വ്യത്യസ്തമാണ്. അവിടെ സഹിഷ്ണുതയുടേയും സന്ധിയുടേയും പ്രശ്നമേ ഉത്ഭവിക്കുന്നില്ല.

മനുഷ്യരാശിയെ ദൈവം ഭൂമിയിൽ വസിപ്പിച്ചത് ആഹാര വിഹാര നിദ്രാ മൈഥുന കൃത്യങ്ങൾ നിൎവ്വഹിക്കാൻ മാത്രമല്ല. മഹത്തായൊരുദ്ദേശവും ലക്ഷ്യവും മനുഷ്യൻെറ മുമ്പിൽ സ്രഷ്ടാവ് വെച്ചുകൊടുത്തിട്ടുണ്ട്. മനുഷ്യപ്രകൃതിയിൽ അനൎഘ മൂല്യങ്ങളേയും മഹത്തായ യോഗ്യതാ കഴിവുകളേയും ദൈവം നിക്ഷേപിച്ചിരിക്കുന്നു. അവയെ ഉപയോഗപ്പെടുത്തുകയും വളൎത്തിയെടുക്കുകയും ചെയ്ത് യഥാൎത്ഥജീവിതലക്ഷ്യത്തിലേക്ക് പുരോഗമിക്കേണ്ടത് മനുഷ്യൻെറ ചുമതലയാണ്. അതിന്നാണവനിവിടെ ദീൎഘകാലത്തെ അവധി നല്കിയിരിക്കുന്നത്. എവിടെയും യുക്തിയുക്തം പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന പ്രകൃതി മനുഷ്യനെസ്സംബന്ധിച്ചുമാത്രം ഒരു പാഴ്‌വേല ചെയ്തുവെന്നു വെക്കാൻ ന്യായമില്ല. മനുഷ്യൻെറ ആത്മീയപുരോഗതിയുടെ പ്രാരംഭബിന്ദു ഏകദൈവാരാധനയാകയാൽ അതേ സരണിയിൽ മുന്നേറുമ്പോഴേ മനുഷ്യൻ പുരോഗമിക്കൂ; മാനുഷിക മൂല്യങ്ങൾ വളരൂ; ആ പുരോഗമനവീഥിയിൽ മുമ്പോട്ടു പോകാൻ സന്നദ്ധതയുണ്ടെങ്കിലേ മനുഷ്യനിവിടെ ജീവിക്കുന്നതിൽ അൎത്ഥവും പ്രയോജനവുമുള്ളൂ.

പ്രവാചകന്മാർ സമൂഹത്തിൽനിന്നു ഉൽകൃഷ്ടവിഭാഗത്തെ ആകൎഷിച്ചു സംഘടിപ്പിക്കുന്നു. അതുവഴി

പ്രകൃതിയുക്തവും പുരോഗമനോന്മുഖവുമായ മാർഗ്ഗം കണ്ണുള്ളവർക്കെല്ലാം ദൃശ്യമാകുമാറ് വെട്ടിത്തെളിയിച്ചു കൊടുക്കുന്നു. എന്നിട്ടും പ്രകൃതിയുടെ ആഹ്വാനം ശ്രവിക്കാൻ സാധിക്കാത്തവരുണ്ടെങ്കിൽ അവർക്കിവിടെ ജീവിക്കാൻ അർഹത നഷ്ടപ്പെടുന്നു. തിന്നു കുടിച്ചു പുളക്കാൻ മനുഷ്യൻ വേണമെന്നില്ല. അതിനിവിടെ മൃഗങ്ങൾ തന്നെ ധാരാളമുണ്ട്. സന്മാർഗ്ഗം കൈക്കൊള്ളാൻ ദൈവം മനുഷ്യനെ പ്രകൃതിപരമായി നിർബ്ബന്ധിതാവസ്ഥയിലേക്കു തള്ളുകയില്ല. അദൃശ്യങ്ങൾ തുറന്നു കാട്ടിക്കൊടുക്കുകയുമില്ല. കാരണം പരീക്ഷണത്തിനുള്ള അവസരം അപ്പോളവശേഷിക്കുന്നില്ല. പ്രവാചകന്മാർ സത്യമാർഗ്ഗം തെളിയിച്ചു ബോധ്യപ്പെടുത്തിയ ശേഷം അതിനെ ധിക്കാരപൂർവ്വം തള്ളിക്കളയുന്ന ജനവിഭാഗത്തെ ജീവിക്കാൻ വിടുന്നത് നിരർത്ഥകം മാത്രമല്ല, അനർത്ഥകരവുമാണ്. അവർ ദുർമ്മാർഗ്ഗത്തിൽ ചലിക്കുക മാത്രമല്ല, അവരുടെ സ്വാധീനവലയത്തിൽ പെട്ടവരെയെല്ലാം ദൈവധിക്കാരത്തിലേക്ക് വലിച്ചിഴച്ചുകൊണ്ടുപോവുകയും ചെയ്യും. ഉദാഹരണത്തിന്നു, നൂഹ്‌നബി (അ) തൻെറ ജനതയെക്കുറിച്ചു അല്ലാഹുവോടു പരാതിപ്പെടുന്നതു നോക്കുക:

....إِنْ تَذَرْهُمْ يُضِلُّوا عِبَادَكَ وَلَا يَلِدُوا إِلَّا فَاجِرًا
كَفَّارًا

"....അവരെ നീ അവശേഷിപ്പിക്കുകയാണെങ്കിൽ അവർ നിൻെറ അടിയാറുകളെ വ്യതിചലിപ്പിക്കും. സത്യനിഷേധികളും ധിക്കാരികളുമായ സന്താനങ്ങളല്ലാതെ അവരിൽനിന്നു ജനിക്കില്ല..........."

പ്രവാചകന്മാർ നിയോഗിക്കപ്പെട്ട ജനതകളിൽ സത്യസാക്ഷ്യം പൂർത്തീകരിക്കപ്പെട്ടാൽ സജ്ജനങ്ങൾ വേർതിരിഞ്ഞു സുരക്ഷിതരായി ഉയൎന്നുനില്ക്കും. ഇതരന്മാർ ഒന്നുകിൽ ദൈവശിക്ഷക്കു വിധേയരാവും. അല്ലെങ്കിൽ സത്യപ്രബോധകരുടെ കരബലംകൊണ്ടു നിർമ്മൂലനം ചെയ്യപ്പെടും. അതാണ് അല്ലാഹുവിൻെറ നടപടി. അർഹതയുള്ളത് അതിജീവിക്കുകയെന്ന പ്രകൃതി നിയമമത്രെ അത്.

അല്ലാഹുവിൻെറ ഈ നടപടി പ്രവാചകന്മാരുടെ കാലത്തേക്കുമാത്രം പരിമിതമാണ്. അതിന്നും ചില നിശ്ചിതനിബന്ധനകളെല്ലാമുണ്ട്. മൗ: ഫറാഹിയുടെ 'കാഫിറൂൻസൂറ'യുടെ വ്യാഖ്യാനത്തിൽ അതെപ്പററിയുള്ള പൊതുസൂചനകൾ കാണാം. പ്രവാചന്മാൎക്കുശേഷം അവരുടെ അനുയായികളായ വ്യക്തികളോ സംഘങ്ങളോ പ്രബോധനകർത്തവ്യം നിർവ്വഹിക്കുമ്പോൾ മേൽപറഞ്ഞ നടപടി അല്ലാഹു സ്വീകരിച്ചുകൊള്ളണമെന്നില്ല. സത്യസാക്ഷ്യപൂർത്തീകരണത്തിൽ പ്രവാചകന്മാരുടെ നിലപാടിലേക്കു മററാരും എത്തുകയില്ല. മററുള്ളവർ പരമാവധി ശ്രമിച്ചാലും, ജനതയിൽ സന്മാർഗ്ഗം കൈക്കൊള്ളാനുള്ള അർഹത അവശേഷിക്കുന്നില്ല എന്നു തീരുമാനമെടുക്കത്തക്കവിധം പ്രബോധന പ്രവർത്തനം നിറവേറിയാവില്ല. ദീൻ സ്വീകരിച്ചശേഷം ഭ്രഷ്ടരായിപ്പോകുന്ന പിൻതിരിപ്പന്മാരെയല്ലാതെ ദുർജ്ജനങ്ങളെ കണ്ടമാനം കൊന്നൊടുക്കാനവൎക്കധികാരമില്ല. മതഭ്രഷ്ടനെ വധിക്കുന്നത് അവന്നു സത്യം ബോധ്യമായിട്ടുണ്ടെന്നു തെളിഞ്ഞതുകൊണ്ടാണ്. ദുർജ്ജനങ്ങൾ ലോകത്ത് നാശം വിതക്കാതിരിക്കാൻ വേണ്ടിയും നന്മയിലേക്കുള്ള പരിവർത്തനം അവൎക്കു അനായാസമാകാൻ

വേണ്ടിയും അവരിൽനിന്നു അധികാരം പിടിച്ചെടുത്തു അവരെ സത്യവ്യവസ്ഥക്കടിപ്പെടുത്തണം. അതാണ് പ്രവാചകന്മാൎക്കുശേഷം ഇസ്ലാമികപ്രബോധകരുടെ കൎത്തവ്യം.

ഇപ്പോൾ നാം നിൎമ്മതവാദികൾക്കെതിരിൽ സമൎത്ഥിച്ച 'മതപരിണാമചിത്രം' പ്രസ്പഷ്ടമായി. സ്നേഹമാണ് മതത്തിൻെറ ഉറവിടം. മനുഷ്യൻ ശൈശവത്തിൽ മാതാപിതാക്കളെ സ്നേഹിക്കുന്നു. അവന്നു പ്രായപൂൎത്തിയാകുമ്പോളാസ്നേഹം ദൈവാരാധനയായിപരിണമിക്കുന്നു. അ അതിനാൽ മാതാപിതാക്കൾക്കു നന്മ ചെയ്യണമെന്നും ദൈവത്തെവണങ്ങണമെന്നുമുള്ള ആശയംമനുഷ്യഹൃദയത്തിൽ ജന്മമെടുക്കുന്നു. ഈ ആശയം നമസ്കാരത്തിൻെറ രൂപംസ്വീകരിച്ചു പ്രകടമാകുന്നു. മാതാപിതാക്കൾക്കു നന്മ ചെയ്യണമെന്ന ബോധത്തിൻെറ വികാസത്തിൽനിന്നു കുടുംബാംഗങ്ങളോടുള്ള കടപ്പാടുകളും, ഔദാൎയ്യവും, സകാത്തുംഉൽഭൂതമായിത്തീരുന്നു. ഇ ങ്ങനെ മനുഷ്യപ്രകൃതിയുടെ താല്പൎയ്യങ്ങളും ആത്മീയാഭിവൃദ്ധിയുടെ ഘട്ടങ്ങളും കൎമ്മരൂപം സ്വീകരിച്ചു ക്രമത്തിൽവളൎന്നു വികസിച്ചതാണു ആത്മീയതയുടെ രാജപാതയായ മതം. ആ മാൎഗ്ഗത്തിൻെറ ആദ്യത്തിൽ മനുഷ്യപിതാവായ ആദം (അ) നില്ക്കുന്നു. അന്ത്യത്തിൽ ലോകഗുരുവായ മുഹമ്മദും(സ) അവൎക്കിടയിൽ ആയിരമായിരം പ്രവാചകന്മാരും സാലിഹീങ്ങളും അണിയണിയായി നില്ക്കുന്നു ഈ മഹത്തുക്കൾ ലോകത്തെക്കാലത്തും തൗഹീദിൻെറ സന്ദേശം ഉയൎത്തിപ്പിടിച്ചു. ജനങ്ങൾ ശിൎക്കിലേക്കു വഴുതുകയും ഭൂമിയിൽ നാശം വിതക്കാനൊരുങ്ങുകയും ചെയ്തപ്പോൾ ആ മഹത്തുക്കൾ ഇങ്ങനെ താക്കീതു നല്കിക്കൊണ്ടിരുന്നു:

"ഭൂമിയിൽ സംസ്കരണം സാധിച്ചതിന്നു ശേഷം നിങ്ങൾ നാശം സൃഷ്ടിക്കരുത്."

# ശിർക്കിൻെറ
# അടിസ്ഥാന കാരണം

സാക്ഷാൽ അനുഗ്രഹദായകനായ അല്ലാഹുവോടു ള്ള സ്നേഹവും കൃതജ്ഞതാബോധവും മനുഷ്യപ്രകൃതി യിൽ പണ്ടുപണ്ടേയുള്ളതും ആണ്ടുപൂണ്ടു നില്ക്കുന്നതുമാ ണെന്നു് മുൻ അദ്ധ്യായത്തിൽ സവിസ്തരം വിവരിച്ചുവ ല്ലൊ. അതേ വസ്തുതയിലേക്കു ചൂണ്ടിക്കൊണ്ടാണ്, ആദം സന്തതികൾ ആദിയിൽ അല്ലാഹുവിൻെറ 'റുബൂബിയ്യത്ത്' (ഈശ്വരത്വം) അംഗീകരിച്ചിട്ടുണ്ടെ ന്നു് വി: ഖുർആൻ ഉൽഘോഷിക്കുന്നത്:

وَإِذْ أَخَذَ رَبُّكَ مِنْ بَنِي آدَمَ مِنْ ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ عَلَى أَنْفُسِهِمْ أَلَسْتُ بِرَبِّكُمْ قَالُوا بَلَى شَهِدْنَا أَنْ تَقُولُوا يَوْمَ الْقِيَامَةِ إِنَّا كُنَّا عَنْ هَذَا غَافِلِينَ ( اعراف )

(താങ്കളുടെ നാഥൻ, മനുഷ്യസന്തതികളിൽനിന്നു-അവ രുടെ മുതുകുകളിൽനിന്നു-തങ്ങളുടെ പിൻതലമുറകളെ പിടിച്ചു, സ്വന്തത്തിനെതിരിൽ സാക്ഷികളാക്കിയ സന്ദ ർഭം: 'ഞാനല്ലയോ നിങ്ങളുടെ ഈശ്വരൻ', (അവൻ

ചോദിച്ചു.) 'ഉവ്വ്', ഞങ്ങൾ സാക്ഷ്യം വഹിച്ചു,' അവർ പറഞ്ഞു. നിങ്ങൾ പുനരുത്ഥാനദിനം ഇങ്ങിനെ പറഞ്ഞേക്കുമെന്നുവച്ചിട്ട്: 'ഇതിനെപ്പററി നിശ്ചയമായും ഞങ്ങൾ ബോധശൂന്യരായിരുന്നു.'

ചിലൎക്കിവിടെ ഒരു സംശയം: അങ്ങിനെയൊരു കരാറിനെക്കുറിച്ചു ആരും ഓൎക്കുന്നില്ലല്ലൊ. 'ഞാൻ നിങ്ങളുടെ നാഥനല്ലേ' എന്ന ചോദ്യവും 'അതെ' എന്ന മറുപടിയും ഉണ്ടായെന്നും അതിൻെറ പേരിൽ മനുഷ്യൻ ഒരുത്തരവാദിത്വം സ്വയം ഏറെറടുത്തിട്ടുണ്ടെന്നും ആൎക്കും നിശ്ചയമില്ല. അതു സ്ഥാപിക്കപ്പെടേണ്ടിയിരിക്കുന്നു. അന്ത്യദിനത്തിൽ മനുഷ്യരുടെ മുമ്പിൽ അതൊരു എതിർസാക്ഷ്യമായി ഉന്നയിക്കപ്പെട്ടുമെന്നു പറയുമ്പോൾ പ്രത്യേകിച്ചും.

ബുദ്ധിയും വിവേകവുമില്ലാത്തവൎക്കേ ഇങ്ങനെയൊരു സംശയവും നിഷേധവും ഉണ്ടാവൂ എന്നാണ് നമുക്കാദ്യമേ പറവാനുള്ളതു്.

നോക്കുക, മനുഷ്യൻ ആരാണു? അവനാദ്യം മാതാവിൻെറ ഗൎഭാശയത്തിൽ ഒരു തുള്ളി വെള്ളത്തിൻെറ രൂപത്തിൽ പ്രവേശിക്കുന്നു. മാതാവ് വളരെ ക്ലേശിച്ച് അവിടെവച്ചു അവനെപോററിവളൎത്തുകയും സമയമെത്തുമ്പോൾ പ്രാണവേദനസഹിച്ച് പ്രസവിക്കുകയും ചെയ്യുന്നു. ജനിക്കുമ്പോൾ അവനൊരു മാംസപിണ്ഡമാണ്. മാതാവിൻെറ രക്തത്തുള്ളികൾ പാലാക്കിമാററിഅവനെ കുടിപ്പിക്കുന്നു. മാതാവിൻെറ സംരക്ഷണവും ലാളനയും കൊണ്ട് വളൎന്നു വലുതായി നിലത്തു കാൽകുത്തി നടക്കാനും അനന്തരം ഓടാനും ചാടാനും അവൻ ശക്തനായി ത്തീരുന്നു. ഇങ്ങിനെ മനുഷ്യനു തൻെറ മാതാവിൽനിന്നു്

ലഭിക്കുന്ന അനുഗ്രഹങ്ങൾ വർണ്ണനാതീതമാണ്. മറുവശത്ത് പിതാവിൻെറ ഭാഗത്തുനിന്നുള്ള അനുഗ്രഹങ്ങൾക്ക് കയ്യും കണക്കുമില്ല. പിതാവ് കഠിനാദ്ധ്വാനം ചെയ്ത് മകനെ തീററിപ്പോററുന്നു. മകനുവേണ്ടി സമ്പാദിക്കുന്നു. തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നതെന്തും തന്നെക്കാൾ കൂടുതൽ തൻെറ മകനുണ്ടാവണമെന്ന് ആഗ്രഹിക്കുന്നു. സ്വജീവനെ അപകടത്തിലേക്ക് തള്ളിക്കൊണ്ട് മകനെ രക്ഷിക്കാൻ തയ്യാറാകുന്നു. മാതാപിതാക്കളുടെ സ്നേഹവാത്സല്യങ്ങൾ നിഷ്കപടമാണെന്നത് നിസ്തർക്കമത്രെ.

മനുഷ്യനിവ്വിധം മാതാപിതാക്കളുടെ അനുഗ്രഹകടാക്ഷങ്ങളും പരിലാളനകളും സ്വീകരിച്ചു വളന്നു യുവാവാകുകയും മാതാപിതാക്കൾ വാദ്ധക്യം പ്രാപിക്കുകയും ചെയ്യുമ്പോൾ അവൻ ശക്തനും അവർ അശക്തരുമായിത്തീരുന്നു. അവൻെറ പ്രാബല്യത്തിൻെറ കാലമാണിപ്പോൾ. ഇപ്പോളവൻ മാതാപിതാക്കളിലേക്ക് തിരിഞ്ഞുനോക്കുന്നില്ല. അവരുടെ പക്കൽ നിന്നു് താൻ സ്വീകരിച്ച ഉപകാരങ്ങളെയും, നന്മകളെയും അവൻ അനുസ്മരിക്കുന്നില്ല. നിൻെറ മാതാപിതാക്കൾ തനിക്കുവേണ്ടി വളരെ ക്ലേശിച്ചിട്ടുണ്ടെന്നും അവരുടെ സ്നേഹവും കാരുണ്യവുമാണ് നിന്നെ ലാളിച്ചു വളർത്തിയതെന്നും അവരുടെ അദ്ധ്വാനത്തിൻെറയും രക്തത്തിൻെറയും ഫലമാണ് നിൻെറ ഊക്കും ശക്തിയുമെന്നും മനുഷ്യനെ അനുസ്മരിപ്പിക്കുമ്പോൾ അവൻ പറയുകയാണ്, എനിക്കതൊന്നും അറിഞ്ഞുകൂടായെന്നു്; അവക്ക് എൻെറമേൽ ഒരു കടപ്പാടും ബാധ്യതയുമില്ലെന്നു്. തികച്ചും ഇതുപോലെയാണ് മനുഷ്യൻ തൻെറ

സാക്ഷാൽ രക്ഷിതാവായ അല്ലാഹുവിനെ തള്ളിപ്പറയുന്നത്. അല്ലാഹുവിൻെറ 'റുബൂബിയ്യത്തി'നെക്കുറിച്ചു തനിക്കറിവില്ലെന്നും തൻെറമേൽ പ്രകൃത്യാ അല്ലാഹുവോട് യാതൊരു കടപ്പാടും ബാധ്യതയും കരാറുമില്ലെന്നും മനുഷ്യൻ വാദിക്കുന്നത് തൻെറ മാതാപിതാക്കളെ നിഷേധിക്കുന്നതുപോലെയാണെന്ന് ചുരുക്കം.

മാതാപിതാക്കളെ നിഷേധിക്കുകയും അവരുടെ അവകാശങ്ങൾക്കും അവരോടുള്ള കടപ്പാടുകൾക്കും തെളിവ് വേണമെന്നാവശ്യപ്പെടുകയും ചെയ്യുന്നവനെക്കുറിച്ച് വിവേകമുള്ളവരെന്തുപറയും? 'നന്ദിയില്ലാത്ത ദുഷ്ടൻ!' എന്നോ ...രും അവനെ കുററപ്പെടുത്തുകയില്ലേ? സൂര്യപ്രകാശംപോലെ തെളിഞ്ഞുനില്ക്കുന്ന ഒരു കാര്യത്തിനു തെളിവ് വേണമെന്നാവശ്യപ്പെടുന്നത് ധിക്കാരമത്രെ. ഇത് അലിഖിതമായൊരു രേഖയാകുന്നു. ഈ അവകാശവും ബാധ്യതയും മനുഷ്യൻെറ പ്രകൃതിപരമായ ഒരു കരാറാകുന്നു. മനുഷ്യൻ സനിഷ്കർഷം പാലിക്കേണ്ട ശക്തിമത്തായ കരാർ! ഇതേപോലെ, പ്രകൃതിപരമായ ഒരു കരാർ മനുഷ്യൻ അല്ലാഹുവുമായി നടത്തിയിട്ടുണ്ട്. അല്ലാഹു ഉടമയും മനുഷ്യൻ അടിമയുമാണെന്ന കരാർ. മനുഷ്യപ്രകൃതി ആ കരാറിനെ അനുസ്മരിപ്പിക്കുന്നു. മനുഷ്യൻ അത് പാലിച്ചേ തീരൂ.

മനുഷ്യൻെറമേൽ പ്രകൃത്യാ വന്നുചേരുന്ന ഇത്തരം ബാധ്യതകളും അവകാശങ്ങളും പല രംഗങ്ങളിലും കാണാം. നോക്കുക ഭാര്യയെ തീററിപ്പോററാൻ ഭർത്താവ് ബാധ്യസ്ഥനാണ്; കാരണം അവളവനു പ്രയോജനപ്പെടുന്നു. സ്വകുടുംബത്തേയും ഗോത്രത്തേയും രക്ഷിക്കാൻ മനുഷ്യൻ ഉത്തരവാദപ്പെട്ടവനാണ്; കാരണം,

കുടുംബത്തിൻെറ അനുഗ്രഹാശിസ്സുകൾ അവനാദ്യമേ സ്വീകരിച്ചിരിക്കുന്നു. ഒരു നഗരസഭ പൗരന്മാരുടെ ആവശ്യങ്ങൾ പൂരിപ്പിക്കാൻ സദാ ശ്രദ്ധിക്കുന്നതുകൊണ്ട് അവരിൽനിന്നു നികുതിവാങ്ങാൻ അതിന്നവകാശവും അർഹതയുമുണ്ടാകുന്നു. പ്രജകളുടെ സമയം, സമ്പത്ത്, യോഗ്യതാകഴിവുകൾ, സ്വാതന്ത്ര്യം ആദിയായവയിൽനിന്നെല്ലാം ഒരു വിഹിതം രാഷ്ട്രം ആവശ്യപ്പെടുന്നു. ആപൽഘട്ടങ്ങളിൽ രാഷ്ട്രത്തെ രക്ഷിക്കാൻ സർവ്വസ്വം ബലിയാക്കേണ്ടത് പ്രജകളുടെ ചുമതലയാണ്. എന്തുകൊണ്ട്? ഓരോ പൗരൻെറയും സംരക്ഷണബാധ്യത രാഷ്ട്രം വഹിക്കുന്നുവെന്നതുകൊണ്ടുതന്നെ. ഇത്തരം അവകാശങ്ങളും ഉത്തരവാദിത്തങ്ങളും ഇരു കക്ഷികളുടെമേലും പ്രകൃത്യാ വന്നുചേരുന്നുവെന്നത് വ്യക്തമാണ്.

ഇപ്പോഴൊന്നു സങ്കല്പിച്ചു നോക്കുക: ഒരു സ്ത്രീയുടെ ചാരിത്ര്യം ഒരാൾ ഉടമപ്പെടുത്തി അധീനത്തിൽ വെക്കുന്നു. പക്ഷെ അവളെ പോറേറണ്ട ഉത്തരവാദിത്തം അയാൾ നിഷേധിക്കുകയാണ്. ഒരു പൗരൻ നഗരസഭയുടെ റോഡുകൾ ഉപയോഗപ്പെടുത്തുന്നു; നഗരസഭയുടെ ആരോഗ്യസംരക്ഷണപ്രവർത്തനങ്ങളുടെ ഫലങ്ങളാസ്വദിക്കുന്നു; പാർക്കുകൾ, വഴിവിളക്കുകൾ, പാഠശാലകൾ, ലൈബ്രറികൾ മുതലായവകൊണ്ടുള്ള പ്രയോജനങ്ങളനുഭവിക്കുന്നു. പക്ഷെ സഭയുടെ സാമ്പത്തികാവശ്യങ്ങളുമായി തന്നെ സമീപിക്കുമ്പോൾ അയാൾ പറയുകയാണ്, ഞാനൊന്നും തരില്ലെന്നു; ഞാനൊന്നിനും ഉത്തരവാദിയല്ലെന്നു. ഒരുത്തൻ രാഷ്ട്രത്തിലെ പ്രജകൾക്കനുവദിക്കപ്പെട്ട പൗരാവകാശങ്ങൾ കൈവരിക്കുന്നു. രാഷ്ട്രം നിലനിറുത്തിപ്പോരുന്ന നിയമവ്യവസ്ഥകളുടെ തണലിൽ അവൻ ഒരു സ്വത്തിൻെറ ഉടമയും ഒരു

മകൻെറ അച്ഛനും ഒരു ഭാൎയ്യയുടെ ഭൎത്താവും ഒരു രാഷ്ട്രത്തിൻെറ പൗരനുമായിട്ടുണ്ട്. പക്ഷെ രാഷ്ട്രത്തിൻെറ ന്യായമായ ആവശ്യങ്ങൾ മുമ്പിൽ വരുമ്പോൾ അവൻ പറയുകയാണ്, ഞാനൊന്നിനും തയ്യാറല്ലെന്നു; എൻെറ സ്വത്തും സൗകൎയ്യവും രാഷ്ട്രത്തിനു നല്കാമെന്നു ഞാൻ രാഷ്ട്രത്തോട് കരാർചെയ്തിട്ടില്ലല്ലോ എന്നു്. ധിക്കാരപരമായ ഇത്തരം മറുപടികൾക്ക് തീരെ ന്യായീകരണമില്ലെന്നു സ്പഷ്ടം.

ഏതൊന്നിൽനിന്നു് നാം പ്രയോജനവും ഉപകാരവും സ്വീകരിക്കുന്നുവോ അതിനോട് സ്വാഭാവികമായി നമുക്കൊരു കടപ്പാടുണ്ടായിരിക്കും. വിശാലവീക്ഷണത്തിലിത് ഒരു സാൎവ്വത്രിക നിയമമാണെന്നു കാണാം. നോക്കുക, നാം വളൎത്തുന്ന കോഴിക്കും, പശുവിനും കുതിരക്കും നമ്മുടെ തോട്ടത്തിലുള്ള ചെടികൾക്കും വൃക്ഷങ്ങൾക്കുമെല്ലാം നമ്മിൽ നിന്നു ചില അവകാശങ്ങൾ ലഭിക്കേണ്ടതുണ്ടു്. അതവൎക്കു് നിരാകരിച്ചാൽ നാം ആക്ഷേപപാത്രരായിത്തീരും. കോഴിമുട്ട നമുക്ക് വേണം. കോഴിക്കുഞ്ഞുങ്ങളെ നമുക്കു ഭക്ഷിക്കണം. എങ്കിൽ കോഴിയെ പൂച്ചയും നായയും കുറുക്കനും പിടിച്ചു തിന്നുന്നതിൽനിന്നും രക്ഷിക്കേണ്ടത് നമ്മുടെ ചുമതലയാണ്. നാം പാൽ കറക്കുന്ന പശുവിനും സവാരിചെയ്യുന്ന കുതിരക്കും പുല്ലും പിണ്ണാക്കും മുതിരയും നല്കേണ്ടത് നമ്മുടെ ബാധ്യതയാണ്. നമുക്ക് പുഷ്പങ്ങളും പഴങ്ങളും കാഴ്ചവെക്കുന്ന ചെടികളെയും വൃക്ഷങ്ങളെയും ശുശ്രൂഷിച്ച് വളൎത്തേണ്ടത് നമ്മുടെ കടമയാണ്. ഇത്തരം അവകാശങ്ങൾ വീട്ടേണ്ടത് മനുഷ്യധൎമ്മമാണെന്നതിന്നു തെളിവും രേഖയും ആവശ്യപ്പെടുന്നവൻ വിഡ്ഢിയാകുന്നു. കാരണം, ഇതെല്ലാം

മനുഷ്യപ്രകൃതിയും ലോകനീതിയും താല്പര്യപ്പെടുന്ന പാവന കർത്തവ്യങ്ങളാണ്.

ഇപ്പോഴൊന്നു ചിന്തിച്ചു നോക്കുക: മാതാപിതാക്കളുടെയും ഭാര്യമാരുടെയും കുടുംബാംഗങ്ങളുടെയും അവകാശങ്ങൾ നാം സമ്മതിക്കുകയും പാലിക്കുകയും ചെയ്യുന്നുവെങ്കിൽ അവരെ സൃഷ്ടിച്ച കരുണാനിധിയായ ദൈവത്തിനുള്ള അവകാശങ്ങൾ വിസ്മരിക്കുന്നതു ന്യായമാണോ? രാഷ്ട്രത്തോട് നമുക്ക് കടപ്പാടുണ്ടെന്നു മനസ്സിലാക്കുന്ന നാം സാമൂഹ്യബോധവും ദേശാഭിമാനവും നമ്മിൽ സംജാതമാക്കിയ ദൈവത്തോടുള്ള കടപ്പാടുകൾ അവഗണിക്കുന്നത് ശരിയാണോ? അനുഗ്രഹദായകനും ആശ്രിതവത്സനുമായ ലോകനാഥനെ വണങ്ങുകയും അനുസരിക്കുകയും ചെയ്തുകൊള്ളാമെന്നത് മനുഷ്യപ്രകൃതിയുടെ ശാന്തഗംഭീരമായ ഒരു പ്രതിജ്ഞയാണ്*

ആകയാൽ മനുഷ്യൻ ആദിയിൽ അല്ലാഹുവോട് ചെയ്ത പ്രതിജ്ഞയെക്കുറിച്ചോർക്കുന്നില്ലെന്ന് പറഞ്ഞൊഴിഞ്ഞ് മാറുന്നത് ശരിയാവില്ല. ആ പ്രതിജ്ഞ മനുഷ്യനു അജ്ഞാതമാണെന്ന വാദം തെററാണ്. പക്ഷെ പതിതമനസ്കരും ഭോഷന്മാരുമായ ആളുകൾക്ക് ആ പ്രതിജ്ഞ പാലിക്കാനാവില്ലെന്നുമാത്രം.

---

* ദൈവാനുഗ്രഹങ്ങളാസ്വദിച്ചുകൊണ്ടു ദൈവത്തിന്നു വേണ്ടി ത്യാഗം വരിക്കാതിരിക്കുകയും ദൈവത്തിൻെറ അവകാശങ്ങൾ നിറവേററാതിരിക്കുകയും ചെയ്യുന്നവനെ ഗീതയിൽ ഒരു തസ്കരവീരനോടുദാഹരിച്ചിരിക്കുന്നുവെന്നത് ഇവിടെ സ്മരണീയമാണ്.

ഐഹികജീവിതം മനുഷ്യനെസ്സംബന്ധിച്ചിടത്തോളം ഒരു പരീക്ഷണഘട്ടമാണെന്നു് തൊട്ടുമുമ്പു് നാം അനുസ്മരിച്ചുവല്ലോ. ദൈവത്തെ സ്നേഹിക്കാനും അന്വേഷിച്ചറിയാനുമുള്ള വികാരം മനുഷ്യപ്രകൃതിയിൽ നിലീനമത്രെ. പ്രകൃതിയുടെ പ്രയാണം നേക്കുനേരെ ദൈവത്തിങ്കലേക്കാണു്. പക്ഷെ ആ മാർഗ്ഗത്തിൽ ഭയം ആഗ്രഹം എന്നീ രണ്ടു കാര്യങ്ങൾ പ്രതിബന്ധങ്ങളാകാറുണ്ടു്. ഇവിടെയാണു് മനുഷ്യൻെറ പരീക്ഷണം. ഇവിടെയാണവൻ തിരഞ്ഞെടുപ്പു് സ്വാതന്ത്ര്യം ഉപയോഗിക്കേണ്ടതു്. ഓരോ വ്യക്തിക്കും അവനവൻെറ യോഗ്യതയനുസരിച്ചു ദൈവത്തിങ്കൽ സ്ഥാനവും മഹത്വവും കരസ്ഥമാക്കാം. ഉന്നത വ്യക്തിത്വമുള്ളവർ സകല കുന്നും മലയും ചാടിക്കടന്നു് ലക്ഷ്യത്തിലെത്തിയ ശേഷമേ വിശ്രമിക്കു. യാത്രാമദ്ധ്യത്തിലുള്ള ആഗ്രഹങ്ങളിൽ വഞ്ചിതരാവുകയോ ഭയത്തിൽപെട്ടു് കറങ്ങുകയോ ഇല്ല. പ്രകൃതിയുടെ മണിനാദം ശ്രവിച്ചുകൊണ്ടുള്ള ത്വരിതഗമനത്തിൽ വഴിയിൽ കാണുന്ന മുള്ളും കല്ലും അവക്കു തടസ്ഥമാവില്ല. നേരെമറിച്ചു, ഭീരുക്കളും ഭോഷന്മാരുമായ ആളുകൾ പ്രകൃതിയുടെ ആഹ്വാനം ശ്രദ്ധിക്കാതെ യാത്രാമദ്ധ്യേ വട്ടം കറങ്ങുന്നു. വഴിയിലുള്ള കല്ലും മുള്ളും കുന്നും മലയും അവക്കു വലിയ പ്രതിബന്ധങ്ങളായിരിക്കും. അവർ അപകടങ്ങളാൽ ഭയചകിതരാവുകയും ആഗ്രഹങ്ങളാൽ വഞ്ചിതരാവുകയും ചെയ്യുന്നു. ഇവിടെനിന്നാണു് ശിക്കിൻെറ ഉത്ഭവം. മനുഷ്യൻെറ ഈ അധമത്വവും ഭീരുത്വവുമാണു് അല്ലാഹ് അല്ലാത്തവരെ പൂജിക്കാനും അല്ലാഹുവോടു് അന്യരെ പങ്കുചേക്കാനും അവനു പ്രേരകമായതു്. ഈ അധമത്വവും ഭീരുത്വവും വിവിധ രൂപങ്ങളിൽ പ്രകടമായതാണു് ലോകത്തു നാം കാണുന്ന ശിക്കിൻെറ പേക്കോലങ്ങൾ.

മഹത്തായ യോഗ്യതകളുടെ ഉടമസ്ഥനാണ് മനുഷ്യൻ. അവയെ ഉപയോഗപ്പെടുത്തുകയും ഐഹിക ജീവിതത്തിലെ മധുര മോഹനങ്ങളായ ഇച്ഛാഭിലാഷങ്ങളെ നിയന്ത്രിക്കുകയും ചെയ്ത് ദൈവപ്രീതി സമ്പാദിക്കേണ്ടത് മനുഷ്യൻെറ കടമയാണ്. പക്ഷെ ചപലനായ മനുഷ്യൻ തൻെറ യോഗ്യതാകഴിവുകളെ ദേഹേച്ഛക്കടിപ്പെടുത്തി സ്വയം അധ:പതിക്കുന്നു. ഐഹിക മോഹങ്ങളും ഇച്ഛാഭിലാഷങ്ങളും പൂരിപ്പിക്കുകയെന്നത് ജീവിതലക്ഷ്യമാകുന്നു. അപ്പോളവൻെറ ആരാധ്യവസ്തു വാസ്തവത്തിൽ ദേഹേച്ഛയായിരിക്കും. ഇങ്ങനെയാണ് ആഗ്രഹം ശിർക്കിലേക്ക് വഴിവെക്കുന്നത്. ഇത് ഏതുപോലെയെന്നാൽ ഒരു രാജാവ് തൻെറ ഒരു ദാസിയിൽ അനുരക്തനായി. പ്രേമം മൂത്ത് മൂത്ത് രാജാവ് അവളുടെ അടിമയായിത്തീൎന്നു. അവൾ രാജാവിൻെറമേൽ മാത്രമല്ല രാഷ്ട്രത്തിലെ മാന്യന്മാരും മഹാന്മാരുമായ സകല വ്യക്തികളുടെ മേലും ആജ്ഞാധികാരങ്ങൾ നടത്തിത്തുടങ്ങി. ഇപ്പോൾ ആ രാഷ്ട്രം ആദ്യന്തം അവളുടെ പിടുത്തത്തിലായിരിക്കുന്നു.

ഇച്ഛയെ പൂജിക്കുന്നവൻ മനുഷ്യമഹത്വത്തെ അപമാനിക്കുകയാണ്. ദേഹേച്ഛയുടെ ആധിപത്യം പ്രകൃതിതാല്പര്യമല്ല; മനുഷ്യൻെറ ചപലതയാകുന്നു.

ആഗ്രഹങ്ങളിൽ ഭ്രമിച്ച് ശിർക്കിലേക്ക് വഴുതുന്ന മററുമാൎഗ്ഗങ്ങൾ നോക്കുക: മാതാപിതാക്കളും, ഭാൎയ്യാസന്താനങ്ങളും, കുടുംബാംഗങ്ങളും ദൈവാനുഗ്രഹങ്ങളാണ്. അവരോട് ഹൃദയംഗമമായ ബന്ധവും താല്പൎയ്യവും മനുഷ്യസഹജമാണ്. സ്വത്തും സാമഗ്രികളും കന്നുകാലികളും മനുഷ്യന്നാവശ്യമാണ്. കരുണാനിധിയായ

ദൈവം അതെല്ലാം മനുഷ്യനന്നധീനപ്പെടുത്തിക്കൊടുത്തിരിക്കുന്നു. ഇതെല്ലാം മനുഷ്യനു വളരെ പ്രിയപ്പെട്ടതു തന്നെ. ഈ അനുഗ്രഹങ്ങളുപയോഗപ്പെടുത്തി യഥാർത്ഥ ജീവിതലക്ഷ്യത്തിലേക്ക്-അനുഗ്രഹ ദാതാവിൻെറ പ്രീതിയിലേക്കു- പുരോഗമിക്കുകയാണ് വിവേകമുള്ള മനുഷ്യൻ ചെയ്യേണ്ടത്. പക്ഷെ, പതിത മനസ്സനായ മനുഷ്യൻ ഈ അനുഗ്രഹങ്ങളെ പരിധിവിട്ടു സ്നേഹിച്ചു കളയുന്നു. അനുഗ്രഹങ്ങളോടുള്ള സ്നേഹവും പ്രേമവും മോഹവും അതിർകവിഞ്ഞ് ആരാധനയുടെ രൂപം പ്രാപിക്കുന്നു. പിതാവിനോടുള്ള സ്നേഹം പിതൃപൂജയായിത്തീരുന്നു. ഭാര്യാസന്താനങ്ങൾക്ക് അല്ലാഹുവിനെക്കാളും ദീനിനെക്കാളും പ്രാധാന്യം കല്പിക്കുന്നു. ഗോത്ര പക്ഷപാതം നിമിത്തം അല്ലാഹുവിൻെറ ആജ്ഞകളെ വലിച്ചെറിയുന്നു. ഗോത്രസ്നേഹം അതിർ കവിഞ്ഞു കുലചിഹ്നഭക്തിയും പിതൃപൂജയും ജന്മമെടുക്കുന്നു. ധനസ്നേഹം ധനപൂജയായി മാറുന്നു. കന്നുകാലികളെ സ്നേഹിച്ച് ലാളിച്ച് അവസാനം അവയെ ആരാധ്യവസ്തുക്കളാക്കി ഉയർത്തിവെക്കുന്നു. ചില മൃഗങ്ങളിൽ മനുഷ്യനു ധാരാളം പ്രയോജനങ്ങൾ ലഭിക്കുമ്പോൾ അവയോടുള്ള സ്നേഹം വർദ്ധിച്ച് ആരാധനയായി പരിണമിക്കുകയാണ്. പശു, കാള, ആന, കുതിര മുതലായ മൃഗങ്ങൾ അങ്ങനെയാണ് ദേവതകളായിത്തീർന്നത്. മനുഷ്യൻ എന്തെല്ലാം വിഡ്ഢിത്തങ്ങളാണ് ചെയ്യുന്നത്? ദൈവം മൃഗത്തെ മനുഷ്യനു സവാരിയാക്കികൊടുത്തു. പക്ഷെ ആ മൃഗം ഇന്നിതാ ഭോഷനായ മനുഷ്യൻെറ പുറത്തു സവാരി ചെയ്യുന്നു!

സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മഴവില്ല്, മേഘം, വായു, അഗ്നി, വെള്ളം, ഭൂമി, നദി, പർവ്വതം ആദിയായവ മനുഷ്യനെസ്സംബന്ധിച്ചിടത്തോളം അജ്ഞേയററം

പ്രയോജന വസ്തുക്കളാണ്. യാതൊരദ്ധ്വാനവും കൂടാതെ അവയുടെ ഉപകാരങ്ങൾ മനുഷ്യന്നു ലഭിച്ചുകൊണ്ടിരിക്കുന്നു. ഇതെല്ലാം അല്ലാഹു മനുഷ്യന്നുവേണ്ടി ഏർപ്പെടുത്തിക്കൊടുത്ത അനുഗ്രഹങ്ങളാണ്. മനുഷ്യജീവിതം സുഗമവും സുഖകരവുമാകാൻ വേണ്ടി; അവന്റെ മുഴുസമയവും അല്ലാഹുവിനുള്ള സേവനത്തിൽ വിനിയോഗിക്കാൻ വേണ്ടി; പക്ഷെ, ഈ പ്രാപഞ്ചിക വസ്തുക്കൾ യാതൊരു പ്രതിഫലവുമില്ലാതെ മനുഷ്യന്റെ മേൽ അനുഗ്രഹങ്ങൾ ചൊരിയുന്നതു കണ്ടപ്പോൾ അവൻ തെററിദ്ധരിച്ചു, ഇതെല്ലാം കാരുണ്യമൂർത്തികളായ ദൈവങ്ങളാണെന്ന്. അങ്ങിനെയവൻ അവയെ ആരാധിച്ചുതുടങ്ങി. മനുഷ്യന്റെ ഈ വിഡ്ഢിത്വത്തിന്നു ഒരുദാഹരണം പറയാം: ഒരു രാജാവ് തന്റെ രാഷ്ട്രസേവകരിൽ ഒരാളെ അത്യധികം ഇഷ്ടപ്പെടുകയും ആദരിക്കുകയും ചെയ്തു. അയാളുടെ ജീവിതസൗകര്യത്തിന്നായി രാജാവ് കുറെ ദാസന്മാരെയും ദാസിമാരെയും അയാൾക്കേർപ്പെടുത്തിക്കൊടുത്തു. അവക്കു വേണ്ടിവരുന്ന ചിലവുകളെല്ലാം രാജാവ് സ്വയം വഹിക്കുകയും ചെയ്തു. അവരുടെ ശുശ്രൂഷകൾ ആ രാഷ്ട്രസേവകന്നു യാതൊരദ്ധ്വാനവും ചിലവും കൂടാതെ ലഭിക്കുമാറായി. രാജാവിനെയും രാഷ്ട്രത്തെയും സേവിക്കാനയാൾക്ക് കൂടുതൽ സൗകര്യം ലഭിക്കാൻ വേണ്ടിയാണിതെല്ലാം സൗജന്യമായി നല്കിയത്. പക്ഷെ അയാൾ കരുതി, ഇവരെന്റെ രക്ഷാധികാരികളാണെന്ന്; ഈ തമ്പുരാക്കന്മാരുടെ അനുഗ്രഹങ്ങൾക്ക് ഞാനിവരോട് കൂറു കാണിക്കേണ്ടതുണ്ടെന്ന്. അങ്ങനെ അയാൾ ആ ദാസന്മാരെയും ദാസിമാരെയും തന്റെ രാജാക്കന്മാരായും രാജ്ഞിമാരായും ഉയർത്തിവച്ചു. അയാൾക്കീ സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിക്കൊടുത്ത,

PUBLIC LIBRARY

സാക്ഷാൽ അനുഗ്രഹദായകനായ രാജാവിനെ അവഗണിക്കുകയും ചെയ്തു.

ഇനിയും നോക്കുക. ഭരണാധികാരവും സമ്പത്തും നല്കിക്കൊണ്ട് അല്ലാഹു പലരെയും പരീക്ഷിച്ചു. അവർ അധികാരവും സമ്പത്തും ദൈവപ്രീതിക്കായി വിനിയോഗിക്കുമോ അതോ ദൈവത്തെ ധിക്കരിക്കുമോ എന്നതാണ് പരീക്ഷ. ഈ പരീക്ഷയിൽ അധികപേരും പരാജയപ്പെട്ടതായിട്ടാണ് ചരിത്രം. അധികാരവും സമ്പത്തും ദൈവത്തിന്റെ ദാനങ്ങളും അനാമത്തുകളുമാണെന്ന പരമസത്യം സ്വീകരിക്കാനവർ കൂട്ടാക്കിയില്ല. അതെല്ലാം തങ്ങളുടെ വ്യക്തിമാഹാത്മ്യംകൊണ്ടും ജന്മാവകാശംകൊണ്ടും സിദ്ധിച്ചതാണെന്ന് അവർ അഹങ്കരിച്ചു. അല്ലാഹുവിന്റെ സൃഷ്ടികളുടെ മേൽ അവന്റെ വ്യവസ്ഥക്കെതിരിൽ തങ്ങളുടെ സ്വയംകൃത നിയമങ്ങൾ വെച്ചുകെട്ടി അടക്കി ഭരിച്ചു. പരമ്പരാഗതമായി അധികാരം കൈവരിച്ചപ്പോൾ അവരിൽ ചിലക്കുതോന്നി, തങ്ങൾ ദൈവാവതാരങ്ങളാണെന്ന്. ഈജിപ്തിലെ അവതാര രാജാക്കളും (God Kings) ഇന്ത്യയിലെ പ്രാചീന രാജകുടുംബങ്ങളും ഇതിന്നുദാഹരണങ്ങളാണ്. തങ്ങൾ ദേവതകളാണെന്നവർ വാദിച്ചിരുന്നു. തടടി! സ്ഥാനത്തിലവർ പ്രജകളെക്കൊണ്ട് പൂജ ചെയ്യിക്കുകയും ചെയ്തിരുന്നു. വിഡ്ഢികളും മുഖസ്തുതിക്കാരുമായ ദർബാരികൾ അക്ബർ ചക്രവർത്തിയെ വാഴ്ത്തി വാഴ്ത്തി ഏതാണ്ടിതുപോലുള്ളൊരു പൊട്ടക്കുഴിയിലാണ് ചാടിച്ചിരുന്നത്. ചീനയിലും ജപ്പാനിലുമുള്ള രാജാക്കന്മാർ അമാനുഷിക വ്യക്തിത്വങ്ങളാണെന്നു ചീനരും ജപ്പാനികളും വിശ്വസിച്ചുപോന്നു. അലക്സാണ്ടർ ഈജിപ്തിലെത്തിയപ്പോൾ ഈ രോഗം അദ്ദേഹത്തെയും ബാധിക്കുകയുണ്ടായി. ഈ താഗ്ഗൂത്തുകളെല്ലാം സർവ്വാധിനാഥനായ

അല്ലാഹുവോട് കടുത്ത ധിക്കാരവും രാജദ്രോഹവുമാണ് പ്രവർത്തിച്ചത്. ഈ രാജദ്രോഹത്തെ ഇങ്ങനെ ഉദാഹരിക്കാം:

ഒരു രാജാവ് പ്രജകളിൽ യോഗ്യനായ ഒരുത്തനെ ഭൃത്യപരിവാരസമേതം തന്റെ വിശാല സാമ്രാജ്യത്തിലെ ഒരു സംസ്ഥാനത്തിലേക്കയച്ചു. രാജാവിനെ പ്രതിനിധീകരിച്ച് ആ സംസ്ഥാനത്തിൽ ഭരണം നടത്താൻ വേണ്ടിയാണയച്ചത്. പക്ഷെ അയാളവിടെ ചെന്ന ശേഷം താൻ തന്നെയാണ് യഥാർത്ഥ രാജനെന്ന വ്യാജേന ഭരണകാര്യങ്ങൾ തന്നിഷ്ടപ്രകാരം നിയന്ത്രിച്ചു തുടങ്ങി. അതു തന്റെ സാമ്രാജ്യമാണെന്നും സാക്ഷാൽ ഭരണാധിപൻ താനാണെന്നും അയാൾ പ്രഖ്യാപിച്ചു. രാജാവ് ഏല്പിച്ചുകൊടുത്ത ഭൃത്യപരിവാരങ്ങൾ തന്റെ ആജ്ഞയനുസരിച്ചു പ്രവർത്തിക്കുന്നത് കണ്ടപ്പോൾ അയാൾ അധികാര ലഹരിയിൽ ഭ്രമിച്ചു വഞ്ചിതനായതുകൊണ്ടാണ് രാജദ്രോഹത്തിനു മുതിർന്നത്. അല്ലാഹുവിന്റെ നിയമ നിർദ്ദേശങ്ങളെ പ്രതിനിധീകരിക്കാതെ ഭൂലോകത്ത് ഭരണയന്ത്രം കറക്കുന്നവരെല്ലാം അല്ലാഹുവിന്റെ മുമ്പിൽ ഇത്തരം രാജദ്രോഹക്കുററമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ഇനി മറെറാരു വശം നോക്കുക. അല്ലാഹു ചിലരെ നിർധനന്മാരാക്കി. അവർക്കു സമ്പത്തും അധികാരവുമില്ല. അത്തരം ഉത്തരവാദിത്വങ്ങളിൽനിന്നവരെ അല്ലാഹു ഒഴിവാക്കി. ഇതും ഒരു പരീക്ഷണമാണ്. അവർ ക്ഷമയും സംതൃപ്തിയും കൈക്കൊണ്ടു് ലളിതസുന്ദരമായ ജീവിതം നയിക്കുമോ എന്നാണ് പരീക്ഷിക്കുന്നത്. അധികാര സമ്പത്തുകളിൽ അഹങ്കരിച്ച താഗൂത്തുകൾക്കടിയറവെക്കുമോ എന്നാണു അല്ലാഹു നോക്കുന്നതു.

കുറെ ആളുകൾ ഈ പരീക്ഷണത്തിലും പൂർണ്ണമായി വിജയിച്ചില്ല. അവർ ദൈവധിക്കാരികളുടെ മുമ്പിൽ ആശ്രിതത്വവും അടിമത്വവും അർപ്പിച്ചു. അവരെ അല്ലാഹുവിൻെറ സ്ഥാനത്ത് കയററിവച്ചു പൂജിച്ചു. ആ താഗൂത്തുകൾ ജീവിച്ചിരുന്നപ്പോൾ അവരെ അന്നദാതാക്കളാക്കി; മരണമടഞ്ഞപ്പോൾ അവരുടെ ശവകുടീരങ്ങൾ കെട്ടിപ്പൊക്കുകയും അവരുടെ പ്രതിമകളുണ്ടാക്കിവക്കുകയും ചെയ്തു.

അല്ലാഹു അവൻെറ അടിയാറുകളിൽ ചിലരെ ആത്മീയാനുഗ്രഹങ്ങൾ നല്കി ഉയർത്തിവച്ചു. ചിലരെ പ്രവാചകന്മാരാക്കി. അവർ പരിശുദ്ധന്മാരും നിസ്വാർത്ഥ സേവകന്മാരുമായിരുന്നു. ജനങ്ങളെ തങ്ങൾക്കടിമപ്പെടുത്താനല്ല, അല്ലാഹുവിന്നടിമപ്പെടുത്താനാണ് ആ മഹാത്മാക്കൾ പരിശ്രമിച്ചിരുന്നത്. ആരാധനക്കും അടിമവൃത്തിക്കും അർഹൻ അല്ലാഹു മാത്രമാകുന്നുവെന്നതായിരുന്നു അവരുടെ മൗലിക പ്രബോധനം. പക്ഷെ, അവരുടെ കാലശേഷം പിൻഗാമികളിൽ പെട്ട സ്വാർത്ഥികളും വിഡ്ഢികളുമായ ജനങ്ങൾ അവരെ റബ്ബുകളാക്കി. നോക്കുക, മസീഹിനേയും മററു പുണ്യവാളന്മാരെയും ഔലിയാക്കളെയും ശൈഖുമാരെയും ജനങ്ങളിൽ ഗണ്യമായൊരു വിഭാഗം അല്ലാഹുവിൻെറ പങ്കാളികളാക്കിയിരിക്കുന്നു. ഇങ്ങനെ പല മാർഗ്ഗങ്ങളിലൂടെയും ശിർക്ക് പൊട്ടിയൊലിച്ചു പരന്നിരിക്കയാണ്. ആകയാൽ ശിർക്ക് മനുഷ്യൻെറ കൃത്രിമ സൃഷ്ടിയാണ്; പ്രകൃതിയുക്തമല്ല.

ചിലപ്പോൾ രാഷ്ട്രീയോദ്ദേശ്യങ്ങളും സാംസർഗ്ഗിക താല്പര്യങ്ങളും ജന സമുദായങ്ങളിൽ ശിർക്ക് പടന്നു പിടിക്കാൻ കാരണമായിട്ടുണ്ട്. രാഷ്ട്രീയബന്ധം സുദൃഢ

മാക്കാനുദ്ദേശിച്ച് ഒരു സമുദായം മററൊരു സമുദായ ത്തിൻെറ വിഗ്രഹത്തെ ആദരിക്കുകയും ആരാധിക്കുകയും ചെയ്ത സംഭവങ്ങൾ പ്രാചീന ചരിത്രങ്ങളിൽ കാണാം. ജയിച്ചടക്കപ്പെട്ട സമുദായത്തിൻെറ വ്രണിത വികാര ങ്ങൾ ശമിപ്പിക്കാൻവേണ്ടി അവരുടെ ബിംബങ്ങളെ ജേതാക്കൾ തങ്ങളുടെ വിഗ്രഹാലയങ്ങളിൽ പ്രതിഷ്ഠിച്ച തായി ചരിത്രമുണ്ട്. ഈ ഇനത്തിൽ പെട്ട ഏതാനും ഹീനവൃത്തികൾ ഇന്ത്യയിൽ അക്ബർ ചക്രവത്തി ചെയ്തിട്ടുണ്ട്. ഖുറൈശികൾ അറേബ്യൻ ഗോത്രങ്ങ ളുടെമേൽ നേതൃത്വം നിലനിറുത്താൻ സകല ഗോത്രങ്ങ ളുടേയും വിഗ്രഹങ്ങളെ 'കഅ്ബ'യിൽ പ്രതിഷ്ഠിച്ചു; 'കഅ്ബ'യെ എല്ലാവരുടെ ദൈവങ്ങൾക്കും പ്രാതിനി ധ്യമുള്ള ഒരു മഹാ ക്ഷേത്രമാക്കി. ഇത്തരം വൃത്തികെട്ട അടവുകൾ ഇസ്രായീല്യർ പലപ്പോഴും ചെയ്തതായി ചരിത്രം വിളിച്ചുപറയുന്നു. ഇസ്രായീല്യർ മുശ്രിക്കുക ളുടെ സ്ത്രീകളെ വേളി കഴിച്ചിരുന്നു. ആ സ്ത്രീകളോടൊ ന്നിച്ച് അവരുടെ ബിംബങ്ങളേയും ഏകദൈവവാദി കളായ ഇസ്രായീല്യർ തങ്ങളുടെ വീടുകളിലേക്കു കടത്തി യിരുന്നു. മുശ്രിക്കത്തായ ഭാൎയ്യയിൽ ജനിക്കുന്ന സന്താ നങ്ങൾ ശിക്കിൻെറ മുലപ്പാൽ കുടിച്ചാണ് വളൎന്നിരു ന്നത്. ഇന്ത്യൻ മുസ്ലിംകളുടെ ആദശ വിശ്വാസ സംസ്കാ രങ്ങളിൽ ആംഗ്ലേയാധിപത്യവും ഹൈന്ദവതത്വത്തോടുള്ള മൈത്രീബന്ധവും ശിക്കുപരമായ പ്രവണതകളുളവാ ക്കിയ സംഭവ സാക്ഷ്യങ്ങൾ നമ്മുടെ കൺമുമ്പിലുണ്ട്.

പ്രകൃതി മാൎഗ്ഗത്തിൽ ആഗ്രഹങ്ങൾ പ്രതിബന്ധം നില്ക്കുകയും ആഗ്രഹങ്ങളിൽ വഞ്ചിതരായി മനുഷ്യർ ശിക്കിലേക്ക് വഴുതുകയും ചെയ്യുന്നതു സംബന്ധിച്ച ചർച്ച യാണ് മുകളിൽ വന്നത്. ഇനി ഭയത്തിൽ കുടുങ്ങി

മനുഷ്യർ ശിർക്കിലകപ്പെടുന്നതിനുള്ള ചില ഉദാഹരണങ്ങൾ വിവരിക്കാം:

മനുഷ്യനെ ഏററവും നല്ല ആകൃതിയിലും പ്രകൃതിയിലുമാണ് അല്ലാഹു സൃഷ്ടിച്ചത്. മനുഷ്യപ്രകൃതിയുടെ ഗമനം പുരോഗതിയിലേക്കും പരിശുദ്ധിയിലേക്കുമാണ്. പക്ഷെ മാർഗ്ഗമദ്ധ്യേ ആപൽക്കരങ്ങളായ പ്രതിബന്ധങ്ങൾ നാട്ടിക്കൊണ്ട് അല്ലാഹു അവനെ പരീക്ഷിക്കുന്നു. മനുഷ്യൻ പ്രതിബന്ധങ്ങളെ തട്ടിമാററി മുന്നോട്ടു നീങ്ങുമോ എന്നാണ് പരീക്ഷിക്കുന്നത്. ഭീരുവും ഭോഷനുമായ മനുഷ്യൻ ആ പ്രതിബന്ധങ്ങൾ കണ്ടു പേടിച്ചു വിറച്ച് അവയെ പൂജിക്കാൻ തുടങ്ങുന്നു. പുരോഗമനോന്മുഖമായ തൻെറ പ്രകൃതിയുടെ താല്പര്യങ്ങൾക്കെതിരായി ആ പ്രതിബന്ധങ്ങളുടെ മുമ്പിലവൻ പരാജയപ്പെടുന്നു. മനുഷ്യ മഹത്വത്തിന്നു കളങ്കം ചാർത്തിക്കൊണ്ട് ദൈവേതര ശക്തികളുടെ മുമ്പിൽ തലകുനിക്കുന്നു. പ്രതിബന്ധങ്ങളോട് മല്ലടിക്കുന്നതിനുപകരം മനുഷ്യൻ കണ്ടുപിടിക്കുന്ന ഒരു കുറുക്കുവഴിയാണിത്. മനുഷ്യൻെറ ഈ മൗഢ്യത്തിന്നു് ഒരുദാഹരണം പറയാം: ഒരാൾ ശീഘ്രം നടന്നുപോകുമ്പോൾ കാലിൽ ഒരു കല്ല് വെച്ചുമുട്ടി. മേലിൽ കണ്ണുമിഴിച്ചു സൂക്ഷിച്ചു നടക്കണമെന്ന പാഠമാണ് അതിൽനിന്നവന്നു് ലഭിക്കേണ്ടിയിരുന്നത്. പക്ഷെ, അവൻ പിന്നെ ഒരടിപോലും മുമ്പോട്ടുവെക്കാൻ ധൈര്യപ്പെട്ടില്ല. അവൻ പേടിച്ചുവിറച്ച് ആ കല്ലിൻ കഷ്ണത്തിൻെറ മുമ്പിൽ തൊഴുതുകൊണ്ടിരുന്നു.

ഭയത്തിൽ കുടുങ്ങി മനുഷ്യൻ ശിർക്കാകുന്ന വിഡ്ഢിത്വം പ്രവർത്തിക്കുന്നതിന്നു മറെറാരുദാഹരണം ഇങ്ങനെയാണ്: ഒരാൾ വൃത്തിഹീനനായി. വസ്ത്രം മുഷിഞ്ഞു നാറി വെള്ളപ്പേൻ നിറഞ്ഞു. കുളിക്കുകയും വസ്ത്രങ്ങൾ

അലക്കി വൃത്തിയാക്കുകയുമാണ് അയാറം ചെയ്യേണ്ടി യിരുന്നത്. പക്ഷെ, അവൻ അലസനും വിഡ്ഢിയുമാ യിരുന്നു. കുളിക്കാനും അലക്കാനും എന്നെക്കൊണ്ടാവി ല്ലെന്നവൻ കരുതി. പേൻകടി അസഹ്യമായിത്തീന്ന പ്പോറം അവൻ ഭയന്നു. പേൻകടിയിൽനിന്നു രക്ഷ പ്പെടാൻ അവനിപ്പോറം നിത്യേന രാവിലെ പേനേ, ശരണം! എന്നു ജപിച്ചുകൊണ്ടിരിക്കയാണ്; പേനിന്നു സ്തുതി പാടിക്കൊണ്ടിരിക്കയാണ്.

മനുഷ്യൻെറ നാഗരിക ചരിത്രങ്ങളിലേക്കു തിരി ഞ്ഞുനോക്കുക: പാമ്പും തേളും നരിയും ചെന്നായയും മനുഷ്യനെ ഉപദ്രവിക്കുന്നു. കാടുവെട്ടിത്തെളിയിച്ചു വാ സയോഗ്യമാക്കാനും മല തുരന്നു പാപ്പിടമുണ്ടാക്കാനും ആ ക്രൂരജന്തുക്കളുടെ ഉപദ്രവങ്ങറം മനുഷ്യനെ നിബ്ബ ന്ധിച്ചു. വന്യമൃഗങ്ങളും ഇഴജന്തുക്കളുമില്ലായിരു ന്നെങ്കിൽ മനുഷ്യൻ മാളങ്ങളിൽ ചടഞ്ഞു കൂട്ടമായിരുന്നു. ദുരിതങ്ങളും ആവശ്യങ്ങളും മനുഷ്യനെ അദ്ധ്വാനിക്കാൻ നിബ്ബന്ധിച്ചു. ഇന്നിക്കാണുന്ന നാഗ രികപുരോഗതികളെല്ലാം അങ്ങനെയുണ്ടായിത്തീന്നതാ ണ്. പക്ഷെ, ചില അലസന്മാർ വന്യമൃഗങ്ങളെ അതിജയിക്കാൻ ശ്രമിച്ചില്ല. അവരവയെ കാട്ടുദേവത കളാക്കി വച്ചു പൂജിച്ചു. എന്തൊരു ഭോഷത്വമാണിത്. ഒരുത്തനെ മലിനസാധനങ്ങറം നിറച്ച ഒരു മുറിയി ലോ അല്ലെങ്കിൽ പുകയുന്ന ഒരു വീട്ടിലോ ഇട്ടടച്ചു വെന്നു സങ്കല്പിക്കുക. തീച്ചയായും അവൻെറ ഘ്രാണ ശക്തി അവനെ നിബ്ബന്ധിക്കും, എങ്ങിനെയെങ്കിലും അവിടന്നു പുറത്ത് വരണമെന്ന്. പുകഞ്ഞു വീപ്പു മുട്ടിത്തുടങ്ങുമ്പോറം അവൻ മുഴുകഴിവും ഉപയോഗിച്ചു പുറത്തേക്കു തുള്ളും. പക്ഷെ അവൻ അലസനും

വൃത്തിഹീനനുമാണെങ്കിൽ അവിടെത്തന്നെ ചടഞ്ഞു കൂടി ആ മാലിന്യത്തെയും പുകപടലത്തെയും ആരാധിച്ചു തുടങ്ങും. മാലിന്യമേ, ശരണം! പുകപടലമേ, ജയ! എന്നായിരിക്കും അവൻ പറയുക.

ഭൂകമ്പം, അഗ്നിപർവ്വതത്തിൻെറ പൊട്ടിത്തെറി കൽ, കൊടുങ്കാററ്, ഇടി, മിന്നൽ ആദിയായവ അല്ലാഹുവിൻെറ പ്രാപഞ്ചിക നിയന്ത്രണാധികാര ശക്തിയെ പ്രകടമാക്കുന്നു. മനുഷ്യൻ അല്ലാഹുവിൻെറ കാരുണ്യ ത്തിൽ വഞ്ചിതനായി അവൻെറ നീതിയെ വിസ്മരി ക്കാതിരിക്കാൻ വേണ്ടിയാണിത്; അല്ലാഹുവിൻെറ ക്രോധത്തെയും ശക്തിപ്രാഭവത്തെയും കുറിച്ചു മനുഷ്യൻ ഉണരാൻ വേണ്ടിയാണിത്; മനുഷ്യൻ അതിക്രമകാരി യായിത്തീരുന്ന പക്ഷം അല്ലാഹു നല്കിയ അനുഗ്രഹ ങ്ങളിൽ നിന്നുതന്നെ അവന്നു നാശവും ഉപദ്രവവു മുണ്ടാകുമെന്ന് കണ്ടു പഠിക്കാൻ വേണ്ടിയാണിത്. അല്ലാഹുവിൻെറ അപാരമായ അനുഗ്രഹങ്ങളിൽ വഞ്ചിതനായിക്കൊണ്ട് മനുഷ്യൻ അതിക്രമം പ്രവ ത്തിച്ചു തുടങ്ങുമ്പോൾ അവനെ സ്വല്പം ഭയപ്പെടുത്തു കയും ശിക്ഷിക്കുകയും ചെയ്യുക ദൈവനീതിയാണ്. പക്ഷേ, അല്ലാഹു മനുഷ്യൻെറമേൽ പ്രഹരമേല്പിച്ച ചമ്മട്ടികളെക്കുറിച്ച് അവൻ തെററിദ്ധരിച്ചു, അവ യാണ് യഥാർത്ഥ ദിവ്യശക്തികളെന്നു. ആ ചമ്മട്ടി കൾ കൊണ്ടു അല്ലാഹു പ്രഹരിക്കുമെന്ന് ഭയന്ന് അല്ലാഹുവിങ്കൽ അഭയം തേടുകയാണ് മനുഷ്യൻ ചെയ്യേണ്ടിയിരുന്നത്. പക്ഷേ, അവൻ സർവ്വ ശക്തനായ അല്ലാഹുവെ വിട്ട് ആ ചമ്മട്ടികളെ ആരാ ധിക്കാനൊരുങ്ങി. അനുഗ്രഹത്തെ അനുഗ്രഹദായകനെ ന്നു ധരിച്ചപോലെ ശിക്ഷയെക്കുറിച്ച് 'ശിക്ഷിക്കുന്ന

വൻ' എന്നു കരുതി. ഈ ആശയം ഒരുദാഹരണത്തി ലൂടെ സ്വല്പം വ്യക്തമാക്കാം: പ്രജാവത്സലനായ ഒരു രാജാവ് പ്രജകളുടെമേൽ അസംഖ്യം അനുഗ്രഹങ്ങൾ ചൊരിഞ്ഞു. അവരുടെ സുഖസൗകര്യങ്ങൾക്കാവശ്യ മായ എല്ലാ മാർഗ്ഗങ്ങളും സംവിധാനിച്ചു കൊടുത്തു. രാജാവിൻെറ സൈന്യബലവും ആയുധ ശക്തിയും ഇടക്കിടെ അവരുടെമുമ്പിൽ പ്രകടമാക്കിക്കൊണ്ടിരിക്കു കയും ചെയ്തു. പ്രജകൾ രാജാവിൻെറ കാരുണ്യത്തിൽ വഞ്ചിതരായി രാജദ്രോഹത്തിന്നൊരുമ്പെടാതിരിക്കാ നും, അവരെ ശിക്ഷിച്ചു നിലക്കുനിറുത്താൻ വേണ്ട ആയുധസാമഗ്രികൾ അദ്ദേഹത്തിൻെറ പക്കലുണ്ടെന്ന വർ ധരിച്ചിരിക്കാനും വേണ്ടിയാണങ്ങനെ ചെയ്തത്. പക്ഷെ, പ്രജകളിൽനിന്നു് കുറെ ഭോഷന്മാർ ആയുധ ശക്തികൾ കണ്ടമ്പരന്നു. ഈ ആയുധങ്ങൾ തന്നെ യാണ് യഥാർത്ഥ രാജാവെന്നു തെററിദ്ധരിച്ചു. ഇപ്പോ ളവർ രാജാവിനെ അവഗണിച്ച്, ആയുധ സാമഗ്രിക ൾക്കു് സ്തോത്ര കീർത്തനങ്ങൾ പാടിക്കൊണ്ടിരിക്കയാണ്.

അല്ലാഹുവെ ധിക്കരിക്കുകയും അല്ലാഹുവിൻെറ അടിയാറുകളെ സ്വാധീനവലയത്തിൽ കുടുക്കിയിടുക യുംചെയ്ത ചില ഭരണാധികാരികൾ പലപ്പോഴും ആരാ ധ്യരായിത്തീൎന്നിട്ടുണ്ട്, ചരിത്രത്തിൽ. വ്യാജ ദൈവ ങ്ങളുടെ അധീനത്തിലകപ്പെട്ട ജനങ്ങൾ ഒരു പരീക്ഷ ണരംഗത്താണ്. അവർ തങ്ങളുടെ പ്രകൃതിതാല്പര്യമ നുസരിച്ച് ഏകനായ അല്ലാഹുവിൻെറ മാത്രം അടിമ കളും പ്രജകളുമായി ഉറച്ചുനില്ക്കുമോ, അഥവാ ദൈവധി ക്കാരികളായ അധികാരിവർഗ്ഗത്തിന്നടിമപ്പെടുമോ എന്ന താണ് പരീക്ഷ. നിസ്വാർത്ഥികളും ധീരന്മാരുമായ ആളു കളൊഴിച്ച് സർവ്വരും ഈ പരീക്ഷയിൽ പരാജയപ്പെട്ടു

പോകുന്നു. ഈ പരീക്ഷണ നിയമം ലോക ചരിത്രത്തിലെവിടെയും തെളിഞ്ഞുകാണാം. ഫിർഔൻ, ഖാറൂൻ, ഹാമാൻ, അബൂലഹബ്, അബൂജഹൽ തുടങ്ങിയ താഗൂത്തുകൾ ഒരുവശത്ത്. നൂഹ്, ഇബ്രാഹീം, മൂസാ, മുഹമ്മദ്(അ) മുതലായ ഏകദൈവ വാദികൾ മറുവശത്ത്. ശിർക്കും തൗഹീദും തമ്മിലുള്ള വടംവലി മനുഷ്യോല്പത്തി മുതൽ തുടന്നുവരികയാണ്; ദൈവ നിശ്ചയമനുസരിച്ച് ലോകാവസാനംവരെ തുടന്നുപോവുകയും ചെയ്യും. താഗൂത്തുപൂജകന്മാരും തൗഹീദിൻെറ കൊടിവാഹകന്മാരും തമ്മിലുള്ള ഈ സംഘഷം ലോകത്തെവിടെയുമെപ്പോഴും കാണാം.

തിന്മയെക്കുറിച്ചുള്ള ഭയം 'തിന്മപൂജ'യെ ഒരു സ്വതന്ത്ര മതമാക്കിയിരിക്കയാണ്. മജൂസികളുടെ പക്കൽ നന്മക്കും തിന്മക്കും വെവ്വേറെ ദൈവങ്ങളുാണ്. ഹിന്ദുക്കൾ ത്രിമൂത്തികളെ ആരാധിച്ചുവരുന്നു. അവരുടെ സങ്കല്പത്തിൽ സൃഷ്ടിസ്ഥിതി സംഹാരങ്ങൾ ത്രിമൂത്തികൾക്കിടയിൽ ഭാഗിക്കപ്പെട്ടിരിക്കയാണ്. തത്വശാസ്ത്രത്തിലുള്ള പ്രത്യേകാഭിരുചിയും ആസ്വാദന ശക്തിയും ഇറാൻകാരിലും ഇന്ത്യക്കാരിലും പണ്ടുപണ്ടേ മികച്ചു നില്ക്കുന്ന ഒരു ഗുണമാണ്. അതുകാരണം അവർ തങ്ങളുടെ മൗഢ്യധാരണകൾക്ക് തത്വശാസ്ത്രത്തിൻെറ ചമല്ക്കാരംകൊണ്ട് മോടിപിടിപ്പിച്ചെന്നു മാത്രം. ഇതര സമുദായങ്ങൾക്കിടയിൽ ശിക്ക് വലിഞ്ഞുകയറിയ മാഗ്ഗങ്ങളിലൂടെത്തന്നെയാണ് അവക്കിടയിലും ശിക്കിന്നു പ്രവേശനം ലഭിച്ചത്.

'വിരുദ്ധ ശക്തികൾ ഒരേക ലക്ഷ്യത്തിന്നായി സഹകരിച്ചും സംയോജിച്ചും പ്രവത്തിക്കുക' എന്നത് ഒരു പ്രാപഞ്ചിക രഹസ്യമാണ്. തത്വശാസ്ത്രത്തിന്നു

വളരെ സ്വാധീനവും പ്രാചാരവുമുള്ള ആ സമുദായങ്ങ ൾക്കീ പ്രാപഞ്ചിക രഹസ്യം അവ്യക്തമായത് അത്ഭു തകരമായിത്തോന്നുന്നു. ഇണ ക ളി ൽ പ്രകടമാകുന്ന പോലെ, 'ലക്ഷ്യത്തിൽ ഒന്നിക്കുക'യെന്ന പരമ സത്യ മാണ് പ്രപഞ്ചത്തിലെ സകലമാന വൈരുദ്ധ്യങ്ങളിലും ലീനമായിരിക്കുന്നത്. 'വൈരുദ്ധ്യത്തിൽ ഏകത്വ' മെന്ന തത്വം വി: ഖുർആൻ വിവിധ രൂപങ്ങളിൽ പ്രകാ ശിപ്പിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച വിവരണം എ ൻെറ 'ഹഖീഖത്തെ തൗഹീദ്" എന്ന പുസ്തകത്തിലുണ്ട്.

'പ്രകൃതിവിരുദ്ധമായ ശിർക്ക് മനുഷ്യർക്കിടയിൽ എങ്ങനെ നുഴഞ്ഞുകയറി?' എന്നതിലേക്കു് വെളിച്ചം വീശുന്ന ഏതാനും ഉദാഹരണങ്ങളാണ് മുകളിൽ ചൂണ്ടി ക്കാണിച്ചത്. ബിംബാരാധനയുടെ ഏതൊരു ചരിത്ര മെടുത്തു പരിശോധിച്ചാലും സ്പഷ്ടമായിക്കാണാവുന്ന ഒരു പരമാർത്ഥമിതാണ്: "മനുഷ്യൻ തൻെറ മഹത്വബോധം കളഞ്ഞു കുളിച്ച് അധമത്വം കൈവരിച്ചപ്പോൾ അവൻ അല്ലാഹുവെ വിട്ട് ഇതര ദൈവങ്ങളെ പൂജിക്കാനൊരു മ്പെട്ടു".

ഈ അധമത്വത്തിൻെറ മറെറാരു രൂപമത്രെ അന്ധമായ അനുകരണം. മനുഷ്യരിൽ വലിയൊരു വിഭാഗം യാഥാർത്ഥ്യങ്ങളെക്കുറിച്ചു സ്വയം ചിന്തിച്ചില്ല. ചിന്തിച്ചു കാര്യം ഗ്രഹിച്ചവരോ ദൈവനിയുക്തരോ ആയ ആളുകളുടെ പ്രബോധനം ചെവിക്കൊണ്ടതുമില്ല. അവർ പൂർവ്വന്മാരുടെ മാർഗ്ഗങ്ങളെ കണ്ണടച്ചനുകരിച്ചു. അതുവിട്ട് മറെറാരു മാർഗ്ഗത്തെക്കുറിച്ചു ചിന്തിക്കുന്നതു പോലും അവർക്കസഹ്യമായിത്തോന്നി. അന്ധമായ അനുകരണം മനുഷ്യത്വത്തിൻെറ അന്തസ്സിനു് നിരക്കു ന്നതല്ല. മനുഷ്യൻ മൃഗമല്ല, വിശേഷബുദ്ധിയും

വിവേചനശക്തിയും തിരഞ്ഞെടുപ്പു സ്വാതന്ത്ര്യവുമുള്ള ഒരു സൃഷ്ടിയാണവൻ. അത് മനുഷ്യ മഹത്വത്തിൻെറ ലക്ഷണമാണ്. മനുഷ്യൻ തൻെറ വിശേഷബുദ്ധിയെ നിരുപയോഗപ്പെടുത്തി, കേവലം മൃഗമായിത്തീരുന്നത് അവൻെറ അധമമനസ്ഥിതിയുടെ ഫലമായിരിക്കാനേ തരമുള്ളു.

പൂർവ്വന്മാരെ അന്ധമായി അനുകരിക്കാത്ത ചില വ്യക്തികൾ ചരിത്രത്തിൽകഴിഞ്ഞുപോയിട്ടുണ്ട്. അവർ പൂർവ്വന്മാരുടെ വിശ്വാസങ്ങളെയും വീക്ഷണരീതികളെയും മാററിമറിക്കുകയും പൂർവ്വിക പ്രവണതകളുടെ ഒഴുക്കിനെ മററു ഭാഗങ്ങളിലേക്ക് തിരിച്ചു വിടുകയും ചെയ്തിട്ടുണ്ട്. പൂർവ്വികാചാര സമ്പ്രദായങ്ങളിൽ വിപ്ലവം സൃഷ്ടിക്കാൻ അതികഠിനമായ ത്യാഗങ്ങൾ വരിച്ചവരും അക്കൂട്ടത്തിലുണ്ട്. എത്രത്തോളമെന്നാൽ അവരിൽ ചില ധീരാത്മാക്കൾക്കു വിഷം കുടിക്കേണ്ടി വന്നിട്ടുണ്ട്. പക്ഷെ നിർഭാഗ്യമെന്നു പറയട്ടെ, ഏകദൈവ വിശ്വാസത്തിൻെറ മാർഗ്ഗം അവക്കു തുറന്നു കിട്ടിയില്ല. ശിർക്കുപരമായ അന്ധതയിൽ മററു ജനങ്ങളെപ്പോലെ അവരും തപ്പിത്തടഞ്ഞ് കറങ്ങിക്കൊണ്ടിരുന്നു. 'സാമുദായികത്വ'മാകുന്ന പ്രതിബന്ധമാണ് ഏകദൈവ വിശ്വാസത്തിൽ നിന്നവരെ തടഞ്ഞു നിത്തിയത്. മററു പ്രതിബന്ധങ്ങളെയെല്ലാം അവർ തട്ടിമാററിയെങ്കിലും സ്വസമുദായത്തിൻെറ പേരിലുള്ള വാശിയും ഭക്തിയും മാററിവെച്ച് സ്വതന്ത്രമായി ചിന്തിക്കുവാനവക്ക് സാധിച്ചില്ല. മനുഷ്യഹൃദയമെപ്പോഴും ഋജുവായിരിക്കണം. ഹൃദയത്തിൽ സ്വസമുദായത്തിൻെറ നേരെ പ്രത്യേകബന്ധമോ ചായ്വോ ഉണ്ടാവരുത്. തൗഹീദിൻെറ വെളിച്ചം കണ്ടെത്താനുള്ളൊരു നിബന്ധനയാണിത്. പ്രവാചകന്മാക്കും

അവരുടെ മാർഗ്ഗം സ്വായത്തമാക്കാൻ അല്ലാഹു തുണച്ച ധീരാത്മാക്കൾക്കും മാത്രമേ ഈ ഭാഗ്യം ലഭിച്ചുള്ളു.

ശിർക്കിൻെറ ഉത്ഭവ കാരണങ്ങളെക്കുറിച്ചുള്ള പ്രതിപാദനമാണ് മുകളിൽ കണ്ടത്. നമ്മുടെ നിഗമനങ്ങളെ ശരിവെക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്ന സാക്ഷ്യങ്ങൾ വി. ഖുർആനിലും പൂർവ്വ വേദങ്ങളിലുമുണ്ട്. إن الشرك لظلم عظيم (നിശ്ചയം, ശിർക്ക് മഹാ അക്രമമാകുന്നു) എന്നാണ് വി. ഖുർആൻ പ്രഖ്യാപിക്കുന്നത്. അക്രമം നീതിയുടെ എതിർ ശബ്ദമാണ്. അവകാശ ഹനനത്തിന്നാണ് വാസ്തവത്തിൽ അക്രമം എന്നു പറയുന്നത്. ശിർക്ക് അവകാശഹനനമാകുന്നതെങ്ങിനെയെന്നു നാം മുമ്പ് വിവരിച്ചിട്ടുണ്ട്. മനുഷ്യൻെറ പക്കൽനിന്നുള്ള അടിമവൃത്തിയും അനുസരണവും ആരാധനയും അല്ലാഹുവിന്നുമാത്രം അവകാശപ്പെട്ടതാണെന്നും, ആ അവകാശത്തിൽ മനുഷ്യൻ അന്യരെ പങ്കു ചേർക്കുക വഴി അല്ലാഹുവിൻെറ അവകാശത്തെ നിഹനിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നതെന്നും മുൻ വിവരണത്തിൽനിന്നു വ്യക്തമായിട്ടുണ്ട്.

മനുഷ്യരുടെ അവകാശ ഹനനം പൊതുവെ അക്രമമാണ്. അല്ലാഹുവിൻെറ അവകാശത്തെ ഹനിക്കുന്നതോ മഹാ അക്രമവും. അതുകൊണ്ടാണ് ശിർക്കിനെ ظلم عظيم (മഹാ അക്രമം) എന്നു ഖുർആൻ വിശേഷിപ്പിച്ചത്. അവകാശ ഹനനം ഒരു ഹീനവൃത്തിയാണെന്നു വ്യക്തം. അവകാശ ഹനനത്തിൻെറ ഗുരുത്വമനുസരിച്ച് അതിൻെറ അധമത്വ പതനങ്ങൾ താഴ്ന്നു കൊണ്ടിരിക്കുമല്ലൊ. ശിർക്ക് ഏററവും താഴ്ന്ന പതനത്തിലുള്ള ഒരു ഹീനവൃത്തിയാകയാൽ പൂർവ്വവേദങ്ങളിൽ

മുശ്രിക്കിനെ ഒരു വ്യഭിചാരിണിയോടുപമിച്ചിരിക്കുന്നു. ‘ഒരുത്തൻെറ ഭാൎയ്യ അന്യൻെറ കൂടെ ഉറങ്ങുന്നതു് അവനിഷ്ടപ്പെടാത്ത പോലെ അല്ലാഹുവിൻെറ അടിമ അവനെവിട്ടു അന്യൎക്ക് അടിമവൃത്തിയും ആരാധനയും ചെയ്യുന്നതു് അവനു് തീരെ ഇഷ്ടമല്ല. അല്ലാഹു ഏററവുമധികം രോഷമുള്ളവനാകുന്നു........’ എന്നിങ്ങനെയുള്ള ആശയം തൗറാത്തിൽ പലേടത്തുമുണ്ടു്. ഈ ആശയത്തിൻെറ കാതൽ ഖുർആനിലും കാണാം. ഖുർആനിൻെറ മഹോന്നതമായ പ്രതിപാദനശൈലി ഈ ഉദാഹരണത്തെ അപ്പടി സ്വീകരിക്കാൻ കൂട്ടാക്കിയില്ലെന്നു മാത്രം. ഖുർആനിലൊരിടത്തു് ബഹുദൈവാരാധകയേയും വ്യഭിചാരിണിയേയും ബഹുദൈവാരാധകനേയും വ്യഭിചാരിയേയും ഒരേ അണിയിൽ നിറുത്തിയതു് കാണാം.

اَلزَّانِي لَا يَنْكِحُ اِلَّا زَانِيَةً اَوْ مُشْرِكَةً وَالزَّانِيَةُ لَا يَنْكِحُهَا
اِلَّا زَانٍ اَوْ مُشْرِكٌ وَحُرِّمَ ذٰلِكَ عَلَى الْمُؤْمِنِينَ (نور)

“വ്യഭിചാരി വ്യഭിചാരിണിയെയോ ബഹുദൈവവിശ്വാസിനിയെയോ അല്ലാതെ വിവാഹം ചെയ്യുകയില്ല. വ്യഭിചാരിണിയെ വ്യഭിചാരിയോ ബഹുദൈവവിശ്വാസിയോ അല്ലാതെ വിവാഹം ചെയ്യുകയില്ല. അതു് സത്യവിശ്വാസികൾക്കു് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.”

രണ്ടു സംഗതികൾ ഒരിടത്തു ചേർത്തുപറയുമ്പോൾ അവയ്ക്കിടയിൽ എന്തെങ്കിലുമൊരു ബന്ധം ഉണ്ടായിരിക്കുമല്ലോ. ഈ തത്വം മുമ്പിൽവച്ചു ചിന്തിക്കുമ്പോൾ ബഹുദൈവാരാധകനും വ്യഭിചാരിണിയും തമ്മിൽ അഗാധമായ ധാൎമ്മികൗചിത്യമുണ്ടെന്നു ഗ്രാഹ്യമാകും.

രണ്ടു പേരുടെയും ധാൎമ്മികനില തികച്ചും ഒരുപോലെ യാണെന്നു സൂചിതം. നോക്കുക, ഒരു സ്ത്രീ അവളുടെ ഭൎത്താവിനോട് പരിപാവനമായൊരു കരാറിൻെറ പേരിൽ ബന്ധപ്പെടുന്നു. ഭൎത്താവിനെ അവളുടെ ചാരി ത്ര്യത്തിൻെറ ഉടമസ്ഥനായി അംഗീകരിക്കുകയും തദ ടിസ്ഥാനത്തിൽ അയാളിൽനിന്നു് എല്ലാ അവകാശ ങ്ങളും ആനുകൂല്യങ്ങളും സ്വീകരിക്കുകയും ചെയ്യുന്നു. എന്നിട്ടവൾ ഭൎത്താവിൻെറ ഉടമാവകാശത്തിൽ അന്യ നെ പങ്കു ചേൎക്കുന്നു. നികൃഷ്ടവും നിന്ദ്യവുമായ ഈ വഞ്ചന കടുത്ത അക്രമം തന്നെ. ഇതേ പ്രകാരം അല്ലാ ഹുവിൻെറ അവകാശത്തിൽ അന്യനെ പങ്കാളിയാ ക്കുന്ന മുശ്രിക്ക് അല്ലാഹുവോട് കടുത്ത വഞ്ചനയും അനീതിയും അക്രമവുമാണ് ചെയ്യുന്നതു്. മനുഷ്യൻ പ്രകൃത്യാ അല്ലാഹുവോട് കരാർ ചെയ്തി ട്ടുണ്ടു്, അവനെ ഈശ്വരനായി അംഗീകരിച്ചു അവന്നു് അടിമവൃത്തി ചെയ്തുകൊള്ളാമെന്നു്. അല്ലാഹു നല്കുന്ന ഭക്ഷണവും വെള്ളവും വസ്ത്രവും പാൎപ്പിടവുമെല്ലാം മനു ഷ്യൻ സ്വീകരിക്കുകയും ചെയ്യുന്നു. പക്ഷെ കൃതഘ്ന നായ മനുഷ്യൻ സാക്ഷാൽ യജമാനനായ അല്ലാഹുവെ അവഗണിച്ചു് അന്യൎക്കു ദാസ്യവേല ചെയ്യുന്നു. അന്യ രോട് കൂറും ഭക്തിയും സ്നേഹവും കാണിക്കുന്നു. ഈ 'ധാൎമ്മികത' ഒരു മുശ്രിക്കിന്നോ ഒരു വ്യഭിചാരിണി ക്കോ മാത്രം ചേൎന്നതാണ്. ലോകത്ത് കൃതഘ്നതക്കും കൂറുമാററത്തിന്നുമുള്ള ഉദാഹരണങ്ങൾക്കിടയിൽ പല സാദൃശ്യങ്ങളുമുണ്ടെങ്കിലും ഇവർ തമ്മിലുള്ള സാദൃശ്യം ഒന്നു വേറെതന്നെയാണ്. മുശ്രിക്കുകളെക്കുറിച്ചു ഖുർആ നിൽ 'വഞ്ചകന്മാർ' എന്നു പറഞ്ഞിട്ടുണ്ടു്. സ്ത്രീകളുടെ കരാർലംഘനത്തിന്നു് അറബിയിൽ പൊതുവെ خِيَانَة (വഞ്ചന) എന്നു പറയുന്നു.

ഭൎത്താവ് ഭാൎയ്യയുടെ എല്ലാ തെററുകുററങ്ങളും ക്ഷമി
ച്ചുകൊടുത്തെന്നു വരാം. പക്ഷെ അവളന്യന്റെ കൂടെ
ശയിക്കുന്നത് കണ്ട് ക്ഷമിക്കുന്നവൻ ഒരു ഭൎത്താവായി
രിക്കുമോ? ഇല്ല. അവനൊരു നികൃഷ്ടജന്തുവായിരിക്കും.
ഭാര്യയുടെ കരാർലംഘനവും കൂറുമാററവും ഭൎത്താവിന്നു്
തീരെ സഹ്യമല്ല. 'ശിൎക്ക് അല്ലാഹു പൊറുത്തു കൊടു
ക്കില്ല; മററു പാപങ്ങൾ അവൻ ക്ഷമിച്ചുകൊടുത്തെന്നു
വരാം' എന്നു ഖുർആൻ പ്രസ്താവിക്കുമ്പോൾ അതി
ന്റെ ആന്തരാൎത്ഥവും ഗൗരവവും ഇവിടെ വച്ചാണ്
മനസ്സിലാക്കേണ്ടത്. കരാർ ലംഘനത്തിന്റെയും
കൂറുമാററത്തിന്റെയും പ്രശ്നമാണ് ശിൎക്ക്.

രോഷവും മഹത്വബോധവും അല്ലാഹു മനുഷ്യപ്ര
കൃതിയിൽ ഊട്ടി. അതിന്റെ നേരിയ പ്രകടനമാണ്
മേൽ പറഞ്ഞത്. എന്നാൽ സാക്ഷാൽ രോഷത്തി
ന്റെയും മഹത്വത്തിന്റെയും ഉത്ഭവകേന്ദ്രമായ അല്ലാ
വിന്റെ അവകാശത്തിൽ കൈവെക്കുമ്പോൾ അവന്റെ
രോഷം എത്രത്തോളമായിരിക്കും? അത് ആരാലും സങ്ക
ല്പിക്കാൻ സാധ്യമല്ല. ദൈവേതരന്മാൎക്ക് അടിമവൃത്തി
ചെയ്ത് സ്വന്തം അഭിമാനത്തെ കളങ്കപ്പെടുത്തിയ ഒര
ടിമക്ക് അല്ലാഹു എങ്ങനെ മാപ്പ് ചെയ്യാനാണ്"?
അല്ലാഹുവിന്റെ മഹദ്ഗുണങ്ങളെ വി: ഖുർആൻ അനു
സ്മരിക്കുന്നത് ഇങ്ങനെയാണ്:

العزيز الجبار المتكبر سبحان الله عما يشركون

(അല്ലാഹു പ്രതാപിയും അടക്കിഭരിക്കുന്നവനും വലിപ്പ
വും മഹത്വവും കാണിക്കുന്നവനുമാണ്. അവർ പങ്കു
ചേർക്കുന്ന വസ്തുക്കളിൽനിന്നെല്ലാം പരിശുദ്ധനത്രെ
അല്ലാഹു.)

അല്ലാഹുവിന്റെ മഹത്വവും ഔന്നത്യവും രോഷവുമാകുന്ന വിശേഷണങ്ങൾ യാതൊരു പങ്കാളിയേയും സഹിക്കില്ലെന്നു സാരം. മ്ലേച്ഛതയിൽ വ്യഭിചാരവും ശിർക്കും തമ്മിൽ സാദൃശ്യമുണ്ടെന്നു പറഞ്ഞുവല്ലോ. ഈ സാദൃശ്യത്തെ അടിസ്ഥാനമാക്കിയാണ് ഖുർആനിൽ ശിർക്കിനെക്കുറിച്ച് رجس * യെന്നും മുശ്രിക്കിനെക്കുറിച്ച് نجس * എന്നും പ്രയോഗിച്ചിരിക്കുന്നത്. ശിർക്കാകുന്ന മാലിന്യത്തിൽ കാൽകുത്തി വൃത്തിഹീനരായ വഞ്ചകന്മാരെ അല്ലാഹുവിന്റെ പരിശുദ്ധ സങ്കേതമായ 'ഹറമി'ലേക്കടുപ്പിക്കരുതെന്നും അവരുടെ പാദസ്പർശനത്തിൽനിന്ന് അതിനെ ശുദ്ധമാക്കിവെക്കണമെന്നും അല്ലാഹു മുസ്ലിംകളോടു കല്പിച്ചിരിക്കുന്നു. അവന്റെ പരിശുദ്ധ ഹറമിൽ അവനോട് കരാർ ലംഘനം ചെയ്ത് ക്രൂരമാറിയ ദുഷ്ടന്മാരുടെ സാന്നിദ്ധ്യം അവന്നു സഹ്യമല്ല. ഒരു സമൂഹം ശിർക്കാകുന്ന മാലിന്യത്തിൽ മുഴുകുമ്പോൾ അവരുടെമേൽ അല്ലാഹുവിന്റെ ക്രോധവും ശിക്ഷയും ആപതിക്കുമെന്നത് ദൈവ നിശ്ചയമാകുന്നു. എത്രത്തോളമെന്നാൽ ശിർക്കിന്റെ ദുർബ്ബീജങ്ങളുൾക്കൊള്ളുന്ന ഒരു സമൂഹത്തിന്റെ സാമൂഹ്യമരണത്തെക്കുറിച്ച് ശിർക്കിനെ യഥാതഥമായി ഗ്രഹിച്ചവർക്കു തീരുമാനമെടുക്കാൻ സാധിക്കും. ശിർക്കാകുന്ന മാലിന്യവും അല്ലാഹുവിന്റെ ക്രോധവും ഒന്നിച്ചാണ് ഒരു സമൂഹത്തിന്റെ മേൽ വന്നു വീഴുകയെന്ന് ഖുർആനിൽനിന്ന് മനസ്സിലാകുന്നുണ്ട്:

......قَدْ وَقَعَ عَلَيْكُمْ مِنْ رَبِّكُمْ رِجْسٌ وَغَضَبٌ أَتُجَادِلُونَنِي فِي أَسْمَاءٍ
سَمَّيْتُمُوهَا أَنْتُمْ وَآبَاؤُكُمْ مَا أَنْزَلَ اللَّهُ بِهَا مِنْ سُلْطَانٍ

فَانْتَظِرُوا اِنِّى مَعَكُمْ مِنَ الْمُنْتَظِرِينَ (اعراف)

"............നിങ്ങളുടെ ഈശ്വരൻെറ പക്കൽനിന്നു് മാലിന്യവും ക്രോധവും നിങ്ങൾക്കു വന്നെത്തിരിക്കുന്നു. നിങ്ങളും നിങ്ങളുടെ പൂർവ്വന്മാരും നിർമ്മിച്ച നാമങ്ങളുടെ കാര്യത്തിൽ നിങ്ങളെന്നോടു് തർക്കിക്കുന്നുവോ? അതുസംബന്ധിച്ച അല്ലാഹു ഒരു തെളിവും അവതരിപ്പിച്ചിട്ടില്ല. അതുകൊണ്ടു് (ദൈവശിക്ഷയെ) പ്രതീക്ഷിച്ചുകൊൾക. പ്രതീക്ഷിച്ചിരിക്കുന്നവരുടെ കൂട്ടത്തിൽ ഞാനും നിങ്ങളുടെ കൂടെയുണ്ടു്."

ശിർക്കുകൊണ്ടു് അല്ലാഹുവിൻെറ അവകാശങ്ങൾ എങ്ങനെ നിഹനിക്കപ്പെടുന്നുവെന്നതാണു് മൊത്തത്തിൽ ഇതേവരെ വിവരിച്ചതു്. എന്നാൽ ശിർക്കു് ചെയ്യുന്ന മനുഷ്യൻ സ്വദേഹത്തോടു്തന്നെ കടുത്ത അക്രമമാണു് പ്രവർത്തിക്കുന്നതു്. ഈ വീക്ഷണമനുസരിച്ചും ശിർക്കു് മനുഷ്യൻെറ അധമത്വവും ഹീനത്വവുമാണെന്നു് കാണാം.

നോക്കുക, അല്ലാഹു മനുഷ്യനു പ്രതാപവും പ്രാബല്യവും നല്കിയിരിക്കുന്നു. പക്ഷെ അതു ശൈശവവും വാർദ്ധക്യവുമാകുന്ന രണ്ടു ദൗർബ്ബല്യങ്ങൾക്കു് മദ്ധ്യെയാണു്. അല്ലെങ്കിൽ മനുഷ്യൻെറ 'സർവ്വേശ്വരത്വവാദം' പോലും അവനു ചേർന്നേനെ. ഇത്രയും കാര്യങ്ങൾ നാം മുമ്പു് പറഞ്ഞിട്ടുണ്ടു്. മനുഷ്യപ്രകൃതിയുടെ ഔന്നത്യവും പ്രപഞ്ചത്തിൻെറമേൽ അവനുള്ള ശ്രേഷ്ഠതയും മഹത്വവും വച്ചുനോക്കിയാൽ അവൻ ആരുടെയെങ്കിലും ആരാധകനാവാനല്ല, സ്വയം ആരാധ്യനായിരിക്കാനാണാഗ്രഹിക്കുക. പക്ഷെ, ഈ മഹത്വങ്ങളെല്ലാമുള്ളതോടൊപ്പം അവൻ ചിന്തിക്കുകയാണു: ഈ ലോകത്തേക്കു ഞാനെൻെറ

ഇഷ്ടപ്രകാരം വന്നതല്ല; എന്നെ ഇങ്ങോട്ട് കൊണ്ടുവന്നത് ഞാനല്ല; എൻെറ സ്വന്തം സാമത്ഥ്യംകൊണ്ടിവിടെ ജീവിച്ചുകഴിയാനെനിക്ക് സാധ്യമല്ല; ഇക്കാണുന്ന മഹാപ്രപഞ്ചം ഞാനുണ്ടാക്കിയതല്ല. ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കാൻ എനിക്കുകഴിവില്ല........ഇങ്ങിനെമനുഷ്യൻ തൻെറ അപ്രാപ്തിയെയും ദൗബ്ബല്യത്തെയും കുറിച്ച് ചിന്തിച്ചുണരുമ്പോൾ ഒരദൃശ്യാസ്തിക്യത്തിൻെറ മുമ്പിൽ, സർവ്വശക്തനും സവ്വലോകപരിപാലകനുമായ സ്രഷ്ടാവിൻെറ മുമ്പിൽ സ്വയം അപ്പിതനായിത്തീരുന്നു; അവൻെറ മുമ്പിൽ വിനയവണക്കങ്ങളപ്പിക്കുകയും ഭക്തിബഹുമാനപുരസ്സരം നമസ്കരിക്കുകയും ചെയ്യുന്നു. ഇങ്ങനെ ചെയ്യാൻ മനുഷ്യൻ നിബ്ബന്ധിതനായിത്തീരുന്നതാണ്. ഇങ്ങനെചെയ്യാതെ അവൻെറ ബുദ്ധിക്ക് സമാധാനവും ഹൃദയത്തിന്ന് സ്വാസ്ഥതയും ലഭിക്കില്ല. പ്രപഞ്ചമാകുന്ന കടങ്കഥക്ക് ഒരു മറുപടിയും അവന്നു പറയാൻ കിട്ടുകയില്ല. പക്ഷെ, അല്ലാഹുവിൽ അർപ്പിതനാവുമ്പോളവന്നിതെല്ലാം ലഭ്യമാകും. അതെ, പ്രപഞ്ചനിയന്താവായ അല്ലാഹുവെ അവലംബിക്കുകയും അവൻെറ തിരുസന്നിധിയിൽ സാഷ്ടാംഗം വീഴുകയും ചെയ്യുമ്പോൾ മനുഷ്യൻെറ ഹൃദയത്തിലുള്ള അസ്വാസ്ഥ്യങ്ങളും ബുദ്ധിയിലുള്ള കുഴപ്പങ്ങളും ദൂരീകരിക്കപ്പെടുന്നു; പ്രപഞ്ചത്തിൻെറ രഹസ്യങ്ങൾ നേരാംവണ്ണം ഗ്രഹിക്കാനവന്നു നിഷ്പ്രയാസം സാധിക്കുന്നു. കാരണം, പ്രപഞ്ചമാകുന്ന നൂലാമാലയുടെ തലപ്പ് അവന്നു് പിടികിട്ടുന്നു.

ഇപ്പോൾ ഒന്നിലധികം ദൈവങ്ങളുടെ മുമ്പിൽ തലകുനിക്കണമെന്നൊരാൾ വാദിച്ചാൽ അതു സ്ഥാപിക്കേണ്ടത് അയാളുടെ ബാധ്യതയാണ്. സവ്വശക്തനായ

ഏകദൈവത്തെ അവലംബിച്ച സമാധാനപ്പെട്ടിരിക്കുന്ന സത്യവിശ്വാസി അയാളോടു പറയും: നാമിരുവരും സമ്മതിക്കുന്ന ഈയ്യൊരുത്തൻെറ മുമ്പിൽ തന്നെ അടിയറയാവാൻ ദേഹത്തിൻെറ ഔന്നത്യം സമ്മതിച്ചത് ഗത്യന്തരമില്ലാഞ്ഞാണ്. ഇനിയും ദൈവങ്ങളുണ്ടെങ്കിലത് താങ്കൾ തെളിയിക്കേണ്ടതാണ്. ഞാൻ വൃഥാവിൽ കുറേ ദൈവങ്ങളെ സൃഷ്ടിക്കാനാഗ്രഹിക്കുന്നില്ല. എനിക്ക് ഒരേയൊരു രക്ഷിതാവും യജമാനനും മതി. ഒരടിമ ഒന്നിലധികം തമ്പുരാക്കളുടെ അടിമത്തം പേറാനിഷ്ടപ്പെടാറില്ല. എങ്കിൽ കുറേ റബ്ബുകളുടെ ദാസനാവുകയെന്ന പതിതത്വവും എളിമത്വവും ഞാനെന്തിനു സഹിക്കണം.

أَأَرْبَابٌ مُتَفَرِّقُونَ خَيْرٌ أَمِ اللَّهُ الْوَاحِدُ الْقَهَّارُ

( يوسف )

(വിഭിന്ന ഈശ്വരന്മാരോ ഉത്തമം, അതോ ഏകനും പരമാധിപതിയുമായ അല്ലാഹുവോ?)

ضَرَبَ اللَّهُ مَثَلًا رَجُلًا فِيهِ شُرَكَاءُ مُتَشَاكِسُونَ وَرَجُلًا سَلَمًا لِرَجُلٍ هَلْ يَسْتَوِيَانِ مَثَلًا الْحَمْدُ لِلَّهِ بَلْ أَكْثَرُهُمْ لَا يَعْلَمُونَ (زمر)

(അല്ലാഹു ഒരുദാഹരണം വിവരിച്ചിരിക്കുന്നു: ഒരു പുരുഷൻ. അവൻെറമേലുള്ള ഉടമാവകാശത്തിൽ പരസ്പരം വഴക്കുകൂടുന്ന കുറേ പങ്കാളികളുണ്ട്. മറെറാരു പുരുഷൻ. അവൻ ഒരുത്തനുമാത്രം ഉടമപ്പെട്ടവനാണ്. ഇവരിരുവരും ഒരുപോലെയാകുമോ? അല്ലാഹുവിന്നു സ്തോത്രം.

അവരിൽ അധികപേരും വാസ്തവം അറിയുന്നില്ല.)

സ്വന്തം ആത്മാക്കൾക്ക് യാതൊരു നിലയും വിലയും കല്പിക്കാത്ത ചില മനുഷ്യാധമന്മാരുണ്ട്. വാസ്തവത്തിലവർ ദൈവപ്രാതിനിധ്യമാകുന്ന ഉന്നതസ്ഥാനം ലഭിച്ചവരാണ്. പക്ഷെ, അവർ തങ്ങളുടെ കീഴിലുള്ള അതിനിസ്സാരന്മാരായ ദാസന്മാരെയും തങ്ങളെപ്പോലുള്ള മനുഷ്യരെയും യജമാനന്മാരാക്കിവക്കുന്നു. അവരിതുവഴി സ്വദേഹങ്ങളെത്തന്നെ അപമാനിക്കുകയാണ് ചെയ്യുന്നത്. മനുഷ്യനെസ്സംബന്ധിച്ചിടത്തോളം ഇതിലും വലിയ ഒരപമാനവും ഹീനത്വവും മറെറന്താണ്? ശിർക്കുചെയ്യുന്നവൻ പരാജയത്തിൻെറ പാതാളത്തിലേക്കെറിയപ്പെടും.

وَمَنْ يُهِنِ اللّٰهُ فَمَا لَهُ مِنْ مُكْرِمٍ (حج)

(അല്ലാഹു ഒരുത്തനെ ഹീനനാക്കിയാൽ അവനെ ആദരിക്കാനാരുമുണ്ടാവില്ല.)

وَمَنْ يُشْرِكْ بِاللّٰهِ فَكَأَنَّمَا خَرَّ مِنَ السَّمَاءِ فَتَخْطَفُهُ
الطَّيْرُ أَوْ تَهْوِي بِهِ الرِّيحُ فِي مَكَانٍ سَحِيقٍ (حج)

(വല്ലവനും അല്ലാഹുവിന്നു പങ്കാളിയെ സ്ഥാപിക്കുന്നുവെങ്കിൽ അവൻ ആകാശത്തുനിന്നുവീണു തകൎന്നവനെപ്പോലെയാണ്. അവനെ പക്ഷികൾ റാഞ്ചിക്കൊണ്ടുപോകും; അല്ലെങ്കിൽ വിദൂരസ്ഥലത്തേക്ക് കാററ് അവനെ കൊണ്ടുപോയി എറിഞ്ഞു കളയും.)

ഇതത്രെ ശിർക്കിൻെറ ദയനീയ പരാജയം!

# ചില പ്രധാന പുസ്തകങ്ങൾ

| | | | |
|---|---|---|---|
| 1) | ഖുത്തുബാത്ത് | 3 | 50 |
| 2) | ശിർക്ക് - അഥവാ - ബഹുദൈവത്വം | 3 | 00 |
| 3) | ഇസ്ലാംമതം | 1 | 50 |
| 4) | ഇസ്ലാമിക പാഠങ്ങൾ | 1 | 50 |
| 5) | ഇസ്ലാമിലെ ഇബാദത്ത് | 1 | 25 |
| 6) | ബുദ്ധിയുടെ വിധി | 0 | 75 |
| 7) | ജമാഅത്തെ ഇസ്ലാമി - ലക്ഷ്യം, പരിപാടി | 0 | 62 |
| 8) | ഇസ്ലാമിന്റെ ജീവിത വ്യവസ്ഥ | 0 | 62 |
| 9) | യാഥാർത്ഥ്യാന്വേഷണം | 0 | 60 |
| 10) | ഇന്ത്യൻ ജമാഅത്തെഇസ്ലാമി ഭരണഘടന | 0 | 50 |
| 11) | മുസ്ലിംവനിതകളും ഇസ്ലാമിക പ്രബോധനവും | 0 | 50 |
| 12) | ഇസ്ലാമിന്റെ രാഷ്ട്രീയ സിദ്ധാന്തം | 0 | 45 |
| 13) | സത്യസാക്ഷ്യം | 0 | 45 |
| 14) | ഇസ്ലാമും ജാഹിലിയ്യത്തും | 0 | 45 |
| 15) | ഹഖും ബാത്തിലും | 0 | 40 |
| 16) | ജമാഅത്തെ ഇസ്ലാമി - പ്രബോധനം, പരിപാടി | 0 | 40 |
| 17) | സത്യദീൻ | 0 | 37 |
| 18) | നിർമ്മാണവും സംഹാരവും | 0 | 35 |
| 19) | ജമാഅത്തെ ഇസ്ലാമി സന്ദേശം | 0 | 35 |
| 20) | രക്ഷാസരണി | 0 | 31 |

**Islamic Publishing House.**

PRINTED AT

THE PRABODHANAM PRESS,

MARIKUNNU-CALICUT.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. M200 Acc. No. 45711

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 16 JUN 1975 | 1 APR 1986 | |
| 8 SEP 1975 | 10 SEP 1988 | |
| 7 FEB 1976 | | |
| 27 FEB 1976 | 16 ... 1989 | |
| 11 AUG 1978 | 4 MAY 1992 | |
| 16 MAR 1982 | 22 NOV 1999 | |
| 19 JUN 1982 | | |
| 19 JUN 1982 | | |
| 12 SEP 1984 | | |
| 30 APR 1985 | | |
| 31 DEC 1985 | | |
| | | |
| | | |
| | | |

M200 45711

ഇസ്‌ലാഹി അമീൻ അഹ്സൻ
ശിർക്ക് അഥവാ ബഹുദൈവത്വം

ശിർക്ക് അഥവാ

# ബഹുദൈവത്വം

അമീൻ അഹ്സൻ ഇസ്‌ലാഹി

Indic Digital Archive Foundation
gpura.org